032.3M981
F7.3 II

081:11 F7.3
ELEYARAJA
.3.
MUL
050786

**Madras University Library.**

Date Label.

Ac. No. 50786. Cl. No. 032:3M981:11
F7·3

This book should be returned on or before
the date last marked below.

3 MAR. 1934
JUNE 1935
29 NOV. 1935
1 MAR 1945
3 JAN 1947
16 JAN 1948
26 SEP 1948
1 JUN 1949
25 JUL 1949
15 FEB 1950
9 AUG 1950
9 AUG 1950
30 APR.
9 JUL 1951
14 NOV 1953
7 OCT 1954
29 OCT 1955
6 JUL 1959
22 NOV 1963
26 AUG 1964
14 APR 1965
5 MAY 1965
14 AUG 1991

# കല്ക്കത്തായിലെ രഹസ്യങ്ങൾ

(മൂന്നാം ഭാഗം.)

UNIVERSITY LIBRARY
1 APR. 1929
MADRAS

ധീരേന്ദ്രനാഥപാൽ എഴുതിയ മൂലകൃതിയിൽനിന്ന്
പരിഭാഷപ്പെടുത്തിയത്.

പരിഭാഷകൻ:

വടക്കുംകൂർ, രവിവർമ്മ ഏളയരാജാ.

MANGALODAYAM BOOK-DEPOT
TRICHUR

പ്രസാധകൻ:

പ്രൊപ്രൈറ്റർ, കേരള പബ്ലിഷിങ്ങ് ഹൌസ്സ്,
തൃശ്ശിവപേരൂർ.

മംഗളോദയം പ്രസ്സിൽ അച്ചടിച്ചത്.

1102

Price 1—4—0.] [വില 1—4—0.

പകർപ്പവകാശം പ്രസാധകന്നുള്ളതാകുന്നു.

032 : 3M981:4
F7·3

# അറുപത്തൊമ്പതാം അദ്ധ്യായം.

UNIVERSITY LIBRARY MADRAS 1929

## അനന്തരം.

മാധവി കുറെ നേരത്തേക്കു സ്തംഭിച്ചതുപോലെ നിന്നുപോ[illegible]. ഗിരിയുടെ പരിതാപകരമായ അവസ്ഥ കണ്ടു് എന്തുചെയ്യണമെന്നറിയാതെ മാധവി അമ്പരന്നു. തന്റെ സാഹസത്തെപ്പററി മാധവി കുണ്ഠിതപ്പെട്ടു. ഹാ! സാധു ഗിരി! മാധവിയുടെ നയനങ്ങളിൽ കണ്ണുനീർ നിറഞ്ഞു. അവൾ ഓടിപ്പോയി ഒരു മൊന്ത വെള്ളവും ഒരു വിശറിയുംകൊണ്ടു മടങ്ങിവന്നു. മാധവി ഉടനെ ഗിരിയുടെ മുഖത്തും ശിരസ്സിലും വെള്ളം തളിച്ചു വീശി. അവൾ കൂടക്കൂടെ ഗിരിയെ ഉച്ചത്തിൽ പേർ പറഞ്ഞു വിളിച്ചു നോക്കി. എന്നാൽ ഗിരി യാതൊരു ചലനവുമില്ലാതെ തറയിൽ കിടന്നിരുന്നു.

പിന്നെയും അഞ്ചുമിനിട്ടു കഴിഞ്ഞു. ഗിരിക്കു സ്വബോധം വന്ന ലക്ഷണമൊന്നും മാധവി കണ്ടില്ല. അവളുടെ ശ്വാസോച്ഛ്വാസം കൊണ്ടു നാഡികളിൽകൂടി രക്തം ഓടുന്നുണ്ടെന്നു, മാത്രം മാധവി മനസ്സിലാക്കിയിരുന്നു. എന്നാൽ ഗിരിയുടെ മഞ്ഞിവിളറിയ മുഖവും ഊൎദ്ധ്വദൃഷ്ടിയും മാധവിക്കു വല്ലാത്ത പല ആശങ്കകൾക്കും ഇടയാക്കിത്തീൎത്തു. ഗിരിക്കു ഗൎഭം ഏകദേശം പൂൎത്തിയാകുന്ന ഘട്ടം ആയിരുന്നതിനാൽ പ്രത്യേകഭയത്തിനു് അവകാശവുമുണ്ടായിരുന്നു. മാധവി പരിഭ്രമിച്ചു നിലവിളികൂട്ടി. അതുകേട്ടു് ആ ഗൃഹത്തിലെ മററു താമസക്കാരിൽ പലരും ഓടി എത്തി. അവർ ഓരോരുത്തരും ഓരോ വിധത്തിൽ അഭിപ്രായപ്പെട്ടു. അവരുടെ വൎത്തമാനം കേട്ടു മാധവിക്കു നന്നെ മുഷിഞ്ഞു. അവൾ അവരോടു മിണ്ടാതിരിക്കുന്നതിനു പറഞ്ഞു. എന്നാൽ അവരുടെ നാവടക്കുന്നതിനു വലിയ പ്രയാസമായിരുന്നു. ആ കൂട്ടത്തിൽ മദ്ധ്യവയസ്കയായി റാണി എന്നു പേരായ ഒരു സ്ത്രീയുണ്ടായിരുന്നു. അവൾക്കു മാധവിയെപ്പററി സ്നേഹവും ബഹുമാനവും ഉണ്ടായിരുന്നു. റാണി മാധവിയുടെ മുഖത്തേക്കു നോക്കി. മാധവി ഇങ്ങിനെ പറഞ്ഞു:—

'റാണീ! അനുജത്തി! വേഗം പോയി ഒരു വൈദ്യനെ കൂട്ടിക്കൊണ്ടുവരണം. ദേവാൻ ഡാക്ടരെ വിളിച്ചാൽ മതി. അദ്ദേഹം ഈ തെരുവിൽ തന്നെ ഗൃഹത്തിൽതന്നെ കാണും.'

റാണി ഒന്നും പറയാതെ ഡാക്ടരുടെ വീട്ടിലേക്കു് ഓടി. കുറെ കഴിഞ്ഞപ്പോൾ ഡാക്ടർ വന്നു. എല്ലാ സ്ത്രീകളും പുറംകോട്ടു മാറിനിന്നു. ഡാക്ടർ ഗിരിയുടെ അടുത്തിരുന്നു. ഹൃദയം ആ

വളുടെ നാഡി പരിശോധിച്ചു. കുഴൽവെച്ചു ദേഹം പരിശോധിച്ചു. എന്നാൽ ഡാക്ടർ ഒന്നുംതന്നെ ചെയ്യുന്നതിനു മുമ്പിൽ ഗിരി ഉറക്കെ നിലവിളിച്ചുംകൊണ്ടു കണ്ണു തുറന്നു.

'ഓ! അമ്മേ!' എന്നു ഗിരി ഉറക്കെ നിലവിളിച്ചു.

'ഹാ! ഗിരിക്കു ജീവനുണ്ടല്ലൊ.'

മാധവിയുടെ സന്തോഷത്തിന് അതിരില്ലായിരുന്നു. അവൾ കുനിഞ്ഞു ഗിരിയുടെ മുഖത്തു നോക്കിക്കൊണ്ടു 'സഹോദരി! ഒട്ടും ഭയപ്പെടേണ്ട' എന്നു സമാധാനപ്പെടുത്തുവാൻ ശ്രമിച്ചു.

ഗിരി ഡാക്ടരുടെ മുഖത്തു നോക്കിക്കൊണ്ടു കിടന്നിട്ടു വീണ്ടും കണ്ണടച്ചു. വിശേഷാൽ ഭയപ്പെടുവാനൊന്നുമില്ലെന്നും ഗർഭകാലമായതിനാൽ പ്രത്യേകം സൂക്ഷിക്കേണ്ടതാണെന്നും ഡാക്ടർ അഭിപ്രായപ്പെട്ടു. ഒടുവിലത്തെ ഈ അറിവു കേട്ടപ്പോൾ മാധവിക്കു ഭയം തോന്നി. കടലാസ്സും മഷിയും കൊണ്ടുവരുവാൻ ഡാക്ടർ പറഞ്ഞു. മാധവി ഉടനെ കുറച്ചു ചില്ലറ എടുത്തു കൊണ്ടുപോയി കടയിൽനിന്നും എഴുത്തുസാമാനങ്ങൾ വാങ്ങിക്കൊണ്ടു വന്നു.

ഡാക്ടർ നീട്ടിപ്പിടിച്ച് ഒരു ഡാപ്പ് എഴുതിയുണ്ടാക്കുകയും ആഹാരത്തെപ്പററി പ്രത്യേകം നിഷ്കർഷിക്കുകയും ആവശ്യമുള്ളപ്പോൾ അയാൾക്ക് ആളയയ്ക്കണമെന്ന് ഉപദേശിക്കുകയും ചെയ്തിട്ടു പടിയും വാങ്ങി പോയി. ആ രാത്രിയിൽതന്നെ ഗിരിക്കു രണ്ടു പ്രാവശ്യം ബോധക്കേടു വന്നു. ഒരമ്മയുടെ വാത്സല്യത്തോടുകൂടി മാധവി അവളെ പരിചരിച്ചുകൊണ്ടിരുന്നു. റാണിയും കൂടക്കൂടെ വന്നു ഗിരിയുടെ ദേഹസ്ഥിതിവർത്തമാനങ്ങൾ അന്വേഷിച്ചുകൊണ്ടിരുന്നു. നേരം അർദ്ധരാത്രി സമയമായിരുന്നു.

'സഹോദരി! നിങ്ങൾ എന്നെ വിട്ടു പോകുമോ?' എന്നു ഗിരി തൊണ്ടയിടറി പറഞ്ഞു:—

'ഒട്ടും പറയാതിരിക്കുക. നിങ്ങളുടെ ദേഹം ക്ഷീണിച്ചിരിക്കുന്നു. അധികം സംസാരിക്കേണ്ട' എന്നു മാധവി പറഞ്ഞു.

ഗിരി ഒന്നും പറഞ്ഞില്ല. എന്നാൽ അവളുടെ മിഴികളിൽനിന്നും പുറപ്പെട്ട കണ്ണുനീർ തലയണയെ നനച്ചു.

* * * *

ഒച്ച് ഇഴയുന്നതുപോലെ രണ്ടുദിവസം കഴിഞ്ഞുകൂടി. ഗിരിയുടെ മിഴികൾക്കു എല്ലാം മങ്ങി കാണപ്പെട്ടു. പ്രഭാതം അവൾക്കു സന്തോഷത്തെ ചെയ്തില്ല. സായാഹ്നവേള അവൾക്ക് ഉത്സാഹത്തെ ജനിപ്പിച്ചില്ല. രാത്രിയും അവൾക്കു സന്തോഷപ്രദമായിരുന്നില്ല. ഗിരി കിടക്കയിൽത്തന്നെ കിടന്നതേയുള്ളു. അവളുടെ വിചാരധാരകൾ ക്ഷീണിച്ച തലച്ചോറിനെ അസഹ്യ

പ്പെട്ടത്തിരിക്കൊണ്ടിരുന്നു. അവൾക്കു വിചാരശക്തി ഇല്ലായിരുന്നെങ്കിലും മനസ്സിലെ വിചാരങ്ങളെ ബഹിഷ്കരിക്കുന്നതിനു ഗിരിക്കു സാധിച്ചില്ല. അവളുടെ ഹൃദയം വേദനിച്ചു.

‘ഞാനെന്തു ചെയ്തു? ഞാനെന്തിന് അതു ചെയ്തു? എന്തിന്?’ എന്നു ഗിരി തന്നത്താൻ ചോദിച്ചതിന് ഒരുത്തരവും കിട്ടിയില്ല.

‘ഞാനെന്തൊരു വിഡ്ഢിത്തമാണു പ്രവൎത്തിച്ചതു്? നിശ്ചയമായും ഞാനനുഭവിക്കേണ്ടതുതന്നെ. ഞാൻ ചെയ്ത മഹാപാപത്തിനു രൌരവം മുതലായ സകലനരകങ്ങളും അനുഭവിച്ചാലും പിന്നെയും പോര. ഹാ! ഞാനെന്താണു പ്രവൎത്തിച്ചതു്? ഞാനെനിക്കുതന്നെ നാശവും കുടുംബത്തിന് അപമാനവും എന്റെ മാതാവിനു കുറച്ചിലും വരുത്തിവെച്ചു. അമ്മ ഇപ്പോൾ ജീവിച്ചിരിപ്പുണ്ടെങ്കിൽ അവർ എന്നെപ്പറ്റി എത്രമാത്രം വ്യസനിക്കുന്നെ? അവർ ലജ്ജിച്ചു തല താഴ്ത്തുമായിരുന്നു. അമ്മ മരിച്ചുപോയതു നന്നായി. അങ്ങിനെയല്ല, അവർ ജീവിച്ചിരുന്നെങ്കിൽ ഞാനിങ്ങിനെ നാശമായിപ്പോകുകയില്ലായിരുന്നു. അവർ എന്നെ അവരുടെ വാത്സല്യപക്ഷങ്ങൾക്കിടയിൽ രക്ഷിക്കുമായിരുന്നു. ഹാ! അമ്മെ! അവരുടെ പരിശുദ്ധസ്മരണ എന്നിൽനിന്ന് അകന്നുപോയിരിക്കയായിരുന്നു. ഞാനെന്തൊരു കൃതഘ്ന!’

വളരെ മുമ്പെ മരിച്ചുപോയ തന്റെ മാതാവിനെപ്പറ്റി അവൾ ചിന്തിക്കുവാൻ തുടങ്ങി. പൂൎവ്വസ്മരണകൾ പലതും ഒന്നിനൊന്ന് അവളുടെ ഹൃദയത്തിൽ ഉദിച്ചുപൊങ്ങി. ഗിരിയുടെ ഹൃദയം വേദനിച്ചു. ഗിരി ഉടനെ കൈകൾകൊണ്ടു കണ്ണുപൊത്തി. അവൾ പിന്നീട് ആനന്ദനെപ്പറ്റി സ്മരിച്ചു. അതു് അവൾക്ക് അതിലധികം മൎമ്മഭേദകമായിരുന്നു. ആ വക വിചാരങ്ങളെ ഹൃദയത്തിൽനിന്നും ബഹിഷ്കരിക്കുന്നതിനു ഗിരി ശ്രമിച്ചെങ്കിലും അവൾക്കു സാധിച്ചില്ല. കഴിഞ്ഞ രണ്ടു ദിവസങ്ങളിൽ — രണ്ടു മാസം പോലെ കഴിച്ചുകൂട്ടിയ രണ്ടു ദിവസങ്ങളിൽ ഗിരി ആനന്ദന്റെ ഓരോ പ്രവൃത്തികളെപ്പറ്റി പിന്നെയും ചിന്തിച്ചു. അവളുടെ ഉഷ്ണിച്ച തലച്ചോറിനു യാതൊരു സൈപാവും തോന്നിയില്ല. അവളുടെ നിദ്ര നഷ്ടപ്രായമായിരുന്നു.

ഗിരിയുടെ സുഖക്കേടുകൊണ്ടു മാധവി വളരെ ബുദ്ധിമുട്ടി. ഗിരിയെ സംബന്ധിച്ച് എന്തുചെയ്യുന്നമെന്നു മാധവിക്ക് ആദ്യം ഒരു രൂപവും ഇല്ലായിരുന്നു. മാധവിക്കു കാലക്ഷേപത്തിന് അവളുടെ ജോലിക്കു പോകാതെ തരമില്ല. എന്നാൽ മാധവിയുടെ സാന്നിദ്ധ്യം ഗിരി എപ്പോഴും ആവശ്യപ്പെട്ടുകൊണ്ടിരുന്നു. ആദ്യത്തെ ദിവസം മാധവി ജോലിക്കു പോയില്ല. അടുത്തദിവസം

ജോലിസ്ഥലത്തുനിന്നു നേരത്തേ മടങ്ങിവന്നു. ഗിരിയെ സംബന്ധിച്ച കുറെക്കൂടി ദൃഷ്ടിവെക്കേണ്ടതുണ്ടായിരുന്നതിനാൽ അവളെ നോക്കിക്കൊള്ളണമെന്നു മാധവി റാണിയെ ഏല്പ്പാടു ചെയ്തു. റാണി മാധവിയോടു വളരെ കൂറുള്ളവളായിരുന്നു. റാണിക്കു വസൂരി പിടിപെട്ട സമയം മററുള്ളവർ അവളെ ഉപേക്ഷിച്ചുപോയ അവസരത്തിൽ മാധവിയായിരുന്നു റാണിയെ ശുശ്രൂഷിച്ചിരുന്നതു്. മാധവി വർത്തമാനം മുഴുവൻ അവളുടെ യജമാനനെ ധരിപ്പിക്കുകയും അവളിൽ വിശ്വാസമുണ്ടായിരുന്ന യജമാനൻ അവൾ മുഴുവൻ ശമ്പളത്തോടുകൂടി അവധി ഉപയോഗിച്ചുകൊള്ളുന്നതിനു് അനുവദിക്കുകയും ചെയ്തതു മാധവിക്കു വലിയ ആശ്വാസമായി. എന്നാൽ മാധവി നിത്യവും ജോലിക്കു പോകുകയും അധികസമയം ഗിരിയെ ശുശ്രൂഷിക്കുന്നതിനു് ഉപയോഗപ്പെടുത്തിവരുകയും ചെയ്തുവന്നു.

തന്റെ മകളെപ്പോലെയായിരുന്നു ഗിരിയെ മാധവി വിചാരിച്ചുവന്നതു്. മാധവി അവളെ പരിചരിച്ചു, സാന്ത്വനപ്പെടുത്തി. എന്നല്ല ഗിരിയെ സന്തോഷിപ്പിക്കുന്നതിനു ശ്രമിച്ചു. എന്നാൽ ദിവസം ചെല്ലുന്തോറും അവാച്യമായ വ്യസനത്താൽ ഗിരിയുടെ ദേഹം മെലിഞ്ഞുവന്നു. ഗിരിയെപ്പററി മാധവിക്കു വലിയ വിചാരമായിത്തീർന്നു. ഗിരിയുടെ പരിതാപകരമായ അവസ്ഥ മാധവിയുടെ പഴയ സ്മരണകളെ പുനർജ്ജീവിപ്പിച്ചു.

മുഷിപ്പോടും ദൈർഘ്യത്തോടും കൂടിയ ദിവസങ്ങൾ പലതു കഴിഞ്ഞു. ഗിരിയുടെ ഹൃദയത്തിൽ രഹസ്യമായ ഒരു തീജ്വാലയെ അവൾ വീശി വളർത്തിവന്നു. ആ ദിവസങ്ങളിലൊന്നും അവൾ ആനന്ദന്റെ പേർകൂടി പറഞ്ഞില്ല. മാധവിക്കു് ഇതു കണ്ടു് അത്ഭുതം തോന്നിയെങ്കിലും അവൾ ഗിരിയോടു അതിനെപ്പററി ഒരക്ഷരവും സംസാരിച്ചില്ല. ഗിരി ക്രമേണ ശോഷിച്ചും വിളറിയും വന്നു. മാധവി വീണ്ടും ഡാക്ടർക്കു് ആളയച്ചു. അയാൾ വന്നു പരിശോധിക്കുകയും തല്ക്കാലം ഭയപ്പെടുവാനൊന്നുമില്ലെന്നു് അഭിപ്രായപ്പെടുകയും ചെയ്തു. എന്നാൽ രാത്രിയിൽ നിത്യം പനി വരാറുള്ളതു നല്ല ലക്ഷണമല്ലെന്നും സൂക്ഷിക്കണമെന്നും മററു വല്ല സുഖക്കേടും കൂടി ഉണ്ടാകാനെളുപ്പമുണ്ടെന്നും കൂടി ഡാക്ടർ പറഞ്ഞപ്പോൾ ഗിരിയുടെ അധരപുടങ്ങളിൽ ഈഷൽസ്മിതം കാണപ്പെട്ടു. അതു് അവളുടെ കണ്ണുനീരുകളെക്കാ

ളും അനുകമ്പാജനകമായിരുന്നു. അവൾ രാവുംപകലും ഒരുപോലെ പ്രാൎത്ഥിച്ചുകൊണ്ടിരുന്നതു മരണത്തെപ്പററിയായിരുന്നു.

'ഹാ! മരണമേ! കഷ്ടപ്പെടുന്നവരുടെ പരമബന്ധോ! താപനിവാരണ! അസഹനീനമായ വേദനയുടെ വേരറുക്കുന്ന കുളിർകുഴമ്പേ! എന്നെ നിൻെറ പക്ഷങ്ങളിൽ വരിച്ചുകൊള്ളേണമേ! ജീവിതം എനിക്കു മതിയായി. വെളിച്ചം എനിക്കു മതിയായി. ലോകദുരിതങ്ങളുടെ സ്വാദും ഞാനറിഞ്ഞു. മതിയേ മതി. എന്നെ കൊണ്ടുപൊയ്ക്കൊള്ളണമെ'. നിൻെറ ദിവ്യമായ നിത്യാന്ധകാരമാണിതിലധികം എനിക്കു സുഖം തോന്നുന്നതു്. ഹാ! ഹാ! ഹാ!'

ഇങ്ങിനെ ഗിരി രാപ്പകൽ പ്രാൎത്ഥിച്ചുവന്നു. ലോകത്തിലുള്ള എത്ര മനുഷ്യജീവിയാണു് ഇങ്ങിനെ മരണത്തിനു പ്രാൎത്ഥിക്കുന്നതു്? അവരുടെ സംഖ്യ ആൎക്കു് എണ്ണുവാൻ കഴിയും? ലോകത്തിലെ ജനസംഖ്യയുടെ പകുതിഭാഗം ഒരു സമയത്തല്ലെങ്കിൽ മററൊരുസമയത്തു നിരാശയോടുകൂടി മരണത്തിനു പ്രാൎത്ഥിക്കുന്നുണ്ടു്. ഈ വികാരമസൃണമായ പ്രാൎത്ഥന പാവപ്പെട്ട കുടിലിൽനിന്നും പരമാഡംബരപൂൎണ്ണമായ അരമനയിൽനിന്നും ഒരുപോലെ ഉയൎന്നു കേൾക്കപ്പെടുന്നു.

ഗിരി ഡാക്ടരുടെ വാക്കുകൾ കേട്ടു് ആശ്വസിച്ചു. അവളുടെ കഷ്ടപ്പാടുകൾക്കു താമസിയാതെ ഒരവസാനം വരുമെന്നു് അവൾ നിശ്ചയിച്ചു!

ഡാക്ടർ നീണ്ട ഒരു കുറിപ്പു എഴുതിക്കൊടുത്തു ഫീസും വാങ്ങിപോയി. മാധവി മരുന്നു വാങ്ങിക്കുവാൻ പോകുവാനായി തയ്യാറായി. ഗിരി അവളെ തടുത്തുനിൎത്തി പറഞ്ഞു:—

'നിങ്ങൾ വൃഥാ വിചാരപ്പെടേണ്ട. ഡാക്ടർ വിചാരിക്കുന്നതുപോലെ എനിക്കു സുഖക്കേടൊന്നുമില്ല. രണ്ടുമൂന്നുദിവസംകൊണ്ടു് എല്ലാം മാറാനുള്ളതേയുള്ളു.'

മാധവി അവളുടെ വാക്കുകൾ കേട്ടഭാവം നടിച്ചില്ല. ഗിരി മാധവിയുടെ കൈയ്യു പിടിച്ചു വീണ്ടും തുടൎന്നു:—

'സഹോദരി! മരുന്നിനു പോകണമെന്നില്ല; എനിക്കു സുഖക്കേടൊന്നുമില്ല.'

മാധവി—അസംബന്ധം പറയരുതു്.

ഗിരി—ഞാൻ മരുന്നു കുടിക്കുകയില്ല.

മാധവി—എന്തുകൊണ്ടു്?

ഗിരി ഒന്നും ഉത്തരം പറഞ്ഞില്ല. എന്നാൽ ഒരു ദയനീയമായ സ്മിതം അവളുടെ അധരങ്ങളിൽ ഉദിച്ചു. എന്നാൽ ഗിരിയുടെ ഹൃദയം മാധവിക്കു മനസ്സിലായി. മാധവിയുടെ നയനങ്ങളിൽ കണ്ണുനീർ നിറഞ്ഞു.

മാധവി.—ഗിരി!—നമ്മൾ—സ്ത്രീകൾ കഷ്ടപ്പെടുവാൻ ജനിച്ചവരാണ്. നമ്മുടെ ജാതിക്കാൎക്ക് സഹജമായിട്ടുള്ള ഒരു ചിഹ്നമാണു കഷ്ടപ്പാട്. എന്റെ സഹോദരി! ബുദ്ധിശൂന്യമായി പ്രവൎത്തിക്കരുതു്. ദേഹത്തെപ്പററി അനാസ്ഥ വിചാരിക്കാനുള്ള സമയം ഇതല്ല. മറെറാരു ജീവിയുടെ ക്ഷേമത്തെക്കൂടി നോക്കേണ്ട ഭാരം ഇപ്പോൾ നിങ്ങളിൽ ഉണ്ടെന്നു് ഓൎമ്മവേണം.

ഗിരി ഞെട്ടി. അവൾ രണ്ടുകൈകൊണ്ടും മുഖം മറച്ചു.

'ഓ! മാധവി! എന്തു മരുന്നെങ്കിലും നിങ്ങൾ തന്നുകൊള്ളുക. അതെല്ലാം ഞാൻ സേവിച്ചുകൊള്ളാം. എന്നോടൊന്നും ചോദിക്കയും പറയുകയും വേണ്ട.'

മാധവിയും ഇതെല്ലാം കേട്ടു കണ്ണുനീർ ഒലിപ്പിച്ചുകൊണ്ടു മരുന്നു വാങ്ങാൻ പോയി. ഗിരി കിടക്കയിൽ വീണു തലയണ്ണയിൽ മുഖം മറച്ചു കണ്ണുനീർ വാൎത്തു.

## എഴുപതാം അദ്ധ്യായം.

### വിവാഹം.

മുമ്പു തീൎച്ചപ്പെടുത്തിയതുപോലെതന്നെ മഹാരാജാ ബാലേന്ദ്രഭൂഷണൻ കൃഷ്ണവേണിയെ വിവാഹംചെയ്തു. എന്നാൽ വിവാഹത്തിനു വലിയ ആഡംബരമോ ആൾക്കൂട്ടമോ ഒന്നും ഉണ്ടായിരുന്നില്ല. ആ വിശേഷപ്പെട്ട മുഹൂൎത്തം ഇത്ര അനാഡംബരമാക്കിത്തീൎത്തതു സുരക്കു്, ഒട്ടും ഹിതമായില്ല. എന്നാൽ നിവൃത്തിയുള്ളേടത്തോളം ഒതുക്കമായി അടിയന്തിരം നിൎവ്വഹിക്കുന്നതാണു് എല്ലാംകൊണ്ടും നല്ലതെന്നു ബാലേന്ദ്രൻ അഭിപ്രായപ്പെടുകയാൽ ആ അഭിപ്രായത്തെ തട്ടിപ്പറയുന്നതിനു സുരക്കു നിവൃത്തിയുമില്ലായിരുന്നു. ആനന്ദന്റേയും ബാലേന്ദ്രന്റേയും ചില പ്രത്യേകസ്നേഹിതന്മാർ മാത്രം വിവാഹത്തിനു ക്ഷണിക്കപ്പെട്ടിരുന്നു. ക്ഷണിക്കപ്പെട്ട അതിഥികളിൽ ഭൂരിപക്ഷവും സുരയുടെ

സ്നേഹിതകളായ മഹിളകളായിരുന്നു. അവർ നല്ലവണ്ണം വസ്ത്രധാരണം ചെയ്തിരുന്നു. അവരുടെ അധരങ്ങളിൽ മന്ദഹാസവും നയനങ്ങളിൽ പ്രകാശവും പെരുമാററങ്ങളിൽ പ്രേമവും സ്ഫുരിച്ചിരുന്നു. ആ സ്ത്രീജനങ്ങളെ കണ്ടപ്പോൾ ബാലേന്ദ്രൻ കുഴങ്ങി. അവരുടെ ആഭരണങ്ങളുടെ കിലുകിലാരവം ബാലേന്ദ്രന്റെ ചെവികളിൽ അമൃതധാര ചെയ്തു. വിവാഹമുഹൂർത്തം അടുത്തു. ഒരു വൃദ്ധനായ പുരോഹിതൻ ചില മന്ത്രങ്ങൾ ചെല്ലിക്കൊടുത്തു. അതു് ഓരോ പ്രാവശ്യവും ആവർത്തിച്ചു ചൊല്ലുന്നതിനു ബാലേന്ദ്രൻ പറഞ്ഞു. എന്തൊരു കഷ്ടം! സംസ്കൃതത്തിന്റെ ഗന്ധം പോലും ഇല്ലാത്ത ബാലേന്ദ്രനു മന്ത്രങ്ങൾ ശരിയായി ഉച്ചരിക്കുവാൻ വിഷമിച്ചിട്ടു പിന്നെയും പിന്നെയും ഓരോ വാക്കും പതുക്കെ നിർത്തി ആവർത്തിച്ചു ചൊല്ലുന്നതിനു പുരോഹിതനെ നിർബ്ബന്ധിച്ചു. വിവാഹമന്ത്രം ഓരോന്നും ആറു പ്രാവശ്യം പുരോഹിതൻ ചൊല്ലിക്കൊടുത്തിട്ടും ശരിയായി പിന്നെയും ഉച്ചരിക്കുവാൻ മഹാരാജാവു വിഷമിക്കുന്നതു കണ്ടു പുരോഹിതനു നന്നെ മുഷിഞ്ഞു. ബാലേന്ദ്രന്റെ ഓർമ്മകേടിനെപ്പററി പുരോഹിതൻ ശപിച്ചുകൊണ്ടിരുന്നതല്ലാതെ അതിനെപ്പററി ഒന്നും പറയുവാൻ തുനിഞ്ഞില്ല. എന്നാൽ ആ ഉപദ്രവം തീക്കുന്നതിനു പുരോഹിതൻ ഒരു പുതിയ വിദ്യ കണ്ടുപിടിച്ചു. മന്ത്രങ്ങൾ മനസ്സുകൊണ്ടു ചൊല്ലിയാൽ മതിയെന്നു പുരോഹിതൻ പറഞ്ഞു ബാലേന്ദ്രൻ അതു സമ്മതിച്ചു. ബാലേന്ദ്രനെ വിഷമിപ്പിക്കുവാൻ ആ വഴിയും ഒട്ടും പോരാതെ വന്നില്ല. ബാലേന്ദ്രനു കുറെ കഴിഞ്ഞപ്പോൾ തലവേദന തോന്നുകയും ദാഹം തോന്നുകയും ചെയ്തു. എന്നാൽ വേഗത്തിൽ തയ്യാറാക്കിക്കൊണ്ടുവന്ന ഒരു പാത്രം പച്ചവെള്ളം അയാളുടെ 'ദാഹ'ത്തിനു ശമനം ഉണ്ടാക്കിത്തീക്കുവാൻ പര്യാപ്തമായില്ല. ആനന്ദൻ അടുത്തുവന്നു ബാലേന്ദ്രന്റെ ചെവിയിൽ എന്തോ മന്ത്രിച്ചു. ആനന്ദൻ ചിരിച്ചുംകൊണ്ടു പറഞ്ഞു:—

'അതെ ആകാം. ഞാനെല്ലാം തയ്യാറാക്കീട്ടുണ്ടു്. നിങ്ങളുടെ ബാസർ * ആനന്ദപ്രദമായി കഴിയട്ടെ.'

കൃഷ്ണവേണി വിവാഹവസ്ത്രങ്ങൾ അണിഞ്ഞു തെയ്യാറായിരുന്നു. അവളുടെ ഗണ്ഡങ്ങളിൽക്കൂടി ചുടുകണ്ണുനീർ ഒഴുകുന്നുണ്ടാ

---

* ഒരടിയന്തിരം. വിവാഹദിവസം രാത്രി വധൂവരന്മാർ ഉറങ്ങാതെ ഉറക്കമിളക്കുന്ന ഒരു അടിയന്തിരമാണു ബാസർ. വിവാഹദിവസം വധുവും വരനും ഉറങ്ങുന്നതായാൽ വധുവിനു വൈധവ്യം വന്നുപോകുമെന്നാണു ബങ്കാളകളുടെ ഇടയിലുള്ള വിശ്വാസം.

യിരുന്നു. അവൾ പട്ടുമൂടുപടത്തിനുള്ളിൽ മുഖം മറച്ചിരുന്നു. മൂടുപടംകൊണ്ട് ഒരു ഉപയോഗമുണ്ട്. വധുവിനെ നേരിട്ടു കാണാത്ത വരനു കൂടുതൽ കൌതുകവും അത്യാശ്ചര്യവും വർദ്ധിപ്പിക്കുന്നതിനു മൂടുപടം ഉപയോഗപ്പെടുന്നു. ഭാരതീയയുവാക്കന്മാർക്ക് അവരുടെ ഭാര്യയാകുവാൻ പോകുന്ന വധുവിനെ വിവാഹത്തിനു മുമ്പിൽ കാണുന്നതിനു മിക്കവാറും തരപ്പെടാതെയാണു വരുന്നതെന്നുള്ളതു സുപ്രസിദ്ധവുമാണല്ലോ!

എന്നാൽ ബാലേന്ദ്രനു് അങ്ങിനെ ഒരു കൌതുകമോ അത്യാശ്ചര്യമോ ഉണ്ടായിരുന്നില്ല. അയാളുടെ മനസ്സു വേറെ വിഷയത്തിൽ പ്രവേശിച്ചിരിക്കുകയായിരുന്നു. ആ സംഘത്തിൽ ഏതോ ഒരാളെപ്പററി അന്വേഷിച്ച് അയാളുടെ മിഴികൾ കുഴങ്ങുകയായിരുന്നു ഒടുവിൽ അയാളുടെ ക്ഷുത്തുമുഴുത്ത നയനങ്ങളുടെ ഉദ്ദേശം സാധിച്ചു. ഒരു കൊള്ളിമീൻ ചാടുന്നതുപോലെ സുരബാല ആ സ്ഥലത്തുകൂടി കടന്നുപോയി. അവളുടെ പട്ടുസാരിയും ചിലമ്പിന്റെ ശബ്ദവും ഗമനത്തിന്റെ സൌഭാഗ്യവും ആകപ്പാടെയുള്ള ലാവണ്യപൂരവും അയാളുടെ മനസ്സിൽ ഏതോ ഒരു വികാരജ്വാലയേ വീശിവളർത്തി. ആ സാധു അമ്പരന്നു അങ്ങിനെ നോക്കി ഇരുന്നു.

വിവാഹച്ചടങ്ങുകൾ എല്ലാം അവസാനിച്ചു. ആനന്ദൻ പറഞ്ഞതുപോലെ തന്നെ വാഗ്ദത്തം നിർവ്വഹിച്ചു. ബാലേന്ദ്രനു സന്തോഷമായി. ബാലേന്ദ്രൻ അന്നത്തെ രാത്രി കഴിച്ചുകൂട്ടുവാനായി ശയനമുറിയിൽ പ്രവേശിച്ചു. അയാളുടെ ചുററും വന്ന പല സൌന്ദര്യവതികളും കൂടി. ബാലേന്ദ്രനു വീണ്ടും പല വികാരങ്ങളും ഉദിച്ചു. അവരെല്ലാം മൂച്ചയുള്ള കടാക്ഷബാണങ്ങൾ ബാലേന്ദ്രന്റെ നേരെ പ്രയോഗിച്ചു. ശത്രുക്കളുടെ വെടിയുണ്ടകൾ ഏററുകൊണ്ടുനില്ക്കുന്ന ഒരു കോട്ടയോട് അപ്പോൾ ബാലേന്ദ്രനെ ഉപമിക്കാമായിരുന്നു.

സഹിക്കവയ്യാത്ത ലജ്ജയാലും വ്യസനത്താലും കൃഷ്ണവേണിക്കു മനസ്സ്വാസ്ഥ്യം തീരെ ഇല്ലാതായി. അവളുടെ ശിരസ്സിലെഴുത്തിനെപ്പററി അവൾ വിചാരിച്ചു വ്യസനിച്ചു. അവളുടെ നയനങ്ങളിൽ നിറഞ്ഞ കണ്ണുനീർത്തുള്ളികൾ അവളുടെ സാരിയെ നനച്ചു

ബാലേന്ദ്രൻ ആനന്ദനെ നൂറുതവണ വന്ദിച്ചു. സുരബാലയെ ആയിരം തവണ വന്ദിച്ചു. അവിടെ കൂടിയിരുന്ന മററു സ്ത്രീ

കളോടു പലപ്രാവശ്യം മാപ്പുചോദിച്ചു. മഹിളമാക്ക് അയാൾ ഒരുത്തമമനുഷ്യനായി കാണപ്പെട്ടു. ബാലേന്ദ്രൻ പല നേരമ്പോക്കുകളും പറഞ്ഞ് അവരെ ചിരിപ്പിച്ചു. കൃഷ്ണവേണി ഇതെല്ലാം കണ്ടു ലജ്ജിച്ചു തലതാഴ്ത്തി.

*　　*　　*　　*　　*　　*

ബാലേന്ദ്രൻ ഇങ്ങിനെ അതിഥികളുമായി ആനന്ദിച്ചുകൊണ്ടിരുന്നസമയം അവിടെ മറ്റൊരു മുറിയിൽ ആനന്ദനും സുരബാലയുമായി ഇങ്ങിനെ ഒരു സംഭാഷണം നടന്നു.

സുര — നമ്മളുടെ ആഗ്രഹം സാധിച്ചല്ലോ.

ആനന്ദ — മുഴുവനായില്ല പ്രിയേ!

സുര — ഉം? എന്തുകൊണ്ട്?

ആനന്ദ — ആ മടയൻ നമ്മുടെ വലയിൽ ചാടി; സംശയമില്ല. എന്നാൽ അയാൾ നമുക്കു മുഴുവനും സ്വാധീനമാകുക കഴിഞ്ഞിട്ടില്ല.

സുര — അതിനെപ്പററി വിചാരപ്പെടേണ്ട. എന്നെ ഏല്പിച്ചേക്കുക; ഞാനതും അതിനപ്പുറവും സാധിച്ചേക്കാം.

ആനന്ദൻ — നീ എനിക്കു സഹായത്തിനുള്ളപ്പോൾ അതിനെപ്പററി എനിക്കു വിചാരമേയില്ല.

സുര — എന്നാൽ നിങ്ങളുടെ കൃഷ്ണവേണിയെപ്പററിയാണ് എനിക്കു ഭയം; അവൾ ഒരു കഴുതയാണ്.

ആനന്ദ — അവളിൽ നമുക്ക് അധികാരം പ്രയോഗിക്കണം. നമ്മുടെ ഇഷ്ടത്തിനു വിപരീതമായി അവൾ നില്ക്കുമോ?

സുര — അതെനിക്കു രൂപമില്ല; അവൾക്കു ബുദ്ധിയില്ല. നമ്മളെത്തന്നെ അവൾ ദ്രോഹിച്ചേക്കും.

ആനന്ദ — എങ്ങിനെ?

സുര — അവൾ പരമാർത്ഥിയായി നിന്നാൽ മതിയല്ലോ.

ആനന്ദ — അങ്ങിനെയോ? നിന്റെ കീഴിൽ അഭ്യസിപ്പിച്ചതിങ്ങിനെയാണോ?

സുര — അവളുടെ ഒരു മുരട്ടുസ്വഭാവമാണ്.

ആനന്ദ — ആകട്ടെ അവളുടെ വം ഞാനടച്ചേക്കാം.

സുര — എങ്ങിനെ?

ആനന്ദ — ഇങ്ങിനെ.

ആനന്ദൻ സുരയുടെ അധരങ്ങളെ ചുംബിച്ചു.

സുര — ഹാ! ചതിയ!

ആനന്ദ—അതുപോകട്ടെ; നമ്മുടെ മഹാരാജാവെങ്ങിനെ?

സുര—ഒരു മരമണ്ടൻ! അദ്ദേഹത്തിന്റെ ചാപല്യം കണ്ടാൽ ചിരിക്കാതിരിക്കുന്നതു് എങ്ങിനെ? അദ്ദേഹത്തിനു തലക്കു് ഒരു ധാര വേണമെന്നു തോന്നുന്നു. ഹാ! ഹാ!

ആനന്ദൻ—നിന്നെത്തന്നെ അനുമോദിക്കണം; വിജയം പരിപൂർണ്ണം!

സുര—ഞാൻ അദ്ദേഹത്തെ തോല്പിച്ചു് ഒരു തടവുകാരനാക്കിയിരിക്കുകയാണു്!

ആനന്ദ—ഹാ! ഹാ! ഹാ! പ്രിയേ! നിനക്കുതന്നെ എന്റെ സർവ്വസ്വവും!

സുര—കപടമസൃണമായ ചുംബനങ്ങൾകൊണ്ടു് എന്നെ വിഷമിപ്പിക്കരുതു്. എന്റെ ഹൃദയം ഇന്നു നിങ്ങളുടെയല്ല.

ആനന്ദ—പിന്നെ ആരുടെ?

സുര—മഹാരാജാ ബാലേന്ദ്രഭൂഷണന്റെ!

ആനന്ദ—അങ്ങിനെയോ? പ്രിയേ! കൊള്ളാം.

സുര—ഞാൻ പോകട്ടെ; ഞാനല്പം താമസിച്ചു; പോരെ. പുതിയ കാമുകൻ എന്നെ കാത്തിരിക്കുകയായിരിക്കും. ഹാ! ഹാ!

ആനന്ദ—പൊയ്ക്കൊള്ളുക; എനിക്കും മറ്റു കാര്യങ്ങളുണ്ടു്.

പുതിയ വിജയം അഭിനയിച്ചുകൊണ്ടു സുര പോയി.

അവൾ മറഞ്ഞ ഉടനെ ആനന്ദൻ ഇങ്ങിനെ തന്നത്താൻ പറഞ്ഞു:—

'ഛീ കഴുതേ! പോ. എന്റെ ഉദ്ദേശം ഏകദേശം സാധിച്ചു. കുറെക്കൂടി കഴിഞ്ഞോട്ടെ; നിന്നെ ഞാൻ പട്ടിയെപ്പോലെ ആട്ടിപ്പുറത്താക്കും. എന്റെ രഹസ്യങ്ങൾ മുഴുവൻ നീ അറിഞ്ഞിട്ടുണ്ടു്. നിന്നെ ഈ നിലക്കു വിട്ടാൽ അതു എനിക്കുതന്നെ ഒടുവിൽ ആപത്തായിത്തീരും. എന്റെ രഹസ്യങ്ങളെ നീ ഒരിക്കൽ പുറത്താക്കാതെ ഇരിക്കയില്ല. തന്നത്താൻ ലേലംവിളിച്ചു കൂടുതൽ തുകക്കു പോകുന്നവളാണു നീ എന്നു ഞാനറിയും. പക്ഷെ ബാലേന്ദ്രൻതന്നെ നിന്നെ സ്വീകരിച്ചുകൊള്ളും. ഇനി നിനക്കു വേണ്ടതു സർവ്വസ്വവും തന്നു രക്ഷിക്കുന്നതും നിന്നെ സ്നേഹിക്കുന്നതും ധനവ്യയം മാത്രമെന്നു് എനിക്കറിയാം. നിന്നേയും നിന്റെ അമ്മയേയും എനിക്കു വല്ലാതെ ഭയമുണ്ടു്. രണ്ടുപേരും ഒരിക്കൽ എന്നോടു തിരിഞ്ഞുനില്ക്കും. അതു പാടില്ല. അതുകൊണ്ടു നിങ്ങൾ രണ്ടുപേരും എന്റെ സരണിയിൽനിന്നു മറയണം. അപ്പോൾ ഞാൻ സ്വതന്ത്രൻ; ഞാൻ സുഖി; അപ്പോൾ മാത്ര

മേ ഞാൻ നിൎഭയമായി സ്വാതന്ത്ര്യമാകുന്ന അന്തരിക്ഷത്തെ അനുഭവിക്കുന്നവനാകുകയുള്ളു. ഗിരി! നീയും അതുവരെ ഇരിക്കുകയാണെങ്കിൽ വീണ്ടും നിന്റെ സുഖസൌകൎയ്യങ്ങളെ ഞാനന്വേഷിക്കാം. മററു ആളുകൾക്കു കഴിയാത്തതു ഗിരി എനിക്കു തന്നു. മററുപലരിലും കാണാത്തതു ഗിരിയിൽ ഞാൻ കണ്ടു. എന്നാൽ ഗിരിക്കുവേണ്ടി എന്റെ ഭാവിയെ നാശപ്പെടുത്തുവാൻ നിവൃത്തിയില്ല. ഹാ ഞാൻ നിന്നേയും ഓൎമ്മിക്കുന്നു ഓമനെ! എന്താണു നിന്റെ പേരു്? ഞാൻ മറന്നുപോയല്ലൊ. നാക്കത്തു് ഇരിക്കുന്നു മാലതി അല്ല; മാധുരിയൊ, അതുമല്ല; അതുപോലെ ഒരു പേരു്. ഹാ! മാധവി ഞാനോൎമ്മിക്കുന്നു. ഓൎമ്മിക്കുന്നു; നല്ല പേരു്! മാധവി എനിക്കു ഭയങ്കരമായ മുന്നറിവുതന്നിരിക്കുന്നു കൊള്ളാം; ഞാനതു് ഓൎമ്മിച്ചുകൊള്ളാം. മാധവിയുടെ അഹങ്കാരത്തെ പൊടിയാക്കണം; അത്ര മൂത്തോ? അമ്പ! പെണ്ണുങ്ങളുടെ തന്റേടം! ഹാ! എന്തൊരു വാക്കു്! ഇങ്ങിനെ ഒരു ഒത്ത ദേഹം ഞാൻ കണ്ടിട്ടില്ല. എന്തു സൌന്ദൎയ്യം! മാധവിയെ ഇനി ഒന്നു പിടികൂടണം. പിടികൂടിയാൽ വരുമൊ എന്നു് എനിക്കു സംശയമേ ഇല്ല. പിന്നെ നോക്കീട്ടു തൃപ്തിപ്പെട്ടുകഴിഞ്ഞാൽ വലിച്ചൊരേറു! എനിക്കു് ഇപ്പോൾ കാലം നല്ലതാണു്. എടുത്തിട്ടാൽ പകിട പന്ത്രണ്ടു്!—'

'ഒന്നു നോക്കുക ഹാ ഹാ!' എന്നു സുര ചിരിച്ചുകൊണ്ടു പറഞ്ഞു. മനോരാജ്യത്തിൽ ഉപദ്രവിച്ചതു് ആനന്ദനു് സുഖമായില്ല.

'എന്തു ചിരിക്കുന്നോ? കഴുതേ' എന്നു് ആനന്ദൻ കോപത്തോടെ ചോദിച്ചു.

ആനന്ദന്റെ പെട്ടെന്നുള്ള ഈ പ്രകൃതമാററത്തെപ്പററി സുര അത്ഭുതപ്പെട്ടു. അവൾ അമ്പരന്നു് ആനന്ദന്റെ മുഖത്തു നോക്കി. ആനന്ദൻ മനോരാജ്യത്തിൽനിന്നും ചിരിച്ചുംകൊണ്ടു പറഞ്ഞു:—

'സുരേ! ക്ഷമിക്കുക; ഹരിമതിയാണെന്നു ഞാൻ വിചാരിച്ചുപോയി.'

ഹരിമതി സുരയുടെ വേലക്കാരിയായിരുന്നു. ഈ വ്യാഖ്യാനം സുരക്കു് അത്ര തൃപ്തിയായില്ല. അവൾ ഒന്നും പറയാതെ പിറുപിറുത്തുംകൊണ്ടു് അവിടെനിന്നും പോയി.

'ദയവുചെയ്തു ക്ഷമിക്കുക പ്രിയേ! ഞാൻ തെററിധരിച്ചതാണു്: പൊറുത്തുകൊള്ളുക. ഞാനിതാ വന്നുകഴിഞ്ഞു; കോപിക്കണ്ടേ; ഞാൻ നിന്റേതല്ലയോ?'

'നിങ്ങളുടെ ചക്കരവാക്കുകൾ എനിക്കു കേൾക്കുകയേ വേണ്ട.'

# ഏഴുപത്തൊന്നാം അദ്ധ്യായം

---

മനുഷ്യനിൽ മൃഗത്വം.

---

സുജനൻ കൂട്ടുകാരോടുകൂടി തന്റെ സഹോദരനെ ദ്രോഹിക്കുവാനുള്ള വഴികൾ ആലോചിക്കുമ്പോൾ പ്രിയൻ തന്റെ സഹോദരനായ സുജനനെ നന്നാക്കുവാനുള്ള മാൎഗ്ഗം ആലോചിക്കുകയായിരുന്നു. അതു് ഒരു ഭാരമുള്ള പണിയായിരുന്നെങ്കിലും ബുദ്ധിമുട്ടുകൾ സഹിക്കുന്നതു തന്റെ കടമയാണെന്നു പ്രിയൻ ചിന്തിച്ചു. ആദ്യം പ്രിയൻ യുക്തിവാദങ്ങൾ ചെയ്തു സുജനനെ ബോദ്ധ്യപ്പെടുത്തുവാൻ ശ്രമിച്ചു. അനന്തരം കുടുംബസ്ഥിതിയേയും അന്തസ്സിനേയും അഭിമാനത്തേയും പററി വിസ്തരിച്ചു സുജനനെ മനസ്സിലാക്കുകയും ആ വഴിക്കു ദുൎവ്വാസനകളിൽനിന്നും വിരമിക്കണമെന്നു് അപേക്ഷിക്കുകയും ചെയ്തുനോക്കി. ആ പരിശ്രമങ്ങൾ വിഫലങ്ങളായി ഭവിച്ചു കണ്ടപ്പോൾ ഭാഗവ്യവഹാരം കൊടുക്കുന്നതാണെന്നു സുജനനെ ഭയപ്പെടുത്തിനോക്കി. സുജനന്റെ സ്വഭാവസംസ്കരണത്തിനു് ഉപദേശിക്കുവാൻ പ്രിയൻ പുറപ്പെട്ടതുതന്നെ ഒരു സാഹസമായി. പ്രിയന്റെ ഭാഗത്തേക്കുള്ള സ്വത്തു കൂടുതൽ ഉണ്ടായിരുന്നതിനാൽ അതിന്റെ തിളപ്പുകൊണ്ടാണു പ്രിയൻ ഉപദേശിക്കുവാൻ പുറപ്പെട്ടതു് എന്നു സുജനൻ വിശ്വസിച്ചു. സുജനന്റെ സ്വത്തു് അയാൾ പലതും നശിപ്പിച്ചിരുന്നു. സുജനനു പ്രിയനോടു വലിയ വെറുപ്പു തോന്നിത്തുടങ്ങി. പ്രിയന്റെ നാശത്തിനുവേണ്ടി ചെയ്യാവുന്നതൊക്കെ ചെയ്യണമെന്നു സുജനൻ ശപഥം ചെയ്തുകഴിഞ്ഞു. പ്രിയനെ പാപ്പരാക്കണം. അല്ല ഹിംസിക്കുകതന്നെ ചെയ്താലെന്തെന്നു സുജനൻ ചിന്തിക്കാതെയിരുന്നില്ല. പ്രിയന്റെ ഭാഗം സ്വത്തുംകൂടി തട്ടിക്കണമെന്നുകൂടി അയാൾ ഒടുവിൽ ചിന്തിച്ചുറച്ചു.

മനുഷ്യന്റെ നഗ്നമായ സ്വഭാവം ദോഷമാകുന്നു. മനുഷ്യൻ ജാത്യാ മൃഗമാകുന്നു. എന്നാൽ ഹൃദയസംസ്കാരവും പരിഷ്കാരവുമാകുന്നു അവനെ മൃഗജാതിയിൽനിന്നും ഉയൎത്തി വേർതിരിക്കുന്നതു്. ഒരു മൃഗത്തെപ്പോലെയുള്ള പെരുമാററവും ദുഷ്ടസംസൎഗ്ഗവും തുടങ്ങുക; ഒടുവിൽ ആ സമ്പ്രദായങ്ങൾ താനേ വന്നുചേരാതെ നിവൃത്തിയില്ല.

സുജനന്റെ സ്വഭാവത്തെ അത്യാഗ്രഹവും ദുഷ്ടതയുമാകുന്ന ഒരു മൃഗീയമായ ആവരണംകൊണ്ടു പൊതിഞ്ഞിരുന്നു. സുജനന്റെ നടവടികളും സ്വഭാവദൂഷ്യങ്ങളും പ്രിയനെ കഠിനമായി വ്യസനിപ്പിച്ചു. എന്നാൽ അതിനു യാതൊരു നിവൃത്തിയും ഇല്ലായിരുന്നു. സുജനന്റെ സ്നേഹിതന്മാരെ ബലം പ്രയോഗിച്ച് അകറ്റിട്ടെങ്കിലും സഹോദരനെ അവരിൽനിന്നും രക്ഷിക്കണമെന്നു പ്രിയൻ വിചാരിച്ചു. ഒരാളുടെ സ്വഭാവരൂപീകരണത്തിൽ പ്രാധാന്യം വഹിക്കുന്നതു പരിസരങ്ങളാകുന്നു. പ്രിയൻ അതു മനസ്സിലാക്കി പണ്ഡിതർ മുതലായവരെ ഏതുവിധവും അകറ്റണമെന്നു തീർച്ചപ്പെടുത്തി. എന്നാൽ അവരുടെ ഉദ്ദേശങ്ങൾക്കും അതിമോഹങ്ങൾക്കും പ്രിയൻ ഒരു തടസ്ഥമായി നില്ക്കുന്നതുകൊണ്ടു പ്രിയനെ ഏതുവിധവും ഒഴിച്ചുവിടണമെന്ന് അവരും തീർച്ചപ്പെടുത്തിയിരുന്നു.

അർദ്ധരാത്രിവരെ ഇരുന്നു സുജനനും കൂട്ടുകാരും പല ആലോചനകളും നടത്തി. ഒടുവിൽ പണ്ഡിതർ ഇങ്ങിനെ ഉറക്കെ പറഞ്ഞു:—

‘സുജനബാബു! ഒന്നു വിശ്വസിച്ചുകൊള്ളുക. ഇനിമേലാൽ നിങ്ങൾക്കു നിങ്ങളുടെ സഹോദരനെപ്പററി ഒന്നും ഭയപ്പെടേണ്ടതായി വരികയില്ല. ഒന്നുരണ്ടു ദിവസത്തിനകം പ്രിയനെ സൂര്യപ്രകാശം കാണാതാക്കിയേക്കാം. അയാളുടെ സ്വത്തു മുഴുവൻ നിങ്ങളുടേതെന്നുതന്നെ വിശ്വസിച്ചുകൊള്ളുക.’

സുജനൻ—എന്നാൽ ഒന്നു ഞാൻ ഭയപ്പെടുന്നു. അയാളുടെ കുട്ടി അവകാശി ആയിത്തീരുമെല്ലോ.

പണ്ഡിതർ—ആ പിഞ്ചുകുഞ്ഞ് അതിന്റെ പിതാവിന്റെ സ്വത്ത് അനുഭവിക്കുവാൻ ജീവിച്ചിരിക്കുകയില്ല. മകനേയും അച്ഛന്റെ പുറകെ നരകത്തിലേയ്ക്കയച്ചേക്കാം പോരെ? വൃഥാ വിചാരപ്പെടേണ്ട.

സുജനന്റെ മുഖത്തു മൃഗീയമായ ഒരു മന്ദഹാസം ഉദിച്ചു. ശപിക്കപ്പെട്ട നരകത്തിലെ ദുഷ്ടപിശാചിന്റെ മുഖംപോലെ സുജനന്റെ മുഖം അപ്പോൾ കാണപ്പെട്ടു.

എല്ലാ മനുഷ്യജീവിയും മനുഷ്യനല്ല! അവൻ ചിലപ്പോൾ കടുവായെക്കാൾ ക്രൂരനും കാളസർപ്പത്തെക്കാൾ വിഷമുള്ളവനുമാകുന്നു. പ്രിയന്റെ സർവ്വസ്വത്തുക്കളും കൈവശം വരുന്നതായ

ആ ഭാവിയെപ്പററി ചിന്തിച്ചപ്പോൾ സുജനൻെറ സന്തോഷത്തിന് അതിരില്ലായിരുന്നു.

സുജനൻ—സ്നേഹിതാ! നിങ്ങളുടെ സമയോചിതമായ അഭിപ്രായത്തിനും ഉപദേശത്തിനും നിങ്ങൾക്കു ഹൃദയപൂർവ്വമായി വന്ദനം പറഞ്ഞുകൊള്ളുന്നു. നിങ്ങളോടെല്ലാവരോടും ഞാനെത്ര നന്ദിയുള്ളവനാണെന്നു പറയാൻ നിവൃത്തിയില്ല. എൻെറ സ്വത്തു നിങ്ങളുടെ എല്ലാവരുടേയും സ്വത്താണെന്നു വിശ്വസിച്ചുകൊള്ളുക.

പണ്ഡിതർ—(ഗൌരവത്തോടുകൂടി) എൻെറ അപേക്ഷയെപ്പററി നിങ്ങൾ ഓർമ്മിക്കുമെന്നു ഞാൻ വിശ്വസിക്കട്ടയോ?

സുജനൻ—ധാരാളം വിശ്വസിക്കാം. എൻെറ സഹോദരൻെറ ഭാര്യ നിങ്ങളുടേതുതന്നെ. അങ്ങിനെ തോന്നിയ നിങ്ങളെപ്പററി ഞാൻ അനുമോദിക്കുന്നു. ലീല ഒരു നല്ല പെൺകുട്ടിയാണ്. ആ രത്നത്തെ നിങ്ങൾ ആഗ്രഹിച്ചില്ലായിരുന്നെങ്കിൽ ഞാൻ തന്നെ അവളെ സ്വീകരിക്കുവാൻ ശ്രമിക്കുമായിരുന്നു.

ഖാൻസാഹിബ്ബ്—ചിലയ്ക്കാതിരിക്കുവിൻ! വായാടികളേ! കുടിച്ചു ലഹരി കിടന്നടിയ്ക്കുയാണല്ലേ?

പണ്ഡിതർ—എന്ത്? എന്നെ പഴിക്കുന്നോ? എന്നെ കുടിയനെന്ന് ആരു പറയും?

ഖാൻസാഹിബ്ബ്—നമ്മളെല്ലാം കുടിച്ചു ലഹരികൊണ്ടിരിക്കയല്ലേ?

പണ്ഡിതർ—എന്നെ നിങ്ങളൊന്നും പഠിപ്പിക്കുവാൻ വരണ്ട. എൻെറ കാര്യം എനിക്കറിയാം; അധികം പറഞ്ഞാൽ കരണത്തു് ഒററ അടി; ഓർമ്മിച്ചുകൊൾക.

ഖാൻസാഹിബ്ബ്—ചിലക്കാതെ കിടക്ക്. അതാണു നല്ലത്. പന്നിയുടെ മകനെ! ഏറെക്കളിച്ചാൽ ഒററ വീക്കിന് — ങ്ഹാ!

ഇതു കേട്ടു പണ്ഡിതർ തയ്യാറായി ഖാൻസാഹിബ്ബിനോട് അടുത്തു. ഖാൻസാഹിബ്ബും ഒട്ടും കുറച്ചില്ല. രണ്ടുപേരും ഉടനെ ഒരു ദ്വന്ദ്വയുദ്ധത്തിനു തയ്യാറായി. സമയോചിതമായി സുജനൻ ഇടപെട്ടിരുന്നില്ലെങ്കിൽ അവിടെ ചില ഭയങ്കരസംഭവങ്ങൾ ഉണ്ടായേനെ.

സുജനൻ—ഹാ! സ്നേഹിതാ! നിങ്ങൾ കോപംകൊണ്ടു മതിമറന്നുപോയിരിക്കുന്നു. നിങ്ങൾ രണ്ടുപേരും തമ്മിൽ പിണങ്ങുന്നതിനു ഞാൻ സമ്മതിക്കുകയില്ല. ഇത്ര നിസ്സാരമായ വിഷയം

പ്രമാണിച്ചു നിങ്ങൾ രണ്ടുപേരും പ്രകൃതം വിട്ടു പെരുമാറുന്നതു് അതിശയമായിരിക്കുന്നു. പണ്ഡിതരെ! നിങ്ങൾ ക്ഷമിക്കുക. ഖാൻസാഹിബ്ബ്! നിങ്ങളും ക്ഷമിച്ചു പിൻമാറണമെന്നു് ഞാനപേക്ഷിച്ചുകൊള്ളുന്നു

സജ്ജനന്റെ വാക്കുകൾ കേട്ടപ്പോൾ പണ്ഡിതരും ഖാൻസാഹിബ്ബും പിൻമാറി അവരുടെ ഇരിപ്പിടത്തിൽ ഇരുന്നു. അവരുടെ പെട്ടെന്നുള്ള പ്രകൃതമാററത്തിന്റെ കാരണം സജ്ജനനു മനസ്സിലായില്ല. അവർ തമ്മിലുള്ള ചില സ്വകാര്യവൈരവും അസൂയയുമായിരുന്നു പെട്ടെന്നു് അവർ തമ്മിൽ കലഹിക്കുന്നതിനു് ഇടയാക്കിത്തീർത്തതു്. ഉറച്ച രണ്ടു കള്ളന്മാർ തമ്മിലുള്ള സ്നേഹത്തിനു യാതൊരു സ്ഥിരതയുമില്ല. ആ സ്നേഹം എപ്പോഴാണു ബദ്ധശത്രുതയായി പരിണമിക്കുന്നതെന്നറിഞ്ഞുകൂടാ. പണ്ഡിതരെയാണു സജ്ജനനു കൂടുതൽ വിശ്വാസം എന്ന സംഗതി ഖാൻസാഹിബ്ബിനു തീരെ രസമായിരുന്നില്ല. ഇതു ഖാൻസാഹിബ്ബിനു കൂടുതൽ വൈരം ഉണ്ടാക്കിത്തീർത്തിരുന്നു. പണ്ഡിതരും ഖാൻസാഹിബ്ബും തമ്മിൽ വല്ല അടിപിടിയും തന്നെ ഉണ്ടായേയ്ക്കുമോ എന്നു സജ്ജനൻ നന്നേ ഭയപ്പെട്ടു. അതിനാൽ സംഗതി മററു വിഷയത്തിൽ തിരിക്കുക എന്നു വിചാരിച്ചു സജ്ജനൻ ഇങ്ങിനെ ആരംഭിച്ചു: —

'ഖാൻസാഹിബ്ബ്! ആ പെൺകുട്ടിയെപ്പററി വല്ല വിവരവും ഉണ്ടോ?'

'ഏതു പെണകുട്ടി?' എന്നു ഖാൻസാഹിബ്ബ് കോപമടക്കിക്കൊണ്ടു മുരണ്ടി.

'സ്നാനഘട്ടത്തിൽവെച്ചു കണ്ടുമുട്ടിയ ആ യുവതി.'

'ഹാ! അതോർമ്മിക്കുന്നുണ്ടില്ലേ?'

'ആകർഷണീയമായ ഒരു വിവരണം നിങ്ങളല്ലെ തന്നതു്? പിന്നെ ഞാനതെങ്ങിനെ മറക്കും? നിങ്ങളുടെ ആഗ്രഹം ഒട്ടും അസ്ഥാനത്തിലായിട്ടില്ല.'

ഖാൻസാഹിബ്ബ് — അവൾ ഒരു സൌന്ദര്യവതിതന്നെ. നല്ല ദേഹശക്തി! അഴകു്! ഹാ! ഹാ!

സജ്ജനൻ — അവളെ കൊണ്ടുവരുവാൻ നിങ്ങൾ വിചാരിച്ചാൽ സാധിക്കുന്നതാണോ?

ഖാൻസാഹിബ്ബ് — എന്തുകൊണ്ടു സാധിക്കുകയില്ല? അവളുടെ

താമസസ്ഥലം ഞാൻ മനസ്സിലാക്കീട്ടുണ്ടു്. അവൾ ബാഗ് ബെജാറിലാണു താമസം.

സുജനൻ--പിന്നെ?

ഖാൻസാഹിബ്ബ്--അവൾ നിത്യം ഗംഗയിൽ കുളിക്കുവാൻ വരും. പ്രകാശമാകുമ്പോൾ പതിവായിട്ടു് അവൾ കുളിക്കുവാൻ പുറപ്പെടും.

സുജന--അവൾ തനിയെയാണോ പോകാറു്?

ഖാൻസാഹിബ്ബ്--മുക്കാലും തനിയെയാണു്. ചിലപ്പോൾ അവളുടെ അമ്മായിഅമ്മയും കൂടെ കാണും.

സുജന--ഒരു സുവൎണ്ണാവസരം!

പണ്ഡിതർ--എന്നാൽ നമ്മുടെ ഖാൻസാഹിബ്ബിനെക്കൊണ്ടു് വളുവളെ പറയാനല്ലാതെ വല്ലതിനും കൊള്ളുമോ? ധാരാളം വാക്കു പറയും; പ്രയോജനം?

ഖാൻസാഹിബ്ബ്--എന്റെ കാൎയ്യം നോക്കുവാനെനിക്കറിയാം പണ്ഡിതരേ! തന്റെ യോഗ്യത ഒന്നും എന്നോടെടുക്കേണ്ട. നല്ലവണ്ണം അറിയും.

വീണ്ടും അവർ തമ്മിൽ ഒരു കലഹത്തിനുള്ള ആരംഭമായി. ആ വാഗ്വാദം അയൽപക്കക്കാരെ ഉറക്കത്തിൽനിന്നും ഉണൎത്തി. എന്നാൽ അവരോടു് എതിരുത്തരം പറവാനോ അവരെ സമാധാനപ്പെടുത്തുവാനോ ആരും ധൈൎയ്യപ്പെട്ടില്ല. ആ ബഹളം കേട്ടു പ്രിയനു ഉണൎന്നു. മേലാൽ ഈ മാതിരി കലാപങ്ങളും ബഹളങ്ങളും നിൎത്തണമെന്നു പ്രിയൻ തീൎച്ചപ്പെടുത്തി.

*　　*　　*　　*　　*　　*

പിറ്റെ ദിവസം രാവിലെ എട്ടുമണിക്കു ഗുലാബി ഭൂപന്റെ ഗൃഹത്തിൽ ചെന്നു. ഇത്തവണ അവൾ വേഷം മാറിയിട്ടുണ്ടായിരുന്നില്ല. ഭൂപൻ ആപ്പീസുമുറിയിൽ ഇരിക്കുകയായിരുന്നു. അയാൾ ചില പത്രങ്ങൾ വായിച്ചുകൊണ്ടിരുന്നിരുന്നു. ഗുലാബി അയാളെ ബഹുമാനപുരസ്സരം വന്ദിച്ചു ഇങ്ങിനെ സംഭാഷണമാരംഭിച്ചു:--

'എനിക്കു നിങ്ങളെ ധരിപ്പിക്കുവാൻ ചില ഗൌരവസംഗതികളുണ്ടു്.'

'കൊള്ളാം കേൾക്കട്ടെ.'

'രഹസ്യമായിരുന്നാൽകൊള്ളാമെന്നുണ്ടു്.'

‘പറയാം; ഇവിടെ വിശേഷിച്ചൊന്നുമില്ല.’

‘പണ്ഡിതരും പൊൻസാഹിബ്ബും കൂടി വീണ്ടും ചില ദുരാലോചനകൾ ആരംഭിച്ചിട്ടുണ്ട്. പ്രിയബാബുവിനെ ഒന്നോടെ നശിപ്പിക്കുവാൻ അവർ ചില ആലോചനകൾ നടത്തിവരുന്നു.’

‘എങ്ങിനെ?’

‘അവരിൽ ഒരാൾ പ്രിയബാബുവായിട്ടു കച്ചേരിയിൽ ഹാജരായി പ്രിയൻെറ സർവ്വസ്വത്തുക്കൾക്കും ബാരബസാറിലെ ഒരു കച്ചവടക്കാരനു ഒരു പണയാധാരം എഴുതി രജിസ്റ്ററാക്കിക്കൊടുപ്പാൻ തീർച്ചയാക്കിയിരിക്കുന്നു. ഒരാൾ പ്രിയബാബുവായിട്ട് ആൾമാറാട്ടത്തിന് ഒരുങ്ങിയിരിക്കയാണ്. ആ വ്യാപാരി ആയിരം രൂപാ പറ്റിക്കൊണ്ട് ആ സ്വത്തു മുഴുവൻ അവരിലൊരാളുടെ പേക്കു കൈമാററം ചെയ്യുവാനുമാണു തീർച്ചപ്പെടുത്തിയിരിക്കുന്നത്.’

‘സജ്ജനബാബുവിൻെറ പേക്കായിരിക്കും കൈമാററം അല്ലേ?’

‘അതു ഞാൻ കേട്ടില്ല.’

ഗുലാബി ഇതു കേട്ടു മനഃപൂർവ്വം സത്യത്തെ മറച്ചു! ഭുവനനു മനസ്സിലായി.

‘ആകട്ടെ അവരുടെ വർത്തമാനം കേട്ടുകൊണ്ടിരുന്നിട്ട് അവസാനവാക്കുകൾ മനസ്സിലായില്ലെന്നോ?’ എന്നു ഭുവൻ ചോദിച്ചു.

‘ഇല്ല’ എന്നു മടികൂടാതെ ഗുലാബി ഉത്തരം പറഞ്ഞു.

‘പിന്നെ എന്തെല്ലാം?’

‘അവർ ഒരു പെൺകുട്ടിയെ ദ്രോഹിക്കുവാനും വേണ്ട പ്ലാൻ തയ്യാറാക്കീട്ടുണ്ട്. ആ യുവതിയുടെ ഭർത്താവ് കല്ക്കത്താവിലില്ല. അവളെ ഇന്നു നേരത്തെ ബലാൽ പിടിച്ചുകൊണ്ടുപോകുവാനാണ് അവർ തീർച്ചപ്പെടുത്തി പിരിഞ്ഞത്.’

‘ഇന്നു രാവിലെയോ?’

‘അതെ ഇന്നു രാവിലെ; സ്നാനഘട്ടത്തിൽനിന്നു.’

‘ഏതു സ്നാനഘട്ടം?’

‘അതെനിക്കു നിശ്ചയമില്ല.’

‘എപ്പോൾ?’

‘പ്രകാശത്തിനു നിങ്ങൾ അവളെ രക്ഷിക്കണം.’

‘അങ്ങിനെ തന്നെ. ആ യുവതിയെ എവിടെ കൊണ്ടുപോയി ഒളിപ്പിക്കുവാനാണ് അവരുടെ ശ്രമമെന്ന് അറിയാമോ?’

‘അറിവില്ല; എന്നാൽ അവരുടെ സങ്കേതത്തിൽ ആകാനാണെളുപ്പം.’

'വന്ദനം.'

'പക്ഷെ ഇനി സമയം അധികം കളയുവാനില്ല.'

'ഇല്ല. ഞാൻ ഇതാ തയ്യാറായിക്കഴിഞ്ഞു. സുജനൻ ഇപ്പോൾ എവിടെയാണ്?'

'ഗൃഹത്തിലുണ്ട്.'

'അയാൾക്കും ഇതിൽ പങ്കില്ലയോ??'

ഗുലാബി ഉത്തരമൊന്നും പറഞ്ഞില്ല. സുജനനെപ്പററിയുള്ള അവളുടെ പക്ഷപാതവും താല്പര്യവും ഭുവൻ മനസ്സിലാക്കാതിരുന്നില്ല. അതുകൊണ്ട് ആ വിഷയത്തിൽ അവളെ കൂടുതൽ ഞെരുക്കണ്ടെന്നു ഭുവനും നിശ്ചയിച്ചു. സ്വഭാവം എത്രതന്നെ ദുഷ്യപ്പെട്ടാലും സ്ത്രീ എന്നും സ്ത്രീതന്നെ. അവൾക്കു ഹൃദയത്തിൽ മൃദുവായ ഒരു ഭാഗം എന്നും കാണും. ആ ഭാഗത്തെ സ്പർശിക്കുമ്പോൾ വിചാരിക്കാതെ കരുണാർദ്രഭാവം ഒഴുകുന്നതായി കാണാവുന്നതുമാണ്.

---

## ഏഴുപത്തിരണ്ടാം അദ്ധ്യായം.

### രഹസ്യപ്പോലീസ്.

പ്രിയൻേറയും ലീലയുടേയും വിഷയത്തിൽ അനിലനു പ്രത്യേകതാല്പര്യം ഉണ്ടായിരുന്നു. പ്രിയൻ സഹോദരനോടുകൂടി ഒരേ ഗൃഹത്തിൽ താമസിക്കുന്നതു് അനിലനു് അത്ര പിടിച്ചില്ല. സുജനൻെറ പരിസരങ്ങൾ പരിശുദ്ധങ്ങളായിരുന്നില്ല. വിശേഷിച്ച യുവതിയായ ഭാര്യയോടുകൂടി പ്രിയൻ സുജനനുമായി താമസിക്കുന്നതു് ആപൽക്കരമായിരുന്നു. ഭാര്യയെ മാററിത്താമസിപ്പിക്കണമെന്നു് അനിലൻ പ്രിയനെ ഉപദേശിച്ചു എങ്കിലും അവനാനം എങ്ങിനെ വരുന്നു എന്നു കാത്തുകൊണ്ടു പ്രിയൻ കഴിഞ്ഞുകൂടുകയായിരുന്നു. മറെറാരു തടസ്ഥവുമുണ്ടായിരുന്നു. വിശേഷിച്ച് ഒരു മകൻ ഉണ്ടായതുമുതൽ ഭാര്യയെ വിട്ടു താമസിക്കുന്നതിനു് പ്രിയനു് ഇഷ്ടമില്ലായിരുന്നു. അവരുടെ ഭാര്യാഭർത്തൃബന്ധം പുതിയതായി ജനിച്ച കുട്ടിമൂലം ഒന്നുകൂടി ദൃഢപ്പെട്ടു. ആ കോമളനായ കുട്ടി പ്രിയൻെറ കൺമണിയായിരുന്നു, ലീലയുടെ ജീവിതസർവ്വസ്വവുമായിരുന്നു. അമ്മയുമച്ഛനും ആ കുഞ്ഞിനെ ഏറെ കാമനിച്ചുവന്നിരുന്നതിനാൽ വേർപെട്ടു താമസിക്കുന്നതിൽ അവർക്കു് ആനുകൂല്യമില്ലായിരുന്നു.

ഭൂപനുമായി വേണ്ടതു് ആലോചിക്കുന്നതിനായി അനിലൻ വന്നുചേൻ. എന്നാൽ ആ സമയം ഭൂപൻ ഗൃഹത്തിലില്ലായിരുന്നു. പണ്ഡിതരുടെ സങ്കേതത്തെ ആക്രമിക്കുന്നതുസംബന്ധിച്ച വേണ്ട ഉപദേശങ്ങൾ വാങ്ങുന്നതിനും ആലോചന പൂത്തിയാക്കുന്നതിനുമായി ഭൂപൻ തന്റെ മേലുദ്യോഗസ്ഥനെ കാണ്മാൻ പോയിരിക്കുകയായിരുന്നു. പരസ്യമായ ഒരു ആക്രമണം നടത്തുന്നതായാൽ പല പ്രതിബന്ധങ്ങളും നേരിടാവുന്നതും അക്രമികളായ ആ നീചന്മാർ ചാടി രക്ഷപ്പെടുവാൻ ഇടയുള്ളതും ആയിരുന്നു. എന്നുതന്നെയല്ല സ്ഥലം പോലീസുകാരിൽനിന്നും ആക്കൊള്ളക്കാക്കു മുൻകൂട്ടി അറിവുകിട്ടിയെന്നും വരാം. എന്തെന്നാൽ സ്ഥലത്തെ പോലീസുകാരെ പണ്ഡിതർകൂട്ടർ സ്നേഹത്തിൽ വെച്ചുകൊണ്ടിരുന്നു. അവക്കു മാസപ്പടിയായിത്തന്നെ ഒരു നല്ല തുക പണ്ഡിതർകൂട്ടർ കൊടുത്തുവന്നിരുന്നതിനാൽ ഈ മാതിരി സംഗതികളെ മുൻകൂട്ടി അവരെ മനസ്സിലാക്കുവാൻ പോലീസുകാർ ശ്രമിക്കാതിരിക്കുകയില്ലെന്നു ഭൂപനു് അറിയാമായിരുന്നു. അങ്ങിനെ വല്ലതും സംഭവിക്കുന്നതായാൽ പല സാമാനങ്ങളും അവിടെനിന്നും അവർ മാററിക്കളയുവാനും മടിക്കുന്നതല്ല. ഈ ദുഷ്ടസങ്കേതങ്ങൾ മററു ഗൃഹങ്ങളുമായി യോജിപ്പിച്ചുവെച്ചുകൊണ്ടു് ഇരിക്കുന്നവയാണെന്നും മററും ഭൂപനു് അറിവുണ്ടായിരുന്നു.

സാഹിബ്ബ്—പരസ്യമായിട്ടു് ഒരു ആക്രമണം നടത്തുന്നപക്ഷം അപരാധികളായ ഘാതകന്മാർ പെട്ടെന്നു വല്ലവഴിക്കും രക്ഷപ്പെടുന്നതിനും മേലാൽ സൂക്ഷിക്കുന്നതിനും എളുപ്പമുണ്ടു്. സാധാരണ ചെറിയ ജന്തുക്കളെയാണല്ലോ വലയിൽ പിടിക്കുന്നതു്. അവർ ചെയ്യുന്ന കഠിനപ്രവൃത്തികളെപ്പററി നാം അറിയുന്നതുതന്നെ ചുരുക്കം. അറിയുവാൻ തന്നെ പ്രയാസം. തെളിവു ശരിയായി ശേഖരിച്ചതിനുമേൽ വേണ്ട നടവടി ആരംഭിക്കാത്തതുകൊണ്ടു് ഇക്കൂട്ടർ പലപ്പോഴും 'ജുഡീഷ്യൽദ്വാരം'ത്തിൽക്കൂടി പുറത്തുചാടിക്കളയുന്നു. അതിനാൽ നിങ്ങൾ വേഷപ്രച്ഛന്നന്മാരായിട്ടു് അവരുടെ സങ്കേതത്തിൽ പ്രവേശിച്ചു് അവരോടുകൂടി ചേൻ പെരുമാറി അവരുടെ രഹസ്യങ്ങളും അവർ ആരെല്ലാമെന്നുള്ളതും എല്ലാം അറിയണം. ആക്കൂട്ടർ പലരാണു്. ചിലർ അന്തസ്സിൽ നടന്നുകൊണ്ടു് ആ നീചന്മാരെ പുറകിൽനിന്നു സഹായിക്കുന്നവരായിരിക്കും. ചിലർ സമുദായത്തിൽ നല്ല നിലയും വിലയും ഉള്ളവരായി എന്നും വ

ന്നേക്കാം. യഥാൎത്ഥമായി കുററം ചെയ്യുന്നവരെക്കാൾ ഈക്കൂട്ടരാണു കൂടുതൽ അപരാധികൾ. പലപ്പോഴും ഈ കൊള്ളക്കാരും ഘാതകന്മാരും മററു പലരുടേയും കൂലിക്കാരായി നിന്നു കാൎയ്യം നടത്തുകയും അവൎക്കു സ്വല്പം വല്ലതും ആദായം ലഭിക്കുകയും ചെയ്യുകയാണു പതിവു. ഒളിഞ്ഞുനില്ക്കുന്ന തങ്ങളുടെ യജമാനന്മാരുടെ കിശ വീൎപ്പിക്കുകയാണു് ഈ ഘാതകന്മാർ ചെയ്യുന്നതു്. എന്നാൽ പോലീസുകാർ ഈക്കൂട്ടൎക്കു സഹായവുമാണെന്നു പറയുവാൻതന്നെ എനിക്കു ലജ്ജതോന്നുന്നുണ്ടു്. അവരെ അറസ്ററുചെയ്യുക; അവരുടെ കുററം തെളിയിക്കുക; അതാണു പൊതുജനസേവനം. അതാണു പൊതുജനരക്ഷ. അതിനുവേണ്ടി നിഷ്കളങ്കമായി പ്രവൎത്തിച്ചു കൃതാൎത്ഥതയെ അനുഭവിക്കുക. ഭൂപൻ! ഞാൻ പറയുന്നതു മനസ്സിലായോ?

ഭൂപൻ — സർ! ഉവ്വു്. നിങ്ങളുടെ ദയാപുരസ്സരമുള്ള ഉപദേശങ്ങൾ ഞാൻ അക്ഷരംപ്രതി അനുഷ്ഠിച്ചുകൊള്ളാം. ഈ സ്ഥാനത്തു മുമ്പിരുന്നവരിലാരിലുംനിന്നും ഈ മാതിരി ഉപദേശങ്ങൾ കേൾക്കുവാൻ എനിക്കു് ഇടയായിട്ടില്ല.

പോലീസുവകുപ്പിൽ ചേൎന്നിട്ടു് അധികം കാലമായിട്ടില്ലെങ്കിലും സാഹിബ്ബിനു് ആ വകുപ്പിൽ നല്ല പരിചയം സിദ്ധിച്ചിട്ടുണ്ടായിരുന്നു. രഹസ്യപോലീസുവകുപ്പു സാമൎത്ഥ്യത്തോടുകൂടി ഭരിക്കുന്നതിനും ജനങ്ങൾക്കു് അതു് ഉപയോഗയോഗ്യമാക്കിത്തീൎക്കുന്നതിനും സാഹിബ്ബ ശ്രമിച്ചുകൊണ്ടിരുന്നു. ധാരാള ഭൂപനോടു ദയയുണ്ടായിരുന്നു. ഭൂപൻ ഒരു സത്യവാനും ബുദ്ധിമാനും ആണെന്നും ധാരാള വിശ്വാസമുണ്ടായിരുന്നു. സാഹിബ്ബ് വീണ്ടും ഭൂപനോടു് ഇങ്ങിനെ പറഞ്ഞു:—

'ഭൂപൻ! നിങ്ങൾ പോലീസുവകുപ്പിൽ ഒരു രത്നമാണു്. നിങ്ങളുടെ നാട്ടുകാർ സാധാരണ പോലീസുകാരെ വെറുക്കുന്നവരാണെന്നെനിക്കറിയാം. എന്നാൽ അതിനു് അവൎക്കു ശരിയായ സമാധാനം പറവാനും ഉണ്ടാകും. പോലീസുകാർതന്നെ ഈ നാട്ടിൽ ജനങ്ങളോടു മൎയ്യാദയായി പെരുമാറിവരുന്നില്ല. എന്നാൽ പോലീസുകാർ ജനങ്ങളുടെ യജമാനന്മാരല്ല ദാസന്മാരാണു് എന്നുള്ള തത്വം അവർ അറിയുന്നില്ല. എന്നാൽ സത്യമായും സാന്മാൎഗ്ഗികമായും പെരുമാറുന്ന പോലീസുസൈന്യം നാട്ടിനു് ഒരു വലിയ രക്ഷതന്നെയാണു; സംശയമില്ല. പോലീസുകാരെ കൂടാതെ ഒരു രാജ്യം കഴിഞ്ഞുകൂടാൻ നിവൃത്തിയില്ല. എന്നാൽ ഇന്നത്തെ

സ്ഥിതി നോക്കിയാൽ പോലീസിൽ ഉദ്യോഗമെന്നു പറയുന്നതുതന്നെ ലജ്ജാകരമെന്നു തോന്നിപ്പോകുന്നു.”

സാഹിബ്ബ് പുതിയതായി ഇന്ത്യയിൽ വന്ന ആളാണ്; ഒരു വലിയ കുടുംബത്തിൽ ജനിച്ച ആളുമാണ്. അദ്ദേഹം നല്ല മര്യാദക്കാരനും സാമത്ഥ്യമുള്ളവനുമായിരുന്നു. സാമത്ഥ്യത്തിനും സത്യത്തിനും ഭുവനെ ധാരാ പ്രത്യേകം ശ്ലാഘിച്ചിരുന്നു. ഭുവൻ സാഹിബ്ബിന്റെ അടുക്കൽനിന്നു തിരിച്ചു ഗൃഹത്തിലെത്തി.

ഗൃഹത്തിൽ വന്ന ഉടനെ അനിലൻ കാത്തിരിക്കുന്നതു ഭുവൻ കണ്ടു.

‘അല്ലാ അനിലൻ! ആവശ്യപ്പെട്ട സമയത്തു നിങ്ങളെ കണ്ടുമുട്ടിയതിൽ സന്തോഷമുണ്ട്. നിങ്ങളെപ്പോലെയുള്ള ഒരു വേദാന്തിയായ വായാടിയെ ഞാനന്വേഷിക്കുകയായിരുന്നു. ഒരു അപകടകരമായ പ്രവൃത്തിക്കു നിങ്ങൾ എന്നെ അനുഗമിക്കാമോ? ഗൌരവപ്പെട്ട സംഗതികൾ പലതുമുണ്ട്.’

അനിലൻ—അങ്ങിനെതന്നെ. എന്നാൽ നിങ്ങളുടെ പോലീസു ഡ്യൂട്ടിയെ ഞാൻ വെറുക്കുന്നു.

ഭുവൻ—ആയിക്കൊള്ളുക. എന്നാൽ ഒരു യുവതിയുടെ ചാരിത്ര്യത്തെ [illegible] രക്ഷിക്കേണ്ടതായിട്ടുണ്ട്. നിങ്ങളും ഒന്നിച്ചു വരുമല്ലോ.

അനിലനെ ഒന്നിച്ചു കൊണ്ടുപോകുന്ന വിഷയത്തിൽ ഭുവനു മറ്റൊരു ഉദ്ദേശവും ഉണ്ടായിരുന്നു. ഒരു പോലീസുകാരനെ വിശ്വസിച്ചു കൂടെ കൊണ്ടുപോകുവാൻ ഭുവനു മനസ്സില്ലായിരുന്നു. അപകടങ്ങൾ നിറഞ്ഞ ഒരു ധീരപ്രവൃത്തിക്കു പോകുന്നതാകയാൽ അനിലനെപ്പോലെയുള്ള ഒരു സ്നേഹിതനാണു നല്ലതെന്നു ഭുവൻ വിചാരിച്ചതിൽ തെറ്റില്ല.

‘നിങ്ങൾ സമ്മതിച്ചോ?’

‘ഓ! സമ്മതിച്ചു. നിങ്ങളുടെ ഉദ്ദേശം മഹത്താണല്ലോ; എന്നാൽ ഒരു കള്ളനെ പിടിക്കുവാൻ ഞാൻ സഹായിയല്ല.’

‘എന്തുകൊണ്ട് അല്ല?’

‘എന്തുകൊണ്ടെന്നാൽ നിങ്ങൾ ഒരാളെ കളവിനു ശിക്ഷിക്കുന്നതിനു മുമ്പു നിങ്ങൾ അയാൾക്ക് ആഹാരത്തിനു വേണ്ടതു കൊടുത്തുനോക്കുക. എന്നിട്ട് അയാൾ മോഷ്ടിക്കുന്നോ ഇല്ലയോ എന്നു നോക്കണം. അല്ലെങ്കിൽ വെറും ക്രൌര്യംതന്നെ.’

‘നിങ്ങളുടെ പ്രസംഗം കൊള്ളാം! ഒരു കള്ളൻ സമുദായത്തി

ന ദ്രോഹമൊന്നും പ്രവൎത്തിക്കുന്നില്ലെന്നോ നിങ്ങളുടെ വിചാരം? സമുദായത്തെ അക്രമങ്ങളിൽനിന്നും രക്ഷിക്കേണ്ടതു നമ്മുടെ കടമയല്ലയോ? കള്ളൻ നിശ്ചയമായും സമുദായത്തെ ദ്രോഹിക്കുന്നവൻതന്നെ.'

'ഒരിക്കലുമല്ല. കള്ളനും നമ്മെപ്പോലെ വിശപ്പുണ്ട്. അവനു നിങ്ങളെപ്പോലെ ദാഹമുണ്ട്. നിങ്ങൾക്കുള്ളതുപോലെതന്നെ കുഞ്ഞുങ്ങളും ഭാൎയ്യയുമവനുണ്ട്. അവരെ അവൻ സ്നേഹിക്കുന്നു. ഏതുവിധവും അവരെ തീററിപ്പോററണമെന്ന് അവൻ വിചാരിക്കുന്നെങ്കിൽ അതു് അവന്റെ കടമയാണ്. സമുദായവുമായിട്ട് അവനു യാതൊരു ബന്ധവുമില്ല. സമുദായം അവന്റെ ആവശ്യങ്ങളേയും ദാരിദ്ര്യത്തേയും പററി വല്ലതും ഗൌനിക്കുന്നുണ്ടോ?'

'ഓ! തത്വജ്ഞാനം! പോലീസുകാരായ ഞങ്ങൾ ഇതിന് എതിരഭിപ്രായക്കാരാണ്. പോകട്ടെ ആ വിഷയം വിടുക. നമുക്കു സമയമില്ല. വേഗം ഊണു കഴിച്ചു പുറപ്പെടേണ്ടതായിരിക്കുന്നു.'

'ആകട്ടെ.'

അവൻ ധൃതിപ്പെട്ട് ആഹാരം കഴിച്ചു. ഭൂപേന്ദ്രൻ അനിലനെ ഒരു ചെറിയ മുറിയിലേക്കു കൂട്ടിക്കൊണ്ടുപോയി. ആ മുറിയിൽ കൃത്രിമമീശ, ചില തലപ്പാവു, ചായക്കൂട്ട, മരമോന്ത, കാലിന്റെ കണ്ണിവരെ എത്തുന്ന അങ്കികൾ ഇങ്ങിനെ പല വിശേഷസാമാനങ്ങൾ കാണപ്പെട്ടു. ഭിത്തിയിൽ ഒരു വലിയ നിലക്കണ്ണാടി വെച്ചിരുന്നു. അനിലൻ ആവക സാമാനങ്ങൾ കണ്ടു വല്ലാതെ അത്ഭുതപരതന്ത്രനായി. ഭൂപേന്ദ്രൻ ചിരിച്ചുംകൊണ്ടു പറഞ്ഞു:—

'ഒരു രഹസ്യപോലീസുദ്യോഗസ്ഥന് ഇതെല്ലാം ആവശ്യമാണ്. തന്റെ തൊഴിലിൽ കയററം കിട്ടണമെന്ന് ആൎക്കു മോഹമില്ല?'

അനിലൻ—നിങ്ങൾ മേലാൽ ഒരു സൂപ്രേണ്ടായിവരും എന്നുള്ളതിനു ഞാനാണു ദൈവജ്ഞൻ!

ഭൂപേന്ദ്രൻ—എല്ലാം വെറും മനോരാജ്യങ്ങൾ! വരുക.

അനിലൻ—ഞാനെന്തു വേണം?

ഭൂപൻ—ഞാൻ നിങ്ങളെ അദൃശ്യമായി വേഷം കെട്ടിക്കാം.

ഭൂപേന്ദ്രൻ കൃത്രിമമായ നരച്ച താടിയും മീശയും വെച്ച് അനിലനെ വേഷംകെട്ടിച്ചു. പിന്നീട് അനിലന്റെ മുഖവും കവിളും പ്രത്യേകചായമിട്ടു നിറം മാററി. അപ്പോൾ അനിലനെ കണ്ടാൽ എണ്ണതിലധികം വയസ്സു തോന്നിയിരുന്നു. അപ്പോൾ കണ്ടാൽ അറിയാത്ത വേഷമായിരുന്നു. കണ്ണാടിയിൽ തന്റെ

പുതിയ വേഷം കണ്ടപ്പോൾ ചിരിയടക്കുവാൻ അനിലനു സാധിച്ചില്ല. അനിലൻ പറഞ്ഞു:—

'ഇനി?'

'നിങ്ങൾ മാർവാഠിയെപ്പോലെ വസ്ത്രം ധരിക്കണം.'

അനിലൻ മാർവാഠിയെപ്പോലെ വസ്ത്രധാരണം ചെയ്തു. ചുവന്ന ഒരു വസ്ത്രംകൊണ്ടു തലയിൽ ചുററിക്കെട്ടി.

'ഈ വടി എടുത്തുകൊള്ളുക. ഇതും കുത്തി ഒരു വയസ്സനെപ്പോലെ നടന്നുകൊള്ളണം.'

'ആകട്ടെ, നിങ്ങൾ എന്തു വേഷം ഇടണമെന്നു വിചാരിക്കുന്നു?' എന്നു അനിലൻ ചോദിച്ചു.

'നോക്കിക്കൊള്ളുക.'

ഭൂപേന്ദ്രൻ രജപുത്രന്മാരെപ്പോലെ നടുവിൽ ഭാഗിച്ചതായ കൃത്രിമമായ താടി വെച്ചുകെട്ടി. അയാൾ നീണ്ടു തടിച്ച മേൽമീശയണിഞ്ഞു. കറുപ്പു ചായം തേച്ചു മുഖം കറുപ്പിച്ചു. ലലാടത്തിൽ രക്തചന്ദനവും വെളുത്ത ചന്ദനവും അണിഞ്ഞു. അയാൾ പഞ്ഞിയിട്ട ഒരുടുപ്പും ധരിച്ചു. കയ്യിൽ ഒരു വടിയും എടുത്തപ്പോൾ അയാളുടെ വേഷം ഭയങ്കരമായിരുന്നു. അയാളുടെ വേഷം എങ്ങിനെയിരിക്കുന്നു എന്നു അനിലനോടു ചോദിച്ചു.

അനിലൻ—വേഷം ഭയങ്കരം!

ഭൂപൻ—എന്നെ കണ്ടാൽ ആളെ മനസ്സിലാകുമോ?

അനിലൻ—ലേശമില്ല. ഞാൻ ഇവിടെ ഇല്ലായിരുന്നെങ്കിൽ നിങ്ങളെ കണ്ടാൽ ആളെ മനസ്സിലാക്കുവാൻ പ്രയാസപ്പെടും.

ഭൂപൻ—എല്ലാം ശരിയായി. എന്നാൽ എൻെറ നിർദ്ദേശങ്ങൾ ചെവിക്കൊടുത്തു കേൾക്കണം.

അനിലൻ—അങ്ങിനെതന്നെ. കേൾക്കട്ടെ.

ഭൂപൻ—ഞാൻ നിങ്ങളെ അവരുടെ ഗൃഹത്തിൻെറ മുമ്പിലിട്ടു അടിച്ചു തുടങ്ങും. അതു വെറുതെ ഭാവം നടിക്കുന്നതായിരിക്കും. ഞാൻ അടിക്കുന്നതിനിടയിൽ നിങ്ങൾ കിടന്നു ഉറക്കെ നിലവിളിച്ചു ബഹളം കൂട്ടണം. ഭയനീയമായിരിക്കണം കരച്ചലെന്നുള്ളതു മറന്നുപോകരുതു്.

അനിലൻ—പിന്നെ?

ഭൂപൻ—അപ്പോൾ ആ ഘാതകന്മാരിൽ ആരെങ്കിലും സ്ഥലത്തു വരാതിരിക്കുകയില്ല. പിന്നീടെല്ലാം ഞാൻ നിർവ്വഹിച്ചുകൊള്ളാം.

അനിലൻ—ആരും വന്നില്ലെങ്കിലോ?

ഭൂപൻ—അങ്ങിനെ വരുകയില്ല.

അനിലൻ—എന്തുകൊണ്ടു്?

ഭൂപൻ—അവർ അവരുടെ സങ്കേതത്തിൻെറ രക്ഷയെ കരുതുന്നു

വരാണ്. വല്ല ഇരയും വന്നുവീഴുന്നുണ്ടോ എന്നുള്ള നോട്ടവും
അവൎക്കു സാധാരണമാണ്. അതുകൊണ്ടു് അടുത്ത റോഡിൽ
ബഹളംകേട്ടാൽ അവർ ഓടി എത്തിക്കൊള്ളും.

അനിലൻ--ആകട്ടെ.

ഭുവൻ—പക്ഷെ നിങ്ങളുടെ ഭാഗം നിങ്ങൾ നല്ലവണ്ണം അഭിനയിച്ചു ഫലിപ്പിക്കണം. നിങ്ങൾ ബോധമില്ലാത്തു നടിച്ചു കിടക്കണം. സംസാരിച്ചുപോകരുത്. അഥവാ സംസാരിക്കുന്നപക്ഷം ഹിന്തിയിലെ സംസാരിക്കാവു. നിങ്ങൾ അല്പം ഉപേക്ഷ കാണിച്ചുപോയാൽ സംഗതി ഒക്കെ കുഴപ്പത്തിലാകും. എന്നല്ല നമ്മളുടെ ജീവൻകൂടി പണയത്തിലായേക്കും.

അനിലൻ--കൊള്ളാം നിങ്ങളുടെ നിൎദ്ദേശങ്ങളെ ഞാൻ അക്ഷരംപ്രതി അനുഷ്ഠിച്ചുകൊള്ളാം.

ഭുവൻ—നാം അടുക്കുന്ന കൂട്ടർ ഒരുവക ഭയങ്കരന്മാരാണ്. കുത്തിക്കൊലയും കവൎച്ചയുമാണ് അവരുടെ നിത്യത്തൊഴിൽ. അവൎക്കു വല്ല സംശയവും ജനിച്ചുപോയാൽ നമ്മുടെ ജീവൻ അപകടത്തിലാവാനും വിഷമമില്ല. അതുകൊണ്ടു് ആവശ്യമുള്ള ആയുധങ്ങൾ നമ്മുടെ കയ്യിൽ പ്രത്യേകം പ്രത്യേകം ഉണ്ടായിരിക്കണം. ഈ മാതിരി ആപൽഘട്ടങ്ങളിൽ ഉപകരിക്കുന്നതു കൈത്തോക്കാണ്. അതു് ഓരോന്നു നമ്മുടെ കയ്യിൽ ഉണ്ടായിരിക്കണം.

അനിലൻ--അവ എവിടുന്നു കിട്ടും?

ഭുവൻ--ഈ അഞ്ചു കുഴലുള്ള തോക്ക് എനിക്കു പോലിസുകമ്മീഷണർ ഒരിക്കൽ സമ്മാനിച്ചിട്ടുള്ളതാണ്.

അനിലൻ—എന്തിന്?

ഭുവൻ--ഒരു കേസ്സു തെളിവിൽ കൊണ്ടുവന്നതിന്നു് എന്റെ മേലുദ്യോഗസ്ഥന്മാർ സാധാരണ എന്നോടു ദയവായി പെരുമാറുന്നവരാണ്.

അനിലൻ—അവർ അങ്ങിനെ ചെയ്യേണ്ടതുതന്നെ. പോലീസുതുറയ്ക്കു നിങ്ങളൊരു ആഭരണംതന്നെ.

ഭുവൻ—മതിയാക്കാം. നമുക്കു പുറപ്പെടുവാൻ തെയ്യാറാകാം. വണ്ടി തെയ്യാറായി നില്ക്കുന്നു. ഹരി വാതിൽ ഭദ്രമായി അടച്ചുകൊള്ളുക.

അനിലൻ—ഒരു പോലീസുദ്യോഗസ്ഥന്റെ വീട്ടിൽ കളവു നടക്കുമോ? കടുവായെ കിടുവാ പിടിക്കുകയോ?

ഭുവൻ—എന്തുകൊണ്ടു വയ്യ?

അനിലൻ—അപരാധികൾക്കും നിരപരാധികൾക്കും നിങ്ങളുടെ കൂട്ടരെ ഭയമാണ്. അതുകൊണ്ടുതന്നെ.

# എഴുപത്തിമൂന്നാം അദ്ധ്യായം

## പിന്നീടു നടന്നതു്.

രാത്രി ഏകദേശം മണി എട്ടായപ്പോൾ ആരോ സഹായത്തിന്നു വിളിച്ചു നിലവിളിക്കുന്ന ശബ്ദം നിരത്തിൽ മുഴങ്ങി. മരണവേദന എന്നപോലെ ഞരങ്ങലും ചില ദീനസ്വരങ്ങളും ഉയന്നു. ആ സംഭവം ഉണ്ടായതു പണ്ഡിതരുടെ ഗൃഹത്തിന്റെ മുൻവശത്തുവെച്ചായിരുന്നു. ആ ശബ്ദംകേട്ടു് ആ ഗൃഹത്തിലുള്ളവർ ചെവികൊടുത്തു. ഖാൻസാഹിബും പറങ്കിയും പെട്ടെന്നു് എഴുന്നേററു ചെറിയ വരാന്തയിൽ വന്നു തെരുവിൽ നടക്കുന്നതെന്തെന്നു നോക്കിനിന്നു. പണ്ഡിതർ ആ സമയം ഗൃഹത്തിലില്ലായിരുന്നു. അയാൾ സുജനന്റെ സമീപത്തായിരുന്നു. അതുപോലെ തന്നെ ഇനെസ്സയിലും അഹമ്മതും സുജനന്റെ ഗൃഹത്തിലായിരുന്നു. സുജനനു മൂപ്പു കിട്ടിയതോടുകൂടി ഒടുവിൽ പറഞ്ഞവർ സുജനന്റെ അംഗരക്ഷകന്മാരായി നിയമിക്കപ്പെട്ടിരുന്നു. സുജനന്റെ പല ദുർവ്യാപാരങ്ങളിലും ദുർമ്മോഹങ്ങളിലും വേണ്ട ഒത്താശകൾ ചെയ്യുകയായിരുന്നു ആ ദുഷ്ടന്മാരുടെ ജോലി.

ഖാൻസാഹിബും പറങ്കിയും പുറത്തു വന്നു നോക്കിയപ്പോൾ ഒരു വൃദ്ധമാർവാറിയെ ഏതോ ഒരു ചോരൻ ഉപദ്രവിക്കുന്നതായി കണ്ടു. ആ കള്ളൻ മാർവാറിയുടെ വസ്ത്രം പരിശോധിക്കുകയായിരുന്നു. തെരുവീഥി മുഴുവൻ കൂരിരുട്ടായിരുന്നു. അവരൊഴിച്ചു മററാക്കും ഒന്നും കാണുവാൻ നിവൃത്തിയില്ലായിരുന്നു. ഈ കൂട്ടർ ഇരുട്ടുമായി ധാരാളം പരിചയപ്പെട്ടിരുന്നു. ചില ക്രൂരസത്വങ്ങളെപ്പോലെ ഇവർ ഇരുട്ടിൽ ധാരാളം പെരുമാറി ശീലിച്ചിരുന്നു. അവരുടെ കണ്ണുകൾ രാത്രി ചെന്നായിന്റെ കണ്ണുകൾപോലെ പ്രകാശിച്ചു. ഇക്കൂട്ടക്കു രാത്രി പകലായിരുന്നു. ഈ സംഭവം കണ്ടു ഉടനെ അവക്കു സംഗതി മനസ്സിലായി. അവർ രണ്ടു വലിയ വടിയുമായി പുറത്തു തെരുവിൽ വന്നു മാർവാറി കിടന്നു നിലവിളിക്കുന്ന സ്ഥലത്തു് എത്തി.

ഖാൻസാഹിബു് ആ എതിരാളിയുടെ അടുത്തു വന്നു ഹിന്ദിയിൽ ഇങ്ങിനെ പറഞ്ഞു:—

"നിങ്ങൾ കൊള്ളചെയ്ത മുതലിന്റെ ഒരു ഭാഗം ഞങ്ങൾക്കു തരണം.'

'എന്തിനു്?'

'അല്ലെങ്കിൽ ഈ കയ്യിൽ ഇരിക്കുന്നതു് എന്താണെന്നറിഞ്ഞോ?'

'ഓ ഹോ! എൻെറ കയ്യിലും ഉണ്ടു് ഒന്നു്. ഇതുകൊണ്ടൊന്നും ഭയപ്പെടുന്നവനല്ല ഞാൻ.'

ഖാൻസാഹിബ്ബ് -- നാം തമ്മിൽ വൃഥാ കലഹിക്കരുതു്. അതു ലജ്ജാകരം! രണ്ടു ചോരന്മാർ തമ്മിൽ യാതൊരു കലഹവും പാടില്ലാത്തതാണു്. നാം ഒരേ തൊഴിലിലുള്ളവരല്ലെ? നാം പിണങ്ങുന്നതു നമ്മുടെ സംഘത്തിനുതന്നെ ഒരു ബലക്ഷയമാണു്. നാം സ്നേഹമായിരിക്കേണ്ടവരാണു്. 'ഒരു ചോരനു മറെറാരു ചോരൻ ചങ്ങാതിയാണു്' എന്നു പഴഞ്ചൊല്ലുതന്നെ ഉണ്ടല്ലോ. വരുക! ഞങ്ങളുടെ സമ്പാദ്യംകൊണ്ടു നിങ്ങളെ ഞങ്ങൾ സഹായിക്കാം.

എതിരാളി -- അതു ശരി. നാം ഒരേ വള്ളത്തിൽ പെട്ടവരാകുന്നു. നാം തമ്മിൽ കൂട്ടായിരിക്കണം. ഈ കിഴവൻ ഒരു പണക്കാരനായ വ്യാപാരിയാണു്. അയാളുടെ പക്കൽ അവസാനമില്ലാത്ത ധനം കെട്ടിയിരുപ്പുണ്ടു്: ഞാൻ ജായിപുരം മുതൽ ഇയാളെ പിൻതുടന്നു വരുകയാണു്. ഏകദേശം ഒരു കോടിക്കു് ഉറുപ്പികയുടെ സ്വത്തുണ്ടു്.

ഖാൻസാഹിബ്ബ് -- അങ്ങിനെയോ? ആകട്ടെ, വൃഥാ സമയം കളയരുതു്; വരുക! അകത്തു പോകാം. ഈ മാതിരി എടവാടുകൾക്കു തെരുവു് ഒരു പററിയ സ്ഥലമല്ല. അകത്തു വരുക!

പറങ്കി -- നമുക്കു് ഈ കിഴടിനെ വലിച്ചു് അകത്തു കൊണ്ടുപോകാം. എന്നിട്ടു് ഉള്ളതു തങ്ങളിൽ ഭാഗിച്ചെടുക്കാം.

എതിരാളി -- അതൊരു നല്ല അഭിപ്രായമാണു്. എന്നാൽ എന്നെ വല്ലതും ദ്രോഹിക്കുവാനൊ എന്നെ കബളിപ്പിച്ചു വിടുവാനോ ആണ ഭാവമെങ്കിൽ എൻെറ പ്രകൃതം മാറും.

ഖാൻസാഹിബ്ബ് -- വൃഥാ നാം വാഗ്വാദം ചെയ്തിട്ടു കാര്യമില്ല.

പറങ്കി -- ഞങ്ങളെപ്പററി സംശയിക്കുന്നതു കഷ്ടമാണു്. ഒരു കള്ളൻ മറെറാരു കള്ളനോടു് ഒരിക്കലും എതൃക്കാറില്ല. അതു മോശം!

എതിരാളി -- കൊള്ളാം. ഞാൻ നിങ്ങളുടെ വാക്കു വിശ്വസിക്കുന്നു. നിങ്ങൾ എന്നെ ചതിക്കുകയില്ലെന്നു ഞാൻ ധൈര്യപ്പെടുന്നു. ഒരു ചോരൻെറ പരമ്പരാസിദ്ധമായ അഭിമാനത്തെ നിങ്ങൾ രക്ഷിക്കുമെന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു.

അനന്തരം അവർ കൂടി ആ വൃദ്ധനെ അവരുടെ സങ്കേതത്തിലേക്കു വലിച്ചിഴച്ചുകൊണ്ടുപോയി. അയാളെ അവർ മുകളിലത്തെ നിലയിൽ കൊണ്ടുപോയി. ഒരു വലിയ മുറിയിൽവെച്ച് ആ മാർവാറിയുടെ പക്കൽനിന്നും പണം ഉള്ളത് എടുക്കുന്നതിനു ദേഹം പരിശോധിച്ചുനോക്കി. നോട്ടായിട്ടും പവനായിട്ടും വെള്ളിനാണയങ്ങളായിട്ടും ഒരു നല്ല തുക അയാളുടെ പക്കൽനിന്നും കിട്ടി.

'നമുക്ക് ഈ കിഴടിനെ കഥ കഴിച്ചേക്കാം' എന്നു പറങ്കി അഭിപ്രായപ്പെട്ടു.

'വെറുതെ താമസിക്കണമെന്നില്ല' എന്നു ഖാൻസാഹിബ്ബ് പറഞ്ഞു.

'നിങ്ങളെന്തു മടയന്മാരാണ്? ഇയാളുടെ പക്കൽനിന്നും നമുക്ക് ഒരു നിസ്സാരതുകയാണു കിട്ടിയത്. അയാൾ പണം ഹുണ്ടികക്കടയിൽ ഇട്ടിരിക്കയാണ്. ഈ കിഴടിനെ ബന്ധവസ്സിൽ വെച്ചാൽ കൂടുതൽ നമുക്കു കിട്ടും.'

'അതു കൊള്ളാം. സ്നേഹിതാ! നിങ്ങൾ പറഞ്ഞതു ശരിയാണ്. ഇയാൾ ബന്ധനത്തിൽ കിടക്കട്ടെ' എന്നു ഖാൻസാഹിബ്ബ് അഭിപ്രായപ്പെട്ടു.

'അതെ അതെ. അതുതന്നെ കൊള്ളാം' എന്നു പറങ്കിയും യോജിച്ചു.

ഖാൻസാഹിബ് ഒരു ചെറിയ പെട്ടിയിൽനിന്നും ഒരു താക്കോൽ എടുത്ത് ആ ഗൃഹത്തിലെ ഒരു ഇരുട്ടറ തുറന്നു. വാതിൽ തുറന്ന ഉടനെ അതിനകത്തുനിന്നും ചില മുരക്കങ്ങളും മൂളലും കേൾക്കാമായിരുന്നു. പറങ്കിയും ആ എതിരാളിയുംകൂടി ആ കിഴവനെ (മാർവാറിയെ) വലിച്ചുകൊണ്ടുപോയി ആ മുറിയിൽ ഇട്ടടച്ചു വീണ്ടും മുറി പൂട്ടി.

അവർ പോയതിനു ശേഷം ഏകദേശം പതിനഞ്ചു മിനിട്ടു നേരം ആ കിഴവൻ അനങ്ങാതെ തറയിൽ കിടന്നകിടപ്പിൽ കിടന്നു. അനന്തരം അയാൾ എഴുന്നേററു ഭിത്തിയോടു ചേർന്നു ചെവികൊടുത്തുനിന്നു. ആ മുറിയിൽ മറെറാരു ഭാഗത്തായി അതിശക്തിയായി ആരോ അലറുന്ന ശബ്ദം കേൾക്കാമായിരുന്നു. എന്നാൽ ആ കൂരിരുട്ടിൽ ഒന്നും കാണ്മാൻ വയ്യായിരുന്നു. മാർവാ

റി ഉടനെ അയാളുടെ വസ്ത്രത്തിന്റെ ഇടയിൽനിന്നും ഒരു തീപ്പെട്ടി എടുത്തുരച്ചു കയ്യിലുണ്ടായിരുന്ന ഒരു മെഴുകുതിരി കൊളുത്തി നോക്കിയപ്പോൾ ആ മുറിയിൽ മാർവാറി കണ്ട കാഴ്ച ഏററവും ഭയങ്കരമായിരുന്നു. അയാൾ ഒന്നു ഞെട്ടി. അയാൾ നിന്നിരുന്ന സ്ഥലത്തുനിന്നും കുറെ അകലെയായി ഏകദേശം ഇരുപത്തഞ്ചുവയസ്സു പ്രായം കാണുന്ന ഒരു യുവാവു് ഒരു ഇരുമ്പുതൂണിൽ ബന്ധനസ്ഥനായി കിടക്കുന്നതു കാണപ്പെട്ടു. അതൊരു ദയനീയമായ കാഴ്ചയായിരുന്നു. ആ യുവാവു കീറപ്പഴന്തുണികൾ ധരിച്ചിരുന്നു. തലമുടി ചിന്നിച്ചിതറി കിടന്നിരുന്നു. അയാളുടെ മുഖം നിരാശയിൽ മുഴുകിയിരുന്നു. മാർവാറിയെ കണ്ട ഉടനെ ആ യുവാവു വാവിട്ടു നിലവിളിച്ചു.

മാർവാറി അയാളെ സമാധാനപ്പെടുത്തുകയും കൈയും പിടിച്ചു് എഴുന്നേല്പിക്കുകയും ചെയ്തു. മാർവാറി അയാളുടെ കീശയിൽനിന്നും ഒരു ആയുധമെടുത്തു് ആ ചങ്ങലയുടെ കണ്ണികൾ മുറിച്ചുതള്ളി. ആ സാധു യുവാവു ബന്ധനത്തിൽനിന്നും വിമുക്തനായ ഉടനെ മാർവാറിയുടെ കാക്കൽ നമസ്കരിച്ചു കൃതജ്ഞതാസൂചകമായി കരഞ്ഞുകൊണ്ടുനിന്നു.

മാർവാറി:— ഈ നിർഭാഗ്യത്തിനു് എങ്ങിനെയിടയായി?

യുവാവു:— സർ! ഞാനൊരു ദിവസം ഈ തെരുവിൽക്കൂടി പോകുകയായിരുന്നു. പുറകിൽനിന്നും കുറെ പേർ വന്നു് എന്നെ പിടികൂടി. ഒരാൾ എന്റെ വാ പൊത്തിപ്പിടിച്ചു. മററു രണ്ടു പേർ എന്നെ അനങ്ങാൻ വയ്യാതെ മുറുക്കിപ്പിടിച്ചുകൊണ്ടിരുന്നു. എന്റെ കയ്യിലുണ്ടായിരുന്നതെല്ലാം അവർ തട്ടിയെടുത്തു. അതുകൊണ്ടു മാത്രം അവർക്കു തൃപ്തിയായില്ല. രണ്ടുമൂന്നു കടലാസുകളിൽ അവർ എന്നെക്കൊണ്ടു് ഒപ്പിടുവിച്ചുവാങ്ങി. അതുകൊണ്ടു് അവർ എന്തു ചെയ്യുമെന്നു പിന്നീടു് എനിക്കറിഞ്ഞുകൂടാ. പക്ഷെ അതുകൊണ്ടു വല്ല കള്ളപ്രമാണങ്ങളും സൃഷ്ടിച്ചിരിക്കണം. അതുകൊണ്ടും അവർക്കു തൃപ്തിയായില്ല. കൂടുതൽ പണം വേണമെന്നു് അവർ ആവശ്യപ്പെട്ടു. അവരുടെ ഏജന്റിനു കുറെ പണം കൊടുക്കുന്നതിനായി എന്നെ നിർബന്ധിച്ചു് എന്റെ അമ്മയുടെ പേർക്കു സ്വന്തം കൈപ്പടയിൽ ഒരെഴുത്തെഴുതി അവർ വാങ്ങി. അതിനെപ്പററി പുറത്തു മിണ്ടിപ്പോകരുതെന്നു് അമ്മക്കു പ്രത്യേകം എഴുതേണ്ടതായും വന്നു. അല്ലെങ്കിൽ അവർ എന്റെ കഥ കഴിക്കുമായിരുന്നു.

മാർവാഠി:—ഹാ! അവരെന്തൊരു മൃഗങ്ങൾ! ഇനി ജീവനെപ്പററി ഒട്ടുംതന്നെ ഭയപ്പെടേണ്ട. നിങ്ങളെ ഇവിടെനിന്നും ഞാൻ രക്ഷപ്പെടുത്താം. പിന്നീട സൌകൎയ്യസമയത്തു ബാക്കി വൎത്തമാനം നമുക്കു പറയാം.

യുവാവ്—ഹാ! നിങ്ങൾ എൻെറ രക്ഷിതാവാകുന്നു. നിങ്ങളെ ഈശ്വരനായി ഞാൻ കരുതുന്നു. നിങ്ങളുടെ അതിരററ ദയവിനെ ഞാനൊരിക്കലും മറക്കുന്നതല്ല.

മാർവാഠി—അവർ ഇതുകൂടാതെ ഇനിയും വല്ലവരേയും ബന്ധിച്ചുകൊണ്ടുവന്നിട്ടുണ്ടോ? വല്ല വിവരവും അറിയാമോ?

യുവാവ്—അവരുടെ മററു രഹസ്യങ്ങൾ എനിക്കറിഞ്ഞുകൂടാ. എന്നെപ്പോലെ നിർഭാഗ്യവാനായിട്ട് ഒരാൾകൂടി ഉണ്ടായിരുന്നു. എന്നെ ബന്ധനത്തിൽ ആക്കിയതിൻെറ പിറെറ ദിവസം അയാളെ ഇവിടെനിന്നും എവിടേക്കോ മാററി. ഏതു നരകത്തിലേക്കു കൊണ്ടുപോയി എന്നെനിക്കു രൂപമില്ല. ഈ മുറിയിൽനിന്നും പുറത്തുപോകുന്നതിന് അവർ എന്നെ സമ്മതിച്ചിരുന്നില്ല. എനിക്കാഹാരം ഇവിടെ കൊണ്ടുവന്നു തരും. നേരത്തൊരു പ്രാവശ്യം എന്നെ പുറത്തിറക്കിവന്നു. എന്നാൽ അവരുടെ പെരുമാററങ്ങളിൽനിന്നും അവർ ഈയിടെ ഒരു സ്ത്രീയെക്കൂടി എവിടെനിന്നോ പിടിച്ചുകൊണ്ടുവന്നിട്ടുണ്ടെന്നു ഞാനൂഹിക്കുന്നു. അവൾ ഉറക്കെ നിലവിളിക്കുന്നതു ഞാൻ കേൾക്കാറുണ്ട്. ആരു കേൾക്കാനാ? എത്ര ഉറക്കെ കരഞ്ഞാലും തെരുവിൽ ആ കരച്ചിൽ കേൾക്കാത്തവണ്ണമാണ് ഈ ഗൃഹത്തിൻെറ നില.

'അവൾ എവിടെ?'

'എനിക്കു നിശ്ചയമില്ല'

'വരുക. നമുക്കവളെ കണ്ടുപിടിക്കണം. അവളെ ഏതുവിധവും നമുക്കു രക്ഷിക്കണം'

'നമുക്കു കൈവശം ആയുധമൊന്നും ഇല്ലല്ലോ. നമ്മുടെ ശ്രമം നിഷ്ഫലമാകുകയും ഒടുവിൽ നമ്മുടെ ജീവൻതന്നെ അപകടത്തിൽ ആകുകയും ചെയ്യുമെങ്കിലോ എന്നു ഞാൻ ഭയപ്പെടുകയാണ്.'

'നിങ്ങൾ ഒരു ഭീരുതന്നെ.' എന്നു മാർവാഠി ധൈൎയ്യത്തോടെ പറഞ്ഞു.

യുവാവ് ഉത്തരമൊന്നും പറയാതെ ആ മാർവാറിയെ പിൻതുടൎന്നു. മാർവാറി കീശയിൽനിന്നും ഒരു മൂൎച്ചയുള്ള കത്തിയെടുത്ത് ആ മുറിയുടെ അഴികളിലൊന്നു കുത്തിയിളക്കി എടുത്തു. ആ വിടവിൽക്കൂടി ഞെങ്ങി ഞെരുങ്ങി ഒരു വിധം മാർവാറി പുറത്തുചാടി. ആ യുവാവും ശ്വാസം അടക്കിക്കൊണ്ടു മാർവാറിയുടെ പിന്നാലെ പുറത്തേക്കിറങ്ങി. മുറിയുടെ പുറത്തുവന്നതിനു ശേഷം മാർവാറി കുറച്ചുനേരം അനങ്ങാതെ നിന്നു നോക്കി. വെളിച്ചം കെടുത്തിക്കളഞ്ഞ് മാർവാറി മറ്റൊരു മുറിയുടെ വാതുക്കൽ വന്നു. വല്ല ശബ്ദവും കേൾക്കുന്നുണ്ടോ എന്നു വാതലിൽ ചെവി കൊടുത്തുകൊണ്ടുനിന്നു. ആ മുറിക്കകത്ത് ആരോ ചലിക്കുന്നതായി തോന്നി. എന്നാൽ വാതിൽ അകത്തുനിന്നും കുറ്റിയിട്ടിരുന്നു. ആ മുറിക്കകത്തു കടക്കുന്നതിനോ മുറിയിലേക്ക് ഒളിഞ്ഞുനോക്കുന്നതിനോ വിഷമമെന്നു മാർവാറി മനസ്സിലാക്കി. ആ സ്ത്രീ തന്നെ ആ മുറിയിൽ ഉണ്ടായിരിക്കുമോ? അങ്ങിനെ വരാം. എന്നാലെന്തു ചെയ്യണം? ഒന്നും അയാൾക്കു തോന്നിയില്ല. അമ്പരന്ന് അയാൾ യുവാവിന്റെ മുഖത്തു നോക്കി. യുവാവു സാവധാനത്തിൽ പറഞ്ഞു:—

'സർ! വരണം. ഈ ഗൃഹത്തെപ്പറ്റി എനിക്കേതാണ്ടറിയാം. എന്നെക്കൊണ്ടു വല്ലതും ചെയ്വാൻ കഴിഞ്ഞേക്കും'

'ഞാൻ നിങ്ങളോട് എന്നും നന്ദിയുള്ളവനായിരിക്കും.'

'അങ്ങിനെ പറയരുത്. നിങ്ങളെന്റെ രക്ഷിതാവാണ്.'

ആ യുവാവു പതുക്കെ പതുക്കെ കാൽപെരുമാറ്റം കേൾപ്പിക്കാതെ മുമ്പോട്ടു നടന്നു. മാർവാറിയും നിശ്ശബ്ദമായി ആ യുവാവിനെ പിൻതുടൎന്നു. യുവാവു വലത്തോട്ടു തിരിഞ്ഞു നടന്നു. മാർവാറിയോടു പുറകെ വന്നുകൊള്ളുവാൻ ആംഗ്യം കാണിച്ചു. അവർ മറ്റൊരു ജന്നലിന്റെ സമീപത്തു വന്നു. അതിന്റെ ഒരു വാതിൽ അടച്ചും മറ്റെ വാതിൽ പാതി തുറന്നും ഇരുന്നു. അതിൽക്കൂടി കുറേശ്ശെ വെളിച്ചം കാണാമായിരുന്നു. യുവാവു തല കുനിച്ചു ജന്നലിന്റെ കീഴിലായി അനങ്ങാതെ നിന്നു. അയാൾ പതുക്കെ ആ മുറിയിലേക്ക് ഉണ്ണിഞ്ഞുനോക്കി. മാർവാറിയും യുവാവിന്റെ പിറകിൽനിന്ന് ആ മുറിയിലേക്ക് എത്തിനോക്കി. ഹാ! എന്തൊരു ഭയങ്കരയുദ്ധമായിരുന്നു അവിടെ നടന്നുകൊണ്ടിരുന്നത്! അതു ജീവിതത്തിനും മരണത്തിനുമായുള്ള ഒരു യു-

ഘമായിരുന്നു. എന്നാൽ നിശ്ശബ്ദമായിരുന്നു! രണ്ടുപേർ തറയിൽ കിടന്നുരുളുകയായിരുന്നു. രണ്ടുപേരും അങ്ങോട്ടുമിങ്ങോട്ടും മുറുകെ പിടിച്ചിരുന്നു. രണ്ടുപേരും ബലാബലം നല്ലവണ്ണം പരീക്ഷിക്കുന്നുണ്ടായിരുന്നു. മാർവാറി ആകപ്പാടെ ഇതെല്ലാം കണ്ടു വിറച്ചുകൊണ്ടിരുന്നു. യുവാവു സ്നേഹിതൻെറ ചെവിയിൽ ഇങ്ങിനെ മന്ത്രിച്ചു.

‘അവർ തമ്മിൽ കിടന്നു പിടിയിടുന്നതു ഭാഗ്യം. നമുക്ക് ഈ തരത്തിനു പോയ്ക്കളയാം. ഈശ്വരനു നമ്മോടു ദയവുണ്ട്.’

മാർവാറി ഉത്തരമൊന്നും പറഞ്ഞില്ല. അയാൾ പിന്നേയും വിറച്ചുകൊണ്ടു നിന്നു.

‘നിങ്ങളെന്താണു വിറക്കുന്നത്?’ എന്നു യുവാവു ചോദിച്ചു. മാർവാറി മൂക്കത്തു വിരൽവെച്ചുകൊണ്ടു ശബ്ദിക്കാതിരിക്കുവാൻ യുവാവിനോടു പറഞ്ഞു. മാർവാറിയെ അത്ഭുതത്തോടുകൂടി നോക്കിക്കൊണ്ടു നിന്നതല്ലാതെ യുവാവ് ഒന്നും സംസാരിച്ചില്ല. വേഗം ആ സ്ഥലത്തുനിന്നും പോകണമെന്നായിരുന്നു യുവാവിൻെറ വിചാരം. എന്നാൽ മാർവാറി ആ സ്ഥലത്തുതന്നെ നിന്നതേയുള്ളു. അയാൾ എന്തോ ഉദ്ദേശത്തോടുകൂടി ആ മുറിയിലേക്കു നോക്കിക്കൊണ്ടുതന്നെ നിന്നു.

അവരിൽ ഒരാൾ മാർവാറിയുടെ എതിരാളിയും മറ്റെ ആൾ മുമ്പു കണ്ടിരുന്ന പാങ്കിയുമായിരുന്നു. ഒടുവിൽ സംഗതി ഗൌരവത്തിൽ എത്തി. പറങ്കി ഒരു നീണ്ട കത്തി വലിച്ചൂരിയെടുത്ത് ആ ഹിന്ദുസ്ഥാനിക്കാരൻെറ പുറത്തു കുത്തുവാനായി ഓങ്ങി. മാർവാറി ഇതു കണ്ടു ഭയപ്പെട്ടു വിറച്ചു. മാർവാറി ഉടനെ ഒരു കൈത്തോക്കെടുത്തു പറങ്കിയുടെ നേരെ നീട്ടി. എന്നാൽ ഭയംകൊണ്ട് അയാളുടെ കൈ നേരെ നിന്നില്ല.

നമ്മുടെ മാർചാറി, വേഷം മാറിയ അനിലനായിരുന്നു എന്നും എതിരാളിയായ ഹിന്ദുസ്ഥാനിക്കാരൻ രഹസ്യപോലീസു ഇൻസ്പെക്ടർ ഭൂപൻ ബാസുവായിരുന്നു എന്നും നമ്മുടെ പ്രിയപ്പെട്ട വായനക്കാർ ഇതിനിടകൊണ്ടു മനസ്സിലാക്കിയിരിക്കാമെന്നു വിശ്വസിക്കുന്നു.

തൻെറ അവസാനമായെന്നു നിശ്ചയിച്ചു ഭൂപൻ അതിശക്തിയായി പറങ്കിയെ ഒന്നു തട്ടി. ദൈവാധീനത്താൽ പിടിവിട്ടു പറങ്കി അകലെ തെറിച്ചു. ഉടനെ ഭൂപൻ കൈത്തോക്കെടുത്തു

പറങ്കിയുടെ കാലിന്നു ലക്ഷ്യംവെച്ച് ഒരു വെടിവെച്ചതു കണക്കിന്നു കൊണ്ടു. പറങ്കി അത്യുച്ചത്തിൽ നിലവിളിച്ചുംകൊണ്ടു നിലത്തു വീണു.

'ഇങ്ങിനെതന്നെയാണ് ഒരു ഘാതകനോടു ചെയ്യേണ്ടതു്' എന്ന് അനിലൻ അലറിക്കൊണ്ടു പറങ്കിയുടെ നേരെ വീണ്ടും തോക്കു നീട്ടി.

'അരുതു്! അരുതു്!' എന്നു ഭൂപൻ ഉറക്കെ പറഞ്ഞു.

'വീണ ശത്രുവിനെ പിന്നേയും ചവിട്ടുകയോ?' അനിലൻ പ്രസന്നവദനനായി തോക്കു താഴ്ത്തി.

'ഭഗവാൻ പ്രസാദിച്ചു. നിങ്ങൾ ജീവിച്ചു.'

അനിലന്റെ അടുത്തു നിന്ന യുവാവ് ഇതെല്ലാം കണ്ട് ആശ്ചര്യത്തോടും ഭയത്തോടും നിന്നു. അയാളുടെ ദേഹം വിറക്കുന്നുണ്ടായിരുന്നു.

'സ്നേഹിതാ! ഭയപ്പെടേണ്ട. നമുക്ക് ഇനി ഭയപ്പെടുവാനൊന്നുമില്ല. ഈ ഘാതകന്മാർ വിചാരിച്ചാൽ ഇനി നമ്മുടെ ഒരു രോമം തൊടുവാൻ കഴിയുകയില്ല.'

'ആ ഇസ്സെയിലിനോടു മുമ്പേ തന്നെ ഞാൻ പറഞ്ഞതാണ്. ആ കഴുത ഞാൻ പറഞ്ഞതു കേട്ടതേയില്ല.' എന്നു പറങ്കി മുരണ്ടു.

'അയാൾ ചെയ്തതു തെററായിരിക്കാം. എന്നാൽ ഈ ഉണ്ട വേണ്ടതു ചെയ്തു' എന്നു ഭൂപൻ ഉത്തരം പറഞ്ഞു.

ഇനി രഹസ്യാന്വേഷംകൊണ്ടു ഫലമില്ലെന്നു ഭൂപൻ നിശ്ചയിച്ചു. രഹസ്യമായി ഉദ്ദേശിച്ചതു മുഴുവൻ സാധിക്കാത്തതിൽ ഭൂപൻ കുണ്ഠിതപ്പെട്ടു. ഭൂപൻ വാതിൽ തുറന്നു നെററിയിലെ വിയപ്പു തുടച്ചുകൊണ്ടു പുറത്തേക്കു വന്നു. അനിലനോടു ഭൂപൻ ഇങ്ങിനെ പറഞ്ഞു:—

'ഇനി ഒളിച്ചിട്ടു കാര്യമില്ല. അവർ സൂക്ഷിക്കാനുള്ളതു സൂക്ഷിച്ചു കാണും. എന്റെ ഉദ്ദേശം മുഴുവൻ വിജയത്തിൽ കലാശിച്ചില്ല. അതിനാൽ ഈ ഗൃഹം മുഴുവൻ ഞാനൊന്നു പരിശോധിക്കുവാൻ തീച്ചപ്പെടുത്തി. നിങ്ങൾ പടിക്കൽ നിന്നുകൊള്ളുക. ആരും ആ വഴിക്കു പുറത്തു ചാടി രക്ഷപ്പെടാതെ സൂക്ഷിച്ചുകൊള്ളുക. ഞാൻ വേഗം ഠാണാവുവരെ പോയി മടങ്ങിവരാം.'

അവർ താഴത്തേക്കു വന്നു. യുവാവും ഭൂപനെ പിൻതുടന്നു. ഭയപ്പെട്ട യുവാവിന് ഒരക്ഷരം സംസാരിക്കുവാൻ വയ്യാതായി.

താഴെ വന്നു നോക്കിയപ്പോൾ പടിവാതിൽ തുറന്നുകിടക്കുന്നതായി കാണപ്പെട്ടു. ആ ഗൃഹത്തിൽനിന്നും ആരോ ആ വഴിക്കു ചാടി രക്ഷപ്പെട്ടതായി തെളിഞ്ഞു. വെടിയുടെ ശബ്ദം കേട്ട മാത്രയിൽ അവിടെയുള്ള മറ്റു ഘാതകന്മാർ ഭയപ്പെടുകയും ഭൂപനും അനിലനും താഴത്തു വരുന്നതിനു മുമ്പിൽ തന്നെ അവർ പുറത്തിറങ്ങി രക്ഷപ്പെടുകയും ചെയ്തിരുന്നു. മുൻകരുതൽ പിന്നേയും ആവശ്യമായിരുന്നു. വാതിൽ പുറത്തുനിന്നും അടച്ചു വാതുക്കൽ അനിലൻ തോക്കും നീട്ടിക്കൊണ്ടു നിലയായി. ഭയപ്പെട്ടിരുന്ന യുവാവിനു വീണ്ടും ധൈര്യം ഉദിച്ചു. അയാൾ ഒരു നീണ്ട വടിയുമായി അനിലന്റെ അല്പം അകലെയായി പാറാവുകാരനെപ്പോലെ അനിലന്റെ സഹായത്തിനു നിന്നു. ഒരു ഭീരുവും ധൈര്യശാലിയാകുന്ന അവസരം ധാരാളമുണ്ട്.

ഭൂപൻ കുറെ കോൺസ്റ്റബിൾമാരോടും രണ്ടു സാക്ഷികളോടുംകൂടി മടങ്ങിവന്നു. ആ ഗൃഹം നല്ലവണ്ണം പരിശോധിച്ചു. ഓരോ മുറിയും പ്രത്യേകം പ്രത്യേകം പരിശോധിച്ചു. അനവധി എഴുത്തുകളും അപായകരങ്ങളായ പല ആയുധങ്ങളും കഠാരി കുന്തം വാളു മുതലായവയും ഇങ്ങിനെ പലതും അവിടെനിന്നും കണ്ടുകിട്ടി. അവിടെ ഇരുട്ടത്തു് ഒളിച്ചുകിടന്ന ഒരു കിഴവിയെ ഭൂപൻ അറസ്റ്റു ചെയ്തു. പറങ്കിയുടെ മുറിവു തല്ക്കാലമൊന്നു കെട്ടി രണ്ടു പോലീസുകാരോടുകൂടി പറങ്കിയെ ആശുപത്രിക്കയച്ചു. ഠാണാവിലേക്കു പോകുമ്പോൾ കാലത്തെ ഉച്ചാബി പറഞ്ഞിരുന്ന ആ യുവതിയുടെ ഓർമ്മ ഭൂപനെ സ്പർശിച്ചു. ആ യുവതി എവിടെപ്പോയി? ഭൂപൻ വീണ്ടും ആ ഗൃഹത്തിൽ കടന്നു് എല്ലാ സ്ഥലത്തും നിഷ്കർഷയായി പരിശോധിച്ചുനോക്കി. അവളെ അവിടെയെങ്ങും കണ്ടില്ല! നിരാശയോടുകൂടി ഭൂപൻ ഒടുവിൽ അവിടെനിന്നും പുറത്തേക്കിറങ്ങി. പുറത്തേക്കു വരുന്ന അവസരത്തിൽ എന്തോ ഒരു കരച്ചിൽ അയാളുടെ ശ്രുതിപുടത്തിൽ പതിച്ചു. ഭൂപൻ ചെവി ഉന്നം പിടിച്ചു കുറെ നേരം ശ്രദ്ധിച്ചു. എന്തു്? ഒരു പൂച്ചയുടെ കരച്ചിലോ? അല്ല; മനുഷ്യസ്വരം തന്നെ ആയിരുന്നു. അവിടെ ആരോ അപകടത്തിൽ കിടക്കുന്നുണ്ടെന്നു നിശ്ചയിച്ചു ഭൂപൻ പിന്നെയും ചെവികൊടുത്തുകൊണ്ടു നിന്നു. വീണ്ടും അതേ സ്വരം തന്നെ അയാളുടെ ചെവിയിൽ പെട്ടു. ഇടത്തുവശത്തെവിടെനിന്നോ ശബ്ദം പുറപ്പെടുന്നതായി മനസ്സിലാക്കി. ഇ

ടത്തുവശത്തായി ഒരു വലിയ കിടങ്ങുണ്ടായിരുന്നു. അതിൽനിന്നാണു ദീനസ്വരം പുറപ്പെടുന്നതെന്നു മനസ്സിലായപ്പോൾ ഭൂപൻ അങ്ങോട്ടു് ഓടി. അയാൾ അടുത്തു ചെല്ലുന്തോറും ശബ്ദം ഉയർന്നുയർന്നു കേൾക്കാമായിരുന്നു. അയാൾ പ്രയാസപ്പെട്ടു് ആ കിടങ്ങിൽ പ്രവേശിച്ചു. അനിലൻ കയ്യിലുള്ള വെളിച്ചത്തോടുകൂടി ഭൂപനെ പിൻതുടന്നു. അതിൽ പ്രവേശിച്ചു നോക്കുമ്പോൾ ഒന്നും ആദ്യം കണ്ടില്ല. ശബ്ദം കേൾക്കാതായി. ഭൂപൻ കുറെച്ചുടി മുമ്പോട്ടു നടന്നു. എന്തോ ഒരു മൃദുവായ സാധനത്തിൽ കാൽ തടഞ്ഞു ഭൂപൻ വീഴുവാൻ ഭാവിച്ചു. ഉറക്കെ ഒരു നിലവിളിയും മുഴങ്ങി.

അനിലൻ വിളക്കു് ഉയത്തിക്കാണിച്ചു. ഹാ ഭയങ്കരം! ഒരു യുവതി രക്തമണിഞ്ഞു് അവിടെ കിടക്കുകയായിരുന്നു! അവൾ നല്ലവണ്ണം അണച്ചുന്നുണ്ടായിരുന്നു. അവളുടെ ദേഹത്തിൽനിന്നും രക്തം ധാരധാരയായി ഒലിച്ചുകൊണ്ടിരുന്നു. അവൾക്കു തീരെ ബോധം കെട്ടിരുന്നില്ല. സഹിക്കവയ്യാത്ത വേദനകൊണ്ടു് അവൾ നിലവിളിക്കുകയായിരുന്നു. അവളുടെ കണ്ഠത്തിലിരുന്നു മരണം മമ്മരശബ്ദം പുറപ്പെടുവിച്ചുകൊണ്ടിരുന്നു.

ഭൂപനും അനിലനും കൂടി താങ്ങിപ്പിടിച്ചു് അവളെ കിടങ്ങിൽനിന്നും പുറത്തു കൊണ്ടുവന്നു.

'അനില! വേഗം ഓടിച്ചെന്നു് അടുത്തുള്ള ഡാക്ടരെ കൊണ്ടുവരിക. ഉടൻ വേണ്ടതു ചെയ്യേണ്ടിയിരിക്കുന്നു.'

അനിലൻ ഡാക്ടരെ വിളിക്കുവാൻ ഓടി. ഒരു വണ്ടി കൊണ്ടുവരുവാൻ ഒരു പോലീസുകാരൻ പോയി. ഇതെല്ലാം കണ്ടു് അമ്പരന്നുനിന്നിരുന്ന യുവാവു വേഗം ആ ഗൃഹത്തിലേക്കു് ഓടിച്ചെന്നു കുറെ വെള്ളം കൊണ്ടുവന്നു് അവളുടെ മുഖത്തു തളിച്ചു.

ഡാക്ടർ വന്നു പ്രഥമശുശ്രൂഷ ചെയ്തു. അവൾക്കു് അല്പം ആശ്വാസം തോന്നി. അവൾ കണ്ണു തുറന്നു. ഭയത്താൽ വീണ്ടും കണ്ണു് അടച്ചു. അവളുടെ ദേഹം മുഴുവൻ വിയത്തിരുന്നു. അനിലന്റെ നയനങ്ങളിൽ ജലം നിറഞ്ഞു.

'ഭൂപൻ! നാം അല്പം താമസിച്ചുപോയി.'

'അതെ; എന്നാൽ വരാനുള്ളതു് ആക്കു തടുക്കുവാൻ കഴിയും? നമുക്കു് ആ യുവതിയെ വേണ്ടതുപോലെ ചികിത്സിപ്പിക്കണം.'

ആ യുവതിയെ ഒരു തുറന്ന വണ്ടിയിലാക്കി രണ്ടു പോലീസുകാരോടുകൂടി ആശുപത്രിക്കയച്ചു. ഭൂപനും അനിലനും ഒന്നിച്ചു വണ്ടിയുടെ പുറകെ നടന്നു.

'മനുഷ്യൻ ഒരു മൃഗംതന്നെയാണ്' എന്നു വഴിക്ക് അനിലൻ ചിന്തിച്ചു.

# എഴുപത്തിനാലാം അദ്ധ്യായം.

പലരുടേയും മൊഴികൾ.

അടുത്ത ദിവസം രാവിലെ പട്ടണത്തിൽ തലേദിവസം രാത്രി നടന്ന സംഭവം ജനങ്ങളുടെ ഇടയിൽ വലിയ പരിഭ്രമത്തേയും ഭയത്തേയും ഉളവാക്കി. പത്രങ്ങൾ ആ സംഭവത്തെപ്പററി വലിയ തലക്കെട്ടിൽ ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തി ബഹളം കൂട്ടി. ഒരു പത്രം പൊട്ടിച്ചു ഭൂപൻ ഇങ്ങിനെ വായിച്ചു.

'ഇന്നലെ രാത്രി ബാരാബ്ബജാറിൽ ഭയങ്കരമായ ഒരു കൊള്ള നടന്നിരിക്കുന്നു. കൊള്ളക്കാർ ഇരുപതുപേർ ഉണ്ടായിരുന്നവരുടെ കയ്യിൽ വാളു, കഠാരി, കുന്തം മുതലായ ആയുധങ്ങൾ ഉണ്ടായിരുന്നു. കൂടാതെ ചിലരുടെ പക്കൽ തോക്കുകളുമുണ്ടായിരുന്നു. ബാരാബജാറിലെ ഒരു ആഭരണവ്യാപാരിയുടെ ഗൃഹം കൊള്ളചെയ്തു. തീവെട്ടിക്കൊള്ളയുടെ വൎത്തമാനമറിഞ്ഞ് അയൽവാസികളിൽ പലരും ഓടി എത്തിയെങ്കിലും കൊള്ളക്കാർ ഒഴിച്ചുകൊണ്ടിരുന്ന തോക്കിനെ ഭയപ്പെട്ട് ആക്കും അവരോട് അടുക്കുന്നതിനു ധൈൎയ്യമുണ്ടായില്ല. പോലീസുകാരെ വിവരം അറിവിച്ചുവെങ്കിലും അവർ സംഭവം നടന്നതിനു ശേഷമായിരുന്നു സ്ഥലത്തു വന്നുചേൎന്നത്. പോലീസുകാർ വന്നുചേൎന്നപ്പോൾ കൊള്ളക്കാർ അവരുടെ വഴിക്കു പോയിക്കഴിഞ്ഞിരിക്കുന്നു. അവരിൽ ഒരാളെ പിടിത്തം കിട്ടിയിട്ടുണ്ട്. അത് ഒരു ചുണക്കുട്ടിയായ ബങ്കാളി ഉദ്യോഗസ്ഥന്റെ സാമൎത്ഥ്യംകൊണ്ടായിരുന്നു. പോലീസുകാരെ കണ്ട മാത്രയിൽ ഓടിപ്പോയ ശേഷിച്ച കൊള്ളക്കാരിൽ ഒരാളെ ആ ധീരനായ ഉദ്യോഗസ്ഥൻ ജീവനെ തൃണവൽക്കരിച്ചു പിന്തുടൎന്നതിനാൽ ഒടുവിൽ പിടികിട്ടി. ആ കള്ളൻ കയ്യിലുണ്ടായിരുന്ന കൈത്തോക്കുകൊണ്ടു പോലീസുഉദ്യോഗസ്ഥ

നെ് വെടിവെച്ചെങ്കിലും ദൈവഗത്യാ അതു ലക്ഷ്യം തെററിപ്പോയി. കൊള്ളക്കാരൻ ഓടി ഒരു കിടങ്ങിൽ ഇറങ്ങി രക്ഷപ്പെടുവാൻ ശ്രമിച്ചു. എന്നാൽ ആ പോലിസ്സുദ്യോഗസ്ഥൻ വിടാതെ അവനെ അവിടെ എത്തി പിടികൂടി. ആ കൊള്ളക്കാരനും പോലീസുദ്യോഗസ്ഥനുമായി ഒരു യുദ്ധം നടന്നതിൽ വീണ്ടും ഉദ്യോഗസ്ഥനെ വെടിവെയ്ക്കുവാൻ അവൻ ശ്രമിച്ചെങ്കിലും അവന്റെ കൈത്തോക്കു തട്ടി താഴെ ഇടുകയും സമൎത്ഥനായ ആ ഇൻസ്പെക്ടർ അവനെ കാലിൽ വെടിവെച്ചു വീഴ്ത്തുകയും ചെയ്തു. മുറിവേററവൻ ആശുപത്രിയിൽ പോലീസുബന്തവസ്സിൽ കിടക്കുന്നു. കൊള്ളക്കാർ പണമായിട്ടും ആഭരണങ്ങളായിട്ടും ഒരു നല്ല സംഖ്യ കൊണ്ടുപോയിട്ടുള്ളതായിട്ടാണു് അറിവു്. ആ ഗൃഹത്തിലെ ഒരു പെൺകുട്ടിയേയും ഒരു ഭൃത്യസ്ത്രീയേയും അവർ കഠിനമായ ദേഹോപദ്രവം ഏല്പിച്ചിട്ടുണ്ടു്. ആ യുവതിക്കു് അപായകരമായവിധത്തിൽ മുറിവേററിട്ടുണ്ടെന്നാണു് അറിവു്. ഭൃത്യസ്ത്രീയുടെ സ്ഥിതി ആശാജനകവുമാണു്. കള്ളന്മാരുടെ കയ്യിൽനിന്നും കത്തിയ തീപ്പെട്ടിക്കോലുകൾ രണ്ടു മുളവടികൾ ഒരു വലിയ കത്തി ഒരു തുണിക്കണ്ടം ഇങ്ങനെ പല സാമാനങ്ങളും കിട്ടിയിട്ടുണ്ടു്. കിട്ടിയ സാമാനങ്ങൾ പോലീസുകാൎക്കു തെളിവു ശേഖരിക്കുന്ന വിഷയത്തിൽ സഹായമായിത്തീൎന്നിട്ടുണ്ടു്. ഊൎജ്ജിതമായ പോലീസന്വേഷണം മുറക്കു നടന്നുവരുന്നു. അറസ്ററുചെയ്തവർ പോലീസിൽ എല്ലാം സമ്മതിച്ചു മൊഴികൊടുത്തിട്ടുണ്ടു്.'

വാസ്തവസംഭവത്തെപ്പററി മനസ്സിലാക്കാതെയുള്ള ആ പത്രപ്രസ്താവന വായിച്ചപ്പോൾ ഭൂപനു ചിരിക്കാതെയിരിക്കുവാൻ സാധിച്ചില്ല. റിപ്പോൎട്ടർ സ്വന്തം മനോധൎമ്മം ധാരാളം പ്രയോഗിച്ചിരുന്നു.

ഭൂപൻ മറെറാരു പത്രം തുറന്നു. അതിൽ ഇങ്ങിനെ ഒരു വലിയ തലക്കെട്ടു കണ്ടു.

'അസുവിനും വസുവിനും കല്ക്കത്തയിൽ രക്ഷയില്ല.'

* * * * * *

പറങ്കി ആശുപത്രിയിൽ വെച്ചു കൊടുത്ത മൊഴി മുൻകാണിച്ച പത്രപ്രസ്താവനകളെ ഏകദേശം അനുസരിച്ചിരുന്നു. അയാൾ ഒരു ഇടുങ്ങിയ വഴിയിൽക്കൂടി പോകുകയായ

ന്നുവെന്നും വഴിയിൽവെച്ച് ഒരുകൂട്ടം കൊള്ളക്കാർ അയാളെ എതിർത്ത് അയാളുടെ കയ്യിലുണ്ടായിരുന്ന പണം മുഴുവൻ തട്ടിയെടുത്തുവെന്നും അതിൽ ഒരു കള്ളനെ താൻ കേറി പിടികൂടിയ അവസരത്തിൽ അയാളുടെ വലത്തുകാലിനു വെടികൊണ്ടു എന്നും ആരാണു വെടിവെച്ചതെന്നു തിരിച്ചറിവാൻ നിവൃത്തിയില്ലെന്നും രാത്രി നല്ല ഇരുട്ടായിരുന്നുവെന്നും മററുമായിരുന്നു പറങ്കിയുടെ മൊഴി.

*   *   *   *   *   *

ആ യുവതിയുടെ മുറി ഭയങ്കരമായിരുന്നതിനാൽ അവൾക്കു മൊഴികൊടുപ്പാൻ തന്നെ നിവൃത്തിയില്ലായിരുന്നു. എന്നാൽ അപായകരമായവിധത്തിൽ മുറിവുപെട്ടിരുന്നില്ലെങ്കിലും രക്തം കുറെ അധികം പോയതിനാൽ അവൾ നന്നെ ക്ഷീണിച്ചിരുന്നു. പെട്ടെന്ന് അവളെ ശ്രമപ്പെടുത്തുന്നതുകൊണ്ടു ഹൃദയനാഡി നിന്നുപോയേക്കുവാൻ എളുപ്പമുണ്ടെന്നുള്ള വിചാരത്തിന്മേൽ മൊഴി കൊടുപ്പാൻ ഡാക്ടർ വിരോധം പറഞ്ഞു. മൂന്നാം ദിവസമായപ്പോഴേക്ക് അവളുടെ സ്ഥിതി കൂടുതൽ ആശ്വാസകരമായിത്തീന്നു. അപകടമൊന്നുമില്ലെന്നുള്ള മട്ടിലായി. ഭൂപൻ അവളുടെ വായ്മൊഴി വാങ്ങി. അതിങ്ങിനെയായിരുന്നു.

'എനിക്കു വയസ്സ് പതിനെട്ടായി. ഏഴുകൊല്ലം മുമ്പ് എന്നെ വിവാഹം ചെയ്തു. എന്റെ ഭർത്താവു യു. പി. (U. P.) യിൽ ഒരു റെയിൽവെ ഉദ്യോഗസ്ഥനാണ്. എനിക്ക് അമ്മായിഅമ്മയും ഒരു സഹോദരിയുമുണ്ട്. ആ സഹോദരിയുടെ വിവാഹത്തിനുവേണ്ടി ഞങ്ങൾ കല്ക്കത്തയിൽ താമസിക്കുകയാകുന്നു. അമ്മായിഅമ്മയോടുകൂടി നിത്യം നേരത്തെ ഞാൻ ഗംഗയിൽ കുളിക്കുവാൻ പോകാറുണ്ട്. പ്രസ്തുതദിവസം ഗംഗയിൽനിന്നും വെള്ളവും കോരിക്കൊണ്ടു വീട്ടിലേക്കു വരുകയായിരുന്നു. പുറകിൽനിന്ന് ആരോ വന്ന് എന്റെ വാ പൊത്തിപ്പിടിച്ചു. ആ പിടിയിൽനിന്നു വിടുവിക്കുവാൻ ഞാൻ ശ്രമിച്ചെങ്കിലും എനിക്കു സാധിച്ചില്ല. എളിയിൽ ഒരു കുടം വെള്ളവുമായി ഞാൻ പോകുമ്പോഴാണ് ആ സംഭവമുണ്ടായതു്. ആ കുടവും വെള്ളവും താഴെ വീണു. ഉടനെ പുറകിൽനിന്നു മറെറാരാൾ മുറുകെ പിടിക്കുകയും തറയിൽനിന്ന് എന്നെ എടുത്തു പൊക്കുകയും ചെയ്തു. അനന്തരം രണ്ടുപേർകൂടി വന്ന് എന്നെ എടുത്തുകൊണ്ടുപോയി ആ

ടുത്തു കാത്തുനിന്നിരുന്ന വണ്ടിയിലിട്ട് ഓടിച്ചുകൊണ്ടുപോയി. വണ്ടിയിൽവെച്ച് ആ ഘാതകന്മാർ എൻെറ കൈകാലുകൾ കൂട്ടിക്കെട്ടുകയും വായിൽ ശീല തുറുത്തി കേററുകയും ചെയ്തു. എൻെറ രണ്ടുവശത്തും രണ്ടുപേർ ഇരുന്നു. നേരെ രണ്ടുപേർ അടുത്തു് ഇരുന്നു രണ്ടു കഠാരി പൊക്കിക്കാണിച്ച് അനങ്ങിയാൽ എൻെറ നെഞ്ഞത്തു കുത്തി ഇറക്കുമെന്നും മൂക്ക് അറുത്തുകളയുമെന്നും പറഞ്ഞു് എന്നെ ഭയപ്പെടുത്തി. കണ്ടാൽ ഞാൻ അവരെ അറിയും. അതിൽ ഒരാൾ ഒരു കാപ്പിരിയും മററു മൂന്നുപേർ മഹമ്മദന്മാരുമായിരുന്നു. ഇതെല്ലാം ക്ഷണംകൊണ്ടു കഴിഞ്ഞു. എൻെറ അമ്മായിഅമ്മ അല്പം അകലത്തു് ഉണ്ടായിരുന്നു. അവർ എന്നെ അവരുടെ ഗൃഹത്തിൽ കൊണ്ടുവന്ന് ഒരിരുട്ടറയിൽ ഇട്ടടച്ചു. ഞാൻ ഉറക്കെ നിലവിളിച്ചുനോക്കി. ആരും കരച്ചിൽ കേട്ട് എന്നെ സഹായിപ്പാൻ വന്നതേയില്ല. ഉച്ചതിരിഞ്ഞപ്പോൾ ഒരു കിഴവി ആഹാരം കൊണ്ടുവന്നു. ഞാൻ അവക്കു വശമാകണമെന്ന് ആ വൃദ്ധ എന്നെ നിർബ്ബന്ധിച്ചു. ആ വൃദ്ധ ഒടുവിലെന്നെ ഭയപ്പെടുത്തിനോക്കി. തന്നത്താൻ മരിച്ചുകളഞ്ഞാലൊ എന്നു ഞാൻ വിചാരിച്ചെങ്കിലും അതിന്ന് എന്നെ സഹായിപ്പാൻ ഒന്നുംതന്നെ ഇല്ലായിരുന്നു. അവർ എന്നെ ഇരുട്ടറയിൽ ഇട്ട് അടച്ചതിനുശേഷം എൻെറ വസ്ത്രങ്ങൾ ആ ഘാതകന്മാർ എടുത്തുകൊണ്ടുപോയി എന്നു പറവാൻതന്നെ എനിക്കു ലജ്ജതോന്നുന്നു. അവർ പകരത്തിനു തന്ന ഒരു തുണിക്കഷണംകൊണ്ടു ഞാൻ നാണം മറച്ചു.'

അവൾ നിർത്തി; അവളുടെ മിഴിയിൽ കണ്ണുനീർ നിറഞ്ഞു. ഭൂപറ് അതു കണ്ടു മനസ്സലിഞ്ഞു. അവൾ വീണ്ടും തുടർന്നു: —

'വൈകുന്നേരമായപ്പോൾ ഒരാൾ എൻെറ അടുക്കൽ വന്ന് അയാളോടുകൂടി പുറപ്പെടുവാൻ തയ്യാറായിക്കൊള്ളണമെന്നും കുറെ കഴിഞ്ഞ് അയാൾ വരുമെന്നും എന്നോടു പറഞ്ഞു. എനിക്കു വേണ്ട പണം തരാമെന്നും അയാൾ പറഞ്ഞു. ഉച്ചക്കു ഭക്ഷണം കൊണ്ടുവന്നു തന്ന ആ വൃദ്ധയും അയാളുടെ ഒന്നിച്ചുണ്ടായിരുന്നു. ആഹാരമൊന്നും ഞാൻ കഴിക്കാതിരുന്നതിന്ന് ആ കിഴവി എന്നെ ശകാരിച്ചു. പിന്നീട് അവൾ എന്നോടു പലതും മൃദുവായി സംസാരിച്ചു. അവൾ പറയുന്നതു കേൾക്കുന്നപക്ഷം ഭാ

വിയിൽ വലിയ ഐശ്വര്യവും ക്ഷേമവും എനിക്കുണ്ടാകുന്നതാണെന്നും ആ വൃദ്ധ പറഞ്ഞു. അവളുടെ വാക്കുകളെ ഞാൻ നിരസിച്ചു. അതു വൃദ്ധക്കു കോപത്തെ ഉണ്ടാക്കിത്തീർത്തു. കായികമായ ഉപദ്രവങ്ങൾ ഉണ്ടാകുന്നതാണെന്ന് അവൾ എന്നെ ഭയപ്പെടുത്തിനോക്കി. അവൾ എനിക്കുവേണ്ടി കൊണ്ടുവന്നിരുന്ന നല്ല വസ്ത്രങ്ങളിൽ ഒന്നുമാത്രം ഞാനെടുത്തുടുത്തു. ഞാനുടുത്തിരുന്ന പഴന്തുണി മാററി. ആ വൃദ്ധ എൻെറ അടുത്തിരുന്നു നിത്താതെ സംസാരിച്ചുകൊണ്ടിരുന്നു. വൈകുന്നേരം ഞാൻ കിടന്ന അറയിൽ രണ്ടുപേർ കേറിവന്നു. അവർ എന്നെ ദുർവൃത്തിക്കു പ്രേരിപ്പിക്കുവാൻ ശ്രമിച്ചുനോക്കി. ഞാൻ നിരസിച്ചു. അനന്തരം അവർ തമ്മിൽ എന്തൊക്കയോ ആലോചിച്ചു. അതിൽ ഒരാൾ പോയി ഒരു കൈലേസൊടുകൂടി മടങ്ങിവന്നു. അവരിലൊരാൾ എന്നെ പുറകിൽനിന്നും മുറുകെ പിടിച്ചു. മററവൻ ആ കൈലേസ് എൻെറ നാസാദ്വാരത്തിൽ വെച്ച് അമത്തിപ്പിടിച്ചു. ഞാൻ കുറെ നേരം ശ്വാസം അടക്കിനോക്കി. അധികം നേരം ശ്വാസം അടക്കുവാൻ എനിക്കു സാധിച്ചില്ല. കൈലേസിൻെറ ഗന്ധം ഏററപ്പോൾ ഞാൻ ബോധരഹിതയായിത്തീന്നു. എൻെറ തല നേരെ നില്ക്കാതെ ഞാൻ തറയിൽ വീണു. ആ ഘാതകന്മാർ പിന്നെ എന്നെ എന്തു ചെയ്തു എന്ന് എനിക്ക് ഓർമ്മയില്ല. പക്ഷേ എന്നെ അവർ—ലജ്ജാകരം!'

അവൾ പിന്നെയും പൊട്ടിക്കരഞ്ഞു. അതിൽ ഭേദം മരിക്കുകയായിരുന്നു നല്ലതെന്ന് അവൾ തുറന്നു പറഞ്ഞു. ഭൂപനും അതു കേട്ടു സങ്കടപ്പെട്ടു. അയാൾക്കും കണ്ണുനീരിനെ തടുക്കുന്നതിനു സാധിച്ചില്ല. ഭൂപൻെറ ഗണ്ഡങ്ങളിൽകൂടി ബാഷ്പജലം ഉരുണ്ടുചാടി. അവൾ തേങ്ങിത്തേങ്ങിക്കരഞ്ഞു. കുറെ കഴിഞ്ഞു വീണ്ടും അവൾ ആരംഭിച്ചു.

'ബോധം വീണപ്പോൾ ഞാൻ ആ ഇരുട്ടുമുറിയിൽ കിടക്കുകയായിരുന്നു. എൻെറ ദേഹത്തിൽ പല ഭാഗവും മുറിഞ്ഞിരുന്നു. സഹിക്കവയ്യാത്ത വേദനയും തോന്നി. ഉറക്കെ ഞാൻ നിലവിളിച്ചു. ആരും എൻെറ സഹായത്തിനു വന്നുചേന്നില്ല. ഞാൻ മഹാപാപം ചെയ്തിരിക്കണം. ഈശ്വരനുകൂടി കരുണ തോന്നിയില്ല. ഏകദേശം ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ മറെറാരുവൻ ആ അറയിൽ കടന്നുവന്നു. അപ്പോൾ ഞാൻ തറയിൽ കിടക്കുകയായിരുന്നു. അയാൾ എന്നെ വശപ്പെടുത്തുവാൻ നല്ല വാക്കു

പറഞ്ഞുതുടങ്ങി. അതും ഞാൻ അനുസരിക്കുന്ന മട്ടല്ലെന്നു കണ്ടപ്പോൾ ആ ഘാതകൻ എന്നെ പുറത്തേക്കു വലിച്ചിഴച്ചുകൊണ്ടുപോയി. അയാളെ എതിൎക്കുവാൻ എനിക്കു ശക്തിയുണ്ടായിരുന്നില്ല. എന്നെ വലിച്ചു തെരുവിലേക്കു കൊണ്ടുപോയി. അയാൾ എന്നെ എവിടെയോ കൊണ്ടുപോകണമെന്നുദ്ദേശിച്ചിരുന്നു. അപ്പോൾ അവിടെ വന്നുചേൎന്ന മറ്റു ചിലരുടെ ശബ്ദവും സ്വകാൎയ്യം പറയലും ഏതാണ്ടു കേൾക്കാമായിരുന്നു. ആരോ ചിലർ അവിടെ ഒളിച്ചു വന്നിട്ടുണ്ടെന്നും സൂക്ഷിക്കണമെന്നും അതിനാൽ ആ ഗൃഹത്തിലുള്ളതെല്ലാം അവിടെനിന്നു മാററണമെന്നും അവർ പറഞ്ഞതു ഞാൻ കേട്ടു. തെരുവിലേക്ക് എന്നെ അവർ എടുത്തുകൊണ്ടുപോകുമ്പോൾ ഒരു വെടിയുടെ ശബ്ദം കേട്ടു. 'പോലീസു പോലീസ്' എന്നുച്ചത്തിൽ ആരോ വിളിച്ചു പറഞ്ഞു. അപ്പോൾ ആകപ്പാടെ അവിടെ ഒരു കുഴപ്പമായിത്തീൎന്നു. ചിലർ ഉടനെ പുറത്തു ചാടി ഓടി. 'പോലീസുകാർ അകത്തുണ്ട്. ഓടിക്കൊൾവിൻ!' എന്ന് ആരോ വിളിച്ചുപറയുന്നതു ഞാൻ കേട്ടു. ഇതു കേട്ട ഉടനെ എന്നെ വഹിച്ചിരുന്ന ആൾ എന്നെ അടുത്തുള്ള ഒരു കിടങ്ങിലേക്ക് എറിയുകയും എന്നെ കൊല്ലുവാനായി കത്തികൊണ്ട് ഒരു കുത്തു കുത്തുകയും ചെയ്തു. ഇരുട്ടായിരുന്നതിനാൽ ഉദ്ദേശം തെററി ആ കുത്ത് എന്റെ തുടയ്ക്കാണു കൊണ്ടത്. ഉടനെ എതിരെ നിന്ന് ഒരാൾ 'പോലീസു, പോലീസ്' എന്നു വിളിച്ചു പറഞ്ഞുംകൊണ്ട് ഓടിവരുന്നതു കണ്ട് അയാളുടെ പുറകെ എന്നെ കുത്തിയവനും പാഞ്ഞു പൊയ്ക്കളഞ്ഞു. നിങ്ങൾ ദയാപുരസ്സരം എന്നെ ആ കിടങ്ങിൽനിന്നും രക്ഷിച്ചു. നിങ്ങളുടെ ധൎമ്മബുദ്ധി മേലും വിജയിക്കട്ടെ! ശേഷം നിങ്ങൾക്ക് അറിവുള്ളതാണല്ലോ. ഞാൻ എന്നും നിങ്ങളോടു കൃതജ്ഞയായിരിക്കുന്നതാണ്. നിങ്ങളുടെ ബുദ്ധിമുട്ടുകൾക്ക് ഈശ്വരൻ നിങ്ങളെ അനുഗ്രഹിക്കട്ടെ! ഞാൻ മരിക്കുകയായിരുന്നു എനിക്കു നല്ലത്.'

ആ യുവതി പിന്നെ സംസാരിച്ചില്ല. എന്നാൽ കണ്ണുനീർ വാൎത്തുകൊണ്ടിരുന്നു. അവളുടെ ഹൃദയരക്തം വെള്ളമായി ഒലിച്ചതായിരുന്നു ആ കണ്ണുനീർ!

* • * *

സംഭവം നടന്നതിന്റെ പിറേറ ദിവസം വൈകുന്നേരം ചായ കുടിച്ചുകൊണ്ടിരുന്ന സന്ദൎഭത്തിൽ തലേദിവസം പറങ്കിയുമായി ഉണ്ടായ മല്ലുപിടിത്തത്തെപ്പററി വിസ്തരിച്ചു പറയുന്നതിന് അനിലൻ ഭൂപനോടു പറഞ്ഞു.

ഭൂപൻ--അതൊരു നീണ്ട കഥ. എങ്കിലും ചുരുക്കത്തിൽ പറയാം. ഞാൻ അവരുടെ സങ്കേതത്തിൽ പ്രവേശിച്ചതു മുതൽ പറങ്കിക്ക് എന്നെപ്പററി ഏതോ സംശയം ജനിച്ചിരിക്കണം. പണം വീതിച്ച് ഒരു നല്ല സംഖ്യ ഞാൻ എടുത്തപ്പോഴെക്ക് അയാളുടെ സംശയം ദ്വിഗുണീഭവിച്ചു.

അനിലൻ—ഇടയ്ക്കൊന്നു ചോദിച്ചോട്ടെ. ആ ഘാതകന്മാർ കൊടുത്ത പണത്തെപ്പററി നിങ്ങൾ ശൌനിച്ചതേയില്ല. വെറുതെ കുറെ അധികം പണം നിങ്ങൾക്കു നഷ്ടപ്പെട്ടല്ലോ. അതെന്തിന്?

ഭൂപൻ--ഹാ! ഹാ! ഓരോ പോയിൻററിനെപ്പററിയും അറിയാതെ നിങ്ങൾ വിടുകയില്ല. ആകട്ടെ, പറയാം. അതെല്ലാം കള്ളനാണയങ്ങളായിരുന്നു. ഇക്കൂട്ടരെ പിടിക്കുന്നതിന് അതും മറെറാരു വിദ്യയാണ്.

അനിലൻ--ങ്ഹാ! ആ നോട്ടുകളോ?

ഭൂപൻ--അവ കള്ളനോട്ടുകളായിരുന്നു.

അനിലൻ--ഇതൊക്കെ നിങ്ങൾ എവിടുന്നു സമ്പാദിച്ചു? ഇത്ര വളരെ കള്ളനാണയങ്ങളും കള്ളനോട്ടുകളും?

ഭൂപൻ--ഞാനതെല്ലാം ആപ്പീസ്സിൽനിന്നും എടുത്തതാണ്. അവിടെ ഇനിയും ധാരാളമുണ്ട്.

അനിലൻ--ഇങ്ങിനെ സാധുക്കളെ പററിക്കുവാൻ നിങ്ങളുടെ ആപ്പീസ്സിൽ കള്ളനോട്ടുകളും കള്ളനാണയങ്ങളും ശേഖരിച്ചു വെച്ചിട്ടുണ്ടോ?

ഭൂപൻ--എയ് അങ്ങിനെയല്ല, അതെല്ലാം പലപ്പോഴും തൊണ്ടിയായി പല സ്ഥലത്തുനിന്നും എടുത്തിട്ടുള്ളവയാണ്. ഇങ്ങിനെയുള്ള പല ആവശ്യങ്ങളും അതുകൊണ്ടു് ഉണ്ടാകും. വിശേഷിച്ച് ഒരു രഹസ്യപോലീസുകാരൻ എന്തെല്ലാം വിദ്യയെടുത്താലാണ് ഒരു കേസ്സു തെളിവിൽ വരുന്നതു്? ആലോചിച്ചു നോക്കുക.

അനിലൻ--മനസ്സിലായി.

ഭൂപൻ--നാം വിഷയം വിട്ടു സംസാരിച്ചുപോയി. കഥ തുടരട്ടെ. നിങ്ങളുടെ (എൻെറ മാർവാറിസ്നേഹിതൻെറ) പക്കൽനിന്നും തട്ടി എടുത്ത മുതൽ പങ്കിട്ടന്നതിനുശേഷം ആ ഘാതകന്മാർ എന്നെ കുടിക്കുന്നതിനു നിശ്ചയിച്ചു. ഞാനൊരു രജപുത്ര

നാകയാൽ ചാരായം ഉപയോഗിക്കുന്ന പതിവില്ലെന്നു പറഞ്ഞു ഞാൻ നിരസിച്ചു. ഇതുകേട്ടു പറങ്കി എൻെറ മുഖത്തെക്കു സൂക്ഷിച്ചുനോക്കി. പറങ്കി ഉടനെ ഒരു ഭൃത്യനെ വിളിച്ചു കഞ്ചാവുചിലമ്പി കൊണ്ടുവരുവാൻ ആജ്ഞാപിച്ചു. എന്നോടു കഞ്ചാവു കുടിക്കുവാൻ ആവശ്യപ്പെട്ടു. ഇതും ഉപകാരസ്മരണാപൂർവ്വം ഉപേക്ഷിക്കേണ്ടിവന്നു. ഞാൻ ധൂമപാനത്തിൽ വൈമനസ്യം പ്രദർശിപ്പിച്ചതും പറങ്കിക്കു രസകരമായില്ല. അയാൾ പിന്നെയും എന്നെ സൂക്ഷിച്ചു നോക്കിക്കൊണ്ടിരുന്നു. അയാളുടെ കണ്ണുകൾ രണ്ടു തീക്കട്ടകൾപോലെ പ്രകാശിച്ചു. അയാൾക്ക് എന്നെപ്പററി എന്തോ സംശയം ജനിച്ചിട്ടുള്ളതായി അയാളുടെ മുഖഭാവത്തിൽനിന്നും ഞാൻ മനസ്സിലാക്കി. അവിടെ ഇരുന്നാൽ കൊള്ളുകയില്ലെന്നു ഞാൻ തീർച്ചപ്പെടുത്തി. സൂത്രം വല്ലതും പറഞ്ഞ് അയാളുടെ അടുക്കൽനിന്നും പോകണമെന്ന് ഉദ്ദേശിച്ചു പലതും ആലോചിച്ചുനോക്കി. എനിക്കു മാർവാറിയെ കാണണമെന്നും കൂടുതൽ പണത്തിനു മാർവാറിയുടെ എന്തെങ്കിലും ഒരു ബന്ധുവിൻെറ പേർക്ക് ഒരെഴുത്തെഴുതി വാങ്ങിക്കണമെന്നും മററും പറഞ്ഞു ഞാൻ എഴുന്നേററു. ഞാൻ എഴുന്നേററു മാർവാറി കിടക്കുന്ന മുറിയിലേക്കു നടക്കുവാൻ ഭാവിക്കുമ്പോൾ പുറകിൽനിന്നും ഒരു കടുവായെപ്പോലെ പറങ്കി എൻെറ മേൽ ചാടി വീണുകഴിഞ്ഞു. ഞാനെത്ര അപായകരമായ പിടിയിലായിരുന്നു അകപ്പെട്ടിരുന്നതു് എന്നു നിങ്ങൾ കണ്ടതാണല്ലോ. എന്നാൽ ഒരു ഗുണം കിട്ടി. അതായതു മററാ ആൾ അവിടെ ഇല്ലായിരുന്നു. കഞ്ചാവു കൊണ്ടുവരുന്നതിന് അല്പം മുമ്പായിട്ടു ഖാൻസാഹിബ്ബ് അവിടെനിന്നും പുറത്തെക്കെവിടെയോ പോയിരുന്നു. ഖാൻസാഹിബ്ബ് പക്ഷെ ആ യുവതിയെ അന്വേഷിച്ചു പോയിരിക്കാം. എന്തായാലും ഭഗവാൻെറ കരുണ! എന്നേ പറവാനുള്ളു.

അനിലൻ--അവരെ എന്തു ചെയ്യുവാനാണു നിങ്ങൾ ഉദ്ദേശിക്കുന്നതു്?

ഭൂപൻ--അവർക്ക് എല്ലാവർക്കും വാറണ്ടു് എൻെറ പക്കലുണ്ടു്. അതിൽ ആദ്യമായി സുജനനെ അറസ്റ്റ് ചെയ്യണമെന്നു ഞാൻ വിചാരിക്കുന്നു.

അനിലൻ--ആദ്യം സുജനനെ എന്തിന് അറസ്റ്റ്ചെയ്യുന്നു?

ഭൂപൻ--സുജനനെ അറസ്റ്റ് ചെയ്താൽ മററുള്ളവരെ ഒക്കെത്തന്നെ പിടിക്കുവാനും അവരുടെ രഹസ്യങ്ങൾ അറിയുവാനും എളുപ്പമുണ്ട്.

അനിലൻ--അയാളെ ആദ്യമായി അറസ്റ്റ് ചെയ്യുന്നതുകൊണ്ട് എന്തു പ്രയോജനം? അതു പ്രിയനു വലിയ മനോവേദനയെ ഉണ്ടാക്കിത്തീക്കും. പണ്ഡിതർ ഖാൻസാഹിബ് മുതലായവരിൽ ആരെയെങ്കിലും ആദ്യം പിടികൂടുക. അതുകൊണ്ട് ഉദ്ദേശം സാധിക്കുന്നതാണ്. സുജനൻെറ കൂട്ടുകാരെ അറസ്റ്റ് ചെയ്തതിനു ശേഷം ആവശ്യമുണ്ടെന്നു കണ്ടാൽ സുജനനേയും അറസ്റ്റ് ചെയ്യാമല്ലൊ. സുജനൻ ലേശവും അറിവില്ലാത്ത ഒരു കാട്ടുകാളയാണ്. അയാൾ ചോരനല്ല.

ഭൂപൻ--അയാൾ ചോരനേക്കാൾ ഹീനനാണ്. ആകട്ടെ നിങ്ങളുടെ ആഗ്രഹംപോലെയാവാം.

അനിലൻ--അങ്ങിനെ ചെയ്യുന്നതുകൊണ്ടു കേസ്സിനു വല്ല ന്യൂനതയും വരുമെന്നുള്ള പക്ഷം അങ്ങിനെ ചെയ്യണമെന്നു ഞാൻ പറയുന്നില്ല. എനിക്കു പ്രിയനെപ്പററിയല്ലാതെ സുജനനെപ്പററി യാതൊരു താല്പയ്യവുമില്ല. സുജനനെ അറസ്റ്റ് ചെയ്യുന്നതു പ്രിയൻെറ നിലയെ ഒന്നുകൂടി താഴ്ത്തുന്നതായിരിക്കും. തൻെറ നേരെ സഹോദരൻ കവച്ചക്കാരനും കള്ളനും ആയിതീന്നു ശിക്ഷ അനുഭവിക്കുന്നതു പ്രിയനുതന്നെ എത്ര കുറച്ചിൽ വരുത്തിവെക്കുന്നതാണ്!

ഭൂപൻ--അതെല്ലാം വാസ്തവം. പക്ഷെ എനിക്കു നിവൃത്തിയില്ല.

അനിലൻ--ആ സംഘത്തെ മുഴുവൻ ഒന്നോടെ പിടിക്കുന്നതിനു നിങ്ങൾക്കു സാധിക്കുമോ?

ഭൂപൻ--അതു് ഒരു വിഷമമുള്ള സംഗതിയാണ്. അവർ താമസം മാററും, ഇപ്പോൾതന്നെ മാററിക്കാണും. അവർ സംഘം പിരിഞ്ഞു വേഷപ്രച്ഛന്നന്മാരായി ഒററതിരിഞ്ഞു നടന്നു കഴിച്ചുകൂട്ടും. അതുകൊണ്ടു കുറെ കാലതാമസം വന്നേക്കാം. അതുകൊണ്ടു പരസ്യമായ ഒരന്വേഷണം കൂടാതെ കഴിക്കണമെന്നായിരുന്നു എൻെറ വിചാരം. പക്ഷെ അതു പററിയില്ല. ഇനി അടങ്ങി ഇരിക്കുവാൻ നിവൃത്തിയുമില്ല. ഞാൻ വിചാരിച്ചിരുന്നതുപോലെ പററിക്കുവാൻ തരപ്പെടാത്തതിൽ ഞാൻ കുണ്ഠിതപ്പെടുന്നുണ്ട്.

ഭൂപൻെറ ഊഹം ശരിയായിരുന്നു എന്നു നമ്മുടെ വായനക്കാരോടു പറയേണ്ടതായിട്ടുണ്ട്. പണ്ഡിതരും ഖാൻസാഹിബ്ബും സുജനൻെറ വസതിയിൽ ഇരിക്കുമ്പോൾ ഒരാൾ ധൃതിപ്പെട്ട് ഓടിവന്നു പറങ്കിയെ പോലീസുകാർ പിടികൂടിയ വൎത്തമാനം അവരെ അറിയിച്ചു. അവർ മൂന്നുപേരും അവരവരുടെ രക്ഷയെപ്പററി ഭയപ്പെട്ടു. ദീൎഘാലോചനയുടെ ഫലമായി ഖാൻസാഹിബ്ബ് താടിയും മീശയും കളഞ്ഞു പൂണൂലിട്ടു ബ്രാഹ്മണവേഷം ധരിച്ചു നടക്കണമെന്നും പണ്ഡിതർ മീശയും താടിയുംവെച്ചു തൊപ്പിയുമിട്ടു മഹമ്മദനായി വേഷം മാറി നടക്കണമെന്നും തീൎച്ചപ്പെടുത്തി. രാത്രിയായാൽ അവർ ഒരു സങ്കേതത്തിൽ ഒന്നിച്ചുകൂടണമെന്നും എന്നാൽ ഓരോ ദിവസം ഓരോ സ്ഥലത്തായിരിക്കണം അവർ കൂടുന്നതെന്നും എല്ലാം വളരെ രഹസ്യമായിരിക്കണമെന്നും കുറെ ദിവസത്തേക്കു യാതൊരു കൊള്ളയും കൊലയും കൂടാതെ കഴിച്ചുകൊണ്ടു പോലീസുകാരുടെ അനന്തരകൃത്യത്തെപ്പററി സൂക്ഷിച്ചുകൊണ്ടിരിക്കണമെന്നും അവർ തീൎച്ചപ്പെടുത്തി. അവരുടെ സിൽബന്തികളിൽ ചിലരെ തീവണ്ടി കയററി തീൎത്ഥയാത്രക്കാരായിട്ടു ദൂരദേശങ്ങളിലേക്ക് അയച്ചു. കുറെ ദിവസത്തേക്ക് അവരുടെ കൂട്ടുകെട്ടൊന്നും കൂടാതെ ഒഴിഞ്ഞുമാറി നില്ക്കുന്നതാണു നല്ലതെന്നു സുജനൻ വിചാരിച്ചു. എന്നാൽ കൂട്ടുകാരെ മുഷിപ്പിച്ചെങ്കിലോ എന്നു വിചാരിച്ചു തൻെറ ആ രഹസ്യോദ്ദേശം സുജനൻ അവരോടു തുറന്നുപറഞ്ഞുമില്ല. പണ്ഡിതർ മുതലായവരെ പിരിച്ചുവിടുവാനും വെച്ചുകൊണ്ടിരിക്കുവാനും രണ്ടും സുജനനു വിഷമമായി തോന്നി. അവർ ആ ദിവസത്തെ ശപിക്കുകയും പറങ്കിയുടെ സ്ഥിതിയെപ്പററി അനുതപിക്കുകയും പറങ്കിയിൽനിന്നും അവരുടെ രഹസ്യങ്ങൾ വല്ലതും വെളിയിൽ പോയേക്കുമോ എന്നു ഭയപ്പെടുകയും ചെയ്യാതിരുന്നില്ല.

പണ്ഡിതർ--ഖാൻസാഹിബ്ബ്! നിങ്ങളൊരു മടയനാണ്! അല്ലെങ്കിൽ ഒരപരിചിതനെ വിശ്വസിച്ചു പറങ്കിയെ തനിയെ വിട്ടു നിങ്ങൾ പോരുമായിരുന്നോ?

ഖാൻസാഹിബ്ബ് തൻെറ തെററിനെ സമ്മതിച്ച് ഇങ്ങിനെ ക്ഷമാപണം ചെയ്തു.

'ക്ഷമിക്കുക. ആ യുവതിയെപ്പററി സുജനബാബുവിനെ അറിയിക്കുവാനായി ഞാൻ പോന്നതാണ്.'

പണ്ഡിതർ--എന്നാൽ ആ യുവതിയെ കൂടെ കൊണ്ടുവരാതിരു ന്നാതെന്തുകൊണ്ട്? ഒരു മഹമ്മദന്റെ ചുണ ഇത്രയേയുള്ളുവെ ന്നു ഞാനറിയും. കാളയിറച്ചി തിന്നു തിന്ന് അവന്റെ തല ച്ചോറിന്നു ജീവസ്സില്ല.

ഇതു ഖാൻസാഹിബ്ബിന്നു രസിച്ചില്ല. അയാൾ കോപംകൊ ണ്ടു ജ്വലിച്ചു. ഛീ! പന്നി! മിണ്ടരുത്. ഒരു മഹമ്മദൻ കുറു ക്കനെപ്പോലെ സൂത്രക്കാരനല്ലായിരിക്കാം. എന്നാൽ സിംഹ ത്തെപ്പോലെ ധീരനാണ്.

പണ്ഡിതർ -അതെ· സുജനബാബുവിന്റെ ഗേററിൽ വെച്ചിരി ക്കുന്ന ആ ശിലകൊണ്ടുള്ള സിംഹത്തെപ്പോലെ.—

അവർ തമ്മിൽ അടിവീഴുമെന്ന ഘട്ടത്തിലെത്തി. സുജനൻ ഇടയിൽ പ്രവേശിച്ച് ഇങ്ങിനെ പറഞ്ഞു:---

'പൊതുവിലുള്ള ഒരത്യാപത്തു നേരിട്ടിരിക്കുന്ന ഈ ഘട്ട ത്തിൽ നാം തമ്മിൽ കലഹിക്കുന്നതു നന്നല്ല. നാം തമ്മിൽ ഭി ന്നിപ്പു് ഒരിക്കലും പാടില്ല.'

അവർ പെട്ടെന്നു ശാന്തന്മാരായി. അന്യോന്യമുള്ള ന്യൂനത കൾ അവർ കാണാത്തതുകൊണ്ടോ കലഹിക്കുവാൻ വിഷയമി ല്ലാത്തതുകൊണ്ടോ അവർ അടങ്ങിയതല്ല. സുജനൻ പറഞ്ഞതു കേട്ടു പെട്ടെന്നു സ്വയരക്ഷയെപ്പററിയുള്ള ചിന്ത അവരിൽ കട ന്നുകൂടിയതുകൊണ്ടായിരുന്നു അവർ ക്ഷമിച്ചുകളഞ്ഞത്.

സുജനൻ--ഇന്നുമുതൽ പണ്ഡിതരുടെ പേർ നൂർമഹമ്മദ് എ ന്നും ഖാൻസാഹിബ്ബിന്റെ പേർ ഹോരുതാക്കൂർ എന്നും പറ ഞ്ഞുകൊള്ളണം. കുറെ ദിവസത്തേക്കു നാം തമ്മിൽതന്നെ കാണാതിരിക്കുന്നതു കൊള്ളാം. പോലീസുകാർ നമ്മെ തിര ഞ്ഞു നടക്കുന്നുണ്ടായിരിക്കും. നാം അധികം കാണാതിരിക്കു ന്നെങ്കിൽ അത്രക്കു നന്നു.

സുജനന്റെ അഭിപ്രായത്തെ പണ്ഡിതരും ഖാൻസാഹി ബ്ബും സമ്മതിച്ചു. ഒളിച്ചുനടക്കുന്ന സമയത്തേക്കുള്ള അവരുടെ ചിലവു സുജനൻ വഹിക്കണമെന്ന് അവർ അഭിപ്രായപ്പെട്ടതി നെ സുജനൻ സമ്മതിക്കേണ്ടിവന്നു.

സുജനൻ--എന്നാൽ ആ യുവതിയെവിടെ?

ഖാൻസാഹിബ്ബ്--വൈകീട്ട് എട്ടുമണിക്ക് അവളെ ഇവിടെ കൊ ണ്ടുവരുന്നതിന് ഇസ്മെയിലിനോടും അഹമ്മദിനോടും പറഞ്ഞു്

ഏല്പ്പാടുചെയ്തിട്ടാണു ഞാൻ പോന്നതു്. അവർ സമ്മതിച്ചിരുന്നു. അവർ ഇപ്പോൾ എവിടെ എന്നു് എനിക്കു് അറിവില്ല.

പണ്ഡിതർ--ഇത്തരം കഴുതയെ ഞാൻ ഒരിക്കലും കണ്ടിട്ടില്ല. അവളെ ഇഷ്ടംപോലെ അനുഭവിച്ചിട്ടു സൌകര്യമുള്ളപ്പോൾ കൊണ്ടുവരുവാൻ പറയാമായിരുന്നു!

ഖാൻസാഹിബ്ബ്--അവർ എന്നോടു വിശ്വാസവഞ്ചന ചെയ്യുകയില്ല. വളരെ കാലമായിട്ടു് അവരെ ഞാൻ അറിയും. ഇതുവരെയായിട്ടും അവർ എന്നെ ചതിച്ചതായി ഒററസംഗതിപോലും ഞാനോക്കുന്നില്ല.

പണ്ഡിതർ--ഹാ! ഹാ! വിശ്വാസവും സത്യവും! നിങ്ങൾ നമ്മളുടെ ഇടയിൽ ഭക്തിയെപ്പററിയും സത്യത്തെപ്പററിയും പ്രസംഗിച്ചുകൊള്ളുക! ങ്ഹാ!

ഖാൻസാഹിബ്ബിനു് ഇതുകേട്ടു കോപം വന്നു. എന്നാൽ ഒന്നും സംസാരിച്ചില്ല.

പണ്ഡിതർ--അതു പോകട്ടെ, മററു ഗൌരവപ്പെട്ട കാര്യങ്ങൾ എന്തെല്ലാം കിടക്കുന്നു! പ്രിയകുമാരൻെറ വസ്തുവകകൾ പണയപ്പെടുത്തുന്ന സംഗതിക്കു് ആധാരം എല്ലാം എഴുതിത്തീർന്നിരിക്കുകയാണു്. അതു് ഉടനെ രജിസ്റ്റർ ചെയ്യണം. സുജനബാബു ഞങ്ങളുടെ രക്ഷയെ പ്രത്യേകം കരുതണം. സുജനബാബുവിൻെറ ആവശ്യത്തിനാണു നാം ഇങ്ങിനെ ഒക്കെ ചെയ്യുവാൻ തെയ്യാറാകുന്നതു്. രജിസ്റ്റർ ചെയ്യുമ്പോൾ അയ്യായിരം നമ്മുടെ കൈവശം വേണം. കൂടാതെ ഒപ്പിടുന്ന ആൾക്കും പണയക്കാരനും ഒരു നല്ല സംഖ്യ വല്ലതും കൊടുക്കേണ്ടതായും ഉണ്ടു്. സംഗതി നടന്നുകഴിഞ്ഞാൽ പ്രിയൻെറ കഥ തീർത്തുകളയണം. ഖാൻസാഹിബ്ബ്! ഭൂപനെ ഹിംസിക്കുന്ന ഭാരം നിങ്ങൾ കയ്യേല്ക്കണം, അയാളും മരിച്ചേ മതിയാവൂ. കുറച്ചുനാളായി നമുക്കു വേണ്ടാത്ത ഉപദ്രവങ്ങൾ എല്ലാം വരുത്തിക്കൊണ്ടിരിക്കുന്നതു് ആ ഭൂപനാണു്. കുറെ നാളായി ഭൂപൻ നമ്മളുടെ പിന്നാലെ പിന്തുടന്നു വരികയാണു്. ആ പറങ്കിയെ വെടിവെച്ചതു നിശ്ചയമായും അയാൾതന്നെ. ആ കള്ളനു് അതു കിട്ടേണ്ടതുതന്നെ. ബുദ്ധിയില്ലാത്ത ഒരു കാട്ടുപോത്തു്!

ഖാൻസാഹിബ്ബ്--പണ്ഡിതരേ! നിങ്ങൾ ഒരാൾ മാത്രമേ ബുദ്ധിമാനായിട്ടുള്ളു!

പണ്ഡിതർ—ഹാ! അതിനെപ്പറ്റി എന്തു സംശയം?

ഇനിയും വല്ല കലഹവും ഉത്ഭവിച്ചെങ്കിലോ എന്നു ഭയന്നു സുജനൻ ഇങ്ങിനെ ഇടപെട്ടു:—

'ആ യുവതിയെ കാണാതെ പോയെങ്കിൽ ഭാഗ്യമായിപ്പോയി. വിചാരണയിൽ പലതും തെളിഞ്ഞേക്കാം. അതു കൂടാതെ കഴിയുമല്ലൊ. ഞാനാവിഷയമേ വിട്ടു. ലക്ഷം പേർ വേണമെങ്കിൽ തെയ്യാർ! പിന്നെ ഈ വയ്യാവേലി പത്തിനൊന്നു പലിശക്ക വാങ്ങിക്കണമോ?'

പണ്ഡിതർ—സുജനൻ ബുദ്ധിപൂർവ്വമായി സംസാരിക്കുന്നു. പക്ഷെ പോലീസുകാരെപ്പറ്റിയുള്ള ഭയമാണ് അങ്ങിനെ ആക്കിത്തീർത്തു്.

പണ്ഡിതർ ചിരിച്ചു.

പണ്ഡിതർ പറഞ്ഞതു് അസത്യമായിരുന്നില്ല. പോലീസുകാർ അവരുടെ ഗൃഹം പരിശോധിച്ച വർത്തമാനം കേട്ട ഉടനെ സുജനൻെറ മനസ്സിൽ അതിയായ ഭീതി കേറി. അയാളുടെ ദേഹംതന്നെ കുറേശ്ശ വിറയ്ക്കുവാൻ തുടങ്ങി. അറസ്റ്റിനെപ്പറ്റി സുജനൻ ഭയപ്പെട്ടിരുന്നതിനാൽ കൂട്ടുകാരെ കഴിയുന്നതും വേഗത്തിൽ ഒഴിച്ചുവിടണമെന്നു് അയാൾ കരുതി. തൻെറ രക്ഷക്കു വല്ല മാർഗ്ഗവും ആലോചിക്കണമെന്നു സുജനൻ നിശ്ചയിച്ചു.

'കല്ക്കത്തയിൽനിന്നും പോയാലോ? പാടില്ല. അപ്പോൾ പോലീസുകാർ കൂടുതൽ സംശയിക്കും എന്നല്ല അന്വേഷിച്ചു പുറകെ വന്നു പിടികൂടും. ഇവിടെതന്നെ താമസിച്ചേക്കാം. പക്ഷെ സൂക്ഷിക്കണം. ഗൃഹംവിട്ടു് ഞാൻ പുറത്തു പോകുകയില്ല. പ്രിയനോടു് ഇഷ്ടമായിരിക്കാം. പ്രിയൻ ഉണ്ടെങ്കിൽ എന്നെ ആരും അറസ്റ്റു് ചെയ്യുകയില്ല. പ്രിയൻ എൻെറ സഹോദരൻ! അയാൾ എന്നെ രക്ഷിക്കാതെയിരിക്കുകയില്ല. തടവിൽ താമസം! ഹാ! ഭയങ്കരം! ഭയങ്കരം!'

സുജനൻ നടുങ്ങി. അയാളുടെ അധരങ്ങൾ ഉണങ്ങുകയാൽ ഉടനെ അടുത്തു വെച്ചിരുന്ന ഒരു ഗ്ലാസു 'ലിക്കർ' എടുത്തു കുടിച്ചു. അതു് ഉടനെ തലയ്ക്കു പിടിച്ചു. അയാൾക്കുണ്ടായിരുന്ന ഭയം നീങ്ങി.

'ഭയപ്പെടുവാനെന്തു്? ഒന്നുമില്ല. ഒന്നുമില്ല. പണം കൈയുണ്ടല്ലൊ. പണമുള്ളപ്പോൾ ആരെ ഭയപ്പെടുന്നു?' എന്നു സുജനൻെറ ക്ഷീണിച്ച തലച്ചോറു് ഉന്നന്നവശായി.

* * * *

യുവതിയുടെ മൊഴി റിക്കാർട്ടാക്കിയതിനുശേഷം ആശുപത്രിയിൽനിന്നും ഭൂപൻ വൈകിട്ടു മടങ്ങി ഗൃഹത്തിലെത്തി. അസ്വാ

സ്ഥ്യം ധാരാളം അയാളുടെ മനസ്സിനെ ബാധിച്ചിരുന്നു. ഗൃഹത്തിൽ വന്നപ്പോൾ അനിലൻ അവിടെ ഇരുന്നു് ഒരു ബങ്കാളി നോവൽ വായിച്ചുകൊണ്ടിരിക്കുന്നതു ഭൂപൻ കണ്ടു. ഭൂപൻ ഒന്നും സംസാരിക്കാതെ ഒരു കസാലയിൽ കിടന്നു. മുഖം എന്തോ, മങ്ങിക്കണ്ടതിനാൽ വിശേഷമെന്തെന്നു് അനിലൻ ചോദിച്ചു. ആ യുവതിയെപ്പററിയുള്ള ചരിത്രം മുഴവൻ അനിലനോടു ഭൂപൻ പറഞ്ഞു കേൾപ്പിച്ചു. ആ ദയനീയമായ കഥ കേട്ടു് അനിലനും തപിച്ചു. രണ്ടു സ്നേഹിതന്മാരും കുറെ നേരം മൌനമായിരുന്നു.

'ലോകം അന്ധകാരമയം. ആപത്തുകളും അപകടങ്ങളും ധാരാളം. ഈ ലോകത്തിൽ താമസത്തിനു കൊള്ളുകയില്ല' എന്നു് അനിലൻ ചിന്തിച്ചു.

ഭൂപൻ ഇങ്ങിനെ പെട്ടെന്നു പറഞ്ഞു:—

'അനിലൻ! ആ യുവതിയെ വീണ്ടെടുക്കുവാൻ കൊള്ളാമോ?'

അനിലൻ—നിശ്ചയമായും. എന്തു കുററമാണുള്ളതു്? ആ യുവതി യാതൊരു കുററവും ചെയ്തിട്ടില്ലല്ലോ. അവൾ യാതൊരു മഹാപാപവും ചെയ്തിട്ടില്ല, സ്വന്തം മനസ്സാക്ഷിക്കു വിപരീതമായി നിർബ്ബന്ധിപ്പിച്ചു് ഒരാളെക്കൊണ്ടു് ഒരു പ്രവൃത്തി ചെയ്യിക്കയാണെങ്കിൽ ചെയ്ത ആൾ കുററക്കാരനാണോ? ബലാൽക്കാരം പ്രവൃത്തിച്ചതുകൊണ്ടു് അവളുടെ സദാചാരനിഷ്ഠക്കു വല്ല ഹാനിയും വന്നുപോയിട്ടുണ്ടോ?

ഭൂപൻ—നമ്മുടെ സമുദായം അവളെ സ്വീകരിക്കുകയില്ല. അതാണു വൈഷമ്യം.

അനിലൻ—അതുതന്നെയാണു സമുദായദൂഷ്യം. ഒരു അന്ധവിശ്വാസം നിലനിന്നുവരുന്നു എന്നുള്ളതുകൊണ്ടു് ആ നടപ്പു് എന്നതു് അതിനു രക്ഷയായി വരുവാൻ പാടില്ല.

ഭൂപൻ—അവളുടെ ചാരിത്രത്തിനു ഹാനി വന്നതോ?

അനിലൻ—ഈ മാതിരി സംഗതികളിൽ അതു ഗൌനിക്കേണ്ടതല്ല. ആപത്തിൽ പാപമില്ല. ഈ മാതിരി കാര്യങ്ങളിൽ മററു സമുദായക്കാർ നമ്മേക്കാൾ ഔദാര്യമുള്ളവരാകുന്നു. പരിശുദ്ധമായ ക്ഷേത്രത്തിൽ കിടന്നു വല്ല മൃഗവും ചത്തു ക്ഷേത്രം അശുദ്ധിപ്പെടുകയാണെന്നു വെക്കുക. അതിനു് ആ ക്ഷേത്രത്തിലെ പ്രതിഷ്ഠയെ ആരും കുററം പറയുന്നില്ല. യഥാർത്ഥത്തിൽ വിഗ്രഹത്തിനു് ഒരശുദ്ധിയും ബാധിച്ചിട്ടില്ല. പിന്നെ ആചാരം! വിഗ്രഹത്തെ ആരും പിഴുതുകളയുന്നില്ല. അശുദ്ധിപരിഹാരം ചെയ്തു ശരിയാക്കുകയാകുന്നു പിന്നത്തെ ക്രിയ.

# ഏഴുപത്തഞ്ചാം അദ്ധ്യായം.

---

മധുവിധു.

ആന്നു (1)'ഏൾസജ്ജിയം' രാത്രിയായിരുന്നു. അന്നായിരുന്നു ആദ്യമായി ബാലേന്ദ്രൻ പുതിയ വധുവിനോടു ചേരേണ്ടതായ ദിവസം.

ഈ രാത്രിയാണു യുവാക്കന്മാരുടെ യുവമനോരാജ്യലത പുഷ്പിക്കുന്നതു്. അന്നാണു യുവാക്കന്മാരുടെ പണിതീൎന്ന ആശാസൌധത്തിലേക്കുള്ള ഗൃഹപ്രവേശം. രണ്ടു യുവഹൃദയങ്ങൾ തമ്മിൽ പരമാനന്ദത്തിന്റെ മറുകരകണ്ടു ലയിക്കുന്ന സുവൎണ്ണാവസരം അതുതന്നെ. രണ്ടു ദിവസത്തിനു മുമ്പു യാതൊരു ചുമതലയും ഭാരവും ഇല്ലാതെ സ്വതന്ത്രമായിരുന്ന ജീവിതം ഒരു വലിയ ഭാരം താങ്ങിത്തുടങ്ങുന്നതായ ശുഭമുഹൂൎത്തം ആ രാത്രിയിലാകുന്നു. ആ ദാമ്പത്യഭാരം സന്തോഷമായിട്ടും സന്താപമായിട്ടും കലാശിച്ചേക്കാം. എന്നാൽ ആ അവസരത്തിൽ ഹൃദയം തുടിക്കാത്ത യുവാവോ യുവതിയോ ഇല്ല. ആ യുവഅധരങ്ങളെ സ്പൃശിക്കുന്ന ദാമ്പത്യചഷകത്തിൽ ദിവ്യാമൃതമോ കാകോളമോ ആയി വന്നേക്കാം.

എന്നാൽ ബാലേന്ദ്രനു് ആ മാതിരി വികാരങ്ങളൊ അസ്വാസ്ഥ്യമോ ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. ബാലേന്ദ്രനു് അതെല്ലാം ധാരാളം മുമ്പേതന്നെ അനുഭവിച്ചു പരിചയപ്പെട്ടിരുന്നതായിരുന്നു. അയാൾ ആവശ്യപ്പെട്ടതു സുഖാനുഭവമായിരുന്നു. അതിനദ്ദേഹം തെയ്യാറായും കഴിഞ്ഞു. ബാലേന്ദ്രൻ തന്റെ യൌവ്വനത്തോടു യാത്രപറഞ്ഞിട്ടു കുറെ നാളുകൾ കഴിഞ്ഞിരിക്കുന്നു.

എന്നാൽ ആ യുവതിയായ കൃഷ്ണവേണി ഭയംകൊണ്ടു ചഞ്ചലയായിരുന്നു.

ജാനുവരിയും മേയും എന്നപോലെയായിരുന്നു അവരുടെ വിവാഹമെന്നു പരക്കെ ജനങ്ങൾ സംസാരിച്ചു. വാസ്തവവും അങ്ങിനെയായിരുന്നു. തന്റെ കരപല്ലവങ്ങൾ ബാലേന്ദ്രന്റെ കരങ്ങളെ ഗ്രഹിച്ച നിമിഷം മുതൽ അവർ ഭാൎയ്യാഭൎത്താക്കന്മാരാ

---

(1). വിവാഹം കഴിഞ്ഞ മൂന്നാം ദിവസം രാത്രി ഭാൎയ്യാഭൎത്താക്കന്മാർ ചേരുന്നതായ മാതിരം.

യി എന്നുള്ള വസ്തുത കൃഷ്ണവേണി അറിയാതെയിരുന്നില്ല. അന്നു മുതൽ ശാസ്ത്രപ്രകാരവും ആചാരപ്രകാരവും അവൾ ബാലേന്ദ്രന്റേതായിത്തീൎന്നു. ഒരു ഭാൎയ്യ എന്ന നിലയിൽ അവൾ ബാലേന്ദ്രനു കടപ്പെട്ടുമിരുന്നു. എന്നാൽ മതവും ആചാരവും നിഷ്കൎഷിക്കുന്ന അവളുടെ കൎത്തവ്യബോധത്തോട് അവളുടെ വികാരങ്ങൾ എതൃത്തുനിന്നു. അതു് ഒരു യഥാൎത്ഥവിവാഹമല്ലായിരുന്നു എന്നു മനസ്സാക്ഷി അവളെ ഉപദേശിച്ചു. അതു് ഒരു ഹീനമായ ചടങ്ങായിരുന്നു! പണത്തിനുവേണ്ടിമാത്രം ഒരു വൃദ്ധന്റെ ദുർമ്മോഹദേവതക്ക് അവളെ ബലികഴിക്കുകയായിരുന്നു ആ വിവാഹമെന്നു് അവൾ മനസ്സിലാക്കിയിരുന്നു. അപ്രകാരമുള്ള അപ്രാകൃതമായ ബന്ധത്തെ കഴിവുള്ളവിധം എതൃക്കേണ്ടതു് തന്റെ കൎത്തവ്യമാണെന്നു് അവൾ ഉറച്ചു. സമുദായവും നിയമവും ആചാരവും അനുവദിക്കുന്നതുകൊണ്ടു മാത്രം ഒരു കിഴവന്റെ ദുർമ്മോഹത്തിനു കീഴടങ്ങുവാൻ നിവൃത്തിയില്ലെന്നായിരുന്നു അവളുടെ അഭിപ്രായം. അപ്രകാരമുള്ള ഒരു ബന്ധം സദാചാരത്തിനും മതത്തിനും നേർ വിപരീതമെന്നു് അവളുടെ യുക്തിക്കു തോന്നിയിരുന്നു. അവളുടെ ഹൃദയം വെറുത്തിരുന്ന ഒരു വിഷയത്തിൽ അവളുടെ ഹിതം നോക്കാതെ അവൾ നിർബ്ബന്ധിതയായതിനാൽ വന്നുകൂടിയ ആപത്തായിരുന്നു അതെന്നും അവൾക്കറിയാമായിരുന്നു. അതിനാൽ ആ വൃദ്ധന്റെ ദുർമ്മോഹത്തിനും ദുരാഗ്രഹത്തിനും എതിരായി നിന്നു പ്രവൎത്തിക്കുന്നതിനു് അവൾ തീൎച്ചപ്പെടുത്തി. അതു സമുദായദൃഷ്ടിയിൽ ഹീനമായി തോന്നിയേക്കാമെങ്കിലും അവൾ കീഴടങ്ങിയാൽ ദൈവസന്നിധിയിൽ അവൾ കുററക്കാരിയായി തീരുന്നതാണെന്നു് അവൾ വിശ്വസിച്ചു. ഈ വിഷയത്തിലുള്ള അനാവശ്യനിർബന്ധം അനുചിതമെന്നവൾക്ക് അഭിപ്രായമുണ്ടായിരുന്നു. സമ്മതിക്കുന്ന പക്ഷവും ജീവിതം കഷ്ടതരംതന്നെ. തന്റെ വിവാഹത്തെപ്പററി കൂടുതൽ വിചാരിക്കുന്തോറും കൂടുതലായി പല വികാരങ്ങളും ഉദിച്ചുകൊണ്ടിരുന്നു. അവളുടെ ഹൃദയം വീണ്ടും നിരാശയിൽ ലയിച്ചു. എത്രതന്നെ അപ്രകൃതവും അനുചിതവുമായിരുന്നെങ്കിലും ആ വിവാഹത്തിന്റെ അനന്തരഫലത്തെ അവൾ എങ്ങനെ എതൃത്തുനില്ക്കും? അവൾ ഒരു സമാധാനവും കണ്ടില്ല. ധാരധാരയായി അവളുടെ നയനങ്ങളിൽനിന്നും കണ്ണുനീർ ഒഴുകി.

മാതാപിതാക്കന്മാരും രക്ഷാകൎത്താക്കന്മാരും ഈ മാതിരി ബ

ലികഴിച്ചിട്ടുള്ള ബാലികമാർ സമുദായത്തിലെത്രയെത്ര? ഉദ്ദേശങ്ങൾ പലതാവാം, പക്ഷേ ഫലം എല്ലാത്തിനും ഒന്നുതന്നെ. ഉദ്ദേശങ്ങൾ വ്യത്യാസപ്പെട്ടിരുന്നാലും ഫലത്തിൽ ഒരു വ്യത്യാസം കാണുകയില്ല. എത്ര യുവതികളാണു ജീവിതം മുഴുവൻ ഇങ്ങിനെ നരകിച്ചു കഴിച്ചുകൂട്ടുന്നതു്? അവരുടെ സന്താപകരമായ നിശ്ശബ്ദജീവിതം ആരുമറിയാതെ കഴിഞ്ഞുകൂടുന്നു. കഷ്ടപ്പെടാനായി അവരെ തള്ളിവിടുകയാണു ചെയ്യുന്നതു്. എന്നിട്ടും ഈ മാതിരി കാൎയ്യങ്ങളിൽ അവരുടെ അഭിപ്രായമോ ആഗ്രഹമോ അറിവാൻ ആരും ശ്രമിക്കുന്നുമില്ല.

'എന്നെ എന്തിനു മഹാരാജാവിനു വിവാഹം ചെയ്തുകൊടുത്തു? എൻെറ ഇഷ്ടത്തിനൊ ആവശ്യത്തിനൊ അല്ല. അവരുടെ പ്രത്യേകകാൎയ്യസാദ്ധ്യത്തിനു്. അവരുടെ ആ ദുരാഗ്രഹത്തെ സഹായിപ്പാൻ ഞാൻ തെയ്യാറില്ല. എൻെറ അമ്മ ജീവിച്ചിരിപ്പുണ്ടെങ്കിൽ എന്നെ ഈ മാതിരി ബലികഴിക്കുവാൻ ഒരിക്കലും അവർ സമ്മതിക്കുന്നതല്ലായിരുന്നു. അമ്മയില്ലാത്ത ഒരുവൾതന്നെയാണു മഹാനരകം അനുഭവിക്കുന്നതു്. എൻെറ ഹൃദയം വേദനിക്കുന്നു. ആരോടു് എൻെറ സന്താപത്തെ അറിവിക്കേണ്ടു? ഞങ്ങൾ—സ്ത്രീജാതിതന്നെ—ദുഃഖിക്കുവാൻ പക്ഷേ ജനിച്ചവരായിരിക്കാം. എനിക്കതു വിചാരിക്കുവാൻകൂടി വയ്യ' എന്നു കൃഷ്ണവേണി തന്നെത്താൻ ചിന്തിച്ചു.

* * * * * * * *

രാത്രി ഏകദേശം പത്തുമണി സമയമായി. കൃഷ്ണവേണി ബാലേന്ദ്രഭൂഷണൻെറ കിടപ്പുമുറിയിൽ ഇരുന്നിരുന്നു. ആ മുറിയിൽ ശരറാന്തൽ അതിദീപ്തിയോടുകൂടി പ്രകാശിച്ചുകൊണ്ടിരുന്നു. ആ മുറി പലവിധപുഷ്പങ്ങളെക്കൊണ്ടും മററു അലങ്കാരസാധനങ്ങളെക്കൊണ്ടും അലങ്കരിച്ചിരുന്നു. ആ അടിയന്തരത്തിനു നല്ല നല്ല പുഷ്പങ്ങൾ ഒരു പ്രധാനവിഷയമായിരുന്നു. കൃഷ്ണവേണിയും പല ആഭരണങ്ങളെക്കൊണ്ടും പുഷ്പങ്ങളെക്കൊണ്ടും അലംകൃതയായി കാണപ്പെട്ടു. അവൾ കഴുത്തിൽ ഒരു നല്ല വലിയ മുല്ലമാലയണിഞ്ഞിരുന്നു. അവളുടെ കട്ടിക്കാപ്പും പുഷ്പംകൊണ്ടുണ്ടാക്കിയതായിരുന്നു. ആഭരണങ്ങൾ എല്ലാംതന്നെ കുസുമങ്ങൾകൊണ്ടുണ്ടാക്കുന്നതാണു് ആ അടിയന്തരത്തിനു് ഒരു പ്രത്യേകവിശേഷം. ആ മുറിയുടെ മാൎബിൾതറ മുഴുവൻ സുഗന്ധമേറിയ കുസുമങ്ങൾ വിരിച്ചിരുന്നു!

ഇതിനെപ്പററി എല്ലാം നിഷ്കൎഷിക്കുന്നതിനു ബാലേന്ദ്രനു ഗൃഹത്തിൽ സ്ത്രീകളാരും ഉണ്ടായിരുന്നില്ല. അയാളുടെ ഭാൎയ്യ മരിച്ചുപോയിരുന്നു. അയാളുടെ അമ്മയോ സഹോദരിയോ ജീവിച്ചിരിപ്പുണ്ടായിരുന്നില്ല. മകന്റെ ഭാൎയ്യ എവിടെക്കോ ഒളിച്ചോടിപ്പൊയ്ക്കളഞ്ഞു. അതുകൂടാതെ ബാലേന്ദ്രന്റെ ബന്ധുക്കളിൽ യുവതികളാരുംതന്നെ ആ ഗൃഹത്തിൽ വന്നു താമസിക്കുന്നതിനു വിസമ്മതിക്കത്തക്കവണ്ണം മഹാരാജാവിന്റെ കീൎത്തി നാടെങ്ങും പരന്നിരുന്നു! എന്നാൽ മഹാരാജാവിന്റെ അകന്ന ബന്ധുവായ ഒരു വൃദ്ധ മാത്രം അവിടെ താമസിച്ചിരുന്നെങ്കിലും അവളിൽ ഈ വക ഭാരം മുഴുവൻ ചുമത്തുവാനും നിവൃത്തിയില്ലായിരുന്നു. അതുകൊണ്ടു ബാലേന്ദ്രൻ സുരയുടെ സഹായം ആവശ്യപ്പെട്ടു. അവൾ ആദ്യം വിസമ്മതിച്ചെങ്കിലും മകളുടെ ഭൎത്താവിന്റെ ഹിതം അനുസരിക്കാതെയിരിപ്പാൻ തരമില്ലാത്തതുകൊണ്ട് ഒടുവിൽ സുര സമ്മതിച്ചു. അവൾ ബാലേന്ദ്രന്റെ സുഖസൌകൎയ്യങ്ങളെപ്പററി ശൌനിക്കാതെയിരുന്നാൽ പിന്നെ ആരു ശൌനിക്കുന്നു? സുരക്കു വിസമ്മതിക്കുവാൻ നിവൃത്തിയില്ലായിരുന്നു. അതുകൊണ്ടു സുര ബാലേന്ദ്രന്റെ കൊട്ടാരത്തിൽ വന്ന് ആ അടിയന്തരത്തിനു വേണ്ട ഒരുക്കങ്ങൾ ചെയ്തുതുടങ്ങി. ആനന്ദൻ അതിൽ സന്തോഷിച്ചതേയുള്ളു. ബാലേന്ദ്രഭ്രഷ്ടനെ സ്വാധീനമാക്കുന്നതിനു സുരയും ആനന്ദനും വേണ്ടതു് ഉത്സാഹിച്ചുകൊണ്ടിരുന്നു. ബാലേന്ദ്രന്റെ കൊട്ടാരത്തിൽ വന്നു താമസിക്കുന്നതിന് അതു് അവൎക്കു ഒരു നല്ല അവസരം നൽകി. കൃഷ്ണവേണി ആ ഗൃഹത്തിൽ തനിയേ താമസിക്കുവാൻ വയ്യാത്തവണ്ണം ചെറുപ്പവുമായിരുന്നു. കുറെ ദിവസം സുര അവിടെ തന്നെ താമസിക്കണമെന്നായിരുന്നു ബാലേന്ദ്രന്റെ അപേക്ഷ. ബാലേന്ദ്രന്റെ സന്തോഷത്തിന് അതിരില്ലായിരുന്നു.

ബാലേന്ദ്രൻ മന്ദം മന്ദം ആ മുറിയിൽ പ്രവേശിച്ചു. ആ വിശേഷപ്പെട്ട മുഹൂൎത്തത്തിനു തെയ്യാറായിട്ടായിരുന്നു മഹാരാജാവിന്റെ വരവു്. ഉള്ള തലമുടി മിനുക്കിവെച്ചിരുന്ന മഹാരാജാവിന്റെ കഷണ്ടിത്തല ആകൃതം കാണാമായിരുന്നു. അദ്ദേഹത്തിന്റെ മേൽമീശ തൈലമിട്ടു മിനുക്കിയും വാസനസെന്റു തേച്ചു സുഗന്ധം പിടിപ്പിക്കയും ചെയ്തിരുന്നു. വക്കത്തു കസവുള്ള ഒന്നാന്തരം ഡാക്കാ മസ്ലിൻ ആയിരുന്നു ബാലേന്ദ്രൻ ധരിച്ചിരുന്നതു്. ദേഹത്തിൽ ഒരു പട്ടുപഞ്ചാബി ഷൎട്ടിട്ടിരുന്നു. കൈവിരലിൽ തിളങ്ങിപ്രകാശിച്ചുകൊണ്ടിരുന്ന ഒരു വജ്രമോതിരവും ക

യ്യിൽ പിടിച്ചിരുന്ന റോസാപ്പൂവും ബാലേന്ദ്രനു പ്രത്യേകം കൌതുകമുള്ളവയായിരുന്നു. തനിക്കു യൌവ്വനം നശിച്ചിരുന്നതായ ചിന്ത ബാലേന്ദ്രനിൽ ഉണ്ടായിരുന്നില്ല.

ബാലേന്ദ്രൻ വന്നു കൃഷ്ണവേണിയുടെട്ടു സമീപത്തു നിന്നു. ആ സാധു പെൺകുട്ടി ഭയംകൊണ്ടു വല്ലാതെ ഞെട്ടി. അവൾ ഭിത്തിയിലേക്കു നോക്കി. ഭിത്തിയിൽ വെച്ചിരുന്ന നിലക്കണ്ണാടിയിൽ അവളുടെ ദേഹം പ്രതിഫലിച്ചുകണ്ടു. അപ്പോൾ ഒരു ഭയങ്കരരൂപം ധരിച്ചിരുന്നതുപോലെ അവൾക്കു തോന്നി. ലജ്ജിച്ച് അവൾ മാർബിൾതറയിലേക്കു നോക്കിക്കൊണ്ടിരുന്നു.

ബാലേന്ദ്രൻ സാവധാനത്തിൽ അവളുടെ മുഖം ഉയർത്തി. ആ കോമളമായ മുഖം അയാൾക്ക് ആനന്ദത്തെ ചൊരിഞ്ഞു. അയാൾ സാവധാനത്തിൽ അവളുടെ മുഖത്തിട്ടിരുന്ന ; പുഷ്പാവരണത്തെ മാററുകയും കയ്യിൽ ഇരുന്ന റോസാപുഷ്പത്തെ അവളുടെ തലമുടിയിൽ തിരുകുകയും ചെയ്തു. കൃഷ്ണവേണിയുടെ ഹൃദയനാഡി അതിശക്തിയായി അടിക്കുവാൻ തുടങ്ങി.

ബാലേന്ദ്രൻ അയാളുടെ അധരങ്ങളെ അവളുടെ അധരങ്ങളോടു സമീപിപ്പിച്ചു. ഉടനെ അവൾ എഴുന്നേററു മുഖം തിരിച്ചുകളഞ്ഞു. ആ നിരസനം മഹാരാജാവിൻെറ മനസ്സിനെ ഒന്നുകൂടി ഇളക്കിത്തീർത്തു. ബാലേന്ദ്രഭൂഷണൻ തൻെറ കൈകളെ കൃഷ്ണവേണിയുടെ വക്ഷസ്സിൽ വെച്ചു. അവൾ അയാളുടെ കയ്യിന് ഒരു തട്ടു കൊടുത്തു. പരിചയമില്ലാത്ത ഒരു യുവതിയുടെ ലജ്ജാസന്താനമാണെന്നു ബാലേന്ദ്രൻ സമാധാനപ്പെട്ടു. അയാൾ പിന്നേയും സാന്ത്വനവാക്കുകൾ ഉച്ചരിച്ചുകൊണ്ട് അവളോട്ട് അടുത്തു.

'ഓമനേ! നീ ഭയപ്പെടേണ്ട. ഞാൻ നിന്നെ യാതൊരു വിധത്തിലും ഉപദ്രവിക്കുന്നവനല്ല. ഞാൻ നിൻെറ ഭർത്താവും നീ എൻെറ ഭാര്യയുമല്ലെ?'

കൃഷ്ണവേണിക്ക് ഇതു കേട്ടിട്ട് ഒരു ഭാവഭേദവും ഉണ്ടായില്ല. കൃഷ്ണവേണിയുടെ ഉള്ളിൽ സുരബാല തള്ളിക്കേററിയിരുന്ന ഉപദേശങ്ങളും നിർദ്ദേശങ്ങളും എല്ലാം അവൾ മറന്നു. ഭർത്താവിനോടു പെരുമാറേണ്ട സമ്പ്രദായവും ഭർത്താവിനെ സ്നേഹിക്കേണ്ട വിധവും എല്ലാസംഗതികളിലും അയാളെ അനുസരിക്കേണ്ടതും എല്ലാം സുരബാല ഒന്നൊഴിയാതെ കൃഷ്ണവേണിയെ ഉപദേശിച്ചിരുന്നു.

ബാലേന്ദ്രൻ അവളെ ഭുജലതകൾക്കുള്ളിൽ ആക്കുവാൻ ശ്രമിച്ചപ്പോൾ അവൾ അയാളെ അതിശക്തിയായി പുറകോട്ടു തള്ളിയതിനാൽ മഹാരാജാവു കിടക്കയിലേക്കു മറിഞ്ഞു വീണുപോയി! ഇതു കണ്ടുകൊണ്ടു് ആ മുറിയുടെ ജന്നൽപഴുതിൽക്കൂടി പ്രകാശിച്ചിരുന്ന രണ്ടു കണ്ണുകൾ ബാലേന്ദ്രന്റെ ദൃഷ്ടിയിൽ പെട്ടു. അടുത്ത നിമിഷത്തിൽ ഹാ! ഹാ! എന്നു് ഉറക്കെ ഒരു ചിരിയും എങ്ങും മുഴങ്ങി!

ബാലേന്ദ്രൻ ജന്നലിലേക്കു നോക്കിയപ്പോൾ സുരബാല അവിടെ നില്ക്കുന്നതായി കണ്ടു. ഒരുദ്ദേശത്തോടുകൂടിയ ഒരു മന്ദഹാസം അവളുടെ മുഖത്തു സ്ഫുരിച്ചിരുന്നു. മേലാലെന്തു ചെയ്യണമെന്നറിയാതെ മഹാരാജാവു അമ്പരന്നു. കൃഷ്ണവേണിയിൽ ബലം ഉപയോഗിച്ചിട്ടു കാൎയ്യമില്ലായിരുന്നു. അവൾ ആരോഗ്യവും തന്റേടവും ചൊടിയുമുള്ളവളായിരുന്നു. ബാലേന്ദ്രൻ കുടിച്ചു തലക്കുവെളിവില്ലാത്തവനുമായിരുന്നു. കൃഷ്ണവേണിയുടെ മുറിയിൽ പ്രവേശിക്കുന്നതിനു മുമ്പുതന്നെ അയാൾ ബ്രാണ്ടി ഒരു ഡോസു കഴിച്ചിരുന്നു. ബാലേന്ദ്രൻ അവളുടെ അനുസരണയില്ലായ്മയിൽ മുഷിഞ്ഞു് അവളുടെ തുടക്കിട്ടു് ഒരു ചവുട്ടുകൊടുത്തു. കൃഷ്ണവേണി ആലിലപോലെ വിറച്ചു.

ഈ സമയത്തു സുര ആ മുറിയിലേക്കു കടന്നുചെന്നു. അവൾ കൃഷ്ണയെ പിടിച്ചു പുറത്തേക്കു തള്ളിവിട്ടു. ബാലേന്ദ്രനെ പിടിച്ചു മാറ്റി. ഇങ്ങിനെ പറഞ്ഞു:—

'മഹാരാജാവേ! ദേഷ്യപ്പെടേണ്ട. അവൾക്കു ലജ്ജ വിട്ടിട്ടില്ല. അവിടത്തെ വിലയും നിലയും അറിയുന്നതിനുള്ള ശക്തി അവൾക്കില്ല. ചെറുപ്പമല്ലേ? അവിടുന്നുതന്നെ അല്പം ക്ഷമിക്കുക. അവൾ അവിടുത്തെ തന്നെയാണല്ലോ. താമസിയാതെ അവൾ ഇണങ്ങി വരും.'

'എന്നാൽ പകരം എനിക്കൊരാൾ വേണം'

'അതിനു വിഷമമില്ല'.

'ഹാ! ഭവതി ഒരപൂൎവ്വസൃഷ്ടിതന്നെ'

* * * * * * * *

'തേൻ നിറഞ്ഞൊഴുകുന്ന വികസിച്ച സുഗന്ധകുസുമത്തെ വിട്ടിട്ടു ഗന്ധലേശമില്ലാത്ത മൊട്ടിനെ അന്വേഷിക്കുന്ന ഞാൻതന്നെ വിഡ്ഢി! ഞാൻ തന്നെ വിഡ്ഢി!' എന്നു ബാലേന്ദ്രഭ്രഷ്ടൻ തന്നെത്താൻ പറഞ്ഞു.

—ooooo—

# എഴുപതാറാം അദ്ധ്യായം.

## അപ്രത്യക്ഷയായ യുവതി.

കൃഷ്ണവേണി അനുസരിക്കാതെയും വഴങ്ങാതെയും തീൎന്നപ്പോൾ ബാലേന്ദ്രഭൂഷണൻ തന്റെ 'മധുവിധു' ആസ്വദിക്കുന്നതിനു മറെറാരു നല്ല ഉപായം കണ്ടുപിടിച്ചു. നിരാശയോടുകൂടി തന്റെ കൊട്ടാരത്തെ വിട്ടു സുരയോടുകൂടി താമസിക്കുന്നതിന് ഉദ്യാനത്തിലുള്ള ബങ്കളാവിലേക്കു മഹാരാജാവു പുറപ്പെട്ടു. ആനന്ദൻ ഇതറിഞ്ഞു; എന്നാൽ കോപവും കുണ്ഠിതവുമുണ്ടാകേണ്ടതിനു പകരം അയാൾ ഒളിഞ്ഞുനിന്നു ചിരിക്കുകയാണു ചെയ്തതു്. ഈശ്വരൻ അയാൾക്ക് അനുകൂലമാണെന്ന് അയാൾ വിചാരിച്ചു. മേലാൽ കൃഷ്ണവേണിയുടെ അടുക്കൽ അയാൾക്കു സ്വാതന്ത്ര്യമായി പ്രവേശിക്കാനും ആ വഴിക്ക് അവളെ സ്വാധീനമാക്കാനും തരപ്പെട്ടേക്കുമെന്നായിരുന്നു ആനന്ദന്റെ വിചാരം. അയാളുടെ ഭാഗ്യസരണി റോസാപ്പൂക്കൾ നിറഞ്ഞിരിക്കുന്നതായി അയാൾ കണ്ടു. ധനസമ്പാദനത്തിനും സുഖാനുഭവത്തിനും ഉള്ള അവസരം ആസന്നമായിരുന്നതായി ആനന്ദൻ സ്വപ്നം കണ്ടു. ഒററ വെടിക്കു രണ്ടു പക്ഷികളെ വീഴിക്കുവാനുള്ള അവസരമാണതെന്നു വിചാരിച്ച് ആനന്ദൻ സന്തോഷിച്ചു. സുരബാലയെ ഒഴിച്ചുവിടുന്നതിന് അയാളുടെ ഭാഗ്യം ഉണ്ടാക്കിക്കൊടുത്തതാണ് ആ സൌവൎണ്ണാവസരമെന്നു വിചാരിച്ചപ്പോൾ ആനന്ദന്റെ ഹൃദയം സന്തോഷത്തിൽ നൃത്തംവെച്ചു.

എന്നാൽ കൃഷ്ണവേണി എങ്ങിനെയിരിക്കുന്നു? അവളെപ്പോലെ നരകം അനുഭവിച്ചിരുന്ന ഒരു ബാലിക ഭൂമിയിലില്ലെന്നായിരുന്നു അവളുടെ വിചാരം.

നേരം മദ്ധ്യാഹ്നസമയം. കൃഷ്ണവേണി അവളുടെ മുറിയിൽ ഇരിക്കുകയായിരുന്നു. ഏകാന്തവാസത്തെപ്പററി അവൾ കുണ്ഠിതപ്പെട്ടുകൊണ്ടിരുന്നു. അവൾ ആകാശത്തു നോക്കിക്കൊണ്ടു പല മനോരാജ്യങ്ങൾ വിചാരിച്ച് ഇരിക്കുകയായിരുന്നു. ആകാശത്ത് അകലെയായി പറക്കുന്ന ഒരു പക്ഷി ഒരു കറുത്ത പൊട്ടുപോലെ അവളുടെ അക്ഷിക്കു ലക്ഷീഭവിച്ചു. സ്വാതന്ത്ര്യമായി ഉല്ലാസത്തോടെ പറക്കുന്ന ആ പക്ഷിയോടുകൂടി ചേൎന്നാൽക്കൊള്ളാമെന്ന് അവൾക്കു തോന്നി.

ഈ അവസരത്തിൽ ആ മുറിയുടെ ഒരു വാതിൽ തുറന്നു പതുക്കെ അകത്തേക്ക് ഒരു യുവതി കടന്നുവന്നു; ആ യുവതിക്കു കൃഷ്ണവേണിയോളം തന്നെ പ്രായം തോന്നിയിരുന്നെങ്കിലും സൌന്ദൎയ്യത്തിൽ കൃഷ്ണവേണിയെക്കാൾ കൂടുതൽ മേന്മയുണ്ടായിരുന്നു. ആ യുവതി കാലടികളുടെ ശബ്ദം കേൾപ്പിക്കാതെ കൃഷ്ണവേണിയുടെ സമീപത്തു വന്ന് ഇങ്ങിനെ മൃദുസ്വരത്തിൽ സംഭാഷണം ആരംഭിച്ചു.

'സഹോദരി! നിങ്ങൾക്കു സൌഖ്യംതന്നെയോ?'

കൃഷ്ണവേണി അതിശയത്തോടുകൂടി ആ വിചാരിച്ചിരിക്കാത്ത ചോദ്യം കേട്ടു തിരിഞ്ഞുനോക്കി.

'അല്ലാ ലതിയോ? നിങ്ങൾ ഇവിടെ എങ്ങിനെ വന്നു?'

ലതി—പതുക്കെ സംസാരിക്കുന്നതു കൊള്ളാം. ഞാനെല്ലാം പറയാം.

കൃഷ്ണ—നിങ്ങൾ ഇവിടെ കടന്നുവന്നതു് എങ്ങിനെയെന്നു ആദ്യമായി പറയുക.

ലതി—ഞാൻ ഈ ഗൃഹത്തിൽതന്നെ താമസിക്കുന്നു.

കൃഷ്ണ—ഈ ഗൃഹത്തിലോ? അതു കൊള്ളാമല്ലൊ.

ലതി—എന്തുകൊണ്ടു്?

കൃഷ്ണ—ഇത്ര ദിവസമായിട്ടും ഞാൻ നിങ്ങളെ കണ്ടില്ലല്ലോ.

ലതി—ഞാനൊളിച്ചുതാമസിക്കുകയാണ്. മഹാരാജാവ് ഇവിടെയുള്ളപ്പോൾ പുറത്തിറങ്ങരുതെന്നു് എൻെറ അമ്മൂമ്മ പറഞ്ഞിട്ടുണ്ടു്.

കൃഷ്ണ—അദ്ദേഹത്തിൻെറ ദൃഷ്ടിയിൽനിന്നും ഒളിച്ചെങ്ങിനെ താമസിക്കും?

ലതി—ഞങ്ങളുടെ താമസം താഴത്തു നിലവറയിലാണ്.

കൃഷ്ണ—നിലവറയിലോ?

ലതി—അതെ. ഈ ഗൃഹത്തിൽ ഭൂമിക്കടിയിലായി മൂന്നുനാലു നിലവറകൾ ഉണ്ടു്. നിങ്ങൾക്ക് ഇഷ്ടമുണ്ടെങ്കിൽ ഒരുദിവസം ഞാൻ കൂട്ടിക്കൊണ്ടുപോയി അതെല്ലാം കാണിക്കാം. എന്നാൽ എൻെറ അമ്മൂമ്മ അനുവദിക്കാതെ ഒന്നും നിവൃത്തിയില്ല.

കൃഷ്ണ—നിങ്ങളുടെ അമ്മൂമ്മയാരാണ്?

ലതി—എൻെറ അമ്മൂമ്മ എൻെറ അമ്മൂമ്മയാണ്.

കൃഷ്ണ—അതു കൊള്ളാം. രാത്രി നിങ്ങൾ എവിടെ കഴിച്ചുകൂട്ടുന്നു?

ലതി — ഈ കൊട്ടാരത്തിൽതന്നെ പല കഴിഞ്ഞ മുറികളുണ്ട്. അതിലൊന്നിലാണു ഞങ്ങൾ രാത്രി കിടക്കുന്നത്

കൃഷ്ണ — പല രഹസ്യങ്ങളും അതിൽ അനുഭവിച്ചിട്ടുണ്ടെന്നു തോന്നുന്നല്ലൊ. എന്തെങ്കിലുമാകട്ടെ; ഞാനതിനെപ്പററി ഒന്നും നിങ്ങളോടു ചോദ്യംചെയ്തു വിഷമിപ്പിക്കുന്നില്ല. നിങ്ങളുടെ സ്വന്തമനസ്സാലെ പറയാമെങ്കിൽ പറയുക.

ലതി — എനിക്കുതന്നെ ആ രഹസ്യങ്ങൾ മുഴുവൻ മനസ്സിലായിട്ടില്ല. എൻെറ അമ്മൂമ്മ പറയുന്നതിനെ ഞാൻ കേൾക്കും. എനിക്കത്രയേ രൂപമുള്ളു.

കൃഷ്ണ — ങ്ഹാ! നിങ്ങളുടെ അമ്മൂമ്മയുമായി എന്നെ പരിചയപ്പെടുത്താമോ? ഞാനിവിടെ തനിയെ ഇരുന്നു നരകിക്കുകയാണ്. അവരതിന്നു വിരോധം പറയുമെന്നു തോന്നുന്നില്ല.

ലതി — അതു ഞാൻ ചോദിക്കാം.

നിങ്ങളെ മഹാരാജാവിന്നു വിവാഹം ചെയ്തുകൊടുത്തിരിക്കുകയാണല്ലേ?

കൃഷ്ണ — അതെ; എന്നാൽ എന്നിൽനിന്നും നിങ്ങളൊന്നും ഭയപ്പെടേണ്ടെന്നു ഞാൻ ഉറപ്പുപറയുന്നു.

ലതി — അതെനിക്കറിയാം.

കൃഷ്ണ — നാം പിരിഞ്ഞതിൽപിന്നെയുള്ള നിങ്ങളുടെ ചരിത്രം കേൾക്കട്ടെ.

ലതി — അതൊരു നീണ്ട കഥയാണ്. എങ്കിലും പറയാം.

താരയുടെ ഗൃഹത്തിൽവെച്ചായിരുന്നു കൃഷ്ണവേണിയും ലതിയും തമ്മിൽ കണ്ടുമുട്ടിയതു്. സുംബാലയോടുകൂടി കൃഷ്ണ താരയുടെ ഗൃഹത്തിൽ കൂടക്കൂടെ വന്നുകൊണ്ടിരുന്നു. അവിടെ വന്നു ലതിയോടുകൂടിച്ചേൻ കൃഷ്ണ കളിക്കുകയും അവർ തമ്മിൽ സഹോദരീനിർവ്വിശേഷമായ സ്നേഹം വദ്ധിക്കുകയും ചെയ്തുവന്നു. ലതിയുടെ സ്ഥിതിയെപ്പററി കൃഷ്ണക്കു് അന്നേതന്നെ അനുകമ്പ തോന്നിയിരുന്നു. അവളെ സഹായിക്കുന്നതിനു് അന്നു കൃഷ്ണക്കു യാതൊരു നിവൃത്തിയുമില്ലായിരുന്നു.

കൃഷ്ണവേണി — ഇതുവരെയും നിങ്ങൾ എവിടെയായിരുന്നു?

ലതി — ഞാൻ ഇവിടെ കടന്നുവന്നതിൽ ഭയപ്പെടുവാൻ വല്ലതുമുണ്ടോ?

കൃഷ്ണ — അശേഷമില്ല.

ലതി—കൊള്ളാം; എന്നാൽ എൻെറ ചരിത്രം കേട്ടുകൊള്ളുക. പക്ഷെ ചുരുക്കത്തിൽ പറയാം. എൻെറ ചെറുപ്പകാലത്തെപ്പററി ഞാനധികം ഒന്നും ഓൎമ്മിക്കുന്നില്ല. എൻെറ അമ്മയേയും അച്ഛനേയും എനിക്കു കണ്ടോൎമ്മയില്ല. ഞാനെൻെറ അമ്മൂമ്മയോടുകൂടി കാശിനഗരത്തിൽ താമസിച്ചുവന്നു. ഒരിക്കൽ എൻെറ അമ്മൂമ്മ എന്നെ വിശ്വസ്തയായ ഭൃത്യവശം ഏൽപ്പിച്ചിട്ടു തീൎത്ഥയാത്രയ്ക്കായി പുറപ്പെട്ടു. ആ ഭൃത്യയായ വൃദ്ധ എന്നെ നല്ലവണ്ണം സ്നേഹിച്ചിരുന്നു. എൻെറ അമ്മൂമ്മ തിരിച്ചുവന്നതു പിന്നെ ഒരു കൊല്ലം കഴിഞ്ഞതായിരുന്നു. ആ വൃദ്ധ എന്നെയും കൊണ്ടു കല്ക്കത്തയിൽ വന്നു താമസമുറപ്പിച്ചു. തന്തോനിയാവിൽ ഞങ്ങൾ താമസിക്കുന്ന കാലത്തു രാത്രി കള്ളന്മാർ വന്ന് എൻെറ വാ പൊത്തിപ്പിടിച്ചു എന്നെ എടുത്തുകൊണ്ടുപോയി താരയുടെ ഗൃഹത്തിൽ താമസിപ്പിച്ചിരുന്നതും മററും ഞാൻ പറഞ്ഞിട്ടുള്ളതാണല്ലൊ. താര എന്നോട് എത്ര മൃഗീയമായവിധമാണു പെരുമാറിവന്നതെന്നും ആ നീചയായ കുലടയുടെ വ്യാമോഹങ്ങൾക്കു ഞാൻ കീഴടങ്ങാത്തതുകൊണ്ട് എന്നെ അവൾ എത്രമാത്രം കഷ്ടപ്പെടുത്തിയെന്നും ആ ദയനീയസ്ഥിതിയിൽനിന്നും രക്ഷപ്പെടുവാനായി ഞാനൊരുദിവസം തനിയെ തെരുവിലിറങ്ങി ഓടിപ്പോകുമ്പോൾ വഴിയിൽവെച്ചു കണ്ട രണ്ടു മാന്യന്മാർ എന്നെ രക്ഷിച്ചതും എല്ലാം നിങ്ങൾ അറിഞ്ഞിട്ടുള്ള സംഗതികളാണ്. ഞാൻ ആ മാന്യന്മാരോടുകൂടി പോകുന്ന അവസരത്തിൽ (കുറച്ചു ദൂരം പോയപ്പോൾ) ഒരു കൂട്ടം ഘാതകന്മാർ വന്നു ഞങ്ങളെ ആക്രമിക്കുകയും ആ രണ്ടുപേരേയും മുറിവേല്പിച്ചിട്ട് അവർ എന്നെ എടുത്തുകൊണ്ടുപോകുകയും ചെയ്തു. ഭയംകൊണ്ടു ഞാൻ ബോധരഹിതയായിത്തീൎന്നു. അവരുടെ സങ്കേതത്തിലേക്ക് എന്നെ കൊണ്ടുപോയി. താരയുടെ ഗൃഹത്തെക്കാൾ ഭയങ്കരമായ ഒരു സ്ഥലമായിരുന്നു അത്. ഗുലാബി എന്നു പേരായ ഒരു സ്ത്രീ എന്നെ സൂക്ഷിക്കുന്നതിനു നിയോഗിക്കപ്പെടുകയും ചെയ്തു. ആ ഗുലാബി താരയുടെ കിടക്കാരിതന്നെ ആയിരുന്നു. എന്നാൽ കൂടുതൽ ക്രൂരയുമായിരുന്നു.

കൃഷ്ണ—പിന്നെ?

ലതി—കുറെ ദിവസത്തേക്ക് അവിടെ ഞാൻ ബന്തവസ്സിൽ താമസിച്ചു.

കൃഷ്ണ—എന്നിട്ട്?

ലതി—ഒരുദിവസം രാത്രി ഏകദേശം പന്ത്രണ്ടുമണിക്ക് ഒരപരിചിതയായ സ്ത്രീ എന്റെ മുറിയിൽ കടന്നുവരികയും എന്നോട് അവളുടെ കൂടെ ചെല്ലുന്നതിന്നു പറയുകയും ചെയ്തു. ഇങ്ങിനെ ഞാൻ ആ സ്ത്രീയുടെ കൂടെ പുറത്തിറങ്ങി. ആ സ്ത്രീ എന്നെ രക്ഷിച്ചു. അല്ലായിരുന്നെങ്കിൽ ഞാൻ ആ നിലവറയിൽ കിടന്നു മരിച്ചുപോകുമായിരുന്നു.

കൃഷ്ണ—ഭയങ്കരം! ഭയങ്കരം!

ലതി—തെരുവിൽ വന്നു നോക്കിയപ്പോൾ ആ സ്ത്രീ എന്റെ അമ്മൂമ്മതന്നെയാണെന്നു മനസ്സിലായി. എന്റെ സന്തോഷത്തിന് അതിരില്ലായിരുന്നു. ഞാൻ എന്റെ അമ്മൂമ്മയുടെ മടിയിൽ ചാടിക്കയറി. അമ്മൂമ്മ എന്റെ ആപത്തുകളെപ്പററി നന്നെ വ്യസനിച്ചു.

കൃഷ്ണ—ഹാ! എന്തുമാത്രം ബുദ്ധിമുട്ടി!

ലതി—മറെറാരാൾ ഒരു വണ്ടിയുമായി ഞങ്ങളെ കാത്തുനിന്നിരുന്നു. അയാളുടെ പേർ ഹരിചരണൻ എന്നായിരുന്നു. ഹരിചരണനും അമ്മൂമ്മയും കൂടി എന്നേയും വണ്ടിയിൽ കയററി ഒരു മണിക്കൂർകൊണ്ട് എല്ലാവരും താമസസ്ഥലത്തു എത്തിച്ചേർന്നു.

കൃഷ്ണ—പിന്നെ?

ലതി—ആ ഗൃഹത്തിൽ മിക്കസമയവും ഞാൻ തനിച്ചിരുന്നിരുന്നു. എന്റെ അമ്മൂമ്മ ഗൃഹത്തിൽ താമസിക്കുന്നതേ ചുരുക്കം. രാത്രിയിലും ഊണുസമയത്തും കഴിച്ച് അവരെ ഗൃഹത്തിൽ കാണ്മാൻ പ്രയാസം. അമ്മൂമ്മ സാധാരണ മിക്ക സമയവും ഗംഗാതീരത്തു തപവും ജപവുമായി കഴിച്ചുകൂട്ടിവന്നു. ഹരിചരണൻ സ്വന്തംവക പല കാര്യങ്ങൾക്കും ആയി പുറത്തായിരിക്കും. ഒരുദിവസം ഞാൻ തനിയെ വീട്ടിലിരിക്കുമ്പോൾ ഒരന്ധനായ പിച്ചക്കാരൻ ധർമ്മത്തിന്നു വിളിച്ചു നിലവിളിച്ചു. അവനു വിശപ്പുസഹിക്കുവാൻ വയ്യെന്നും അല്പം ചോറുവല്ലതും കൊടുത്താൽ കൊള്ളാമെന്നും യാചിച്ചു. മൂന്നുനാലുദിവസമായി അവൻ യാതൊരാഹാരവും കഴിച്ചിട്ടെന്നു ദയനീയസ്വരത്തിൽ പറഞ്ഞു. എനിക്കു ദയവുതോന്നി പുറത്തേക്കു വന്നു. എന്നാൽ ഞാൻ വാതിൽ തുറന്ന ഉടനെ ആ അന്ധനായ യാചകൻ എന്നെ ബ

ലാൽക്കാരമായി കേറിപ്പിടിച്ചു!

കൃഷ്ണ—നിങ്ങളുടെ ചരിത്രം ഭയങ്കരം തന്നെ.

ലതി—അനന്തരം രണ്ടുമൂന്നുപേർ നാലുവഴിക്കും ഓടിവന്നു് എന്റെ വാ പൊത്തിപ്പിടിച്ചു് എന്നെ എടുത്തു് അവക്കുവേണ്ടി കാത്തുനിന്നിരുന്ന ഒരു വണ്ടിയിലാക്കി ഓടിച്ചുപോകുകയും ചെയ്തു.

കൃഷ്ണ—സീതാപഹരണംപോലെയായി. ആ പരിശുദ്ധയും ധീരധീരയുമായ സീതയെപ്പോലെ നിങ്ങളും ഭവിക്കട്ടെ.

ലതി—വണ്ടിയിൽവെച്ചു ഞാൻ നിലവിളിക്കുവാൻ ശ്രമിച്ചുനോക്കി. എന്നാൽ വായിൽ അവർ ശീല തിരുകിയിരുന്നതിനാൽ ശബ്ദം പുറത്തേക്കു വന്നില്ല.

കൃഷ്ണ—സഹോദരി! നിങ്ങൾ പെട്ട പാടു്! ഹം! പിന്നെ?

ലതി—ആ കൂട്ടരുതന്നെയാണു് എന്നെ ഈ ഗൃഹത്തിലേക്കു കൊണ്ടുവന്നതു് എന്നു കേൾക്കുമ്പോൾ പക്ഷേ കൃഷ്ണേ! നിങ്ങൾ അത്ഭുതപ്പെട്ടേക്കാം.

കൃഷ്ണ—ഈ ഗൃഹത്തിലേക്കോ? നിങ്ങൾ എന്നെ വല്ലാതെ അത്ഭുതപ്പെടുത്തുന്നു.

ലതി—അതെ ഈ ഗൃഹത്തിൽ. മഹാരാജാ ബാലേന്ദ്രഭൂഷണൻ ഗേററിങ്കൽ കാത്തുനിന്നിരുന്നു! അവർ എന്നെ വണ്ടിയിൽനിന്നും താഴെ ഇറക്കിനിർത്തിയപ്പോൾ മഹാരാജാവു് അവക്കു് ഒരു കെട്ടു നോട്ടുകളെടുത്തു കൊടുക്കുകയും വേഗത്തിൽ എന്റെ കൈക്കു പിടിച്ചുകൊണ്ടു ഗൃഹത്തിനുള്ളിലേക്കു പോകുകയും ചെയ്തു. അദ്ദേഹം എന്നെ മുകളിലേക്കു കൂട്ടിക്കൊണ്ടുപോയി എന്നോടു് അദ്ദേഹം മധുരമായി സംസാരിച്ചു. പേടിക്കുവാനൊന്നുമില്ലെന്നു് എന്നെ അദ്ദേഹം ധൈര്യപ്പെടുത്തി. കൂടക്കൂടെ വന്നു എന്റെ സുഖസൌകര്യങ്ങളെപ്പററി അന്വേഷിച്ചുകൊള്ളാമെന്നും രണ്ടാമത്തെ നിലയിൽനിന്നും പുറത്തുവരരുതെന്നും അദ്ദേഹം പറഞ്ഞിരുന്നു. എന്നെ അകത്താക്കി രണ്ടാമത്തെ നിലയിൽനിന്നും പുറത്തേക്കുള്ള വാതിൽ പൂട്ടി താക്കോൽ കയ്യിൽ കൊണ്ടുപോകുകയും ചെയ്തു. വീണ്ടും ഞാൻ ബന്ധനസ്ഥയായി. ഞാൻ പിന്നെയും പിന്നെയും കരഞ്ഞു. എന്നാൽ എന്റെ രക്ഷക്കു് ആരും വന്നുചേന്നില്ല. അങ്ങിനെയിരിക്കുമ്പോൾ ഒരുദിവസം ഒരു കോമളനായ യുവാവു് എന്റെ മുറി

യിൽ കടന്നുവന്നു. അദ്ദേഹത്തെ കണ്ടമാത്രയിൽ ഞാൻ ഭയപ്പെട്ടെങ്കിലും എന്നോടദ്ദേഹത്തിനു ദയവുണ്ടായിരുന്നു. അദ്ദേഹം എന്നെ സഹോദരി എന്നു സംബോധനചെയ്തു് എന്നെ രക്ഷപ്പെടുത്താമെന്നു് ഏററുപറഞ്ഞു. എനിക്കദ്ദേഹത്തെ വിശ്വസിക്കാതെ തരമില്ലായിരുന്നു. എന്റെ ദുഃഖാവസ്ഥയെ ഞാനദ്ദേഹത്തെ മനസ്സിലാക്കി. ആ കഥകൾ കേട്ടു് അദ്ദേഹവും വ്യസനിച്ചു. എന്നോടു് അദ്ദേഹം അനുഭാവം പ്രദർശിപ്പിച്ചു. അദ്ദേഹമെന്റെ രക്ഷിതാവാണു്.'

കൃഷ്ണ—ആ മനുഷ്യനാരായിരുന്നു?

ലതി—അദ്ദേഹം ബാലേന്ദുഭൂഷണന്റെ മകനാണെന്നു പിന്നെ ഞാൻ മനസ്സിലാക്കി. എന്നാൽ അദ്ദേഹം പിതാവിനെപ്പോലെയല്ല!

കൃഷ്ണ—അതു കേൾക്കുന്നതു സന്തോഷകരമാണു്.

ലതി—അദ്ദേഹം രണ്ടാമതു് എന്നെ സന്ദർശിച്ച അവസരത്തിൽ രണ്ടാമത്തെ നിലയുടെ പുറത്തേക്കുള്ള വാതിൽ തുറന്നിട്ടിട്ടു പോയി. അതു് അദ്ദേഹം മനഃപൂർവ്വം ചെയ്തതാണെന്നുതന്നെ വിചാരിക്കേണ്ടിയിരിക്കുന്നു. അദ്ദേഹം രണ്ടാമതു വന്നപ്പോൾ ഞാനുറക്കമായിരുന്നു. അദ്ദേഹം പോയ ഉടനെ ഞാൻ ഉണർന്നു. നോക്കിയപ്പോൾ ഏതോ മനോരാജ്യമായി വാതിലിനു സമീപം അദ്ദേഹം നില്ക്കുന്നതായി ഞാൻ കണ്ടു. അദ്ദേഹം എന്റെ മുറിയിലേക്കു് ഒന്നു നോക്കിയിട്ടു താഴം താക്കോലും കയ്യിൽ പിടിച്ചുകൊണ്ടു് അവിടം വിട്ടുപോയി. നിശ്ചയമായും അദ്ദേഹം എന്റെ രക്ഷയെ കരുതി ആങ്ങിനെ പ്രവൎത്തിച്ചതായിരുന്നു. ഞാൻ കിടന്ന തടവുമുറി തുറന്നിട്ടതായി കണ്ടപ്പോൾ എനിക്കുണ്ടായ സന്തോഷത്തിനു് അതിരില്ല. ഞാനുടനെ വരാന്തയിൽ വന്നുനിന്നു തെരുവിലേക്കു നോക്കിക്കൊണ്ടു നില്ക്കുമ്പോൾ എന്റെ പഴയ ഭൃത്യസ്ത്രീ എന്നെ എന്റെ മനോരാജ്യങ്ങളിൽനിന്നും ഉണൎത്തി. ഹാ! എന്തൊരാനന്ദം! വളരെക്കാലമായിരുന്നു അവരെ ഞാൻ കണ്ടിട്ടു്. അവർ വാത്സല്യംകൊണ്ടു് എന്നെ മാറോടു ചേൎത്തണച്ചു. വാസ്തവത്തിൽ ആ വിശ്വസ്തഭൃത്യ മരിച്ചിരിക്കുമെന്നു ഞാൻ വിചാരിച്ചിരുന്നു. തന്താനിയാവിൽ ഒരു സ്ത്രീവധം നടന്നതായി ആയിടക്കുതന്നെ ഞാൻ കേട്ടിരുന്നു. അതു് ആ ഭൃത്യയായിരിക്കാമെന്നു ഞാനൂഹിച്ചതിനും കാരണമുണ്ടു്. ആ വൃദ്ധയുടെ മടിയിൽനിന്നും

എന്നെ മോഷ്ടിച്ചവർ തന്നെ ആ വൃദ്ധയേയും കൊന്നതായിരിക്കാമെന്നു ഞാൻ തെററിദ്ധരിച്ചിരുന്നു. എന്നാൽ അന്നു വധിച്ചതു മറെറാരു സ്ത്രീയെയായിരുന്നു എന്ന് അവരെ കണ്ടപ്പോഴേ ഞാൻ അറിഞ്ഞുള്ളു. എന്റെ അമ്മൂമ്മ അവളെ തെരുവിൽനിന്നും കണ്ടുമുട്ടി കൂട്ടിച്ചുകൊണ്ടുവന്ന് ഈ ഗൃഹത്തിൽ താമസിപ്പിച്ചിട്ടു രണ്ടു ദിവസമേ ആയുള്ളുവെന്നും കൂടി വൃദ്ധ പറഞ്ഞു മനസ്സിലായി. വൃദ്ധ ഈ ഗൃഹത്തിൽ ആകപ്പാടെ ചുററിനോക്കുന്ന സന്ദർഭത്തിൽ എന്നെ വരാന്തയിൽ കണ്ടു് ഓടിവന്നതാണെന്നും പറഞ്ഞു. ഇങ്ങിനെയാണെന്റെ ദയനീയമായ ചരിത്രം!

കൃഷ്ണ—നിങ്ങളുടെ അമ്മൂമ്മ എവിടെ താമസിക്കുന്നു?

ലതി—ഇവിടെ, ഈ ഗൃഹത്തിൽ. മുമ്പേ ഞാൻ പറഞ്ഞില്ലേ? മറന്നുപോയോ?

കൃഷ്ണ—ക്ഷമിക്കുക സഹോദരി! ഞാൻ മറന്നുപോയി. നിങ്ങളുടെ ചിററമ്മക്കു സൌഖ്യംതന്നെയോ? എനിക്കവരെ ഒന്നു കണ്ടാൽ കൊള്ളാമെന്നുണ്ടു്.

ലതി—അവർ ഒരു സന്ന്യാസിനിയാണു്. ഒരു ദിവസം ഞാൻ കൊണ്ടുപോകാം. നിങ്ങൾ ഇവിടെ തനിയെ താമസിക്കുകയാണോ?

കൃഷ്ണ—അതെ, തനിയെ താമസമാണു്.

ലതി—ഈ വലിയ ഗൃഹത്തിൽ തനിയെ താമസിപ്പാൻ ഭയം തോന്നുന്നില്ലേ?

കൃഷ്ണ—വാസ്തവത്തിലുണ്ടു്. നിവൃത്തിയില്ല. ഞാനെന്തു നരകം അനുഭവിക്കുന്നു? രാത്രിയിലെപ്പോലെ പകലത്ര തോന്നുന്നില്ല.

ലതി—ഞാൻ തന്നെയാകുന്നെങ്കിൽ രാത്രിയിൽ ഉറക്കം വരുകയില്ല.

കൃഷ്ണ—രാത്രി എന്റെ കൂട്ടിനു് ഒരു വൃദ്ധയുമുണ്ടു്.

ലതി—അവളാര്?

കൃഷ്ണ—അവളുടെ പേർ 'നിസ്തരിണി', മഹാരാജാവിന്റെ അകന്ന ഒരു ബന്ധു. കൂടാതെ ഈ ഗൃഹത്തിൽ അനവധി ഭൃത്യന്മാരും ഭൃത്യകളുമുണ്ടു്.

ലതി—അതെ, അതെനിക്കറിയാം—അതാ കാലടികളുടെ ശബ്ദം കേൾക്കുന്നു. ഞാൻ പോകുന്നു. പിന്നെ ഞാൻ വരാം.

ഇത്രയും പറഞ്ഞു ലതി മിന്നൽശക്തിപോലെ പെട്ടെന്നു മറഞ്ഞു. കൃഷ്ണവേണി അവളുടെ പിന്നാലെ പോകുവാൻ ശ്രമിച്ചില്ല. അവൾ ലതി പോയ വഴിയെ അത്ഭുതത്തോടുകൂടി നോക്കിക്കൊണ്ടുനിന്നു.

1 APR. 1929 MADRAS

## ഏഴുപത്തേഴാം അദ്ധ്യായം

വിശ്വേശ്വരനും ഹരിചരണനും

നമ്മുടെ പഴയ സ്നേഹിതനായ വിശ്വേശ്വരബാബു സകലരാലും ഉപേക്ഷിക്കപ്പെട്ടവനായിത്തീൎന്നു. വിശ്വേശ്വരനുമായുള്ള കൂട്ടുകെട്ടു കൊള്ളുകയില്ലെന്നു ഗുണേന്ദ്രനും ആനന്ദനും തോന്നുന്നതിന് അയാളുടെ ദുഷ്പ്രവൃത്തികൾതന്നെ സഹായിച്ചിരുന്നു. രായിബഹദ്ദൂരുമായും അയാൾക്ക് അത്ര രസം തോന്നിയിരുന്നില്ല. അനന്തരം വിശ്വേശ്വരബാബു കല്ക്കത്തയിലെ പല പ്രഭുക്കന്മാരുടേയും പുതിയ പരിചയം സമ്പാദിക്കുന്നതിനു ശ്രമിച്ചുവന്നു. അയാളെപ്പററി ഏതാണ്ടറിയുന്നവർകൂടി അയാളെ അകത്തിനിത്തിയിരുന്നു. ഏതുവിധമായാലും താനൊരു വഞ്ചകനും നന്ദിയില്ലാത്തവനുമാണെന്നുള്ള ദുഷ്പേരു വിശ്വേശ്വരൻ സമ്പാദിച്ചുവെച്ചിരുന്നു. അയാൾ വീണ്ടും ബാലേന്ദ്രന്റെ ധൎമ്മബുദ്ധിയെ തട്ടിയുണൎത്തുവാൻ ശ്രമിച്ചു. അയാൾ കുറെനാളായിട്ടു മഹാരാജാവിനെ കാണാതിരുന്നതിനും തന്റെ മൎയ്യാദകെട്ട പ്രവൎത്തിക്കും ബാലേന്ദ്രനോടു മാപ്പുചോദിച്ചു. അങ്ങിനെ കുറേശ്ശെയായി മഹാരാജാവിനോട് അടുക്കുവാൻ അയാൾ ശ്രമിച്ചുവന്നു. ഗുണേന്ദ്രന്റെ അഹമ്മതിയെപ്പററിയും മററും മഹാരാജാവിനോടു സംസാരിച്ച് അടുത്തുകൂടി. അങ്ങിനെ നുണപറഞ്ഞും സമയം നോക്കി ഹിതം പറഞ്ഞും അന്യരെ ദുഷിച്ചും ഔചിത്യമായി തൻകാൎയ്യം നേടുവാൻ സാമൎത്ഥ്യമുണ്ടായിരുന്ന വിശ്വേശ്വരബാബു ബാലേന്ദ്രഭൂഷണന്റെ വിശ്വാസത്തിനു വീണ്ടും പാത്രമായിഭവിച്ചതിലത്ഭുതപ്പെടുവാനില്ല.

ഗുണേന്ദ്രനെക്കൊണ്ടു വിവാഹം കഴിപ്പിക്കണമെന്നു തീൎച്ചയാക്കി സൂക്ഷിച്ചിരുന്ന ആ പെൺകുട്ടി—ലതിക—രക്ഷപ്പെട്ട് എവിടേക്കോ കടന്നുകളഞ്ഞതിനാൽ ബാലേന്ദ്രഭൂഷണനുണ്ടായ കുണ്ഠിതവും നിരാശയും ചില്ലറയല്ലായിരുന്നു. ബാലേന്ദ്രന്റെ ഐശ്വൎയ്യസമൃദ്ധി മുഴുവൻ തൂങ്ങിനിന്നിരുന്നതു തേഞ്ഞ് അററുവീഴാറായ ഒരു നേരിയ ഭാഗ്യച്ചരടിലായിരുന്നു. ആ ചരട് എപ്പോൾ പൊട്ടിവീഴുന്നു എന്നു ബാലേന്ദ്രൻ ഭയപ്പെട്ടുകൊണ്ടുതന്നെയിരുന്നിരുന്നു. ഇരിക്കുന്ന കാലം സുഖമായി കഴിച്ചാൽ കൊള്ളാമെന്നായിരുന്നു മഹാരാജാവിന്റെ മോഹം. ആ വിചാരമാ

യിരുന്നു ഗുണേന്ദ്രനോട് വിവാഹത്തിന്ന് നിർബന്ധിക്കുവാനുണ്ടായ കാരണം. ഗുണേന്ദ്രൻ അതു വകവെക്കാതെയിരുന്നത് അയാളുടെ കാലദോഷമെന്നു ബാലേന്ദ്രൻ സമാധാനപ്പെട്ടു. ഗുണേന്ദ്രനുവേണ്ടി ബാലേന്ദ്രൻ സമ്പാദ്യമായി ഒന്നും കരുതിയിരുന്നില്ല. അഥവാ വല്ലതും ഉണ്ടായിരുന്നാൽതന്നെ സുരബാലയുടേയും ആനന്ദിൻറയും പങ്കു കഴിഞ്ഞിട്ടു വല്ലതും ഉണ്ടായിരുന്നാൽ വിശ്വേശ്വരൻ ഒരാൾ വേറിട്ടും ഉണ്ടായിരുന്നു.

വിശ്വേശ്വരൻ ബാലേന്ദ്രൻെറ കൊട്ടാരത്തിൻെറ മുൻവശത്തു ചുററിനടക്കുകയായിരുന്നു. മനസ്സിൽ അയാൾ എന്തൊക്കെയൊ മനോരാജ്യം വിചാരിച്ചുകൊണ്ടിരുന്നു. ഏകദേശം അരമണിക്കൂറിനുശേഷം ശീതളൻ അവിടെ വന്നു.

വിശ്വേശ്വരൻ—ഞാൻ നിന്നെ കാത്തുകൊണ്ടു വളരെ നേരമായി നിൽക്കുകയായിരുന്നു. മഹാരാജാവ് അകത്തുണ്ടോ?

ശീതള—ഇല്ല.

വിശ്വേ—പിന്നെ നീ എന്തുകൊണ്ട് ഇത്ര താമസിച്ചു?

ശീതള—മഹാറാണിക്കു കുറെ പഴങ്ങൾ വാങ്ങുവാൻ ഞാൻ ചന്തയിൽ പോയിരിക്കുകയായിരുന്നു

വിശ്വേ—അവളെ കണ്ടാൽ എങ്ങിനെ?

ശീതള—അവൾ ഒരു നല്ല സുന്ദരിയാണ്.

വിശ്വേ—മഹാറാണിക്കെത്ര വയസ്സ വരും?

ശീതളൻ—ഏകദേശം പതിനഞ്ച്.

വിശ്വേ—ഹാ! അപ്പോൾ ഈ രത്നത്തെ ഉപേക്ഷിച്ച് ഒരു കുലടയുടെ പുറകെ മണ്ടുന്നനടക്കുന്ന മഹാരാജാവ് ഒരു വിഡ്ഢി തന്നെ.

ശീതളൻ മറുപടിയൊന്നും പറഞ്ഞില്ല.

വിശ്വേ—എനിക്ക് ഒന്നു കാണാൻ സാധിക്കുമോ?

ശീതളൻ—അത് അസാദ്ധ്യം. മഹാറാണി അവരുടെ മുറിയിൽ നിന്നും പുറത്തിറങ്ങുന്നില്ല, അവൾ പരിശുദ്ധയാണ്.

വിശ്വേ—അവരെപ്പോലെ അനേകം പരിശുദ്ധകളെ ഞാൻ കണ്ടിട്ടുണ്ട്. ലക്ഷ്മിയെ വിളിച്ചുകൊണ്ടുവന്നാൽ അവളുമായി എല്ലാം തീച്ചപ്പെടുത്താം.

ശീതളൻ—അവൾ ഇവിടെയില്ല.

വിശ്വേ—പിന്നെയെവിടെ?

ശീതളൻ — ഏകദേശം രണ്ടു മാസം മുമ്പ് ആ നാശംകെട്ട ജന്തു ഒരു മഹമ്മദൻവണ്ടിക്കാരനോടുകൂടി ഒളിച്ചുപോയിരിക്കുകയാണ്.

ശീതളൻ ദീർഘമായി ഒന്നു നിശ്വസിച്ചു.

വിശ്വേ — നിന്നെപ്പററി എനിക്കനുകമ്പ തോന്നുന്നുണ്ട്. ഏതായാലും അതിനെപ്പററി ഇനി വ്യസനിച്ചിട്ടു കാൎയ്യമില്ല. ആകട്ടെ, നമ്മുടെ മഹാരാജാവ് ഈ കൊട്ടാരത്തിൽ ബന്തവസ്സിൽ താമസിപ്പിച്ചിരുന്ന ആ പെൺകുട്ടി എവിടെയെന്നു നിനക്കറിയാമോ?

ശീതളൻ — അവൾ ഈ കൊട്ടാരത്തിൽ ഇപ്പോളില്ല.

വിശ്വേ — അവൾ എവിടെപ്പോയി?

ശീതളൻ — അതെനിക്കറിവില്ല. എന്നാൽ ഹരിചരണന് അറിവുണ്ട്.

വിശ്വേ — ശീതള! ഈ അറിവുതന്നതിനു പ്രത്യേകം വന്ദനം. ഇതിരിക്കട്ടെ.

വിശ്വേശ്വരൻ ഒരു രൂപയെടുത്തു ശീതളനു കൊടുത്തു. ആ ഭൃത്യൻ അടുത്ത നിമിഷത്തിൽ മറഞ്ഞു.

'ഹരിചരണനെക്കണ്ടു കൂടുതൽ വിവരം അറിയണം. എന്നാൽ അയാൾ ഒരു വൻചതിയനാണ്. ഏതായാലും ഉപേക്ഷിപ്പാൻ തരമില്ല. മഹാറാണിയേയും ഒന്നു കാണണം. ആ നീചനായ ആനന്ദൻ എല്ലാംകൊണ്ടും ഭാഗ്യവാനാണ്.'

വിശ്വേശ്വരന്റെ സ്വാഗതത്തെ ഹരിചരണൻ തടസ്ഥപ്പെടുത്തി.

ഹരിചരണൻ — വന്ദനം വിശ്വേശ്വരബാബു!

വിശ്വേ — വന്ദനം. ഞാൻ നിങ്ങളെ കാണ്മാൻതന്നെ കാത്തുനില്ക്കയായിരുന്നു.

ഹരി — എന്തേയോ? എന്തിനെന്നു ഞാനറിഞ്ഞോട്ടേയോ?

വിശ്വേ — നിങ്ങളുടെ മുമ്പിൽ ഞാനൊന്നും മറയ്ക്കുന്നില്ല. എന്നാൽ രഹസ്യമായി സംസാരിക്കുവാൻ ഇതു പാററിയ സ്ഥലമല്ല.

ഹരി — എന്നാൽ തോട്ടത്തിലേക്കു പോകാം. വരുക.

വിശ്വേശ്വരൻ ഹരിയെ പിൻതുടൎന്നു. അവർ ഒരു പടൎന്നപ്ലാവിൻചുവട്ടിലിരുന്നു.

വിഢ്ലേ--ഇനി നാം സ്നേഹിതന്മാരായിട്ടിരിക്കണം.

ഹരി—നാം സ്നേഹിതന്മാരാണല്ലോ.

വിഢ്ലേ—അതെ, അതെ. എന്നാൽ നമ്മുടെ സ്നേഹം കുറെക്കൂടെ ബലപ്പെടുത്തണം.

ഹരി--ഇഷ്ടംപോലെ.

വിഢ്ലേ--സംഗതി പറയാം. വെറും മുഖവുരകൊണ്ടു സമയം കളയുന്നില്ല.

ഹരി--കൊള്ളാം.

വിഢ്ലേ--ഹരി! ലതികയെ ആൎക്കു കിട്ടുന്നോ അയാൾ കുബേരനായിത്തീരുമെന്നു നിങ്ങൾക്കറിയാമല്ലോ.

ഹരി--അറിയാം.

വിഢ്ലേ--നാമെല്ലാം വിചാരിച്ചിരുന്നതു ലതിക മരിച്ചുവെന്നായിരുന്നു. അനന്തരം ഒരു ദിവസം അവളെ ജീവനോടെ കണ്ടു. അവളെ കണ്ടപ്പോൾ മഹാരാജാവു വിയൎത്തു. അതു് ഓൎക്കുന്നുണ്ടോ?

ഹരി--നല്ലവണ്ണം ഓൎക്കുന്നുണ്ടു്.

വിഢ്ലേ--പിന്നീടു നിങ്ങൾ അവളെ സൂക്ഷിച്ചുവന്നു. അവളെ ലഭിക്കുവാൻ ഞാനും പണിതുനോക്കി. എന്നാൽ മഹാരാജാവു തന്നെ അവളെ പിടിച്ചെടുത്തു.

ഹരി--ഉവ്വു്.

വിഢ്ലേ--അവളെ ഈ കൊട്ടാരത്തിൽ ബന്ധവസ്സിൽ പാൎപ്പിച്ചിരുന്നതായി എനിക്കു സൂക്ഷ്മമറിയാം. എന്നാൽ കുറെ ദിവസമായിട്ടവളെ കാണ്മാനില്ല.

ഹരി--ഞാനും ആ വൎത്തമാനം കേട്ടു.

വിഢ്ലേ--നിങ്ങളും കേട്ടുവില്ലേ? കൊള്ളാം എന്നോടു കളവു പറയേണ്ട. നിങ്ങളാണു് അവളെ എവിടേയ്ക്കോ മാററിയതു് എന്നാണെന്റെ അറിവു്.

ഹരി--ഹാ! ഹാ! ഏതോ മിടുക്കൻ നിങ്ങളെ ചതിച്ചു. എനിക്കതിനേപ്പററി ഒന്നുമറിവില്ല. ഞാൻ പിന്നെ അവളെ കണ്ടിട്ടേയില്ല.

വിഢ്ലേ--നിങ്ങൾ ചിരിച്ചുകൊള്ളുക. എന്നാൽ നിങ്ങളറിയാതെ വരുകയില്ല. എനിക്കതിനു യാതൊരു വിരോധവുമില്ല. എന്നാൽ എന്റെ പങ്കു് എനിക്കു കിട്ടണം. അല്ലെങ്കിൽ ഞാനതു വെളിയിലാക്കും.

ഹരി--വെറുതെ എന്നോടു ശണ്ഠകൂടണ്ട. അവളെപ്പററി വല്ലവ ർത്തമാനവുമെനിക്കു കിട്ടിയാൽ ആ വിവരം നിങ്ങളെ ഉടൻ അറിയിക്കാം. നമ്മുടെ വിജയത്തിനു നമുക്ക് ഒത്തുചേൎന്നു ശ്ര മിക്കാം.

ഹരിചരണന്റെ ഖണ്ഡിതമായ മറുപടിയും സ്നേഹപൂൎവ്വമാ യ പെരുമാററവും വിഘ്നേശ്വരന്റെ സംശയത്തെ ഇല്ലായ്മചെയ്തു. അനന്തരം അയാൾ സംതൃപ്തനായി പറഞ്ഞു:—

'ഹരി! നിങ്ങൾക്കു വന്ദനം. അതുതന്നെയാണു നിങ്ങളുടെ പക്കൽനിന്നു ഞാനാശിച്ചതു്.'

വിഘ്നേശ്വരൻ തന്നെത്താൻ പറഞ്ഞു:—

'ഞാൻ സൂക്ഷിച്ചുതന്നെയിരിക്കണം. ഹരിയുടെ വാക്കുമാ ത്രം വിശ്വസിച്ചുകൊണ്ടിരുന്നാൽ പോരാ. എന്തെന്നാൽ അയാൾ ഒരു വലിയ വഞ്ചകനാണ്!'

ഹരിചരണനു കൂടുതൽ സാമൎത്ഥ്യമുണ്ടായിരുന്നു. അയാൾ ക്കു വിഘ്നേശ്വരനെ നല്ല പരിചയമുണ്ടായിരുന്നു. വിഘ്നേശ്വരൻ ആ വിഷയത്തിൽ ശ്രദ്ധിക്കാതെയും സൂക്ഷിക്കാതെയുമിരിക്കുവാ നായിട്ടായിരുന്നു ഹരി വലിയ സ്നേഹഭാവം നടിച്ചതും അയാളെ സഹായിക്കാമെന്നു പറഞ്ഞതും.

എന്നാൽ ഈ ലതിക ആർ? എന്നു വായനക്കാർ അന്വേ ഷിക്കുന്നുണ്ടായിരിക്കും. എന്നാൽ അവളുടെ ചിററമ്മ അവളെപ്പ ററി പറയുന്നതു കേൾക്കുകയെന്നു വായനക്കാരോടും ബഹുമാനപു രസ്സരം അപേക്ഷിക്കുകയേ തല്ക്കാലം നിവൃത്തിയുള്ളൂ.

---

## എഴുപത്തെട്ടാം അദ്ധ്യായം.

### അപരാധത്തിന്റെ ലക്ഷ്യം.

ഞായറാഴ്ച വൈകിട്ടു മാധവിമടങ്ങിവന്നതു കുറെ താമസി ച്ചായിരുന്നു. അപ്പോൾ ഗിരിക്കു ദേഹത്തിനു തീരെ സുഖമില്ലായി രുന്നു. ഗിരി അവിടെ അങ്ങോട്ടുമിങ്ങോട്ടും തറയിൽ സൈ്വരമി ല്ലാതെ ലാത്തുകയായിരുന്നു. അവൾ നടന്നിരുന്നതുതന്നെ ഒരു ജീവനില്ലാതെയായിരുന്നു. അവളുടെ നെററിയിൽ വിയൎപ്പുകണ ങ്ങൾ നിറഞ്ഞിരുന്നു..

മാധവി കുറെനേരം ഗിരിയെ നോക്കിക്കൊണ്ടു നിന്നിട്ടു് ഇങ്ങിനെ സാവധാനത്തിൽ ചോദിച്ചു:-

'സഹോദരി! നിങ്ങൾക്കു സുഖമില്ലയോ?'

'ഇല്ല' എന്നു ഗിരി കണ്ണീരോടുകൂടി പറഞ്ഞു.

'എന്നാൽ വ്യസനിക്കരുതു്. എല്ലാം ഈശ്വരൻ നേരെയാക്കും. കുറെ ചില്ലറ വല്ലതുമെടുക്കുവാൻ കാണുമോ?'

'പെട്ടിയിൽ എട്ടൊമ്പതു രൂപ കാണും.'

'അതു മതി.'

മാധവി വേഗം അകത്തു കടന്നു വസ്ത്രങ്ങൾ മാറി. പെട്ടി തുറന്നു കുറച്ചു പണവുമെടുത്തുംകൊണ്ടു ഗിരിയുടെ മുറിയിലേക്കു വന്നു. ഗിരിയോടു മാധവി ഇങ്ങിനെ പറഞ്ഞു:-

'സഹോദരി! സഹിക്കുക. എല്ലാ അമ്മമാരും അങ്ങിനെ സഹിച്ചവർതന്നെയാണു്. എല്ലാവർക്കും വേദന ഒരുപോലെയാണു്. പ്രകൃതിയെന്നപോലെ മാതാവു സൃഷ്ടിയുടെ ഒരു ഉത്തമലക്ഷ്യം വൈചിത്ര്യമാണു്. പിതാവിനേക്കാളും ദൈവികചൈതന്യം മാതാവിലാണു് ഈശ്വരൻ ദത്തം ചെയ്തിട്ടുള്ളതു്. ആ ദൈവികമായ പരിശുദ്ധിയെ പ്രാപിക്കുന്നതിനു കുറെ ഒക്കെ കഷ്ടപ്പാടുകളും ബുദ്ധിമുട്ടുകളും സഹിക്കേണ്ടതായിട്ടുമുണ്ടു്. സ്ത്രീത്വത്തിന്റെ മഹത്വത്തിനു യഥാർത്ഥത്തിൽ നിങ്ങൾ അർഹയാണെന്നു കാണിക്കണം. മാതാവിനോടു ലോകം മുഴുവൻ കുമ്പിടുന്നു. ഈശ്വരാംശമായ അഖണ്ഡകരുണയുടെ ചൈതന്യം ഒരു മാതാവിൽ പ്രകാശിക്കുന്നു.'

ആ ഗഡുവു—പ്രസവസമയം അടുത്തതായി ഗിരിക്കു തോന്നി. നോവു വന്നു് അവൾ വിഷമിക്കുന്ന ഗഡുവിലും ഭൂജാതമാകുവാൻ പോകുന്ന ശിശുവിന്റെ ഭാവിയെപ്പറ്റി അവൾ ചിന്തിക്കാതിരുന്നില്ല.

'അവൾക്കു മോഹമുണ്ടായിരുന്നോ?'

'പക്ഷേ ഇല്ലായിരുന്നു' എന്നു അവളുടെ ഹൃദയം ഉത്തരം പറഞ്ഞു.

അവളുടെ അധരങ്ങൾ ഭയംകൊണ്ടു വിളറി. ഗിരിയിരിക്കേണ്ട നിലയ്ക്കു് ഇരുന്നിരുന്നെങ്കിൽ നിശ്ചയമായും അവൾ ആ ഓമനമുഖം സമീക്ഷിക്കുന്നതിനു പ്രാർത്ഥിക്കുമായിരുന്നു. എന്നാൽ അവൾ സ്ത്രീത്വത്തിനുതന്നെ അപമാനം വരുത്തിക്കൂട്ടി. ദൈവവി

ലെ ഒരു നായ് എന്നല്ലാതെ ഒരു യഥാർത്ഥസ്ത്രീ എന്ന് അഭിമാനിക്കുവാൻ ഇനി ഭമലവൾക്ക് അവകാശമില്ല. അവളുടെ അന്തഃകരണം അവളുടെ നേരെ എതിർത്തുനിന്നു.

റാണിയെ വിളിച്ചു ഗിരിയുടെ അടുത്തിരിക്കുന്നതിനു മാധവി ഘട്ടംകെട്ടി. ആ ഗൃഹം മുഴുവൻ പരിഭ്രമമായിത്തീർന്നു. എല്ലാവരും പതുക്കെപ്പതുക്കെ സംസാരിച്ചു. എല്ലാവരുടെ മുഖത്തും പരിഭ്രമവും വ്യസനവും നിഴലിച്ചിരുന്നു. പ്രസവം കണ്ടിട്ടു ഹൃദയം ചലിക്കാത്തവർ സ്ത്രീജാതിയിലില്ല. ആ സമയത്താണു മനുഷ്യത്വവും ഈശ്വരത്വവും രണ്ടു കൈയും കൈകോർത്തുപിടിക്കുന്നത്.

മാധവി വേഗത്തിൽ ഒരു സൂതികർമ്മിണിയെ അന്വേഷിച്ചു പോയി അവരെയുംകൊണ്ടു മടങ്ങി എത്തി. ഗിരിക്ക് അപ്പോൾ നോവു കലശലായിട്ടുണ്ടായിരുന്നു.

* * * *

നേരത്തു മൂന്നുമണിസമയത്തു ഗിരി പ്രസവിച്ചു. കുട്ടി സ്ത്രീപ്രജയായിരുന്നു. കുറേനേരം ഗിരി ആ നവശിശുവിനെ സൂക്ഷിച്ചു നോക്കി മൌനമവലംബിച്ചു. അവൾ ദീർഘമായി ഒന്നു നിശ്വസിച്ചിട്ടു ക്ഷീണംകൊണ്ടു കണ്ണുകളടച്ചു. ദൈവികചൈതന്യവും പരിശുദ്ധിയും ആവരണംചെയ്തിരുന്ന ആ അരിമക്കുഞ്ഞ് അവളുടെ നിർല്ലജ്ജതയുടേയും മഹാപാപത്തിന്റെയും ലക്ഷണമായിരുന്നു. ഇനി അവൾക്കെന്തെല്ലാമാണു ഭാവിയിൽ വന്നുചേരുന്നത്?

ഗിരിക്കു ക്ഷീണം തോന്നിയിരുന്നു. രക്ഷക്കുറവുകൊണ്ട് അവളുടെ ചെവിയിൽ എന്തോ മുഴങ്ങിക്കൊണ്ടിരുന്നു. തലവേദന തോന്നി അവൾ അങ്ങിനെ കിടന്നൊന്നു മയങ്ങി.

* * * *

മാസം ഒന്നു കഴിഞ്ഞു. ഒരു ദിവസം ഗിരി ആ പെൺകുട്ടിയെ മടിയിലെടുത്തുവെച്ചുകൊണ്ടിരിക്കുകയായിരുന്നു. ഗിരി പല മനോരാജ്യങ്ങളിൽകൂടി തുഴഞ്ഞുതുടങ്ങി.

'എനിക്ക് എന്തിന് ഈ അരിമക്കുഞ്ഞു ജനിച്ചു? ഞാൻ തന്നെ യഥാർത്ഥനരകമാണ്. ഈ നരകത്തിൽ ഈ തങ്കക്കുടത്തെ ഈശ്വരനെന്തിനു ബന്ധിച്ചു? ഈ കൺമണിയെ -- ഈ അരിമക്കുഞ്ഞിനെ കഷ്ടതയനുഭവിപ്പിക്കുവാൻ ഈശ്വരൻ സൃഷ്ടിച്ചിരിക്കുയാണോ? ഹാ! ഹാ! എന്റെ അപരാധങ്ങൾക്ക് ഈ കുഞ്ഞെന്തു പിഴച്ചു? പാവം!'

‘ഒരു ഭ്രഷ്ടയുടെ പുത്രിയെന്നു ലോകമറിയുന്നതു് എത്ര ലജ്ജാകരം! ജീവിതം മുഴുവൻ ഈ കുഞ്ഞും ഭ്രഷ്ടയായിട്ടു കഴിഞ്ഞുകൂടണമെന്നാണെങ്കിൽ അതു് എൻെറ മകളുടെ കുററമല്ല. അവൾ നിരപരാധിനി! റോസാപുഷ്പംപോലെ പരിശുദ്ധ! എന്നാലും എൻെറ മകളെ ആരും തൊടുകകൂടി ചെയ്യുകയില്ല. അന്തസ്സുള്ള ഒരു പെൺകുട്ടിയും എൻെറ മകളുമായി സമ്മേളിക്കുകയില്ല. ആത്മാഭിമാനമുള്ള യാതൊരു മാന്യനും ഇവളോടു സംസാരിക്കുകയില്ല. പിന്നെ എങ്ങിനെയാണു് ഇവൾ കഴിച്ചുകൂട്ടുക! സമുദായത്തിൻെറ വെറുപ്പും ഉപേക്ഷയും സഹിച്ചു വിധിക്കു കീഴടങ്ങി ജീവിതം നയിക്കുകയോ? ഹാ! ദൈവമേ! ഇവൾ ഒരു കുററവും ചെയ്തിട്ടില്ലല്ലോ. ഇവളുടെ ജനനത്തിനു് ഇവൾ ഉത്തരവാദിയും അല്ലല്ലോ. ഇവൾ ജനിക്കാതിരുന്നെങ്കിൽ ഈ മാതിരി അപമാനവും അപഖ്യാതിയും സഹിക്കേണ്ടതായി വരുകയില്ലായിരുന്നു. ആകട്ടെ, ഭാവിയിൽ എൻെറ കുഞ്ഞിൻെറ അവസ്ഥയെന്തായിരിക്കും? സമുദായത്തിൽ അവളുടെ നിലയെന്തായിരിക്കും? ഇന്നത്തെ സ്ഥിതിക്കു ജീവിക്കയാണെങ്കിൽ ലജ്ജാകരമായ ഒരു ജീവിതംതന്നെ ഇവൾക്കു നയിക്കേണ്ടിവരും. ഹാ! അതു പാടില്ല! പിന്നെ ഞാൻ എന്തു ചെയ്യും? എനിക്കാരും ഒരു സഹായവുമില്ല. എൻെറ കുഞ്ഞിൻെറ ഭാവിയെക്കൂടി ഞാൻ ദ്രോഹിച്ചുകഴിഞ്ഞു. ഹാ! ദൈവമേ! മുമ്പെ എനിക്കീവിവേകം ഉദിക്കാതിരുന്നതെന്തുകൊണ്ടു്?’

ഗിരി കരഞ്ഞുതുടങ്ങി.

‘എൻെറ പൊന്നുമകൾ ജീവിച്ചിരിക്കയാണെങ്കിൽ അവളുടെ ജീവിതം എങ്ങിനെ പരിണമിക്കും? ഈ ഗൃഹത്തിൽ താമസക്കാരായ നിർഭാഗ്യകളുടെ അവസ്ഥതന്നെ ആയേക്കാം. ഒരു കാലത്തും അതു പാടില്ല. പാടില്ല. ഞാനതിനു് അനുവദിക്കുന്നതല്ല. എന്നാൽ ഞാനതു എങ്ങിനെ തടുക്കും? മാന്യന്മാരിലാരും അവളെ വിവാഹം ചെയ്യുകയില്ല. അവൾക്കു് ആപത്തിൽ അഭയം കൊടുക്കുന്നതിന്നു മാന്യഗൃഹങ്ങൾ ഒന്നും കപാടം തുറന്നുകൊടുക്കുന്നതല്ല. പിന്നെ എങ്ങിനെ അവൾ ജീവിക്കും? എന്തിനെ ആധാരമാക്കിജീവിക്കും? അവളെ ആർ രക്ഷിക്കും? ആപത്തിലവളെ ആർ സഹായിക്കും?

‘ഞാൻ മരിക്കുന്ന പക്ഷം അവൾക്കു് ആരാണു പിന്നെ ഒരു രക്ഷ. മരണം എനിക്കൊരനുഗ്രഹംതന്നെയാണെങ്കിലും മരിക്കു

വാനെനിക്കു നിവൃത്തിയില്ല. ജീവിക്കുവാൻതന്നെ നോക്കണം. മരിച്ചുകളഞ്ഞാലോ എന്നു മുമ്പു വിചാരിച്ചതു പരമാബദ്ധം! അവളുടെ ചിലവിന് ആർ സഹായിക്കും? സാധു! കഷ്ടപ്പെടാനായിരിക്കാം അവളുടെ ജനനം. ഹാ! ഹാ!'

ആനന്ദമേനവന്റെയും അയാളുടെ സ്വത്തിനേയുംപററി അവൾക്കുണ്ടായ ഓർമ്മ ഹൃദയത്തിൽ തേൾ കുത്തുന്നതിനു സമമായിരുന്നു. ആ വിചാരത്തെ ബഹിഷ്കരിപ്പാൻ അവൾ ശ്രമിച്ചതു വിഫലമായതേയുള്ളു. വലിയ കണ്ണീർക്കണങ്ങൾ അവളുടെ പാണ്ഡുരഗണ്ഡങ്ങളെ നനച്ചു. ഉള്ളങ്കയ്യിനാൽ അവൾ മുഖം മറച്ചു പിന്നെയും കരഞ്ഞുതുടങ്ങി.

ഈ സമയത്തു മാധവി ഗിരിയുടെ മുറിയിലേക്കു കടന്നുചെന്നു. കുറെ നാളായിട്ടു മാധവിയുടെ മുമ്പിൽവെച്ചു കരയുകയില്ലെന്നു കരുതിവന്ന ഗിരി പിന്നെയും കണ്ണുനീരൊലിപ്പിച്ചുകൊണ്ടിരുന്നതുകണ്ടു മാധവി അത്ഭുതപ്പെട്ടു. മാധവി കുറെ നേരം മൌനമായി നിന്നിട്ട് ഇങ്ങിനെ അയഞ്ഞ സ്വരത്തിൽ ചോദിച്ചു:—

'സഹോദരി! എന്തിനു വ്യസനിക്കുന്നു?'

മാധവി വന്നു കയറിയതു ഗിരി കണ്ടില്ല. ഗിരി ആ ചോദ്യംകേട്ട് ഒന്നു ഞെട്ടി. ഗിരി വേഗം കണ്ണുനീർ തുടച്ചുകളഞ്ഞിട്ടു മാധവിയുടെ മുഖത്തേക്കു നോക്കി. നിരാശയും വ്യസനവും ഗിരിയുടെ മുഖത്തു പ്രത്യക്ഷമായിരുന്നു. മഞ്ഞുതുള്ളി നിറഞ്ഞ താമരദളംപോലെ ഗിരിയുടെ മിഴികൾ ഇളകുന്നതായി മാധവി കണ്ടു. ആ കാഴ്ച കണ്ടു മാധവിയുടെ മനസ്സലിഞ്ഞു. അവൾ ഗിരിയുടെ അടുത്തു ചെന്നു തഴുകിക്കൊണ്ട് ഇങ്ങിനെ തുടന്നു:—

'സഹോദരി! എന്തിനു കരയുന്നു?'

ഗിരി—ഒന്നുമില്ല. എനിക്കൊരു സുഖക്കേടുമില്ല. എന്നെപ്പററി ഒന്നും വിചാരപ്പെടേണ്ട.

മാധവി—പിന്നെ?

ഗിരി—മാധവി! നിങ്ങൾ വാത്സല്യമായി ഓമനിക്കുന്ന ഈ പെൺകുട്ടിയുടെ ഭാവിയെപ്പററി നിങ്ങൾ വല്ലതും ചിന്തിച്ചിട്ടുണ്ടോ?

ആ പെൺകുട്ടിയെ മാധവി തന്റെ മകളെപ്പോലെ വിചാരിച്ചിരുന്നു. ആ കുട്ടിക്കു മാധവി പത്മ എന്നു പേരിട്ടു. മാറോടണച്ച് ആ കുഞ്ഞിനെ ഓമനിച്ചിരുന്ന മാധവി പല ഓമനപ്പേരുകളും ഉപയോഗിച്ചുവന്നു. ചിലപ്പോൾ റാണിയെന്നു വിളിച്ചുവന്നു. ചിലപ്പോൾ തുനി എന്നും ജൂയി എന്നും വിളിക്കാറുണ്ടായിരുന്നു.

'അതു കൊള്ളാം പത്മേ! നീ ഒരോമനക്കുട്ടിയാണ്. ആൺകുട്ടികൾ പ്രായേണ ദുസ്സ്വഭാവക്കാരാണ്. പുരുഷന്മാർ ക്രൂരന്മാരാണ്. പുരുഷന്മാർ വഞ്ചകന്മാരാണ്. അവർ നന്ദിയില്ലാത്തവരുമാണ്. പെൺമക്കളാണു തള്ളയുടെ ദുഃഖമറിയുന്നവർ. ആൺമക്കളല്ല. ആൺകുട്ടികൾക്കു നന്ദിയില്ല......'

ഗിരിയുടെ ചോദ്യം കേട്ടപ്പോൾ മാധവി തറയിൽ ഇരുന്നു. അവൾ പലതും മനോരാജ്യം വിചാരിക്കുവാൻ തുടങ്ങി.

ഗിരി—സഹോദരി! നമ്മുടെ പത്മ ലജ്ജാകരമായ ഒരു ജീവിതം നയിക്കുന്നതു കാണ്മാൻ നിങ്ങൾ ഇഷ്ടപ്പെടുന്നുണ്ടോ?

മാധവി—ഇല്ല, അതു ഞാൻ സമ്മതിക്കുന്നതല്ല. അങ്ങിനെ പാടില്ല.

ഗിരി—പിന്നെ എന്തു ചെയ്യണമെന്നാണു നിങ്ങൾ വിചാരിക്കുന്നതു്?

മാധവി അല്പം കുഴങ്ങി. പെട്ടെന്നുത്തരം പറയുവാൻ മാധവിക്കു സാധിച്ചില്ല.

ഗിരി—ആര്യൻ വിതച്ചാൽ മുണ്ടകൻ വിളയുമോ?

മാധവി—അതു പാടില്ല, പാടില്ല. ഈ അശുദ്ധമായ പരിസരങ്ങളിൽ അവളെ താമസിപ്പിക്കുവാനേ പാടില്ല. എന്റെ പത്മയെ നല്ലോണം വളർത്തണം. അവൾ ഒരു മാതൃകാസ്ത്രീയായി തീരണം.

ഗിരി—എവിടേക്കു കൊണ്ടുപോകാം? ഔദാര്യമുള്ളവരുടെ കപാടങ്ങൾ അവളെ സംബന്ധിച്ച് അടച്ചുതന്നെയിരിക്കും.

മാധവി—അതെനിക്കറിയാം. അറിയാം. നമ്മുടെ സമുദായം എത്ര ദുഷിച്ചുപോയിരിക്കുന്നു! അധഃപതിച്ചവരെ കുറേക്കൂടി ചവിട്ടിത്താഴ്ത്തുന്നു! എന്നാൽ അവളെ കരുണയോടുകൂടി സ്വീകരിക്കുന്ന ഒരു സമുദായമുണ്ടെന്നെനിക്കറിയാം. മാതാവിന്റെ തെററിനു ആ നിരപരാധിയെ ആ സമുദായം കുററപ്പെടുത്തുന്നില്ല. എന്നല്ല, മാതാവിനെത്തന്നെയും പാപമോചനം ചെയ്തു വീണ്ടെടുക്കുന്നു.

ഗിരി—അങ്ങിനെ ഒരു സ്ഥാപനം ഉണ്ടോ? അങ്ങിനെ ഔദാര്യസമ്പൂർണ്ണമായ ഒരു സമുദായമുണ്ടോ? എയി! അങ്ങിനെ വരാൻ തരമില്ല.

മാധവി—ഗിരി! അങ്ങിനെയല്ല. അങ്ങിനെ ഒരു സ്ഥാപനവും അതിനെ പോഷിപ്പിക്കുന്നതായ ഒരു സമുദായവുമുണ്ട്. ഇങ്ങിനെയുള്ള പെൺകുട്ടികളെ സ്വീകരിക്കുന്ന ഒരനാഥശാലയുള്ളതെനിക്കറിയാം. ആ സ്ഥാപനത്തിൽ പെൺകുട്ടികളെ ധർമ്മമായി വിദ്യാഭ്യാസം ചെയ്യിക്കുകയും എന്തെങ്കിലും കാലക്ഷേപത്തി

നു പഠിയ തൊഴിൽ പരിശീലിപ്പിക്കുകയും ചെയ്തുവരുന്നുണ്ട്.

ഗിരി—എന്നാൽ പത്മയെ നമുക്കങ്ങോട്ടയച്ചാലെന്തു? അവൾ സുരക്ഷിതയാകും.

മാധവി—ഒരു തടസ്ഥമുണ്ട്. അവളുമായി എന്നെക്കും വിട്ടുപിരിയേണ്ടതായി വരും.

ഗിരിയുടെ മുഖം കറുത്തു.

ഗിരി—എപ്പോൾ?

മാധവി—അവരെ ഏല്പിക്കുന്ന നിമിഷംമുതൽ.

ഗിരി ഒന്നും സംസാരിക്കാതെ നിരാശയിൽ മുങ്ങിയവളായിട്ട് ഒരു പാവപോലെയിരുന്നു.

മാധവി—സഹോദരി! വിചാരപ്പെടേണ്ട. നിങ്ങളെപ്പോലെതന്നെ ഞാനും ആ വിഷയത്തെപ്പറ്റി പല പ്രാവശ്യവും ചിന്തിച്ചിട്ടുണ്ട്. പത്മയെക്കൂടാതെ എനിക്കു ജീവിക്കുവാൻ നിവൃത്തിയില്ല. എന്നാൽ നമുക്ക് ഇവിടംവിട്ടു കുറെക്കൂടി നല്ല ഒരു സ്ഥലം താമസത്തിന് ഏർപ്പാടുചെയ്ത് അങ്ങോട്ടു മാറണം. അവിടെ ന്യായമായ വല്ല തൊഴിലും എടുത്തു നമുക്കു ജീവിക്കാം. ഒരു മാന്യകുടുംബത്തിലെ ഒരു പെൺകുട്ടിയായിട്ടു പത്മയെ നമുക്കു വളർത്താം. നമുക്കവളെ നല്ലവണ്ണം വിദ്യാഭ്യാസം ചെയ്യിക്കുയും അവളുടെ ഭാവിക്കു വല്ലതും സമ്പാദിച്ചുവെയ്ക്കുകയും ചെയ്യാം. നമ്മുടെ പാപത്തിനു പരിഹാരമുണ്ടെങ്കിൽ നമുക്കിങ്ങിനെ പരിഹാരം ചെയ്യുകയും ചെയ്യാം.

ഗിരി—ഞാനെങ്ങിനെ സമ്പാദിക്കും?

മാധവി—അതു ഞാൻ പിന്നീടു പറയാം. കേൾക്കുക. പത്മയെ ഞാൻ കൊണ്ടുപോയി ഒരു മിഷ്യൻ സ്കൂളിൽ ചേക്കാം. പ്രായമാകുമ്പോൾ അവളെ ക്രിസ്തുമതത്തിലോ ബ്രഹ്മസമാജത്തിലോ ചേർത്താൽ മതി.

ഗിരി—'ക്രിസ്തുമതത്തിലോ?' ഗിരി അത്ഭുതപ്പെട്ടു.

മാധവി—എന്താണു നെററിചുളിക്കുന്നതു്? ഒരു ക്രിസ്ത്യൻ ഒരു മനുഷ്യനാണു, രാക്ഷസനല്ല. സഹോദരി! ഈ മാതിരി കാര്യങ്ങളിൽ നമ്മളേക്കാൾ ക്രിസ്ത്യന്മാരാണ് ഔദാര്യമുള്ളവർ! സത്യം നമ്മളെന്തിനു മറച്ചുവെയ്ക്കുന്നു? ഈ മാതിരി ധമ്മവിഷയങ്ങൾക്ക് അവക്കു പ്രത്യേകസ്ഥാപനങ്ങളുണ്ട്. പുറമെ നോക്കുമ്പോൾ കാണുന്നതുപോലെ പരിശുദ്ധവും ത്യാഗപരവുമല്ല അവരുടെ

ആന്തരമായ സ്ഥിതിഗതികളെന്നു പക്ഷെ സാധാരണജനങ്ങൾ പറയുന്നുണ്ടു്! രാഷ്ട്രീയമായ സംഗതിയും അതിലന്തർഭവിച്ചിട്ടുണ്ടെന്നു ജനങ്ങൾ പറയാറുണ്ടു്. അതെന്തെങ്കിലുമായിക്കൊള്ളട്ടെ. രഹസ്യം എങ്ങിനേയും ഇരുന്നുകൊള്ളട്ടെ. പക്ഷെ അനുഭവം ഗുണഫലമാണു്. അതു നോക്കിയാൽ മതി. എൻെറ സമുദായം എന്നെ അനുകൂലിക്കാത്തപക്ഷം എന്നെ ദയാപൂർവ്വം അനുകൂലിക്കുന്ന മററു സമുദായത്തിൽ ചേരുന്നതിനു ഞാൻ തെയ്യാറാണു്. നമ്മുടെ സ്വന്തം എന്നു പറവാൻ അവകാശമില്ലാത്ത ഒരു സമുദായത്തിൽ കിടന്നു ചവിട്ടുകൊള്ളുന്നതിലും ഭേദം നമ്മെ ആദരപൂർവ്വം സ്വീകരിച്ചു രക്ഷിക്കുന്ന സമുദായത്തെ വരിക്കണമെന്നാണെൻെറ മതം. എന്നാൽ അതിനുള്ള വൈഷമ്യങ്ങളും ഞാനറിഞ്ഞിട്ടില്ലാത്തതല്ല. സമുദായത്തിലെ ആചാരനിബന്ധനകൾ അല്പം അയച്ചുവിടാതിരിക്കുന്നതിൻെറ ദോഷമാണു പലരും സ്വന്തമനസ്സിനു വിപരീതമായി തന്നെ അന്യമതം സ്വീകരിച്ചുപോകുന്നതെന്നുള്ള പരമാർത്ഥം മറക്കത്തക്കതല്ല. ഹിന്തുസമുദായത്തിൽ ഭ്രഷ്ടയായ ഒരു സ്ത്രീക്കു സ്ഥാനമില്ല. അതിനാൽ അതിനെ ഉപേക്ഷിക്കുകയോ ലജ്ജാകരമായ ജീവിതം നയിക്കുവാൻ തെയ്യാറാകുകയോ രണ്ടിലൊന്നു വേണ്ടതായിട്ടിരിക്കുന്നു.

മാധവി കുറച്ചു നേരത്തേക്കു സംസാരം നിർത്തി. ഗിരി അതെല്ലാം ശ്രദ്ധാപൂർവ്വം കേട്ടുകൊണ്ടിരുന്നു. മാധവിയുടെ അഭിപ്രായം ഗിരിക്കു പുത്തനായിട്ടു തോന്നി. അവൾ അത്ഭുതപരതന്ത്രയായി മാധവിയുടെ മുഖത്തേക്കു നോക്കിക്കൊണ്ടിരുന്നു. വീണ്ടും മാധവി ഇങ്ങിനെ സംഭാഷണം തുടന്നു:—

‘നിങ്ങൾക്കിനിയും എൻെറ അഭിപ്രായത്തോടു യോജിക്കുവാൻ തരമില്ലായിരിക്കാം. ഒരു ഹിന്തു എന്ന നിലക്കു് അപമാനമായും ലജ്ജാകരമായും ജീവിക്കുന്നതിനേക്കാൾ അവൾ ഒരു ക്രിസ്ത്യാനിയായി മാന്യജീവിതം നയിച്ചുകാണുന്നതല്ലേ നല്ലതു്? നിങ്ങൾ അതു സമ്മതിക്കുന്നോ?

ഗിരി--ഇല്ല. നിശ്ചയമായും ഇല്ല. ഞാനെന്തു പാപം ചെയ്തിരുന്നാലും ഞാനൊരു മാതാവാകുന്നു. ലജ്ജാകരമായ ഒരു സുഖജീവിതത്തിൽ പരിചയിപ്പിക്കുന്നതിനേക്കാൾ ഭിക്ഷയെടുത്തു സത്യത്തിനും ധർമ്മത്തിനും ഉചിതമായി ജീവിക്കുന്നതാണു നല്ലതെന്നു ഞാൻ അവളെ പഠിപ്പിച്ചു വളർത്തും.

മാധവി--സഹോദരി! നിങ്ങളുടെ അഭിപ്രായം ശരിയാണ്. രണ്ടു ദോഷങ്ങളിൽ കുറഞ്ഞതു നാം അനുസരിക്കണം.

ഗിരി--നാം നമ്മുടെ ലജ്ജാകരമായ പ്രവൃത്തികൊണ്ടു സമുദായബന്ധത്തിൽനിന്നും വേർപ്പെട്ടു. നമ്മുടെ തെററിനു സമുദായത്തെ എന്തിനു കുററപ്പെടുത്തുന്നു?

മാധവി ഒന്നും മറുവടി പറഞ്ഞില്ല. ആ സമയത്ത് ആ അരിമക്കുഞ്ഞ് ഒരു പുഞ്ചിരിതൂകി. ആ ഇളംപുഞ്ചിരിയുടെ ദിവ്യ ചൈതന്യത്താൽ മാധവിയുടെ മനസ്സലിഞ്ഞുപോയതിനാൽ അവളുടെ വിചാരകോടികൾ എല്ലാം അവൾ മറന്നുപോയി. ആ പെൺകുട്ടിയെ മാറോടു ചേത്തു മാധവി ഒന്നു ചുംബിച്ചു. വാത്സല്യം കവിഞ്ഞൊഴുകുന്ന ഗിരിയുടെ ഹൃദയം ആ അരിമക്കുഞ്ഞിന്റെ ശുഭഭാവിക്കു പ്രാത്ഥിച്ചു.

---

# എഴുപത്തൊമ്പതാം അദ്ധ്യായം.

## നാടകശാലാരഹസ്യം.

(ഗാഥ)

പ്രേമപ്രസന്നക്കടലേ! മല്ലോമല-
ധാമമേ! ജീവിതസവ്വസ്വമേ!
വന്നാലും! വന്നാലും! നല്ലധരാമൃതം!
തന്നാലും! തന്നാലും! താവകീനം.
നിന്മിഴിപ്പൂമുനത്തൊത്തിൽത്തുളുമ്പുന്ന
നന്മധുരോല്ലസൽപ്രേമഗന്ധം
ആസ്വദിക്കട്ടെ ഞാനാസ്വദിക്കട്ടെ ഞാൻ
ആനന്ദത്തൈമലർ തേൻകുഴമ്പേ!

*   *   *   *

'ഈയിടക്കവിതയുമുണ്ടോ? ഹാ! ഹാ! ഹാ!'

'നിങ്ങളുടെ കോമളവദനം എന്നെ കവിയാക്കിത്തീത്തതാണ്.'

'താടിയും മീശയും കുമ്പളങ്ങപോലെ നരച്ചല്ലോ. എന്നിട്ടു ലജ്ജയില്ലാതെ പറയുന്നല്ലൊ.'

'എന്തു? ഞാനത്ര വയസ്സനായോ?'

‘കൊള്ളാം! പതിനാറു വയസ്സ്! പോരെ?’

‘ഞാൻ ചെറുപ്പമായി വരുകയാണ്. ഹാ! ഹാ!’

‘നിങ്ങളെന്നെ ചിരിപ്പിച്ചു കൊല്ലും. ഹി! ഹി! ഹി!

‘ഹി! ഹി! ഹി! ചുമ്മാതെ ചിരിച്ചുകൊള്ളുക. അതുകൊണ്ടു സംഗതി ഒന്നും മാറുന്നതല്ല.’

‘ഓ! ഹോ! ഹോ! ഹോ!’ എന്നു മാലിം ഉറക്കെ ചിരിച്ചു.

‘കൊള്ളാം. എന്റെ യൌവനത്തെപ്പററി ഞാൻ ചില തെളിവുകൾ തരാം.’

റായിബഹദൂർ മുമ്പോട്ടു ഒരടിവെച്ചു.

‘ഓ! ഈശ്വരൻ എന്നെ രക്ഷിക്കട്ടെ! ഹി! ഹി! ഹി!

മാലിം റായിബഹദൂറിനെ തന്റെ കരലതകൾകൊണ്ടു പുറകോട്ടു മാററി. ആ തള്ളു വലിയ ശക്തിയോടുകൂടിയതല്ലായിരുന്നെങ്കിലും റായിബഹദൂർ പുറകോട്ടു മറിഞ്ഞുവീണു. ഹി! ഹി! ഹി!

മാലിം ചിരിച്ചു ചിരിച്ചു റായിബഹദൂറിന്റെ കുടവയറിന്മേൽ ഉരുണ്ടുവീണു. ഓ! ഹോ! ഹോ! മാലിം പിന്നെയും ചിരിച്ചു. അവൾ എഴുന്നേററു.

റായിബഹദൂർ——പ്രേമത്തിനു ഘനമില്ലെന്നു ജനങ്ങൾ പറയാറുണ്ട്. എന്നാൽ അങ്ങിനെയല്ല. ഒരു ടൻ ഭാരത്തിലുമധികം ഘനം ഉണ്ട്.

മാലിം——നിങ്ങളുടെ സ്നേഹിതൻ എന്നെ തൂവലിനേക്കാൾ ഘനം കുറഞ്ഞവളെന്നു വിളിക്കാറുണ്ട്.

റായിബഹദൂർ——ആ വിഡ്ഢി എന്തറിയുന്നു? അയാളൊരു ചുമടു ചുമക്കുന്ന കഴുത! ആകട്ടെ, ഈയിടെ എന്തൊക്കെയാണു ഗതി?

മാലിം——എന്ത്? നാണമില്ലാതെ എന്തും പറയാമെന്നോ? നിങ്ങളുടെ സമ്പ്രദായത്തിന്നടുത്തതല്ല ആ വക വത്തമാനം.

റായിബഹദൂർ——നിങ്ങൾ പിന്നെയും എന്നെ ദുഷിക്കുന്നോ? നിങ്ങളുടെ ഫണേന്ദ്രന്റെ പിതാവായ ബാലേന്ദ്രഭൂഷണന് എന്നെക്കാൾ പത്തു വയസ്സിന്നു പ്രായം കൂടും. അദ്ദേഹം ഈയിടെ പുതിയതായി വിവാഹം ചെയ്തിരിക്കുന്നു!

മാലിം——അതു ഞാൻ കേട്ടു. വിവരമായി മുഴുവനൊന്നും മനസ്സിലായില്ല. കേൾക്കട്ടെ.

റായിബഹദൂർ——പറയാം. പക്ഷെ വല്ലതുമൊന്നു കുടിച്ചെങ്കിൽ കുറേക്കൂടി ഉത്സാഹമുണ്ടാകും.

മാലിം --കുടിച്ചു കുടിച്ചാണു നിങ്ങൾ ഇങ്ങിനെയായതു്.

റായിബഹദൂർ--നിങ്ങളും ഒരു സ്ഥിതിസമത്വവാദിയോ? അതാണിന്നത്തെ പരിഷ്ക്കാരം!

മാലിം—എന്തുകൊണ്ടു്?

റായിബഹദൂർ—അക്കൂട്ടരെ ധാരാളം കാണുന്നുണ്ടു്. അതുകൊണ്ടു ഞാൻ പറഞ്ഞതാണു്. ആകട്ടെ, നിങ്ങളെപ്പററി ഞാൻ എപ്പോഴും അന്വേഷിക്കാറുണ്ടു്.

മാലിം—വേണ്ട, വേണ്ട. ബുദ്ധിമുട്ടണമെന്നില്ല. എന്നെപ്പററി അന്വേഷിക്കുവാൻ വേറൊരാളുണ്ടു്.

റായിബഹദൂർ—നിങ്ങളുടെ ഭാഗ്യത്തെ ഞാൻ ഹൃദയപൂർവ്വം അനുമോദിച്ചുകൊള്ളുന്നു. എന്നാൽ ആ ഭാഗ്യവാനാരാണെന്നുകൂടി ഞാൻ അറിഞ്ഞുകൊള്ളട്ടയോ?

മാലിം—ദത്താബാബു.

റായിബഹദൂർ—നിങ്ങളുടെ സാമർത്ഥ്യമൊന്നു വേറെ. അയാളെ എങ്ങിനെ കിട്ടി?

മാലിം—ഞങ്ങൾ നാടകശാലയിൽവെച്ചു പരിചയപ്പെട്ടതാണു്. എൻെറ അഭിനയം കണ്ടു് അദ്ദേഹം ഇളകി.

റായിബഹദൂർ—നിങ്ങളെന്നെ അത്ഭുതപ്പെടുത്തുന്നല്ലോ. നിങ്ങൾ നാടകത്തിൽ ചേർന്നിരിക്കുകയാണോ?

മാലിം—അതെ.

റായിബഹദൂർ—എന്നുമുതൽ?

മാലിം—പറയാം. പ്രിയൻ എന്നോടു ദയവില്ലാതെ പെരുമാറിയതുമുതൽ എൻെറ ജീവിതം കുറെ കഷ്ടത്തിലായി. എൻെറ ജീവിതത്തിൽ ഞാനിങ്ങിനെ കഷ്ടപ്പെട്ടിട്ടില്ല. ഒരു ദിവസം ഞാൻ കിടക്കുവാനായി ഭാവിക്കുന്ന സമയം ഒരു പ്രായംകൂടിയ മാന്യൻ ഗൃഹത്തിൽ കയറിവന്നു.

റായിബഹ—നല്ല നേരമ്പോക്കുണ്ടു്! പിന്നെ?

മാലിം--ആ ദിവസം അവിടെ താമസിക്കുന്നതിനു് അനുവദിക്കണമെന്നു് അദ്ദേഹം ആവശ്യപ്പെട്ടു.

റായിബഹദൂർ--പല പല ജലവാഹനങ്ങൾ ഓടിക്കൊണ്ടിരിക്കുന്ന കടലിനോടു ചെന്നു് ഒരു കപ്പൽ കൊണ്ടുപോകുന്നതിനു് അനുവാദം ചോദിക്കുന്നതുപോലെ.

മാലിം—മിണ്ടാതിരിക്കുക. പറയുന്നതിനൊക്കെ തക്കത്തരം!

റായിബഹദൂർ—പ്രിയേ! അങ്ങിനെയല്ല.

ഡാലിം—ആ മനുഷ്യൻ എന്നോടു ദയവുള്ള ആളായിരുന്നു. എന്നെ സംബന്ധിച്ച് അദ്ദേഹം പലതും അന്വേഷിച്ചു. എനിക്കെഴുതാനും വായിക്കാനും അറിയാമോ എന്ന് അദ്ദേഹം ചോദിച്ചു. അറിയാമെന്നുള്ള എൻെറ ഉത്തരം കേട്ടപ്പോൾ നാടകത്തിൽ ചേരാൻ മനസ്സുണ്ടോ എന്ന് അദ്ദേഹം ചോദിച്ചു. ഒരാളുടെ യോഗ്യത പുറത്തു കാണിപ്പാനും സംഗീതസാമത്ഥ്യം പ്രദശിപ്പിക്കുവാനും എന്നല്ല പലതിനും അത് ഉപയോഗപ്പെടുന്നതാണെന്ന് അദ്ദേഹം പറഞ്ഞു. ഞാൻ നാടകത്തിൽ ചേന്നാൽ എനിക്കു പ്രത്യേകവിജയത്തിന് ഇടയാകുമെന്നുകൂടി ആ മനുഷ്യൻ അഭിപ്രായപ്പെട്ടു.

റായിബഹദൂർ—അതെ, നിങ്ങളൊരപൂവ്വസൃഷ്ടിതന്നെ.

ഡാലിം—ഞാൻ പറയുന്നതു കേൾക്കുക. പിന്നീട് അഭിപ്രായങ്ങൾ പറഞ്ഞുകൊള്ളുക. 'ഒരിക്കൽ വിജയം കിട്ടിയാൽ പല ധനികന്മാരേയും പിന്നെ ഉപേക്ഷിക്കേണ്ടതായിവരു'മെന്നുകൂടി അദ്ദേഹം ഉറച്ചു പറഞ്ഞു.

റായിബഹ—അയാൾക്ക് അയാളുടെ തൊഴിലിൽ പരിചയമുണ്ട്.

ഡാലിം—ഞാനദ്ദേഹത്തിൻെറ അഭിപ്രായത്തോടു യോജിച്ചു. അദ്ദേഹം 'ഗ്രേററ് ഓറിയന്റൽ തിയേററർ' എന്ന നാടകശാലയുടെ മാനേജരാണെന്നും ഒടുവിൽ പറഞ്ഞു.

റായിബഹ—വാസ്തവമായിരുന്നോ?

ഡാലിം--അതെ.

റായിബഹ--ഓ! ആ കൂട്ടർ മഹാകള്ളന്മാരാണ്. ഞാൻ പറഞ്ഞേക്കാം.

ഡാലിം—ഒടുവിലല്ലേ എനിക്കതു മനസ്സിലായത്!

റായിബഹ--അവർ സത്യസന്ധന്മാരാണെന്നു നടിക്കും. കേവലം ദുരാചാരമേ അവക്കുള്ളു.

ഡാലിം--കേൾക്കുക. അവരുടെ കമ്പനിയിലെ ഒരു നടിയുമായി അയാൾ രസമില്ലാതെയിരിക്കുകയാണെന്നും അവളെ ഒഴിച്ചുവിടുവാൻ വിചാരിച്ചിരിക്കയാണെന്നും മാനേജർ പറഞ്ഞു. എന്നെ അവളുടെ സ്ഥാനത്തു നിയമിക്കാമെന്നും അഭിനയം ശീലിപ്പിക്കാമെന്നും താമസിയാതെ എനിക്കൊരു നല്ല പേരു് എ

ടുക്കുവാൻ വിഷമമില്ലെന്നും അഭിപ്രായപ്പെട്ടു. ഞാൻ സമ്മതിച്ചു.

റായിബഹ--ശമ്പളം?

ദാലിം--ഒരു നല്ല ശമ്പളം തരുന്നുണ്ട്.

റായിബഹ--അപ്പോൾ നിങ്ങളെ മാനേജക്ക് വലിയ കാൎയ്യമാണല്ലെ?

ദാലിം--അതെ.

റായിബഹ--എന്നുമുതല്ക്കാണ്?

ദാലിം--മൂന്നുനാലുമാസമായി.

റായിബഹ--ആ പണക്കുന്നൻ ഒത്താമ്പോസിനെ എങ്ങിനെ പിടുത്തംകൂടി?

ദാലിം--അതോ? എനിക്കു സാവിത്രിയുടെ വേഷമായിരുന്നു.

റായിബഹ--സാവിത്രി! ഭക്തിയുടേയും പരിശുദ്ധിയുടെയും അവതാരമായ സാവിത്രിയുടെ വേഷംകെട്ടുവാൻ നിങ്ങളെപ്പോലെ വേശ്യാവൃത്തിയിലിരിക്കുന്നവരോ! കൊള്ളാമല്ലൊ! കാലമൊക്കെ മറിഞ്ഞു.

ദാലിം--പിന്നെ ആ വേഷത്തിന് ആരു വേണമെന്നാണ നിങ്ങൾ പറയുന്നത്? ആ പാർട്ട് എടുക്കുന്നതിനു നിങ്ങളുടെ ഭാൎയ്യയെ അയയ്ക്കുമോ?

റായിബഹ--അമ്പമ്പോ! എനിക്കങ്ങിനെയൊന്നില്ലല്ലൊ. ഈവക നാടകശാലകളെല്ലാം പാശ്ചാത്യരെ ഭ്രമിക്കുന്നതിൻെറ ഫലമാണ്.

ദാലിം--പാശ്ചാത്യരുടെ നാടകശാലകളെത്ര കേമമായിരിക്കും?

റായ്ബഹ--ഓ ഹോ! അവക്ക് പലതുമുണ്ട്. അതൊക്കെ നമ്മളെന്തിനു പകൎത്തുന്നു? അവരുടെയിടയിൽ 'ബാൾ' നടക്കുന്നുണ്ട്. വിവാഹമോചനം എത്ര എത്ര? അതൊക്കെ ഇവിടെ ഉണ്ടോ? അരഡസൻ കുട്ടികളുള്ള ഒരു വിധവയെ അവിടെ ഒരാൾ വിവാഹം ചെയ്യുന്നു. അതൊക്കെ അങ്ങിനെ കിടക്കും. നമ്മുടെ നാടകശാലകൾ നമ്മുടെ യുവാക്കന്മാരുടെ സദാചാരത്തെ ഭഞ്ജിക്കുകയാണ ചെയ്യുന്നത്. നാടകശാലകൾമൂലം എത്ര യുവാക്കന്മാരാണ് അധഃപതിച്ചുപോകുന്നത്. വിദ്യാൎത്ഥികളിൽ എത്രപേർ നാടകശാലമൂലം ദുഷിച്ചുപോകുന്നു? നിങ്ങളുടെ കഥതന്നെ വിചാരിച്ചുനോക്കുക. സാവിത്രിയുടെ വേ

ഷം നിങ്ങൾ വളരെ തന്മയത്വത്തോടുകൂടി അഭിനയിക്കുന്നു എന്നു വെക്കുക. അതു് എത്ര പേൎക്കു ദുർവികാരങ്ങളേയും ദുർമ്മോഹങ്ങളേയും ഉണ്ടാക്കിത്തീൎക്കുന്നു? ദത്താബാബുവിൻെറ കഥതന്നെ നോക്കുക.

ദാലിം—ബഹദൂർ! നിങ്ങളുടെ മുഖത്തുനിന്നും ഈ അഭിപ്രായങ്ങൾ ഞാൻ ആശിച്ചിരുന്നവയല്ല.

റായിബഹ—ഞാനും വിചാരിച്ചതല്ല. വേറൊരാൾ പറഞ്ഞതിനെ ഞാൻ തത്തമ്മയെപ്പോലെ തിരിച്ചു പറഞ്ഞു എന്നുമാത്രം.

ദാലിം—ആരു് ഇതൊക്കെ പറഞ്ഞു?

റായിബഹ—ഒരുദിവസം പ്രിയനും പ്രിയൻെറ സ്നേഹിതനും തമ്മിൽ ഈ വൎത്തമാനമുണ്ടായി.

ദാലിം—ഹാ!

റായിബഹ—പഴയ സ്നേഹം—അല്ലെങ്കിൽ പ്രേമം—നിങ്ങൾ മറന്നുകളഞ്ഞിട്ടില്ല അല്ലേ?

ദാലിം—അങ്ങിനെ പറയരുതു്.

റായിബഹ—എൻെറ ഓൎമ്മയെ നിങ്ങൾ സ്തുതിക്കുന്നില്ലേ?

ദാലിം—സ്തുതിക്കാതെ നിവൃത്തിയുണ്ടോ?

റായിബഹ—എന്നാൽ ഞാൻ കുറേശ്ശ കുടിക്കുമെന്നുവെച്ചു് എല്ലാത്തിനും ഞാൻ മോശക്കാരനല്ല. ഹാ! എനിക്കു് ഓൎമ്മശക്തിക്കു് ഒട്ടും കുറവില്ല.

ദാലിം—ആകട്ടെ; മഹാരാജാവിനെപ്പറ്റി കൂടുതൽ വിവരങ്ങൾ അറിയാനുണ്ടു്; കേൾക്കട്ടെ.

റായിബഹ—ഞാനെന്തു പറയാനാ? അയാളെപ്പോലെ ഭൂലോകത്തിലൊരു വിഡ്ഢിയുണ്ടോ? അയാൾ സുരബാലയോടുകൂടി തോട്ടത്തിലാണു താമസം. ആ നീചനായ വിശ്വേശ്വരനും ഈയിടെ അടുത്തുകൂടീട്ടുണ്ടു്. ഞാൻ കേട്ടതു് ആനന്ദനും സുരയും കൂടി മഹാരാജാവിൽ ഏതോ വിഷം കുത്തിവെക്കുന്നുണ്ടെന്നാണു്.

ദാലിം—വാസ്തവമോ?

റായിബഹ—മഹാരാജാവിനി വേഗം മരിക്കുന്നതാണു നല്ലതു്. മഹാരാജാവിനെക്കൊണ്ടൊരു മരണപത്രം എഴുതിച്ചിട്ടുണ്ടെന്നുകൂടി കേട്ടു. അതിനെപ്പററി ഞാനൊന്നും പറയുന്നില്ല.

ദാലിം—എന്തുകൊണ്ടു്? എന്നെ വിശ്വാസമില്ലേ?

റായിബഹ—നിങ്ങളെ വിശ്വസിക്കാത്തവരാരു്? അതല്ല; പക്ഷെ എനിക്കതിനെപ്പററി അത്രയേ അറിവുള്ളു. ആകട്ടെ; നിങ്ങളുടെ കാമുകൻ എപ്പോഴാണു് ഇവിടെ വരാറു്?

ഡാലിം—അദ്ദേഹം ഒമ്പതുമണിക്കു മുമ്പിൽ വരാറില്ല.

റായിബഹ—എന്നാൽ ഞാൻ പോകുന്നു. ഒരു കാട്ടുകാളയോടു യുദ്ധത്തിനു ഞാൻ തയ്യാറില്ല.

ഡാലിം—ബഹദൂർ! വരട്ടെ താമസിക്കുക. നിങ്ങളുടെ സാന്നിദ്ധ്യം അദ്ദേഹത്തെ മുഷിപ്പിക്കുന്നതല്ല.

റായിബഹ—എന്തുകൊണ്ടല്ല?

ഡാലിം—നിങ്ങൾക്കു വയസ്സായില്ലേ?

റായിബഹ—പിന്നെയും വയസ്സു കണക്കുകൂട്ടുകയാണോ?

ഡാലിം—ഇഷ്ടംപോലെ. എന്നാൽ ഒരു സംഗതി ഏൽക്കാമോ?

റായിബഹ—എന്താണു കേൾക്കട്ടെ.

ഡാലിം—പ്രിയബാബുവിനെ ഒരുദിവസം ഇവിടെ കൂട്ടിക്കൊണ്ടു വരാമോ?

റായിബഹ—എപ്പോൾ? നിങ്ങൾക്കു് ഒരാൾ 'ആഡ്യുതലിയു' ണ്ടല്ലോ!

ഡാലിം—പതിനൊന്നുമണിക്കുശേഷം ഞാൻ സ്വതന്ത്രയാണു്. അതുകഴിഞ്ഞാൽ അദ്ദേഹം താമസിക്കാറില്ല.

റായിബഹ—പ്രിയൻ ഈയിടെ അനിലന്റെ കൂട്ടുകൂടീട്ടു് ഒരു സ്ഥിതിസമത്വവാദി ആയിരിക്കുകയാണു്. അതാണു വിഷമം.

ഡാലിം—അനിലൻ ആർ?

റായിബഹ—പ്രിയന്റെ അളിയൻ.

ഡാലിം—അങ്ങിനെയോ? ആകട്ടെ; ഒരിക്കൽ ഇവിടെ വന്നു പോകുവാൻ പറയുക. ഒരു തരക്കേടും വരാനില്ല.

റായിബഹദൂർ കുറെ നേരം മൌനമായിരുന്നു. പിന്നീടു് ഇങ്ങിനെ തുടർന്നു:—

'എന്നാൽ വല്ലതും പ്രതിഫലം തരുക. ഇത്രനേരം ഞാൻ ബുദ്ധിമുട്ടിയില്ലേ. മുമ്പേതന്നെ വല്ലതും കിട്ടേണ്ടതായിരുന്നു. ഒന്നുമില്ലെങ്കിലും ഒരു ചുംബനമെങ്കിലും—'

ഡാലിം—നാണമില്ലല്ലോ; എന്തും പറയാം. വയസ്സു തൊണ്ണൂറും പത്തുമായല്ലോ. ഇതാ ഗ്ലാസ്സു്.

റായ്ബഹ—അങ്ങിനെ വരട്ടെ. എനിക്കിതുതന്നെ സുഖം! അധരാമൃതത്തെക്കാൾ ഈ അമൃതം തന്നെ സുഖം!

ഡാലിം ഒന്നും ഉത്തരം പറഞ്ഞില്ല. അവൾ എന്തോ മനോരാജ്യം വിചാരിച്ചിരുന്നു. റായിബഹദൂരിന്റെ ശ്രദ്ധ മുഴുവൻ 'കപ്പി'ലുമായി. ബഹദൂർ ഒറ്റവലിക്കു് അതു കുടിച്ചുതീർത്തു. ഡാലിം അതു കണ്ടുകൊണ്ടിരുന്നു.

# എണ്പതാം അദ്ധ്യായം.

## തിരശ്ശീലക്കു പുറകിൽ.

വൃശ്ചികമാസത്തിലെ കൂരിരുട്ടുള്ള ഒരു രാത്രി. ബാലേന്ദ്രഭൂഷണൻെറ കൊട്ടാരത്തിൽ ഒരു ഭാഗത്തിരുന്നു ഹരിചരണനും സന്ന്യാസിനിയും തമ്മിൽ പതുക്കെ സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു.

'ഈശ്വരനുതന്നെ നമ്മോടു കരുണയില്ലെന്നു തോന്നിപ്പോകുന്നു. പുതിയ വിഷമതകൾ ഒന്നിനൊന്നു വന്നുകൊണ്ടിരിക്കുന്നു.'

'ഈശ്വരനെ എന്തിനു കുററം പറയുന്നു? നാം വിതച്ചതു നാം തന്നെ കൊയ്യുന്നു.'

'കാരണം എന്തുതന്നെയായിക്കൊള്ളട്ടെ. നമ്മുടെ ഉദ്ദേശം ഇതുവരെയും സാധിച്ചുകഴിഞ്ഞിട്ടില്ല. ബാലേന്ദ്രൻെറ സ്ഥാനത്തു പുതിയ ഒരാൾ വന്നുകൂടിയിരിക്കുകയാണ്!'

'നിങ്ങളെന്തു് ഉദ്ദേശിക്കുന്നു?'

'നമുക്ക് ഒരു മഹാനീചനോട് എതിരിടേണ്ടതായി വന്നു. ഞാൻ പറയുന്നതു് ആനന്ദനെപ്പററിയാണ്. അയാൾ ബാലേന്ദ്രൻെറ സ്വത്തു മുക്കാലും ആ കുലടയായ സുരബാലമുഖാന്തിരം കൈവശപ്പെടുത്തിക്കഴിഞ്ഞു.'

'അതുകൊണ്ടെനിക്കു തോന്നുന്നതു് ഈശ്വരനു നമ്മോടു ദയവുണ്ടെന്നാണ്. ബാലേന്ദ്രൻെറ ക്രൂരപ്രവൃത്തികൾക്ക് ഈശ്വരൻ അയാളെ ശിക്ഷിക്കുന്നു. ആനന്ദൻ ഒരായുധം എന്നു മാത്രം.'

'എങ്ങിനെ? ആനന്ദൻ ബാലേന്ദ്രനെ കുത്തുപാള എടുപ്പിച്ചേ വിടുകയുള്ളു' എന്നു ഹരി പറഞ്ഞു.

'അങ്ങിനെ വരാം. അങ്ങിനെ വരുമ്പോൾ നമുക്കു വിധി നടത്താതേയും കഴിക്കാം' എന്നു സന്ന്യാസിനി പറഞ്ഞു.

'കത്തവ്യത്തിൽനിന്നും അണുവും പിൻമാററരുതു്. പ്രവത്തിക്കേണ്ടതു പ്രവത്തിക്കുവാൻ നാം തയ്യാറായിരിക്കണം.'

'അതിനു സംശയമുണ്ടോ?'

'നിങ്ങൾക്കു ഗുണേന്ദ്രഭൂഷണനെപ്പററി വല്ല വിവരമുണ്ടോ?'

'എൻെറ അറിവു് അയാൾ മാംഗിയറിലാണെന്നു മാത്രമാണ്.'

'എന്താണങ്ങിനെ ചോദിച്ചതു്?'

'എനിക്കാ യുവാവിനെപ്പററി അനുകമ്പയുണ്ടു്.'

'കൊള്ളാം! വിഷപ്പല്ലു പുറത്തുകാണിച്ചില്ല എന്നുവെച്ചു് ഒരു കൊച്ചു കാളസർപ്പത്തെപ്പററി അനുകമ്പയോ? ഞാനതു വിചാരിക്കാത്തതാണു്.'

'എന്തുകൊണ്ടു്?'

'മറെറാന്നുമല്ല; അയാൾ ബാലേന്ദ്രഭൂഷണൻെറ മകനാണു്.'

'അങ്ങിനെ വിചാരിക്കുന്നതു ശരിയല്ല. പിതാവിൻെറ തെററിനു പുത്രനെ കുററപ്പെടുത്തുന്നതെന്തിനു്? പിതാവിൻെറ മഹാപാതകങ്ങളെപ്പററിയൊന്നും പുത്രനായ അയാൾക്കു് അറിവില്ല.'

'എന്നാലും ബാലേന്ദ്രൻെറ പുത്രനല്ലേ?'

'അതെ. അതു ഗുണേന്ദ്രൻെറ കുററമാണോ? കഴിഞ്ഞതു് എങ്ങിനെ ആയിരുന്നാലും അയാളുടെ സ്വഭാവം ഇപ്പോൾ വളരെ നന്നായിട്ടുണ്ടു്. എന്നുതന്നെയല്ല അയാൾക്കു് അവകാശപ്പെട്ടതിനെ ഇല്ലായ്മചെയ്യുന്നതിനു സമ്മതിക്കുവാൻ പാടില്ലാത്തതാണു്. അതിനുവേണ്ട ഏർപ്പാടുചെയ്യണം.'

'എനിക്കൊന്നും പറവാനില്ല. നിങ്ങളുടെ ഇഷ്ടംപോലെ ചെയ്തുകൊള്ളുക. ഞാൻ നിങ്ങളുടെ വിശ്വസ്തഭൃത്യൻ. നിങ്ങൾ പറയുന്നതുപോലെ കേൾക്കുവാൻ ഞാൻ തയ്യാർ.'

'ലതിയെവിടെ?'

'അവൾ ഉറങ്ങുന്നു. സാധു! കൂട്ടുകാരില്ലാതെ വിഷമിക്കുകയാണു്.'

'അതുകൊണ്ടാണു കൃഷ്ണവേണിയുമായി സമ്മേളിക്കുന്നതിനു ഞാൻ അനുവദിച്ചിരിക്കുന്നതു്.'

'കൃഷ്ണവേണി ഒരു നല്ല പെൺകുട്ടി!'

'ലതികയുടെ വിവാഹം ഞാൻ തീർച്ചയാക്കി.'

'വിവാഹത്തിനു ലതിക്കു ധാരാളം പ്രായമായി.'

'പ്രായം അതിക്രമിച്ചു.'

'ആർക്കാണു വിവാഹം കഴിച്ചു കൊടുക്കുന്നതു്?'

'ഉചിതനായ ഒരു വരനെ ഞാൻ കണ്ടുവെച്ചിട്ടുണ്ടു്.'

'അതു് ആരു്?'

'അതു പിന്നീടു പറയാം.'

എല്ലാം തയ്യാറാക്കിച്ചുകൊള്ളണം.'

എപ്പോൾ?'

ഞാൻ ചെയ്യാൻ പറയുമ്പോൾ ചെയ്താൽ മതി.'

അങ്ങിനെ തന്നെ.'

നമ്മുടെ പഴയ പുരോഹിതനെ ക്ഷണിക്കുവാൻ മറന്നുപോകരുത്. അദ്ദേഹത്തിൻെറ സാന്നിദ്ധ്യമാവശ്യമാണ്.'

അങ്ങിനെ തന്നെ.'

*     *     *     *

ഇപ്രകാരം ഹരിചരണനും സന്ന്യാസിനിയും സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ആ കൊട്ടാരത്തിൻെറ മറ്റൊരു ഭാഗത്ത് ആനന്ദനും സുരബാലയും തമ്മിൽ ഒരു സംഭാഷണം നടന്നുകൊണ്ടിരുന്നു.

നമ്മുടെ ഉദ്ദേശം ഇപ്പോൾ സാധിച്ചുകഴിഞ്ഞതല്ലോ.'

പ്രിയേ! മുഴുവനായില്ല.' എന്ന് ആനന്ദൻ മറുവടി പറഞ്ഞു.

സുര__എന്തുകൊണ്ടായില്ല?

ആനന്ദ__ബാലേന്ദ്രൻ ജീവിച്ചിരിക്കുകയും വസ്തുവകകൾ അയാളുടെ കൈവശം ഇരിക്കയും ചെയ്യുന്നു. അതുതന്നെ.

സുര__ബാലേന്ദ്രൻ എൻെറ പിടിയിൽ വന്നുകഴിഞ്ഞതല്ലോ. പിന്നെ എന്തിനു വിചാരപ്പെടുന്നു?

ആനന്ദ__അതു ശരിതന്നെ. എന്നാൽ ഈ കൊട്ടാരത്തിൻെറയും മററും ഉടമസ്ഥാവകാശം നമുക്കു ലഭിച്ചുകഴിഞ്ഞില്ലല്ലോ. ബാലേന്ദ്രൻ ഒരാൾ ഉണ്ട്.

സുര__ഞാനെന്തുവേണം? പറയുക.

ആനന്ദ__വിശേഷിച്ചൊന്നും വേണ്ട. ബാലേന്ദ്രനെ ആകാവുന്നിടത്തോളം നിർബ്ബന്ധിക്കണം. ആ വഴിക്കു കാര്യം സാധിക്കണം.

സുര__അതു ഞാൻ ശ്രമിച്ചാൽ പററാത്തതല്ല. എന്നാൽ__'

ആനന്ദ__എന്നാൽ? അയാൾക്കെന്തു വേണം?

സുര__നമുക്കു കിട്ടുന്നതിലൊരുഭാഗം.

ആനന്ദ__ആ വിഡ്ഢിയാനെ ലോകത്തിൽനിന്നു തിരോധാനം ചെയ്യണം.

സുര__അയാളെ ഒഴിക്കുവാൻ വിഷമമാണ്.

ആനന്ദ--പ്രിയേ! ഈ വാക്ക പറയുമെന്നു ഞാനാശിച്ചിരുന്നില്ല

സുര--എന്തുകൊണ്ടു്?

ആനന്ദ--അയാളെയും നിനക്ക നിന്റെ അടിമയാക്കരുതോ?

സുര--ഹം! ചതിയ! ഞാനെന്നെ ഒരു ചന്തസ്സാമാനമാക്കി ലോകത്തിൽ വില്ക്കണമെന്നോ?

ആനന്ദ--അതുകൊണ്ടെന്തു്? ഒരു തരക്കേടുമില്ല. ഒരാളെപ്പറ്റിയോ ഒരു സാധനത്തെപ്പറ്റിയോ നീ ഒരു പ്രത്യേകത വിചാരിച്ചിട്ടില്ല. എല്ലാംവരും നിനക്ക സമം. ബാലചന്ദ്രനും വിദ്ധ്വേശ്വരനും തമ്മിലെന്തു ഭേദം?

സുര--ഒന്നൊരു വൃദ്ധനായ കോലാട്ടു്. മറ്റെ ആൾ ഒരു തെണ്ടിപ്പട്ടി! ഹാ. ഹാ! ഹാ!

സുര ഉറക്കെ ചിരിച്ചു.

ആനന്ദ--വിദ്ധ്വേശ്വരനേ അകപ്പെടുത്തുവാൻ നിനക്ക സാധിക്കുകയില്ലെന്നോ?

സുര--അയാൾ ആരുടെ പുറകെ നടന്നു എന്നറിഞ്ഞോ?

ആനന്ദ--ഞാനെങ്ങിനെയറിയും?

സുര--അയാൾ കൃഷ്ണവേണിയെ കണ്ണുവെച്ചിരിക്കയാണു്.

ആനന്ദ--വഞ്ചകൻ! അവൻ മരിക്കണം.

സുര--അതു് അസൂയയല്ലേ?

ആനന്ദ--അല്ല; ഒരുകാലത്തുമല്ല. അങ്ങിനെ പറയരുതു്. നമ്മുടെ ആശാനിശ്രേണിയുടെ ഒരു പടിമാത്രമാണവൾ. അവൾക്ക വിശേഷമൊന്നുമില്ലല്ലൊ.

സുര--ഒന്നുമില്ല. അവൾ മഹാരാജാവിനെ ഭയപ്പെടുന്നു! സാധു് വിഡ്ഢി! ഹീ! ഹീ! ഹീ!

ആനന്ദ--എന്തുകൊണ്ടു്?

സുര--അതു നിങ്ങൾ തന്നെ അന്വേഷിച്ചുകൊള്ളുക.

ആനന്ദ--അവളുത്ര കാന്തും മറ്റുമല്ല--'

സുര--അല്ല; അവളുടെ ഈ പ്രായത്തിൽ ഭയമോ? എയ്!

ആനന്ദ--അവളെ കുറെക്കൂടി നമുക്ക നല്ലവാക്ക പറഞ്ഞുവെച്ചുകൊണ്ടിരിക്കണം.

സുര--മഹാരാജാവിൽ അവൾക്ക വല്ല ശക്തിയുമുണ്ടെന്നു നിങ്ങൾ വിചാരിക്കുന്നോ? ഒരു ചുക്കുമില്ല. അന്നു രാത്രി അടിയന്തിരമഹോത്സവത്തിനു കണ്ടതിൽപിന്നെ അവൾ മഹാരാജാവിനെ കണ്ടിട്ടേയില്ല.

ആനന്ദ-- നമുക്കതു നന്നായി.

സുര-- നിങ്ങൾക്ക്, ഇല്ലേ?

ആനന്ദ-- പ്രിയെ! മുള്ളുവാക്കപറയരുതേ! നമുക്ക മറ്റു പല ഗൌരവവിഷയങ്ങൾ സംസാരിപ്പാനുണ്ട്.

സുര-- എന്ത്?

ആനന്ദ-- നിൻെറ അമ്മ ഒരു മരുന്നു നിൻെറ കൈവശം തന്നിട്ടുള്ളതു കൊടുത്തുവരുന്നുണ്ടോ?

സുര-- ഉണ്ട്; അതു കാലതാമസം വരുത്തും.

ആനന്ദ-- വരുത്തിക്കോട്ടെ; അതു നല്ലതാണ്. എന്തിലാണ് അതു കൊടുത്തുവരുന്നതു്.

സുര-- നിങ്ങൾ പറഞ്ഞപോലെ ഞാൻ മാററിമാററി കൊടുത്തുവരുന്നു. ചിലപ്പോൾ പാലിൽ. ചിലപ്പോൾ ആഹാരത്തിൻെറ കൂടെ.

ആനന്ദ-- അതു കൊള്ളാം. നമുക്ക് അത്യാവശ്യമായിട്ടുള്ളതു ബാലേന്ദ്രൻെറ അവസാനവും കൃഷ്ണവേണിയുടെ പേക്ക ഒരു മരണപത്രവും.

സുര-- കൃഷ്ണവേണിയുടെ പേക്കോ? അതെന്തുകൊണ്ട്?

സുരയുടെ നയനങ്ങൾ കോപംകൊണ്ടു ജ്വലിച്ചു.

ആനന്ദ-- പ്രിയേ! ബുദ്ധിവിട്ടു സംസാരിക്കരുതു്.

സുര-- അതെ അതെ. കുറെ നാളായി എൻെറ ബുദ്ധി വിട്ടിരിക്കയാണെന്നു ഞാനറിയുന്നുണ്ട്. ആ പെണ്ണു പ്രായമായപ്പോൾ മുതലാണ്. നിങ്ങളുടെ കപടോദ്ദേശം ഞാനറിയും. ഞാനിനി ഇതിനൊന്നിനും പങ്കില്ല.

ആനന്ദ-- പ്രിയെ അങ്ങിനെയല്ല. ഇത്രവേഗം ശുണ്ഠി എടുത്താലോ? നിൻെറ ഗുണത്തിനാണു ഞാനങ്ങിനെ പറഞ്ഞതു്. നിൻെറ പേരിൽ വിൽപ്പത്രം എഴുതുന്നതായാൽ അതു പല സംശങ്ങൾക്കും ഇടയാക്കിത്തീക്കും. ഞാൻ നിന്നെ ആത്മാത്ഥമായി സ്നേഹിക്കുന്നുണ്ടെന്നു നിനക്കറിയാമല്ലോ. ഞാനീ ബുദ്ധിമുട്ടുന്നതൊക്കെ നിനക്കുവേണ്ടിയാണ്.

സുര-- പൊയ്ക്കൊള്ളുക. ഈ കളവു എന്നോടെടുക്കേണ്ട.

ആനന്ദ-- സുരേ! ഞാൻ നിൻേറതല്ലയോ?

സുര-- ആകട്ടെ; ഫലംകൊണ്ടറിയാം വൃക്ഷത്തിൻെറ മേന്മ.

ആനന്ദൻ സുരയുടെ അധരങ്ങളെ ചുംബിച്ചു. സുര അയാ

ള പതുക്കെ പുറകോട്ടു മാററിക്കൊണ്ടു 'മതി. ഈവത്തരം കള്ളസ്സമ്പ്രദായങ്ങൾ ഇനി വേണ്ട, ഞാനറിയും. ഞാൻ കൃഷ്ണയല്ല.'

'ഹാ! പിന്നെയും വന്നു! മഹാരാജാവു നിന്നെ അന്വേഷിക്കയില്ലെ? ഇപ്പോൾതന്നെ അധികം താമസിച്ചു.'

'അയാൾ കുടിച്ചു മറിഞ്ഞുകിടക്കുകയാണ്. ഏതായാലും ഞാനങ്ങോട്ടു ചെല്ലട്ടെ.'

'സുരേ! നിന്റെ പ്രേമത്തിനു നമസ്കാരം!'

'അതെ. അതൊക്കെ കണ്ടറിയാം.'

'ഞാനും അതുതന്നെ പ്രാർത്ഥിക്കുന്നു.'

'ഹാ! പഴയ ചതിയൻ!'

സുര മന്ദഹസിച്ചുകൊണ്ടു പോയി. ആനന്ദൻ കുറെക്കൂടി അവിടെ നിന്നു. അയാൾ പല വിചാരങ്ങൾക്കിടയിൽ ഇങ്ങിനെ തന്നത്താൻ പറഞ്ഞു:—

'അതു പാടില്ല. നിന്നെ സംബന്ധിച്ചും അതു് എനിക്കനുവദിക്കുവാൻ തരമില്ല. എന്റെ രഹസ്യങ്ങൾ നീ അറിഞ്ഞിട്ടുണ്ടു്. നിന്നേയും കഴിച്ചുവെയ്ക്കണം. എന്റെ ഉദ്ദേശങ്ങൾ സാധിക്കുന്ന പക്ഷം ലോകത്തിൽവെച്ചു ഞാൻതന്നെ മഹാഭാഗ്യവാൻ! എന്നാൽ അതിന്നിടകൊണ്ടു കൃഷ്ണവേണിയെ സ്വാധീനമാക്കണം. മൂന്നുപായങ്ങൾകൊണ്ടും സാധിച്ചില്ലെങ്കിൽ നാലാമത്തേതായ 'ദണ്ഡ'മുപയോഗിച്ചുനോക്കണം.'

ആനന്ദൻ ആദ്യം ഒരു പരിശുദ്ധനായ വ്യാപാരിയായിരുന്നു. പല സംഗതികൾ അനുകൂലത്തിൽ വന്നുചേർന്നതിനാൽ കുറെ പണം കൈവശമുണ്ടായി. കുറെ പണം കണ്ടുപോയപ്പോൾ പണത്തിൽ ആശ വർദ്ധിച്ചു. കൂടുതൽ കൂടുതൽ സമ്പാദിക്കുന്തോറും ആശയും കൂടുതൽ വർദ്ധിച്ചുവന്നു. ഒടുവിൽ ഏതു മാർഗ്ഗത്തിലായാലും പണം സമ്പാദിക്കണമെന്നു മാത്രം ഒരേ വിചാരം അയാളെ പിടികൂടി. അതോടുകൂടി അയാളുടെ സ്വഭാവം ദുഷിച്ചു. അയാൾ എത്രയോ നീചനായിത്തീർന്നു. അയാൾ പണത്തെ മാത്രം സ്നേഹിച്ചു. അതിനുവേണ്ടി ജീവിച്ചു. അതെത്രക്കു് അയാൾക്കു് ഉപകാരപ്പെട്ടുമോ ആവോ?

## എണ്പത്തൊന്നാം അദ്ധ്യായം.

സത്യം അഥവാ സ്വപ്നം.

വൈകുന്നേരം അനിലൻ ഗൃഹത്തിലേക്കു് ഒരെഴുത്തെഴുതുകയായിരുന്നു. ആ സമയത്തു് ഒരു ഭൃത്യൻ ആ മുറിയിൽ കടന്നുവന്നു പറഞ്ഞു:—

'ഒരു സന്ന്യാസിനി അവിടത്തെ കാണ്മാൻ വന്നിരിക്കുന്നു.'

'സന്ന്യാസിനി?'

'അതെ.'

എഴുത്തു നിൎത്തി അനിലൻ പുറത്തു വന്നു നോക്കി. പുറത്തു വന്നപ്പോൾ ഒരു സന്ന്യാസിനി പടിക്കൽ കാത്തുനില്ക്കുന്നതായി കണ്ടു. അവളുടെ നരച്ച തലമുടി പുറത്തു കിടക്കുന്നുണ്ടായിരുന്നു. അവളുടെ പ്രകാശമേറിയ മുഖവും എന്നാൽ ശാന്തമായ സ്വഭാവഗുണവും കണ്ടു് അനിലനു ബഹുമാനം തോന്നി.

സന്ന്യാസിനി:—കുഞ്ഞേ! ഞാൻ നിങ്ങളെ അനുഗ്രഹിക്കുന്നു. ദീൎഘായുസ്സും ജീവിതസുഖവും നിങ്ങൾക്കു മേല്ക്കുമേലുണ്ടാകട്ടെ!

'അമ്മേ! നിങ്ങളാരാണു്?' എന്നു് അനിലൻ ബഹുമാനത്തോടെ ചോദിച്ചു.

'അതു ഞാൻ പിന്നെ പറയാം. എനിക്കു നിങ്ങളെക്കൊണ്ടു സ്വല്പം കാൎയ്യമുണ്ടു്.'

'എന്താണു സംഗതി?' എന്നു് അനിലൻ ആശയോടുകൂടി ചോദിച്ചു.

'ഞാനുദ്ദേശിക്കുന്ന കാൎയ്യം ഒരു നിലനിന്നുവരുന്ന തെററിനെ ശരിപ്പെടുത്തും. അതു് ഒരു സാധുവിനെ ആപത്തിൽനിന്നു രക്ഷിക്കും. നിങ്ങളുടെ ഐശ്വൎയ്യത്തിനും ഭാവിസുഖത്തിനും അതു കാരണമാക്കിത്തീൎക്കും. എന്നുതന്നെയല്ല മററുള്ളവൎക്കു നന്മ ചെയ്യുന്നതിനു നിങ്ങളെ ശക്തനാക്കിത്തീൎക്കുകയും ചെയ്യും.'

'അമ്മേ! അതെന്തു സംഗതി?' എന്നു് അനിലൻ അത്ഭുതത്തോടെ ചോദിച്ചു.

സന്ന്യാസിനി പറഞ്ഞു:—'അതു ഞാൻ പിന്നീടു പറയാം. ലോകരഹസ്യങ്ങൾ ഞാൻ നിങ്ങളെ മനസ്സിലാക്കാം. അതുമൂലം മററുള്ളവൎക്കു് ഉപകാരം ചെയ്യുന്നതിനു നിങ്ങൾ ശക്തനായിത്തീരും. എന്നാൽ വേണ്ടതു. നിങ്ങൾ അതിനു തെയ്യാറാവുകയാകുന്നു. നാളെ നിങ്ങൾ ഗംഗയിൽ സ്നാനംചെയ്യണം. സ്നാനംകഴിഞ്ഞു പിതൃശ്രാദ്ധം ഊട്ടണം. നാളത്തെ ദിവസം വ്രതം അനുഷ്ഠിക്കണം. നാളെ ജലവും അല്പം പാലും മാത്രമേ ആഹാരം കഴിക്കാവൂ. ഞാൻ വൈകുന്നേരം വന്നു നിങ്ങളെ എന്റെ ഒന്നിച്ചു കൊണ്ടുപോയിക്കൊള്ളാം.'

അനിലൻ അത്ഭുതപരതന്ത്രനായിത്തീൎന്നു. എന്തു പറയണ

മെന്നറിയാതെ സന്ന്യാസിനിയുടെ മുഖത്തു നോക്കിക്കൊണ്ട് അനിലൻ നിന്നു.

സന്ന്യാസിനി വീണ്ടും പറഞ്ഞു:--'കുഞ്ഞേ! എൻെറ വാക്കിൽ ഒട്ടും സംശയിക്കേണ്ട. നിങ്ങളോട് എനിക്കു വിരോധമൊന്നുമില്ല. നിങ്ങൾ എന്നോടു യാതൊരു തെററും ചെയ്തിട്ടില്ല. അതുകൊണ്ട് എന്നിൽനിന്നും യാതൊന്നും ഭയപ്പെടാനില്ല. എൻെറ ഈ നിർദ്ദേശങ്ങളെ അനുസരിക്കുവാൻ പറയുന്നതു നിങ്ങളുടെ ഗുണത്തിന്നു മാത്രമായിട്ടാണ്. ഞാനിപ്പോൾ പിരിയുന്നു. ശേഷം ഇനി നാം കാണുമ്പോൾ.'

'എവിടെ വെച്ചു നാം കാണും?'

'ഇവിടെവെച്ച്; നാളെ ഈ സമയത്ത്.'

'നിങ്ങളുടെ നിർദ്ദേശങ്ങളെ ഞാൻ അനുഷ്ഠിക്കാതെ അനുഷ്ഠിച്ചതായി പറയുകയാണെങ്കിലോ?'

'നിങ്ങളുടെ അന്തസ്സുള്ള ബുദ്ധിയിൽ അങ്ങിനെ തോന്നുകയില്ലെന്ന് എനിക്കു വിശ്വാസമുണ്ട്. അല്ലെങ്കിൽ ഞാൻ ഇവിടെ വരുകയില്ലായിരുന്നു. നിങ്ങളൊരു സത്യവാനാണെന്ന് എനിക്കറിയാം. പോരെങ്കിൽ വേണ്ട ധൈര്യവും ദൃഢതയുമുണ്ടെന്നു ഞാനറിഞ്ഞിട്ടുണ്ട്. ചാരിത്രശുദ്ധി, ഭക്തി, സ്നേഹം ഈ മൂന്നു ഗുണങ്ങൾ സ്ത്രീയെ എന്നപോലെ മുൻപറഞ്ഞ മൂന്നു ഗുണവും ഒരു പുരുഷനെ ഉത്തമമാതൃകയാക്കിത്തീർക്കുന്നതാണ്. ഞാൻ നാളെ വന്നുകൊള്ളാം, ഇന്ന് ഇനി സമയമതിക്രമിച്ചിരിക്കുന്നു. എൻെറ നിർദ്ദേശങ്ങളെ നിവൃത്തിയുള്ളേടത്തോളം ശരിയായി അനുഷ്ഠിക്കുക.'

ഇത്രയും പറഞ്ഞു ക്ഷണംകൊണ്ടു സന്ന്യാസിനി അവിടെനിന്നും മറഞ്ഞു. അനിലൻ അത്യത്ഭുതത്തോടുകൂടി നിന്നനിലക്കു തന്നെ കുറെ നേരം ആലോചനയോടുകൂടി നിന്നു. എന്ത്? സ്വപ്നമോ? അല്ല; സന്ന്യാസിനിയുടെ വാക്കുകൾ അനിലനു കൂടുതൽ വിശ്വാസത്തെ ജനിപ്പിച്ചിരുന്നു. അവളുടെ ഉദ്ദേശങ്ങളെപ്പററി ചോദ്യംചെയ്യുന്നതിന് അനിലനു കഴിഞ്ഞില്ല. യഥാർത്ഥമായ പരിശുദ്ധിയുടെ സങ്കേതമായിരുന്നു; സന്ന്യാസിനിയെന്നും തൻെറ മാനസികോന്നതിക്കുവേണ്ടി വന്നവളായിരുന്നു അവളെന്നും അനിലൻ വിശ്വസിച്ചു. അനിലൻെറ ഗുണത്തിന്നുതന്നെയാണ് അവൾ വന്നതെന്നു സന്ന്യാസിനി പറഞ്ഞതു വാസ്തവമായിരുന്നു.

സന്ന്യാസിനിയെപ്പററി അനിലനു വലിയ ഭക്തിയും ബഹുമാനവും തോന്നുകയാൽ നിർദ്ദേശങ്ങളെ അക്ഷരംപ്രതി അനുഷ്ഠിക്കണമെന്നു് അനിലനും നിശ്ചയിച്ചു. സന്ന്യാസിനിക്കു് അതിൽ സ്വാൎത്ഥപരമായ ദുരുദ്ദേശങ്ങൾ ഉണ്ടായിരിക്കുവാൻ ഇടയില്ലെന്നു സ്പഷ്ടമായിരുന്നു. അതു് അനിലൻെറ ക്ഷേമത്തിനായിരുന്നു. സംഗതിമാത്രം എന്തെന്നറിയാത്തതിനാൽ അനിലനു വലിയ ഉൽകണ്ഠയുണ്ടായിരുന്നു. അയാൾ പലതും വിചാരിച്ചുനോക്കി. തന്നത്താൻ പല യുക്തിവാദങ്ങളും ചെയ്തു. എന്നാൽ യാഥാൎത്ഥ്യം ഊഹിക്കുന്നതിനുപോലും കഴിഞ്ഞില്ല. 'സന്ന്യാസിനി ആരായിരുന്നു? അവരുടെ ഉദ്ദേശമെന്തായിരുന്നു? സന്ന്യാസിനി എന്തു പഠിപ്പിക്കുവാനാണു്? ആ സംഗതികൾ മററാരോടും തുടന്നുപറയരുതെന്നു് അനിലൻ തീച്ചപ്പെടുത്തി. അവസാനം അറിയുന്നതുവരെ പ്രാണസ്നേഹിതനായ ഭൂപനെക്കൂടി അറിയിക്കരുതെന്നു് അനിലൻ ഉറച്ചു. അന്നു രാത്രി അനിലനു് ഉറക്കം സുഖമായില്ല. പിറെറന്നു രാവിലെ സന്ന്യാസിനിയുടെ നിർദ്ദേശങ്ങളെ യാതൊരു യുക്തിവാദവും സംശയവും കൂടാതെ ഒരു യന്ത്രമെന്നപോലെ അനിലൻ അനുഷ്ഠിച്ചു!

* * * *

വൈകുന്നേരമായതോടുകൂടി അനിലനു ദേഹത്തിനും മനസ്സിനും ഒരു ലാഘവം തോന്നി. പകൽ കഴിഞ്ഞുവരുന്തോറും സന്ന്യാസിനിയെപ്പററിയുള്ള ചിന്ത അനിലൻെറ മനസ്സിനെ ബാധിച്ചുവന്നു. ഒരില അനങ്ങുമ്പോൾ അതു സന്ന്യാസിനിയുടെ വരവെന്നു് അയാൾ പരിഭ്രമിച്ചുവന്നു. അനിലൻെറ മനസ്സിൽ ഒരേ ഒരു വിചാരം മാത്രമായിരുന്നു.

നേരം സന്ധ്യയായി. അനിലൻ പടിക്കൽ ചെന്നുനിന്നു. ചഞ്ചലമായ ഹൃദയത്തോടുകൂടി വെറുതെ നില്ക്കുവാൻ വിഷമമായിരുന്നു. അതിനാൽ അനിലൻ വഴിയിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നുകൊണ്ടിരുന്നു. ഒടുവിൽ അയാളുടെ പുറത്തെന്തോ സ്പശിച്ചു. തിരിഞ്ഞുനോക്കിയപ്പോൾ സന്ന്യാസിനി മുമ്പിൽ നില്ക്കുന്നതായി അനിലൻ കണ്ടു. അവൾ അനിലൻെറ മുഖത്തു സൂക്ഷിച്ചുനോക്കി. ആ തറഞ്ഞുകേറുന്ന നോട്ടത്തിനു് അനിലൻ കീഴ്പ്പെട്ടതുപോലെ അയാൾക്കു തോന്നി. കുറെ നേരം സന്ന്യാസിനി കണ്ണുപറിക്കാതെ അനിലൻെറ മുഖത്തേക്കു നോക്കിക്കൊണ്ടു ഇങ്ങിനെ പറഞ്ഞു:—

'കുഞ്ഞേ! നിങ്ങൾ പറഞ്ഞതുപോലെ ചെയ്തു എന്നു ഞാൻ അറിയുന്നു. എന്റെ കൂടെ വരുക; എല്ലാം മംഗളമാകും.'

എന്നു പറഞ്ഞു സന്ന്യാസിനി മുമ്പോട്ടു നടന്നു. അനിലൻ മാസ്മരനിദ്രയിലകപ്പെട്ടവനെപ്പോലെ അവളെ പിൻതുടർന്നു. അനിലന്റെ യുക്തികൾ എല്ലാം അസ്തമിച്ചിരുന്നു. അയാൾക്കു് ഒന്നും സംസാരിക്കുവാൻ ശക്തിയില്ലായിരുന്നു.

കുറെ നേരം നടന്നതിനുശേഷം സന്ന്യാസിനി ഒരു രണ്ടുനിലകെട്ടിടത്തിന്റെ മുമ്പിൽ എത്തി. പടിക്കൽ രണ്ടുപേർ അവളെ കാത്തുനില്ക്കുന്നുണ്ടായിരുന്നു. അനിലനോടുകൂടി അകത്തുകടന്നയുടനെ വാതിൽ പൂട്ടി അവരും അവളെ പിൻതുടർന്നു. ഗൃഹത്തിൽ കടന്നസമയം മുറിയും വൃത്തിയായി അടിച്ചുതളിച്ചു കുസുമങ്ങളെക്കൊണ്ടും നിലവിളക്കുകളാലും അലങ്കരിക്കപ്പെട്ടിരുന്നു. കുറച്ചകലെയായി രണ്ടു പുരോഹിതന്മാർ മുഖാമുഖം നോക്കിക്കൊണ്ടിരുന്നിരുന്നു. തറയിൽ ഇന്ത്യൻപരവധാനി വിരിച്ചു് അലങ്കരിച്ചിരുന്നു. പരവധാനിയുടെ നടുവിലായി പനിനീർകുപ്പിപ്പൂച്ചെണ്ടുകൾ നാരങ്ങ മുതലായ മംഗലസാധനങ്ങൾ നിരത്തിവെച്ചിരുന്നു.

അനിലൻ ഗൃഹത്തിൽ കടന്നയുടനെ സകലരുടേയും ദൃഷ്ടി അനിലനിൽ പതിഞ്ഞു. ആ മുറിയും ഒരുക്കിയിരുന്ന സാധനങ്ങളും ആളുകൾ തന്നെ സൂക്ഷിച്ചു നോക്കുന്നതും ചില്ലറ ആൾക്കൂട്ടവും എല്ലാംകൂടി കണ്ടു് അനിലൻ അത്ഭുതപരതന്ത്രനായിത്തീർന്നു. 'എന്തു് ഒരു വിവാഹം നടക്കുവാൻ പോകുന്നോ? എന്നാൽ എന്നെ എന്തിനിവിടെ കൊണ്ടുവന്നു? ആരുടെ വിവാഹം? ആ വിവാഹവും ഞാനുമായി എന്തു ബന്ധം?' എന്നെല്ലാം അനിലൻ ചിന്തിക്കുവാൻ തുടങ്ങി. എന്നാൽ അനിലൻ ഒന്നും സംസാരിച്ചില്ല. സന്ന്യാസിനിയും അയാളോടു കൂടുതലൊന്നും പറഞ്ഞില്ല. സന്ന്യാസിനി അനിലനോടു പരവധാനിയിൽ ഇരിക്കുവാൻ പറഞ്ഞു. അനിലൻ ഇരുന്നു. അനന്തരം സന്ന്യാസിനി വേഗം മടങ്ങിവരാമെന്നു പറഞ്ഞു് അകത്തേക്കു പോയി.

അനിലൻ അമ്പരന്നു മൌനമായി ഇരുന്നു. അയാൾക്കു് എല്ലാം ഒരു സ്വപ്നംപോലെ തോന്നി. തന്നെ വലയിൽ ചാടിച്ചതായിരിക്കുമെന്നു് അയാൾ വിചാരിച്ചു. സന്ന്യാസിനി അയാളെ മാസ്മരവിദ്യയിൽ മയക്കിയിരിക്കുമോ? അയാൾക്കു ശരിയായ ഉത്തരമൊന്നും കിട്ടിയില്ല.

അല്പം കഴിഞ്ഞു സന്യാസിനി മടങ്ങിവന്ന് അനിലനോട തന്റെ കൂടെ വരുവാൻ പറഞ്ഞു. അനിലൻ അവളെ അനുഗമിച്ചു. സന്യാസിനി അനിലനെ അടുത്തമുറിയിലേക്കു കൂട്ടിക്കൊണ്ടുപോയി അയാളുടെ വസ്ത്രം മാറി അവിടെ ഒരുങ്ങിയിരുന്ന പട്ടുവസ്ത്രങ്ങൾ ധരിക്കുന്നതിന് ആജ്ഞാപിച്ചു. അനിലൻ അനുസരിച്ചു. പറയുന്നതു കേൾക്കുക എന്നല്ലാതെ അനിലനു സ്വബുദ്ധികൊണ്ട് അപ്പോൾ ഉപയോഗമില്ലായിരുന്നു.

അനിലൻ വസ്ത്രാഡംബരഭൂഷിതനായി പുറത്തേക്കുവന്നപ്പോൾ സന്യാസിനി വാതുക്കൽ നില്ക്കുന്നുണ്ടായിരുന്നു. അവൾ അനിലനിൽ ദൃഷ്ടിയുറപ്പിച്ചു കുറെ നേരം നിന്നിട്ട് ഇങ്ങിനെ ആരംഭിച്ചു:—

'കുഞ്ഞേ! ഇതു ജീവിതത്തിലെ പ്രശാന്തഗംഭീരമായ ഒരു മുഹൂത്തമാകുന്നു. ഇന്നുമുതൽ നിങ്ങൾ നിങ്ങളുടെ സ്വന്തം സന്തോഷത്തിനും സന്താപത്തിനും ചുമതലപ്പെടുന്നതിനുപുറമെ മറെറാരാളുടെ ഭാരംകൂടി നിങ്ങൾ ചുമക്കേണ്ടതായി വന്നിരിക്കുന്നു. നിങ്ങൾ എന്നെ അമ്മേ! എന്നു വിളിച്ചതു യഥാൎത്ഥമാണെന്നു ഞാൻ കാണിച്ചുതരാം. ഒരു മാതാവു പുത്രനു യാതൊരു ദോഷവും ചെയ്യുന്നതല്ലെന്നു വിശ്വസിച്ചുകൊള്ളുക. അതുകൊണ്ടു നിങ്ങൾ ജീവിതത്തിൽ ഐശ്വൎയ്യത്തോടും സുഖത്തോടും പെരുമാറുന്നതിനു ഇടയാകും. ഇതാ ഒരു യഥാൎത്ഥഭാഗ്യവതിയായ പെൺകുട്ടിയെ നിങ്ങളുടെ ഇഷ്ടകളത്രമായി ഞാൻ ദാനം ചെയ്യുന്നു. അവൾ സൌന്ദൎയ്യത്തിലൊ സമ്പത്തിലൊ ഒട്ടുംതന്നെ പുറകോട്ടല്ല. അവളുടെ സൌന്ദൎയ്യം നിങ്ങൾ ഇപ്പോൾതന്നെ കണ്ടനുഭവപ്പെടും. എന്നാൽ അവളുടെ നല്ല ഗുണങ്ങൾ നിങ്ങൾ കാലക്രമംകൊണ്ടു മനസ്സിലാക്കും.'

എന്നു പറഞ്ഞു സന്യാസിനി മറഞ്ഞു. അനിലൻ പഴയ സ്ഥാനത്തു ചെന്നിരുന്നു. ഉടനെ രണ്ടു പുരോഹിതന്മാർ മന്ത്രം ചൊല്ലുന്നതിനു ആരംഭിച്ചു. ശാസ്ത്രീയമായ വിവാഹചടങ്ങു ആരംഭിച്ചു. അല്പം കഴിഞ്ഞപ്പോൾ പ്രഭാതപ്രകാശമെന്നപോലെ മനോഹരമായ പട്ടുവസ്ത്രം ധരിച്ചു വധുവിനോടുകൂടി സന്യാസിനി അവിടെ പ്രത്യക്ഷയായി. മൂടൽമഞ്ഞിൽകൂടി പ്രകാശിക്കുന്ന വാർതിങ്കൾ എന്നപോലെ മൂടുപടത്തിൽകൂടി അവളുടെ കോമളമായ ആനനം പ്രകാശിച്ചിരുന്നു. പല മന്ത്രങ്ങളും പുരോ

ഫിതന്മാർ ചൊല്ലികൊടുത്തതു ശാന്തമായി അനിലൻ ചൊല്ലി ത്തുടങ്ങി. അതിനിടക്ക് വിറച്ചുകൊണ്ടിരുന്ന വധുവിന്റെ കര പല്ലവങ്ങൾ അനിലന്റെ കരങ്ങളോടു ചേർത്തു ഒരു പൂമാലകൊണ്ടു സന്ന്യാസിനി കെട്ടി.

അനന്തരം വധൂവരന്മാർ മുഖത്തോടുമുഖം തിരിഞ്ഞിരുന്നു. അവർ തലക്കുമുകളിലായി രണ്ടാളുകൾ ഒരു വസ്ത്രം മേൽക്കട്ടിഃപാലെ വിടുത്തിപ്പിടിച്ചു. വധുവിന്റെ മൂടുപടം പെട്ടന്നു മാററി. വധൂവരന്മാർ അന്യോന്യം നോക്കി. അവരുടെ മിഴികൾ തമ്മിലിടഞ്ഞു.

പെൺകുട്ടിയെ കണ്ടമാത്രയിൽ അനിലൻ ഒന്നു ഞെട്ടി! ആ കോമളമുഖംതന്നെയായിരുന്നു മുമ്പൊരിക്കൽ കരാപത്തിൽ പെട്ടസമയം കണ്ടിരുന്നതു്. ആ കോമളവിഗ്രഹത്തെ പലപ്പോഴും അനിലൻ പിന്നീടു സ്വപ്നത്തിലും കണ്ടിട്ടുണ്ടായിരുന്നു. അവളുടെ സ്മരണ എന്നും അനിലനെ വിഷമിപ്പിച്ചിരുന്നു. ആ യുവതിയും അനിലനെ കണ്ടമാത്രയിൽ ഒന്നു ഞെട്ടി. അയാളേയും അവൾ കണ്ടിട്ടുണ്ടായിരുന്നു. അതൊരു സ്വപ്നമായിരുന്നോ? അനിലൻ വല്ല മാസ്മരനിദ്രയിലും അകപ്പെട്ടിരുന്നോ?

സന്ന്യാസിനി അനിലന്റെ വിരലിൽ ഒരു മോതിരം ഇട്ടിട്ടു് ഇങ്ങിനെ പറഞ്ഞു:—

'എന്റെ ഹൃദയരത്നത്തെ നിങ്ങൾക്ക് ഇതാ തരുന്നു. എന്റെ ഹൃദയത്തിലെ വിചാരപരമ്പരകൾ ഇതിൽ കൂടുതൽ എന്നെ തല്ക്കാലം പറയുന്നതിന്നു് അനുവദിക്കുന്നില്ല.'

അവളുടെ ശബ്ദം ഗൽഗദത്തിൽ ആയിത്തീന്നതും കണ്ണുനീർ കവിയുന്നതും അനിലൻ കണ്ടു! അനിലൻ അവളുടെ മുഖത്തു നോക്കിക്കൊണ്ടിരുന്നു.

സന്ന്യാസിനി വീണ്ടും തുടന്നു:—

'പിന്നീടു് ഇവളെപ്പററിയുള്ള വസ്തുത മുഴുവൻ ഞാൻ മനസ്സിലാക്കിക്കൊള്ളാം. നാട്ടിലെ ഉയന്ന പ്രഭുക്കന്മാക്കു സ്വീകരിക്കുന്നതിന്നു് പൂണ്ണമായ അഹ്തയും അന്തസ്സും ഉള്ളവളാണു് ഇവളെന്നുമാത്രം തല്ക്കാലം മനസ്സിലാക്കുക. കുറച്ചുനാളത്തേക്കു നിങ്ങൾ രണ്ടാളും തങ്ങളിൽ പിരിഞ്ഞു താമസിക്കേണ്ടതായിട്ടുണ്ടു്. ഈ മാതിരി ഒരു മോതിരം ഒരു പെൺകുട്ടിയുടെ കയ്യിൽ കണ്ടാൽ അവൾ നിങ്ങളുടെ ഭാര്യയാണെന്നു മനസ്സിലാക്കിക്കൊള്ളുക. മോതി

രത്തിന്റെ ഉള്ളിൽ കാണുന്ന ആ അടയാളവും സൂക്ഷിച്ചുകൊള്ളുക. ഇത്തരം ഒരു മോതിരം കടകളിലെങ്ങും കണ്ടുകിട്ടുന്നതല്ല. വിവാഹത്തിന്റെ മററു തെളിവുകളൊന്നും ആവശ്യമില്ല.'

സന്യാസിനി വധൂവരന്മാരെ അനുഗ്രഹിച്ചു. അവരുടെ ദീർഘായുരാരോഗ്യത്തിനും സുഖജീവിതത്തിനും സന്യാസിനി ഹൃദയപൂർവ്വം പ്രാർത്ഥിച്ചു. വിയർപ്പുകണങ്ങൾ അവരുടെ കപോലങ്ങളിലും നെററിത്തടങ്ങളിലും നിന്നു മിന്നി. അവർ അനുരൂപദമ്പതികളാണെന്നു സന്യാസിനി വിചാരിച്ചു. എന്നാൽ ഈ കാഴ്ച കണ്ടു യഥാർത്ഥത്തിൽ സന്തോഷിക്കുമായിരുന്ന അവർ എവിടെയായിരുന്നു? സന്യാസിനിയുടെ മിഴികളിൽ ജലം നിറഞ്ഞു. അവൾ ഒരു ദീർഘശ്വാസത്തോടുകൂടി പതുക്കെ അവിടം വിട്ടു.

വധൂവരന്മാർ 'ബോസർ' എന്ന ചടങ്ങിനു തയ്യാറായി. ഉറക്കത്തിൽ നടക്കുന്ന ഒരു മനുഷ്യനെപ്പോലെ അനിലൻ പിൻതുടന്നു.

*　　　*　　　*　　　*

ആ മുറി കമനീയമായി അലങ്കരിച്ചിരുന്നു. ഒരു ശരറാന്തൽ അവിടെ കത്തിജ്വലിച്ചുകൊണ്ടിരുന്നു. ആ യുവതി മൂടുപടം മാററിയപ്പോൾ അനിലന്റെ അത്ഭുതം ഏററവും ഉച്ചസ്ഥാനത്തെത്തി. ആ കൊല നടന്നദിവസം കണ്ട ആ യുവതിയായിരുന്നു അവൾ!

അനിലന് ഒന്നും മനസ്സിലായില്ല. എല്ലാം അയാൾക്കു സ്വപ്നപ്രായമായി തോന്നി. സംസാരിക്കുവാനുള്ള ശക്തിതന്നെ അനിലനിൽനിന്നും പോയിരുന്നു. കുറെ നേരം മൌനവലംബിച്ചിട്ട് അനിലൻ ഇങ്ങിനെ സംഭാഷണം ആരംഭിച്ചു.

'ഭവതി എന്നെ ഓർമ്മിക്കുന്നുണ്ടോ?'

'നിങ്ങൾ എന്നെ രക്ഷിച്ച ആളാണ്.'

'എങ്ങിനെ?' എന്ന് അനിലൻ സ്വപ്നത്തിലെന്നപോലെ ചോദിച്ചു.

'ഒരു മനുഷ്യരാക്ഷസന്റെ പിടിയിൽനിന്നും നിങ്ങളും നിങ്ങളുടെ സ്നേഹിതനായിരിക്കാം വേറൊരാളും കൂടി ഒരു നിർഭാഗ്യയായ പെൺകിടാവിനെ രക്ഷിച്ചതു് ഓർക്കുന്നുണ്ടോ?'

'ഇല്ല. പുറകിൽനിന്നും ഞങ്ങളെ അന്നു ചിലർ പെട്ടന്ന് എതിർത്തതിനാൽ അന്ന് ആ രാത്രി ആളു തിരിച്ചറിയുന്നതിനു സാധിച്ചില്ല. എന്നാൽ മറെറാരുദിവസം രാത്രിയിലെ സംഭവം

ഞാൻ ഇന്നും നല്ലപോലെ ഓൎമ്മിക്കുന്നുണ്ട്. ഓ! ആ ഭയങ്കര സംഭവത്തെപ്പററി വിചാരിക്കുമ്പോൾതന്നെ എന്റെ രക്തം ഉറഞ്ഞുപോകുന്നു. അത് ഇന്നും എന്റെ ഹൃദയത്തിന് ഒരു ഭാരമായിരിക്കുന്നുണ്ട്. അന്ന് ആ അനാഥസ്ഥിതിയിൽനിന്നും ഒരു ദിവ്യശക്തി എന്നെ രക്ഷിച്ചില്ലായിരുന്നെങ്കിൽ എന്റെ കഥ അതോടുകൂടി തീരുമായിരുന്നു.'

ആ പെൺകുട്ടി ലജ്ജിച്ചു തല താഴ്ത്തി നിന്നു.

'നിങ്ങൾ അന്ന് അവിടെ എങ്ങിനെ വന്നു?' എന്നു യുവതി ചോദിച്ചു.

'എന്റെ ഒരു പഴയ സ്നേഹിതൻ എന്നെ അവിടെ കൂട്ടിച്ചുകൊണ്ടുപോയതാണ്. എന്നാൽ അവിടെ എങ്ങിനെ ഭവതി വന്നുചേൎന്നു?'

'എന്നെ എന്റെ അമ്മൂമ്മ അവിടേക്കു കൊണ്ടുപോയതാണ്.'

'എന്തിന്?'

'ആ കള്ളന്മാരുടെ ഭയങ്കരമായ സങ്കേതത്തിൽനിന്നും ഞാൻ രക്ഷപ്രാപിച്ചതിനുശേഷം കുറെ നാളത്തേക്കു ഞങ്ങൾ രക്ഷയെ ഉദ്ദേശിച്ച് ഒരു സ്ഥലത്തുനിന്നും മറെറാരു സ്ഥലത്തേക്കു കൂടക്കൂടെ മാറിത്താമസിച്ചുകൊണ്ടിരുന്നു. ബാലേന്ദ്രഭൂഷണൻ എന്നെ പിടിച്ചു കൊട്ടാരത്തിൽ താമസിപ്പിക്കുന്നതുവരെ ഞങ്ങൾ അങ്ങിനെ അലഞ്ഞുകൊണ്ടിരുന്നു.'

ഭവതിയുടെ ചരിത്രം ഹൃദയസ്പൃക്കായിരിക്കുന്നു. മുഴുവൻ വിസ്തരിച്ചുപറയുക.

യുവതി വീണ്ടും തുടൎന്നു:—

'കൊല നടന്നതിനു രണ്ടുദിവസം മുമ്പായിരുന്നു ഞങ്ങൾ അവിടെ വന്നുചേൎന്നത്. പകൽ സമയം ഗൃഹത്തിൽ താമസിക്കണമെന്ന് എന്റെ അമ്മൂമ്മ ആജ്ഞാപിച്ചിരുന്നതുപോലെ ഞാൻ ചെയ്തുവന്നു. ആ ഭയങ്കരകൊലപാതകം നടന്നതിനടുത്തായിരുന്നു ഞങ്ങൾ താമസിച്ചിരുന്നത്. ഞങ്ങൾ താമസിച്ചിരുന്നത് ആ ഗൃഹത്തിന്റെ മറെറാരു ഭാഗത്തായിരുന്നു. ആ വലിയ ഗൃഹം മൂന്നുഭാഗമായി ഭാഗിക്കപ്പെട്ടിരുന്നതും ഓരോന്നും പ്രത്യേകം കൂട്ടി ബന്ധിച്ചുമിരുന്നു. ഒരുഭാഗത്തുനിന്നും മറെറാരുഭാഗത്തേക്കു നിങ്ങൾ വരുന്നതു ഞാൻ കണ്ടു. കൂടെ നിങ്ങളുടെ സ്നേഹിതനും ഉണ്ടായിരുന്നതായി ഓൎക്കുന്നുണ്ട്.

‘ഭവതി അതു കണ്ടുവില്ലേ?’

ഉവ്വ്. ഗൃഹത്തിന്റെ ആ ഭാഗം അധികം പേർ താമസമില്ലായിരുന്നതിനാൽ ഒഴിഞ്ഞുകിടന്നിരുന്നു. ഞങ്ങൾ താമസിച്ചിരുന്നതു മററുള്ളതിൽനിന്നും വിട്ടുമാറിയ ഒരു ഭാഗത്തായിരുന്നു. നിങ്ങൾ ആ മുറിയിൽ പ്രവേശിച്ചയുടനെ ഞാൻ കിടക്കുവാൻ പോയി. എന്നാലെനിക്ക് ഉറക്കം വന്നില്ല. ഞാൻ വീണ്ടും വരാന്തയിൽ നടക്കുവാൻ തുടങ്ങി ആ സമയത്തു ഞാൻ ചില മുരക്കങ്ങളും ദീനസ്വരങ്ങളും കേട്ടു. എന്നാൽ സംഗതി ഒന്നും എനിക്കു മനസ്സിലായില്ല. ഉടനെ ആ ഗൃഹത്തിൽനിന്നും ചിലർ പുറത്തേക്കിറങ്ങി ഓടുന്നതും എനിക്കു കാണുവാനിടയായി. പെട്ടന്നു നിങ്ങൾ കിടന്നിരുന്ന മുറിയിൽ എന്തോ വന്നു നോക്കണമെന്ന് എനിക്കു തോന്നി. ആപത്തുകളുമായി ഞാൻ മുമ്പേതന്നെ പലപ്പോഴും പരിചയപ്പെട്ടിരുന്നതിനാൽ എനിക്ക് അധൈര്യം ഉണ്ടായില്ല. കുട്ടിബന്ധിച്ചിരുന്ന വാതിൽ തുറന്നു നിങ്ങൾ കിടന്നിരുന്ന ഭാഗത്തു ഞാൻ വന്നു. അപ്പോൾ കണ്ടതു് ഒരു സ്ത്രീ രക്തത്തിൽ കുളിച്ചു കിടക്കുന്ന ഭയങ്കരക്കാഴ്ചയായിരുന്നു. ഞാൻ ഭയംകൊണ്ടു വിറച്ചുംകൊണ്ടു തിരിയെ എന്റെ മുറിയിലേക്കുതന്നെ ഓടി. കുറച്ചുകഴിഞ്ഞപ്പോൾ നിങ്ങളുടെ രക്ഷയെപ്പററിയുള്ള വിചാരം എന്റെ മനസ്സിലുദിച്ചു. എന്തു ശക്തിയാണെന്നെ പ്രേരിപ്പിച്ചതെന്നെനിക്കു രൂപമില്ല. ഞാൻ നിങ്ങൾ കിടക്കുന്ന മുറിയിൽ വന്നു വീണ്ടും നോക്കിയപ്പോൾ നിങ്ങൾ നല്ല ഉറക്കമായിരുന്നു. പിന്നത്തെ കഥ നിങ്ങൾക്ക് അറിയാമല്ലോ.’

അനിലൻ അവളുടെ ഹൃദയശുദ്ധിയിൽ സന്തോഷിച്ചു.

‘ഭവതി എന്റെ ജീവനെ രക്ഷിച്ചു. ഞാനതിനു് എന്നന്നേക്കും ഭവതിയോടു നന്ദിയുള്ളവനായിരിക്കും. ഒരിക്കൽ എന്നെ രക്ഷിച്ചു. ഇന്നു് ഒരു ചുംബനത്താൽ എന്നെ സ്വർഗ്ഗീയസുഖവും അനുഭവിപ്പിക്കുക.’

അനിലൻ അത്യാശയോടുകൂടി അവളെ ചുംബിച്ചു. അവൾ ലജ്ജിച്ചു തലതാഴ്ത്തിനിന്നു. ആ സമയം ആ മുറിയിലെ വിളക്ക് അവരെപ്പററി പരിഹാസപൂർവ്വം മന്ദഹസിച്ചുകൊണ്ടിരുന്നു. അവളിൽ ഉറങ്ങിക്കിടന്നിരുന്ന സ്ത്രീത്വത്തെ ഉണർത്തിയതു പ്രേമം തന്നെയായിരുന്നു.

'ആ കൊലപാതകത്തിനുശേഷമുള്ള കഥയെന്താണ്?'

'അതെനിക്കു രൂപമില്ല. അടുത്തദിവസംതന്നെ ഞങ്ങൾ അവിടം വിട്ടു. ആ ഘാതകന്മാർ ആ ശവത്തെ ഗംഗയിലെറിഞ്ഞുകളഞ്ഞതായിട്ടു പിന്നീട് അമ്മൂമ്മ പറഞ്ഞു ഞാനറിഞ്ഞു.'

'ഭയങ്കരം!'

'പ്രിയേ! ക്ഷമിക്കുക; ഈ മാതിരിയുള്ള രാത്രിക്ക് അടുത്ത വൎത്തമാനമല്ല ഇതെന്ന് അറിയാത്തതല്ല. എന്റെ തീക്ഷ്ണമായ അത്യാശയെന്നെ പ്രേരിപ്പിച്ചതിന്റെ ഫലമായി ഈ സുഖമില്ലാത്ത വൎത്തമാനം പറഞ്ഞുപോയതാണ്. എന്റെ ഹൃദയം കൂടി തുറന്നു ഭവതിയെ കാണിച്ചുകൊള്ളട്ടെ.'

ആ രാത്രിയിലെ സംഭവത്തിനുശേഷം എന്റെ സ്മരണക്കും വിചാരവിഷയത്തിനും ഭവതി വിഷയമായിത്തീൎന്നു! ഭവതി അന്നുമുതൽ എന്റെ ആരാധനാമൂൎത്തിയായിത്തീൎന്നു. ഞാനീ സംഗതി ഇതുവരെ ആരോടും പറഞ്ഞിട്ടില്ലെങ്കിലും എന്റെ ഹൃദയത്തിൽ വിതച്ച ആ പ്രേമവിത്തു വളൎന്നുകൊണ്ടുതന്നെ വന്നു. എന്നാൽ അതു പുഷ്പിച്ചു ഫലപ്രാപ്തിയുണ്ടാകുമെന്നു ഞാൻ ലേശവും വിചാരിച്ചിരുന്നതല്ല. ഓ! എന്തൊരു മഹാഭാഗ്യം!'

ആ നവോഢ അവിടെത്തന്നെ ഇളകാതെ നിന്നു. അനിലനു യൌവനത്തിന്റെ ചാപല്യം അസഹനീയമായിത്തോന്നി. അനിലൻ അവളെ മാറോടണച്ച് അവളുടെ വിറച്ചുകൊണ്ടിരുന്ന അധരങ്ങളിൽ ഒരു ചുംബനമുദ്ര പതിച്ചു.

ഈ സമയത്തു പുറത്തുനിന്നും അനിലനെ സന്ന്യാസിനി വിളിച്ചു. ആ വിളി അനിലന്റെ പരമാനന്ദസൂത്രത്തെ ഭഞ്ജനം ചെയ്തു. എന്നാൽ അനിലൻ വേഗം പുറത്തേക്കു വന്നു.

അനിലൻ പുറത്തുവന്ന ഉടനെ സന്ന്യാസിനി അനിലനെ ഒന്നുകൂടി സൂക്ഷിച്ചു ചുഴിഞ്ഞുനോക്കിക്കൊണ്ടുനിന്നു. അനിലന്റെ മിഴികൾക്കു ശക്തി കുറഞ്ഞു. അല്പം കഴിഞ്ഞു സന്ന്യാസിനി പറഞ്ഞു:—

'കുഞ്ഞേ! മറ്റൊരാളുടെ സുഖദുഃഖങ്ങൾക്ക് ഇന്നുമുതൽ നിങ്ങൾ ചുമതലക്കാരനായിത്തീൎന്നു. ആ വിശ്വാസത്തിന് അനുകൂലമായ യോഗ്യത നിങ്ങൾക്ക് ഉണ്ടെന്നു കാണിച്ചുതരണം. ചില പ്രത്യേക കാരണങ്ങളാൽ നിങ്ങൾ കുറെ ദിവസംകൂടി അകന്നുതാമസിക്കേണ്ടിയിരിക്കുന്നു. ഈ വിരഹാവസ്ഥ എന്ന് അവ

സാനിക്കുമെന്നു ഞാൻ അറിവുതരാം. വരുക. എന്നോടുകൂടി വരുക.'

എന്നു പറഞ്ഞു സന്യാസിനി അനിലനെ ഒന്നു സ്പർശിച്ചു. അനിലന് എന്തോ ഉറക്കം വരുന്നതുപോലെ തോന്നി. അനിലൻ അവളെ പിൻതുടൎന്നു. സന്യാസിനി ഒരു വണ്ടിയിൽ അനിലനോടുകൂടി അനിലന്റെ ഗൃഹത്തിലേക്കു തിരിച്ചു.

*   *   *   *

അടുത്ത ദിവസം കാലത്ത് ഏകദേശം ഒമ്പതുമണിക്ക് അനിലൻ ഉണൎന്നപ്പോൾ എല്ലാം അയാൾക്കൊരു സ്വപ്നംപോലെ തോന്നി. അനിലനു വളരെ ക്ഷീണം തോന്നി. അതു സത്യമോ അഥവാ സ്വപ്നമോ എന്ന് അനിലൻ വീണ്ടും വീണ്ടും തന്നത്താൻ ചോദ്യംചെയ്തു. എന്നാൽ വിരലിൽ കണ്ട വജ്രമോതിരം എല്ലാം സംശയങ്ങളേയും ഒന്നോടെ തീൎത്തു. ആ മോതിരത്തിൽ അയാൾ സൂക്ഷിച്ചുനോക്കി. അയാളുടെ അന്തർദൃഷ്ടിയിൽ അത് ഒരു സ്വപ്നമായിതന്നെ തോന്നി. അതു സത്യംതന്നെയായിരുന്നു! എന്നാൽ ആ രാത്രിയിലെ സംഭവത്തെപ്പററി അനിലൻ ആരോടും ഒന്നും പറഞ്ഞില്ല.

---

## എണ്പത്തിരണ്ടാം അദ്ധ്യായം.

### വ്യവസ്ഥ.

ഗിരിയും മാധവിയുമായി നടന്ന ആ സംഭാഷണം കഴിഞ്ഞിട്ടു രണ്ടു മാസം കഴിഞ്ഞിരിക്കുന്നു. ഗിരിബാല മുമ്പു താമസിച്ചിരുന്ന സ്ഥലത്തുനിന്നും മാറി. ഗിരിയും മാധവിയുംകൂടി ഒരു ചെറിയ വീടു വാടകക്കെടുത്തു രണ്ടു പാവപ്പെട്ട സ്ത്രീകളെപ്പോലെ സ്വന്തം സമ്പാദ്യംകൊണ്ടു ജീവിതം കഴിച്ചുവന്നു.

ആ പെൺകുട്ടിയുടെ ഭാവിക്ഷേമത്തിനു സ്ഥലംതന്നെ മാറണമെന്നല്ല ജീവിതരീതിയും മാറണമെന്നു മാധവിയും ഗിരിയും തമ്മിൽ തീർച്ചയാക്കി. പുതുതായി ജനിച്ച കുട്ടിയെ പരിശുദ്ധമായ പരിസരങ്ങളോടു പരിചയപ്പെടുത്തിയും ഉത്തമമായ ആദർശങ്ങൾ പഠിപ്പിച്ചും വളൎത്തിക്കൊണ്ടുവരേണ്ടതാണെന്നവർ തീർച്ചപ്പെടുത്തി. ദുഷിച്ച പരിസരങ്ങളുടെ സംബന്ധമില്ലാതെ മററു

പെൺകുട്ടികളെപ്പോലെ ശുദ്ധിയിലും ചാരിത്രത്തിലും മേന്മയോടുകൂടി ആ പെൺകുട്ടി വളൎന്നുവരുന്നതിന്ന് അവർ വേണ്ട ശ്രമം ചെയ്തു. എന്നിട്ടും ഗിരിക്ക് ആന്തരമായി പല ഭയങ്ങളും ഉണ്ടായിരുന്നു. മാതാപിതാക്കന്മാരുടെ ദുൎവ്വാസനകൾ കുഞ്ഞിനേയും ബാധിക്കാതിരിക്കുന്നതല്ലെന്നു ഗിരി ഭയപ്പെട്ടു. ദുഷിച്ച ബീജത്തിൽനിന്നും ജനിച്ച ആ ശിശുലതയുടെ ഭാവിയെപ്പററി ഗിരിക്കു പിന്നേയും പിന്നേയും സംശയങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. ആ ശിശുവിൻെറ ദുഷിച്ച രക്തം ഒരുകാലത്തു മാതാവിൻെറ കാലടികളെ പിൻതുടരുന്നതിന്നുതന്നെ പ്രേരിപ്പിച്ചെങ്കിലോ എന്നു വിചാരിച്ചപ്പോൾ ഗിരിയുടെ ഹൃദയം നീറിത്തുടങ്ങി. ആ ശിശു പ്രായമാകുമ്പോൾ യാഥാൎത്ഥ്യം അവളെ അറിയിക്കാതെ മറയ്ക്കുന്നതു വളരെ വിഷമമായിട്ടുള്ള ഒരു സംഗതിയുമായിരുന്നു. സമുദായം അവൾക്കു യാതൊരു രക്ഷയും അഭയവും നൽകാത്തതിൻെറ കാരണം ഗിരിക്ക് അപ്പോഴാണു മനസ്സിലായത്. ഈ വിചാരങ്ങൾ രാപ്പകൽ ഗിരിയുടെ ഹൃദയത്തെ കരണ്ടുകൊണ്ടിരുന്നു.

'വരാനുള്ളതു വഴിയിൽ തങ്ങുകയില്ല. വിധിയോട് ആൎക്ക് എതിരിടാം?'

അവൾ ചെയ്ത അപരാധത്തിന്നും പാപത്തിന്നും അവൾ തന്നത്താൻ പശ്ചാത്തപിച്ചു. കുട്ടി പ്രായമായിവരുമ്പോൾ വല്ലതും സമ്പാദ്യം ഉണ്ടാക്കിവെയ്ക്കണമെന്നു വിചാരിച്ചു ഗിരിയും മാധവിയും വേലചെയ്ത് അല്പസ്വല്പം മിച്ചമുണ്ടാക്കി കാലക്ഷേപം കഴിക്കുന്നതു കൊള്ളാമെന്ന് അവർ തങ്ങളിൽ തീൎച്ചപ്പെടുത്തി.

മാധവി അവളുടെ ജോലിസമയം കഴിഞ്ഞാൽ കിട്ടുന്ന സമയംകൊണ്ട് നൂൽനൂല്ക്കുന്ന തൊഴിൽ പരിശീലിച്ചുവന്നു. ബങ്കാളികളുടെ ഇടയിൽ നൂൽനൂല്ക്കുന്നത് അന്ന് ഒരു ഉപേക്ഷിക്കപ്പെട്ട തൊഴിലല്ലായിരുന്നു. മുൻകാലങ്ങളിൽ ബങ്കാളിഗൃഹങ്ങളിൽ ചക്രയുടെ ശബ്ദമാധുൎയ്യം എങ്ങും കേൾക്കാമായിരുന്നു. അനവധി സാധുക്കളും അനാഥകളുമായ വിധവകൾ നൂൽനൂൽത്തു കാലക്ഷേപം ചെയ്തുവന്നിരുന്നു. ചക്രായന്ത്രത്തെ ആശ്ചൎയ്യയന്ത്രമെന്ന് അക്കാലത്തു വിളിച്ചുവന്നു. ആ തൊഴിൽ ആദായകരവുമായിരുന്നു. എന്നാൽ മാഞ്ചെസ്റ്റർ തുണിത്തരങ്ങൾ ഇന്ത്യയിൽ ഇറക്കുമതി ചെയ്തുതുടങ്ങിയതോടുകൂടി ഉപയോഗപ്രദവും സാധുക്കൾക്ക് ഒരനുഗ്രഹവുമായിരുന്ന ആ കൈത്തൊ

ഴിൽ തീരെ നശിക്കുന്നതിനും വസ്ത്രധാരണവിഷയത്തിൽ അന്യനാട്ടുകാരെ നാം ആശ്രയിക്കുന്നതിനും ഇടയായിത്തീൎന്നു. എത്രയെത്ര സാധുക്കളുടെ ഉപജീവനമാൎഗ്ഗമാണു് ആ പാശ്ചാത്യവ്യവസായദുൎദ്ദേവത അപഹരിച്ചുകളഞ്ഞതെന്നു കണക്കുകൂട്ടുവാൻ പ്രയാസം! ഒരു കാലത്തു ഢാക്കാ മസ്ലിൻ, കാശ്മീർ സാൽവ, ഇന്ത്യൻ പട്ടു്, ഇവകൾ ലോകരെ അത്ഭുതപരതന്ത്രരാക്കിത്തീൎത്തു് ഭാരതീയരുടെ കൈത്തൊഴിലിന്റെ അസാമാന്യസാമൎത്ഥ്യത്തെയും കലാവൈദഗ്ദ്ധ്യത്തിന്റെ അതിരററ മഹത്വത്തെയും ലോകസമക്ഷം പ്രത്യക്ഷപ്പെടുത്തിയിരുന്നു. എന്നാൽ അതെല്ലാം ഗൃഹങ്ങളിൽനിന്നും കടകളിൽനിന്നും ബഹിഷ്കരണംചെയ്തു!! ധനസംബന്ധമായ പരാശ്രയം അപ്പോൾ പൂൎണ്ണമായി ഭവിക്കുകയും ചെയ്തു.

നമ്മുടെ കഥ ആരംഭിക്കുന്ന കാലത്തു ചൎക്കായന്ത്രം സാധുക്കളുടെ ഗൃഹങ്ങളിൽ ഇല്ലാതായിട്ടില്ലായിരുന്നു. മാധവി സൌകൎയ്യവും സമയവും ഉള്ളപ്പോഴെല്ലാം നൂൽനൂല്ക്കുന്ന വിഷയത്തിൽ ഏൎപ്പെട്ടുവന്നു. അതിൽ പരിചയവും വാസനയും ഉണ്ടായിരുന്നതിനാൽ മാധവിക്കു് മേനിത്തരം നൂൽ ഉണ്ടാക്കുന്നതിനു സാധിച്ചിരുന്നു.

അച്ഛന്റേയും ഭൎത്താവിന്റേയും ഗൃഹങ്ങളിൽ താമസിച്ചിരുന്ന കാലത്തു ഗിരിക്കു ധാരാളം വിശ്രമസമയം ഉണ്ടായിരുന്ന അവസരത്തിൽ അവൾ നൂൽനൂല്ക്കുന്ന വിഷയത്തിൽ പരിചയപ്പെട്ടിട്ടുണ്ടായിരുന്നു. തുശിവേലയിൽ ഗിരി പ്രത്യേകപാണ്ഡിത്യം സമ്പാദിച്ചിരുന്നു. രോമം, പഞ്ഞി, പട്ടുനൂൽ മുതലായതുകൊണ്ടു പരവധാനി തുന്നുവാനും വിചിത്രവേലകൾ ചെയ്യുന്നതിനും അവൾ അനുശീലിച്ചിരുന്നു. പട്ടുനൂൽകൊണ്ടും വൎണ്ണവൈവിദ്ധ്യത്തോടുകൂടിയ കമ്പിളിനൂൽകൊണ്ടും പല വിചിത്രസാധനങ്ങൾ നിൎമ്മിക്കുന്നതിനു് അവൾ പരിശീലിച്ചിട്ടുണ്ടായിരുന്നു. പഞ്ഞി പട്ടുനൂൽ, രോമം, കസവു മുതലായ സാധനങ്ങൾ കടയിൽനിന്നും മാധവി വാങ്ങി ഗിരിയെ ഏല്പിച്ചുവന്നു. അവൾ ഒഴിവുകകളിൽ വേലചെയ്യുന്നതിനു സമയത്തെ ഉപയോഗപ്പെടുത്തി. ധനാഢ്യനായ ഒരു പിതാവിന്റെ പുത്രിയും കല്ലൂത്തയിലെ ഒരു കോടീശ്വരന്റെ മകന്റെ ഭാൎയ്യയുമായിരുന്ന ഗിരിബാല സ്വന്തം കാലക്ഷേപത്തിനു തന്നത്താൻ വേലചെയ്യേണ്ടതായി വന്നുകൂടി

യ നിർഭാഗ്യമോ അഥവാ ഭാഗ്യമോ നോക്കുക! ഈശ്വരസങ്കല്പം എങ്ങിനെയെന്ന് ആക്കും ഒരു രൂപവുമില്ല. രാപ്പകൽ ഗിരി വേലചെയ്തുവന്നു. ആ അവസരങ്ങളിൽ അവൾക്കു മനസ്സമാധാനം ഉണ്ടായിരുന്നു. കുറച്ചു ദിവസം കഴിഞ്ഞപ്പോൾ അവളുടെ വേലത്തരങ്ങൾ വളരെ നന്നായിവരികയും മനോധൎമ്മവും അഴകും കലാവാസനയും അവകളിൽ പ്രത്യകം പ്രകാശിക്കുകയും ചെയ്തിരുന്നു. ആ വക കൈവേലസ്സാമാനങ്ങൾ വില്ക്കുന്ന വിഷയത്തിൽ ഒരു കച്ചവടക്കാരനുമായി മാധവി ഏൎപ്പാടുചെയ്തു. എല്ലാം ഞായറാഴ്ചയും ലേസ്; പരവധാനിത്തരം കുട്ടികളുടെ തൊപ്പി ഉടുപ്പുനൂൽ മണിശില മുതലായ കൌതുകമേറിയ പല വിചിത്രസാധനങ്ങളും മാധവി വില്ക്കുവാൻ കൊണ്ടുപോകാറുണ്ടായിരുന്നു. ആവക സാമാനങ്ങൾക്ക് ആവശ്യക്കാർ അധികമില്ലെന്നും വേണമെങ്കിൽ സ്വല്പവിലയ്ക്കു എടുത്തുകൊള്ളാമെന്നും മററും കച്ചവടക്കാരൻ ഉരുട്ടി പറയുമ്പോൾ മാധവിക്ക് അനുസരിക്കാതേയും നിവൃത്തിയില്ലായിരുന്നു. ഓരോ തവണയും കച്ചവടക്കാരൻ വിലകുറച്ചു കൊടുത്തുവന്നു. എന്നാൽ ആ വ്യാപാരി അതിൽനിന്നും കൂടുതൽ ആദായം ഉണ്ടാക്കിവന്നു. ഒരു അനാഥയായ വിധവയുടേയും കുട്ടിയുടേയും ചിലവിനുള്ളതാണെന്നുകൂടി പറഞ്ഞു വ്യാപാരിയുടെ അനുകമ്പയെ ഉണൎത്തുവാൻകൂടി മാധവി ശ്രമിക്കാതേയും ഇരുന്നില്ല. എന്നാൽ യഥാൎത്ഥമായ ഔദാൎയ്യവും സത്യവുമുള്ള വ്യാപാരികൾ ചുരുക്കമാകുന്നു. അവർ എപ്പോഴും അവരുടെ ആദായവിഷയത്തെത്തന്നെ ലാക്കാക്കിക്കൊണ്ടിരിക്കും. മാധവിയും ഗിരിയും അവക്കു വിലകിട്ടിവന്നതിൽ തൃപ്തിപ്പെട്ടു കാലക്ഷേപം ചെയ്തുവന്നു. അവൾക്ക് ഒരു കട തുറന്നു വ്യാപാരം തുടങ്ങുവാൻ നിവൃത്തിയില്ലെന്നുകണ്ടു് അതൊരു നല്ല തരമാണെന്നു വ്യാപാരിയും നിശ്ചയിച്ചു. ഇന്ത്യൻസ്ത്രീകൾ സാധാരണ വ്യാപാരവിഷയത്തിൽ ഇതുവരെയും മുമ്പോട്ടുവന്നു പ്രവൎത്തിച്ചുതുടങ്ങീട്ടില്ല. മാധവി വേറെ ഒരു കടക്കാരൻെറ അടുക്കൽ ചെന്നന്വേഷിച്ചു. അയാളും മറേറ ആളേക്കാൾ ഒട്ടും താഴ്ന്നവനല്ലായിരുന്നു. മാധവി നൂലുകൊടുത്തു നെയ്ത്തുകാരൻപക്കൽ നിന്നും വസ്ത്രങ്ങൾ പകരത്തിനു വാങ്ങിവന്നു. അതും നെയ്ത്തുകാരന് ആദായമായി കലാശിച്ചു.

ഇങ്ങിനെ കിട്ടിവന്ന പണത്തിൽ ചിലവു ചുരുക്കിക്കഴിച്ചതിൻെറശേഷം കുറേശ്ശെ മിച്ചം ഉണ്ടായിത്തുടങ്ങി. അങ്ങിനെ

കുറെ പണം മാധവി സ്വന്തം പേരിലും കുറെ ഗിരിയുടെ പേരിലും പോസ്റ്റാപ്പീസുസേവിങ്സ് ബാങ്കിൽ നിക്ഷേപിച്ചു. ഗിരിയുടെ വക കുറച്ചു പണവും ആഭരണവും ആനന്ദൻ തട്ടിയതു കഴിച്ചു ബാക്കിയുണ്ടായിരുന്നതു വല്ല കള്ളന്മാരും കവച്ചക്കാരും കൊണ്ടുപോകാതെയിരിക്കുന്നതിനു മാധവി കുഴിച്ചിടുകയും ചെയ്തു. ഗിരി അവളുടെ ആഭരണങ്ങൾ എല്ലാം അഴിച്ചുവെച്ചിട്ടു് ഒരു വിധവയുടെ വെള്ളവേഷം ധരിച്ചു. മാധവി അതിനു തടസ്ഥം പറഞ്ഞു. കഴിഞ്ഞ കഥ എന്തുതന്നെ ആയിരുന്നാലും ഭത്താവു ജീവിച്ചിരിക്കുമ്പോൾ വിധവയുടെ വേഷം ധരിക്കുന്നതു കഷ്ടമാണെന്നും അതു ഭത്താവിനുതന്നെ ദോഷകരമാണെന്നും മാധവി നിഷ്കർഷിച്ചു. മാധവിയുടെ നിർബ്ബന്ധപ്രകാരം പേരിനു മാത്രം ഒരാഭരണം വെച്ചുകൊണ്ടു മററുള്ളതെല്ലാം അവൾ അഴിച്ചുവെച്ചു. വലിയ വിലയില്ലാത്ത ഒരു സാരി മാത്രം അവൾ ഉപയോഗിച്ചുവന്നു.

ഭത്താവു്? ആ വാക്കു ഗിരിയുടെ കണ്ണുപുടങ്ങളെ വേദനപ്പെടുത്തി. എന്നിട്ടും അവളുടെ ഭത്താവിന്റെ പ്രതിമ അവളുടെ ഹൃദയപീഠത്തിൽ പ്രതിഷ്ഠിച്ചിരുന്നു. മനുഷ്യഹൃദയത്തിന്റെ പ്രവൃത്തികൾ അത്ഭുതങ്ങളത്രെ! കുറെ കാലമായി ഭത്താവിനെപ്പററി ചിന്തിക്കാതിരുന്ന ഗിരി തന്റെ സ്ഥിതി കൂടുതൽ അന്ധകാരമയമായി തീന്നതോടുകൂടി കൂടുതലായി ഭത്താവിനെപ്പററി ചിന്തിക്കുവാൻ തുടങ്ങി!

ആനന്ദനോടു് അവൾക്കുണ്ടായിരുന്ന പ്രേമം ദുസ്സഹമായ വെറുപ്പായി കലാശിച്ചു. ഹൃദയക്ഷോഭം കൂടാതെ അയാളെപ്പററി വിചാരിക്കുവാൻ ഗിരിക്കു നിവൃത്തിയില്ലെന്നായിത്തീന്നു. ആനന്ദൻ അവളെ ഉപേക്ഷിച്ചിരിക്കാം. തുപ്പിയ കരിമ്പിൻചണ്ടിപോലെ അവളെ ദൂരെത്തള്ളിക്കളഞ്ഞിരിക്കാം. എന്നാൽ അയാളുടെ ബീജത്തിൽ ജനിച്ച ആ അരിമക്കുഞ്ഞിനെ അയാൾ എങ്ങിനെ ഉപേക്ഷിക്കും? ഒരു നിരപരാധിയായ ശിശുവിനെ ലോകാന്ധകാരത്തിൽ എങ്ങിനെ മനഃപൂർവ്വം ഒരു പിതാവു തള്ളിക്കളയും? ഒരു മനുഷ്യനെക്കൊണ്ടതു സാധിക്കുന്നതല്ല. ഒരിക്കൽ ഒരു കാടൻപൂച്ച അതിന്റെ കുട്ടിയെ കടിച്ചു കൊല്ലുന്നതു ഗിരി കണ്ടു. ഓ! അതു ഗിരിയെ എത്ര വേദനിപ്പിച്ചു? കടുവ മുതലായ ജന്തുക്കൾ അങ്ങിനെയാണെന്നു് അവൾ കേട്ടു ധരിച്ചിരുന്നു. ആ വക

മൃഗങ്ങൾക്കും ആനന്ദനു യാതൊരു വ്യത്യാസവും ഇല്ലായിരുന്നു! അയാളുടെ ആത്മാവ് ഒരു കടുവയുടെ ക്രൂരതകൊണ്ടു പൊതിഞ്ഞ ആ പൂച്ചയുടെ ആത്മാവിനോടു തുല്യമായിരുന്നു! അതിററ വെറുപ്പും പ്രതികാരബുദ്ധിയോടുകൂടിയ വ്യസനവും അവളുടെ മനസ്സിൽ ഉദിച്ചുയന്നു. ആനന്ദന്റെ പ്രതിമയെ അവളുടെ മനസ്സിൽനിന്നും പിഴുതെറിയുന്നതിന് അവൾ ശ്രമിച്ചുനോക്കി. ഭൎത്താവിന്റെ സ്മരണകൾ അതിനു പകരം ഹൃദയത്തിൽ സദാ പ്രതിഷ്ഠിക്കുന്നതിനു ഗിരി പണിപ്പെട്ടുതുടങ്ങി. ഭൎത്താവിന്റെ പ്രതിമയിൽ അവളുടെ ഹൃദയം കൂടുതൽ പതിയുന്തോറും, അതിൽനിന്നും പിൻമാറുവാൻ അവൾക്കു സാധിക്കാതേയും വന്നിരുന്നു.

ഹാ! അദ്ദേഹം കാഴ്ചയ്ക്കു സുന്ദരനായിരുന്നു! പ്രസന്നമുഖം! പ്രകാശമേറിയ നയനങ്ങൾ! അയാളുടെ ഹൃദയം സ്നേഹമസൃണവും ഔദാൎയ്യപരവുമായിരുന്നു. എന്നാൽ അതു മുമ്പ് അവൾക്കു കാണ്മാൻ വയ്യായിരുന്നോ? അയാളുടെ ഗുണഗണങ്ങൾ കാണുന്നതിനുള്ള കണ്ണ് അന്ന് അവൾക്കില്ലായിരുന്നോ? ഹാ! അതെല്ലാം ക്രൂരമായ വിധിയുടെ വികൃതികളായിരുന്നു! വാസ്തവം പറയുകയാണെങ്കിൽ ഭൎത്താവിനെ അന്ന് അവൾ അറിഞ്ഞിരുന്നില്ല. യഥാൎത്ഥമായ ഭർത്തൃസ്നേഹം അന്നവൾക്കില്ലായിരുന്നു. അവളുടെ ഭൎത്താവുതന്നെയാണ് അവളെ കേടുവരുത്തിയതു് എന്നുള്ളതു സത്യമല്ലായിരുന്നോ? ആനന്ദന്റെ വലയിൽ അവളെ തള്ളിവിട്ടതു് അയാൾതന്നെയായിരുന്നു! അവൾ അന്ന് എത്രമാത്രം എതിൎത്തു പറഞ്ഞുനോക്കി. ഹാ! തലയിലെഴുത്തിന്റെ തായാട്ടം! ഗുണേന്ദ്രൻ സുഖമായിരിക്കട്ടെ! ദീൎഘായുസ്സായിരിക്കട്ടെ! ചിലപ്പോൾ ഗിരിക്കു ഗുണേന്ദ്രനെ കണ്ടാൽ കൊള്ളാമെന്നു തോന്നിയിരുന്നു. അവൾ ചെയ്ത അപരാധം മാപ്പുചെയ്യുന്നതിന് അനൎഹമാണെങ്കിലും ഒരിക്കൽ ഗുണേന്ദ്രനെ കണ്ടുമുട്ടിയാൽ വസ്തുത സകലതും പറഞ്ഞു് അയാളുടെ പാദത്തിങ്കൽ വീണു മാപ്പപേക്ഷിക്കാമായിരുന്നു എന്ന് അവൾ ചിന്തിക്കാതെയിരുന്നില്ല. ഇനി ഒരിക്കൽ ഭൎത്താവിനെ കാണ്മാൻ സാധിക്കുമോ? ഈ വിചാരം അവളെ രാപ്പകൽ ഒരുപോലെ നായാട്ടുചെയ്തുകൊണ്ടിരുന്നു. ഒരെഴുത്തു് എഴുതി ഭൎത്താവിന് അയച്ചാലോ എന്നുകൂടി അവൾ ഒരിക്കൽ ചിന്തിച്ചു!

MUL
050786

'ഹാ! എന്തൊരു കുറച്ചിൽ! അദ്ദേഹം എന്നെപ്പററി എന്തു വിചാരിക്കും? എൻെറ എഴുത്ത് അദ്ദേഹം തുറന്നു വായിക്കുകതന്നെയില്ല. അദ്ദേഹത്തെ ഞാനെന്തിനു പിടിച്ചുവലിക്കുന്നു? ഞാൻ കരഞ്ഞുകൊള്ളാം. ഞാൻ കഷ്ടപ്പെട്ടുകൊള്ളാം. ഞാൻ സഹിച്ചുകൊള്ളാം. ഞാൻ ചെയ്ത അപരാധത്തെപ്പററി ഞാൻ തന്നെ പശ്ചാത്തപിച്ചുകൊള്ളാം.'

---

## എണ്പത്തിമൂന്നാം അദ്ധ്യായം.

പക.

സുജനകുമാർ നല്ല ഉറക്കമായിരുന്നു. ആ മുറിയിൽ ഒരു ഭാഗത്ത് ഒരു മെഴുകുതിരി മങ്ങിക്കത്തിക്കൊണ്ടിരുന്നു. കെടാറായിരുന്ന ആ ദീപശിഖ കൂടക്കൂടെ കൂടുതൽ പ്രകാശത്തോടെ കത്തിജ്വലിച്ച് ഒടുവിൽ അന്ധകാരത്തിൽ ലയിച്ചു.

ഗുലാബി ആ മുറിയിൽ കടന്നുചെന്നു സുജനനെ തലപിടിച്ചു കുലുക്കി ഉറക്കത്തിൽനിന്നും ഉണൎത്തി. ഒന്നുരണ്ടു കുലുക്കു കുലുക്കിയപ്പോൾ സുജനൻെറ ഉറക്കം വിഘ്നപ്പെട്ടു. അവളെ കണ്ടപ്പോൾ അയാൾ ഞെട്ടി. കിടക്കയിലെഴുന്നേററിരുന്നു ചലിച്ചുകൊണ്ടിരുന്ന ഹൃദയത്തോടുകൂടി അയാൾ പറഞ്ഞു:—

'നീ എന്തിനിവിടെ വന്നു?'

'നിങ്ങൾക്കു ജീവനിൽ കൊതിയുണ്ടെങ്കിൽ ഓടിക്കൊൾക. നിങ്ങളെ അറസ്റ്റ് ചെയ്യാൻ പോലീസുകാർ വരുന്നുണ്ട്. അവർ പുറപ്പെട്ടുകഴിഞ്ഞു.'

സുജനൻ—ഹാ! എന്തൊരാപത്ത്!

ഗുലാബി—ഇനി ഒട്ടും താമസിക്കരുത്.

സുജനൻ—ഞാനെവിടെ പോകട്ടെ?

ഗുലാബി—അതെനിക്കു രൂപമില്ല.

സുജനൻ—ഗുലാബി! എന്നെ രക്ഷിക്കണേ!'

ഗുലാബി—ഞാനെന്തു ചെയ്യും?

സുജനൻ—ഗുലാബി!എന്നെ രക്ഷിക്കണേ! രക്ഷിക്കണേ!

ഗുലാബി—വാസ്തവം പറയുകയാണെങ്കിൽ നിങ്ങളോട് എനിക്കു ലേശവും അനുകമ്പയില്ല. എൻെറ അധഃപതനത്തിനു മുഴ

വൻ നിങ്ങളാണു കാരണം. നിങ്ങളുടെ ദുഷ്പ്രവൃത്തികളേയും ദുരാലോചനകളേയും പററി ഞാൻ പോലീസുകാൎക്ക് അറിവു കൊടുത്തിട്ടുണ്ട്.

സുജനൻ--ഗുലാബി! മാപ്പുതരിക! മാപ്പുതരിക! ഞാനെന്നും നിൻേറതല്ലയോ? എന്നിൽ ദയവു തോന്നണേ!

ഗുലാബി--നിങ്ങൾ ദയവിന് അൎഹനല്ല.

സുജനൻ--എന്തുകൊണ്ടു്? ഞാൻ നിനക്കു യാതൊരപരാധവും ചെയ്തിട്ടില്ല.

ഗുലാബി--ഒരു സ്ത്രീയെ ഒരു പുരുഷന് എത്രമാത്രം ദ്രോഹിക്കുവാൻ കഴിയുമോ അത്രമാത്രം നിങ്ങൾ എന്നോടു ചെയ്തിട്ടുണ്ട്. അതെങ്ങിനെയുമാകട്ടെ. എന്നാൽ ഒരു സ്ത്രീ പുരുഷനെപ്പോലെ ക്രൂരയല്ല. ഞാൻ സമയത്തിൽ മുന്നറിവു തരുന്നു. വേഗം കല്ക്കത്താ വിടുന്നതു കൊള്ളാം. നിങ്ങളെ എല്ലാവരേയും പോലിസുകാർ അന്വേഷണം തുടങ്ങിട്ടുണ്ട്. ഈ സമയംകൊണ്ടു പോലിസുകാർ നിങ്ങളുടെ പല കൂട്ടുകാരേയും അറസ്റ്റ് ചെയ്തിരിക്കണം. പണ്ഡിതരുടെ അറസ്റ്റിനേക്കാൾ എന്നെ സന്തോഷിപ്പിക്കുന്നതു മറെറാന്നില്ല. അയാളുടെ ശവം കഴുകുമരത്തിൽ തൂങ്ങിക്കിടക്കുന്നതു് എനിക്കു കാണണം.

പണ്ഡിതർ--പ്രിയേ! നീ നിരാശപ്പെടുകയേ ഉള്ളു. ഞാൻ സുജനനെപ്പോലെ അത്ര കരുത്തില്ലാത്തവനല്ല.

എന്നു പറഞ്ഞുകൊണ്ടു ഭയങ്കരനായ പണ്ഡിതർ അവിടെ കടന്നുവന്നു. ഗുലാബി കുറേ നേരത്തേക്കു് ഇടിവെട്ടിയതുപോലെ സ്തംഭിച്ചുനിന്നു. സുജനനും അത്ഭുതത്തോടുകൂടി നോക്കി. രാത്രി പതിനൊന്നുമണിക്കു പണ്ഡിതർ അവിടെനിന്നുംപോയി എന്നായിരുന്നു സുജനൻെറ വിചാരവും. ഇടിനാദംപോലെയുള്ള അയാളുടെ ശബ്ദം കേട്ടിരുന്നില്ലെങ്കിൽ ഗുലാബിക്കു പണ്ഡിതരെ ആൾ മനസ്സിലാകുകയില്ലായിരുന്നു. പണ്ഡിതർ ഒരു മുസൽമാൻെറ വേഷം ധരിച്ചിരിക്കുകയായിരുന്നു.

പണ്ഡിതർ ഇങ്ങിനെ ആരംഭിച്ചു:-

'സുജനബാബു! എനിക്കു് അത്ഭുതം തോന്നുന്നുണ്ടു്. ഈ സംഗതി നിങ്ങൾ ഇത്രനാളായിട്ടു് എന്നിൽനിന്നു മറച്ചുവെച്ചതു നന്നായില്ല. ഇപ്പോളാണു ഗുലാബി മരിച്ചില്ലെന്നു ഞാൻ അറിയുന്നതു്! നിങ്ങളുടെ ദയവിനു നിങ്ങൾതന്നെ പശ്ചാത്തപിക്കണം.

ഈ മഹാവഞ്ചകിയായ സ്ത്രീയെ ജീവനോടെ വിട്ടതിൻെറ ഫലം, ഇപ്പോഴെങ്കിലും അറിയുന്നുണ്ടോ? നോക്കുക, എന്തൊരു ആപത്താണ് ഈ കലട വലിച്ചുവെച്ചിരിക്കുന്നത്! ഗുലാബിയെപ്പററി നിങ്ങൾക്കത്ര സ്നേഹമുണ്ടായിരുന്നെങ്കിൽ ആ വിവരം എന്നോട പറയാമായിരുന്നു. ഞാൻ നിങ്ങൾക്കു കല്കത്തയിലേക്ക് ഏററവും നല്ല ഒരു സ്ത്രീയെ കൊണ്ടുവന്നു തരുമായിരുന്നല്ലോ. എന്തൊരു കഷ്ടം! ഈ കള്ളിയെ സഹായിച്ചു സ്വന്തം നാശത്തിനു കുഴി തോണ്ടി. ഞാൻതന്നെ നിങ്ങളുടെ തെററിനെ ശരിപ്പെടുത്തിയേക്കാം."

ഗുലാബിയുടെ മിഴിക്കു മുമ്പിൽ അതാ മിന്നൽപ്രകാശംപോലെ ഒരു വലിയ കഠാരി മിന്നി! എന്നാൽ പണ്ഡിതരുടെ പിടിയിൽ അകപ്പെടാതെ ഒഴിയുന്നതിനുള്ള സാമത്ഥ്യവും വേഗതയും അവൾക്കുണ്ടായിരുന്നു. ഭയചഞ്ചലമായ ഒരു മുയൽ എന്നപോലെ പെട്ടന്നവൾ ചാടി വാതലിനു പുറകിൽ മറഞ്ഞു. പണ്ഡിതരുടെ ഹസ്തം ഉയന്നു താഴ്ന്നു. എന്നാൽ ഗുലാബിയുടെ വസ്ത്രാഞ്ചലം അല്പം കീറിയതു മാത്രമേ ഫലമുണ്ടായുള്ളു. അവൾ മിന്നൽശക്തിപോലെ അവിടെനിന്നും പാഞ്ഞു. പണ്ഡിതർ കോപംകൊണ്ടും നിരാശകൊണ്ടും ആകപ്പാടെ വിറച്ചു. സുജനൻെറ നേരെ തിരിഞ്ഞു അയാൾ കോപം ജ്വലിച്ചുകൊണ്ട് ഇങ്ങിനെ അലറി:-

"നിങ്ങളെ വിശ്വസിച്ചുപോയതേ എൻെറ വിഡ്ഢിത്തം! ഈ ആപത്തുകൾക്കെല്ലാം നിങ്ങൾതന്നെ മൂലകാരണം! അന്നു ഞാൻ പറഞ്ഞതു് എന്തുകൊണ്ടു അനുവത്തിച്ചില്ല? നിങ്ങളുടെ എല്ലാ വിഡ്ഢിത്തങ്ങളേയും നിത്താമോ എന്നു ഞാൻ നോക്കട്ടെ."

പണ്ഡിതർ കോപം അടങ്ങാതെ കഠാരി ചുഴററിക്കൊണ്ടു നിന്നു. സുജനനു സംഗതിയുടെ ഗൌരവം ആദ്യം അത്ര മനസ്സിലാകാഞ്ഞതിനാൽ സ്വരക്ഷയെ അത്ര കാൎയ്യമായി കരുതിയില്ല. സുജനനും വേഗം കട്ടിലിൻെറ പുറകിൽ ചാടി ഒതുങ്ങിയുറച്ചു നിലവിളിച്ചു.

'നന്ദിയില്ലാത്ത മൂർഖ! ഒരിഞ്ചു് ഇനി നീ അടുത്താൽ അതോടുകൂടി നിൻെറ കഥയും തീരും.'

'ഇതൊക്കെ ഞാനറിയും! പണ്ഡിതരോട്ട് ഒന്നും എടുക്കേണ്ട' എന്നു പണ്ഡിതർ മുരണ്ടി.

'ഹാ! അതു വാസ്തവം. ഓർമ്മിച്ചോ' എന്നു് ആരൊ ഉടനെ പുറകിൽനിന്നു പറഞ്ഞു. പണ്ഡിതർ മാംസളമായ കഴുത്തു തിരിച്ചു പുറകോട്ടു നോക്കുന്നതിനു മുമ്പായി പുറത്തു ആഞ്ഞൊരു കുത്തേററുകഴിഞ്ഞു. അതു ശക്തി ഉപയോഗിച്ചു ഒരു കുത്തുതന്നെയായിരുന്നു! പണ്ഡിതർ അലറിക്കൊണ്ടു നിലംപതിച്ചു. ഇതെല്ലാം കണ്ടു സുജനൻ ഭയപ്പെട്ടു വിറച്ചു.

അതാ കയ്യിൽ തിളങ്ങിക്കൊണ്ടിരുന്നതും രക്തത്തിൽ കുളിച്ചിരുന്നതുമായ ഒരു നീണ്ട കത്തിയോടുകൂടി ഗുലാബി നില്ക്കുകയായിരുന്നു! സുജനനു ഭയംകൊണ്ടു് ഒരക്ഷരം പുറത്തേക്കു പുറപ്പെട്ടില്ല.

പണ്ഡിതർ ആശ്വാസപ്പെട്ടു തറയിൽനിന്നും എഴുന്നേല്ക്കുന്നതിനു മുമ്പു ഗുലാബി മിററത്തിറങ്ങി ഏററവുമുറക്കെ നിലവിളിച്ചു.

'കള്ളന്മാർ! കള്ളന്മാർ! കൊലപാതകം! കൊലപാതകം!' ആ നിലവിളി ആ ഗൃഹത്തിലുള്ളവരെ ഉറക്കത്തിൽനിന്നും ഉണർത്തി. പ്രിയൻ അതുകേട്ടു് ഒരു കൈത്തോക്കുമെടുത്തുകൊണ്ടു് ആ സ്ഥലത്തു് ഓടിയെത്തി. പ്രിയൻ അതു സുജനനുമായുള്ള ഉരപ്പുതുടങ്ങിയതിനു ശേഷം സമ്പാദിച്ചതായിരുന്നു. ആ ഗൃഹത്തിലുള്ളവർ വലിയ ബഹളംകൂട്ടി. പെട്ടെന്നു് അതു കേട്ടു ഗേററിങ്കൽ പോലീസുകാർ എത്തി.

'വാതിൽ തുറക്കുക' എന്നു പുറത്തുനിന്നു പോലീസുകാർ വിളിച്ചുപറഞ്ഞു. ആ സമയത്തു് ഒരു പോലീസു സബ്ബ് ഇൻസ്പെക്ടരും കുറെ കാൺസ്റ്റബിൾമാരും ബീററു സഞ്ചരിക്കുന്ന സമയമായിരുന്നു.

സുജനനും പണ്ഡിതരും ഇതു് എല്ലാം കേട്ടു് അത്യധികം ഭയപ്പെട്ടു. പണ്ഡിതക്കതിനു പകരംവീട്ടുവാൻ സമയമില്ലായിരുന്നതിനാൽ പെട്ടെന്നു മുറിവോടുകൂടി എഴുന്നേററു വാതിൽ കുററിയിടുവാൻ ശ്രമിച്ചു. മുററത്തു നിന്നിരുന്ന പ്രിയൻ അതു കണ്ടു പണ്ഡിതരുടെ നേരെ ഒരു വെടിവെച്ചു. ഉണ്ട അയാളുടെ മാറിനു നേരെ പാഞ്ഞു. പണ്ഡിതർ ചത്തു താഴെ വീണു.

'ഹാ! ഹാ! ഹാ! ഞാൻ പക വീട്ടി.' എന്നു ഗുലാബി മൃഗീയമായ ഒരു പുഞ്ചിരി തൂകി. അവളുടെ മുഖത്തു മൃഗീയമായ ക്രൂരത കളിയാടിയിരുന്നു.

ആലിലപോലെ സുജനബാബു വിറച്ചുകൊണ്ടുനിന്നു. ഗേററിങ്കൽ പിന്നേയും വിളി കേൾക്കുന്നുണ്ടായിരുന്നു. ഭൃത്യനോടു വാതിൽ തുറന്നുകൊടുക്കുന്നതിനു പ്രിയൻ ആജ്ഞാപിച്ചു. വാതിൽ തുറന്ന ഉടനെ പോലീസുകാർ ഗൃഹത്തിനുള്ളിൽ പ്രവേശിച്ചു.

ശവശരീരം രക്തമണിഞ്ഞു കിടന്നിരുന്നു. അകലെയായി ഒരു കഠാരിയും കാണപ്പെട്ടു. അതു് ഒരു മഹമ്മദന്റെ ശവമാണെന്നു സബ്ബ് ഇൻസ്പെക്ടർ മനസ്സിലാക്കി. അയാൾ ഒരു മഹമ്മദന്റെ വേഷമായിരുന്നു ധരിച്ചിരുന്നതു്. അതൊരു വലിയ മോഷണക്കേസ്സായിരുന്നു എന്നു പോലീസുകാർ മനസ്സിലാക്കി. അപായകരമായ ആയുധത്തോടുകൂടി വന്ന ചോരനെ പ്രിയൻ വെടിവെച്ചതു നീതീകരിക്കപ്പെട്ടു. സബ്ബ് ഇൻസ്പെക്ടർ ശവശരീരത്തെ പൊസ്ററുമാർട്ടത്തിന്നു് ആശുപത്രിക്കയച്ചു. ആ ഗൃഹത്തിലെ താമസക്കാരോടു് എല്ലാം ഇൻസ്പെക്ടർ മൊഴി വാങ്ങിച്ചു. എന്നാൽ സുജനനേയും ഗുലാബിയേയും മാത്രം അവിടെ എങ്ങും കാണ്മാനില്ലായിരുന്നു! ആ ബഹളത്തിനിടയിൽ അവർ ആരും കാണാതെ കടന്നുകളഞ്ഞു. പ്രിയൻ ആ വിവരം അറിഞ്ഞു് അത്ഭുതപ്പെട്ടു, എന്നാൽ ഒന്നും പറഞ്ഞില്ല.

അടുത്ത ദിവസം ശരിയായ ഒരു പോലീസ് അന്വേഷണം നടന്നു. ആ രാത്രിയിലെ സംഭവമറിഞ്ഞു ഭൂപനും അനിലനും പ്രിയന്റെ ഗൃഹത്തിലെത്തി. സുജനൻ ഒളിച്ചുപോയി എന്നറിഞ്ഞതിൽ അനിലൻ സന്തോഷിച്ചു. വേണ്ടാത്ത ഉപദ്രവങ്ങളിൽനിന്നും അപമാനത്തിൽനിന്നും അതു പ്രിയനെ രക്ഷിക്കുന്നതാണെന്നും അനിലൻ വിചാരിച്ചു. ഭൂപന്റെ സഹായം മൂലം സംഗതികൾ വലിയ തകരാറൊന്നും കൂടാതെ കഴിഞ്ഞുകൂടി. എന്നാൽ തന്റെ അതിസാഹസത്തെപ്പററി പ്രിയൻ പശ്ചാത്തപിച്ചു. അയാളെ യഥാർത്ഥത്തിൽ കൊല്ലണമെന്നു പ്രിയൻ വിചാരിച്ചിരുന്നില്ല. എന്നാൽ ഉണ്ട കൊണ്ടതു് അയാളുടെ മർമ്മസ്ഥാനത്തായിരുന്നതിനാൽ നിമിഷംകൊണ്ടു പണ്ഡിതരുടെ കഥ തീർന്നു. ഇപ്രകാരം ലോകത്തിലെ ഒരു പെരുങ്കള്ളൻ—ഒരു ഭയങ്കരനായ കൊള്ളക്കാരൻ—ഒരു ക്രൂരനായ ഘാതകൻ. തന്റെ പ്രവൃത്തികൾക്കു ഉചിതമായ വിധത്തിൽ അന്ത്യശ്വാസം വലിച്ചു. എത്ര ക്രൂരനായിരുന്നാലും ഒരു ജീവിയുടെ ജീവഹാനിക്കു താൻ കാരണമായിത്തീർന്നല്ലോ എന്നു പ്രിയൻ തന്നെത്താൻ വ്യസനിച്ചു.

മൂന്നുനാലു ദിവസത്തേക്കു സുജനനെപ്പററി യാതൊന്നും തന്നെ കേട്ടില്ല. എന്നാൽ തൻെറ ജ്യേഷ്ഠനെപ്പററി അറിയുന്നതിനു പ്രിയനു് ആശയുണ്ടായിരുന്നെങ്കിലും അധികമായി ഒന്നും വ്യസനിച്ചില്ല. പ്രിയകുമാരൻെറ സഹോദരനെ അറസ്ററുചെയ്യേണ്ടിവരുന്ന വ്യസനകൃത്യത്തിൽനിന്നും മോചനം ലഭിച്ചതിൽ ഭൂപനും സന്തോഷമുണ്ടായി. സുജനൻ ഒളിച്ചോടിപ്പോയ അഞ്ചാംദിവസം വൈകീട്ടു പ്രിയനു് ഇങ്ങിനെ ഒരെഴുത്തു കിട്ടി.

'എൻെറ പ്രിയപ്പെട്ട പ്രിയ!

എന്നെ സഹായിക്കണമെന്നു നിന്നോടു പറയുവാൻ തന്നെ ഞാൻ നന്നെ ലജ്ജിക്കുന്നു. എന്തെന്നാൽ നിൻെറ കൈകൊണ്ടു് ഒരു സഹായത്തിനും ഞാനർഹനല്ല. എന്നാൽ പോലീസുകാർ എന്നെപ്പററി അന്വേഷിച്ചുനടക്കുന്നതിനാൽ ഞാൻ ഒളിച്ചു കഴിച്ചുകൂട്ടുകയാണു്. വലിയ ബുദ്ധിമുട്ടിലും കഷ്ടപ്പാടിലും ഞാൻ കഴിയുന്നു. ഈ സമയത്തു എന്നെ സഹായിക്കുന്നതിനു നീ മടി വിചാരിക്കുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. നാളെ വൈകീട്ടു് ഒരുവൾ വന്നു നിന്നെ സന്ദർശിക്കും. അവളുവശം വല്ലതും കൊടുത്തയയ്ക്കുക. അവളെ വിശ്വസിക്കാം, തരക്കേടൊന്നുമില്ല. എൻെറ എഴുത്തും അവൾ നിന്നെ കാണിക്കുന്നതാണു്.

എന്നു ജ്യേഷ്ഠൻ— സുജനൻ'

അതൊരു രത്നച്ചുരുക്കമായ എഴുത്തായിരുന്നു. പക്ഷേ ധൃതിയിൽ എഴുതിയതായിരിക്കാം. ആ കുറിപ്പിൽ തന്നെത്താൻ പശ്ചാത്തപിക്കുന്നതായി തോന്നിപ്പോകുന്നുണ്ടു്. സുജനൻ ഒളിച്ചുപോയതു് എന്തിനെന്നു പ്രിയനു മനസ്സിലായില്ല. അയാളുടെ സഹോദരൻ പലമാതിരി ദുർവ്യാപാരങ്ങളിലും ദുഷ്പ്രവൃത്തികളിലും അകപ്പെട്ടിരുന്നതായി അറിയാമായിരുന്നെങ്കിലും പ്രത്യേകം വല്ല ക്രിമിനൽകുററവും അയാൾ ചെയ്തിരുന്നതായിട്ടോ അതു നിയമദൃഷ്ട്യാ കുററകരമായി വന്നേക്കാവുന്നതായിട്ടോ പ്രിയൻ ധരിച്ചിരുന്നില്ല. സുജനനു സ്വന്തമായി ഇനിയും കുറെ പണവും വസ്തുക്കളും സ്വന്തമായുള്ള സ്ഥിതിക്കു തന്നോടു സഹായത്തിനു് അപേക്ഷിക്കുന്നതെന്തിനെന്നും പ്രിയൻ ചിന്തിക്കാതിരുന്നില്ല. അയാളുടെ സ്വത്തു് അയാൾതന്നെ അനുഭവിച്ചുകൊള്ളട്ടെ. ഒളിച്ചുപോയതിൻെറ കാരണമെന്തു്?

എഴുത്തു പിന്നെയും പല സംശയങ്ങൾക്കും കാരണമാക്കിത്തീർന്നതിനാൽ അനിലനെ വിളിച്ചു സകലവിവരവും പ്രിയൻ

പറഞ്ഞുകേൾപ്പിച്ചു. അനിലൻ പ്രിയനെ ഭൂപൻെറ അടുക്കലേക്കു കൂട്ടിച്ചുകൊണ്ടുപോയി. ഭൂപൻ ഗൃഹത്തിൽ ഉണ്ടായിരുന്നു. അനിലൻ കടന്നുചെന്ന ഉടനെ ഭൂപൻ പറഞ്ഞു.

'ഇന്നു് ഒരു സുദിനമാണു്. ഈയിടെ എന്താണധികം ഇങ്ങോട്ടെങ്ങും കാണാറേയില്ല.'

'അതൊക്കെ പിന്നെ പറയാം. നമ്മുടെ പ്രിയൻ വളരെ കുഴങ്ങിയിരിക്കുന്നു. അയാളെ സഹായിക്കണം' എന്നു് അനിലൻ ചിരിച്ചുംകൊണ്ടു പറഞ്ഞു.

ഭൂപൻ—അങ്ങിനെതന്നെ. സന്തോഷം. എന്നാൽ സംഗതി ഞാൻ മനസ്സിലാക്കട്ടെ.

പ്രിയൻ സംഗതികൾ മുഴവൻ ഭൂപനെ പറഞ്ഞുകേൾപ്പിച്ചു് ആ എഴുത്തു ഭൂപൻെറ കയ്യിൽ കൊടുത്തിട്ടു് ഇങ്ങിനെ പറഞ്ഞു:—

'നിങ്ങൾ അനിലനു് ഒരു സഹോദരനെപ്പോലെയാകകൊണ്ടു നിയമപ്രകാരം നിങ്ങളുടെ സഹായത്തിനു് എനിക്കും അവകാശമുണ്ടു്.'

ഭൂപൻ—നിശ്ചയമായുമുണ്ടു്. ഈ സംഗതിയിൽ എനിക്കെന്തു ചെയ്യുവാൻ കഴിയുമെന്നു നോക്കട്ടെ. ഏതായാലും നിങ്ങൾ ഒന്നും വിചാരപ്പെടേണ്ട.

ഭൂപൻ എഴുത്തു രണ്ടുമൂന്നു പ്രാവശ്യം വായിച്ചുനോക്കി.

ഭൂപൻ—പ്രിയ ബാബു! നിങ്ങൾ പറഞ്ഞതു ശരിയാണു്. എഴുത്തിൽ പശ്ചാത്താപത്തിൻെറ ലക്ഷ്യം കാണുന്നുണ്ടു്. കുറെ ദിവസംകൂടി ഒളിച്ചുതാമസിക്കുന്നതാണു സുജനനു നല്ലതു് പണ്ഡിതരുടെ കൂട്ടക്കാരിൽ ചിലരെ ഞാൻ അറസ്റ്റു ചെയ്യിട്ടുണ്ടു്. ഇനി ചിലരെ താമസിയാതെ പിടിക്കുകയും ചെയ്യും. അവരിലാരെങ്കിലും നിങ്ങളുടെ സഹോദരൻെറ മേൽ കുററം ചാരിപ്പറയുന്നപക്ഷം സുജനനേയും അറസ്റ്റുചെയ്യേണ്ടതായി വന്നുകൂടും. അങ്ങിനെ വരുമ്പോൾ എനിക്കു ഗത്യന്തരം ഇല്ലാതെ വരും. എല്ലാം തീരുന്നതുവരെ സുജനൻ ഒളിച്ചുതാമസിക്കട്ടെ. ഇത്രമാത്രമാണു് ഇപ്പോൾ എനിക്കു പറവാനുള്ളതു്. ഞാൻ ചെയ്യുന്നതു് എൻെറ കത്തവ്യത്തിനു തിരെ വിരുദ്ധമാണെങ്കിലും ഒരു സഹോദരനെപ്പററിയുള്ള സ്നേഹത്തെ മാത്രം മുൻനിത്തി ഇത്രയും ചെയ്തതിനു വേണമെങ്കിൽ വരുന്ന

തൊക്കെ ഞാൻ അനുഭവിച്ചുകൊള്ളാം.'

പ്രിയൻ—നിങ്ങളുടെ ദയവിനു വന്ദനം.

അനിലൻ—നിങ്ങൾ ഔദാര്യത്തോടുകൂടി സുജനനെ സഹായിക്കണം. പഴയ കൂട്ടുകാർ എല്ലാം പിരിഞ്ഞ ഗന്ധുവാകയാൽ അയാൾ നന്നാകുവാനും മതി.

ഭൂപൻ—അതു വാസ്തവം.

അനിലനും പ്രിയനും ഭൂപനോടു യാത്രപറഞ്ഞു പിരിഞ്ഞു. വഴിക്കു പ്രിയൻ പറഞ്ഞു:—

'ഭൂപൻബാബു ഒരു നല്ല മനുഷ്യൻ. അദ്ദേഹത്തെപ്പോലെ നന്മയുള്ള ഒരു പോലീസ്സുദ്യോഗസ്ഥനെ കണ്ടിട്ടില്ല. അനിലൻ! ഈയിടെ ആഭരണങ്ങളിൽ നിങ്ങൾക്കു ഭ്രമം കേറീട്ടുണ്ടോ?' എന്നു അനിലൻെറ വിരലിൽ കിടന്ന വൈരമോതിരത്തെ പ്രിയൻ ചൂണ്ടിക്കാണിച്ചു.

അനിലൻ അല്പം ലജ്ജിച്ചു പറഞ്ഞു:—

'അതൊരു നീണ്ട കഥയാണ്. എല്ലാം പിന്നീടു പറയാം.'

പ്രിയൻ—ഇപ്പോളെന്താണു പറഞ്ഞാൽ?

അനിലൻ—അതിനിപ്പോളല്ല സമയം. നിങ്ങളുടെ മനസ്സുതന്നെ എവിടെയോ കിടക്കുന്നു.

പ്രിയൻ ഒന്നും പിന്നീടു സംസാരിച്ചില്ല. എന്നാൽ അത്ഭുതത്തോടുകൂടി അനിലൻെറ മുഖത്തുനോക്കി. രണ്ടുപേരും അവരവരുടെ വഴിക്കു പോയി.

വൈകുന്നേരം ഗുലാബി പ്രിയനെ കാണ്മാൻ വന്നു. അയാൾക്കു ഒരു കുറിപ്പു കൊടുത്തു.

സുജനൻ എഴുതിയിരുന്നു 'എന്തു സംഖ്യയും ഇവളെ വിശ്വസിച്ചു കൊടുക്കാം. ഇവൾ എൻെറ ജീവനെ രക്ഷിച്ചവളാണ്.'

പ്രിയൻ—എൻെറ ജ്യേഷ്ഠൻെറ ജീവനെ രക്ഷിച്ചവളോ നിങ്ങൾ? എൻെറ കൃതജ്ഞതയെ ഞാൻ നിങ്ങളെ അറിയിച്ചുകൊള്ളട്ടെ. അദ്ദേഹം എന്തൊക്കെയായാലും എൻെറ സഹോദരൻ തന്നെ. ഞങ്ങൾ ഒരച്ഛനുണ്ടായവരാണ്. ഒരേ മുലപ്പാൽ കുടിച്ചു വളൎന്നവരാണ്.

ഗുലാബി—എന്നെപ്പററി നിങ്ങൾ വിചാരിക്കുന്നതുപോലെയല്ല. ഞാനൊരു നിചസ്ത്രീയാണ്. നിങ്ങൾ ഉദ്ദേശിക്കുന്നതു തരിക.

പ്രിയൻ—ഇപ്പോൾ ഇരുനൂറു രൂപാ എടുത്തുകൊള്ളുക. നാളെ

വീണ്ടും വരിക. കൂടുതൽ തരാം. ഇന്ന് ഇത്രയേ ഇവിടെ ഉള്ളൂ. കുറെ ദിവസത്തേക്കു പുറത്തിറങ്ങാതെ ഒളിച്ചുതന്നെ കഴിച്ചുകൂട്ടുന്നതിനു ജ്യേഷ്ഠനോടു പറയണം. ആവശ്യമുള്ളപ്പോൾ നിങ്ങൾ എൻ്റെ അടുക്കൽ വന്നുകൊള്ളുക. ആപത്തുകൾ കഴിഞ്ഞുകഴിയുമ്പോൾ ഞാൻ വിവരം മനസ്സിലാക്കാം. അതിനിടക്കു സ്വഭാവം നന്നാക്കുവാൻ ഞാൻ പറഞ്ഞതായി പറയണം.

ഗുലാബി—അങ്ങിനെതന്നെ. നിങ്ങളുടെ അഭിപ്രായംപോലെ ചെയ്യാം. ഞാൻ പിരിയട്ടെ.

പ്രിയൻ—വന്ദനം. എന്നാൽ മേൽവിലാസം എന്നെ അറിയിക്കുവാൻ മറന്നുപോകരുതെ.

ഗുലാബി പ്രിയനോട് ഏന്തോ സ്വകാര്യം പറഞ്ഞിട്ടു പണവുംകൊണ്ടു പോയി. ഈ സമയത്തു ലീല അവളുടെ കുട്ടിയേയും എടുത്തുകൊണ്ട് അവിടെ വന്നു. പ്രിയൻ മൌനമായിരുന്നു കുറെ നേരം ലീലയെ നോക്കിക്കൊണ്ടിരുന്നിട്ട് ഇങ്ങിനെ പറഞ്ഞു. 'ലീലേ! നീ എന്നെ രക്ഷിച്ചു. നീ ഇല്ലായിരുന്നെങ്കിൽ ഞാൻ വഷളായിപോകുമായിരുന്നു.'

പ്രിയൻ ലീലയെ ചുംബിച്ചു. അയാളുടെ നയനങ്ങളിൽ അറിയാതെ ബാഷ്പം നിറഞ്ഞു. ഭർത്താവിൻ്റെ ഹൃദയത്തെ എന്തോ വേദനിപ്പിക്കുന്നതായി അവൾ മനസ്സിലാക്കി. പക്ഷേ പഴയ പല നടവടികളെപ്പറ്റിയായിരിക്കാമെന്നവൾ ചിന്തിച്ചു. അവൾ അതിനെപ്പറ്റി ഒന്നും ചോദ്യംചെയ്യാതെ ഭർത്താവിൻ്റെ മനസ്സു മററു വഴിക്കു തിരിക്കുന്നതിന് ഇങ്ങിനെ ആരംഭിച്ചു.

'കൊക്ക (കുട്ടി) ഇതാ നിങ്ങളെ കണ്ടു നിലവിളിക്കുന്നു. അവനെ എടുക്കണം. ഞാനടുക്കളയിലേക്കു പോകുന്നു.'

'പ്രിയേ! ലീലേ!' എന്ന് അയാൾ അദ്ധോക്തിയിൽ നിർത്തി. കുഞ്ഞിനെ പ്രിയൻ്റെ മടിയിലിരുത്തീട്ടു ലീല പോകുകയും ചെയ്തു.

കുട്ടി അവ്യക്തസ്വരത്തിൽ പലതും കൊഞ്ചി പറഞ്ഞുതുടങ്ങി. കുട്ടി ചില ശബ്ദങ്ങൾ പുറപ്പെടുവിച്ചുകൊണ്ടു പ്രിയൻ്റെ മേൽമീശ പിടിച്ചുവലിച്ചുതുടങ്ങി. പ്രിയൻ്റെ മനോരാജ്യങ്ങളെല്ലാം പമ്പകടന്നു. പ്രിയൻ ആ കുഞ്ഞിനെ ലാളിച്ചു വർത്തമാനം തുടങ്ങി. കുട്ടി കിടുകിട ചിറിച്ചു. പ്രിയൻ്റെ മടിയിൽകിടന്നു

ത്തു് ഉരുണ്ടുതുടങ്ങി. പ്രിയന്റെ ആനന്ദചഷകം പരിപൂർണ്ണമായി നിറഞ്ഞു. താൻ മഹാഭാഗ്യവാനെന്നു ചിന്തിച്ചു പ്രിയൻ ഈശ്വരകാരുണ്യത്തിനെ സ്തുതിച്ചു.

ഈ സമയത്തു വീണ്ടും ലീല ഒരു പാത്രം ചായയുമായി ഹാജരായി. ആ മാധുര്യമേറിയ പാനീയപാത്രത്തിൽനിന്നും പുക പറക്കുന്നുണ്ടായിരുന്നു. പ്രിയൻ നന്ദിയോടുകൂടി അതു വാങ്ങി. എന്നാൽ ഉടനെ കുടിക്കുന്നതിനു പകരം അതു താഴെ വെച്ചു. അവളുടെ പല്ലവസമാനങ്ങളായ അധരോഷ്ഠങ്ങളെ ചുംബിച്ചു.

'ഹാ! ഈ തേയിലയേക്കാൾ അതിനുതന്നെ മാധുര്യം!' എന്നു പ്രിയൻ സന്തോഷത്തോടെ പറഞ്ഞു.

പ്രിയൻ വീണ്ടും അവളുടെ ചെഞ്ചുണ്ടുകളെ ചുംബനധാരയിൽ നനച്ചു. ലീല പ്രേമംകൊണ്ടും നാണംകൊണ്ടും കണ്ണടച്ചു നിന്നു. പ്രിയൻ പിന്നേയും ലീലയെ ചുംബിക്കുവാനടുത്തു. അവൾ കുഞ്ഞിനേയുമെടുത്തുകൊണ്ടു് ഓടിപ്പോയി. പ്രിയൻ ചിരിച്ചുകൊണ്ടു് അവളെ പിൻതുടന്നു.

---

## എണ്പത്തിനാലാം അദ്ധ്യായം.

---

ഒളിച്ചുതാമസം.

'നിങ്ങൾ എന്റെ സ്വന്തമാണു്'

'അതെ, ഞാൻ നിന്റേതുതന്നെ' എന്നു ഗുലാബിയുടെ വാക്കുകൾക്കു സുജനൻ ഭയത്തോടുകൂടി ഉത്തരം പറഞ്ഞു. പോലിസുകാർ വന്നു പിടികൂടിയേയ്ക്കുമോ എന്നുള്ള ഭയം സുജനന്റെ ഹൃദയത്തിൽ സദാ കുടികൊണ്ടിരുന്നു.

ഗുലാബി—നിങ്ങൾ എന്നോടു ദേഷ്യപ്പെട്ടിരിക്കുകയാണോ?

സുജനൻ—അല്ല.

ഗുലാബി—പിന്നെ നിങ്ങൾ ഉത്സാഹമില്ലാതെയിരിക്കുന്നതെന്തു്? എന്നോടു സംസാരിക്കാത്തതെന്തു്?

സുജനൻ—ഗുലാബി! എന്നെ അറസ്റ്റുചെയ്യുമെന്നു ഞാൻ ഭയപ്പെടുകയാണു്.

ഗുലാബി—ഹാ! എന്തു ഭയപ്പെടുവാൻ? ആ വിചാരമേ വിട്ടുകളയുക. ഒരു പോലീസുനായും നിങ്ങളുടെ പുറകെ വരുകയില്ല.

സുജനൻ—ഞാൻ നിന്നോടു് എന്നും നന്ദിയുള്ളവനായിരിക്കും.

ഗുലാബി — സന്തോഷമായിരിക്കുക. പ്രിയ! ഇവിടെ നമ്മുടെ സ്വൈരമായ ജീവിതത്തെ തടസ്ഥപ്പെടുത്തുന്നതിന് ആരും വരുന്നതല്ല.

സുജനൻ സന്തോഷമായി സമാധാനത്തോടുകൂടിയിരിക്കുവാൻ ശ്രമിച്ചുനോക്കി. എന്നാൽ സാധിച്ചില്ല. ഗുലാബിയുടെ വാക്കുകൾ അയാളെ ധൈര്യപ്പെടുത്തി. എന്നാൽ സ്വന്തം ഹൃദയം തുറന്നുപറയുന്നതിന് അയാൾ തുനിഞ്ഞില്ല. അയാൾ യഥാർത്ഥത്തിൽ പോലീസുകാർ അറസ്റ്റുചെയ്യുമെന്നു ഭയപ്പെട്ടു. എന്നാൽ തല്ക്കാലം അവരുടെ കയ്യിൽനിന്നും രക്ഷിച്ചതു ഗുലാബിയായിരുന്നു. അതിനാൽ ഗുലാബിയോടും എന്നും നന്ദിയുള്ളവനായിരിക്കണമെന്ന് അയാൾ വിചാരിച്ചു.

ഗുലാബി ഒരു താഴ്ന്ന ജാതിയിൽ ജനിച്ചവളായിരുന്നു. അവൾ കുടിയിലും വ്യഭിചാരത്തിലും ഏർപ്പെട്ടു കഴിഞ്ഞുകൂടിയിരുന്നു. ഇന്ദ്രജാലംകൊണ്ടെന്നപോലെ മനുഷ്യസ്വഭാവം ഒരുദിവസംകൊണ്ടു മാറുന്ന ഒന്നല്ല. എന്നാൽ അവളുടെ സ്വഭാവം ഒരുദിവസംകൊണ്ടു പരിഷ്കരിക്കപ്പെടാവുന്നതായിരുന്നില്ല. ദുർഗ്ഗുണങ്ങൾ പലതിനും അവൾ വിളഭൂമിയായിരുന്നു. എന്നാൽ ക്കുടുക്കളുടെ പശ്ചാത്താപമെന്നൊരു ഗുണം അവൾക്കുണ്ടായിരുന്നു. അതുകൊണ്ട് അവളുടെ സ്വഭാവത്തിനു മാററം വന്നു എന്നു പറവാനും പാടില്ല. അവൾക്കെന്തെല്ലാം നല്ല ഗുണങ്ങൾ ഉണ്ടായിരുന്നാൽതന്നെ ദുർഗ്ഗുണങ്ങളുടെ പരിവൃത്തിയിൽ അവകൾ ലയിച്ചിരുന്നു. എന്നാൽ പണ്ഡിതരുടെ സങ്കേതത്തിൽനിന്നും രക്ഷപ്പെട്ടതിനുശേഷം ഗുലാബിയുടെ സ്വഭാവത്തിന് ഒരു മാററം വന്നുചേർന്നിരുന്നതു പറയാതെ കഴിയുകയില്ല. അന്നുമുതൽ അവളുടെ ഉന്നവും ഉദ്ദേശവും മുഴുവൻ പണ്ഡിതരേയും അയാളുടെ സംഘത്തേയും പാടെ നശിപ്പിക്കണമെന്നായിരുന്നു. ഈ തീവ്രമായ ആശയും പ്രതിക്രിയയ്ക്കുള്ള മോഹവും അവളിൽ ഉയർന്നതോടുകൂടി അവളുടെ മററു ദുർഗ്ഗുണങ്ങൾ ഒന്നും പ്രവൃത്തിയിൽ വരാതെ അടങ്ങിക്കിടന്നു. അതോടുകൂടി അവൾ കുടിയും വ്യഭിചാരവും വിട്ടുകളഞ്ഞുവെങ്കിലും അതു യഥാർത്ഥത്തിൽ ഒരു ആത്മസംസ്കരണമായില്ല. പണ്ഡിതരുടെ മരണത്തോടുകൂടിയും അയാളുടെ സംഘത്തിൽ പലരേയും അറസ്റ്റുചെയ്തതോടുകൂടിയും അവളുടെ പഴയ ദുഃസ്വഭാവമായ കാമസർപ്പം കൂടെക്കൂടെ ഫണം ഉയർത്തിനിന്നു.

ഗുലാംബി ഏതായാലും സുജനനോട് പണ്ടേമുതലേ അടുപ്പമുള്ളവളായിരുന്നു. മുമ്പ് അവളുടെ ജീവനെ രക്ഷിച്ചതിനു സുജനനോട് അവൾ പ്രത്യേകം കടപ്പെട്ടിരുന്നു. സുജനന്റെ കടങ്ങൾക്ക് അവൾ പരിഹാരമുണ്ടാക്കാമെന്ന് ഏറ്റുപറഞ്ഞെങ്കിലും ഉപകാരസ്മരണാപൂർവ്വം സുജനൻ അവളുടെ ഔദാര്യത്തെ ഉപേക്ഷിക്കുകയാണു ചെയ്തത്. തന്റെ സ്വാതന്ത്ര്യരക്ഷയ്ക്കും മറ്റു പലതിനും ഗുലാംബിയെ ആശ്രയിക്കേണ്ടിവന്നതിൽ സുജനൻ രഹസ്യമായി തന്നത്താൻ മുറുമുറുത്തു. കേവലം ഒരു ദുർന്നടത്തക്കാരിയുടെ സഹായത്താൽ ജീവിക്കുന്നതു ഹീനമെന്നു സുജനൻ ചിന്തിച്ചു. സുജനൻ മാതാപിതാക്കന്മാരിൽനിന്നും പല നല്ല ഗുണങ്ങൾ ആർജ്ജിച്ചിരുന്നു. എന്നാൽ അവയെല്ലാം ദുഷ്ടസംസർഗ്ഗംകൊണ്ടു മുൾച്ചെടി പടർന്നുപിടിച്ച ഒരു ഉദ്യാനംപോലെ ദോഷഭൂയിഷ്ഠമായി തീർന്നിരുന്നു. എന്നാൽ ബലഹീനവും ദുഷ്യകലുഷവുമായ ഒരു മനസ്സിലെ ആമാതിരി മഹത്തായ ഗുണങ്ങൾ വെയിലത്തുള്ള സോപ്പുകുമിളകൾക്കു സമാനങ്ങളാകുന്നു.

പ്രിയന്റെ പക്കൽനിന്നും ഗുലാംബി പണവും വാങ്ങിക്കൊണ്ടുവന്നു സുജനനെ ഏല്പിച്ചു. അവൾ കഴിവുള്ളവിധം അയാളെ സമാധാനപ്പെടുത്തുവാനും സന്തോഷിപ്പിക്കുവാനും ശ്രമിച്ചു. ഒടുവിൽ അവൾ ഒരു കുപ്പി 'സ്കോച്ചുവിസ്കി' കൊണ്ടുവന്നു. അതിന്റെ കാഴ്ച സുജനനെ ഒന്നിളക്കിത്തീർത്തു. ഗുലാംബി അതിൽ സോഡയും ചേർത്തു തന്റെ മന്ദസ്മിതത്തിന്റെ പ്രകാശത്തിൽ മുക്കി അയാൾക്കു കുടിക്കുവാൻ കൊടുത്തു. ഒററശ്വാസത്തിനു സുജനൻ അതു കുടിച്ചുതീർത്തു. ഗുലാംബി വീണ്ടും സുജനന് ഒഴിച്ചുകൊടുത്തു. സുജനനു മുമ്പില്ലായിരുന്ന മന്ദഹാസം താനേ ഉണ്ടായി. ഒരു നിമിഷംകൊണ്ട് അയാളുടെ ഉള്ളിലുണ്ടായിരുന്ന ഭയങ്ങളും സംശയങ്ങളും അസ്തമിച്ചു. അയാൾ തന്നത്താൻ കുറെ ഒരു ഗ്ലാസ്സിലെടുത്തു സോഡയും ചേർത്തു മുട്ടപ്പെടുത്തി ഗുലാംബിക്കു നീട്ടി. അവൾ അതിനെ സ്നേഹപുരസ്സരം നിരസിച്ചു. അവൾ അല്പമെങ്കിലും കുടിക്കാത്തപക്ഷം അയാൾ മേലാൽ കുടിക്കുന്നതല്ലെന്നു ശപഥംചെയ്തു. മിതമായി കുടിക്കുന്നതിലെന്തു ദോഷം? ഗുലാംബികൂടി അല്പം പങ്കുകൊണ്ടില്ലെങ്കിൽ ആ യഥാർത്ഥസുഖം സുജനനും കിട്ടുന്നതല്ല. സുജനന്റെ നിർബ്ബന്ധത്തിന് അവളും കീഴടങ്ങി. പേരിനുമാത്രം അവൾ അല്പം ആസ്വദിച്ചു. സുജ

നനു വലിയ സന്തോഷമായി. സുജനൻ പിന്നെയും പിന്നെയും കുടിച്ചു. ഗുലാബി പാട്ടുപാടിത്തുടങ്ങി. സുജനൻ തലകുലുക്കി രസിച്ചുംകൊണ്ടിരുന്നു. ഗുലാബിക്കും പരമസന്തോഷമായി. അവളുടെ ഉദ്ദേശം സാധിച്ചു. എന്നാൽ കൂട്ടുകാരുകൂടി സമ്മേളിക്കവാൻ തരപ്പെടാത്തതിൽ സുജനനു കുണ്ഠിതം തോന്നി.

ദുരാചാരസമ്മിശ്രമായ ആനന്ദം അനുഭവിക്കുന്നതിനു കൂട്ടുകാർ അത്യാവശ്യമാണ്. അതുകൊണ്ടുതന്നെയാണു ജനങ്ങൾ മദ്യഷാപ്പുകളിലേയ്ക്കും ഹോട്ടലുകളിലേയ്ക്കും പായുന്നത്. അല്ലെങ്കിൽ ആരും വീടുവിട്ട് ഇളകുന്നതുമല്ല.

ഈ സമയത്തു വാതലിനു പതുക്കെ ആരോ മുട്ടുന്നതു കേൾക്കാറായി. ഗുലാബിയുടനെ ചെവികൊടുത്ത് എഴുന്നേറ്റു നിന്നു. സുജനൻ ആ സമയത്തു സന്തോഷത്തോടുകൂടി എന്തോ ഉറക്കെ പറയുന്നതിനു ഭാവിക്കുകയായിരുന്നു. ഗുലാബി ഉടനെ ശബ്ദിക്കാതിരിക്കുവാൻ അയാളെ ആംഗ്യംകൊണ്ടു മനസ്സിലാക്കിയശേഷം എന്തോ ചെവിയിൽ മന്ത്രിച്ചു. സുജനനും ഉടനെ ചെവികൊടുത്തു നിന്നു. എന്തോ വാതുക്കൽ മുട്ടുന്ന ശബ്ദം അയാളും കേട്ടു. സുജനൻ പെട്ടന്നു ഭയംകൊണ്ടു വിളറി. വാതുക്കൽ മുട്ടുന്നത് ആരായിരിക്കും? പക്ഷേ പോലിസുകാർ ആയിരിക്കാം. സുജനൻെറ ദേഹം വിയർത്തു.

‘ഗുലാബി! എന്നെ രക്ഷിക്കണേ! ഞാൻ ഓടിപ്പോകട്ടയോ? പോലീസുകാർ എന്നെ അന്വേഷിക്കുകയാണ്’ എന്നു സുജനൻ ദീർഘശ്വാസത്തോടുകൂടി പറഞ്ഞു. ഗുലാബി ഒന്നും മിണ്ടിയില്ല. എന്നാൽ പതുക്കെ അവൾ ജനലിന്നു സമീപം വന്നുനിന്നു ചെവികൊടുത്തു. വീണ്ടും ചില മുട്ടുകൾ കേട്ടുതുടങ്ങി. ഈ പ്രാവശ്യം ശബ്ദം കുറെക്കൂടി ഉച്ചത്തിൽ കേട്ടു. ഗുലാബിയും സുജനനും കുറെനേരം മൌനമായിട്ടിരുന്നു. എന്നാൽ വാതൽമുട്ടുന്ന ശബ്ദം ഉയന്നുയന്നു കേൾക്കപ്പെട്ടു. സുജനനു വീണ്ടും പരിഭ്രമവും ഭയവും അങ്കുരിച്ചു. ഗുലാബി ജന്നലിൽ ചെന്നു തെരുവിലേക്കു നോക്കി. ഓ! ഭയങ്കരം! അതൊരു പോലിസുകാരനായിരുന്നു! ഒരു പോലിസുകാരൻ വാതുക്കൽ മുട്ടുകയായിരുന്നു. ഗുലാബിയും ഭയപ്പെട്ടു.

‘ആരാണത്?’ എന്നു സുജനൻ ചോദിച്ചു.

‘പോലീസ്’ എന്നു ഗുലാബി പതുക്കെ പറഞ്ഞു.

സുജനൻെറ ദേഹം വിറച്ചു.

‘ഞാനെവിടെ പോകും? ഞാനങ്ങോട്ട് ഓടണം? ഗുലാബി! എന്നെ രക്ഷിക്കണേ!’

'പതുക്കെ. വെറും ഭീരുവാകരുത്. എന്തിനു വിറയ്ക്കുന്നു?'

'വാതൽ തുറക്കുക. അല്ലെങ്കിൽ ഞാൻ ചവുട്ടിപ്പൊളിക്കും' എന്നു കാൺസ്റ്റബിൾ ഉറക്കെ പറഞ്ഞു.

ഉടനെ ആഞ്ഞുള്ള ഒരു ചവുട്ടുകൊണ്ടു വാതൽ ഇളകി.

'ഹാ! എന്റെ കാര്യം മോശത്തിലായി' എന്നു സുജനൻ കരഞ്ഞു. ഗുലാബിയും കുഴങ്ങിനിന്നു. ആ കുഴപ്പത്തിൽനിന്നും മോചനം ലഭിക്കുന്നതെങ്ങിനെയെന്നു ഗുലാബിക്കു തല്ക്കാലം തോന്നിയില്ല. കൽക്കത്തായിലെ മററു ഗൃഹങ്ങൾപോലെ പുറം ചെല്ലുന്നതിനും കേറുന്നതിനും ആ ഗൃഹത്തിനു ഒരു വാതലേയുണ്ടായിരുന്നുള്ളു. എങ്ങിനെയെങ്കിലും കുറെ സമയം താമസിക്കണമെന്നു അവൾ നിശ്ചയിച്ചു. കൂടുതൽ ബഹളമൊന്നും കൂട്ടാതെ കാൺസ്റ്റബിളിനെ മടക്കി അയയ്ക്കണമെന്നു അവൾ നിശ്ചയിച്ചു. എന്നാൽ പോലീസുകാരൻ ക്രമം വിട്ടു പിന്നെയും എതിർത്തുനില്ക്കുകയാണെങ്കിൽ അയാളുടെ നെഞ്ചിൽ കുത്തിയിറക്കുന്നതിനു കത്തിയും അവൾ തയ്യാറാക്കിവെച്ചു. ഇതായിരുന്നു അവൾ ഒടുവിൽ തീരുമാനിച്ചതു്. അവളുടെ തീരുമാനവും സ്വഭാവവും എന്തുതന്നെയായിരിക്കട്ടെ അവളുടെ ആപൽധൈര്യത്തെപ്പററി സ്തുതിക്കാതെ തരമില്ല. 'ചീത്തയിൽനിന്നും ചിലപ്പോൾ നല്ലതു പുറപ്പെടും' എന്ന കവിവാക്യം യഥാർത്ഥമാണു്. ഗുലാബിയെപ്പോലെ അല്ലെങ്കിൽ പാതി ധൈര്യം നമ്മുടെ ഇക്കാലത്തെ ഭാരതീയവനിതകൾക്കുണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നേനേ, അവർ അതുമൂലം ആപത്തുകളിൽനിന്നും അപമാനത്തിൽനിന്നും സുരക്ഷിതകളായിത്തീരുമായിരുന്നു.

വാതലിലുള്ള മുട്ടുവിളി ഉയന്നുകേട്ടു. ഗുലാബി വാതുക്കൽ ചെന്നു 'ദയവുചെയ്തു അല്പം കാത്തുനില്ക്കുക ജെമേദാർ സാഹിബ്ബ്! ഞാനിതാ വന്നുകഴിഞ്ഞു' എന്നു ഗുലാബി പറഞ്ഞു.

പോലീസുകാരൻ മുട്ടുവിളി നിർത്തി അനങ്ങാതെ നിന്നു. ഗുലാബി സുജനനോടു പതുക്കെ ഇങ്ങനെ പറഞ്ഞു.

'പ്രിയ! ഭയപ്പെടരുതു്. നിങ്ങൾ ഒരു പുരുഷനാണു്. ധൈര്യം അവലംബിക്കുക. നാം കുഴപ്പത്തിൽ ആയിട്ടുണ്ടു്. എന്നാൽ ഭയംകൊണ്ടു ബുദ്ധിക്ഷയമരുതു്. ഞാനെല്ലാം നേരെയാക്കിക്കൊള്ളാം. എന്നാൽ തയ്യാറായിരുന്നുകൊള്ളണം. ഞാൻ വിളിക്കുമ്പോൾ ഉടൻ വന്നുകൊള്ളണം. ഒട്ടും അമാന്തിക്കരുതു് അതു് ഓർമ്മവേണം. നമ്മുടെ രക്ഷ നിങ്ങളുടെ ധൈര്യത്തിലിരിക്കുന്നു.' ആ

വൾ ഉറക്കെ ഇങ്ങനെ പറഞ്ഞു 'ദയവുചെയ്ത് അല്പംകൂടി ക്ഷമിക്കണേ! ജമേദാർ സാഹിബ്ബേ! ഞാൻ വെളിച്ചംകൂടി കൊണ്ടുവരട്ടെ.'

ഗുലാബി തലമുടി മുറുകെ കെട്ടി. അവൾ അയഞ്ഞ ഒരു വസ്ത്രം ധരിച്ച് അതിനിടയിൽ കത്തി ഒളിച്ചുവെച്ചു. അനന്തരം കയ്യിൽ കുറച്ചു പണവുമെടുത്തു വിളക്കോടുകൂടി അവൾ കോണിപ്പടി ഇറങ്ങി താഴെ വന്നു. സുജനൻ മുകളിലത്തെ നിലയിൽ നിന്നതേയുള്ളു. കുട്ടിക്കാലത്തു പല സുഖാനുഭവങ്ങളും അനുഭവിച്ചുവളർന്ന ഒരാൾ പിന്നീട് ഒരു ഭീരുവായി പരിണമിച്ചെങ്കിൽ ഒട്ടും അത്ഭുതപ്പെടുവാനില്ല. പ്രയത്നംകൂടാതെയും കായക്ലേശംകൂടാതെയും പൊന്നുപോലെ സൂക്ഷിക്കുന്ന ശരീരം പ്രായേണ ബലഹീനമായി കാണപ്പെടും. ബലഹീനമായ ദേഹത്തിൽ ധീരഹൃദയം അപൂർവ്വമായേ കാണപ്പെടുന്നുള്ളു. പ്രായം ചെല്ലുന്തോറും അയാൾ ഒരു ഭീരുവായും തീരുന്നു. അയാൾ സ്വരക്ഷയ്ക്ക് അനർഹനെന്നപോലെ അപരനെ ആപത്തിൽനിന്നും അപമാനത്തിൽനിന്നും രക്ഷിക്കുന്നതിന് അപ്രാപ്തനുമായിത്തീരുന്നു. ജീവനെപ്പറ്റി അയാൾ വളരെ വിലവെയ്ക്കുന്നു. തന്റെ ദേഹത്തിനു യാതൊരു തരക്കേടും വരാതെയിരിക്കുവാൻ അയാൾ പ്രത്യേകം നിഷ്കർഷിക്കുന്നു! വല്ല സാഹസപ്രവൃത്തിയുടേയും അനന്തരഫലമായ ക്രിമിനൽവിചാരണയെ അയാൾ ഭയപ്പെടുന്നു. സമുദായത്തിലുള്ള അയാളുടെ സ്ഥാനത്തെയും അന്തസ്സിനെയും അയാൾ സൂക്ഷിക്കുന്നു. ജെയിൽവാസം അനുഭവിച്ചു ജീവിതം അവസാനിപ്പിക്കുന്നതിനു അയാൾ വൈമുഖ്യം പ്രദർശിപ്പിക്കുന്നു. ഒരു വാക്കിൽ പറയുകയാണെങ്കിൽ വിശേഷജ്ഞാനം അയാളിൽ പ്രകാശിക്കുന്നു! ഒരു ധൈര്യശാലിയെപ്പറ്റി അയാൾ കേവലം പരിഹസിക്കുകയും അയാളെ ഒരു കാട്ടുകാളയെന്നു പരിഹസിക്കുകയും ചെയ്യുന്നു. കാട്ടുമൃഗത്തെപ്പോലെ ക്ഷോഭിക്കുന്നതിൽഭേദം വല്ല ഉപദ്രവവും സഹിക്കുന്നതാണു നല്ലതെന്നു അയാളുടെ തത്വജ്ഞാനം ഉപദേശിക്കുന്നു. അയാളുടെ കുടുംബത്തിനോ മതത്തിനോ ഭാര്യയ്ക്കുതന്നെയുമോ വല്ല ഉപദ്രവും നേരിട്ടാലും എതിർത്തു യാതൊന്നും അയാൾ പ്രവർത്തിക്കുന്നതല്ല. ഒരു ബലവാനെ കാണുമ്പോൾ അയാളുടെ ഭീരുവായ ഹൃദയം ശുഷ്കമാകുന്നു. ഗൃഹത്തിൽ സിംഹമായിരിക്കുന്ന മനുഷ്യൻ ബലവാന്റെ മുമ്പിൽ അജമായി കാണ

പ്പെടുന്നു. ഈ നിയമങ്ങൾക്കു സുജനൻ വിപരീതമായി കാണപ്പെട്ടിരുന്നില്ല. അയാളുടെ സമുദായത്തിലുള്ള മററാളുകളേപ്പോലെ രക്തപ്രവാഹം എന്നതു് അയാൾക്കു വലിയ ഭയമായിരുന്നു.

ഗുലാബി വാതുക്കൽ വന്നു് അതിൻെറ വിള്ളിൽകൂടി ഇങ്ങനെ പറഞ്ഞു.

'ജമേദാർസാഹിബ്ബ്! ക്ഷമിക്കുക. ഞങ്ങൾ എല്ലാം ഉറക്കമായിരുന്നു.'

'അതു കളവു! കുറച്ചുമുമ്പേ നിങ്ങൾ സംസാരിക്കുന്നതു ഞാൻ കേട്ടല്ലോ. ആ കതകു വാതൽ തുറക്കുക.'

'അകത്തു വരാം.'

എന്നുപറഞ്ഞു ഗുലാബി വാതൽ തുറന്നു.

ഉദ്യോഗസ്ഥൻ പോലീസ്സധികാരം നടിച്ചു് അകത്തേയ്ക്കു കടന്നു.

'ഹാ! ഖാൻസാഹിബ്ബ്! ദയവുചെയ്തു സലാം സ്വീകരിക്കുക. എന്നെ സംബന്ധിച്ചു യാതൊരു മുഷിച്ചലും നിങ്ങൾക്കു തോന്നുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു.' എന്നു ഗുലാബി സല്ക്കരിച്ചു.

പോലീസുകാരനെ ഗുലാബി പണ്ടേ അറിയുമായിരുന്നു. അയാൾ ഒരു ബീറുകാൺസ്റ്റബിളായിരുന്നു. കൂടക്കൂടെ വല്ലതും കൊടുത്തു് അയാളുടെ സേവ സമ്പാദിക്കുന്നതു കൊള്ളാമെന്നു് അവൾ വിചാരിച്ചു.

'നിങ്ങൾ എനിക്കു വലിയ ഉപദ്രവം ഉണ്ടാക്കി' എന്നു പോലീസുകാരൻ ഗൌരവസ്വരത്തിൽ പറഞ്ഞു.

ഗുലാബി—ഞാൻ അതിനു നിർവ്യാജം വ്യസനിക്കുന്നു. ക്ഷമിക്കുക. വാതലിനു നിങ്ങൾ മുട്ടിയതെന്തിനു്?

പോലീസുകാരൻ—ഈ ഗൃഹത്തിൽ ഒരാൾ ഒരു മോഷണത്തൊണ്ടിയുമായി കയറുന്നതു ഞാൻ കണ്ടു.

ഗുലാബി—ഈ ഗൃഹത്തിലോ?

പോലീസു—അതെ, ഈ വിട്ടിൽതന്നെ.

ഗുലാബി—അയാൾ ഈ ഗൃഹത്തിൽ എങ്ങിനെ കടക്കും?

പോലീസു—എങ്ങിനെയെന്നോ? ആ ജനൽവഴി.

ഗുലാബി കഴഞ്ഞി ജന്നൽ ഒരാൾ പൊക്കത്തിലുള്ളതായിരുന്നു. അതു് അകത്തുനിന്നു് അടച്ചുമിരുന്നു. പോലീസുകാരനോടു

ചോദ്യംചെയ്തു് അയാളുടെ ഗൌരവത്തിനു ഹാനിവരുത്തുന്നതു ബുദ്ധിപൂൎവ്വമല്ലെന്നു വിചാരിച്ചു കുററം സമ്മതിച്ച സമ്പ്രദായത്തിൽ ഗുലാബി ഇങ്ങനെ തുടൎന്നു:—

'അതെന്തുമാകട്ടെ. നിങ്ങളുടെ രക്ഷയിൽ താമസിക്കുന്ന ഒരു സാധുസ്ത്രീയാണു ഞാൻ. നിങ്ങളുടെ അന്വേഷണത്തെപ്പററി ഞാൻ നന്ദിയുള്ളവളായിരിക്കുന്നു. നിങ്ങളുടെ ബുദ്ധിമുട്ടിനു ഇതിരിക്കട്ടെ. നിങ്ങളുടെ സ്ഥിതിക്കും അന്തസ്സിന്നും ഇതു് ഒരു നിസ്സാരതുകയാണെന്നെനിക്കറിയാം. എങ്കിലും കാപ്പിക്കു് ഇതിരിക്കട്ടെ. എന്നുപറഞ്ഞു ഗുലാബി പോലീസുകാരൻെറ കയ്യിൽ ഒരു രൂപ എടുത്തുവെച്ചു. പോലീസുകാരൻ ഗൌരവസ്വരത്തിൽ

'ഹാ! ഒരു രൂപയോ? ഇതു് എനിക്കു നഷ്ടമല്ലേ?'

'തൽക്കാലം ഇതിരിക്കട്ടെ. കൂടുതൽ ഇനിയും ആവാമല്ലോ.'

'വീടു ഞാൻ ഒന്നു പരിശോധിച്ചോട്ടെ?'

'വെറുതെ ബുദ്ധിമുട്ടണമെന്നില്ല? ഇവിടെ വല്ല കള്ളനും ഒളിച്ചിരിപ്പുണ്ടെങ്കിൽ അയാളെ പിടിച്ചു ഞാൻ നിങ്ങളെ ഏല്പിച്ചുകൊള്ളാം.' എന്നു ഗുലാബി ചിരിച്ചുംകൊണ്ടു പറഞ്ഞു.

ആ ഗൃഹം പരിശോധിച്ചതുകൊണ്ടു യാതൊരു തരക്കേടും വരാനില്ലെന്നു ഗുലാബിക്കു് അറിയാമായിരുന്നു. എന്നാൽ പോലീസുകാരനെ കണ്ടാൽ സുജനൻ എടുത്തുചാടി ഓടും. അതുമൂലം പല ആപത്തുകളും വന്നുചേൎന്നേക്കാമെന്നായിരുന്നു അവളുടെ ഭയം.

'കൊള്ളാം. എന്നാൽ മേലിലെന്നെ കുററം പറയരുതു്' എന്നു കാൺസ്റ്റബിൾ പറഞ്ഞു.

ഗുലാബി—ഇല്ല. നിങ്ങൾ ചെയ്ത ഉപകാരത്തെ ഞാൻ മറക്കുന്നതല്ല. ഗുലാബി അൎത്ഥംവെച്ചു ചിരിച്ചു. പോലീസുകാരൻ മേൽവീശ പിരിച്ചു ഒതുക്കിക്കൊണ്ടു വിജയം നടിച്ചുകൊണ്ടു് ഇറങ്ങിപ്പോയി. ഗുലാബി വന്നുചേരുവാൻ താമസിക്കുന്നതു കണ്ടു സുജനൻെറ പരിഭ്രമം വൎദ്ധിച്ചു. ഒരെലിയുടെ അനക്കം അയാളെ ഭയപ്പെടുത്തുവാൻ പൎയ്യാപ്തമായിരുന്നു! അന്നത്തെ രാത്രി ഒരുവിധം ആപത്തൊന്നുംകൂടാതെ രക്ഷപ്പെട്ടുകിട്ടിയാൽ ഉടനെ കല്ക്കത്തായിൽനിന്നും വേറെ എവിടെയെങ്കിലും പോകണമെന്നു് അയാൾ തീൎച്ചപ്പെടുത്തി. അയാളുടെ വിധിയെ അയാൾ തന്നെത്താൻ ശപിച്ചു. ഗുലാബി മടങ്ങിവന്നപ്പോൾ സുജനൻ വിയൎത്തു വശായി കാണപ്പെട്ടു.

"എന്തു്?" എന്നു സുജനൻ അത്യാശയോടുകൂടി ചോദിച്ചു.

"വിശേഷിച്ചൊന്നും ഭയപ്പെടുവാനില്ല." എന്നു ഗുലാബി പറഞ്ഞു സുജനനെ സമാധാനപ്പെടുത്തി.

"ഹാ"എന്നു് ഒരു ദീർഘശ്വാസംവിട്ടു സുജനൻ ഉറങ്ങുവാൻ പോയി. എന്നാൽ രാത്രിയിൽ കിടന്നിട്ടു് അയാൾക്കു് ഉറക്കംവന്നില്ല. പല വിചാരങ്ങളും അയാളുടെ ഉള്ളിൽ കടന്നുകൂടിയതിനാൽ കിടക്കയിൽ സുജനൻ തിരിഞ്ഞുമറിഞ്ഞു കിടന്നു സമയം കളഞ്ഞു. ഒടുവിൽ എത്രയും വേഗം കല്ക്കത്താനഗരം വിടണമെന്നു സുജനൻ തീർച്ചയാക്കി.

സുജനൻ ആ രാത്രി അസ്വസ്ഥനായി കഴിഞ്ഞുകൂടുന്നവസരത്തിൽ ഖാൻ സാഹിബ്ബ് ബ്രാഹ്മണവേഷധാരിയായി ഹുക്കായും കുടിച്ചു് ഇരിക്കുകയായിരുന്നു. ഹരുതാക്കൂർ എന്ന അയാളുടെ പുതിയപേരുകൊണ്ടും വേഷംകൊണ്ടും അയാളെ ആരും സംശയിച്ചിരുന്നില്ല. അയാളുടെ ആ ജീവിതം സ്വൈരമായും സമാധാനപരമായും അയാൾക്കു തോന്നി. അയാൾക്കു വന്ന മാററത്തിന് അയാൾ സസന്തോഷം സ്വാഗതംപറഞ്ഞു. അതുകൊണ്ടു വലിയ ലാഭമൊന്നും ഇല്ലായിരുന്നെങ്കിൽ ആപത്തുകൂടാതെ കഴിയുവാൻ അതൊരു വഴിയുമായിരുന്നു. അയാളുടെ സംഘം എല്ലാം പിരിഞ്ഞുപോയിരുന്നു. പഴയ സമ്പ്രദായം തുടർന്നുകൊണ്ടുപോകുവാൻ കൂട്ടുകാരില്ലാതെ വിഷമവുമായിരുന്നു. അതിനാൽ കുറെക്കാലംകൂടി വേഷപ്രച്ഛന്നനായി കഴിക്കുന്നതു കൊള്ളാമെന്നും അതിനിടക്കു് ആപത്തുകളെല്ലാം തീർന്നുപോയേക്കുമെന്നും അയാൾ വിശ്വസിച്ചിരുന്നു. പോലീസുകാർ അയാളെ അന്വേഷിച്ചു മടുത്തു. പണ്ഡിതരുടെ മരണവും സുജനന്റെ ഓടിപ്പോക്കും ഖാൻ സാഹിബ്ബിനെ സന്തോഷിപ്പിച്ചു. ആപത്തുകളിൽനിന്നും വിമുക്തനായി എന്നു് അയാൾ വിചാരിച്ചു. അയാളുടെ വേഷംമാററവും പഴയ സമ്പ്രദായവും മററാക്കും അത്ര അറിവില്ലായിരുന്നു.

## എണ്പത്തഞ്ചാമദ്ധ്യായം.

ചില്ലാ വിഷയങ്ങൾ,

വിവാഹം ദിവസം രാത്രിമുതൽ അനിലൻ മാസ്മരനിദ്രയിൽ പെട്ടവനെപ്പോലെ കഴിച്ചുകൂട്ടുകയായിരുന്നു. എല്ലാംദിവസവും

ഉദയത്തോടുകൂടി എഴുന്നേല്ക്കുമ്പോൾ സന്ന്യാസിനിയെ കണ്ടുമുട്ടുവാൻ ഇടയാകുമെന്ന് അയാൾ ചിന്തിച്ചുവന്നു. എന്നാൽ ആ ഉദയകിരണങ്ങൾ സന്ന്യാസിനിയെപ്പററിയ പുതിയ വർത്തമാനം ഒന്നുംതന്നെ പ്രദാനംചെയ്തിരുന്നില്ല. പ്രകാശമേറിയ മദ്ധ്യാഹ്നവും അയാളെ നിരാശപ്പെടുത്തിവന്നു. എന്നാൽ സന്ധ്യാസമയമാകുമ്പോൾ അനിലന്റെ ആശ പരമകാഷ്ഠയെ പ്രാപിച്ചുവന്നു. അത്യാശകൊണ്ട് അയാൾക്കു സ്വൈരമില്ലാതെ തീർന്നു. ഒരില അനങ്ങിയാൽ അതു സന്ന്യാസിനിയുടെ വരവെന്നു ഭ്രമിച്ച് ആ ഭാഗത്തേക്കു നോക്കിവന്നു. എന്നാൽ ഓരോ പ്രാവശ്യവും നിരാശതന്നെയായിരുന്നു ഫലം! ഈശ്വര! ഇതു സഹിക്കുവാൻ വയ്യ! പകൽമുഴുവൻ മനോരാജ്യമായും രാത്രിമുഴുവൻ സ്വപ്നമായും അയാൾ കഴിച്ചുകൂട്ടി. നേരത്തുണരുമ്പോൾ പിന്നെയും പ്രഭാതപ്രകാശം അനിലന്റെ ക്ഷമയില്ലായ്മയേയും പരിഭ്രമത്തേയുംപ്പററി പരിഹാസസൂചകമായ പുഞ്ചിരിതൂകിക്കൊണ്ടിരിക്കുന്നതു് അനിലൻ കണ്ടുകണ്ടു മുഷിഞ്ഞു.

അന്നത്തെ കഥയൊരു സ്വപ്നമായിരുന്നോ? പക്ഷേ അങ്ങിനെ വരാം. എന്നാൽ അങ്ങിനെ തീർച്ചപ്പെടുത്തുവാൻ ഒരു വൈഷമ്യം നേരിട്ടതു് ആ വജ്രമോതിരം ഒന്നുകൊണ്ടു മാത്രമായിരുന്നു.

അതു് ഒരു മനോവേദനയെ ഉണ്ടാക്കിവന്ന ലക്ഷ്യമായിരുന്നു. അതു ശകുന്തളയുടെ മോതിരംപോലെ ഭൂതകാലസ്മരണകളെ ഉജ്ജീവിപ്പിച്ചുവന്നു.

സന്ന്യാസിനി എന്നു വരും? അവളെ ഞാൻ എന്നു കാണും? ഈ ചോദ്യങ്ങളായിരുന്നു അനിലനെ രാപകൽ കുഴക്കിക്കൊണ്ടിരുന്നതു്. ആ രഹസ്യം മനസ്സിൽ അടക്കിവെക്കുവാൻ നിവൃത്തിയില്ലാത്തവിധം അനിലന്റെ മനസ്സു നിറഞ്ഞു് ഒഴുകുവാൻ ആരംഭിച്ചു. ഭയങ്കരമായ ഒരു സ്വപ്നമെന്ന് അഭിപ്രായപ്പെട്ടിരുന്നതുമായ ആ കൊലപാതകത്തെപ്പററി ചില ഊഹാപോഹങ്ങൾ തനിക്കു കിട്ടീട്ടുണ്ടെന്ന് ഒരുദിവസം അനിലൻ ഭൂപനോടു പറഞ്ഞു.

“എങ്ങിനെ” എന്ന് അപിലൻ അത്യാശയോടുകൂടി ചോദിച്ചു. അനന്തരം അനിലൻ സന്ന്യാസിനിയെ കണ്ടതുമുതൽ തന്റെ ഭാര്യയുമായി പിരിയുന്നതുവരെയുള്ള സകല വിവരവും വിസ്തരിച്ചു ഭൂപനെ ധരിപ്പിച്ചു. സന്ന്യാസിനി ഒളിച്ചുവെച്ചിരുന്ന

ആ രഹസ്യമെന്തെന്നു വളരെ ആലോചിച്ചിട്ടും ബുദ്ധിമാനായ ഭൂപനു് ഒരു തുമ്പും കിട്ടിയില്ല. അനിലനെ ഇത്ര രഹസ്യമായി വിളിച്ചുകൊണ്ടുപോയതെന്തിനു്? അയാളുടെ വിവാഹം ഇത്ര രഹസ്യമായി കഴിച്ചുകൂട്ടിയതെന്തിന്? ഈ രഹസ്യബന്ധത്തിൻെറ ഉദ്ദേശമെന്തു്? എന്തോ സംഗതി ഇല്ലെന്നു വരുകിൽ വിവാഹവിഷയത്തിൽ രഹസ്യം അനുഷ്ഠിക്കുന്നതെന്തിന്? വിവാഹവിഷയത്തിൽ രഹസ്യം അസാധാരണമാണല്ലോ. അങ്ങിനെ ഒന്നു ഭൂപൻ കേട്ടിരുന്നില്ല. അതു് അനിലൻെറയോ ആ യുവതിയുടേയോ ക്ഷേമത്തിനു് ആവാൻ തരമില്ല. അതു സന്യാസിനിയുടെ ഏതൊ ഉദ്ദേശസാദ്ധ്യത്തിനുതന്നെയായിരിക്കണം. എന്നാൽ ആ സന്യാസിനിതന്നെ ആരായിരിക്കാം? ഭൂപൻെറ സി. ഐ. ഡി. സാമർത്ഥ്യമോ കൂർമ്മബുദ്ധിയൊ ഒന്നും തന്നെ ആ വിഷയത്തിൽ ഉപകാരപ്പെട്ടില്ല.

ഭൂപൻ അനിലൻെറ വിരലിൽ കിടക്കുന്ന മോതിരത്തെ നല്ലവണ്ണം പരിശോധിച്ചുനോക്കി. അതുകൊണ്ടും ഒന്നും ഊഹിക്കുവാൻകൂടി വഴിയില്ലായിരുന്നു. കൂടുതൽ ചിന്തിക്കുന്നതും അന്വേഷിക്കുന്നതും ഉപയോഗമില്ലെന്നു് അയാൾ ആ വിഷയം തള്ളിക്കളഞ്ഞു. എന്നാൽ മെഴുകിലൊട്ടിച്ചു് ആ മോതിരത്തിൻേറയും അതിലുള്ള അടയാളത്തിൻേറയും ഛായ ഭൂപൻ എടുത്തുവെച്ചു.

"എനിക്കു പ്രവേശിക്കുവാൻ അശക്തമായ ഒരു രഹസ്യം അതിൽ അന്തർഭവിച്ചിട്ടുണ്ടു്. എൻെറ അല്പമായ ബുദ്ധിയെ നിങ്ങൾ കുഴപ്പത്തിലാക്കി. എതായാലും ഞാൻ ശ്രമിച്ചുകൊണ്ടിരിക്കാം. വല്ല വിവരവും കിട്ടിയാൽ നിങ്ങളെ അറിയിച്ചുകൊള്ളാം."

അനിലൻ സ്നേഹപുരസ്സരം ഭൂപനു വന്ദനംപറഞ്ഞു പുഞ്ചിരിതൂകി പറഞ്ഞു.

"അറബികഥകളിലെ 'അബുഹസ്സൻ' ൻെറ കഥപോലിരിക്കുന്നു നമ്മുടെ കഥ. ഒരു ദിവസത്തേക്കു സിംഹാസനവും കിരീടവും ഉണ്ടായിരുന്നു. എന്തു ജീവിതം! അതു വെറും ഒരു സ്വപ്നം!"

ഭൂപൻ മറുവടി ഒന്നും പറഞ്ഞില്ല. ഭൂപൻ എന്തോ വിചാരിച്ചുകൊണ്ടു് ഇറങ്ങിപ്പോയി.

അനിലൻ പിന്നെയും വിചാരമഗ്നനായിത്തീർന്നു. ആ ഓമനമുഖം രാപ്പകൽ അയാളുടെ സ്മൃതിപഥത്തിൽ ആരോഹണം

വെച്ചിരുന്നു. ഇളകിക്കൊണ്ടിരിക്കുന്ന തിരമാലയിൽ കാണുന്ന ചന്ദ്രബിംബമെന്നപോലെ നോക്കുന്ന ദിക്കിലെല്ലാം ആ യുവതിയുടെ ഛായ അയാൾക്കു കാണപ്പെട്ടു.

* * *

ലതികയെപ്പററി എന്തൊക്കെയാൺ വിവരങ്ങൾ?

ലതി അന്നു കേവലം ഒരു കുട്ടിയല്ലായിരുന്നു. അവൾ യൌവനത്തിൽ പ്രവേശിച്ചുകഴിഞ്ഞിരുന്നു. കൌതുകമേറിയ ആ മൊട്ടു വികസിച്ചു തെളിഞ്ഞു പ്രകാശിച്ചു. ആ മൊട്ടിലുണ്ടായിരുന്ന തേനും സുഗന്ധവും അഴകും ഇതുവരെയും ആരുടെയും ദൃഷ്ടിക്കു വിഷയമായിരുന്നില്ല. ലതി ഒരു സ്ത്രീയാകുവാനുള്ള പൂർണ്ണതയെ വരിച്ചുകഴിഞ്ഞിരുന്നു. അനിലനെപ്പോലെതന്നെ ലതികയും രഹസ്യമായ ആശയിൽ വർത്തിച്ചുവന്നു. ആ ഏകാന്തവാസം എന്ന് അവസാനിച്ചു ഭർത്താവുമായി ചേരുവാനുള്ള യോഗം വന്നുചേരുമെന്നു അവൾ ആഗ്രഹിച്ചുകൊണ്ടിരുന്നു. അവളുടെ ഹൃദയവും ഹസ്തവും സമർപ്പിക്കപ്പെട്ട ആ വരന്റെ പുനർദ്ദർശനത്തെ തന്നെ അവളും പ്രാർത്ഥിച്ചുവന്നു. ഈ ദീർഘവും ഏകാന്തവുമായ ദിവസങ്ങൾ എന്ന് അവസാനിക്കും? അവളുടെ യുവഹൃദയം ഒരു ചങ്ങാതിയെ അന്വേഷിച്ചു. അതു ഹൃദയദാഹം പ്രകൃതി വിളിക്കുന്നതായിരുന്നു. പ്രേമലേശമില്ലാത്ത ഹൃദയം ഭയങ്കരമായ ഒരു ഗഹ്വരമാകുന്നു. അതിനാൽ അനിലനെപ്പോലെ ലതികയും വിചാരപ്പെട്ടതിൽ ലേശം അത്ഭുതപ്പെടുവാനില്ല. ആ ബന്ധം ഒരു മണിക്കൂർ ഇടകൊണ്ട് ഉണ്ടായതാണ്. അനിലനോടുള്ള കൃതജ്ഞത പ്രകാശിപ്പിക്കുവാൻ അവൾക്കു കഴിഞ്ഞില്ല. അവളുടെ ഹൃദയം തുറന്നു പറയുന്നതിന് അവൾക്കു സാധിച്ചില്ല. അനിലൻ അവളെപ്പററി എന്തു വിചാരിക്കുമോ ആവോ? മുമ്പു യാതൊരു അറിവും പരിചയവും ഇല്ലാത്തതിനാൽ അനിലനു വിശേഷിച്ചൊന്നും വിപരീതം തോന്നുവാൻ നിശ്ചയമായും വകയില്ല. അവർ വീണ്ടും സന്ദർശിക്കുന്ന കാര്യം ഈശ്വരൻ മാത്രം അറിഞ്ഞിരുന്നു. ഇങ്ങിനെ പല വിചാരങ്ങൾ അവളേയും കുഴക്കിക്കൊണ്ടിരുന്നു. അവളുടെ ഹൃദയരഹസ്യം തുറന്നുപറയുന്നതിനൊരാളേയും അവൾ കണ്ടില്ല.

ഒരുദിവസം ഉച്ചസമയത്തു ലതി തനിച്ച് ഇരിക്കുകയായിരുന്നു. ഏകാന്തവാസം അവളെ അതിയായി മുഷിപ്പിച്ചു. ആ

നിലവറയിൽ തനിയെ കഴിച്ചുകൂട്ടുവാൻ അവൾ വളരെ വിഷമി ച്ചു. വല്ലവരോടും വർത്തമാനംപറഞ്ഞാൽ കൊള്ളാമെന്ന ഒരു മോ ഹം കലശലായി അവളെ ബാധിച്ചു. അവൾ ഉടനെ എഴുന്നേ റവു പതുക്കെ കൃഷ്ണവേണിയുടെ അടുക്കലേക്കു തിരിച്ചു. ശബ്ദം കേൾപ്പിക്കാതെ ലതി വാതിൽ തുറന്നു കൃഷ്ണയുടെ മുറിയിൽ പ്രവേ ശിച്ചു.

ആ സമയം കൃഷ്ണവേണി നല്ല ഉറക്കമായിരുന്നു. ശ്വാസോ ച്ഛ്വാസത്തിനിടയിൽ അവളുടെ വക്ഷസ്സു പൊങ്ങുകയും താഴുകയും ചെയ്തിരുന്നു. കൃഷ്ണ വായനക്കിടയിൽ ഉറങ്ങിപ്പോയതാണെന്നു സൂചിപ്പിക്കുന്നമട്ടിൽ കൈയ്യിൽ ഒരു പുസ്തകവും ഉണ്ടായിരുന്നു. ലതി അവളെ പിടിച്ചു കുലുക്കി. കൃഷ്ണവേണി പെട്ടെന്നു ഞെട്ടി യുണന്നു കിടക്കയിൽ എഴുന്നേററിരുന്നു.

"ലതി! ഇത്ര നാളായിട്ടു നിങ്ങളെന്നെ വന്നു കാണാതിരി ന്നതെന്തുകൊണ്ട്."

ലതി—കുറേദിവസമായി ഞാനിവിടെ ഇല്ലായിരുന്നു.

കൃഷ്ണ—എവിടെപ്പോയിരുന്നു?

ലതി—അതു പറവാൻ എനിക്കറിഞ്ഞുകൂടാ.

കൃഷ്ണ—കൊള്ളാം! നെററിയിൽ മംഗല്യക്കുറി തൊട്ടിരിക്കുന്നല്ലോ ഒരതെന്ത് ?

ലതി—എൻെറ വിവാഹം കഴിഞ്ഞു.

കൃഷ്ണ—വിവാഹമോ?

ലതി--അതെ വിവാഹം.

കൃഷ്ണ--എപ്പോൾ?

ലതി--ഒരാഴ്ചക്കു മുമ്പ്.

കൃഷ്ണ--ആരു വിവാഹംചെയ്തു?

ലതി--ആരെന്നു പറവാൻ നിവൃത്തിയില്ല.

കൃഷ്ണ--കൊള്ളാം! നിങ്ങളുടെ വാക്കു കേട്ടിട്ട് എനിക്കൊന്നും പ വാൻ തോന്നുന്നില്ല. അദ്ദേഹത്തിൻെറ പേരുകൂടി അ മില്ലേ?

ലതി--അതറിയാം.

കൃഷ്ണ--കേൾക്കട്ടെ.

ലതി--ഹാ! ഭർത്താവിൻെറ പേർ പറയരുതെന്നു ധരി ട്ടില്ലേ?

കൃഷ്ണ--എന്തുകൊണ്ട്?

ലതി--അതു ഭഗവാൻെറ പേരാണ്. ഭഗവാൻെറ പേർ വൃഥാ ഉച്ചരിക്കരുത്.

എന്നു പറഞ്ഞു ലതിക അവളുടെ ഭർത്താവിൻെറ പേർ കൃഷ്ണയുടെ ചെവിയിൽ സ്വകാൎയ്യമായി മന്ത്രിച്ചു.

കൃഷ്ണ--അതെന്തായിരുന്നു?

ലതി--അതും എനിക്കു പറവാൻ നിവൃത്തിയില്ല.

കൃഷ്ണ--കൊള്ളാം! പിന്നെ എന്തുപറവാൻ കഴിയും?

ലതി--വിശേഷിച്ചൊന്നും പറവാൻ ഇല്ല.

എന്നു പറഞ്ഞു ലതി എന്തൊ പിന്നെയും കൃഷ്ണയുടെ ചെവിയിൽ പറഞ്ഞു. കുറെനേരം കൃഷ്ണ മൌനമായിട്ടു ലതിയുടെ മുഖത്തു നോക്കിക്കൊണ്ടിരുന്നിട്ട് ഇങ്ങിനെ പറഞ്ഞു.

"ലതി! ലേശം വ്യസനിക്കേണ്ട. വിരഹകാലം താമസിയാതെ അവസാനിക്കും. അപ്പോൾ എല്ലാം മംഗളമായി ഭവിക്കും."

ലതി--സഹോദരി! എനിക്കൊരബദ്ധംപററി. ഞാനൊരു സന്ധനം ഒരു ദിക്കിൽ ഇട്ടേച്ചുപോന്നു. ചിററമ്മ എന്നോടു കോപിച്ചേക്കും. ഞാൻ പോകട്ടെ. കുറെക്കഴിഞ്ഞു ഞാൻ വീണ്ടും വരാം.

കൃഷ്ണ--ആകട്ടെ.

അടുത്ത ക്ഷണത്തിൽ ലതി മറഞ്ഞു.

ലതിക്ക് അതൊരു ഭാഗ്യമായിരുന്നു. ലതി പോയി ഒരു മിനിട്ടിനകം സുരബാല ആ മുറിയിൽ കടന്നുവന്നു. സുരബാല ഗൃഹത്തിലേക്കു പോകുന്നതിന്നും കൃഷ്ണയും കൂന്നിച്ചു വരണമെന്നും കൃഷ്ണയെപ്പററി അവൾക്കും വ്യസനമുണ്ടെന്നും മററും സുര പറഞ്ഞു ധൃതിപ്പെട്ട് അവിടെനിന്നും പോയി. കൃഷ്ണ സംഗതി ഒന്നും മനസ്സിലാകാതെ അമ്പരന്നുനിന്നു. "എന്തൊ ഒരുദ്ദേശമേതൊ ഉണ്ട്. എന്തെങ്കിലുമാകട്ടെ. വരുന്നതൊക്കെ അനുഭവിക്കുക" എന്നു കൃഷ്ണവേണി തന്നത്താൻ പറഞ്ഞു.

---

## എമ്പത്താറാമദ്ധ്യായം.

### മരണപത്രം.

ബാലേന്ദുഭൂഷണൻ കഠിനമായ സുഖക്കേടിൽ കിടപ്പിലായിരുന്നു. അയാളുടെ സുഖക്കേടു പ്രധാനമായി കുടലുസംബന്ധിച്ചാ

യിരുന്നു. പനി വയററിൽ സുഖമില്ലായ്മ ഞരമ്പു കോച്ചൽ എന്നുവേണ്ട പലതുമുണ്ടായിരുന്നു. ദിവസം ചെല്ലുന്തോറും സുഖക്കേട കൂടിക്കൂടിയും ദേഹം ക്ഷീണിച്ചും വന്നു.

പ്രധാനപ്പെട്ട പല ഡാക്ടർമാരേയും വരുത്തി. അവർ വന്നു രോഗിയെ പരിശോധിച്ച് ഉള്ള ഫീസും വാങ്ങി പോയി. സുഖക്കേടിൻെറ നിഷ്കൃഷ്ടപേർ പറവാൻ അവരാരും പുറകോട്ടായിരുന്നില്ല. എന്നാൽ ഓരോദിവസം ചെല്ലുന്തോറും സുഖക്കേട ക്രമേണ വദ്ധിച്ചുവന്നു. ഡാക്ടർമാരെ കുററംപറയുവാനില്ലായിരുന്നു. മരണത്തെ നിരോധിക്കുവാൻ ആരാലും അസാദ്ധ്യമാകുന്നു. പ്രകൃതിയോട് എതിരിടുന്നതിനു സാധിക്കയില്ല.

ബാലേന്ദ്രൻെറ അന്ത്യകാലം അടുക്കുന്തോറും ആനന്ദൻെറ സന്തോഷത്തിനും അതിരില്ലായിരുന്നു! ആനന്ദൻ തൻെറ അഗാധമായ പ്ലാൻ നിവ്വഹിക്കുന്നതിൻ ബദ്ധശ്രദ്ധനായി കാണപ്പെട്ടു. ബാലേന്ദ്രനെക്കൊണ്ട് ഒരു മരണപത്രം എഴുതിക്കണം. അതു ഗുണേന്ദ്രൻെറ അവകാശത്തെ ഇല്ലായ്മചെയ്തു സവ്വസ്വത്തുക്കളും— ആക്ക്? ആക്കെന്ന് ആദ്യം ആനന്ദനു തീരുമാനിക്കുന്നതിനു കഴിഞ്ഞില്ല. അയാൾക്കുതന്നെ ആയാലെന്ത്? സുരബാലയ്ക്കായാലെന്ത്? വേണ്ട അതു പാടില്ല. ജനങ്ങൾ പലതും സംശയിച്ചേക്കും. കൃഷ്ണവേണിയുടെ പേക്കായാലോ? അതുതന്നെ പക്ഷേ കൊള്ളാം.

ആനന്ദൻ ഉടനെ ഒരു വക്കീലിൻെറ അടുക്കൽ എത്തി നിയമോപദേശം ആവശ്യപ്പെട്ടു. പൌരപ്രമാണികൾ എന്നു നടിക്കുന്ന വക്കീലന്മാരിൽ പലരുമാണു ജനങ്ങളെ അധോഗതിയിൽ തള്ളിവിടുന്നത് എന്നു പറഞ്ഞാൽ തെററായി വരുവാൻ തരമില്ല. നിങ്ങൾ നിങ്ങളുടെ അയൽവക്കക്കാരനെ ഉപദ്രവിക്കണമെന്നുണ്ടെങ്കിൽ ഒരു വക്കീലിൻെറ അടുക്കൽ ചെല്ലുക ആ വിഷയത്തിൽ അദ്ദേഹം വേണ്ട ഉപദേശം തരും. ഒരാളെ ചതിക്കണമെന്നുള്ളപക്ഷം നിയമജ്ഞൻെറ സഹായം ആവശ്യപ്പെടുക. അദ്ദേഹം നിങ്ങളെ നിയമംകൊണ്ടു സഹായിക്കും. നിങ്ങൾ ഒരാളുടെ സ്വത്തു കയ്യേറി അല്ലെങ്കിൽ ഒരു കൊലപാതകംതന്നെ നടത്തി എന്നുവെക്കുക. കേമനായ ഒരു വക്കീലിനു വക്കാലത്തുകൊടുത്തു വാദിപ്പിച്ചാൽ നിങ്ങൾക്കു രക്ഷകിട്ടും. ഇതിനെല്ലാം പണം ധാരാളം ചിലവാകണമെന്നു മാത്രമേയുള്ളു. പ്രസംഗക്കാരും ദ

സ്വാഭിമാനികളും എന്തെങ്കിലും കിടന്നു ചിലച്ചുകൊള്ളട്ടെ. പിടിച്ചുപറിച്ചുകൊള്ള കൊലപാതകം വഞ്ചന മുതലായ ഏതു കുറവും ചെയ്തു 'പരിഷ്കൃതനി'യമ'ത്തിന്റെ പരിധിയിൽ കഴിച്ചുകൂട്ടാവുന്ന ഒരു കാലമാണുപോലും പരിഷ്കാരകാലം!

വക്കീൽ ആനന്ദനെ സന്തോഷത്തോടുകൂടി സ്വീകരിച്ചു. സംഗതി മനസ്സിലായപ്പോൾ വക്കീലിന്റെ ചിറിവഴി മന്ദഹാസം കളിച്ചു. ഒരു നല്ല ലാക്കു കിട്ടിയെന്നു വക്കീൽ വിചാരിച്ചു. മേലാൽ വ്യവഹാരങ്ങൾ തുടന്നുണ്ടാകാതെയിരുപ്പാൻ കുറെക്കൂടെ നിയമപാണ്ഡിത്യമുള്ള ഒരാളെക്കൂടി കണ്ടു് ആലോചിക്കണമെന്നു വക്കീൽ അഭിപ്രായപ്പെട്ടു. എന്നാൽ ആ നിലയ്ക്കാണെങ്കിൽ താമസിയാതെ ഒരു വലിയ വ്യവഹാരം ഉണ്ടാകാതെയിരിപ്പാൻ തരമില്ലെന്നു വക്കീൽ അറിയാത്തതല്ലായിരുന്നു. അദ്ദേഹത്തിന്റെ ഉപദേശമനുസരിച്ചു് ആനന്ദൻ പ്രവത്തിക്കുകയും ഒരു നല്ല സംഖ്യ തല്ക്കാലം ആലോചനഫീസ്സായി വക്കീലിനു കൊടുക്കുകയും ചെയ്തു. അനന്തരം ഒരു മരണപത്രത്തിന്റെ നക്കൽ തെയ്യാറാക്കി. അതിൽ കല്പിച്ചുകൂട്ടിക്കൊണ്ടു ചില ദുരുദ്ദേശത്തോടുകൂടിയ വാചകങ്ങളും വാക്കുകളും പ്രയോഗിച്ചിരുന്നു. കൃഷ്ണവേണിയുടെ പേരിൽ എഴുതിയ മരണപത്രം ഒപ്പിട്ടു തെയ്യാറായി കഴിഞ്ഞാൽ കൃഷ്ണവേണി ആ സ്വത്തുക്കളെല്ലാം ആനന്ദന്റെ പേക്കു് ഒരു ഇഷ്ടദാനവും ഉടനെ ചെയ്യണമെന്നു തീർച്ചപ്പെടുത്തിയതനുസരിച്ചു് ഇഷ്ടദാനപത്രവും എഴുതി തെയ്യാറാക്കി.

ഈ സംഗതികൾ നടന്നുകൊണ്ടിരിക്കുമ്പോൾ ബാലേന്ദ്രൻ ശവക്കുഴിയിലേക്കു ബദ്ധപ്പെട്ടുകൊണ്ടിരുന്നു. എന്നാൽ സുഖക്കേടിനിടയിൽപോലും ബാലേന്ദ്രനു കുടി ഉപേക്ഷിക്കുവാൻ സാധിച്ചില്ല. കുടിച്ചാൽ സുഖക്കേടിനു് ആശ്വാസമുണ്ടായിരുന്നു. കുടിച്ചുകൊണ്ടിരുന്നാൽ ആശ്വാസംതോന്നിയിരുന്നതു് അതിന്റെ ലഹരിയിൽ മറ്റുവേദനകളും ബിംബിഷ്ടങ്ങളും അറിയാതെപോയതുകൊണ്ടായിരുന്നു. എന്നാൽ ലഹരി ഇറങ്ങുമ്പോൾ പിന്നേയും വേദനയും മറ്റും കൂടിക്കൊണ്ടിരുന്നു. അതു സഹിക്കവയ്യാതെയുമിരുന്നു. അപ്പോൾ പിന്നേയും കുടിക്കണമെന്നു് ആവശ്യപ്പെടുന്നതു നോക്കിക്കൊണ്ടു സുരയും കാത്തുനിന്നിരുന്നു. ചുരുക്കിപ്പറഞ്ഞാൽ ബാലേന്ദ്രൻ രാപ്പകൽ സുഖക്കേടിന്റെ ഇടക്കു കുടിച്ചുകൊണ്ടുതന്നെയിരുന്നു. എന്നാൽ എത്രമാത്രം തൽക്കാലാശ്വ

ധം നൽകിയാലും അതു രോഗത്തിന് ഒരൌഷധമല്ല. ഓരോ ദിവസവും മഹാരാജാവിന്റെ ശക്തി ക്ഷയിച്ചുവന്നു. ഒടുവിൽ ഡോക്ടർമാൎക്കും ആശ തീരെയില്ലാതായി. ആ അവസ്ഥയിലും ബാലേന്ദ്രൻ മദ്യദേവതയുടെ പിടിയിൽനിന്നും വിമുക്തനായിരുന്നില്ല. മദ്യപാനം ഉപേക്ഷിക്കുന്നതിലും ബാലേന്ദ്രന് എളുപ്പമായി തോന്നിയിരുന്നതു ജീവനെ ഉപേക്ഷിക്കുന്നതായിരുന്നു. 'ഈശ്വരാ! തലച്ചോറും ദേഹവും കരണ്ടു നശിപ്പിക്കുന്ന ഒരു ശത്രുവെ വക്ത്രത്തിൽ മനുഷ്യൻ വെച്ചുകൊണ്ടിരിക്കുന്നല്ലോ.' ഔഷധങ്ങളൊന്നും രോഗത്തോട് എതിരിടുന്നതിനു പൎയ്യാപ്തങ്ങളായിരുന്നില്ല. ഒടുവിൽ മരണദേവത വിജയപതാകയുമായി അടുത്തുവന്നു. അതിന്റെ നിഴൽ ബാലേന്ദ്രന്റെ മുഖത്തു നല്ലവണ്ണം പ്രകാശിച്ചു.

സുരബാല അയാളെ രാപ്പകൽ ശുശ്രൂഷിച്ചുവന്നു. അവളെപ്പോഴും മഹാരാജാവിന്റെ അടുത്തുതന്നെ ഉണ്ടായിരുന്നു. ആനന്ദനും കൂടക്കൂടെ വന്നു രോഗവിവരം അന്വേഷിച്ചുകൊണ്ടിരുന്നു. മഹാരാജാവിന്റെ അടുത്തു മറ്റുള്ളവർ പ്രവേശിക്കുന്ന വിഷയം ആനന്ദൻ നിരോധിച്ചിരുന്നു. മഹാരാജാവിന്റെ ദീനവൎത്തമാനം കൽക്കത്തയിൽ എങ്ങും പരന്നതോടുകൂടി പലരും മഹാരാജാവിനെ കാണുന്നതിനു വന്നുകൊണ്ടിരുന്നു. എന്നാൽ മററാളുകൾ വന്നു ശബ്ദമുണ്ടാക്കിയും സംസാരിച്ചും മഹാരാജാവിനെ അസഹ്യപ്പെടുത്തുന്നതു രോഗവൎദ്ധനയ്ക്കു കാരണമാണെന്നു വൈദ്യോപദേശം ഉണ്ടെന്നുള്ള നാട്യത്തിൽ മഹാരാജാവിനെ സന്ദൎശിക്കുന്നതിന് ആനന്ദൻ ആരേയുമനുവദിച്ചിരുന്നില്ല. ഒടുവിൽ മഹാരാജാവ് അന്ത്യത്തിലേക്കു കുറെക്കൂടി അടുത്തു. ആനന്ദൻ ഒരാൾക്കു മാത്രം അതു സന്തോഷപ്രദമായിരുന്നു! ഒരു ദിവസം വൈകുന്നേരം ഡാക്ടർമാർ, വക്കീലന്മാർ, മഹാരാജാവിനെ കാണ്മാൻ വന്ന മറ്റു ചില മാന്യന്മാർ ഇവരുടെ മുമ്പിൽവെച്ചു ബാലേന്ദ്രഭൂഷണൻ മരണപത്രം ഒപ്പിട്ടു. ബാലേന്ദ്രന് ആ സമയം നല്ല ബോധം ഇല്ലായിരുന്നതിനാൽ പ്രവൎത്തിച്ചതും പറഞ്ഞതും എന്തെന്നുതന്നെ രൂപമുണ്ടായിരുന്നില്ല. മരണപത്രമെഴുതിയതു മഹാരാജാവിന്റെ കയ്യിൽ കൊടുത്ത് അതിൽ ഒപ്പിടുന്നതിന് ആനന്ദൻ പറഞ്ഞ അവസരത്തിൽ അദ്ദേഹം ആനന്ദനേയും അവിടെ കൂടിയിരുന്നവരേയും തുറിച്ചുനോക്കി. ആൾക്കൂട്ടം കണ്ടു മഹാരാജാവു വല്ലാതെ അമ്പരന്നു. ആനന്ദൻ വീണ്ടും

അതു് ഒപ്പിടുന്നതിന് ആവശ്യപ്പെട്ടപ്പോൾ മഹാരാജാവു പതുക്കെ ക്ഷീണിച്ച സ്വരത്തിൽ ഇങ്ങിനെ ചോദിച്ചു.

'ആരുടെ മരണപത്രമാണിതു്?'

'അവിടുത്തെ'

'എൻെറയൊ?' എന്നു ബാലേന്ദ്രൻ കുറെനേരം മൌനമവലംബിച്ചു. എന്തൊ അവ്യക്തസ്വരത്തിൽ പിന്നീടു മഹാരാജാവു പറഞ്ഞതു് ആനന്ദനു മനസ്സിലായില്ല.

'മഹാരാജാവേ! എന്താണു സംസാരിക്കുന്നതു്?' എന്നു് ആനന്ദൻ ബഹുമാനത്തോടുകൂടി ചോദിച്ചു.

'എനിക്കു യാതൊരു സ്വത്തും ഇല്ല' എന്നു മഹാരാജാവു് ഇടറിപ്പറഞ്ഞു.

ഇതു കേട്ടു വക്കീൽ വല്ലാതെ അതിശയിച്ചു. വക്കീൽ എന്തു വേണമെന്നറിയാതെ ആ മുറിയിൽ അമ്പരന്നുവശായി. വക്കീലിൻെറ പരിഭ്രമത്തിനു കാരണവുമുണ്ടായിരുന്നു. സമയം ദീർഘിക്കുകയായിരുന്നു. ഒരു പ്രതിമയുടെ കയ്യിലെന്നപോലെ ബാലേന്ദ്രൻെറ കയ്യിൽ വിൽപ്പത്രം ഇരുന്നിരുന്നു. വക്കീൽ ആനന്ദൻെറ ചെവിയിൽ എന്തൊ മന്ത്രിച്ചു. മഹാരാജാവിൻെറ കയ്യിൽനിന്നും മരണപത്രം ആനന്ദൻ വാങ്ങി. അതു മഹാരാജാവിൻെറ മുമ്പിൽവെച്ചിട്ടു പേന മഷിയിൽ മുക്കിക്കൊടുത്തു് ആനന്ദൻ ഇങ്ങിനെ വീണ്ടും പറഞ്ഞു:—

മഹാരാജാവേ! ദയവുചെയ്തു് ഒപ്പിടുക. ഇതു് അവിടുത്തെ ഗുണത്തിനുതന്നെയാണു്.'

എന്നാൽ ആനന്ദൻ പറഞ്ഞതു മഹാരാജാവു കേട്ടതേയില്ല. മഹാരാജാവിൻെറ ദൃഷ്ടികൾ, വാതിലിനിടയിൽകൂടി ഉണ്ണിനോക്കിക്കൊണ്ടിരുന്ന രണ്ടു കണ്ണുകളിലായിരുന്നു പതിഞ്ഞിരുന്നതു്. അതെ, സുരബാല അകലത്തുനിന്നു് ഇതെല്ലാം വാതലിനിടയിൽകൂടി നോക്കിക്കണ്ടുകൊണ്ടിരുന്നു.

വീണ്ടും മരണപത്രം ഒപ്പിടുന്നതിനു മഹാരാജാവിനോടു് ആനന്ദൻ പറഞ്ഞു. മഹാരാജാവു് ഒരു ദീർഘനിശ്വാസത്തോടുകൂടി അതിൽ പേരെഴുതുന്നതിനു ശ്രമിച്ചുനോക്കി; എന്നാൽ സാധിച്ചില്ല. കൈകൾ വിറക്കുന്നുണ്ടായിരുന്നു. ഈ സമയത്തു്, ഒപ്പിടുന്നതിനു മഹാരാജാവിനെ സഹായിക്കുന്നതിനു വക്കീൽ ആനന്ദനോടു പറഞ്ഞു. അനന്തരം ആനന്ദൻ മഹാരാജാവിൻെറ വിറയലോടുകൂടിയ കൈപിടിച്ചു് ആ പ്രമാണത്തിൽ ഒപ്പിടേണ്ട

സ്ഥലത്തെല്ലാം ഒപ്പിടുവിച്ചു. എന്തോ ഒന്നു വരച്ചു എന്നല്ലാതെ മഹാരാജാവിന്റെ യഥാൎത്ഥമായ ഒപ്പിന്റെ ഭംഗി അതിനില്ലായിരുന്നു. ഒപ്പിട്ടു തീൎന്നു മഹാരാജാവു പിന്നെയും വൎദ്ധിച്ചു കിടക്കയിലേക്കു ചെരിഞ്ഞു. നീണ്ടുനിവൎന്നു കിടന്നു കണ്ണടച്ചുകൊണ്ടു മഹാരാജാവു കിടക്കയിൽ രണ്ടുമൂന്നു പ്രാവശ്യം ഉരുണ്ടു. 'ഘ്നന്' എന്ന് ഒരവ്യക്തസ്വരം മഹാരാജാവിന്റെ അധരങ്ങളിൽനിന്നും പുറപ്പെട്ടു. അതു് ആനന്ദന്റെ ശ്രവണപുടങ്ങളിൽ കൂൎത്ത ഇരുമ്പാണിയായി പരിണമിക്കുകയും ചെയ്തു.

എന്നാൽ രോഗിയുടെ ആ വക ചാപല്യങ്ങളെപ്പററി ആരുംതന്നെ വകവെച്ചില്ല. അനന്തരം അവിടെ കൂടിയിരുന്ന മന്ത്രിമാരിൽ പലരും സാക്ഷികളായി പ്രമാണത്തിൽ ഒപ്പിട്ടു. അവർ എല്ലാവരും എഴുന്നേററു. ആനന്ദൻ അവരിൽ ഓരോരുത്തരേയും ഒരു മുറിയിൽ കൂട്ടിച്ചുകൊണ്ടുപോയി ഓരോരുത്തൎക്കു പ്രത്യേകം 'പാരിതോഷിക'വും നൽകി അവരോടു യാത്രപറഞ്ഞു് ആനന്ദൻ സന്തോഷഭരിതനായിട്ടു പ്രമാണത്തോടുകൂടി അവിടെനിന്നു പോകുകയുംചെയ്തു. ഇപ്രകാരം മരണപത്രം നിൎവ്വഹിക്കപ്പെട്ടു. അനന്തരം ആനന്ദൻ സുരയുടെ മുറിയിൽ പ്രവേശിച്ചു പ്രേമത്തോടും കൃതജ്ഞതയോടുംകൂടി അവളെ വീണ്ടും വീണ്ടും ചുംബനംചെയ്തു.

ഈ സംഗതികളെല്ലാം അകലെയായി ഇരുട്ടിൽ ഒളിഞ്ഞുനിന്നുകൊണ്ടൊരാൾ കണ്ടുകൊണ്ടിരുന്നു. അയാൾ ഇടക്കിടക്കു പുരികം ചുളിക്കുകയും പല്ലുകടിക്കുകയുംചെയ്തു, തന്റെ രോഷാഗ്നിയെ രഹസ്യമായി പ്രകാശിപ്പിച്ചുകൊണ്ടു നിന്നു. എന്നാൽ ആനന്ദനൊ സുരയ്ക്കോ അങ്ങിനെയൊന്നു സംശയിക്കുന്നതിന് ഒരു കാരണവുമുണ്ടായിരുന്നില്ല. എന്നാൽ സംഗതികൾ നടന്നുകഴിഞ്ഞപ്പോൾ ഇരുട്ടിൽ ഒളിച്ചുനിന്നിരുന്ന ആ മനുഷ്യൻ മുകളിൽനിന്നും പതുക്കെ താഴെ ഇറങ്ങിവന്നു പടിവാതിൽ തുറന്നു് ആ ഗൃഹത്തിൽനിന്നും പുറത്തേക്കിറങ്ങിപ്പോകയുംചെയ്തു.

സുര—നമ്മുടെ സൎവ്വോദ്ദേശങ്ങളും ഇതോടുകൂടി സാധിച്ചുകഴിഞ്ഞല്ലോ.

ആനന്ദ — ഇല്ല. ഒരു തടസ്ഥംകൂടി കിടപ്പുണ്ടു്.

സുര — അതെന്തു്?

ആനന്ദ — കൃഷ്ണവേണി.

സുര—എന്നാൽ അവളേയും അകത്തണം.

ആനന്ദ—എന്റെ പേരിൽ ഇഷ്ടദാനം തരുന്നതിനു മുമ്പു പാടില്ല.

സുര—പ്രമാണം നമ്മുടെ രണ്ടുപേരുടേയും പേൎക്കായിരിക്കണം.

ആനന്ദ—അങ്ങിനെതന്നെ.

എന്നാൽ ആനന്ദൻ ആന്തരമായി എന്തോ തന്നത്താൻ മുരങ്ങി.

## എണ്പത്തേഴാം അദ്ധ്യായം.

### അറിവ്.

മരണപത്രം ഒപ്പിടുന്ന സമയം അവിടെ ഒളിച്ചിരുന്ന ആ മനുഷ്യൻ പുറത്തേക്കു പോയതു കോപംകൊണ്ടു ജ്വലിച്ചവനായിട്ടായിരുന്നു. ഒരു ക്രൂരനായ ചെന്നായിന്റെ എന്നപോലെ അയാളുടെ നയനങ്ങൾ പ്രകാശിച്ചു. പ്രതികാരബുദ്ധി ശക്തിയായി അയാളിൽ അങ്കുരിച്ചു.

'അതു പാടില്ല. എന്നേക്കാൾ ആനന്ദൻ ഉയരുകയൊ? അതു് ഒരു കാലത്തും പാടില്ല. ഞാൻ അതു സമ്മതിക്കുന്നതുമല്ല. അയാളോടു രഹസ്യമായും വേണ്ടിവന്നാൽ പരസ്യമായും സൎവ്വശക്തികളും ഉപയോഗിച്ചു് എതിൎക്കണം. അയാളുടെ ദുൎമ്മോഹത്തിനും ദുരുദ്ദേശത്തിനും പ്രതികാരം ചെയ്യണം.'

എന്നു തന്നത്താൻ പറഞ്ഞു് ആ മനുഷ്യൻ നരകത്തിൽനിന്നും കേറിവന്ന ഏതോ ദുഷ്ടപിശാചെന്നപോലെ കാണപ്പെട്ടു. ആ മനുഷ്യൻ നമ്മുടെ വായനക്കാൎക്കു പരിചയമുള്ള വിശ്വേശ്വരബാബുതന്നെയായിരുന്നു.

മഹാരാജാവിൽ കൂടുതൽ അധികാരവും സ്വാതന്ത്ര്യവും ആനന്ദനു ദിനംപ്രതി കൂടിക്കൂടി വന്നിരുന്ന വിവരം അറിഞ്ഞ വിശ്വേശ്വരൻ, ആ സ്വാതന്ത്ര്യം തനിക്കു കിട്ടണമെന്നു് അതിയായി മോഹിച്ചു. ആനന്ദനെപ്പററി മഹാരാജാവു് അറിയുന്നതിനു മുമ്പുതന്നെ വിശ്വേശ്വരൻ മഹാരാജാവിന്റെ അത്യന്തമിത്രമായിരുന്നു. മഹാരാജാവിന്റെ നാശത്തിനു് ആനന്ദനും സുരയും കൂടിച്ചേൎന്നു പ്രവൎത്തിച്ചുവന്നതു വിശ്വേശ്വരനറിയാമായിരുന്നു. എന്നാല്ല ആ ഗൃഹത്തിൽ മഹാരാജാവിനോടു് അടുപ്പമുണ്ടായിരുന്ന മ

റു ചിലരെയും ആനന്ദൻ അകററിയതും വിഘ്നേശ്വരൻ മനസ്സിലാക്കിയിരുന്നു. മഹാരാജാവു സുരബാലയുടെ കയ്യിലെ പാവയായിത്തീർന്നിരുന്നു. അതിനാൽ സുരയുടെ സ്നേഹം സമ്പാദിച്ച് ആ വഴിക്കു പിടിച്ചുകേറുവാൻ വിഘ്നേശ്വരൻ ശ്രമിച്ചുവന്നു. എന്നാൽ സുര അതിലും സാമർത്ഥ്യമുള്ളവളായിരുന്നു. അയാളുടെ അഭിപ്രായങ്ങൾക്ക് അനുകൂലമാണെന്നു സുര നടിച്ചുവന്നെങ്കിൽ രഹസ്യം അയാളെ മനസ്സിലാക്കുകയാകട്ടെ മഹാരാജാവിന്റെ അടുത്തുവരുവാൻതന്നെ അയാളെ അനുവദിക്കുകയാകട്ടെ സുര ചെയ്തിരുന്നില്ല. വിഘ്നേശ്വരന്റെ സാന്നിദ്ധ്യത്തെ സുര ഭയപ്പെട്ടുകൊണ്ടിരുന്നു. ഒരു ഭയങ്കരനായ മനുഷ്യനാണു വിഘ്നേശ്വരനെന്നും, വിശേഷിച്ച് അവരുടെ ഉദ്ദേശസാദ്ധ്യത്തിന് അയാൾ ഒരു തടസ്ഥമെന്നു, സുര മനസ്സിലാക്കിയിരുന്നു. സുര ആ വിവരം ആനന്ദനെ ധരിപ്പിച്ചിരുന്നു. എന്നാൽ സ്വതേ ഭീരുവായ ആനന്ദൻ അയാളോട് പരസ്യമായി കലഹിക്കുവാൻ തുനിഞ്ഞില്ല. രണ്ടുപേരും സൂത്രശാലികളും കപടന്മാരുമായിരുന്നു. ഒരുത്തൻ മററൊരുത്തനെ നശിപ്പിക്കുന്നതിനു വഴി ആലോചിച്ചുകൊണ്ടിരുന്നു. എന്നാൽ ആനന്ദന്റെ കൈ കേറിനിന്നതിനാൽ മഹാരാജാവിന്റെ അടുക്കൽനിന്നും എല്ലാവരെയും പുറത്താക്കുന്നതിനും ഒടുവിൽ ഒരു മരണപത്രംകൂടി എഴുതിവാങ്ങുന്നതിനും ആനന്ദനു സാധിച്ചു. വിൽപ്പത്രം മഹാരാജാവ് എഴുതിക്കഴിഞ്ഞതു മുതൽ ആനന്ദന്റെ ഉദ്ദേശമെല്ലാം ഏകദേശം സാധിതങ്ങളായിത്തീർന്നിരുന്നു. അയാൾ രണ്ടുമൂന്നുപ്രാവശ്യം മരണപത്രം നല്ല തെളിഞ്ഞ വിളക്കിന്റെ മുമ്പിൽ നിന്നു വീണ്ടും വീണ്ടും വായിച്ചുനോക്കി. കയ്യൊപ്പുകളിൽ പ്രത്യേകം നോക്കി സന്തോഷത്തിൽ നൃത്തംവെച്ചു.

ആനന്ദൻ വിചാരിച്ചു:—

'ഇനി ഭയപ്പെടാനൊന്നുമില്ല. എല്ലാം എന്റേതായിത്തീർന്നു. സർവ്വത്തിനും ഞാൻതന്നെ ഉടമസ്ഥൻ. ഈ വിഡ്ഢിയാൻ ഒന്നു രണ്ടു ദിവസത്തിനകം സിദ്ധികൂടും. അപ്പോൾ കൃഷ്ണവേണിയെക്കൊണ്ടു സകലതും എന്റെ പേർക്ക് ഇഷ്ടദാനം എഴുതിക്കണം. എന്നാൽ കൃഷ്ണയെപ്പററി പ്രത്യേകത വിചാരിക്കണ്ടേ, അവൾ നല്ല പെൺകുട്ടി! ഗിരിയെക്കാൾ എത്രയെത്ര ഭേദം! ഗിരിയെക്കാൾ ചെറുപ്പം! കാഴ്ചക്കു കുറച്ചു പോരായ്മ തോന്നുമെങ്കി

ലും അവളുടെ സഹവാസം സുഖപ്രദമായിരിക്കും നിശ്ചയം. ഹാ! അവളുടെ പ്രായത്തിലുള്ള ഒരു യുവതി! ലോകത്തിൽ അതുതന്നെ അനുഭവിക്കണം. എന്നാൽ അതിന് ആദ്യം നമ്മുടെ 'കിഴടി'നെ ഒഴിക്കണമല്ലോ. ഗിരി എനിക്ക് ഒരു ഭാരമായിട്ടാണു തീൎന്നിരിക്കുന്നത്. നാണംകെട്ടവൾ! എന്നിൽനിന്നും അവൾ തുള്ളി തുള്ളിയായി രക്തംവലിച്ചെടുത്തുവരുന്നു. ആ കാളസൎപ്പത്തെ ഒഴിച്ചുവിടണം.' ആനന്ദന്റെ മിഴികൾ കോപംകൊണ്ടു ജ്വലിച്ചു. അയാൾ തറയിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നു.

ആനന്ദൻ ഇങ്ങിനെ വിചാരമഗ്നനായിരുന്ന സമയം വിശ്വേശ്വരൻ ആനന്ദനെ കണ്ടു കോപത്തോടെ കാളസൎപ്പത്തെപ്പോലെ ചീറിക്കൊണ്ടിരുന്നു. ആനന്ദൻ ഒരിരുമ്പുപെട്ടി തുറന്നു മരണപത്രം അതിൽവെച്ചു പൂട്ടി. പിന്നെയും പിന്നേയും പൂട്ടു ശരിയായോ എന്നു പരിശോധിച്ചിട്ടു വിജയസ്മിതം തൂകിക്കൊണ്ടു പുറത്തേക്കിറങ്ങി നടന്നു.

വിശ്വേശ്വരൻ ഒളിച്ചിരുന്ന സ്ഥലത്തുനിന്നും നായെപ്പോലെ മുരണ്ടിക്കൊണ്ടു വെളിയിൽ വന്നു. അയാൾ അതിനു പ്രതിക്രിയ ചെയ്യുന്നതാണെന്നു ശപഥംചെയ്തു.

'അതു പാടില്ല. ഗുണേന്ദ്രനെ വിവരം അറിവിക്കണം. ആനന്ദന്റെ ദുരാലോചനയുടേയും അതിമോഹത്തിന്റേയും ഫലം അയാളെ അനുഭവിപ്പിക്കരുത്. അയാൾക്കുള്ളതുകൂടി ഇതുകൊണ്ടു പോകണം.'

ഇക്കാലത്തു ചീത്തയിൽനിന്നും നല്ലതു് ഉത്ഭവിക്കുന്നു. വിശ്വേശ്വരൻ വിവരങ്ങളെല്ലാം കാണിച്ചു വിസ്താരമായി ഗുണേന്ദ്രന് ഒരെഴുത്തെഴുതി. അതിൽ, സുരയും ആനന്ദനുംകൂടി കുറേശ്ശെ കുറേശ്ശെയായി നിത്യം മഹാരാജാവിനു വിഷംചേൎത്തു കൊടുത്തുവന്നതായും മഹാരാജാവു മരിക്കാറായി കിടക്കുന്നതായും കൃഷ്ണവേണിയുടെ പേരിൽ മഹാരാജാവിനെക്കൊണ്ട് അവർ ഒരു മരണപത്രം എഴുതിച്ചുവെച്ചിരിക്കുന്നതായും വിവരിച്ചിരുന്നു. അവസാനമായി ഇങ്ങിനേയും എഴുതിയിരുന്നു. 'നിങ്ങളുടെ പഴയ സ്നേഹിതനായ നിങ്ങളെ കെടുത്തതു്. അയാളാണു നിങ്ങൾക്കും കുടുംബത്തിനും അപമാനം വരുത്തിക്കൂട്ടിയതും. ആ ആനന്ദനു നിങ്ങൾ മനുഷ്യനാണെങ്കിൽ മാപ്പുകൊടുക്കുന്നതല്ലെന്നു ഞാൻ വിശ്വസിക്കുന്നു. ശേഷം കാഴ്ചയിൽ'

ഘനേന്ദ്രനെപ്പററി വായനക്കാരെ ഈ അവസരത്തിൽ ചിലതു ധരിപ്പിക്കേണ്ടതായി വന്നിരിക്കുന്നു.

വാസ്തവം പറയുകയാണെങ്കിൽ ഘനേന്ദ്രൻെറ ജീവിതരീതി തന്നെ ആകപ്പാടെ ഒന്നു മാറിയിരുന്നു. പഴയ കൂട്ടുകാരുടെ സഹവാസം എല്ലാം തീരെ ഉപേക്ഷിച്ചു മാംഗിയറിൽ ഘനേന്ദ്രൻ വളരെ മര്യാദയായും ഒതുങ്ങിയും ജീവിതം കഴിച്ചുവരികയായിരുന്നു. ലജ്ജാകരമായ കഴിഞ്ഞ കാലത്തെപ്പററി മറക്കുവാൻ അയാൾ ശ്രമിച്ചുകൊണ്ടിരുന്നു. അയാളുടെ സഹവാസം സുശീലയോടുകൂടിയായിരുന്നതിനാൽ അയാൾ പരമതൃപ്തനായിരുന്നു. തൻെറ പിതാവിനെപ്പററി ഘനേന്ദ്രൻ വ്യസനിച്ചു. എന്നാൽ അയാൾക്കു സഹായമാരുമില്ലായിരുന്നു

സുശീലയുമായി വിവാഹം നടന്നു് അധികം മാസങ്ങൾ കഴിയുന്നതിനുമുമ്പുതന്നെ ഭാഗ്യദേവത വീണ്ടും അയാളിൽ പ്രസന്നയായി ഭവിച്ചു. ഘനേന്ദ്രൻെറ അമ്മാമൻ (വ്രജനാഥൻ) ഹൂഗ്ളിയിലെ ഒരു ധനികനായ ജമിന്ദാരായിരുന്നു. വംശാഭിവൃദ്ധിക്കു ജമിന്ദാർ വ്രജനാഥൻ രണ്ടു വിവാഹം ചെയ്തിരുന്നിട്ടും ഈശ്വരാനുകൂല്യം മതിയാംവണ്ണം അദ്ദേഹത്തിനു് ഉണ്ടായിരുന്നില്ല. രണ്ടാമത്തെ ഭാര്യയിൽ അയാൾക്കു് ഒരു പെൺകുട്ടി ജനിച്ചു എങ്കിലും അതു ജനിച്ചു് ഏഴാംമാസത്തിനകം കാലധർമ്മം പ്രാപിച്ചു. അതുമുതൽ ഐഹികസുഖങ്ങളേയും ആഡംബരങ്ങളേയും വ്രജനാഥൻ വെറുക്കുവാൻതുടങ്ങി. എന്നല്ല ഈശ്വരവിചാരത്തിൽ അയാളുടെ മനസ്സു പ്രവർത്തിക്കുവാനും തുടങ്ങി. തൻെറ ലോകജീവിതത്തെ സംബന്ധിച്ചു് ഈശ്വരസന്നിധിയിൽ ഉത്തരം പറയേണ്ടതായ അവസരം അടുത്തുവരുന്നതായി അയാൾക്കു തന്നെ തോന്നിത്തുടങ്ങി. ഈ വിചാരം കേറിയതോടുകൂടി ലോകജീവിതത്തെപ്പററി ഒരു നിരാശ അയാളിൽ കടന്നുവശായി. ഉടനെ ലൌകികവ്യാപാരങ്ങളിൽനിന്നും വിരമിച്ചു ധ്യാനവും തപസ്സുമായി കൂടണമെന്നുള്ള മോഹം വ്രജനാഥനിൽ അങ്കുരിച്ചു. അനന്തരം തൻെറ വസ്തുവകകളെയും പണത്തേയും സംബന്ധിച്ചു് ഒരു മരണപത്രം എഴുതി സകലതും വ്യവസ്ഥ ചെയ്തു. അതിൽ അയാൾക്കുള്ള ഭൂസ്വത്തു മുഴുവൻ കുഡുംബപരദേവതയായ മഹാവിഷ്ണുവിൻെറ പൂജാദിവിഷയങ്ങൾക്കു പ്രത്യേകം മാററിവെച്ചു. അതിൽ പണമായിട്ടു് ഒരു നല്ലസംഖ്യ ഘനേന്ദ്രൻെറ ഉപയോഗത്തിനും വ്യവസ്ഥ ചെയ്തു. ദേവനു് അർപ്പിച്ച സകല സ്വത്തുക്കളുടെ

യും ഭരണം ഗുണേന്ദ്രനിൽ സമൎപ്പിച്ചിരുന്നു. ദായഭാഗക്രമമനുസരിച്ചു വ്രജനാഥന്റെ അവകാശി ഗുണേന്ദ്രൻതന്നെയായിരുന്നു. തള്ളയില്ലാത്ത ഗുണേന്ദ്രനെപ്പററി വ്രജനാഥനു പ്രത്യേക വാത്സല്യത്തിന് അവകാശവുമുണ്ടായിരുന്നു. വ്രജനാഥന്റെ ഭാൎയ്യമാൎക്കായി കുറെ സ്വത്തു നീക്കിവെച്ചതിന്റെ ഭരണവും അവരുടെ മരണശേഷം ഗുണേന്ദ്രനിൽ ലയിക്കുന്നതായിട്ടും വ്യവസ്ഥപ്പെടുത്തിയിരുന്നു. വ്യവസ്ഥകൾ എല്ലാം ചെയ്തതിന്റെ ശേഷം വ്രജനാഥൻ രണ്ടു ഭാൎയ്യമാരോടുംകൂടി ഈശ്വരവിചാരം ചെയ്തു ജീവിതം കഴിച്ചുകൂട്ടുന്നതിന്നു വൃന്ദാവനത്തിലേക്കു പുറപ്പെട്ടു. വൃന്ദാവനത്തിൽ കുറെ നാൾ താമസിച്ചശേഷം വ്രജനാഥൻ ഒരു പനി പിടിപെട്ടു പെട്ടെന്നു മരിച്ചു. ഭാഗ്യവശാൽ ആ സമയത്തു ഗുണേന്ദ്രൻ വൃന്ദാവനത്തിലുണ്ടായിരുന്നു. പരേതനായ അമ്മാവന്റെ ശ്മശാനക്രിയ മുതലായ കൎമ്മങ്ങളും അടിയന്തിരവും ഗുണേന്ദ്രൻ നടത്തിയശേഷം മരണപത്രപ്രകാരമുള്ള വസ്തുക്കളും സ്വത്തുക്കളും ഗുണേന്ദ്രൻ കൈവശപ്പെടുത്തി. വ്രജനാഥന്റെ ഭാൎയ്യമാർ രണ്ടുപേരും വൃന്ദാവനത്തിൽത്തന്നെ താമസിച്ചു ശേഷം ആയുസ്സു ഭക്തിമാൎഗ്ഗത്തിൽ കഴിച്ചുകൂട്ടുവാൻ ഉറച്ചു. ഗുണേന്ദ്രൻ മരണപത്രം അനുസരിച്ചു ഹുഗ്ലിയിൽ തനിക്കു കിട്ടിയ അമ്മാമന്റെ ഗൃഹത്തിൽ താമസവുമാക്കി. ഹരിജീവനെ ഒന്നിച്ചുപോരുന്നതിന്നും സുഖമായി ഈശ്വരവിചാരം ചെയ്തു ഹുഗ്ലിയിൽ താമസിക്കുന്നതിന്നും സുശീല നിൎബ്ബന്ധിച്ചു. ഉദ്യോഗത്തിൽനിന്നും ഇനി പിരിയണമെന്നും ശേഷായുസ്സു ഭഗവൽധ്യാനത്തിൽ കഴിക്കുന്നതാണു നല്ലതെന്നും സുശീലയും തള്ളയും ഹരിജീവനെ ഉത്സാഹിപ്പിച്ചു വന്നു. പഴയ സ്വദേശമായ ഹുഗ്ലിയിൽ താമസമാക്കുന്നതു സുശീലയുടെ മാതാവിനു വലിയ സന്തോഷമുണ്ടാക്കി. ഹരിജീവൻ അടുത്തൂണിന്നപേക്ഷിക്കയും അതു് അനുവദിക്കയും ചെയ്തു. ഗുണേന്ദ്രൻ ഹരിജീവനോടു് ഏററവും കൃതജ്ഞതയുള്ളവനായിരുന്നു. ഹരിജീവനാണു തന്നെ ആപത്തിൽ സഹായിച്ചതെന്നും സുശീലയെ ലഭിക്കുവാൻ സഹായിച്ചതെന്നും ഗുണേന്ദ്രൻ കൃതജ്ഞതയോടെ സ്മരിച്ചു വന്നു.

ഗുണേന്ദ്രൻ മാംഗിയറിൽനിന്നും ഹുഗ്ലിയിൽ വന്നു് ഒരു ഗ്രാമജമിന്ദാരുടെ നിലക്കു താമസമാക്കി. എന്നാൽ വല്ല പ്രത്യേക ആവശ്യത്തിനു മാത്രം പട്ടണത്തിലേക്കു വരുന്നതു കഴിച്ചാൽ ഗുണേന്ദ്രന്റെ താമസം ഗ്രാമത്തിൽത്തന്നെയായിരുന്നു. ഗംഗാ

നദി കടന്നു കല്ക്കത്തയിലേക്കു വരുന്നതിനു ഗുണേന്ദ്രൻ ഭയപ്പെട്ടു! സ്വന്തം ദോഷങ്ങളെപ്പററിയും മാനസികമായ ബലഹീനതയെപ്പററിയും ഗുണേന്ദ്രൻ അറിഞ്ഞിരുന്നു. കല്ക്കത്തയിൽ വന്നാൽ പഴയ കൂട്ടുകാരും ദുർവ്വാസനകളും തന്നെ ചുററി വളഞ്ഞേക്കുമോ എന്നു ഗുണേന്ദ്രൻ ഭയപ്പെടാതിരുന്നില്ല. ദുർമ്മാർഗ്ഗപൂരിതമായ കല്ക്കത്ത എന്നു കേൾക്കുമ്പോൾ ഗുണേന്ദ്രൻെറ ഹൃദയം ഞടുങ്ങിവന്നിരുന്നു. വ്യാമോഹസമ്പൂർണ്ണമായ കല്ക്കത്തക്കു യാതൊരു മാററവും വന്നിരുന്നില്ല. അയാളുടെ പഴയ സ്നേഹിതന്മാരും അവിടെത്തന്നെ ഉണ്ടായിരുന്നു. ഗുണേന്ദ്രനു തന്നത്താൻ വിശ്വാസം ഇല്ലായിരുന്നതുകൊണ്ടു ഹൂഗ്ളിയിൽത്തന്നെ ഒതുങ്ങിത്താമസിക്കുന്നതിനു് അയാൾ തീർച്ചപ്പെടുത്തി.

സുശീലയുടെ അഭിപ്രായപ്രകാരം ഗുണേന്ദ്രൻ ഗംഗാതീരത്തിൽ ഒരു തോട്ടവും ബങ്കളാവും വിലയ്ക്കു വാങ്ങി അവിടെ താമസമുറപ്പിച്ചു. സുശീല ഇല്ലായിരുന്നെങ്കിൽ ഗുണേന്ദ്രൻെറ ജീവിതം ഇത്ര നന്നാകുകയില്ലായിരുന്നു. നല്ല ദേഹശക്തിയും സ്വഭാവഗുണവും ബുദ്ധികൂർമ്മതയും ഉണ്ടായിരുന്ന സുശീലയുടെ സഹവാസം ഗുണേന്ദ്രനെ ഒരു പുതിയ മനുഷ്യനാക്കിത്തീർത്തു. അവളുടെ യുവഹൃദയം പ്രേമത്തിൽ മുഴുകിയിരുന്നു. സുശീലയുടെ മാതാവും ഹരിജീവനും ഹൂഗ്ളിയിൽ ഗുണേന്ദ്രൻെറ മാതുലൻെറ ഗൃഹത്തിലും ഗുണേന്ദ്രൻ സുശീലയോടുകൂടി ഗംഗാതീരത്തിലെ ബങ്കളാവിലും താമസമുറപ്പിച്ചു. ആ വിവരങ്ങൾ വിദ്യേശ്വരബാബുവിനു് അറിവുണ്ടായിരുന്നതിനാൽ അയാൾ ഗുണേന്ദ്രൻെറ പേർക്കു സകലവിവരങ്ങളും കാണിച്ചു ഹൂഗ്ളിക്ക് എഴുതി അയച്ചു.

പ്രകാശമേറിയ ഒരു മദ്ധ്യാഹ്നം. ഗംഗാനദിയിലെ തരംഗപരമ്പരകൾ ചാഞ്ചാടി നൃത്തം വച്ചുകൊണ്ടിരുന്നു. ചിന്നിച്ചിതറി കാണപ്പെട്ട പതയും നുരയും നീലവില്ലൂസ്സിൽ ഇണക്കിയ വജ്രശകലങ്ങൾപോലെ കണ്ണിനു് ഒരു നല്ല കാഴ്ചയായിരുന്നു. ഗുണേന്ദ്രൻബങ്കളാവിലെ ജനാലയിൽക്കൂടി ഈ പ്രകൃതിവൈചിത്ര്യത്തെ കണ്ടു് ആനന്ദിച്ചുകൊണ്ടിരുന്നു. പ്രേമമസൃണവും ആനന്ദബഹുലവുമായ ദിവ്യസംഗീതം ഗംഗാതരംഗങ്ങൾ തകൃതികലുക്കിക്കൊണ്ടിരുന്നു. അടുത്ത മുറിയിൽ ആ സമയത്തു് സുശീല ഉറങ്ങുകയായിരുന്നു. ആ മുറിയിൽനിന്നു ഗുണേന്ദ്രൻ ഇരുന്നിരുന്ന മുറിയിലേക്കുള്ള വാതിൽ തുറന്നുകിടന്നിരുന്നു. ഗുണേന്ദ്രൻ ആ മുറി

യിലേക്ക നോക്കിയപ്പോൾ മെത്തയിൽ രണ്ടു താമരസപുഷ്പം കിടക്കുന്നതുപോലെ ജ്ഞാനേന്ദ്രന്നു തോന്നി. സുശീല ഒരു നോവൽ വായിച്ചുകൊണ്ടിരുന്ന അവസരത്തിൽ ഉറങ്ങിപ്പോയതായിരുന്നു. സുശീല ഉറക്കത്തിൽ ചിരിക്കുന്നതായി ജ്ഞാനേന്ദ്രന്നു തോന്നി. അവൾ എന്തോ സ്വപ്നം കാണുകയായിരുന്നു. അവളുടെ പുഞ്ചിരി നിശ്ചേഷ്ടമായി നില്ക്കുന്ന ഒരു പുഷ്പത്തിൽ സൂൎയ്യകിരണങ്ങൾ എന്നപോലെ ശോഭിച്ചു. ആ കാഴ്ച കണ്ടു ജ്ഞാനേന്ദ്രന്റെ ഹൃദയം ആനന്ദത്തിൽ മുങ്ങി. അയാൾ വേഗം ഇരുപ്പിൽനിന്നും എഴുന്നേറ്റു് അവളുടെ മുറിയിൽ ചെന്നു് അവളുടെ അധരങ്ങളെ ചുംബിച്ചു. ആ മൃദുവായ സ്പൎശം സുശീലയെ ഉറക്കത്തിൽനിന്നും ഉണൎത്തി. അവൾ ധൃതിപ്പെട്ടു കിടക്കയിൽ എഴുന്നേററിരുന്നു ഒന്നു മന്ദഹസിച്ചു. ആ സമയത്തു ഭൃത്യസ്ത്രീ ആ മുറിയിലേക്ക കടന്നുവന്നു. ജ്ഞാനേന്ദ്രനേയും സുശീലയേയും ഒന്നിച്ചു കണ്ടതിനാൽ അവൾ മൂടുപടം വലിച്ചു മുഖത്തിട്ടിട്ടു് ഇങ്ങിനെ പറഞ്ഞു.

‘യജമാനനു് ഒരെഴുത്തുണ്ടു്.”

‘ആകട്ടെ. അതു മേശപ്പുറത്തു വച്ചേക്കുക.’ ജ്ഞാനേന്ദ്രൻ ഉടനെ സ്വന്തം മുറിയിലേക്ക വന്നു് എഴുത്തെടുത്തു വായിച്ചു. അതു വിശ്വേശ്വരന്റെ കത്തായിരുന്നു. ആ എഴുത്തു വായിക്കുംതോറും ജ്ഞാനേന്ദ്രന്റെ മുഖം കറുത്തു കാണപ്പെട്ടു. അവസാനംവരെ വായിച്ചപ്പോൾ ജ്ഞാനേന്ദ്രന്റെ മിഴികൾ കോപംകൊണ്ടു ജ്വലിച്ചു. അയാളുടെ മനസ്സിന്റെ അസ്വാസ്ഥ്യംമൂലം സ്വസ്ഥതയില്ലാതെ അയാൾ അങ്ങോട്ടുമിങ്ങോട്ടും നടന്നുതുടങ്ങി. എഴുത്തിലെ സംഗതികൾ ലജ്ജാകരമെന്നു ജ്ഞാനേന്ദ്രന്നു തോന്നി. ജ്ഞാനേന്ദ്രൻ ദീൎഘമായിരുന്നു നിശ്വസിച്ചു. പ്രേമമെന്നതു് എന്തെന്നു് ആ സമയത്തു ജ്ഞാനേന്ദ്രൻ നല്ലവണ്ണമറിഞ്ഞു. ഗിരിബാലയെപ്പററി അയാളുടെ മനസ്സുരുകി. സാധുഗിരി! അവൾ ലജ്ജാകരമായ ഒരു ജീവിതം നയിക്കുവാനും അനവധി ക്ലേശങ്ങൾ അനുഭവിക്കുവാനും ഇടയായതു താൻമൂലമാണെന്നു ജ്ഞാനേന്ദ്രൻ ചിന്തിച്ചപ്പോൾ അയാൾക്കുണ്ടായ മനസ്താപത്തിന്നു് അതിരില്ലായിരുന്നു. ഗിരി അവളുടെ പാപം അനുഭവിച്ചു നീക്കുകയാണെന്നു ജ്ഞാനേന്ദ്രൻ വിചാരിച്ചു. അവളുടെ കഷ്ടപ്പാടുകളും ബുദ്ധിമുട്ടുകളുമെല്ലാം ഭൎത്താവുമൂലം ഉണ്ടായതായിരുന്നു. ജ്ഞാനേന്ദ്രൻ അവളെ എന്തിനുപേക്ഷിച്ചു? അയാൾ അവളെ എന്തിനു് ആനന്ദനുമാ

യി പരിചയപ്പെട്ടത്തി? ആനന്ദന്റെ ഗൃഹത്തിലേക്ക് അവളെ നിർബ്ബന്ധിച്ച് അയാൾ എന്തിനു കൂട്ടിച്ചുകൊണ്ടുപോയി? ആനന്ദൻ ഒരു തെരുവിലെ നായിനെക്കാൾ ഹീനനാണെന്നു് ഗുണേന്ദ്രൻ അറിയേണ്ടതായിരുന്നു! അയാളുടെ സ്നേഹിതന്റെ സ്വഭാവത്തെപ്പറ്റി അയാൾക്ക് അറിയേണ്ട ചുമതലയുണ്ടായിരുന്നു. താൻ തന്നെ അന്ന് ആനന്ദനേക്കാൾ വലിയ വ്യത്യാസപ്പെട്ടവനല്ലായിരുന്നു എന്ന് ഗുണേന്ദ്രൻ വിചാരിച്ചു. നൂറു തേൾ ഒന്നിച്ചു ഹൃദയത്തിലിരുന്ന് കുത്തുന്നതുപോലെ അയാൾക്കു തോന്നി! സാധുഗിരി! അവളുടെ ഭർത്താവുതന്നെയായിരുന്നു അവളുടെ നാശത്തിനു കാരണം. ഗുണേന്ദ്രന്റെ മിഴികളിൽ ജലം നിറഞ്ഞു. ഗിരിയെപ്പറ്റി അനുകമ്പയും വ്യസനവും അയാളുടെ ഹൃദയത്തിൽ നിറഞ്ഞു. ഒരിക്കൽ അവളെ കണ്ടാൽ കൊള്ളാമെന്നു് അയാൾക്ക് ആഗ്രഹം തോന്നി. അവളെ തിരികെ സ്വീകരിക്കുന്നതിനു നിവൃത്തിയില്ലായിരുന്നെങ്കിലും അവളോടു നിവൃത്തിയുള്ള അനുകമ്പ പ്രദർശിപ്പിക്കണമെന്നു ഗുണേന്ദ്രൻ വിചാരിച്ചു. അവളുടെ കഷ്ടതകു നിവൃത്തി വരുത്തുന്നതു തന്റെ കടമയാണെന്ന് അയാൾക്കു ബോധമുണ്ടായി. എന്നാൽ ആദ്യമായി ആ വഞ്ചകനെ ശിക്ഷിക്കണം എന്നായിരുന്നു ഗുണേന്ദ്രന്റെ വിചാരം. ആ പരമദുഷ്ടൻ ചെയ്ത അപരാധത്തിന്റെ ഫലം അയാൾതന്നെ അനുഭവിക്കണം. ഗുണേന്ദ്രന്റെ മിഴികൾ വീണ്ടും കോപംകൊണ്ട് ഉജ്ജ്വലിച്ചു.

ആ സമയത്തു സുശീല ആ മുറിയിൽ കടന്നുവന്നു. അവളെ കണ്ട മാത്രയിൽ അയാളുടെ ഭാവം എല്ലാം മാറി. എഴുത്തിനെ സംബന്ധിച്ച ലജ്ജ തോന്നിയിട്ട് അതിനെ കീശയിൽ ഇട്ടു. സുശീല ഇതു കണ്ട് അത്ഭുതത്തോടുകൂടി ഭർത്താവിനോടു ചോദിച്ചു.—

'അതെന്തു?'

'അച്ഛനു ദീനം കലശലായിരിക്കുന്നു'

'നിങ്ങൾ അദ്ദേഹത്തെ ചെന്നു നിശ്ചയമായും കാണണം'

'നിശ്ചയമായും വേണം. ഇന്നു വൈകീട്ടുതന്നെ ഞാൻ യാത്ര പുറപ്പെടുന്നു. സാമാനം എല്ലാം തയ്യാറാക്കി വെയ്ക്കുക. സരസൻ കൂടി എന്റെകൂടെ വന്നുകൊള്ളട്ടെ. പെട്ടിയിൽ നൂറുറുപയും വച്ചേക്കുക.

'കിടക്ക സാമാനങ്ങൾ ഒന്നും കൊണ്ടുപോകുന്നില്ലേ?'

'വേണമെന്നു വിചാരിക്കുന്നില്ല. ഹാ ഹാ! ഞാൻ സ്വന്തം ഗൃഹത്തിലേക്കാണു പോകുന്നതു്.'

സുശീല അല്പം ലജ്ജിച്ചു് അവിടെനിന്നും പോയി.

'വരാനുള്ളതിനെ ആൎക്കു തടുക്കുവാൻ കഴിയും? ഈശ്വരഹിതം നടക്കട്ടെ. എന്നാൽ കഴിയുന്നതു ശ്രമിച്ചുനോക്കണം' എന്നു ഗുണേന്ദ്രൻ ചിന്തിച്ചു.

* * * * * *

രാത്രി മണി എട്ടായപ്പോഴേക്കു ഗുണേന്ദ്രൻ ഗൃഹത്തിലെത്തി. പടിവാതൽ ഒരു ഇരുമ്പു ചങ്ങലയിട്ടു പൂട്ടിയിരുന്നു. ഗുണേന്ദ്രൻ പഴയ ഒരു ഭൃത്യന്റെ പേർ ഉറക്കെ വിളിച്ചുവാതിൽ തുറക്കുന്നതിനു പറഞ്ഞെങ്കിലും കുറെ നേരത്തേക്കു് ഒരു മറുപടിയും ഉണ്ടായില്ല. ഗുണേന്ദ്രന്റെ ഭൃത്യൻ വാതലിൽ മുട്ടി ഉറക്കെ വിളിച്ചു. ഒടുവിൽ ഒരാൾ ഉത്തരമായി "എന്താവശ്യം പറയുക" എന്നു പറഞ്ഞു.

'മഹാരാജകുമാർ വന്നിട്ടുണ്ടു്' എന്നു ഭൃത്യൻ ഉത്തരം പറഞ്ഞു.

'ഏതു മഹാരാജകുമാർ?'

'വകതിരിവില്ലാത്തവനേ! കുമാർ ബഹദൂറിനെ അറിഞ്ഞുകൂടെന്നോ?

'അങ്ങിനെ ഒരാളിനെ ഞാനറിയുകയില്ല'

കുമാർ ഇതു കേട്ടു് അതിശയിച്ചു. ആ ഗ്രഹം മുഴുവൻ ഇരുട്ടടഞ്ഞതുപോലെ കാണപ്പെട്ടു. ഗുണേന്ദ്രന്റെ ഹൃദയനാഡി ശക്തിയായി അടിച്ചു. കുമാർ ബഹദൂർ ഇങ്ങിനെ കണ്ഠിതത്തോടുകൂടി പറഞ്ഞു.

'സരസാ! മധ്യാദകേട കാനിക്കണ്ട. അയാൾക്കു് എന്നെ അറിവില്ലെന്നു വരാം'

'വാസ്തവത്തിൽ ഞാൻ നിങ്ങളെ അറിയുകയില്ല' എന്നു് ഇരുട്ടിൽ ഒരു ശബ്ദം മുഴങ്ങി.

'.. കട്ടെ. മഹാരാജാവിപ്പോളെവിടെ?' എന്നു കുമാർ ബഹദൂർ ചോദിച്ചു.

'അതെനിക്കു് അറിഞ്ഞുകൂടാ'

'അതെന്തു്?'

‘എനിക്കു ത്രുപമില്ല. ഞാൻ ഇവിടെ വന്നതു മിനിഞ്ഞാന്നാണു്.’

‘കൊള്ളാം, സരസ! നമുക്കു മടങ്ങാം.’

ഇത്രയും പറഞ്ഞു ഗുണേന്ദ്രൻ അവിടെനിന്നും മടങ്ങിപ്പോന്നു. എന്നാൽ വിഷ്ണുശർമ്മനെ ആ രാത്രിതന്നെ കാണുവാൻ ശ്രമിച്ചിട്ടു് അയാളെയും കണ്ടുകിട്ടിയില്ല. ഗുണേന്ദ്രൻ ആ രാത്രി ഹോട്ടലിൽ കഴിച്ചുകൂട്ടി; രാത്രി ഗൃഹത്തിലുള്ള അപരിചിതന്മാരെ വിഷമിപ്പിക്കേണ്ടെന്നു വിചാരിച്ചായിരുന്നു അയാൾ മടങ്ങിയതു്; പിറ്റേദിവസം നേരത്തെ സകല വസ്തുതയും അന്വേഷിക്കാമെന്നു ഗുണേന്ദ്രൻ വിചാരിച്ചു. ആ രാത്രി പല മനോവിചാരങ്ങൾകൊണ്ടു ഗുണേന്ദ്രനു ലേശം ഉറക്കം വന്നില്ല. അയാൾ മെത്തയിൽ തിരിഞ്ഞുമറിഞ്ഞു കിടന്നു നേരം വെളുപ്പിച്ചു. നേരം പ്രകാശമായതോടുകൂടി ഗുണേന്ദ്രൻ കിടന്ന കിടപ്പിൽ ഒന്നു മയങ്ങി; ആ മയക്കത്തിൽ ഇങ്ങനെ ഒരു സ്വപ്നം ഗുണേന്ദ്രൻ കണ്ടു.

‘ഒരു വണ്ടിയിൽ ഗുണേന്ദ്രൻ കല്ക്കത്താപട്ടണത്തിൽകൂടി പൊയ്ക്കൊണ്ടിരുന്നു. അയാളുമൊന്നിച്ചു പരിചയമുള്ള ഒരു യുവതിയുമുണ്ടായിരുന്നു. വണ്ടിയിൽ പോകുമ്പോൾ ദൂരത്തായി റോഡിൽ ഒരു വലിയ ആൾക്കൂട്ടം കണ്ടു. റോഡു മുഴുവനും ആളുകൾ നിറഞ്ഞിരുന്നതിനാൽ അയാൾക്കു വണ്ടി നിർത്തേണ്ടിവന്നു. ആ ആൾക്കൂട്ടം കണ്ടു് അയാൾ അത്ഭുതത്തോടുകൂടി നോക്കിക്കൊണ്ടിരുന്നു. ഒരു സ്ത്രീ പാട്ടുപാടി ആ ജനസംഘത്തെ രസിപ്പിച്ചുകൊണ്ടിരുന്നു. ആ സ്ത്രീ കാഴ്ചക്കു് ഒരു സുന്ദരിയായിരുന്നു. അവൾ പല കാട്ടുപൂക്കൾകൊണ്ടു ദേഹം അലങ്കരിച്ചുകൊണ്ടിരുന്നു. ഉടുത്തിരുന്നതു മുഷിഞ്ഞ ശീലയായിരുന്നു. അവൾ ഭ്രാന്തു പിടിച്ചവളെപ്പോലെ കാണപ്പെട്ടു. അവൾ പാടുമ്പോൾ കൈകൊണ്ടു താളം പിടിക്കയും നൃത്തംവെക്കുകയും ചെയ്തിരുന്നു. എന്നാൽ അവളുടെ ശബ്ദം വളരെ മധുരമായിരുന്നു. കൌതുകം വർദ്ധിക്കയാൽ ഗുണേന്ദ്രൻ വണ്ടിയിൽ നിന്നും ഇറങ്ങി. ഗുണേന്ദ്രൻ ആൾക്കൂട്ടത്തോടടുത്തപ്പോൾ ആ സ്ത്രീ ഗുണേന്ദ്രനെ സൂക്ഷിച്ചുനോക്കിക്കൊണ്ടു ‘ഹാ! ഹാ! അതാ എന്റെ ഭർത്താവു!’ എന്നു് ഉറക്കെ പറഞ്ഞു ഗുണേന്ദ്രന്റെ അടുക്കലേക്കു് ഓടി എത്തി. എല്ലാവരുടേയും മിഴികൾ അയാളുടെ നേരെ തിരിഞ്ഞു. ഗുണേന്ദ്രൻ വല്ലാതെ അമ്പരന്നു നിന്നു. ആ സ്ത്രീ ഗുണേന്ദ്രന്റെ മേൽ വീഴുമെന്ന ദിക്കായി. നിരാ

ശയോടും അപമാനത്തോടും അയാൾ മുഖം തിരിച്ചുകളഞ്ഞു. എന്നാൽ അതു് അയാളുടെ ഭാൎയ്യയായ ഗിരിബാലയായിരുന്നു!'

ജ്ഞാനേന്ദ്രൻ ഉറക്കത്തിൽ നിലവിളിച്ചു. അതു അയാളെ ഉറക്കത്തിൽനിന്നും പെട്ടെന്നുണൎത്തി. ജ്ഞാനേന്ദ്രൻ എഴുനേററപ്പോൾ അയാളുടെ ദേഹം ആപാദം വിയൎത്തിരുന്നു. അയാൾ ദീൎഘമായി ഒന്നു നിശ്വസിച്ചു. അതു സ്വപ്നമാണെന്നു സമാധാനിച്ചു. നേരം നല്ലവണ്ണം വെളുത്തു. ജ്ഞാനേന്ദ്രൻ സാമാനങ്ങൾ എല്ലാം സരസനെ ഏല്പിച്ചിട്ടു് ഒരുവണ്ടി പിടിച്ചു ഗൃഹത്തിലേക്കുവന്നു.

അവിടം ഒരു ഉപേക്ഷിക്കപ്പെട്ട സ്ഥലമായിഅയാൾക്കുതോന്നി. ഗൃഹത്തിലെ വാതിലുകളും ജനലുകളും അടച്ചിരുന്നു. മുമ്പു് ഉണ്ടായിരുന്ന അനവധിഭൃത്യന്മാരും അകമ്പടിക്കാരും ഒന്നും അവിടെ കാണ്മാനില്ലായിരുന്നു. അവരുടെ താമസസ്ഥലങ്ങൾ എല്ലാം ഒഴിഞ്ഞുകാണപ്പെട്ടു. മനോഹരമായ ആ തോട്ടം ആൾസഞ്ചാരവും സൂക്ഷിപ്പും മേൽനോട്ടവുമില്ലാതെ കാണപ്പെട്ടു. മററത്തു ധാരാളം പുല്ലു മുളച്ചു നിന്നിരുന്നു;എന്നല്ല പ്രാവു നാരായണപക്ഷി മുതലായവയുടെ കേളീഗൃഹമായി അവിടം കാണപ്പെട്ടപ്പോൾ ജ്ഞാനേന്ദ്രനുണ്ടായ മനസ്താപത്തിനു് അതിരില്ലായിരുന്നു.

ജ്ഞാനേന്ദ്രൻെറ മിഴികളിൽ കണ്ണീർ നിറഞ്ഞു. അയാളുടെ ഹൃദയം നന്നെ വേദനിച്ചു. ആ സ്ഥലം വിട്ടുപോയാൽ കൊള്ളാമെന്നു് അയാൾ ബദ്ധപ്പെട്ടു. തിരിഞ്ഞുനോക്കിയപ്പോൾ പഴയ ഒരു ഭൃത്യനെ ജ്ഞാനേന്ദ്രൻ കണ്ടു. അയാൾ കുമാർ ബഹദൂറിനെ മനസ്സിലായപ്പോൾ സബഹുമാനം വന്ദിച്ചു. ആയാളോടു പിതാവിൻെറ സുഖക്കേടുവിവരം ജ്ഞാനേന്ദ്രൻ ചോദിച്ചു. ആ സാധു ബാലേന്ദ്രൻെറ വിവാഹംമുതല്ക്കു സുഖക്കേടുവരെയുള്ള ചരിത്രം ജ്ഞാനേന്ദ്രനെ പറഞ്ഞു മനസ്സിലാക്കി. അയാളുടെ വിവരണം അവസാനഘട്ടത്തിലെത്തിയപ്പോൾ ആ സാധു പൊട്ടിക്കരഞ്ഞുപോയി. ജ്ഞാനേന്ദ്രനും ബാഷ്പം അടക്കുവാൻ സാധിച്ചില്ല. തൻെറ പിതാവു തോട്ടത്തിലെ ബങ്കളാവിലാണു താമസമെന്നു് ആ ഭൃത്യൻെറ വാക്കിൽനിന്നും ജ്ഞാനേന്ദ്രൻ ഗ്രഹിച്ചു.

അനന്തരം ജ്ഞാനേന്ദ്രൻ വണ്ടിയിൽ കയറി തോട്ടത്തിലെ ബങ്കളാവിലെത്തി. അതിൻെറ പടിക്കൽ ഒരു ഗൂൎക്കാപാറാവുകാരൻ നില്ക്കുന്നുണ്ടായിരുന്നു. ജ്ഞാനേന്ദ്രൻ വണ്ടിയിൽനിന്നും ഇറങ്ങി അകത്തേക്കു കടക്കുന്നതിനു ഭാവിക്കുമ്പോൾ പാറാവുകാരൻ തടഞ്ഞു.

ആ മൃഗപ്രായനായ പാറാവുകാരനോട്ട വഴക്കു പറഞ്ഞിട്ടു പ്രയോജനമില്ലെന്നു ഗുണേന്ദ്രനു മനസ്സിലായി. ഒരു ഗൂർക്കനെ പറഞ്ഞു മനസ്സിലാക്കുന്നതിൽ ഭേദം ഒരു ബുൾപ്പട്ടിയോട്ട യുക്തിവാദം കൊണ്ടു ബോദ്ധ്യപ്പെടുത്തുന്നതാണെളുപ്പമെന്നു ഗുണേന്ദ്രൻ വിചാരിച്ചു. ഗുണേന്ദ്രൻ കോപംകൊണ്ടു ജ്വലിച്ചു. ആ അധികപ്രസംഗിയുടെ ചെകിട്ടത്തു് ഒന്നു കൊടുത്താലൊ എന്നുകൂടി ഗുണേന്ദ്രൻ പിന്നിട്ട ചിന്തിച്ചുപോയി. തരമല്ലെന്നുകണ്ടപ്പോൾ ഗൂർക്കൻ തന്റെ സ്നേഹഭാജനമായ 'കുക്രി' (ആയുധം) ഊരിപ്പിടിച്ചു.

ഈ അവസരത്തിൽ ഒരു ഭൃത്യസ്ത്രീ അവിടെ വന്നു സാവധാനത്തിൽ ഇങ്ങനെ പറഞ്ഞു.

"പോർട്ടർ! അദ്ദേഹത്തെ വിട്ടേക്കുക. അദ്ദേഹം അകത്തു വന്നുകൊള്ളുന്നതിനു റാണി പറഞ്ഞിട്ടുണ്ടു്."

ഗുണേന്ദ്രൻ ഇതുകേട്ടു് അത്ഭുതപ്പെട്ടു. തന്റെ പിതാവിനെ കാണ്മാൻ വന്ന തനിക്കു് അതിനു മൂന്നാമതു് ഒരാളുടെ അനുവാദം വേണ്ടിയിരിക്കുന്നു! കാലായ തസ്മൈ നമഃ.

ഭൃത്യസ്ത്രീയുടെ വാക്കുകേട്ടു ഗൂർക്കൻ ഗുണേന്ദ്രനെ വന്ദിച്ചു മാറിനിന്നു. "സർ, അകത്തു കടക്കാം. എന്നോട്ട മുഷിയണ്ട. ഞാൻ ഒരു ഭൃത്യൻ' എന്റെ യജമാനന്റെ ഉത്തരവു ഞാൻ പാലിക്കുന്നു. തിന്നുന്ന ചോറിനു ഞാൻ മഹത്വം കാണിക്കണ്ടയോ?'

കുമാർ ഉത്തരമൊന്നും പറയാതെ ബെങ്കളാവിലേക്കു നടന്നു. അവിടെ അല്പം ഇരിക്കുന്നതിനു ഭൃത്യ അപേക്ഷിച്ചു. ഗുണേന്ദ്രൻ ആ ഗൃഹത്തിൽ ഒരന്യൻ തന്നെയായിരുന്നു.

ഗുണേന്ദ്രൻ അകത്തേക്കു കടക്കുന്നതിനു പോർട്ടരുമായി ഉറക്കെ സംസാരിക്കുമ്പോൾ സുരബാല തോട്ടത്തിൽ ലാത്തുകയായിരുന്നു. ശബ്ദം കേട്ടു നോക്കിയപ്പോൾ ഗുണേന്ദ്രനാണെന്നു് അവൾ മനസ്സിലാക്കി. ഉടനെ അദ്ദേഹത്തെ അകത്തേക്കു വിടുന്നതിനു വിവരം പാറാവുകാരനെ ധരിപ്പിക്കുവാൻ ഭൃത്യയെ അയച്ചതു സുരതന്നെയായിരുന്നു. സുരബാലയുടേയോ തന്റേയോ അനുവാദംകൂടാതെ ആരേയും അകത്തേക്കു വിട്ടുപോകരുതെന്നു് ആനന്ദൻ നിഷ്കർഷയായി പാറാവുകാരനെ ശട്ടംകെട്ടി ഇരുന്നു.

ഗുണേന്ദ്രൻ കുറെ നേരം ബുദ്ധിക്ഷയത്തോട്ടുകൂടിയിരുന്നു. ഒന്നുരണ്ടു മിനിട്ടിനകം ഗുണേന്ദ്രന്റെ എതിർവശം തൂക്കിയിട്ടിരുന്ന

പടുതാ മാററി ഒരു മഹാറാണിയുടെ മട്ടിൽ സുരബാല അവിടെ പ്രവേശിച്ചു. ആ കാഴ്ച ഗുണേന്ദ്രന്റെ മനസ്സിന്നു തീക്ഷ്ണത കൂട്ടി. അയാളുടെ രക്തം ചൂടുപിടിക്കുവാൻ തുടങ്ങി. എന്നാൽ ആ വക മനോവികാരങ്ങളെ തല്ക്കാലം ഗുണേന്ദ്രൻ തന്നത്താൻ അടക്കി.

സുര—കുമാർ! സ്വാഗതം. പാറാവുകാരനു നിങ്ങളെ മനസ്സിലായില്ല. അതിനെപ്പററി ഒന്നും മനസ്സിൽ വിചാരിക്കരുത്. നിങ്ങളുടെ അന്തസ്സിനെ അതു ബാധിച്ചിരിക്കാമെങ്കിലും സാരമില്ല. അതു കളയണം. എന്നാൽ വൈദ്യൻ നിഷ്കർഷിച്ചു പറഞ്ഞിരിക്കുന്നതുകൊണ്ടുമാത്രമാണ് ഇത്രനിർബ്ബന്ധം വെച്ചുകൊണ്ടിരിക്കുന്നതു്. പലരും വന്നു മഹാരാജാവിനെ ഉപദ്രവിക്കുന്നു. അധികസംസാരവും ശബ്ദവും ഇപ്പോഴത്തെ സ്ഥിതിക്കു സഹിക്കുവാൻ തന്നെ മഹാരാജാവിന്നു ശക്തിയില്ല. ഹൃദയദൌർബ്ബല്യം നന്നെയുള്ളതുകൊണ്ടു പ്രത്യേകം ആ വിഷയത്തിൽ സൂക്ഷിച്ചുകൊള്ളണമെന്നു ഡാക്ടർ പറഞ്ഞിട്ടുണ്ടു്. അതിനാൽ നിങ്ങളതിനേപ്പററി അത്ര ഗൌരവമായി കരുതുകയില്ലെന്നു വിശ്വസിക്കുന്നു.

സുര നിർത്തി. ഗുണേന്ദ്രൻ അതു കേട്ട് ഒന്നും മിണ്ടാതെ ഇരുന്നതേയുള്ളൂ. അയാൾ അതിനുമുമ്പു പല കുചരിതകളായ സ്ത്രീകളെയും കണ്ടിട്ടുണ്ടായിരുന്നെങ്കിലും സുരയെപ്പോലെ അത്ര സൗന്ദര്യശാലിനിയായ ഒരുവളെ കണ്ടിട്ടില്ലെന്നുതന്നെ ഗുണേന്ദ്രൻ വിചാരിച്ചു.

സുര വീണ്ടും തുടൎന്നു 'മഹാരാജാവിന്നു സുഖക്കേടു വളരെ കലശലാണു'.

'അതുകൊണ്ടു തന്നെയാണു ഞാൻ വന്നതു്. അല്ലെങ്കിൽ നിങ്ങളെ ഉപദ്രവിക്കുകയില്ലായിരുന്നു. അദ്ദേഹത്തിന് ഇപ്പോഴെങ്ങിനെയിരിക്കുന്നു?' എന്നു ഗുണേന്ദ്രൻ ചോദിച്ചു.

'കുറെ ഭേദമുണ്ടു്'.

'എനിക്ക് അദ്ദേഹത്തെ കാണണം'

'അക്ഷമനാകാതെ ഇരിക്കുക. കുമാർ! ഇപ്പോൾ പാടില്ല. അദ്ദേഹം ഉറങ്ങുകയാണു്. ഇന്നലെ രാത്രി ഉറക്കം തീരെയുണ്ടായില്ല. എന്നല്ല പെട്ടെന്നു നിങ്ങളെ കാണുന്നതിൽവെച്ചു ഹൃദയത്തിന്നു വല്ല തരക്കേടും സംഭവിച്ചേക്കാം. ഉണരട്ടെ ഞാൻ ആദ്യം അറി

യില്ലവരാം. പിന്നീട്ട കണ്ടാൽമതി. എന്നല്ല നിങ്ങളോടുതന്നെ അത്ര സുഖമില്ലാതെയാണ് അദ്ദേഹമിരിക്കുന്നത്.'

'മിണ്ടാതിരിക്കു! മതി. എന്റെ കാര്യമെനിക്കറിയാം' എന്നു കോപത്തോടെ ഹരേന്ദ്രൻ പറഞ്ഞു. തന്റെ വിവാഹംകഴിഞ്ഞതിനുശേഷം പിതാവിനു തന്നോട് അല്പം നീരസം ഉണ്ടെന്നുള്ളത് ഉടനെ ഹരേന്ദ്രന്റെ ഓർമ്മയിൽ വന്നു. ഹരേന്ദ്രൻ ഉടനെ ശാന്തനായി ഇങ്ങിനെ പറഞ്ഞു.

'ക്ഷമിക്കുക. ഓക്കാതെ എന്റെ പ്രകൃതി അല്പം മാറിപ്പോയി'.

'ഓ! അതു സാരമില്ല നിങ്ങളുടെ വിചാരങ്ങളെ ഞാനറിയുന്നുണ്ട്'.

സുരയുടെ ആ മര്യാദയെപ്പറ്റി ഹരേന്ദ്രൻ അത്ഭുതപ്പെട്ടു.

സുര പിന്നേയും തുടന്നു പറഞ്ഞു 'ദയവുചെയ്തു നിങ്ങൾ അല്പം ഇവിടെത്തന്നെ ഇരിക്കുക. നിങ്ങൾക്ക് എന്തോ സുഖമില്ലെന്നു തോന്നുന്നു. അല്പം വിശ്രമിക്കുക. കുറച്ചു കാപ്പി കൊണ്ടുവരാം. ദയവുചെയ്തു വസ്ത്രങ്ങൾ മാറുക. ഞാൻ സൌകര്യം നോക്കി നിങ്ങൾ വന്നിരിക്കുന്ന വത്തമാനം മഹാരാജാവിനെ അറിയിക്കാം. എന്നിൽനിന്നും യാതൊരു തരക്കേടും വരുന്നതല്ല. ഞാൻ പോയി ആദ്യമായി നിങ്ങളുടെ ഊണിനു വേണ്ടതു തയ്യാറാക്കട്ടെ'.

ഇത്രയും പറഞ്ഞിട്ടു സുര മറഞ്ഞു. തന്നെയായപ്പോൾ പല മനോരാജ്യങ്ങളും അയാളെ ബാധിച്ചു.

'ഞാനെന്തു ചെയ്യണം? പക്ഷെ അച്ഛൻ കോപിച്ചിരിക്കുകയാവാം. അദ്ദേഹത്തിന് അതിനു മതിയായ കാരണവുമുണ്ട്. എനിക്കു മററു യാതൊരു ദുദ്ദശവുമില്ല. അച്ഛനെ കാണ്മാൻ തന്നെ ഞാൻ വന്നു. അച്ഛനോടു വേണമെങ്കിൽ ആറു തവണ മാപ്പു ചോദിച്ചേക്കാം. സംഗതികൾ എത്രമാത്രം വ്യത്യാസപ്പെട്ടു. എന്തൊക്കെയോ പല രഹസ്യങ്ങളും ഉണ്ട്. ആ ആനന്ദൻ! ആ നീചനോടു പകരം ചോദിക്കാതെ അടങ്ങുകയോ? പാടില്ല. പാടില്ല.

സുരബാല പെട്ടെന്നു വന്നു കേറിയതിനാൽ വിചാരപരമ്പരകളിൽ നിന്നും അയാൾക്കു വിരമിക്കേണ്ടിവന്നു. അവളുടെ കയ്യിൽ ഒരു കപ്പു ചായയുമുണ്ടായിരുന്നു.

'ചായമാത്രം മതിയോ? പലഹാരംകൂടെ വല്ലതും വേണ്ടേ?'

'വേണ്ട. എനിക്കു വിശപ്പുശേഷമില്ല'.

'എന്നാൽ ഊണു് ഇവിടെത്തന്നെ വേണം' എന്നു സുര സ്നേഹപൂർവ്വം നിർബ്ബന്ധിച്ചു.

കുറെനേരം ഗുണേന്ദ്രൻ സുരയുടെ മുഖത്തു സൂക്ഷിച്ചുനോക്കിക്കൊണ്ടിരുന്നു. സുര മുഖം തിരിച്ചു് ഒളിഞ്ഞൊന്നു കടാക്ഷിച്ചുകൊണ്ടു ധൃതിയായി അവിടെനിന്നും പോയി. ഒരു പ്രതിമ എന്നപോലെ കുറെ നേരത്തേക്കു ഗുണേന്ദ്രൻ മൌനമായിരുന്നു.

'ആനന്ദൻ സ്വന്തം വാൾകൊണ്ടുതന്നെ നശിക്കണം. എനിക്കു് അവളെ ഉപേക്ഷിക്കുവാൻ തരമില്ല. പ്രേമത്തിലും യുദ്ധത്തിലും അനുചിതമായിട്ടൊന്നുമില്ല. ഈ അവസരം കളവാൻ പാടില്ല.' എന്നു് ആനന്ദൻ ചിന്തിച്ചു.

## എണ്പത്തെട്ടാം അദ്ധ്യായം.

---

അസൂയ.

---

ദുരാഗ്രഹമെന്നതു് ഒന്നിൽതന്നെ സ്ഥിരമായിട്ടിരിക്കുന്നതായ നല്ല. അതിനു കൂടെക്കൂടെ പല മാററങ്ങളും മറിച്ചിലുകളുമുണ്ടായിക്കൊണ്ടിരിക്കും. അതു പുതിയ കൌതുകവിഷയങ്ങളിൽ എപ്പോഴും പ്രവേശിച്ചുകൊണ്ടിരിക്കും. ഇതാകുന്നു മാനസികനിയമം.

ആനന്ദനെ മാത്രം വിശ്വസിച്ചു് വിശ്രമിച്ചുകൊണ്ടിരിക്കുന്നതു തന്റെ രക്ഷക്കു പര്യാപ്തമല്ലെന്നു സുരബാലക്കു തോന്നി. ആനന്ദനു കുറെ നാളായി അവളെ നല്ല പിടിത്തം ഇല്ലാതെ ആയിത്തീർന്നിരുന്ന വിവരം അവൾ അറിഞ്ഞിരുന്നു. എന്തുകൊണ്ടു്? എന്നവൾ തന്നത്താൻ ചോദിച്ചു. ഒന്നാമതു് ആയിടക്കു് അയാളിൽ കടന്നുകൂടിയിരുന്ന അതിമോഹങ്ങളും അത്യാഗ്രഹങ്ങളുംകൊണ്ടായിരുന്നു എന്നു് അവൾ വിചാരിച്ചു. അഹങ്കാരിയായ കൃഷ്ണവേണി മുഖാന്തിരമായിരിക്കാമെന്നും അവൾ ചിന്തിച്ചു. അതുകൊണ്ടുതന്നെയായിരിക്കണം കൃഷ്ണവേണിയുടെ പേരിൽ മരണപത്രം എഴുതിക്കുവാനിടയായതു്. ആനന്ദൻ അതിനു പറഞ്ഞ സമാധാനങ്ങൾ കള്ളമായിരുന്നു. മരണപത്രം കൃഷ്ണവേണിയുടെ പേർക്കു് എഴുതിച്ചതു് അവളുടെ പ്രേമം സമ്പാദിക്കുന്നതിന്നു് ആന

ന്ദൻ എടുത്ത വിദ്യയായിരുന്നു. ആനന്ദൻ സുരയോടു പല വഞ്ചനകളും പ്രയോഗിച്ചുവന്നിരിക്കുന്നതു സ്പഷ്ടമായി തെളിഞ്ഞിരുന്നു. അതിന് ആനന്ദനോട് എത്രത്തോളം പകവീട്ടുവാൻ സുരയും നിശ്ചയിച്ചു. ആനന്ദനു പിടികൊടുക്കാതെ കൃഷ്ണയെ അകത്തിനിത്തുന്നതിനും തരംവരുമ്പോൾ ആനന്ദനോടു പ്രതികാരം ചെയ്യുന്നതിനും സുര നിശ്ചയിച്ചു കഴിഞ്ഞിരുന്നു.

സുരയുടെ മനസ്സ് ഈ മാതിരി കുഴങ്ങിയിരുന്ന അവസരത്തിലായിരുന്നു ഗുണേന്ദ്രൻ പിതാവിനെ കാണ്മാൻ വന്നത്. അവളുടെ പ്രതികാരബുദ്ധി അതുപോലെ നിവ്വഹിക്കുന്നതിന് ആരേക്കൂടി കൂട്ടുപിടിച്ചാൽ മതിയാകുമെന്ന് അവൾ ചിന്തിച്ചിരിക്കുകയായിരുന്നു. ആരെക്കൊണ്ടാണു സാധിക്കേണ്ടതെന്ന് അവൾ ചിന്തിച്ചിട്ടു ശരിയായ സമാധാനം ഉണ്ടായില്ല. എന്നാൽ ഗുണേന്ദ്രൻെറ വരവും അവളുടെ ആലോചനക്ക് ഒരു പുതിയ ജീവനെ പ്രദാനം ചെയ്തു. ഗുണേന്ദ്രനെ പിടിച്ചാൽ ആ വഴിക്കു കാര്യം സാധിക്കാമെന്നു സുര തീച്ചപ്പെടുത്തി. എന്നാൽ ഗുണേന്ദ്രൻെറ സ്വഭാവത്തിനു വന്നുകൂടിയിരുന്ന മാററം അവൾ അറിഞ്ഞിരുന്നില്ല.

എന്നാൽ കൃഷ്ണവേണിയിൽ കണ്ണുവെച്ചുതുടങ്ങിയ ദിവസംമുതൽ ആനന്ദൻെറ ഗ്രഹനിലക്കും ഭേദം വന്നു.

ഗുണേന്ദ്രൻ പിതാവിനെ കാണുന്നതിനു കാത്തിരുന്ന സന്ദഭത്തിൽ അയാൾ ഇങ്ങിനെ ചിന്തിച്ചു—

'എതിരിട്ടു തല്ക്കാലം ഒന്നും കുഴപ്പത്തിലാക്കേണ്ട. കുറെ ക്ഷമിക്കണം. സംഗതികളുടെ സൂക്ഷ്മം ഒന്നുകൂടി അറിയട്ടെ. എന്നാൽ ആനന്ദനോടു പ്രതികാരം ചെയ്തേ അടങ്ങുവാൻ തരമുള്ളു. ഞാനെന്തു ചെയ്യണം? ഭൂപൻ ബാബുവിനെ ആദ്യമായി കണ്ട് ആലോചിക്കാം. എന്നാൽ അതിനു മുമ്പു വിശ്വേശ്വരനെ കാണണം. അയാളും ഒരു വലിയ കള്ളനാണ്. ആകട്ടെ സ്വന്തം കായ്യത്തിന് അയാളെ പാട്ടിൽ പിടിക്കണം. അയാളെക്കൊണ്ടു ചില ഉപയോഗം ഉണ്ടാകും.'

ഈ സന്ദഭത്തിൽ സുരബാലയുടെ ഭൃത്യ ഒരെഴുത്തു കൊണ്ടുവന്നു ഗുണേന്ദ്രനു കൊടുത്തു. അതു കണ്ട് അയാൾ അത്ഭുതപ്പെട്ടു. അത്യാശയോടുകൂടി അയാൾ എഴുത്തു തുറന്ന് ഇങ്ങിനെ വായിച്ചു.

'കുമാർ!

എൻെറ ഈ സാഹസത്തിനു നിങ്ങൾ ദയവുചെയ്തു മാപ്പുതരണമെന്ന് അപേക്ഷിക്കുന്നു. എനിക്കു നിങ്ങളോട് ഒരു പ്രത്യേ

കത തോന്നുന്നതിനാൽ എഴുതാതെ നിവൃത്തിയുമില്ല. ചതിയായ ഒരു ദുരാലോചനയ്ക്കു നിങ്ങൾ ഇരയായിത്തീൎന്നിരിക്കുന്നു. നിങ്ങളുടെ സ്വത്തു മുഴുവൻ അപഹരിക്കപ്പെട്ടിരിക്കുന്നു. പുതുതായി വിവാഹംചെയ്ത ഭാൎയ്യയുടെ പേരിൽ നിങ്ങളുടെ പിതാവു സ്വത്തു മുഴുവൻ മരണപത്രം മൂലം അവകാശപ്പെടുത്തിയിരിക്കുന്നു. ഇതിനെല്ലാം ചരടാതിനില്ക്കുന്നതും ഈ ദുരാലോചനക്കു മൂലവും ആരാണെന്നു ഞാൻ പറയേണ്ടതില്ലല്ലോ. അദ്ദേഹം നിങ്ങളുടെ പരമശത്രുവാണെന്നാണ് എനിക്കു പറവാനുള്ളതു്. എല്ലാം തുറന്നു പറയുന്നതു് എന്റെ രക്ഷക്കുതന്നെ പോരെന്നു ഞാൻ ഭയപ്പെടുന്നുണ്ടു്. എന്നാലും എന്റെ സഹായം നിങ്ങൾക്കു വേണമെന്നുള്ള പക്ഷം സകലവിവരവും നിങ്ങളെ വിശ്വസിച്ചു പറയാം. നിങ്ങൾക്കുവേണ്ടി മരിക്കുന്നതിനും ഞാൻ തയ്യാറാണു്. നിങ്ങളുടെ അച്ഛൻ ഉറങ്ങുകയാണു്. ഉണരുമ്പോൾ വിവരം അദ്ദേഹത്തെ അറിയിക്കാം. അതു് എനിക്കു തന്നെ തരക്കേടാണു് എങ്കിലും ചെയ്യാം—എന്നു നിങ്ങളുടെ വിശ്വസ്ത സുരബാല.'

ഗുണേന്ദ്രൻ തന്നത്താൻ പറഞ്ഞു.

'നന്നായിരിക്കുന്നു! എനിക്കുവേണ്ടി മരിക്കുവാൻ കൂടി അവൾ തയ്യാറായിരിക്കുന്നു. ഈ വിവരം അറിയുന്നതിനു താമസിച്ചുപോയല്ലൊ. ആകട്ടെ, കള്ളനെ പിടിക്കുവാൻ കള്ളൻ തന്നെ കൊള്ളാം എന്നാണല്ലോ പഴഞ്ചൊല്ലു്. അവളുടെ സ്വഭാവം നമുക്കു ഗുണകരമായി വരട്ടെ. അതു ഹീനമാണെങ്കിലും ഈ സന്ദൎഭത്തിൽ ആവശ്യമാണു്.'

എഴുത്തു വായിച്ചു തീൎന്നു ഗുണേന്ദ്രൻ ശിരസ്സുയൎത്തിയപ്പോൾ ഭൃത്യസ്ത്രീ ആ മുറിയിൽത്തന്നെ നില്ക്കുന്നതായി കണ്ടു. അവൾ മറുവടിക്കു കാത്തുനില്ക്കുകയായിരിക്കാം. ഗുണേന്ദ്രൻ മനസ്സുകൊണ്ടു ചിരിച്ചു. ഉള്ളിലെ വിചാരം പുറത്തു കാണിക്കാതെ ഗുണേന്ദ്രൻ ഇങ്ങനെ പറഞ്ഞു:—

'ഞാനവരെ കണ്ടു സംസാരിക്കുവാൻ ആഗ്രഹിക്കുന്ന വിവരം പോയി പറയുക.'

ഭൃത്യസ്ത്രീ മന്ദഹസിച്ചുംകൊണ്ടു നിന്നു. അവളുടെ വിചാരങ്ങളെ എന്താണ്ടു് ഊഹിച്ചു ഗുണേന്ദ്രനു തല്ക്കാലം മുഷിഞ്ഞു. അവളു വേഗം പറഞ്ഞയക്കുന്നതിനു വീണ്ടും ഇങ്ങനെ പറഞ്ഞു.

'അച്ഛനെ കാണ്മാൻ സമയമെപ്പോഴാണു്?'

മറുവടിക്ക് അവൾ കാത്തുനിന്നതല്ല. വല്ലതും ഫണേന്ദ്രൻ സമ്മാനം കൊടുക്കുമെന്നു വിചാരിച്ചു മാത്രം അവൾ നിന്നതായിരുന്നു. ഫണേന്ദ്രൻ ധനികനായ ഒരു യുവാവാകയാൽ സന്തോഷവർത്തമാനം കൊണ്ടുവന്നതിന് അവൾക്കെന്തെങ്കിലും കൊടുക്കുമെന്നു സാധു ചിന്തിച്ചു. എന്നാൽ ഫണേന്ദ്രന് അതു മനസ്സിലായിരുന്നില്ല. അതുകൊണ്ടു് അവളുടെ നേരെ മുഷിഞ്ഞ മുഖഭാവം പ്രത്യക്ഷപ്പെടുത്തി. ഭൃത്യ കുണ്ഠിതത്തോടുകൂടി അവിടെനിന്നും പോയി. എന്നാൽ ആനന്ദൻ വരുമ്പോൾ അതെല്ലാം അയാളെ സമയംപോലെ അറിയിച്ചേക്കാമെന്നും അവൾ ഉറച്ചു.

ഫണേന്ദ്രൻ വളരെ നേരം കാത്തിരുന്നു. അച്ഛനെ കാണ്മാൻ അത്യാശയുണ്ടായിരുന്നെങ്കിലും പെട്ടന്നു [illegible]രികയില്ലെന്നു ഫണേന്ദ്രനും നിശ്ചയിച്ചു. ഭൂപനെ കണ്ടിട്ടു വന്നെങ്കിലൊ എന്ന് അയാൾ ചിന്തിച്ചു. എന്നാൽ അച്ഛനെ കാണാതെ പോന്നാൽ പിന്നെ കാണ്മാനും സംസാരിക്കുവാനും സാധിച്ചില്ലെങ്കിലൊ എന്നു ഫണേന്ദ്രൻ സംശയിക്കാതെയുമിരുന്നില്ല.

ഏകദേശം ഒരു മണിക്കൂർ കഴിഞ്ഞു സുര ആ മുറിയിൽ പ്രവേശിച്ചു.

സുര—കുമാർ! ഇങ്ങിനെ താമസിക്കേണ്ടിവന്നതിൽ ഞാൻ വ്യസനിക്കുന്നു. ഇന്നലെ രാത്രിയിൽ നിങ്ങളുടെ പിതാവു ലേശം ഉറങ്ങീട്ടില്ല. രാത്രി ശിവരാത്രിയായി കഴിച്ചുകൂട്ടി.

ഫണേന്ദ്രൻ—നിങ്ങളുടെ ബുദ്ധിമുട്ടിനു വന്ദനം. നിങ്ങളുടെ ദയവിനു ഞാനെന്നും കൃതജ്ഞനായിരിക്കും. എനിക്കു പല സംഗതികളും നിങ്ങളോടു പറവാനുണ്ടു്. എന്നാൽ ഇതു് അതിനുള്ള സമയവും സ്ഥലവുമല്ല. അങ്ങിനെയല്ലേ?

സുര ലജ്ജിച്ചു!

ഫണേന്ദ്രൻ—കൃഷ്ണവേണി ഇപ്പോഴെവിടെ?

സുരയുടെ നയനങ്ങൾ കോപാവേശത്താൽ ജ്വലിച്ചു.

സുര—ആ കഴുത നിങ്ങളുടെ പഴയ ഗൃഹത്തിലുണ്ടു്. നിങ്ങൾക്കു് അവളെ കാണേണമെന്നുണ്ടോ?

~~ആനന്ദ~~—വേണമെന്നില്ല. ലേശം വിചാരമില്ല. എനിക്കു് അവൾ എന്തൊരു ഉപദ്രവം വരുത്തിവെച്ചു?

ഈ അഭിപ്രായം സുരയ്ക്കു സന്തോഷമായി തോന്നി.

ഫണേന്ദ്രൻ—അവളെപ്പററി എനിക്കല്പം പറവാനുണ്ടു്.

സുര — നിങ്ങളുടെ ഇഷ്ടംപോലെ എപ്പോഴെങ്കിലും പറയാമല്ലൊ.
ജ്ഞാനേന്ദ്ര — ആനന്ദബാബു എവിടെ?
സുര — അയാളുടെ താമസം സ്വന്തം ഗൃഹത്തിൽതന്നെയാണു്.
ജ്ഞാനേന്ദ്ര — അയാൾ ഇവിടെ വരാറില്ലേ?
സുര — ഒരു ദിവസം ഒന്നോ രണ്ടോ പ്രാവശ്യം വരും.
ജ്ഞാനേന്ദ്ര — എപ്പോൾ?
സുര — സാധാരണ ഉച്ചക്കായിരിക്കും. ചിലപ്പോൾ വൈകിട്ടാകും.
ജ്ഞാനേന്ദ്ര — രാത്രി ഇവിടെ താമസിക്കാറില്ലേ?
സുര — ഇല്ല. (അല്പം ലജ്ജ അവളുടെ മുഖത്തു സ്ഫുരിച്ചു)
ജ്ഞാനേന്ദ്ര — ഹം! അങ്ങിനെയോ!

ജ്ഞാനേന്ദ്രൻ ഒടുവിൽ പറഞ്ഞ വാക്കുകൾ അയാൾ അറിയാതെ പുറപ്പെട്ടതായിരുന്നു! സുരയുടെ മനസ്സിനു അതിലേതോ അർത്ഥം ഒളിഞ്ഞുകിടപ്പുണ്ടെന്നു തോന്നി. ആ വാക്കുകൾ അവളുടെ ഹൃദയാന്തർഭാഗത്തെ സ്പർശിച്ചു.

സുര ഇങ്ങിനെ ചിന്തിച്ചു:—'അതുകൊണ്ടാണു് ആനന്ദൻ എന്നെ ഉപേക്ഷിച്ചിരിക്കുന്നതു്. രാത്രി സ്വൈരസല്ലാപത്തിനു് ആനന്ദൻ വേറെ സ്ഥലത്തുപോകുന്നു. പക്ഷെ കൃഷ്ണയുമായല്ലയൊ എന്നു സംശയിക്കുന്നു. അയാൾക്കു വല്ലാത്തതായി ഒന്നുമില്ല. അതെല്ലാം മുമ്പെ അറിയാത്ത ഞാൻതന്നെയാണു കഴുത. മുന്നറിവു കൊടുക്കാതെ അയാളെ ചെന്നു കാണണം. എന്നിട്ടു പ്രതിക്രിയ ചെയ്യണം. എന്നാൽ കുമാർ ബഹദൂറിനു് ഇതൊന്നും രൂപമില്ല. അദ്ദേഹം അവളെപ്പറ്റി ചോദിച്ചതു വെറും യോഗക്ഷേമം അന്വേഷിക്കുന്നതിനു മാത്രമായിരിക്കണം. ആനന്ദനെക്കാൾ യോഗ്യനെന്നു നൂറുതവണ കുമാർ ബഹദൂറിനെപ്പറ്റി പറയാം. എന്നോടു കൃതജ്ഞനായിരിക്കുവാൻ കുമാറിനു വേറെയും കാരണമുണ്ടു്. അതാകട്ടെ. എന്റെ അമ്മയുടെ വാക്കുകളെ നിരസിച്ച ഞാൻതന്നെ ബുദ്ധിഹീന.'

ജ്ഞാനേന്ദ്രൻ പലതും വിചാരിച്ചുകൊണ്ടു മൌനമായിട്ടിരുന്നു. സുരയുടെ നടവടിയെപ്പറ്റി അയാൾ അതിശയിച്ചു.

'മനുഷ്യൻ ഒരത്ഭുതസൃഷ്ടിതന്നെ. അവന്റെ ആദിയും അന്തവും പല രഹസ്യങ്ങളാൽ നിറയപ്പെട്ടിരിക്കുന്നു. ഉള്ളതുകൊണ്ടു തൃപ്തിപ്പെട്ടിരിക്കുന്ന സ്വഭാവം അവനില്ല. ആഗ്രഹം മുമ്പോട്ടുതള്ളി നില്ക്കുന്നു. പുതിയതു പുതിയതു്, എന്നു മനസ്സു് ഉരുവിട്ടും

കൊണ്ടിരിക്കുന്നു. ഇതിനെന്തു കാരണം?' എന്നായിരുന്നു ഹ്രണേന്ദ്രൻെറ മനോരാജ്യം. അതിനിടയിൽ സുര ഇങ്ങിനെ കേറി പറഞ്ഞു:—

'കുമാർ! കുളിയും ഊണും കഴിഞ്ഞു തയ്യാറാകുക. അപ്പോഴേക്ക് അച്ഛനെ കാണ്മാനുള്ള സമയവുമാകും. എനിക്ക് അദ്ദേഹത്തിൻെറ അടുക്കലേക്കു പോകേണ്ടതുണ്ട്. ഭൃത്യ ഇവിടെ ഉണ്ട്. ഞാൻ ആളയക്കാം. അതിനു മുമ്പു ഊണു കഴിയട്ടെ.'

എന്നു പറഞ്ഞിട്ടു സുര പോയി. സുരബാല കുമാർ ബഹദൂറിനോടു വളരെ മര്യാദയായും ബഹുമാനമായും പെരുമാറി. അവളുടെ ക്ഷണനത്തെ തല്ക്കാലം ഉപേക്ഷിക്കുന്നതിൽ ഭേദം അനുസരിക്കുന്നതാണു നല്ലതെന്നു ഹ്രണേന്ദ്രനും ചിന്തിച്ചു. സുര വീണ്ടും വന്ന് ഇങ്ങിനെ പറഞ്ഞു:—

'ഒന്നും ഭയപ്പെടേണ്ട. എൻെറ ഭൃത്യ ഇവിടെ തന്നെയുണ്ട്. നിങ്ങളുടെ ആജ്ഞ കേൾക്കുവാൻ അവൾ തയ്യാറായി നില്ക്കും. എന്നാൽ എൻെറ ഭൃത്യ എന്തെങ്കിലും ചെയ്യാൻ പറഞ്ഞാൽ അതു നിങ്ങൾക്കു ഹിതമല്ലെങ്കിലും ദയവുചെയ്തു ചെയ്യണം. എല്ലാം ഞാൻ പിന്നീടു വിസ്താരമായി പറയാം.'

സുര പോയി.

'ഈശ്വരാ! ഇവളെന്തൊരു കള്ളി!' ഹ്രണേന്ദ്രൻ അതിശയിച്ചുകൊണ്ടു മൌനമായിരുന്നു. എന്നാൽ അച്ഛനെ കാണുന്നതിനു കാത്തുകൊണ്ട് അയാൾ അത്യാശയിൽ മുങ്ങി.

## എണ്ണത്തൊമ്പതാം അദ്ധ്യായം

---

പിതാവും പുത്രനും.

---

'കുഞ്ഞേ! ഹ്രണ്ണ! നീയും വന്നുചേന്നോ?' എന്നു ബാലേന്ദ്രഭൂഷണൻ ഇടറിയ സ്വരത്തിൽ വിക്കിവിക്കിപ്പറഞ്ഞു.

'അച്ഛാ!'

ഗൽഗദത്തോടുകൂടി ഹ്രണേന്ദ്രൻ മെത്തയിൽ ചാരി. ഹ്രണേന്ദ്രൻെറ ഗണ്ഡസ്ഥലങ്ങളിൽകൂടി ബാഷ്പം ഒഴുകി. ബാലേന്ദ്രഭൂഷണൻ മകൻെറ നേരെ നോക്കിക്കൊണ്ടു കിടന്നു. രണ്ടുപേരും കുറെ നേരം ഒന്നും സംസാരിച്ചില്ല. ഹ്രണേന്ദ്രനെ മുറിയിലേക്കു വിട്ടിട്ടു സുരബാല പുറത്തേക്കിറങ്ങിപ്പോയി.

ഗുണേന്ദ്രൻ കാത്തിരുന്നിരുന്നു് ഒടുവിൽ ഇനി സമയം കള യാതെ എന്തു വന്നാലും പിതാവിനെച്ചെന്നു കാണുക എന്നു് ഉറ ച്ചു. ആ സമയം സുര ആ മുറിയിൽ പ്രവേശിക്കുകയും ഗുണേന്ദ്ര നെ ക്ഷണിക്കുകയും ചെയ്തു. നേരം വെളുത്തപ്പോഴാണു മഹാരാജാ വു് ഉറങ്ങുവാനാരംഭിച്ചതെന്നും, അതുകൊണ്ടു് ഉറക്കത്തിൽ ഉപ ദ്രവിക്കേണ്ടെന്നു വിചാരിച്ചതാണു താമസത്തിനു കാരണമെന്നും ഉ റങ്ങുന്നതിനു കുറെ മുമ്പു കുറെ പാലു കുടിച്ചു എന്നും മററുദിവസ ങ്ങളിലേക്കാൾ അന്നു വളരെ ആശ്വാസമാണെന്നും മററും സുര ഗുണേന്ദ്രനോടു പറഞ്ഞു കേൾപ്പിച്ചു. അവൾ അയാളോടു് എത്ര യും മര്യാദയായി പെരുമാറി എന്നു ഗുണേന്ദ്രൻ വിചാരിച്ചെങ്കിലും അവളുടെ ഹൃദയരഹസ്യങ്ങൾ അയാൾ അറിയാതേയുമിരുന്നില്ല.

എന്നാൽ തന്റെ പിതാവിന്റെ ആപത്തുകൾക്കു സുരയാ യിരുന്നു പ്രധാനകാരണമെന്നു ഗുണേന്ദ്രൻ മുഴുവൻ അറി ഞ്ഞിരുന്നില്ല. വിളറിയ ദേഹത്തോടുകൂടി ക്ഷീണിച്ച പിതാവിനെ മെത്തയിൽ കിടക്കുന്നതു കണ്ടപ്പോൾ അയാളുടെ മനോരാജ്യങ്ങ ളെല്ലാം പമ്പകടന്നു. ഒാ! എന്തൊരു മാററം!

കുറെ നേരം ഗുണേന്ദ്രന്റെ മുഖത്തു നോക്കിയിട്ടു്,

'കുഞ്ഞേ! ഗുണ! നീയും വന്നുചേന്നോ?' എന്നു പതുക്കെ പറ ഞ്ഞു. ഗുണേന്ദ്രനു മറുവടി പറയുവാൻ ശക്തിയില്ലാതെ എന്തോ അവ്യക്തമായി പറഞ്ഞു.

അതൊരു ദയനീയമായ കാഴ്ചയായിരുന്നു. പശ്ചാത്താപ ത്തോടുകൂടി മരിക്കാറായി കിടന്ന ഒരു പിതാവും യഥാത്ഥപിതൃഭ ക്തിയുണ്ടായിരുന്ന ധൂത്തനായ ഒരു പുത്രനും തമ്മിൽ വികാരപര മ്പരകളെ അന്യോന്യം പ്രകാശിപ്പിക്കുന്നതിനു വിഷമിച്ചിരുന്നതാ യിരുന്നു ആ ഘട്ടം!

ഒടുവിൽ ഗുണേന്ദ്രൻ ഇങ്ങിനെ ആരംഭിച്ചു.

'അച്ഛാ മാപ്പുതരണം. ഇതൊന്നും എനിക്കറിവില്ലായിരുന്നു. അച്ഛന്റെ സുഖക്കേടിന്റെ വിവരം എനിക്കാരും അറിവുതന്നിരു ന്നില്ല.'

'ആരു അറിവുതരാനാണു? ഞാൻ ഒരു രാക്ഷസിയുടെയും മ റെറാരു ദ്രോഹിയുടേയും പിടിയിൽ അകപ്പെട്ടിരിക്കയാണു്.'

ബാലേന്ദ്രൻ ശ്വാസംമുട്ടൽ നിങ്ങുന്നതിനു കുറെ നേരം മി ണ്ടാതെ കിടന്നു. വിശ്വേശ്വരന്റെ കത്തിലെ സംഗതികൾ മുഴു

വൻ വാസ്തവമെന്നു ഗുണേന്ദ്രനു ബോദ്ധ്യപ്പെട്ടു. പിതാവിൻെറ ഹൃദയത്തെ തപിപ്പിച്ചിരുന്ന വിചാരങ്ങളെ മററു വഴിക്കു തിരിക്കാമെന്നു വിചാരിച്ചു ഗുണേന്ദ്രൻ ഇങ്ങിനെ തുടൎന്നു:—

'അതു പോകട്ടെ, അച്ഛന്ന് ഇപ്പോഴെങ്ങിനെയിരിക്കുന്നു?'

'മററു ദിവസങ്ങളെക്കാൾ ഇന്നു വേണ്ടില്ല.'

ഗുണേന്ദ്രൻ അതു കേട്ടു സന്തോഷിച്ചു, എങ്കിലും അത് ഒരു കെടുവാൻ പോകുന്ന ദീപശിഖയല്ലയോ എന്നും അയാൾ സംശയിക്കാതെയിരുന്നില്ല.

'അച്ഛൻെറ സുഖക്കേടു വേഗം ഭേദമാകുമെന്നു ഞാൻ വിചാരിക്കുന്നു.'

ഈഷൽസ്മിതം ബാലേന്ദ്രൻെറ അധരങ്ങളിൽ സ്ഫുരിച്ചു. അല്പം മൌനമായി കിടന്നിട്ടു വീണ്ടും ദീൎഘശ്വാസത്തോടെ ബാലേന്ദ്രൻ പറഞ്ഞു:—

'അതെ, നല്ലതിനായിട്ടു ഭേദമാകും. സംസാരബന്ധങ്ങളിൽ നിന്നും ഞാൻ താമസിയാതെ വിമുക്തനാകും.'

'അച്ഛനെന്താണിങ്ങിനെ സംസാരിക്കുന്നത്?'

'ഗുണ! എൻെറ ആയുസ്സ് ഇനി ഇത്രയേയുള്ളുവെന്നു ഞാൻ തീൎച്ചയാക്കിക്കഴിഞ്ഞു. എനിക്കു പല സംഗതികളും നിന്നോടു പറയേണ്ടതായിട്ടുണ്ട്. എന്നാൽ ആ രാക്ഷസി എവിടെ എന്ന് ആദ്യം നോക്കണേ!'

സുരയുടെ മൎയ്യാദയിലും പെരുമാററത്തിലും ഗുണേന്ദ്രനുണ്ടായ നല്ല അഭിപ്രായം പിതാവിൻെറ വാക്കുകൾ കേട്ടമാത്രയിൽ ഇല്ലാതായിത്തീരുകയും അവളെപ്പററി അതിരററ വെറുപ്പും കോപവും അയാളുടെ ഹൃദയത്തിൽ ഉദയംചെയ്യുകയും ചെയ്തു. അച്ഛൻെറ നാശത്തിനു സുരയും കാരണക്കാരിയാകയാൽ ആനന്ദനെപ്പോലെ അവളും നശിക്കണം. എന്നാൽ സാഹസം പ്രവൃത്തിക്കുന്നതു് ഉചിതമല്ലെന്നും അവളെ കൊണ്ടു സാധിക്കാവുന്നതു സാധിക്കുന്നതു തല്ക്കാലം ബുദ്ധിപൂൎവ്വമാണെന്നും ഗുണേന്ദ്രനു തോന്നി. അയാൾ വാതുക്കൽചെന്നു നോക്കി. സുര അവിടെ എങ്ങും ഇല്ലായിരുന്നു. ഗുണേന്ദ്രൻ വാതിൽ കെട്ടിട്ടു മടങ്ങിവന്ന് അച്ഛൻെറ വാക്കുകളെ ശ്രവിക്കുന്നതിന് അത്യാശയോടെ കാത്തുനിന്നു.

ബാലേന്ദ്രൻ—ഞാൻ ഒരു മരണപത്രം എഴുതിയിട്ടുണ്ടെന്ന സംഗതി നീ അറിഞ്ഞിട്ടില്ലായിരിക്കും. എന്നാൽ ഞാനതിൽ നിനക്ക് ഒരു പൈപോലും നീക്കിവെച്ചിട്ടില്ല.

ഗുണേന്ദ്രൻ—അതു സാരമില്ല. ഞാൻ അതിൽക്കൂടുതൽ അർഹിക്കുന്നില്ല. അതിനെപ്പററി അച്ഛൻ കുണ്ഠിതപ്പെടേണ്ട.

ബാലേന്ദ്രൻ—കുഞ്ഞെ! എന്നെ തടസ്ഥപ്പെടുത്താതിരിക്കുക. എൻെറ അവസാനവാക്കുകളെ ഞാൻ പറഞ്ഞോട്ടെ.

ഗുണേന്ദ്രൻ—അച്ഛനു് കുറെക്കൂടി ആശ്വാസം കിട്ടട്ടെ. അതെല്ലാം സൌകര്യംപോലെ പറയാവുന്നതാണല്ലൊ.

ബാലേന്ദ്രൻ അതു കേട്ടതേയില്ല.

ബാലേന്ദ്ര—ഗുണ! നീ ഒന്നു ധരിക്കണം. വസ്തുക്കളൊന്നും എൻെറ വകയല്ല.

ഗുണേന്ദ്ര—അതെനിക്കറിയാം.

ബാലേന്ദ്രൻ—എങ്ങിനെ?

ആസന്നമരണനായ ബാലേന്ദ്രൻെറ മുഖം വിളറി.

ഗുണേന്ദ്ര—സന്യാസിനി പറഞ്ഞു.

ബാലേന്ദ്ര—ഹാ! അവളെം? നീ ആ ഭയങ്കരിയെ കണ്ടുവല്ലെ? അവൾ ഒരു രാക്ഷസിയാണു്. ഏതായാലും നമ്മുടെ പാപങ്ങൾക്കു നാം തന്നെ പശ്ചാത്തപിക്കണം.

ബാലേന്ദ്രനു കൂടുതൽ സംസാരിക്കുവാൻ ശക്തിയുണ്ടായില്ല. കണ്ണടച്ചു് അനങ്ങാതെ മെത്തയിൽ ബാലേന്ദ്രൻ കിടന്നു. ഗുണേന്ദ്രൻെറ മനസ്സിൽ കഴിഞ്ഞ ഓരോ സംഗതികളും ഉദിക്കുവാൻ തുടങ്ങി. അച്ഛനെ ആ നീചപരിസരങ്ങളിൽനിന്നും മാററി കിടത്തണമെന്നു ഗുണേന്ദ്രൻ വിചാരിച്ചു. എന്നാൽ ഡാക്കടരോടു് ആലോചിക്കാതെ വല്ലതും ചെയ്യുവാനും അയാൾ ഭയപ്പെട്ടു. അച്ഛനെ ശുശ്രൂഷിക്കുന്നതിനു ഗുണേന്ദ്രൻ താല്പൎയ്യം പ്രദൎശിപ്പിച്ചു. അമ്മ മരിച്ചകാലത്തു ഗുണേന്ദ്രൻ അടുക്കലില്ലായിരുന്നു. ആ വൎത്തമാനം കാശിയിൽ വെച്ചായിരുന്നു അന്നു കേട്ടതു്. പിതാവിൻെറ അന്ത്യപരിചൎയ്യ ഒരു പുത്രൻെറ ഉത്തമമായ കൎത്തവ്യമെന്നു ഗുണേന്ദ്രൻ വിചാരിച്ചു.

മററുള്ളവൎക്കു് എങ്ങിനെയിരുന്നാലും പിതാവു പിതാവുതന്നെയാകുന്നു. തൻെറ പിതാവിനെ മാററിത്താമസിപ്പിക്കുന്നതിനു വേണ്ട ഏൎപ്പാടുകൾ ചെയ്യണമെന്നും ഒരു സാഹസവും പ്രവൎത്തിക്കരുതെന്നുമായിരുന്നു അയാളുടെ അഭിപ്രായം.

കുറെക്കൂടി പിതാവുമായി പുത്രൻ സംസാരിച്ചു. എന്നാൽ കൂടുതൽ സംസാരിച്ചാൽ അതു തന്നെ പിതാവിൻെറ ദേഹബലത്തി

നു ഹാനികരമായി തീൎന്നേക്കാമെന്നു വിചാരിച്ചു വൈകീട്ടു വരാമെന്നു പറഞ്ഞു ഗുണേന്ദ്രൻ പിതാവിൻെറ അടുക്കൽനിന്നും പോന്നു. ബാലേന്ദ്രൻ ഒന്നും പറഞ്ഞില്ല. പിതാവു വീണ്ടും കണ്ണുതുറന്നു പുത്രനെ ഒന്നുകൂടി വാത്സല്യത്തോടുകൂടെ നോക്കിയിട്ടു പിന്നെയും മിഴികളടച്ചു.

ഗുണേന്ദ്രൻ പുറത്തേക്കു വന്നപ്പോൾ സുരയും ആനന്ദനും കൂടി പടിക്കൽ സംസാരിച്ചുകൊണ്ടു നിന്നിരുന്നതു് അയാൾ കണ്ടു. വഴിയിൽവെച്ചു പെട്ടെന്നു് ഒരു കാളസൎപ്പത്തെ കണ്ടാലുണ്ടാകാറുള്ള അറപ്പും വെറുപ്പും ആനന്ദനെ കണ്ടപ്പോൾ അയാൾക്കുണ്ടായി. അവർ തമ്മിലുള്ള സംസാരം എന്തായിരുന്നെന്നു് അയാൾക്കു കേൾക്കുവാൻ കഴിവില്ലായിരുന്നു. എന്നാൽ സുരയുടെ ആംഗ്യങ്ങളിൽനിന്നു ഗുണേന്ദ്രൻ മനസ്സിലാക്കിയതു സുര ആനന്ദനോടു മുഷിഞ്ഞു സംസാരിച്ചതായിട്ടായിരുന്നു.

ആനന്ദനെ കണ്ട മാത്രയിൽ ഓടിച്ചെന്നു് ആ നീചൻെറ കഴുത്തിനു പിടികൂടി നാലു കൊടുത്താലോ എന്നു സഹിക്കവയ്യാത്ത കോപം നിറഞ്ഞ ഗുണേന്ദ്രൻ വിചാരിച്ചു. എന്നാൽ അടുത്ത ക്ഷണത്തിൽ അതു സാഹസമാണെന്നും സംഗതികൾ വഴിയെ കൊണ്ടുപോകുന്നതാണു ബുദ്ധിപൂൎവ്വമെന്നും വെറും കലാപംകൊണ്ടു കാൎയ്യമില്ലെന്നും ഗുണേന്ദ്രൻെറ ഗുണബുദ്ധി പ്രവൎത്തിച്ചു. ഗുണേന്ദ്രൻെറ മനസ്സിൽ നിൎഭാഗ്യയായ കൃഷ്ണവേണിയെക്കുറിച്ചു് അനുകമ്പയും തോന്നാതിരുന്നില്ല. ആ സാധു ദയവില്ലാതെ ബലി കഴിക്കപ്പെട്ടു! സംഭാഷണത്തിൽ ഒരക്ഷരംപോലും കൃഷ്ണയെപ്പററി ഗുണേന്ദ്രനോടു് അയാളുടെ പിതാവു സംസാരിച്ചില്ല. അവളെപ്പററി എന്തെങ്കിലും ചോദിക്കുന്നതിനു തന്നെ ഗുണേന്ദ്രൻ മടിച്ചു.

'ഹാ! ഞങ്ങൾ ശപിക്കപ്പെട്ടവർ! ഞങ്ങളോടു് അടുക്കുന്നവൎക്കുകൂടി ദുരിതമനുഭവിക്കുവാൻ ഇടവരുന്നല്ലോ. ഏതായാലും കൃഷ്ണവേണിയെ കാണണം. അവളുടെ ക്ഷേമമന്വേഷിക്കണം. അവൾ ചെയ്ത ഉപകാരം ഞാൻ ഒരു കാലത്തും മറക്കുന്നതല്ല.

ഈ ചിന്തകളോടുകൂടി ഗുണേന്ദ്രൻ അവിടം വിട്ടു

—:o:—

## തൊണ്ണൂറാം അദ്ധ്യായം.

---

മരണാനന്തരം.

---

അഞ്ചുപേർ ഒന്നിച്ചു് ഒരു മുറിയിൽ ഇരിക്കുകയായിരുന്നു. ഓരോരുത്തരുടേയും മുഖത്തു് എന്തോ ഗാഢാലോചന പ്രത്യക്ഷപ്പെ

ട്ടിരുന്നു. ഓരോരുത്തരും അഗാധമായ ആലോചനയോടുകൂടി അന്യോന്യം മുഖത്തോടുമുഖം നോക്കിക്കൊണ്ടിരുന്നു. ഒടുവിലൊരാൾ മൌനമുദ്രയേ ഭഞ്ജിച്ചു.

'ഒരുത്തനെത്രതന്നെ ശ്രമിച്ചാലും വിധിയെ മാററിമറിക്കുന്നതിനു സാധിക്കുന്നതല്ല. എൻെറ പിതാവിനുള്ളവിധമുള്ള ഒരന്ത്യം വന്നുചേരുമെന്ന് ആരു വിചാരിച്ചു? കഷ്ടപ്പെടുവാനായി നാം ജനിപ്പവരാകുന്നു. നമ്മളുടെ ധനവും അന്തസ്സും നമ്മെ പരിഹസിക്കുന്നു. നമ്മളുടെ അവസ്ഥകളെല്ലാം എത്ര നിസ്സാരമാണെന്നു തോന്നിപ്പോകുന്നു!'

'ഹൃന്നൻബാബു! വൃഥാ വ്യസനിച്ചിട്ടു കാര്യമില്ല. കാററക്കാർ ശിക്ഷിക്കപ്പെടുകതന്നെ വേണം.'

'ഈശ്വരനിയമങ്ങളെ ലംഘിക്കുന്നവരെ ആ ഈശ്വരൻതന്നെ ശിക്ഷിക്കട്ടെ. നാം പാപികൾ തന്നെ' എന്നു പ്രിയൻ ഭൂപൻെറ വാക്കുകൾക്ക് ഉത്തരം പറഞ്ഞു.

'അങ്ങിനെ യുക്തിവാദം ചെയ്യുന്നു. ഈശ്വരവിശ്വാസം നിങ്ങൾക്കുണ്ടെങ്കിൽ നിശ്ചയമായും നമ്മൾ ഈശ്വരൻെറ കയ്യിലെ ആയുധങ്ങളാണെന്നും മനസ്സിലാക്കേണ്ടതാണ്. നമ്മളിൽകൂടി അവിടുത്തെ ഹിതം നടക്കുന്നു.' എന്ന് അനിലൻ അഭിപ്രായപ്പെട്ടു.

ഭൂപൻ—അനിലാ! നില്ക്കുക. ഇതു് ഒരു തത്വവാദത്തിനുള്ള സഭയല്ല. നാം ഇവിടെ കൂടിയിരിക്കുന്നതു തത്വജ്ഞാനം പ്രസംഗിക്കുന്നതിനുമല്ല. മഹാരാജാ ബാലേന്ദ്രഭൂഷണൻ മരിക്കുകയും ഹൃന്നൻബാബു ഒരു വലിയ അറ്റപത്തിൽ അകപ്പെടുകയും ചെയ്തിരിക്കുന്നു. ഹൃണേന്ദ്രൻെറ പിതാവു് ഒരുകൂട്ടം വഞ്ചകന്മാരുടെ കയ്യിൽ അകപ്പെട്ടിരുന്നു. അദ്ദേഹത്തിനു വിഷം കൊടുത്തു് ഒടുവിൽ വളരെ കഷ്ടതയിൽ മരിക്കുകയും ചെയ്തു. ബന്ധുക്കളുടേയും സ്നേഹിതന്മാരുടേയും ശുശ്രൂഷ ഏററു സ്വന്തം തറവാട്ടിൽക്കിടന്നു മരിക്കുവാനും അദ്ദേഹത്തിനു സാധിച്ചില്ല. തോട്ടത്തിലെ ബങ്കളാവിൽക്കിടന്നു കേവലം ഒരു കുലടയുടെ പരിചര്യയിൽ അദ്ദേഹം അന്ത്യശ്വാസം വലിച്ചു എന്നതും ലജ്ജാകരം തന്നെ. ഹൃന്നേന്ദ്രബാബു! നിങ്ങളുടെ ഹൃദയത്തെ ഞാൻ ക്ഷതപ്പെടുത്തുകയല്ല. അതു് അത്ര വേദനാവിഷയമാണ്. എന്നുതന്നെയല്ല ആ സാധു വൃദ്ധൻ തൻെറ ഏകപു

ത്രൻെറ അവകാശത്തെ ധ്വംസിച്ച സകലവസ്തുവകകളും മരണ പത്രം എന്നൊന്നുമൂലം മററൊരാൾക്ക് അവകാശപ്പെടുത്തിയു മിരിക്കുന്നു. ഇതിലെ അപരാധികളെ വെളിപ്പെടുത്തു കൊണ്ടുവ രേണ്ടതു് അത്യാവശ്യം തന്നെ. നമുക്കു ക്ഷമിച്ചിരിക്കുവാൻ പാടില്ല. വൃഥാ തത്വജ്ഞാനം പറഞ്ഞു സമയം കളഞ്ഞതു കൊണ്ടായില്ല. അതു പുരുഷത്വവുമല്ല.

പ്രിയനും അനിലനും ഭൂപൻെറ അഭിപ്രായങ്ങൾ കേട്ടു ലജ്ജിച്ചു. എന്നാൽ ഉത്തരമൊന്നും പറഞ്ഞില്ല. ഭൂപൻ വിശ്വേശ്വരനോടായിട്ടു് ഇങ്ങിനെ പറഞ്ഞു:—

'വിശ്വേശ്വരബാബു! ഞാൻ നിങ്ങളുടെ ഒരു പഴയ പരിചയക്കാരനാണു്. മുമ്പേതന്നെ ഈ സംഗതികൾ എന്നെ അറിയിക്കേണ്ടതായിരുന്നു. എന്നാൽ എനിക്കു തോന്നുന്നതു നിങ്ങളും ഈ ദുരാലോചനയിൽ ഭാഗഭാക്കാണെന്നാകുന്നു. നിങ്ങൾക്കു കിട്ടേണ്ട സംഖ്യയേയും ഭാഗത്തേയും പററി എന്തോ അഭിപ്രായവ്യത്യാസം വന്നതുകൊണ്ടു നിങ്ങളുടെ പഴയ സ്നേഹിതനായ ആനന്ദനോടു നിങ്ങൾ തിരിഞ്ഞുനില്ക്കുന്നതായിട്ടാണു് എനിക്കു തോന്നുന്നതു്. അങ്ങിനെ അല്ലെന്നുണ്ടോ?'

വിശ്വേശ്വരൻ തലതാഴ്ത്തി നിലത്തു നോക്കിക്കൊണ്ടിരുന്നു. ജ്ഞാനേന്ദ്രൻെറ നയനങ്ങൾ വിശ്വേശ്വരൻെറ തല്ക്കാലാവസ്ഥയെ പരിശോധിച്ചുകൊണ്ടിരുന്നു. ഭൂപൻ വീണ്ടും തുടന്നു:—

'വിശ്വേശ്വരബാബു! ആ മരണപത്രം എവിടെ ഇരിക്കുന്നു എന്നു് അറിയാമെങ്കിൽ പറയുക. നാം അല്പം താമസിച്ചുപോയെന്നു ഞാൻ ഭയപ്പെടുന്നു.

വിശ്വേശ്വര—എവിടെയാണെന്നു രൂപമില്ല. എങ്കിലും നിശ്ചയമായും അതു് ആനന്ദൻെറ വക്കലുണ്ടാകും.

ഭൂപൻ—അതു് അയാളുടെ ഗൃഹത്തിൽ കാണുകയില്ല. അതു് അയാളുടെ വക്കീലിൻെറ കൈവശമായിരിക്കണം. നമുക്കു് ഇനി ലേശം സമയം കളവാൻ പാടില്ല. ജ്ഞാനേന്ദ്രബാബു! നിയമവിരോധമായ ആ വിൽപ്പത്രത്തിനു് എതിരായി നിങ്ങൾ കോർട്ടിൽ ഇഞ്ചങ്ഷനു് ഒരു ഹരജി കൊടുക്കണം. ശേഷം ഞാൻ ചെയ്തുകൊള്ളാം. നിങ്ങൾ ഈ വിഷയത്തിൽ ധൈര്യമായി മുമ്പോട്ടുവന്നു വേണ്ടതു പ്രവത്തിച്ചില്ലെങ്കിൽ നമ്മുടെ ഭാഗത്തിനു ബലമില്ലാതെ വരും.

ജ്ഞാനേന്ദ്രൻ ദുഃഖത്തിൽ അകപ്പെട്ടിരുന്നു. പിതാവിൻെറ സംസ്കാരം കഴിഞ്ഞിട്ട് ഒരു ദിവസമേ ആയുള്ളു. അയാളുടെ ഹൃദയത്തിലെ ഘനം കുറഞ്ഞിരുന്നില്ല.

ബാലേന്ദ്രഭൂഷണൻ മരിച്ച സമയം ജ്ഞാനേന്ദ്രൻ വിശ്വേശ്വരനെ അന്വേഷിച്ചുകൊണ്ടിരിക്കയായിരുന്നു. താൻ വന്നുചേർന്ന വിവരം റായിബഹദ്ദൂർ മുഖാന്തിരം പറഞ്ഞയച്ചു. ജ്ഞാനേന്ദ്രനായി ബഹദ്ദൂറിന് പിന്നേയും വിശ്വാസം ശേഷിച്ചിരുന്നു. വിശ്വേശ്വരനെപ്പോലെ റായിബഹദ്ദൂർ അത്ര നീചനല്ലായിരുന്നു. എന്നാലയാൾക്കുള്ള ഒരു വലിയ ദോഷം ആയാൾക്ക് എപ്പോഴും കുടിയ്ക്കണമെന്നുള്ളതായിരുന്നു. റായിബഹദ്ദൂർ ഒരു മത്സ്യത്തെപ്പോലെ വയർ നിറയുന്നതുവരെ കുടിച്ചുവന്നു. എന്നാൽ ആയാൾ അത്ര നീചനായ ഒരു വഞ്ചകനല്ലായിരുന്നു. പല ദുർഗ്ഗുണങ്ങൾക്കും റായിബഹദ്ദൂർ ആവാസഭൂമിയായിരുന്നുവെങ്കിലും ജ്ഞാനേന്ദ്രനെപ്പററി അയാൾക്കു യഥാർത്ഥസ്നേഹവുമുണ്ടായിരുന്നു. ജ്ഞാനേന്ദ്രന് ഈ വസ്തുത അറിയാമായിരുന്നതിനാൽ ആസന്നമരണനായ പിതാവിനെ കണ്ടതിൻെറ ശേഷം താൻ കൽക്കത്തയിൽ മടങ്ങിവന്ന വിവരം റായിബഹദ്ദൂറിനെ അറിയിക്കുന്നതിനു ജ്ഞാനേന്ദ്രൻ ഒട്ടുംതന്നെ അമാന്തിച്ചില്ല. ജ്ഞാനേന്ദ്രൻെറ വാക്കുകൾ കേട്ടിട്ട് അയാൾക്കു ലേശംപോലും അതിശയം തോന്നിയില്ല. റായിബഹദ്ദൂർ തലയാട്ടിക്കൊണ്ടിങ്ങിനെ പറഞ്ഞു:—

'ഞാനിത്രയും വിചാരിച്ചതാണ്. അരയന്നത്തിൻെറ തൂവൽകൊണ്ടു ദേഹം അലങ്കരിക്കുവാൻ ആനന്ദൻ പഠിച്ചപണി മുഴുവൻ ഉപയോഗിക്കാതിരിക്കുന്നതല്ല. ആനന്ദൻ കൽക്കത്തയിലേക്ക് ഒരു നല്ല ബുദ്ധിയുള്ളവനാണ്. അയാളെ കൽക്കത്താ മുഴുവൻ ഒരേ സ്വരത്തിൽ സ്തുതിച്ചുതുടങ്ങുന്നതിന് ഇനി അധികദിവസം വേണ്ട. അയാൾ എൻേറയും എൻെറ പ്രേമസർവ്വസ്വത്തിൻേറയും മദ്ധ്യേ ഒരു അടപ്പ് അടിച്ചുകേററി. അയാൾ എന്നെ കൂട്ടിൽനിന്നും ഇറക്കിവിട്ടു. ഞാൻ ഇപ്പോൾ ആ വൃദ്ധയുടെ അടുക്കൽ പോകാറേയില്ല. ഞാൻ താരയെയുദ്ദേശിച്ചാണു പറയുന്നതു്. ആനന്ദൻ നല്ലവൻ! നിങ്ങളെ വഞ്ചിച്ച നിങ്ങളുമായുള്ള സ്നേഹം അയാൾ പ്രകാശിപ്പിച്ചു'

ജ്ഞാനേന്ദ്രൻ പല്ലുകടിച്ചു. റായിബഹദ്ദൂർ വീണ്ടും ഇങ്ങിനെ പറഞ്ഞു:—

'ക്ഷമിക്കുക. നിങ്ങൾക്കു പണ്ടു പററിയ മുറിവു, ഇപ്പോൾ ഉണങ്ങിയിരിക്കുമെന്നു ഞാൻ വിചാരിച്ചു.'

'അച്ഛൻ കലശലായ സുഖക്കേടിൽ കിടക്കുന്നു. എനിക്കു പല സംഗതികളും നിങ്ങളോടു പറവാനുണ്ട്. ആനന്ദൻ ശിക്ഷിക്കപ്പെടണം. അതിന് എനിക്കു നിങ്ങളുടെ സഹായമാവശ്യമാണ്' എന്നു ഗുണേന്ദ്രൻ അയാളുടെ വർത്തമാനത്തെ ചുരുക്കുവാൻ ശ്രമിച്ചു.

'അങ്ങിനെതന്നെ. ആ നീചനെ ശിക്ഷിച്ചുകാണുന്നതിനു ഞാൻ വേണമെങ്കിൽ നിങ്ങൾക്കുവേണ്ടി നരകത്തിൽ ചാടാം.'

'അതെനിക്കറിയാം.'

'നാളെ വൈകിട്ട് എന്നെ പ്രിയൻെറ ഗൃഹത്തിൽ കാണും. നമുക്കവിടെവെച്ചു കാണാം. ഈ വക ആലോചനകൾക്കു നിങ്ങളുടെ ഗൃഹം പററിയ ഒന്നല്ല. വിശ്വേശ്വരനെ ഞാൻ കണ്ടുപിടിക്കുവാൻ ശ്രമിക്കാം. എന്നാൽ നിങ്ങളും അയാളുടെ ഗൃഹത്തിൽ അന്വേഷിച്ചുകൊള്ളുക. അയാളുടെ താമസം ബാഗബജാറിലാണെന്നാണെൻെറ അറിവ്.'

ഗുണേന്ദ്രൻ വിശ്വേശ്വരനെ ഗൃഹത്തിൽ പോയി കണ്ട സംഗതികൾ എല്ലാം വിവരിച്ചുപറഞ്ഞു:—

'കുമാർ! നിങ്ങളെ എന്നാൽ കഴിവുള്ളവിധമെല്ലാം ഈ വിഷയത്തിൽ ഞാൻ സഹായിക്കാം. നിങ്ങളെ ഞാൻ വളരെയൊക്കെ മുമ്പു മുഷിപ്പിച്ചിട്ടുണ്ട്.'

'ആകട്ടെ, നാളെ എന്നെ വൈകീട്ടു പ്രിയബാബുവിൻെറ ഗൃഹത്തിൽ കാണും. പ്രിയ കുമാർ മിത്രൻെറ ഗൃഹം നിങ്ങൾക്ക് അറിയാമല്ലൊ.'

'അവിടെവന്നു ഞാൻ കാണണോ?'

'വേണം.'

ഇതിനെപ്പററി ഭൂപനോടുകൂടി ആലോചിക്കണമെന്നു ഗുണേന്ദ്രൻ വിചാരിച്ചു ഭൂപൻെറ ഗൃഹത്തിലേക്കു ചെന്നു. ഗുണേന്ദ്രൻ അവിടെ ചെന്നപ്പോൾ ഭൂപനും അനിലനുംകൂടി സംസാരിച്ചുകൊണ്ടിരിക്കയായിരുന്നു.

'നിങ്ങളുടെ വാക്കുകൾ കേട്ട് എനിക്കു' അത്ഭുതംതോന്നുന്നുണ്ട്. നിങ്ങളുടെ ചരിത്രം അതിശയകരമായിരിക്കുന്നു. ഒരു വെറും സ്വപ്നമെന്നുവെച്ചു ഞാനതിനെ നിരസിക്കുമായിരുന്നു. എന്നാൽ ആ മോതിരം ഒന്നു കിടക്കുന്നല്ലൊ. ഞാനിതുവരേയും ചിന്തിച്ചിട്ടും ആ രഹസ്യങ്ങളെപ്പററി ഒരു തുമ്പും കിട്ടിയിട്ടില്ല. മാ

സ്വരനിദ്രയിൽ അകപ്പെടുത്തി വിവാഹം കഴിപ്പിക്കുന്നതു് ആദ്യമായിട്ടാണു കേൾക്കുന്നതു്. കുടവിൽ സന്യാസിനി എന്തു പറഞ്ഞു എന്നുള്ളതു ഞാൻ മറന്നു.'

'അവർ എന്തോ എൻെറ ചെവിയിൽ മന്ത്രിച്ചു. അതു ഞാൻ മുഴുവൻ കാക്കുന്നുമില്ല. ഞാൻ താമസിയാതെ ഒരു ലക്ഷപ്രഭുവായി തീരുമെന്നും ഒരു രാജകുമാരിയെയാണു ഞാൻ വിവാഹം കഴിച്ചതെന്നും മഹാരാജാ ബാലേന്ദ്രഭൂഷണൻ അതിനെല്ലാം ഒരു തടസ്ഥമാണെന്നും മററുമായിരുന്നു അവർ പറഞ്ഞതു്.'

'ആ തടസ്ഥം തീൎന്നു. മഹാരാജാവു മരിച്ചു.'

ആ സന്ദർഭത്തിൽ ഗുണേന്ദ്രൻ അവിടെ കടന്നുചെന്നു. പെട്ടെന്നു ഗുണേന്ദ്രനെ കണ്ട മാത്രയിൽ അവർ രണ്ടുപേരും വല്ലാതെ അത്ഭുതപ്പെട്ടു. ഭൂപൻ വേഗം എഴുന്നേററു വളരെ മൎയ്യാദയോടുകൂടി ഗുണേന്ദ്രനു് ആസനസല്ക്കാരംചെയ്തു. അന്ത്യക്രിയകൾക്കു ഗുണേന്ദ്രൻ പിതാവിൻെറ അടുത്തില്ലായിരുന്നോ? അയാൾ അതിനെപ്പററി അറിഞ്ഞിരുന്നില്ലേ?

'ഭൂപൻ ബാബു! ആരു മരിച്ചു?'

ഭൂപൻ വാസ്തവം പറയുവാൻ മടിച്ചിട്ടു് ഇങ്ങിനെ പറഞ്ഞു:—

'നിങ്ങൾ പിതാവിനെ കുടവിൽ കണ്ടതെപ്പോഴാണു്?'

'ഏകദേശം ഒരുമണി സമയത്തു'

'നിങ്ങൾ ലേശം താമസിക്കാതെ ഉടനെ മടങ്ങണം.'

'എന്തിനു്' എന്നു ഗുണേന്ദ്രൻ ആശ്ചൎയ്യത്തോടുകൂടി ചോദിച്ചു.

'അദ്ദേഹത്തിൻെറ സ്ഥിതി വളരെ കഷ്ടത്തിലായിരിക്കുന്നു. ഏകദേശം മരണസമയമടുത്തിരിക്കും.'

ഗുണേന്ദ്രൻെറ മുഖം വിളറി. ക്രൂരമായ വാസ്തവത്തെ അയാളൂഹിച്ചു.

'എന്നാൽ എനിക്കു ചിലതു പറവാനുണ്ടു്' എന്നു ഗുണേന്ദ്രൻ പറഞ്ഞപ്പോൾ അയാളുടെ അധരങ്ങൾ വിറച്ചുകൊണ്ടിരുന്നു.

'നിങ്ങൾ ആവശ്യപ്പെടുമ്പോൾ വന്നു കണ്ടുകൊള്ളാം.'

'നാളെ വൈകീട്ടു പ്രിയബാബുവിൻെറ ഗൃഹത്തിൽവെച്ചു കാണ്മാൻ തരപ്പെടുമോ?'

'ഹാഹോ! അതു കൊള്ളാം.'

ഗുണേന്ദ്രൻ ബദ്ധപ്പെട്ടു ഭൂപനോടു യാത്രപറഞ്ഞു പിരിഞ്ഞു.

പിതാവിന്റെ മരണത്തെപ്പറ്റി ഗുണൻബാബു അറിയാതെ വന്നതെങ്ങിനെ? നിങ്ങൾ പറഞ്ഞപ്പോൾ ഗുണേന്ദ്രൻ വല്ലാതെ പരിഭ്രമിച്ചിരിക്കും. ഗുണൻബാബു എല്ലാംകൊണ്ടും ഒരു നല്ല മനുഷ്യനാണ്. അദ്ദേഹത്തിന്റെ ഹൃദയം ദയവാണ്.'

'അയാൾ ആകപ്പാടെ മാറിപ്പോയി.'

തോട്ടത്തിലെ ബംഗ്ലാവിലേക്കു ഗുണേന്ദ്രൻ ധൃതിപ്പെട്ട് ഓടിച്ചുപോകുമ്പോൾതന്നെ 'പിതാവു മരിച്ചിരിക്കണം' എന്നയാൾ വിചാരിച്ചു. തോട്ടത്തിൽച്ചെന്നപ്പോൾ മൂടിക്കിടത്തിയിരുന്ന പിതാവിന്റെ മൃതശരീരം ഗുണേന്ദ്രൻ ദർശിച്ചു. അവസാനക്കാഴ്ചയ്ക്കായിട്ട് അയാൾ മൂടിയിരുന്നതു മാററി പിതാവിന്റെ മുഖത്തു നോക്കി. അശ്രുധാര പുഴപോലെ ഗുണേന്ദ്രന്റെ നയനങ്ങളിൽനിന്നും പുറപ്പെട്ടു. അയാൾ പിതാവിന്റെ പാദങ്ങളിൽ വീണ് അവസാനമായി നമസ്കരിച്ചു. സ്വർണ്ണം അഗ്നിയിൽ പഴുപ്പിച്ചു നിറംകൊള്ളുന്നതുപോലെ ദുഃഖം മനുഷ്യഹൃദയത്തെ ശുദ്ധീകരിക്കുന്നു. വളരെ നേരം ഗുണേന്ദ്രൻ കരഞ്ഞുകൊണ്ടിരുന്നു. പിന്നീടു ഹിന്ദുശാസ്ത്രപ്രകാരമുള്ള സംസ്കാരകർമ്മത്തിനു ഗുണേന്ദ്രൻ തെയ്യാറായി. അതു ദുഃഖകരമായ ഒരു സംഗതിയായിരുന്നു. എങ്കിലും കൂടാതെ നിവൃത്തിയില്ലായിരുന്നു. പിതാവിന്റെ അന്ത്യക്രിയകൾ കഴിഞ്ഞു ഗുണേന്ദ്രൻ കാലത്തു മടങ്ങിവന്നപ്പോൾ അയാളുടെ ഹൃദയം ലോകകാര്യങ്ങളിൽ വളരെ വിരക്തിയോടുകൂടി കാണപ്പെട്ടു. പഴയ ഗൃഹത്തിലേക്കു തിരിച്ചുവന്നു. പടിക്കൽ എത്തിയപ്പോൾ അയാളുടെ ഹൃദയം തുടിച്ചുതുടങ്ങി. ഗൃഹം അതുതന്നെ. എന്നാൽ അതിലെ താമസക്കാർ എവിടെ? അയാളുടെ അച്ഛനെവിടെ? അമ്മ എവിടെ? ഭാര്യ എവിടെ? ഒട്ടധികം വിചാരം വന്നപ്പോൾ അയാളുടെ നയനങ്ങൾ കോപംകൊണ്ടു് അരുണവർണ്ണമായിത്തീർന്നു. 'ആ നീചനോടു പ്രതിക്രിയ ചെയ്യണം. നിശ്ചയമായും വേണം' എന്നു തന്നെത്താൻ ഗുണേന്ദ്രൻ പറഞ്ഞുപോയി. അവിടംവിട്ടു തോട്ടത്തിലെ ബംഗ്ലാവിൽ എത്തി. ഉപേക്ഷിക്കപ്പെട്ട ഒരു ഗൃഹംപോലെ അവിടം കാണപ്പെട്ടു. പടിക്കൽ പാറാവുകാരൻ മാത്രമുണ്ടായിരുന്നു.

ഏകാന്തവാസത്തിൽ മുഷിപ്പത്തം തോന്നി. അവിടെനിന്നും ഗുണേന്ദ്രൻപോയി, ആദ്യം വന്നിറങ്ങിയ ഹോട്ടലിലേക്ക തിരിച്ചു. വൈകീട്ട പ്രിയൻെറ ഗൃഹത്തിലേക്ക വന്നു. അയാളുടെ തലമുടി ചിന്നിച്ചിതറിയും മുഖം വിളുത്തും നയനങ്ങൾ ചുവന്നുമിരുന്നു. പ്രിയൻ അയാളെ ആദരപൂർവ്വം സല്ക്കരിച്ചു.

ഭൂപനുമനിലനും അവിടെ ഉണ്ടായിരുന്നു. കുറെ നേരത്തേക്ക് ആൎക്കുമാൎക്കും സംസാരിക്കുവാൻ കഴിഞ്ഞില്ല. എല്ലാവരും ഗുണേന്ദ്രനോട് അനുശോചിച്ചു.

ഒടുവിൽ ഭൂപൻബാബു ഇങ്ങിനെ വൎത്തമാനം ആരംഭിച്ചു.

'കുമാർ! മഹാരാജാവിൻെറ മരണത്തിൽ ഞാൻ വ്യസനിക്കുന്നു. മരണം അദ്ദേഹത്തിന് ഒരനുഗ്രഹമായിരുന്നു. കുറെ നാളായി അദ്ദേഹം കഷ്ടപ്പെട്ടുകയായിരുന്നു.'

ഗുണേന്ദ്രൻ ഒരക്ഷരം സംസാരിച്ചില്ല. പിന്നേയും എല്ലാവരും അഗാധമായ മൌനത്തിൽ ലയിച്ചിരുന്നു. ആ സമയത്തു വിശ്വേശ്വരബാബു അവിടെ വന്നുചേൎന്നു. ഓരോരുത്തരും അയാളെ പ്രത്യേകം സൂക്ഷിച്ചുനോക്കി. ഗുണേന്ദ്രൻ ഒടുവിൽ സംഭാഷണം ആരംഭിച്ചു. മരണപത്രത്തെപ്പററി നിശ്ചയമായും എത്തുക്കണമെന്നു ഭൂപൻ ഉപദേശിച്ചു. ഭൂപൻ വിശ്വേശ്വരനോടായിട്ട് ഇങ്ങിനെ തുടൎന്നുപറഞ്ഞു:—

'വിശ്വേശ്വരബാബു! ആനന്ദനെപ്പററിയും സംഗതികളെപ്പററിയും നിങ്ങൾക്ക് അറിവുള്ളതുകൊണ്ട് ഇതിനെപ്പററി നിങ്ങൾ അറിഞ്ഞിട്ടുള്ളതു മുഴുവൻ എന്നോടു പറയണം.'

വിശ്വേശ്വര—എന്നെ ഭയപ്പെടുത്തിയതുകൊണ്ടു പ്രയോജനംകിട്ടുകയില്ല. വാസ്തവത്തെ വെളിപ്പെടുത്തുവാൻതന്നെ ഞാനും നിശ്ചയിച്ചിട്ടുള്ളതിനാൽ ഗുണേന്ദ്രനോടു ഞാൻ സംഗതികൾ തുറന്നുപറഞ്ഞിട്ടുണ്ട്. ഓരോന്നായി എന്നോടു ചോദിച്ചുകൊൾക. നിങ്ങളുടെ തൃപ്തിക്ക തക്കവണ്ണം വിവരമായി പറവാൻ ഞാൻ ശ്രമിക്കാം.

ഭൂപൻ—ആനന്ദൻെറ പഴയ ചരിത്രം വല്ലതും നിങ്ങൾക്ക് അറിയാമോ?

വിശ്വേശ്വ—അറിയാം, മുഴുവൻ അറിവില്ല.

ഭൂപൻ—നിങ്ങൾ പറയുന്നതു ഞാൻ എഴുതിയെടുത്തുകൊള്ളട്ടെ. അല്പം നില്ക്കുക.

ചോദ്യോത്തരരൂപത്തിൽ വിഘ്നേശ്വരന്റെ മൊഴി എഴുതിയെടുക്കുവാൻ ഭൂപൻ നോട്ടുബുക്കെടുത്തു തെയ്യാറായി. വിഘ്നേശ്വരൻ ഇങ്ങിനെ പറവാനാരംഭിച്ചു:--

'ആനന്ദന്റെ പിതാവു് ഒരു എക്സൈസ് സബ്ബ് ഇൻസ്പെക്ടരായിരുന്നു എന്നു ഞാൻ കേട്ടിട്ടുണ്ടു്. കള്ളഡയറി എഴുതിയെന്നും കൈക്കൂലി വാങ്ങിയെന്നുമുള്ള കുററങ്ങൾക്ക് അയാളെ ജോലിയിൽനിന്നും പിരിച്ചുവിട്ടു. അയാൾ മിഡ്നാപ്പുരം സ്വദേശിയായിരുന്നു. അയാൾ പിന്നീടു കല്ക്കത്തയിൽ വന്നു് ഒരു കൂട്ടം കൊള്ളക്കാരുടെ സംഘത്തിൽ ചേൎന്നു. അതിലയാൾ തലവനായിത്തീൎന്നു. അങ്ങിനെ കുറെ പണം അയാൾ സമ്പാദിച്ചു. എന്നാൽ സമ്പാദ്യം അനുഭവിച്ചുതുടങ്ങുന്നതിനു മുമ്പു തന്നെ തലേത്തട്ടിദീനം പിടിപ്പെട്ടു് അയാൾ കാലധൎമ്മത്തെ പ്രാപിച്ചു. ആനന്ദൻ അന്നൊരു വിദ്യാൎത്ഥിയായിരുന്നു. പിതൃസ്വത്തു മുഴുവൻ ആനന്ദനു കിട്ടി. എന്നാൽ ആ സ്വത്തു മുഴുവൻ അയാൾ ധൂൎത്തടിച്ചു നശിപ്പിച്ചു.'അന്ന്യായേനാൎജ്ജിതംവിത്തം തന്ന്യായേനവിനശ്യതി. പണമില്ലാതായിത്തീൎന്നതോടുകൂടി പണം ഉണ്ടാക്കുന്നതിന്നു് ആനന്ദൻ വഴിയാലോചിച്ചുതുടങ്ങി. അച്ഛനെപ്പോലെ മകനും. അയാൾ വ്യാജക്കറപ്പുവ്യാപാരത്തിൽ ഏൎപ്പെട്ടു--അതായതു പണ്ഡിതരുടെ സംഘത്തിൽ ചേൎന്നു. ആ പണ്ഡിതരെയാണു് ഒരു തെണ്ടിപ്പട്ടിയെപ്പോലെ വെടിവെച്ചുകൊന്നതു്.

ഭൂപൻ--ആ പായിൻറിനെപ്പററി വല്ല തെളിവുമുണ്ടോ?

വിഘ്നേശ്വ--ധാരാളം. ആനന്ദൻ ആ സംഘത്തിൽചേൎന്നു നടന്നിരുന്നതായി എളുപ്പത്തിൽ തെളിയിക്കാം.

ഭൂപൻ--ആകട്ടെ തുടൎന്നുകൊള്ളുക.

വിഘ്നേശ്വ--മോഷണതൊണ്ടികൾ ഒതുക്കുന്ന വിഷയത്തിലും അയാൾ ഏൎപ്പെട്ടിരുന്നു. ഇതു കാരണം ഒരു നല്ല സംഖ്യ അയാൾക്കു കിട്ടിവന്നു. എന്നാൽ അയാൾ പഠിച്ച കള്ളനായിരുന്നതിനാൽ മററുള്ളവർ സംശയിക്കാതിരിക്കുവാൻ അയാൾ സൂക്ഷിച്ചിരുന്നു. അയാളുടെ നടവടികളും സ്വഭാവവും അന്തസ്സോടുകൂടിയതായിരുന്നു. കണ്ടാൽതന്നെ ഒരു ഭേദപ്പെട്ടവനെന്നു മററുള്ളവൎക്കു തോന്നത്തക്ക ശരീരകാന്തിയും അയാൾക്കുണ്ടായിരുന്നു. എന്നുതന്നെയല്ല പണം പലിശക്കുകൊടുത്തു് ആ വഴിക്കു പല യുവാക്കന്മാരേയും അയാൾ സ്വാധീനം പി

ടിച്ചു. ഈ സംഗതിക്കു പ്രിയബാബുതന്നെ ഒരു സാക്ഷിയാണ്.

പ്രിയൻ അതുകേട്ടു ലജ്ജിച്ചു. വിശ്വേശ്വരൻ ചിരിച്ചുംകൊണ്ടു പിന്നെയും ഇങ്ങിനെ തുടൎന്നു:—

'കുമാർബഹദൂരിനെക്കൊണ്ടും ആ ഭാഗം തെളിയിക്കാം.' ഗുണേന്ദ്രനും വിശ്വേശ്വരനെ നെററി ചുളിച്ചു നോക്കി.

'അയാളുടെ രഹസ്യനടവടികളേയും സ്വഭാവത്തേയും പററി പറയുകയാണെങ്കിൽ അയാൾ ആദ്യത്തെ ഭാൎയ്യയെ വിഷം കൊടുത്തു കൊന്നു. പിന്നീടു ഗുണേന്ദ്രന്റെ —'

ഗുണേന്ദ്രൻ ഒന്നു ഞെട്ടി. പിന്നേയും അയാൾ ഇങ്ങിനെ വീണ്ടും തുടൎന്നു:—

'എന്നാൽ എല്ലാററിലും പ്രധാനമായി ഒന്നിനിയും പറയാനുണ്ട്. ഇതിനൊക്കെ മുമ്പു ഹരിമതിയെന്നൊരു സ്ത്രീ കല്ക്കത്തയിൽവന്നു താമസമാക്കി. ഇവളുടെ ചരിത്രവും വിശേഷപ്പെട്ടതാണ്.'

വിശ്വേശ്വരൻ ആശ്വാസത്തിനുവേണ്ടി ഒന്നു നിൎത്തി.

വീണ്ടും അയാൾ തുടൎന്നു പറഞ്ഞു:—

'ഈ ഹരിമതി ജാതിയിൽ ഒരു ക്ഷുരകന്റെ മകളും ബർഡ്വാൻ ഡിസ്ത്രിക്ടിൽ മക്കലപുരത്തുകാരിയുമായിരുന്നു. ചെറുപ്പത്തിലെതന്നെ അവൾ വിധവയായിത്തീൎന്നിരുന്നതിനാൽ ഭൎത്താവിന്റെ അച്ഛന്റെ ഗൃഹത്തിൽ അവൾ താമസിച്ചുവന്നു. യൌവ്വനകാലമായപ്പോൾ അവൾ ഗ്രാമത്തിലെ ഒരു യുവാവുമായി സ്നേഹമായി. എന്നാൽ അതു വളരെക്കാലം രഹസ്യമായി വെച്ചുകൊള്ളുവാൻ സാധിച്ചില്ല. താമസിയാതെ അവൾ ഗൎഭം ധരിച്ചു. അനന്തരം ഗ്രാമത്തിൽ താമസിക്കുന്നതു കുറച്ചിലും അപമാനകരവുമാകയാൽ വേറൊരാളൊന്നിച്ചു പുറപ്പെട്ടുപോയി കുറെ നാൾ ഒളിച്ചുതാമസിച്ചു. താമസിയാതെ അവൾക്കു് ഒരു കുട്ടി ജനിച്ചു. അതിന്റെ പിതൃസ്ഥാനം വഹിച്ചതു സ്ഥലം പോലീസു ഇൻസ്പെക്ടരായിരുന്നു. അയാളുടെകൂടെയായി പിന്നെ അവളുടെ താമസം. അയാൾ സ്ഥലംമാറിപ്പോകുന്ന ഗഡുവായപ്പോൾ അയാൾക്കു ധാരാളം പരിചയവും അടുപ്പവും ഉണ്ടായിരുന്ന ഒരു യുവാവായ ഗ്രാമജമിന്താരുടെ അടുക്കൽ അവളെ ഏല്പിച്ചിട്ടു് ഇൻസ്പെക്ടർ നടന്നുകളഞ്ഞു. ആ യുവാവു് അവളെ

കല്ക്കത്തയിൽ കൊണ്ടുവന്ന് അവളോടുകൂടി താമസിച്ചുവന്നു. കുറെക്കഴിഞ്ഞപ്പോൾ ഒരനിഷ്ടസംഭവമുണ്ടായി. കുമാർ! ഞാൻ പറയുന്നതിൽ മുഷിയരുതേ.’

ഹരേന്ദ്രൻ എന്തെന്ന് അമ്പരന്നു.

അയാൾ വീണ്ടും തുടന്നു:——

‘ഈ ഹരിമതി അവളുടെ പേർ താര എന്നു മാററിയിരുന്നതു ഞാൻ പറവാൻ വിട്ടുപോയി. കല്ക്കത്തയിൽ വന്നപ്പോൾ അവൾ ഒരു ബ്രാഹ്മണൻെറ മകളാണെന്നു പറഞ്ഞു പരത്തി! അതു പോകട്ടെ. പ്രധാന സംഗതിയിതാണ്. ഏതോ വിശ്വാസവഞ്ചന എന്നു കാരണം പറഞ്ഞു താരയും ആ യുവാവുമായി കലഹത്തിനിടയായിത്തീർന്നു. അയാൾ അവളെ ഉപേക്ഷിച്ചുപോയി. അന്നുമുതൽ താരയുടെ ഭാഗ്യം അവളിൽ പുഞ്ചിരിതൂകി! അഞ്ചു വയസ്സായ ഒരു പെൺകുട്ടി ഉണ്ടായിരുന്ന താര, കണ്ടാൽ സൌന്ദര്യവതിയും നല്ല യൌവ്വനവും കായബലവും ഉള്ളവളും ആയിരുന്നു! അവൾ പൊതുജനദൃഷ്ടിക്കു വിഷയമായിത്തീർന്നു. പല അതിഥികളേയും അവൾ സ്വീകരിച്ച് ആനുകൂല്യം സമ്പാദിച്ചുവന്നു. ആ കൂട്ടത്തിലൊരാളായിരുന്നു പരേതനായ മഹാരാജബഹദൂർ. എന്നാൽ ഒന്നുരണ്ടു കൊല്ലത്തിനകം അവൾക്കു വസൂരി പിടിപെട്ടു. അതോടുകൂടി അവളുടെ സൌന്ദര്യം എല്ലാം അസ്തമിച്ചു. അവൾ ചാകാതെ ചത്തു രക്ഷപ്പെട്ടു. പല വിഷങ്ങളും കലടകളുടെ ദേഹത്തിൽ കലരുവാനെളുപ്പമുള്ളതിനാൽ സാധാരണ പകച്ചവ്യാധി പിടിപെട്ട് അവർ മരിക്കുന്നതു് അപൂർവ്വമാണ്. സുഖക്കേടു ഭേദപ്പെട്ടതോടുകൂടി പഴയ ശരീരകാന്തിയും രൂപലാവണ്യവും അവളോടു യാത്ര പറഞ്ഞു പിരിഞ്ഞിരുന്നു. അനന്തരമവൾ ദുർവ്യാപാരത്തിനു യുവതികളെ സജ്ജമാക്കുന്ന തൊഴിലിൽ ഏർപ്പെടുകയും പല കുട്ടികളേയും ആ വിഷയത്തിൽ പരിശീലിപ്പിച്ചു വളർത്തിവരുകയും ചെയ്തു വന്നു. ഇക്കാലത്തു് ആനന്ദൻെറ ആദ്യത്തെ ഭാര്യ മരിച്ചു. അതിൽപിന്നെ അയാൾ താരയുടെ ഗൃഹത്തിൽ കൂടക്കൂടെ സന്ദർശനങ്ങൾ തുടങ്ങി. വിശേഷിച്ച് താരയുടെ മകളുടെ രൂപലാവണ്യംഅയാളെപ്രത്യേകം ആകർഷിച്ചുമിരുന്നു. ധനികന്മാരും ധൂർത്തന്മാരുമായ യുവാക്കന്മാരെ വഴി തെററിക്കുന്നതിൽസമർത്ഥനായയാരായിബഹളമൊന്നിച്ച് ആനന്ദൻതാരയുടെഗൃഹത്തിൽ പൊയ്ക്കൊണ്ടിരുന്നു. ഞാൻ പറഞ്ഞതു ശരിയാണ്. അല്ലെങ്കിൽ പ്രിയബാബു പറയട്ടെ.’’

പ്രിയൻ ലജ്ജിച്ചു തല കുനിച്ചു. വിശ്വേശ്വരൻ പിന്നേയും വിവരണം തുടൎന്നു:—

'റായിബഹദൂർ ഒരു നല്ല "കുടിയാനവ"നാണ്. ധാരാളം കുടിക്കുവാൻ എവിടെ കിട്ടുമോ അവിടെ നമ്മുടെ ബഹദൂറിനേയും കാണാം. ആനന്ദൻ സ്വാൎത്ഥം സാധിക്കുവാൻ വേണ്ടി കുറെ നാളുത്തേക്കു വളരെ ഔദാൎയ്യം പ്രദൎശിപ്പിച്ചുവന്നു. ആനന്ദൻ ധാരാളം പണം ചിലവിടുവാൻ തുടങ്ങി. ഹരിമതിക്കു (താരസ്സു്) അയാൾ ധാരാളം പണം കൊടുത്തു. റായി ബഹദൂറിനു ധാരാളം കുടിക്കുവാനും കൊടുത്തുവന്നു. വീടുംകൂടുമില്ലാത്ത റായിബഹദൂർ താരയുടെ ഗൃഹത്തിൽ സ്ഥിരതാമസവുമാക്കി. ആനന്ദൻ ധാരാളം പണം ചെലവുചെയ്യിരുന്നതിനാൽ താരയുടെ ഗൃഹത്തിൽ താമസിച്ചു് അവളുടെ ആവശ്യങ്ങൾ നിവൃത്തിച്ചുകൊടുത്തുകൊള്ളണമെന്നു് ആനന്ദൻ ശട്ടംകെട്ടുകയും റായിബഹദൂറിനു കുടിക്കുവാൻ വേണ്ടതിലധികം ആനന്ദൻ തന്നെ കൊടുത്തുവരികയും ചെയ്തു. ഈ ഔദാൎയ്യങ്ങൾക്കു് ഒടുവിൽ താരയുടെ മകളായ സുരബാലയെ ആനന്ദനു സമ്മാനമായി കിട്ടി. സുര അന്നു നല്ല ഒരു പെൺകുട്ടിയായിരുന്നു. ഇന്നും അവളുടെ യൌവ്വനം ക്ഷയിച്ചിട്ടില്ല. ആനന്ദൻ സുരബാലയെ വിവാഹം ചെയ്തു ഭാൎയ്യയാക്കിവെച്ചുകൊണ്ടിരുന്നതും അവളുടെ സഹായംമൂലം നിസ്സഹായയായ ഒരു പെൺകുട്ടിയെ മഹാരാജാവിന്റെ തലയിൽ വച്ചുകെട്ടിയതും മററും എല്ലാവൎക്കും അറിവുള്ള സംഗതിയാണല്ലോ. മഹാരാജാവിനെ വശപ്പെടുത്തി സുര ഉപയോഗിച്ചുവന്ന സ്വാധീനശക്തിയും സുവ്യക്തമത്രെ.'

വിശ്വേശ്വരന്റെ കഥാപ്രസംഗം ചുമവന്നു നിരോധിക്കപ്പെട്ടു. ചുമച്ചതിന്നു കുറെ കഴിഞ്ഞു അയാൾ വീണ്ടും തുടൎന്നു പറഞ്ഞു:—

'ഹാ! എന്തൊരു ചുമ! എന്നാൽ ആദ്യം പറയേണ്ടയായിരുന്ന ഒരു സംഗതി മറന്നുപോയി. കൽക്കത്തയിലെക്കു എററവും ധനികനാകണമെന്നായിരുന്നു ആനന്ദന്റെ വിചാരം. അതിനു് അയാൾ പല വഴിയും എടുത്തിരുന്നു. അയാൾ ഗുണേന്ദ്രന്റെ ഭാൎയ്യയുടെ ആഭരണങ്ങൾ കൂടി മോഷ്ടിച്ചെടുത്തിരുന്നതായി കൂടി ഞാൻ കേട്ടിട്ടുണ്ടു്.'

ഗുണേന്ദ്രനു സഹിക്കവയ്യാത്ത കോപം ജ്വലിച്ചു.

'മഹാരാജാവിൻെറ വിൽപ്പത്രം ആനന്ദൻെറ അതിമോഹശൃംഖലയുടെ ഒരു കണ്ണി മാത്രമാണ്.'

ഈ സന്ദർഭത്തിൽ ഭൂപൻ കേറി പറഞ്ഞു:—

'ഈ പറഞ്ഞതെല്ലാം വാസ്തവം തന്നെയായിരിക്കും. എന്നാൽ അയാളെ ഒരു ക്രിമിനൽപുള്ളിയായി ഗണിച്ചു നടപടി നടത്തുന്നതിനു വേണ്ട തെളിവ് ഇനിയും നിങ്ങൾ തന്നുകഴിഞ്ഞിട്ടില്ല. ഇതുകൊണ്ട് അയാളെ നീതിന്യായക്കോടതിയിൽ കൊണ്ടുവരുവാൻ മതിയായ തെളിവായിട്ടില്ല.'

'കൊള്ളാം! ഇങ്ങിനെയാണു നിയമത്തിൻെറ പോക്കെങ്കിൽ നിയമത്തെപ്പററി എനിക്കു ലേശവും ബഹുമാനം തോന്നുന്നില്ല. ഇത്ര നീചനായ ഒരാളെ ഇതുകൊണ്ടൊന്നും ശിക്ഷിക്കുവാൻ മതിയാകുകയില്ലെങ്കിൽ പിന്നെ 'ലാ'കൊണ്ടെന്തൊരുപയോഗമാണുള്ളതു്?' എന്ന് അനിലൻ അഭിപ്രായപ്പെട്ടു.

ഭൂപൻ—നിങ്ങൾക്കു പിന്നെ മനസ്സിലാകും. ഇതു പരിഷ്ക്കാരത്തിൻെറ ഫലമാണ്. ആകട്ടെ. അടുത്ത കാലത്തെ കുറേക്കൂടി ശക്തിയുള്ള ചില സംഗതികൾകൂടി കേൾക്കട്ടെ.

വിശ്ലേശ—എന്തുകൊണ്ട്? അയാൾ ഒരു വഞ്ചകൻ. പോരെങ്കിൽ കളവുമുതൽ ഒതുക്കിയവൻ. സ്ത്രീജനങ്ങളുടെ ചാരിത്രത്തെ നശിപ്പിക്കുവാൻ കച്ചകെട്ടിയവൻ. ഇതിലധികം എന്തു വേണം?

ഭൂപൻ—ആദ്യം പറഞ്ഞതും രണ്ടാമത്തേതും തെളിയിക്കുവാൻ വിഷമം. ഒടുവിൽ പറഞ്ഞതു് അതിലധികം വിഷയം. അങ്ങിനെയുള്ളവരുടെ ഭർത്താക്കന്മാരൊ ബന്ധുക്കളൊ കോടതിയിൽ വന്നു കുഡുംബത്തിനു തങ്ങൾക്കു അപമാനകരമായ സംഗതികൾ പറയുക എന്നതും വളരെ വിഷമപ്പെട്ടതുതന്നെ.

ഗുണേന്ദ്രൻ—നിയമത്തിൻെറ ഭുജങ്ങൾക്ക് അത്രമാത്രം ദൈർഘ്യം ഇല്ലെങ്കിൽ എൻെറ കൈകൾ ആ നീചനോടു പൊരുതുന്നതിനു തയ്യാറാണ്.

വിശ്ലേശര—കുറച്ചുകൂടി ഞാനറിയും. അയാളുടെ പണം എങ്ങിനെ ഉണ്ടായി എന്നതും ഞാനറിഞ്ഞിട്ടുണ്ട്.

ഭൂപൻ—അതു കേൾക്കട്ടെ.

വിശ്ലേശ—കള്ളനോട്ട് അടിച്ച കേസിൽ അയാളും ഉൾപ്പെട്ടിട്ടുണ്ട്.

ഭൂപൻ—അതെങ്ങിനെ തെളിയിക്കാം? അയാളുടെ വീടു പരിശോധിച്ചാൽ കണ്ടുകിട്ടുമോ?

വിശ്വേ—പക്ഷെ ഇല്ലെന്നു വന്നേക്കാം. അതുകൾ വീട്ടിൽ സൂക്ഷിക്കത്തക്കവണ്ണം അയാൾ അത്ര മടയനല്ല. അയാൾക്കു വേറെ സൂക്ഷിപ്പുസ്ഥലമുണ്ട്.

ഭൂപൻ—അതു നിങ്ങൾക്ക് എങ്ങിനെ അറിയാം?

വിശ്വേശ്വരൻ കുറെ നേരത്തേക്കു മൌനമായിരുന്നു.

വിശ്വേ—എന്റെ അറിവിൽ പെട്ടേടത്തോളം അതുകൾ താരയുടെ കൈവശം സൂക്ഷിച്ചിട്ടുണ്ട്.

ഭൂപൻ—ആ ഭാഗം കുറെക്കൂടി വിസ്തരിച്ചുപറയുക. ഈ നോട്ടുകൾ എവിടെവെച്ചാണ് അടിച്ചതു്?

വിശ്വേശ്വ—അതെനിക്കറിവില്ല. അതുകൾ എവിടെവെച്ച് എപ്പോൾ അടിച്ചു എന്ന് എനിക്കറിവാൻ വയ്യ. അയാളുടെ കൂടെയുണ്ടായിരുന്ന മറ്റൊരാളായിരുന്നു അടിച്ചതു് എന്നു മാത്രം ഞാനറിഞ്ഞിട്ടുണ്ട്.

ഭൂപൻ—കേൾക്കട്ടെ. കേൾക്കട്ടെ.

വിശ്വേശ്വ—വരട്ടെ, ക്ഷമിക്കുക. ഞാൻ സംഗതികൾ പറയാമെന്നുവെച്ച സ്ഥിതിക്ക് ഇനി ഒന്നും ഒളിച്ചുവെക്കുന്നില്ല. ഒരു ദിവസം ഞാനും ആനന്ദനുമായി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ കൃശഗാത്രനായ ഒരാൾ ആ മുറിയിൽ കടന്നുവന്നു. എന്നെ കണ്ട മാത്രയിൽ അയാൾ ഒന്നു പരിഭ്രമിച്ചതുപോലെ എനിക്കു തോന്നി. അയാൾ എന്നെ സൂക്ഷിച്ചുനോക്കി. വൃത്തിയായി മാന്യരീതിയിൽ വസ്ത്രധാരണം ചെയ്തിരുന്ന ആ മനുഷ്യന്റെ വാക്കും നടവടിയും കണ്ടാൽ ഏതാണ്ടു വിദ്യാഭ്യാസം ഉള്ളവനാണെന്നു തോന്നിച്ചിരുന്നു. ആനന്ദൻ ഉടനെ അയാളേയും കൂട്ടിക്കൊണ്ട് അടുത്ത മുറിയിൽ പോയി രണ്ടാളും തമ്മിൽ എന്തൊക്കെയോ മന്ത്രിച്ചു. എനിക്കതിൽ കൌതുകം തോന്നി. ഞാൻ ഉടനെ എഴുന്നേററു പാതിലിന്റെ വിള്ളിൽക്കൂടി ഉററുനോക്കി. അവരുടെ സംഭാഷണം എനിക്കു മനസ്സിലാക്കുവാൻ സാധിച്ചില്ല. എന്നാൽ അല്പം കഴിഞ്ഞപ്പോൾ ആ മനുഷ്യൻ ആനന്ദന്റെ കൈയിൽ ഒരു കെട്ടു നോട്ടുകൊടുത്തതു ഞാൻ കണ്ടു. ആനന്ദൻ അതു കീശയിൽ ഇട്ടിട്ടു പകരം കുറെ പത്തുരൂപാ നോട്ടു കൊടുക്കുന്നതും ഞാൻ കണ്ടു. എത്ര

യെന്നു എനിക്കു രൂപമില്ല. ആ പുതിയ മനുഷ്യൻ നോട്ട് എണ്ണിനോക്കിട്ട്---'അതു ശരിയായില്ല. കുറെക്കൂടി തരണം' എന്നു പറഞ്ഞു. ആനന്ദൻ അതിനു മറുപടിയായി 'എന്നോടു മുഷിയരുത്. എൻെറ ഭാരം നിങ്ങളുടേതിനെക്കാൾ എത്രയോ വലുതാണ്' എന്നു പറഞ്ഞു. ആ മനുഷ്യൻ പിന്നെ ഒന്നും മിണ്ടാതെ കിട്ടിയതുംകൊണ്ടു പോകുകയും ചെയ്തു. ആനന്ദൻ മടങ്ങിവന്നു ഞങ്ങൾ പിന്നെയും പലതും സംസാരിച്ചുകൊണ്ടിരുന്നു. അയാളായിരുന്നു കള്ളനോട്ടുകൾ അടിച്ചവനെന്നാണെൻെറ ഊഹം

ഭൂപൻ—അയാളെ തിരിച്ചറിയുന്നതിനു നിങ്ങൾക്കു സാധിക്കുമോ?

വിശ്വേ—വളരെ പ്രയാസം. ഞാനൊരിക്കലേ അയാളെ കണ്ടിട്ടുള്ളു. അതും വൈകീട്ടായിരുന്നു.

ഭൂപൻ—ആകട്ടെ. തുടർന്നുകൊള്ളുക. ആ നോട്ടു മാറി പണമാക്കിയതിനെപ്പററി വല്ലതുമറിയാമോ?

വിശ്വേ--അറിവില്ല.

വിശ്വേശ്വരൻ പിന്നെയും നിർത്തി. അയാൾ കണ്ണടച്ചു കുറെ നേരം മൌനമായി നിന്നു. ആ ഓരോ മിനിട്ടും ഓരോ മണിക്കൂറുപോലെ അവിടെ കൂടിയിരുന്നവർക്കു തോന്നി. വിശ്വേശ്വരൻ വീണ്ടും വിവരണം തുടർന്നു:--

'ഞാൻതന്നെ അവയിൽ ചിലതു മാറിയിട്ടുണ്ട്.'

'എപ്പോൾ?'

'സുശീലയെ മോഷ്ടിച്ചുകൊണ്ടുപോയ സമയത്ത്'

ഗുണേന്ദ്രൻ വല്ലാതെ പല്ലു കടിച്ചു.

വിശ്വേ--കുമാർ! എന്നോടു പരിഭവിക്കേണ്ട. ആ വിശ്വേശ്വരൻ ചത്തു. അയാളുടെ പഴയ ദേഹത്തിൽ ഒരു പിശാച് ഇരിക്കുകയാണ്. നാമെല്ലാംതന്നെ ഒരു കാലത്തു മൃഗങ്ങളായിരുന്നു. ഞാൻ കണ്ട ആ ഭയങ്കരമായ കാഴ്ച എൻെറ സ്വഭാവത്തിനു മാററം വരുത്തി.

അനിലൻ--അതെന്ത്? വിശ്വേശ്വരബാബു!

വിശ്വേ--രണ്ടു ദിവസം മുമ്പ് ഉച്ചക്കു ഞാൻ വീട്ടിലേക്കു മടങ്ങുന്ന സമയം വഴിയിൽ ഒരു കുഷ്ഠരോഗി ഭിക്ഷക്കു യാചിക്കുന്നതായി കണ്ടു. അതികഠിനമായ വെയില്. ആ സാധു ആ കഠോരമായ വെയിലത്തു കിടന്നു കഷ്ടപ്പെടുന്നതു കണ്ട് എനിക്ക്

അനുകമ്പ തോന്നി. ഞാൻ അടുത്തു ചെന്നു. അപ്പോഴാണു് അവളെന്റെ പഴയ ഭാൎയ്യ എന്നു മനസ്സിലായതു്. ഭയങ്കരം! ഞാനവളെ ആദ്യം കണ്ടിട്ടു് അറിഞ്ഞില്ല. അവൾ എന്നെ സൂക്ഷിച്ചുനോക്കിക്കൊണ്ടു പറഞ്ഞു.-- 'വിശ്വേശ്വരനല്ലേ നിങ്ങൾ.' ഞാൻ ഒന്നു ഞെട്ടി. 'അതെ,' എന്നു ഞാൻ പറഞ്ഞപ്പോൾ 'ഞാൻ നിങ്ങളുടെ ഭാൎയ്യയാണു്. എന്നെ മനസ്സിലായില്ലേ?' അവൾ വീണ്ടുംപറഞ്ഞു.--എന്റെ മഹാപാപങ്ങൾക്കു ഞാനിപ്പോൾ അനുഭവിക്കുന്നതു നോക്കുക. നിങ്ങൾക്കും ഇതൊക്കെത്തന്നെയാണനുഭവമെന്നു് ഓൎമ്മിച്ചുകൊള്ളുക. ഇന്നല്ലെങ്കിൽ നാളെ.' അവിടെ നില്ക്കുന്നതിനുതന്നെ എനിക്കു ശക്തിയില്ലാതായിത്തീൎന്നു. ഞാൻ ഓടിക്കളഞ്ഞു. അന്നുമുതൽ ആ കാഴ്ചയുടെ ഭയങ്കരസ്മരണ എന്നെ രാപ്പകൽ പിന്തുടരുന്നുണ്ടു്. ഉറക്കത്തിൽ കൂടി അതെന്നെ വിട്ടുപിരിയുന്നില്ല. ഞാൻ ഭയങ്കരമായ ഒരു സ്വപ്നം കണ്ടു. ഒരു വലിയ ഭൂതം എന്റെ തലക്കൽ നിന്നിരുന്നു. കൈയിൽ ഒരു വലിയ വടിയുമുണ്ടായിരുന്നു. ആ വടി ഇളക്കിക്കൊണ്ടു കണ്ണു തുറിച്ചു് ഇങ്ങനെ അലറി! ഇതുകൊണ്ടു നിന്റെ ഹൃദയത്തെ ഞാൻ തുരന്നെടുത്തുകളയും. നീ ചാകണം. തയ്യാറായിക്കൊള്ളുക' വടി എന്റെ നേരെ ഓങ്ങി. ഞാൻ ഉറക്കെ നിലവിളിച്ചു. പെട്ടെന്നു ഞാൻ ഉണൎന്നു. ഏതായാലും കഴിഞ്ഞതിനെപ്പററി ഞാൻ മനസ്താപപ്പെടുന്നു. നിങ്ങൾ എല്ലാവരുംതന്നെ എന്നെ വെറുക്കുന്നതായി എനിക്കറിയാം. ഞാനതു് അൎഹിക്കുന്നവൻതന്നെ.

വിശ്വേശ്വരന്റെ വാക്കുകൾ കേട്ടു് എല്ലാവരും അതിശയിച്ചു.

വിശ്വേ—കഥ തുടരട്ടെ. സുശീലയെ ലഭിക്കുന്നതിനു് ആനന്ദന്റെ സഹായത്തെ ഞാൻ ആവശ്യപ്പെട്ട സമയം അയാൾക്കു് എന്നിൽ വിശ്വാസം ഉദിച്ചു. നാലു കള്ളനോട്ടുകൾ മാറുന്നതിനു് എന്നെ ഏൽപ്പിച്ചു. വല്ലവരും സംശയിക്കുന്നപക്ഷം നല്ല നോട്ടു കൊടുക്കുന്നതിനു് ഒരു നല്ല നോട്ടും തന്നിരുന്നു. നോട്ടുകൾ ഞാൻ വാങ്ങിച്ചു. ഞാൻ ഒരു യൂറോപ്യൻ ഷാപ്പിൽനിന്നും കുറെ സാമാനങ്ങൾ എടുത്തതിനു കള്ളനോട്ടു കൊടുത്തു മാറി. അന്നുതന്നെ അങ്ങിനെ രണ്ടുമൂന്നു ഷാപ്പുകളിൽ ആയിട്ടു് ആ നോട്ടു നാലും ഞാൻ മാറി പണമാക്കി. എന്നാൽ ഓരോ ഷാ

പ്പിൽനിന്നും പത്തും പതിനഞ്ചും രൂപക്കു സാമാനം വാങ്ങി ബാക്കിയും വാങ്ങി കൊണ്ടുപോന്നു. അങ്ങിനെ മൂന്നു് നൂറു രൂപായുടെ നോട്ടു ഞാൻ മാറി. നാലാമത്തതു് ഒരു പന്തയസ്ഥലത്തു കൊണ്ടുചെന്നു മാറി.

ഭൂപൻ—മാറിയ തീയ്യതി ശരിയായി പറയാമോ?

വിശ്വേ—നിവൃത്തിയില്ല.

ഭൂപൻ—വിശ്വേശ്വരബാബൂ! നിങ്ങൾ സത്യം പറഞ്ഞല്ലോ. ഞാൻ സന്തോഷിക്കുന്നു. എന്നാൽ നിയമപ്രകാരം നിങ്ങളെ അറസ്റ്റു ചെയ്യേണ്ടതു് എന്റെ കടമയാകുന്നു. നിങ്ങൾ കുററം സമ്മതിച്ചിരിക്കുന്നു.

അനിലൻ—ലായേപ്പററി ഒന്നും പറയേണ്ട. അതു സാധുക്കളെ ഞെക്കി പിഴിയുന്ന ഒരു യന്ത്രം.

ഭൂപൻ—നിങ്ങളെന്തു പറഞ്ഞാലും നിയമം നിയമംതന്നെ. വിശ്വേശ്വരബാബു ആ വിവരം പോലീസിനെ ധരിപ്പിക്കേണ്ടതായിരുന്നു. ആ കള്ളനോട്ടുകൾ അറിവോടുകൂടി വ്യാപരിപ്പിക്കുവാൻ ശ്രമിച്ചതു കുററകരവുമാകുന്നു. എന്നാൽ നിങ്ങൾ സത്യം തുറന്നുപറഞ്ഞിരിക്കുന്ന സ്ഥിതിക്കു നിങ്ങളെ തല്ക്കാലം ഞാൻ അറസ്റ്റുചെയ്യുന്നില്ല. എന്നാൽ കോർട്ടിൽ കേസു വരുമ്പോൾ നിങ്ങളെ അറസ്റ്റുചെയ്യുന്നതുമാണു്. പക്ഷെ മാപ്പുസാക്ഷിയായി നിങ്ങളെ വിസ്തരിച്ചു വെറുതെ വിടുന്നതുമാണു്.

വിശ്വേ—ഭൂപൻ ബാബൂ! നിങ്ങൾ ദയവുചെയ്തു എന്നെ അറസ്റ്റു ചെയ്യുക. എനിക്കു സാമുദായികജീവിതത്തിൽ ഭ്രമമൊന്നുമില്ല.

ഭൂപൻ—ആകട്ടെ. നിങ്ങൾക്കു് ആ മരണപത്രത്തെപ്പററി എന്തറിയും?

വിശ്വേ—മരണപത്രത്തിലെ ഉള്ളടക്കത്തെപ്പററി എനിക്കു് അധികമൊന്നും അറിവില്ല. എങ്കിലും ഇത്രയുമറിയാം. വസ്തുവകകളൊന്നും മഹാരാജാവിന്റെ സ്വന്തമല്ലെങ്കിലും അതുകൾ എല്ലാം കൂടി മഹാരാജാവു മരണപത്രം മൂലം അദ്ദേഹത്തിന്റെ വിധവക്കു് അവകാശപ്പെടുത്തിട്ടുണ്ടു്. സ്വത്തുക്കൾ വാസ്തവത്തിൽ മറെറാരാളുടേതാണു്.

എല്ലാവരും അതു കേട്ടു് അത്ഭുതപ്പെട്ടു. ഗുണേന്ദ്രൻ തല താഴ്ത്തി.

വിശ്വേശ്വ——കുമാർ! ഞാൻ വാസ്തവം പറയുന്നതിൽ പരിഭവിക്കരുതു്. ആ വസ്തുക്കളും സ്വത്തുക്കളുമെല്ലാം രാജാരാജേന്ദ്രഭൂഷണന്റെ വകയായിരുന്നു. അദ്ദേഹം വയസ്സായപ്പോൾ സന്യസിക്കുകയും ഭാൎയ്യയോടുകൂടി കാശിയിൽ താമസമുറപ്പിക്കുകയും ചെയ്തിരുന്നു. അവിടെ വെച്ചു് അദ്ദേഹം കാലഗതിയെ പ്രാപിച്ചു. രാജേന്ദ്രഭൂഷണന്നു് ഒരു മകനും ഒരു മകളുമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മരണശേഷം മകനായ കമലേന്ദ്രഭൂഷണൻ സകലസ്വത്തിനും അവകാശിയായിത്തീൎന്നു. അക്കാലത്തു രാജേന്ദ്രഭൂഷണന്റെ മകളുടെ മകനായ ബാലേന്ദ്രഭൂഷണൻ കമലേന്ദ്രനോടുകൂടി താമസിച്ചിരുന്നു. ബാലേന്ദ്രൻ കമലേന്ദ്രനെ വിഷംകൊടുത്തു കൊന്നുവെന്നാണു ജനസംസാരം. ബാലേന്ദ്രന്നും ഒടുവിൽ അതുതന്നെ അനുഭവമായി.

അനിലൻ——വാളുകൊണ്ടു ജീവിക്കുന്നവൻ അതുകൊണ്ടുതന്നെ നശിക്കണം.

വിശ്വേ——മഹാരാജാ കമലേന്ദ്രഭൂഷണൻ തന്റെ വിധവയേയും ഏകസന്താനമായ പെൺകുട്ടിയേയും ദുഃഖസാഗരത്തിൽ തള്ളിവിട്ടു യമലോകം പ്രാപിച്ചു. അന്നു് ആ മകൾ പെൺകുട്ടിക്കു് അഞ്ചു വയസ്സു പ്രായമായിരുന്നു. ബാലേന്ദ്രൻ ഉടൻതന്നെ സകല വസ്തുക്കളും സ്വത്തുക്കളും കൈവശപ്പെടുത്തുകയും കമലേന്ദ്രന്റെ ഏകപുത്രിയെ വിഷംകൊടുത്തു കൊല്ലുന്നതിന്നു ശ്രമിക്കുകയും ചെയ്തുവന്നു. കമലേന്ദ്രന്റെ ഭാൎയ്യ ഈ വിവരം അറിഞ്ഞ മാത്രയിൽ ആ കുട്ടിയേയുംകൊണ്ടു് എവിടേക്കോ പൊയ്ക്കളഞ്ഞു. പിന്നീടു് ഏഴെട്ടു കൊല്ലത്തിനുശേഷം ആ പെൺകുട്ടിയെ കല്ക്കത്തയിൽവെച്ചു മൂന്നുപ്രാവശ്യം ഞാൻ കണ്ടിട്ടുണ്ടു്. അവൾ മരിച്ചിരിക്കണമെന്നു ഞങ്ങളെല്ലാം ആദ്യം വിചാരിച്ചിരുന്നു. മഹാരാജാ ബാലേന്ദ്രന്റെ പടിക്കൽ വെച്ചു് അവളെ ആദ്യമായിക്കണ്ടു. അന്നു മഹാരാജാവു തന്നെ അവളെ ആളു മനസ്സിലായപ്പോൾ വിയൎത്തുപോയി. അടുത്ത പ്രാവശ്യം തന്താനിയാവിൽ ഒരു കുടിലിൽ താമസിക്കുന്നതായി കണ്ടു. അവിടെനിന്നു് അവൾ മോഷ്ടിക്കപ്പെട്ടു. മൂന്നാമത്തെ പ്രാവശ്യം മഹാരാജാ ബാലേന്ദ്രന്റെ കൊട്ടാരത്തിൽ വെച്ചുതന്നെയായിരുന്നു കണ്ടതു്. ഇതിൽ കൂടുതൽ എനിക്കൊന്നുമറിവില്ല. ആ പെൺകുട്ടിയെ ലതികയെന്നു വിളിക്കാ

രുണ്ടെങ്കിലും ഇന്ദുമതി എന്നാണ് അവളുടെ യഥാൎത്ഥമായ പേര്.'

അനിലൻ — എന്ത്? ഇന്ദുമതിയൊ?

വിഢേല്ല — അതെ. എന്താണു ചോദിച്ചതു്?

എല്ലാവരും അനിലന്റെ മുഖത്തേക്കു നോക്കി. 'ഇന്ദുമതി' എന്നു് അനിലൻ പിന്നേയും പതുക്കെ പറഞ്ഞു. 'എനിക്കു തലവേദന എടുക്കുന്നു. ഞാൻ പുറത്തേക്കു് ഒന്നു പോകട്ടെ' എന്നു് അനിലൻ പറഞ്ഞതു് അവ്യക്തമായിരുന്നതിനാൽ ആരും കേട്ടില്ല. കുറെ കഴിഞ്ഞു് അനിലൻ ആശ്വസിച്ചു.

ഭൂപൻ — വിഢേല്ലശൎമ്മബാബു! നിങ്ങൾ തന്ന വിവരണത്തിനു വന്ദനം. ഈ റായിബഹദൂർ ആരെന്നു നിങ്ങൾക്കു വല്ലതുമറിവുണ്ടോ? അയാൾ ഒരു പെൻഷ്യൻ ഉദ്യോഗസ്ഥനോ?

വിഢേല്ല — അതൊന്നുമല്ല. അയാളുടെ യഥാൎത്ഥമായ പേരു കൃഷ്ണചന്ദ്രറായി എന്നാകുന്നു; അയാളെ ആദ്യം എല്ലാവരും റായി എന്നു മാത്രം വിളിച്ചുവന്നു. അയാൾക്കു കുടിയിൽ ആസക്തി വൎദ്ധിച്ചുവന്നതോടുകൂടി ജനങ്ങൾ 'ബഹദൂർ' എന്നു പരിഹാസമായി വിളിച്ചുവന്നു. അങ്ങിനെ റായിബഹദൂർ ആയതാണ്. അങ്ങിനെ ഒരു സ്ഥാനം അയാൾക്കു ലഭിച്ചിട്ടുമില്ല; അയാൾ പെൻഷ്യൻ ഉദ്യോഗസ്ഥനുമല്ല. അയാൾക്കു സ്വന്തമായി ഒന്നുമില്ല. താരയുമായി അയാൾ വലിയ കൂട്ടുകെട്ടാണ്. കുടിക്കുവാനുള്ളതു് അവൾ കൊടുക്കുന്നു. എന്താണെന്നെനിക്കു രൂപമില്ല. അയാൾക്കു വല്ല പിതൃസ്വത്തും ഉണ്ടോ എന്നുള്ളതു് അറിവില്ല.

ജ്ഞാനേന്ദ്ര — അയാൾ ലോകത്തിൽവെച്ചൊരു ഭാഗ്യവാനാണ്. അയാൾക്ക് ഒന്നും കൊടുക്കാനുമില്ല, കിട്ടാനുമില്ല.

വിഢേല്ല — ഒരു കപാടം അയാൾക്കെതിരായി അടച്ചിരുന്നാൽ മറ്റൊന്നു് അയാൾക്കു തുറന്നിരിക്കും.

'ഹാ! ഹാ! ജ്ഞാനികളുടെ ഒരു സംഘം! ഇരുട്ടത്തു മൃഗങ്ങൾ കൂടിയിരിക്കുകയാണെന്നു ഞാൻ വിചാരിച്ചുപോയി' എന്നു പറഞ്ഞുകൊണ്ടു റായി ബഹദൂർ അവിടെ കടന്നുവന്നു. എല്ലാവരും അയാളെ കണ്ടു ചിരിച്ചു.

സന്ധ്യയ്ക്കു മുമ്പു പ്രിയന്റെ ഗൃഹത്തിൽ വന്നുകൊള്ളാമെന്നു റായിബഹദൂർ ജ്ഞാനേന്ദ്രനോടു പറഞ്ഞിരുന്നു. എന്നാൽ വന്നു

ച്ചതു് ഒടുവിലും എല്ലാവരും പിരിയുവാനായപ്പോഴും ആയിരുന്നു. റായി ബഹദൂർ തന്റെ വലിയ കുടവയർ വഹിച്ചുകൊണ്ടു് അവിടെ പ്രവേശിച്ചു് ഉറക്കെ ചിരിച്ചു. വിശ്വേശ്വരനെ കണ്ടു ഇങ്ങിനെ റായിബഹദൂർ പറഞ്ഞു.

'വിശ്വേശ്വരനെ ഭൂപൻ ബാബു അറസ്റ്റുചെയ്തിരിക്കയാണു് അല്ലേ? ഹാ! അതു നന്നായി. കുമാർ! ഇന്നു കളി ഉണ്ടായില്ലേ? ഹാ! നിങ്ങളൊരു സ്ഥിതിസമത്വവാദിയായിപ്പോയി. ഡാലിം സാവിത്രിയുടെ പാർട്ടു് എടുത്തതിൽ അത്ഭുതപ്പെടുവാനില്ല. പ്രിയ! നമ്മുടെ ഡാലിംനെ ഓർക്കുന്നോ? ഹാ! അവൾ ഇപ്പോൾ ഒരു നാടകക്കാരിയാണു്. ഓറിയൻറൽ തിയേറ്ററിലെ നക്ഷത്രം! ഹാ! ഹാ!'

പ്രിയൻ അതു കേട്ടു ലജ്ജിച്ചു.

ഭൂപൻ—റായി ബഹദൂർ! എന്തു സംസാരമാണിതു്? കുമാർ ബഹദൂർ ദുഃഖത്തിലിരിക്കുന്നു.

റായി ബഹ—മഹാരാജാവു് അപ്പോൾ മരിച്ചു ഇല്ലേ? അതിനു വ്യസനിക്കാനൊന്നുമില്ല. മഹാപാപികൾ ഇല്ലല്ലോ എന്നു് ഇനിയും ലോകം വ്യസനിക്കേണ്ടതായി വന്നിട്ടില്ല.

വിശ്വേശ—അങ്ങിനെ മര്യാദവിട്ടു സംസാരിക്കരുതു്.

റായി ബഹ—എന്തു്? നിങ്ങളെന്നെ അത്ഭുതപ്പെടുത്തുന്നല്ലോ വിശ്വേശ്വരബാബു! നിങ്ങളും സന്യാസിയായോ? എന്നു മുതലാണു്? ആനന്ദന്റെ 'മേശ' കഴിഞ്ഞു് ഒരു മണിക്കൂർ ഇടകൊണ്ടായിരിക്കുമില്ലേ?

ഭൂപൻ—ദയവുചെയ്തു നിൎത്തുക. ഞങ്ങൾ ഇവിടെ കൂടിയിരിക്കുന്നതു ചില ഗൌരവപ്പെട്ട സംഗതികളെപ്പററി ആലോചിക്കുവാനാണു്.

റായി ബഹ—ഹാ! അതു മുമ്പേതന്നെ പറയാമായിരുന്നല്ലോ. വിശ്വേശ്വരനെന്തിനു് ഇക്കൂട്ടത്തിൽ വന്നു? അയാൾ അറസ്റ്റിലാണോ?

ഭൂപൻ—അല്ല. ഞങ്ങളെ സഹായിക്കുവാൻ വന്നതാണു്.

റായിബഹ—സഹായിക്കുവാനോ? എനിക്കു തലയ്ക്കു യാതൊരു ലഹരിയുമില്ല. നിങ്ങൾ നേരമ്പോക്കു പറയുന്നു!

ഭൂപൻ—അല്ല, വിശ്വേശ്വരൻ കഴിഞ്ഞ കാലത്തെപ്പററി പശ്ചാത്തപിക്കുന്നു. നിങ്ങളുമങ്ങിനെ വേണ്ടതായിരുന്നു.

റായിബഹ—ഞാനെന്തെ? എന്തിന്? ഞാനെന്തു ചെയ്തു? ഞാനൊരു കുററവും ചെയ്തിട്ടില്ല. എന്നാൽ കുടിക്കും അതു ഞാൻ സമ്മതിക്കുന്നു. ലോകത്തിൽ സുഖമെന്നതു ലഹരിസാധനം ഉപയോഗിക്കുന്നതുതന്നെ. ഞാൻ പലരേയും വഞ്ചിച്ചിട്ടുണ്ടെന്നു നിങ്ങൾ പറയുമായിരിക്കാം. ഇല്ല. കുടിക്കാൻ മാത്രം ഞാൻ വല്ലതും ആവശ്യപ്പെട്ടിട്ടുണ്ട്. പ്രിയ! ഒന്നു ഞാൻ പറയട്ടെ. ഓലിം നിങ്ങളെ ഒന്നു കാണണമെന്നു പറയുന്നു. അവൾ ഇനിയും നിങ്ങളെത്തന്നെ വിചാരിച്ചുകൊണ്ടിരിക്കുന്നു!

ഗുണേന്ദ്ര—റായി ബഹദൂർ! നിങ്ങൾ മിണ്ടാതെയിരിക്കുകയില്ലേ?

റായിബഹ—നിങ്ങൾ പറഞ്ഞാൽ പിന്നെ അതിന് അപ്പീലുണ്ടോ? ഞാനിനി ഒരക്ഷരം മിണ്ടുകയില്ല.

റായിബഹദൂർ ഒരു കസാലയിലേക്കു മറിഞ്ഞു. അയാൾ അതുതന്നോടുകൂടി ഓരോരുത്തരുടേയും മുഖത്തു മാറിമാറി നോക്കി. അയാളുടെ ഈ ഗൌരവം കണ്ട് എല്ലാവരും ചിരിച്ചു. അയാളോട്ട യുക്തിവാദം ചെയ്യുന്നതു് ഉപയോഗമില്ലെന്നു കണ്ടു ഭൂപൻ തിരിഞ്ഞു ഗുണേന്ദ്രനോട്ട് ഇങ്ങനെ പറഞ്ഞു:—

'ഗുണേൻ ബാബു! നങ്ങളുടെ ഇപ്പോഴത്തെ ദുഃഖാവസ്ഥയിൽ ഞങ്ങളെല്ലാം അനുശോചിക്കുന്നു. നിങ്ങൾക്ക് എന്നെ ധാരാളം വിശ്വസിക്കാം. ആനന്ദനേയും സുരയേയും ശിക്ഷിപ്പിക്കുന്നതിന് എല്ലാവിധം ശ്രമവും ഞാൻ ചെയ്യും. വിശ്വേശ്വരബാബു നമ്മുടെ ശ്രമത്തിനു ഫലം നന്മേ കുറച്ചിട്ടുണ്ട്. വിശ്വേശ്വരൻ തന്നെ താൻ പണ്ടു ചെയ്ത അപരാധങ്ങൾക്കു പശ്ചാത്തപിക്കുന്നതു സന്തോഷകരംതന്നെ. നമുക്ക് ഇപ്പോൾ പറയാം. അവരുടെ മേൽ എന്തു നടപടിയാണു നടത്തുവാൻ പോകുന്നതെന്നു ഞാൻ പിന്നീട് അറിയിച്ചുകൊള്ളാം. കല്ക്കത്തയിൽ ഇനി എത്ര ദിവസത്തെ താമസം നിങ്ങൾ ഉദ്ദേശിക്കുന്നു?

ഗുണേന്ദ്ര—നാളെ നേരത്തെ ഞാൻ ചിൻസുരയ്ക്കു പോകുന്നു.

ഭൂപൻ—ആകട്ടെ. അതത്ര ദൂരമല്ലല്ലോ. ആവശ്യമുള്ളപ്പോൾ നിങ്ങൾക്കു വന്നുചേരുവാൻ വിഷമവുമില്ല.

ഗുണേന്ദ്ര—അങ്ങിനെതന്നെ. വന്ദനം.

ഗുണേന്ദ്രൻ എഴുന്നേററു. വിശ്വേശ്വരൻ അയാളെ പിന്തുടർന്നു. റായി ബഹദൂർ കസാലയിൽ കിടന്നു കൂർക്കം വലിച്ചുതുടങ്ങി. അയാൾ നല്ല ഉറക്കമായിരുന്നു!

ഭൂപൻ--അനില! നിങ്ങൾ എന്തിനാണു വിശ്വേശ്വരൻ ഇന്ദുമതിയുടെ പേർ പറഞ്ഞപ്പോൾ പരിഭ്രമം കാണിച്ചതു്?

അനിലൻ--വിശ്വേശ്വരൻെറ വാക്കുകൾ എന്നെ കുഴക്കി.

ഭൂപൻ--എന്തുകൊണ്ടു്?

അനിലൻ--ഞാൻ ഏകദേശം സ്വപ്നത്തിൽ വിവാഹം ചെയ്ത അവളുടെ പേരും ഇന്ദുമതിയെന്നാണു്. ഞാൻ ഒരു ലക്ഷപ്രഭുവിൻെറ അവകാശിയെയാണു വിവാഹംചെയ്തതെന്നു സന്യാസിനി പറഞ്ഞിരുന്നു. അവളുടെ സ്വത്തു മററൊരാൾ അപഹരിച്ചിരിക്കുന്നതായും പറഞ്ഞപ്പോൾ അയാളുടെ പേർ ഞാൻ ചോദിച്ചു. ബാലേന്ദ്രഭൂഷണനാണെന്നു സന്യാസിനി പറഞ്ഞ ഓർമ്മ ഇന്നും എനിക്കുണ്ടു്. സംഗതികൾക്കു വലിയ സാമ്യം കാണുന്നുണ്ടു്.

ഭൂപൻ കുറെ നേരം മൌനമവലംബിച്ചിട്ടു മോതിരം കാണിക്കുന്നതിനു് അനിലനോടു പറഞ്ഞു. അനിലൻ കൈ നീട്ടിക്കാണിച്ചു. ഭൂപൻ മോതിരം നല്ലവണ്ണം പരിശോധിച്ചിട്ടു് ഒരു ദീർഘശ്വാസത്തോടുകൂടി പറഞ്ഞു.--

'ഒന്നും മനസ്സിലാകുന്നില്ല. ഒന്നു തീർച്ചയാണു്. അതു വെറും സ്വപ്നമല്ല.'

അനിലൻ--എന്നെ മാസ്മരനിദ്രയിൽ അകപ്പെടുത്തിയിരുന്നു.

ഭൂപൻ--മൂന്നാലു കൊല്ലം മുമ്പു് നിങ്ങൾക്കും എനിക്കും താമസിക്കാതെ വലിയ സ്വത്തു കൈവശം കിട്ടുമെന്നു് ഒരു ജ്യോത്സ്യൻ പറഞ്ഞിരുന്നതു് ഓർമ്മയുണ്ടോ? നാം രണ്ടുപേരും അന്നു് അതുകേട്ടു ചിരിച്ചു. ലോകത്തിൽ അസംഭവ്യമായിട്ടൊന്നും തന്നെയില്ല. ഇന്ദുമതിയെ നിങ്ങൾ വിവാഹംചെയ്തിട്ടുണ്ടെങ്കിൽ അതിലും അതിശയിക്കാനൊന്നുമില്ല.

അനിലൻ പിന്നീടു് ഒന്നും പറഞ്ഞില്ല. പ്രിയൻ ഇങ്ങിനെ പറഞ്ഞു.

'ഭൂപൻ ബാബു! ഞാനൊന്നു ചോദിച്ചുകൊള്ളട്ടെ. എൻെറ ജ്യേഷ്ഠൻ ഇനി എത്ര നാൾ ഒളിച്ചു കഴിച്ചുകൂട്ടണം?

ഭൂപൻ--ഇനി അധികം വേണമെന്നു തോന്നുന്നില്ല. ആ പാങ്കിയെ ഒരു കൊല്ലത്തെ തടവിന്നു വിധിച്ചുകഴിഞ്ഞു.

പ്രിയൻ--ഒരു കൊല്ലത്തേക്കെ ഉള്ളുവൊ?

ഭൂപൻ—ചാർജ്ജുകൾ അധികമായാൽ തെളിവിൽ വരാൻ പ്രയാ

സം. ഏതായാലും പണ്ഡിതരുടെ സംഘം ചിതറിപ്പോയി. അതിൽ പലരേയും ദീൎഘകാലത്തെ തടവിനു വിധിച്ചിട്ടുണ്ട്. അതിലെ കൂട്ടമുക്കാലും പേരെ ശിക്ഷിച്ചുകഴിഞ്ഞു. ഇനി ഖാൻ സാഹിബ്ബ് ഒരാൾ മാത്രം ബാക്കി ഉണ്ട്. അയാളെ ഞാൻ അന്വേഷിക്കുകയാണ്. ഒരു മാസംകൂടി നിങ്ങളുടെ ജ്യേഷ്ഠൻ അങ്ങിനെ ഇരിക്കട്ടെ.

ആ സമയത്തു വാതുക്കൽ ആരോ മുട്ടുന്ന ശബ്ദം കേട്ടു. പ്രിയൻ വാതൽ തുറന്നു. അതു സുജനൻതന്നെയായിരുന്നു. അയാൾ ഒരു ഭിക്ഷുവിന്റെ വേഷം ധരിച്ചിരുന്നു. ഭൂപനെ കണ്ടമാത്രയിൽ സുജനൻ ഒന്നു പരുങ്ങി. എന്നാൽ ഭൂപനു് ആൾ മനസ്സിലായില്ല. ആ അപരനോട്ടു് എന്തോ സ്വകാൎയ്യമായി പ്രിയനു സംസാരിക്കുവാനുണ്ടാകുമെന്നു വിചാരിച്ചു ഭൂപൻ ആ മുറിയിൽനിന്നും പുറത്തേക്കിറങ്ങി. ഭൂപനും അനിലനും യാത്ര പറഞ്ഞു പിരിഞ്ഞു. സുജനൻ അകത്തേക്കു കടന്നു. ആ കാൎയ്യം കണ്ടു പ്രിയന്റെ ഹൃദയം വേദനിച്ചു. പ്രിയന്റെ നയനങ്ങളിൽ ബാഷ്പം നിറഞ്ഞു. എന്തായാലും അവർ ഒരമ്മയുടെ മുല കുടിച്ചു വളൎന്നവരാണല്ലോ. സുജനനോട്ടു് ഇരിക്കുന്നതിനു പ്രിയൻ പറഞ്ഞു. സുജനൻ ഒരു കസാലയിൽ ഇരുന്നു കുറെ നേരം മൌനമവലംബിച്ചു. പ്രിയനും ഒന്നും സംസാരിക്കാതെ നിന്നുപോയി. ആ മൌനം നൂറു വാക്കുകളേക്കാൾ ശക്തിയുള്ളതായിരുന്നു. അതു ഹൃദയവും ഹൃദയവുമായുള്ള സംഭാഷണമായിരുന്നു. ആ മൌനത്തിന്റെ കാരണം മനസ്സിലാക്കിയ പ്രിയൻ തന്നത്താൻ വ്യസനിച്ചു. ഒടുവിൽ സുജനൻ തന്നെ ഇങ്ങിനെ സംഭാഷണം ആരംഭിച്ചു.

'പ്രിയ! അനിയാ! ഞാൻ നിന്നോടു യാത്ര പറവാനായിട്ടുമാത്രം വന്നതാണ്.'

പ്രിയൻ--ഇങ്ങനെ സംസാരിക്കുന്നതെന്തു്?

സുജനൻ--ഞാൻ പറയുന്നതു കേൾക്കുക. പ്രിയ! എന്റെ ഇപ്പോഴത്തെ ജീവിതത്തെപ്പറ്റി ഞാൻ കുണ്ഠിതപ്പെടുന്നു. ജീവിതം എന്നതു് എനിക്കു ചുമക്കുവാൻ വയ്യാത്ത ഒരു ചുമടായിത്തീൎന്നിട്ടുണ്ടു്. ഒളിച്ചുതാമസിച്ചു ഞാൻ വിഷമിച്ചു. ഞാൻ ജീവിതത്തിൽ പലതും അനുഭവിച്ചു. പലതും കഷ്ടപ്പെട്ടു, പല ക്ലേശങ്ങളും സഹിച്ചു. കഴിഞ്ഞ കാലത്തു് എന്നെ ആനന്ദിപ്പിച്ചുകൊണ്ടിരുന്ന യാതൊന്നിലും ഇന്നിനിക്കു പ്രിയമില്ല. എന്റെ സ്ഥിതിയെപ്പറ്റി ഞാൻ സൂക്ഷ്മമായി പരിശോധിച്ചു.

അളവില്ലാത്ത അപരാധങ്ങൾ ഞാൻ ചെയ്തിട്ടുണ്ട്. നിയമത്തെ തടുക്കുവാൻ നിവൃത്തിയില്ല. ഞാനനുഭവിക്കുന്ന ശിക്ഷ മാനസികമായിട്ടുള്ളതും അനുഭവിക്കാതെ തരമില്ലാത്തതുമാണ്. ഞാൻ ഇനി നിന്നെയോ ഭുവനേശ്വരബാബുവിനേയോ എനിക്കുവേണ്ടി വിഷമിപ്പിക്കണമെന്നു വിചാരിക്കുന്നില്ല. അന്യനു ഞാനൊരു ഭാരമായി ഇനി തീരരുതെന്നു വിചാരിക്കുന്നു. വിധിക്കു ഞാൻ കീഴടങ്ങുന്നു. സമയം വരുമ്പോൾ പ്രാണൻ പോയിക്കൊള്ളും. അന്ധകാരമയമായ ഒരു ജീവിതം ഞാൻ നയിച്ചുവന്നു. അതിന് അന്ധകാരസംമിശ്രമായ മരണത്തെ വരിക്കുന്നതും ഉത്തമംതന്നെ. എത്ര നീചനും എന്റെ പഴയ ചരിത്രം കേൾക്കുന്ന അവസരത്തിൽ ലജ്ജിക്കാതെയിരിക്കുന്നതല്ല. പ്രിയ! ഞാൻ എന്തു ചെയ്തിട്ടില്ല? ഞാനമ്മയെ വ്യസനിപ്പിച്ചു. അച്ഛനെ വ്യസനിപ്പിച്ചു. ഈ ലോകത്തിൽ കാണപ്പെട്ട ദൈവങ്ങളായ അവർ എന്നെ സംബന്ധിച്ച മനോവേദനയോടുകൂടി മരിക്കുവാനിടയായി. എന്റെ ഭാര്യ—സാധു—എന്നെ വിചാരിച്ചു ഹൃദയം പൊട്ടി മരിച്ചു. അവളുടെ മരണത്തെ ത്വരിതപ്പെടുത്തിയതു ഞാനായിരുന്നു. എന്റെ കുഡുംബകീർത്തിയ്ക്കു ഞാൻ കരിതേച്ചു.

സുജനൻ അല്പം നിർത്തി. അയാളുടെ മിഴികളിൽ ജലം നിറഞ്ഞു. പ്രിയനും അടക്കുവാൻ വയ്യാത്ത സങ്കടം തോന്നി. എന്നാൽ അയാൾ ഇടക്കുകേറി ഒന്നും സംസാരിച്ചില്ല. സുജനൻ വീണ്ടും തുടന്നു:—

'വിതക്കുന്നതേ കൊയ്യുകയുള്ളു. എന്റെ ദുഷ്പ്രവൃത്തികളുടെ ഫലം ഞാനനുഭവിക്കുന്നു. അതനുഭവിച്ചു തീക്കുന്നതിനുള്ള ശക്തിയും ധൈര്യവും എനിക്കുണ്ടാകണമെന്ന് ഈശ്വരസന്നിധിയിൽ ഞാൻ പ്രാൎത്ഥിക്കുകയാണു ചെയ്യുന്നതു്. എനിക്കു കുട്ടികളൊന്നും ഇല്ലാത്തതു് എത്ര നന്നായി. അല്ലെങ്കിൽ ഏതു ആൺകുട്ടിയാണ് അല്ലെങ്കിൽ പെൺകുട്ടിയാണ് ഇങ്ങിനെയുള്ള പിതാവിനെപ്പറ്റി ലജ്ജിക്കാത്തതു്? സംസാരബന്ധത്തിൽ എന്നെ ഈശ്വരൻ അകപ്പെടുത്തീട്ടില്ല. അതെത്ര ഭാഗ്യം! മുമ്പു നിന്നോടു സ്നേഹമെന്നൊന്നുണ്ടെന്നുതന്നെ ഞാൻ അറിഞ്ഞിരുന്നില്ല. ഇപ്പോൾ അതെന്റെ മനസ്സിനെ ആകർഷിച്ചതിനാൽ നിന്നോടു യാത്ര പറവാനായി ഞാൻ വന്നതാകുന്നു.

പ്രിയൻ.—ജ്യേഷ്ഠ! അങ്ങിനെ പറയരുതു്.

സുജനൻ--പ്രിയ! എന്റെ കഴിഞ്ഞ കാലങ്ങളിൽ ഞാനെന്തെല്ലാം മൃഗീയമായ പ്രവൃത്തികളാണു ചെയ്തിട്ടുള്ളതെന്നു നിനക്കറിഞ്ഞുകൂട. അതിനു ഞാനിയിടെ കറച്ചു നാളായി നരകാഗ്നിയിൽ ദഹിച്ചുവരുകയാണ്. ലോകവ്യവഹാരങ്ങളിൽനിന്നും വിരമിക്കുന്നതിനു ഞാൻ തീർച്ചയാക്കിക്കഴിഞ്ഞു.

സഹോദര! നാം എല്ലാവരും പാപികൾതന്നെ. ഞാൻ തന്നെ ഒരു മൃഗമാണ്. ഒരു മൃഗമായിരിക്കുന്ന നിലക്കു സമുദായത്തിലെനിക്കു സ്ഥാനമില്ല. നിന്റെ ഭാൎയ്യയേയും മകനേയും വിളിക്കുക. ഞാൻ പോകുന്നതിനു മുമ്പ് എനിക്കവരെ കാണണം.

പ്രിയൻ--ജ്യേഷ്ഠ! ഇവിടെ താമസിക്കുക. ഇനി മേൽ ഒളിച്ചിരിക്കേണ്ട ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല. പഴയ കൂട്ടുകാർ എല്ലാം ശിക്ഷിക്കപ്പെട്ടുകഴിഞ്ഞു ഖാൻസാഹിബ് ഒരാൾ മാത്രം പിടികൊടുത്തിട്ടില്ല.

സുജനൻ--അയാളെ കിട്ടുകയില്ല. അയാൾ ഇപ്പോൾ ഖാൻസാഹിബല്ല. അയാൾ ഇപ്പോൾ ഒരു ബ്രാഹ്മണവേഷത്തിൽ നടക്കുകയാണ്. അങ്ങിനെയായിരുന്നു അന്നത്തെ നിശ്ചയം. ഒന്നു ഞാൻ ചോദിച്ചുകൊള്ളട്ടെ.

പ്രിയൻ—ചോദിക്കാമല്ലൊ.

സുജന—ഞാൻ കടന്നുവന്നപ്പോൾ ഭൂപൻ ബാബുവിനേയും അനിലനേയും കണ്ടു. അവർ വെറും സ്നേഹവിഷയമായി മാത്രം വന്നതായിരുന്നുവൊ?

പ്രിയൻ--അല്ല. അവർ വേറെ വിഷയം പ്രമാണിച്ചായിരുന്നു വന്നത്.

സുജന--എന്നെ സംബന്ധിച്ചൊ?

പ്രിയൻ--അല്ല. ഗുണേന്ദ്രന്റെ സ്വന്തം കാൎയ്യത്തിന് അവരെ ഇവിടെ ക്ഷണിച്ചിരുന്നു.

സുജന--അങ്ങിനെയൊ? ഞാൻ ഇവിടേക്കു വരുമ്പോൾ വിശ്വേശ്വരൻ കടന്നുപോകുന്നതു കണ്ടു. ഞാനിരുട്ടിൽ മറഞ്ഞുനിന്നു. അല്ലെങ്കിൽ ആ കള്ളൻ എന്നെ മനസ്സിലാക്കും. അയാൾക്കിവിടെ എന്തു കാൎയ്യം? അയാളെപ്പോലെ ഭയപ്പെടേണ്ടതായിട്ടാരുമില്ല; അയാളോട് ഒരു ബന്ധവും പാടില്ല.

പ്രിയൻ--എനിക്ക് അയാളെക്കൊണ്ട് ഒരു സംഗതിയും ഇല്ലായിരുന്നു. അയാളും ഗുണേൻ ബാബുവിനുവേണ്ടി വന്നതായിരുന്നു.

സുജന — എന്തിന്?

പ്രിയൻ — ആനന്ദനെ ശിക്ഷിക്കുന്നതിൽ സഹായിപ്പാൻ.

സുജനൻ — ഹാ! ഹാ! വിശ്വേശ്വരനെ മാത്രം വിശ്വസിച്ചുപോകരുതേ.

പ്രിയൻ — അയാളുടെ ദുഷ്ടപ്രവൃത്തികൾക്ക് അയാൾ പശ്ചാത്തപിക്കുന്നുണ്ട്.

സുജനൻ — വാസ്തവമോ? അതു വിശ്വസിക്കുവാൻ നിവൃത്തിയില്ലാതിരിക്കുന്നു. ആനന്ദൻെറ കൂടെ അയാളെ കഴിഞ്ഞ അടുത്ത ദിവസം ഞാൻ കണ്ടു. അയാൾ ഒരു മഹാ വഞ്ചകനാണ്. ആനന്ദനോട് അയാൾ തിരിഞ്ഞുനില്ക്കുമെന്നു വിശ്വസിക്കുവാൻ പാടില്ല.

പ്രിയൻ — അയാളുടെ മിഴികളിൽ കണ്ണുനീർ ഞാൻ കണ്ടു.

സുജനൻ — ഒന്നുമസാദ്ധ്യമായിട്ടില്ല. എന്നിൽതന്നെ എത്ര മാററം വന്നിരിക്കുന്നു. നോക്കുക! കൂടുതൽ ഈ വിഷയം വിസ്തരിക്കണമെന്നു വിചാരിക്കുന്നില്ല. ആ മുറിയിലാരാണ്?

പ്രിയൻ — റായിബഹദൂർ ഉറങ്ങുകയാണ്.

സുജനൻ — വിശ്വേശ്വരനുമൊന്നിച്ച് അയാൾ വന്നതായിരിക്കും.

പ്രിയൻ — അല്ല. അയാൾ ഒടുവിലാണു വന്നത്. സ്വന്തം കാര്യം സംബന്ധിച്ചു ഭൂപനോട് ആലോചിക്കുന്നതിനു ഗുണേന്ദ്രൻ വന്നതായിരുന്നു. പിന്നീട് വിശ്വേശ്വരൻ വന്നു. ഒടുവിൽ റായിബഹദൂർ എത്തി.

സുജനൻ — പ്രിയ! കേൾക്കുക! ഇക്കൂട്ടരെ അടുപ്പിക്കരുത്. അവരുടെ പശ്ചാത്താപം ക്ഷണികവുമാണ്! എല്ലാ പാപികളും ചിലപ്പോൾ പശ്ചാത്തപിക്കാറുണ്ട്. എന്നാൽ അതു പിന്നീട് ആ അപരാധംതന്നെ ചെയ്യുന്നതിനെ തടയുന്നില്ല. എത്രതന്നെ ആത്മവിശ്വാസം ഉണ്ടെങ്കിലും ഇക്കൂട്ടരോട് അകന്നുനില്ക്കുന്നതാണു നല്ലത്. ഇവരോട് അടുത്തു പെരുമാറുംതോറും പാപശങ്ക അത്രക്ക് അകന്നു മാറുന്നു. എൻെറ മുഖത്തുനിന്നും ഇങ്ങിനെ കേൾക്കുന്നതു് ഒരുപക്ഷേ അതിശയമായി നിനക്കു തോന്നിയേക്കാം. ഞാൻ പറഞ്ഞതു യഥാർത്ഥമാണ്. വിശ്വേശ്വരനു പശ്ചാത്താപം തോന്നിയിരിക്കാം. റായിബഹദൂർ നന്നാകുവാനും വിഷമമില്ല. എന്നാലും നീ അവരോടുകൂടി കൂട്ടുകൂടണമെന്നില്ല. തീയോടുകൂടി കളിക്കുന്നതു് ആപത്താണ്.

സുജനൻ കുറെ നേരം നിൎത്തി. വീണ്ടും സുജനൻ തുടൎന്നു പറഞ്ഞു:—

'ഈവക സംഗതികളെപ്പററി എനിക്കു ചിന്തിച്ചിട്ടു് ആവശ്യമില്ല. അതുകളുമായി എനിക്കു യാതൊരു ബന്ധവുമില്ല. നിന്റെ മകനേയും ഭാൎയ്യയേയും വിളിക്കുക. ഞാൻ അവരെ കണ്ടിട്ടു യാത്രപറഞ്ഞു പിരിയട്ടെ.

പ്രിയൻ--ഞങ്ങളെ എന്തിനു ജ്യേഷ്ഠൻ ഉപേക്ഷിച്ചു പോകുന്നു? ഈ ഗൃഹംതന്നെ നിങ്ങളുടെ സ്വന്തം. പാതി സ്വത്തു ജ്യേഷ്ഠന്റെ സ്വന്തം. മനുഷ്യനു പല തെററുകളും സംഭവിച്ചേക്കാം. ഒരു തെററും ചെയ്യാത്ത മനുഷ്യനാരു്? അതിനാൽ ദയവില്ലാതെ പെരുമാററരുതു ജ്യേഷ്ഠാ!

സുജനൻ—എനിക്കു പറവാനുള്ള കാരണം ഞാൻ പറഞ്ഞുകഴിഞ്ഞു. ദയവുചെയ്തു് എന്നോടു യുക്തിവാദം ചെയ്യരുതു്. അതു മനസ്സിന്റെ ഉദ്വേഗത്തിൽനിന്നുത്ഭവിച്ച ഒന്നല്ല. കുറെ ദിവസങ്ങളായി ഞാനതിനെപ്പററി നിഷ്കൎഷയായി ആലോചിച്ചു തീരുമാനിച്ചതാണു്. ഈ ലോകത്തിൽ എനിക്കു സന്തോഷമോ ആശയോ ഇനി ഇല്ല. താമസിക്കേണ്ട, ഭാൎയ്യയെ വിളിക്കുക. എന്റെ ജീവിതം മുഴുവൻ ഞാൻ സുഖത്തെ അന്വേഷിച്ചു നടന്നുനോക്കി. ഞാൻ സുഖത്തിനുവേണ്ടി എന്തു ചെയ്തില്ല? അതൊന്നും യഥാൎത്ഥസുഖമായി തോന്നുന്നില്ല. യഥാൎത്ഥസുഖം എവിടെ ഇരിക്കുന്നു എന്നു് അറിവാൻതന്നെയാണു് എന്റെ ശ്രമം. കൂടുതൽ സമയം വൃഥാ കളയുവാനില്ല.

പ്രിയൻ അനന്തരം അകത്തു പോയി ഭാൎയ്യയേയും കുഞ്ഞിനേയും സുജനന്റെ മുമ്പിൽ കൊണ്ടുവന്നു. കുട്ടി ഉറങ്ങുകയായിരുന്നു. ലീല കുട്ടിയെ എടുത്തുകൊണ്ടു നിന്നു. സുജനൻ ഇങ്ങിനെ പറഞ്ഞു:—

'മാന്യേ! ഞാൻ നിങ്ങളോടു മാപ്പുചോദിക്കുവാൻ വന്നതാണു്. ഞാൻ പല ഭയങ്കരങ്ങളായ അപരാധങ്ങളും ചെയ്തിട്ടുണ്ടെങ്കിലും നിങ്ങൾ എനിക്കു മാപ്പുതരുമെന്നു ഞാൻ വിശ്വസിക്കുന്നു. ഒരു മാതാവിനു പുത്രനു മാപ്പുകൊടുക്കാതെ തരമില്ല. ഒരു പാപിയുടെ പ്രാൎത്ഥനക്കു് എന്തെങ്കിലും വിലയുണ്ടെങ്കിൽ നിങ്ങൾക്കു ദീൎഘായുസ്സും ക്ഷേമവും ഉണ്ടാകുന്നതിനു ഞാൻ ഹൃദയപൂൎവ്വം ഈശ്വരനോടു പ്രാൎത്ഥിച്ചുകൊള്ളുന്നു. നീയും കുട്ടിയോടും ഭാൎയ്യയോടുംകൂടി ക്ഷേമമായിരിക്കട്ടെ!'

സുജനൻ കുഞ്ഞിനെ കയ്യിൽവാങ്ങിച്ച് അതിൻെറ മൂർദ്ധാവിൽ ചുംബിച്ചുംകൊണ്ട് 'ഈശ്വരൻ നിന്നെ അനുഗ്രഹിക്കട്ടെ' എന്ന് ആശീർവ്വദിച്ചു. അനന്തരം പ്രിയനോടു തിരിഞ്ഞു സുജനൻ ഇങ്ങിനെ പറഞ്ഞു:—

'പ്രിയ! പണം വല്ലതും കൈവശമുണ്ടെങ്കിൽ കുറച്ചു തരുക.'

'എന്തിനു ചോദിക്കുന്നു ജ്യേഷ്ഠാ! ഇതാ പണം. ഇതു മുഴുവൻ എടുക്കാം.'

എന്നു പറഞ്ഞു പ്രിയൻ കീശയിൽനിന്നും ഒരു കെട്ടു നോട്ടെടുത്തിട്ടു കൊടുത്തു.

'എനിക്കിത്രയൊന്നും വേണ്ട. മാറാൻ പ്രയാസം.'

'ഗൃഹത്തിൽ ജ്യേഷ്ഠൻ താമസിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.'

'ഇല്ല. ഞാൻ തീർച്ചയാക്കിക്കഴിഞ്ഞിരിക്കുന്നു. എന്നെപ്പററി ലേശവും വിചാരപ്പെടേണ്ട. ഞാനില്ലാത്തതുകൊണ്ട് ഒട്ടും കണ്ണിതപ്പെടരുത്. എനിക്കു നിൻെറ സഹായം വല്ലതും ആവശ്യമുണ്ടെങ്കിൽ, അല്ലെങ്കിൽ പണത്തിന് ആവശ്യമുണ്ടെങ്കിൽ, ഞാൻ എഴുതി അയച്ചുകൊള്ളാം. ഇപ്പോൾ ഇത്രമാത്രം.'

സുജനൻ നടന്നു. പ്രിയൻ സുജനൻെറ പാദങ്ങളിൽ തൊട്ടു നമസ്കരിച്ചു. ലീല തല കുനിച്ചു വന്ദിച്ചു. കുട്ടി ഉറക്കമുണർന്നു. സുജനനെ കണ്ടു കുട്ടി കരയുവാൻ തുടങ്ങി. സുജനൻ കുറെനേരം മൌനമായി എല്ലാം നോക്കിക്കൊണ്ടു നിന്നു. 'ഭഗവാൻ നിങ്ങളെ എല്ലാം അനുഗ്രഹിക്കട്ടെ' എന്നു പറഞ്ഞു സുജനൻ മറഞ്ഞു.

കുറെ നേരത്തേക്കു പല വികാരങ്ങളോടുകൂടി പ്രിയൻ നോക്കിക്കൊണ്ടു നിന്നു. ലീലയുടെ കപോലങ്ങളിൽകൂടി കണ്ണീർകണങ്ങൾ ഉരുണ്ടു ചാടി.

'സാഹസപ്രവൃത്തികളെ മററു സാഹസപ്രവൃത്തികൾ പിൻതുടരുന്നു. എല്ലാംകൊണ്ടും മനുഷ്യന് ഒരിക്കലും സുഖമില്ല' എന്നു പ്രിയൻ തന്നെത്താൻ പറഞ്ഞു.

'അല്ല. എന്നും മനുഷ്യനു മൃഗമായി ജീവിക്കുവാൻ സാധിക്കുന്നതല്ല' എന്നു ലീല പറഞ്ഞു.

# തൊണ്ണൂറെറാന്നാം അദ്ധ്യായം.

## തീരുമാനം.

'അമ്മേ! ദൈവം നമ്മുടെ ഉദ്ദേശമെല്ലാം തെററിച്ചു' എന്നു ഹരിചരണൻ അല്പം കുണ്ഠിതത്തോടുകൂടി പറഞ്ഞു:—

'ഈശ്വരഹിതം നടക്കട്ടെ' എന്നു സന്ന്യാസിനി ഉത്തരം പറഞ്ഞു.

'അതു് ഒരു കഴിഞ്ഞ കഥയായി തീൎന്നല്ലൊ.'

'എങ്ങിനെ?'

'വസ്തുവകകൾ തിരിയെ കിട്ടുവാൻ ഇനി എളുപ്പമില്ലെന്നു ഞാൻ പറഞ്ഞിട്ടില്ലേ? ഒന്നു കൈവിട്ടുപോയാൽ പിന്നെ തിരിയെ എടുക്കുന്നതു വിഷമമാണു്.'

'ആകട്ടെ, എന്തു ചെയ്യണം?'

'അതു നിങ്ങൾതന്നെ തീൎച്ചയാക്കേണ്ടതാണു്.'

'ദയവുചെയ്തു ദേഷ്യപ്പെടരുതു്. ഞാനൊരു സ്ത്രീയല്ലേ?'

'അമ്മേ! ക്ഷമിക്കുക. നിങ്ങളെ വേദനപ്പെടുത്തണമെന്നു എനിക്കു വിചാരമില്ല. നിങ്ങൾ പ്രവൎത്തിച്ചതു വളരെ തെററായിപ്പോയി. ഇനി പറഞ്ഞിട്ടു കാൎയ്യമില്ല.'

'നിങ്ങളുടെ ഉപദേശം കേട്ടു് അതുപോലെ പ്രവൎത്തിക്കാത്തതിൽ ഞാൻ വ്യസനിക്കുന്നു.'

'അമ്മേ! നിയമത്തിൻെറ രക്ഷയിൽ വേണ്ടതു പ്രവൎത്തിക്കുവാൻ ഞാൻ പറഞ്ഞപ്പോൾ നിങ്ങൾക്കു് അത്ര ഹിതമായില്ല. നിങ്ങൾ ഉടനെ കുറെക്കൂടി കഴിയട്ടെ എന്നും ഈശ്വരൻ എല്ലാം നേരെയാക്കുമെന്നും സംഗതികളുടെ പോക്കു് ഒന്നുകൂടി അറിയട്ടെ എന്നും അല്ലേ അന്നു പറഞ്ഞതു്? ഇന്നു് എല്ലാം നമുക്കു വിപരീതമായി നില്ക്കുന്നു. ബാലേന്ദ്രൻ മരിച്ചു. എന്നാൽ അതിലുമൊരു നീചൻ ആ സ്ഥാനത്തു ചാടിക്കേറിയിരിക്കുന്നു. കൃഷ്ണവേണിക്കു അനുകൂലമായി അയാൾ ഒരു മരണപത്രവും എഴുതിച്ചിട്ടുണ്ടു്. ഇനി അതെല്ലാം തിരിയെ കിട്ടുന്നതു് അസാദ്ധ്യം. കോൎട്ടിൽ പോകുന്നതിനുതന്നെ താമസിച്ചുപോയി. ആനന്ദനോടു് എതിരിടുന്നതിനു നമുക്കു പണവുമില്ല. അതുകൊണ്ടു് ഇനിയും മിണ്ടാതിരിക്കുന്നതു ഭോഷത്വമെന്നേ പറയാനുള്ളു.'

'പിന്നെ ഞാനെന്തു ചെയ്യണം? പറയുക.'

'അമ്മേ! എന്തു വേണമെന്നുപദേശിക്കുന്നതു വളരെ പ്രയാസം. എന്നാൽ ലതിയെ സംബന്ധിച്ച നാം ബുദ്ധിപൂർവ്വം പ്രവർത്തിക്കുന്നില്ലെന്നു സ്പഷ്ടമാകുന്നു.'

'എന്തുകൊണ്ട്?'

'ലതിയുടെ തനിയേയുള്ള വാസം അവളെ മുഷിപ്പിക്കുന്ന കാര്യമാണെന്ന് അറിഞ്ഞുകൂടെ? അവളുടെ വയസ്സും ആഗ്രഹങ്ങളുമെല്ലാം അതിനു നേരെ വിരുദ്ധമാണ്. ലതി ഇനി ഒരു കൊച്ചുകുഞ്ഞും മറ്റുമല്ല. അവൾക്കു യൌവ്വനകാലമായിരിക്കുന്നു.'

'അതെ. പറഞ്ഞുകൊള്ളുക, ഹരി!'

'അതിനാൽ ഭർത്താവിങ്കൽനിന്നും വേർപെടുത്തി ഇനി അവളെ വെച്ചുകൊണ്ടിരിക്കുവാൻ പാടില്ല. മറ്റൊരു വിഷമവുമുണ്ട്. അവളുടെ ഭർത്താവു കാത്തിരുന്നു മുഷിഞ്ഞു മറ്റൊരു ഭാര്യയെ സ്വീകരിക്കുന്നു എന്നു വിചാരിക്കുക. അയാളുടെ സ്നേഹിതന്മാരും ബന്ധുക്കളും ആ വിവാഹത്തെ വിശ്വസിക്കാതെ വേറെ വിവാഹം ചെയ്യുന്നതിന് അയാളെ നിർബ്ബന്ധിച്ചാലൊ എന്നും ആലോചിക്കേണ്ടതാണ്. അയാൾതന്നെ ആ രഹസ്യവിവാഹത്തെപ്പറ്റി സംശയിക്കാനും മതി.'

'നിങ്ങൾ പറഞ്ഞതു ശരിയാണ്. എൻെറ ഓമന ലതി ഒരു കൌതുകമുള്ളവളാണ്.'

'അതിനാൽ അവളെ അവളുടെ ന്യായമായ അധിപനെ ഏല്പിച്ചുകൊടുക്കണം. വിവാഹം കഴിഞ്ഞ സ്ഥിതിക്ക് അവൾ നമ്മളുടെയല്ല, ഭർത്താവിൻെറയാണ്. അതിനുപുറമെ അവൾ മൈനരല്ല.'

'വാസ്തവം.'

'നിങ്ങൾ ആ യുവാവിനെ വീണ്ടും ചെന്നുകണ്ടു ലതിയുടെ അടുക്കലേക്കു കൂട്ടിച്ചുകൊണ്ടുവരണം. അവളുടെ ഭർത്താവിനു സ്വത്തു കിട്ടുകയില്ലായിരിക്കാം. എന്നാൽ അയാൾക്ക് അതിലുമധികം കിട്ടും. അയാൾക്ക് ഒരു അനുസരണയും പ്രേമവുമുള്ള ഒരു ഭാര്യയെ ലഭിക്കും. പോരെങ്കിൽ അവൾ നല്ല സൌന്ദര്യവതിയുമാണ്.'

'എന്നാൽ ലതിക്കു സ്വത്ത് ഒന്നുമില്ലല്ലോ.'

'അമ്മേ! അതിനെന്ത്? അവളുടെ ഹൃദയം തങ്കമാണ്. അവൾ ഒരു പിച്ചക്കാരിയും മറ്റുമല്ല. ആഭരണങ്ങൾതന്നെ ഒരു

നല്ല സംഖ്യ വരുന്നതാണല്ലോ. അതുകൊണ്ട് ഒരു നല്ല പറമ്പും കെട്ടിടവും വാങ്ങി അവിടെ താമസിക്കട്ടെ. ബാക്കി ഉള്ളതു ഭർത്താവിനെ ഏല്പിക്കുകയും അതുകൊണ്ട് അയാൾ തൊഴിൽ വല്ലതും തുടങ്ങുകയും ചെയ്താൽ ഒട്ടും പോരായ്കയില്ല. അവളുടെ ഭർത്താവിനു നല്ല വിദ്യാഭ്യാസമുള്ളതിനാൽ കാലക്ഷേപത്തിനു വേണ്ടതു് ഉണ്ടാക്കുവാൻ അയാൾക്കു കഴിയും. ഇതിൽ കൂടുതലെന്താണു വേണ്ടതു്? സുഖമെന്നതു ധനത്തിൽ മാത്രമല്ല ഇരിക്കുന്നതു്. ധനത്തിൽ കിടന്നുരുളുകയായിരിക്കാം, എന്നാലും ഒരാൾക്കു സുഖമില്ലാതെ കാണുന്നുണ്ട്. നിങ്ങൾക്കുതന്നെ പല ഉദാഹരണങ്ങളും അറിയാവുന്നതാണു്. ആവശ്യങ്ങൾ നിവൃത്തിച്ചുപോരുന്നതാണു സുഖം. അല്ലാതെ പണം കുന്നുപോലെ കൂട്ടിവെച്ചതുകൊണ്ടായില്ല. ധാരാളം പണമുണ്ടെങ്കിൽ ജനസ്വാധീനം സുഖം കീർത്തി എല്ലാം ഉണ്ടാകും. എന്നാൽ അതോടുകൂടി പല ദുർവ്വാസനകളിലും ചെന്നു ചാടും. അതിനാൽ ലതിയുടെ ഭർത്താവിനു കാലക്ഷേപത്തിന് ഉണ്ടായിരിക്കണമെന്നല്ലാതെ വലിയ ധനികനായി കാണണമെന്നു് എനിക്കാഗ്രഹമില്ല.

'നിങ്ങൾ പറഞ്ഞതിനെ ഞാനും സമ്മതിക്കുന്നു. ഞാൻ ഇന്നുതന്നെ ആ യുവാവിനെ കണ്ടു ലതിയുടെ അടുക്കലേക്കു കൂട്ടിച്ചുകൊണ്ടുവന്നു വിവരമെല്ലാം പറയാം. ആകട്ടെ ഘനേന്ദ്രബാബുവിനെപ്പററി നിങ്ങൾ വല്ലതും കേട്ടുവോ? അയാളുടെ സ്വഭാവംതന്നെ പാടേ മാറിയിട്ടുണ്ടെന്നു തോന്നുന്നു.'

'അയാൾ ആൾമാറിപ്പോയി. എന്നാൽ പിതൃസ്വത്തു മുഴുവൻ സ്വാധീനപ്പെടുത്തുവാൻ അയാൾ ശ്രമിക്കുന്നതായി അറിയാം. അതിൽ കൂടുതൽ ഒന്നും പറവാനില്ല.'

'അയാളുടെ വാക്കിൽനിന്നും ഞാൻ മനസ്സിലാക്കിയതു ലതിയുടെ അവകാശത്തെ അയാൾ ധ്വംസിക്കുകയില്ലെന്നാണ്. അവൾക്ക് അയാൾ ഒന്നും കൊടുക്കാതെ വരുന്നതല്ല.'

'അയാൾ ഒരു ധർമ്മബുദ്ധിയുള്ള ആൾതന്നെ. പക്ഷേ അധികമൊന്നും ആശിക്കേണ്ടെന്നു മാത്രം.'

'അപ്പോൾ ബാലേന്ദ്രന്റെ ഗൃഹത്തിലേക്കു തിരിച്ചുചെല്ലുന്നതുകൊണ്ട് ഉപയോഗമില്ല.'

'ലേശമില്ല. ഈ ഗൃഹത്തിൽതന്നെ താമസിക്കുന്നതു കൊള്ളാം.'

'അതെന്തുകൊണ്ട്?'

'ഇവിടെവെച്ചാണല്ലോ വിവാഹം നടന്നതു്. അതിനാൽ തമ്മിൽ ചേരുന്നതും ഇവിടെവെച്ചാകട്ടെ.'

'അതിൽ വല്ല സംഗതിയുമുണ്ടോ?'

'ഇല്ല. എന്നാൽ അടിയിലെ നിലവറ ആ യുവാവിനെ ഭയപ്പെടുത്തിയേക്കാം. അതിനാൽ ലതിയുടെ ഭർത്താവിനോട് കുറെ രണ്ടു സ്നേഹിതന്മാരോടുകൂടി വരുന്നതിനു പറഞ്ഞാൽ കൊള്ളാം.'

'എന്തിന്?'

'വിവാഹം പരസ്യപ്പെടുത്തുവാൻ.'

'കൊള്ളാം.'

## തൊണ്ണൂററിരണ്ടാം അദ്ധ്യായം.

ഗിരിബാല

തീവ്രമായ ദുഃഖവും പശ്ചാത്താപവും ഗിരിയുടെ ഹൃദയത്തെ കരണ്ടുകൊണ്ടിരുന്നതിനാൽ അവൾ രോഗബാധിതയായി കിടപ്പിലായിത്തീൎന്നു. വൈകുന്നേരമായാൽ മുടങ്ങാതെ ഒരു പനി അവളെ ബാധിച്ചിരുന്നു. രാത്രിയിൽ ഉറക്കം കുറഞ്ഞുവന്നു. ചിലപ്പോഴെങ്കിൽ ചുമയും അവളെ അസഹ്യപ്പെടുത്തിയിരുന്നു. ഈ രോഗസ്ഥിതി കണ്ടു മാധവി ഭയപ്പെടുകയും അവൾ ഡാക്കടരെ വരുത്തി രോഗിയെ കാണിക്കുകയുംചെയ്തു. ഡോക്കടർ വന്നു നെഞ്ചു പരിശോധിക്കുകയും നാഡി പിടിച്ചുനോക്കുകയും ചെയ്തിട്ടു് ഒരു നീണ്ട കുറിപ്പു് എഴുതിക്കൊടുത്തു ദേഹം സൂക്ഷിക്കണമെന്നു ഗിരിയെ ഉപദേശിച്ചു പോയി. ഗിരി ഡോക്കടരുടെ അഭിപ്രായത്തെ അത്ര വകവെച്ചില്ല. അവളുടെ ദേഹസ്ഥിതി നാൾക്കുനാൾ ക്ഷയിച്ചുകൊണ്ടുതന്നെ വന്നിരുന്നു എങ്കിലും പതിവുള്ള കുളിയും ഭക്ഷണവും അവൾ മുട്ടിച്ചില്ല. മാധവി ഇതിനു പലപ്പോഴും തടസ്ഥം പറഞ്ഞെങ്കിലും ഗിരി അതൊന്നും കൂട്ടാക്കാറില്ല. മാധവി ഒരു ദിവസം ഇങ്ങിനെ പറഞ്ഞു:--

'നിങ്ങൾ ഇങ്ങിനെ ആത്മഹത്തി ചെയ്യുവാൻ ഒരുങ്ങിയിരിക്കുകയാണെങ്കിൽ നിങ്ങളുടെ റാണിയുടെ കഥ യെന്തായിരിക്കും?'

റാണി--ഗിരിയുടെ കുഞ്ഞ്—ആ സമയം എന്തൊ അവ്യക്തമധുരമായ ശബ്ദം പുറപ്പെടുവിച്ചുകൊണ്ടിരുന്നു. ആ കുട്ടി തറയിൽ കമന്നു നീന്തിക്കൊണ്ടിരുന്നതിനിടയിൽ കുറെ ചുവന്ന നൂലെടുത്തു വായിലാക്കി. ഉടനെ നൂലു വായിൽനിന്നും വലിച്ചെടുത്തിട്ടു മാധവി കുഞ്ഞിനെ എടുത്തു് കുറു പേടിപ്പിച്ചു് അതിൻെറ മൂദ്ധാവിൽ ചുംബിച്ചു. ഗിരി കുഞ്ഞിനെ അത്യാശയോടുകൂടി നോക്കിക്കൊണ്ടിരുന്നു. എന്നാൽ അതിൻെറ നീചനായ പിതാവിൻെറ സ്മരണക്കു് ആ കുട്ടിയിൽ യാതൊന്നുമുണ്ടായിരുന്നില്ല. ഗിരി ദീർഘമായി ഒന്നു നിശ്വസിച്ചിട്ടു മൌനമായിരുന്നതേയുള്ളു.

മാധവി ആ കുഞ്ഞിനോടു സംസാരിക്കുവാൻ തുടങ്ങി. 'ഹാ! എടീ പെണ്ണേ! നിന്നെ ഇങ്ങിനെ ഞാൻ ശിക്ഷിക്കും. കൊച്ചുതുട നോവട്ടെ. നിന്നെ ഒന്നു തിരുമ്മട്ടെ'--മാധവി വീണ്ടും കുട്ടിയെ എടുത്തു് ഉമ്മവെച്ചു.

മാധവിയുടെ കണ്ണുകളുടെ സൌഭാഗ്യസർവ്വസ്വമായിരുന്നു ആ പെൺകുട്ടി. അവളുടെ ഹൃദയലോകത്തിലെ ഒരമൂല്യരത്നമായിരുന്നു റാണി. എന്നാൽ ഗിരിക്കു് അവളുടെ മഹാപാപത്തിൻെറ മറെറാരവതാരമായിരുന്നു ആ പെൺകിടാവു്!

റാണി മാധവിയുടെ എളിയിൽനിന്നും ഇറങ്ങി അമ്മയുടെ മടിയിൽ കയറിയിരുന്നു മുല കുടിച്ചുതുടങ്ങി. ഈശ്വരൻ മനുഷ്യനു് എന്നല്ല എല്ലാം മൃഗങ്ങൾക്കും തന്നെ നൽകിയിട്ടുള്ള ആ ദിവ്യാമൃതം റാണി നുണഞ്ഞു് ആശ്വസിച്ചു. മാധവി ഗിരിയോടായിട്ടിങ്ങിനെ പറഞ്ഞു.--

'നിങ്ങൾ ഈയിടെ പറഞ്ഞാൽ കേൾക്കാറില്ല. ഇങ്ങിനെ തുടങ്ങരുതു്. റാണിയുടെ ജീവിതം നിങ്ങളെ ആശ്രയിച്ചിരിക്കുന്ന കഥ ഓത്തിരിക്കണം.'

ഗിരി--മാധവി! നിങ്ങൾക്കു തെററി. അതു് ആരേയും ആശ്രയിച്ചിരിക്കുന്നില്ല.

മാധവി--എന്തുകൊണ്ടു്.

ഗിരി ഉത്തരമൊന്നും പറയാതെ മുലകുടിക്കുന്ന കുഞ്ഞിൻെറ മുഖത്തു നോക്കിക്കൊണ്ടിരുന്നു. അവളുടെ നയനങ്ങളിൽ ജലം നിറഞ്ഞു.

മാധവി--ഇങ്ങിനെ കുട്ടികളെപ്പോലെ തുടങ്ങരുതു്. കുഞ്ഞിനെ രക്ഷിക്കേണ്ടതു മാതാവിൻെറ കടമയാകുന്നു.

ഗിരി--എന്നാൽ ഞാൻ ഒരു മാതാവല്ല. വെറും രാക്ഷസിയാണ്. അവൾ എന്നോടു കൃതജ്ഞത കാണിക്കേണ്ട കാൎയ്യമേയില്ല. അവൾ ജനിച്ചതു് എന്നെ വിചാരിച്ചല്ലല്ലോ! അവൾ ജനിക്കണമെന്നു ഞാൻ വിചാരിച്ചതല്ല. അവൾ ജനിക്കാതിരിക്കുവാൻ തന്നെ അയാൾ വേണ്ടതു ചെയ്തുനോക്കി. അതു ലജ്ജാകരമാണെങ്കിലും യഥാൎത്ഥമാണ്! എന്നെ ഒരമ്മ എന്നു വിളിക്കുവാൻ പാടുണ്ടോ? മാതാവു് എന്നുള്ളവൾ ഈശ്വരചൈതന്യം കുറെക്കൂടിയുള്ളവളാണ്. എന്നെ അങ്ങിനെ വിളിച്ചു് ആ പേരിനെക്കൂടി ദുഷിപ്പിക്കരുതു്.

മാധവി ഒന്നും സംസാരിച്ചില്ല. എന്നാൽ ഗിരിയുടെ വ്യസനവും നിരാശയും പശ്ചാത്താപവും മൂലം അവൾ ഇങ്ങിനെ പറഞ്ഞതാണെന്നു മാധവി മനസ്സിലാക്കി. ഗിരി പിന്നേയും തുടൎന്നു:--

'നിവൃത്തിയുള്ളേടത്തോളം വേഗത്തിൽ മരിക്കണം. അതാണെന്റെ ഇനിയുള്ള ഏകമായ ആഗ്രഹം. ജീവിതം ഇനി വഹിച്ചുകൊണ്ടിരിപ്പാൻ എനിക്കു ശക്തിയില്ല; സഹനശക്തിയില്ല. അതു മരണത്തേക്കാൾ ദുസ്സഹമായിരിക്കുന്നു--'

'എന്നാൽ റാണിയെ പിന്നെ ആരു നോക്കും?' എന്നു മാധവി അക്ഷമയോടുകൂടി പറഞ്ഞു.

ഗിരി ആകാശത്തേക്കു ചൂണ്ടിക്കാണിച്ചുകൊണ്ടു ദയനീയസ്വരത്തിൽ ഇങ്ങിനെ പറഞ്ഞു:--

'ഈ ലോകദുഃഖമനുഭവിക്കുവാൻ അവളേ ആരയച്ചോ ആ ആൾതന്നെ--'

ഗിരി കരയുവാൻ തുടങ്ങി. അവൾ മുഖം തിരിച്ചുകളഞ്ഞു. മുല കുടിച്ചുകൊണ്ടിരുന്ന കുട്ടിയും ഗിരി കരയുന്നതു കണ്ടു് ഉറക്കെ കരയുവാൻ തുടങ്ങി! ഇങ്ങിനെയാണു നാം അനുഭാവം പ്രദൎശിപ്പിക്കുവാൻ പഠിക്കുന്നതു് എന്നാണു മാനസികശാസ്ത്രജ്ഞൻ പറയുന്നതു്.

മാധവി വേഗത്തിൽ കുഞ്ഞിനെ കയ്യിലെടുത്തു.

'ഓമനക്കുട്ടി! മിണ്ടരുതു്. മിണ്ടിയാൽ നിന്റെ മൂക്കു ചെത്തി ഉപ്പിലിടും. നിന്റെ അമ്മ ചീത്ത. അമ്മയുടെ അടുക്കൽ പോകണ്ട. ഞാനെടുത്തോളാം. വാ. എന്റെ കുഞ്ഞു കരയണ്ട.'

കുറെ നേരം ഗിരി പിന്നേയും മൌനമായി വിചാരമഗ്നയായിരുന്നു. പിന്നീടു മാധവിയോടായിട്ടു് ഇങ്ങിനെ പറഞ്ഞു:--

‘നിങ്ങൾ എന്നോടു മുഷിഞ്ഞിരിക്കുകയാവാം. ഞാൻ നല്ലവണ്ണം ചിന്തിച്ചുനോക്കി. ഞാൻമുഖാന്തിരം ഇവൾക്കു് ഒരു ഗുണവും ഉണ്ടാകുന്നതല്ല. ഞാൻ ജീവിച്ചിരിക്കുന്നതു പൊതുജനദൃഷ്ടിയിൽ അവൾക്കു താഴ്ച വരുത്തിക്കൂട്ടുന്നതുമാണു്. ഞാൻ മരിക്കുന്നെങ്കിൽ അതാരുമറിയാനില്ല. അപ്പോൾ അമ്മയെപ്പോലെ അവളെ നോക്കാൻ നിങ്ങളല്ലാതാരു്?’

‘വിടുവാ പറയരുതു ഗിരി!’

‘എന്നെ തടസ്ഥപ്പെടുത്തരുതേ. എനിക്കു പറവാനുള്ളതു തീൎത്തുകൊള്ളട്ടെ. എനിക്കു നിങ്ങളോടു മറ്റൊരപേക്ഷയുള്ളതു് എൻ്റെ ഒരു എഴുത്തു ഭൎത്താവിനു കൊണ്ടുപോയി കൊടുക്കണമെന്നാണു്. ഞാൻ ചെയ്ത പാപം ക്ഷമിക്കത്തക്കതല്ല. എന്നാലും എനിക്കു് അദ്ദേഹത്തിനോടു മാപ്പപേക്ഷിക്കണം. അല്ലെങ്കിൽ സമാധാനത്തോടുകൂടി എനിക്കു മരിക്കുവാൻ സാധിക്കുന്നതല്ല. എനിക്കിനി അധികം നാൾ ഇരുപ്പില്ല. എൻ്റെ അവസാനമായ അപേക്ഷയാണിതു്. അദ്ദേഹം ദയാനിധിയാണെന്നെനിക്കറിയാം. ഞാൻ അസഹ്യയാണെങ്കിലും അദ്ദേഹം നിരസിക്കുകയില്ല. ഇതു മുമ്പേതന്നെ അറിയാത്ത ഞാൻതന്നെ പരമവിഡ്ഢി.’

‘നിങ്ങളെന്താണു ചോദിക്കുവാൻ പോകുന്നതു്?’ എന്നു മാധവി ചോദിച്ചു.

‘റാണിയെക്കുറിച്ചു നിങ്ങൾ അവളെ വേണ്ടതുപോലെ രക്ഷിക്കുമെന്നു് എനിക്കറിയാമെങ്കിലും അങ്ങിനേയും ഒന്നിരിക്കട്ടെ. ഇങ്ങിനെ ഒരുപകാരം എനിക്കു നിങ്ങൾ ചെയ്യുമോ? എൻ്റെ എഴുത്തു് അദ്ദേഹത്തിനു കൊണ്ടുപോയി കൊടുക്കാമോ?’

‘അദ്ദേഹം പട്ടണത്തിലില്ലെന്നു ഞാൻ കേട്ടു. നിങ്ങളുടെ ഭൎത്താവിൻ്റെ പിതാവു മരിക്കുന്നതിനു മുമ്പുതന്നെ അദ്ദേഹം കല്ക്കത്തയിൽനിന്നും പോയിരിക്കുന്നു.’

ഗിരി നിരാശയോടെ മാധവിയുടെ മുഖത്തേക്കു നോക്കി.

‘ആകട്ടെ ഞാൻ ഏതായാലും ശ്രമിച്ചുനോക്കാം.’

ഗിരിയുടെ ആഗ്രഹത്തെ സാധിപ്പിക്കുന്നതിനു മാധവി തീൎച്ചയാക്കി. ഗിരി പിന്നീടൊന്നും സംസാരിച്ചില്ല. വികാരങ്ങളാൽ അവളുടെ വിളറിയ അധരങ്ങൾ വിറച്ചുകൊണ്ടിരുന്നു. അല്പം കഴിഞ്ഞു ഗിരി തന്നെത്താൻ ഇങ്ങിനെ പതുക്കെ പറഞ്ഞു: —

'എനിക്ക് ഒരിക്കൽകൂടി അദ്ദേഹത്തെ കാണ്മാൻ സാധിക്കും.'

'ധൈൎയ്യമായിരിക്കുക. നിങ്ങളുടെ ആഗ്രഹനിവൃത്തിക്കു ഞാൻ കഴിവുള്ളവിധം ശ്രമിക്കാം. ഏതുവിധവും അദ്ദേഹത്തെ ഞാൻ കണ്ടുപിടിക്കും.'

മാധവി ഓൎമ്മയില്ലാതിരുന്നതിനാൽ അതിനിടക്കു റാണി വെള്ളം നിറച്ചുവെച്ചിരുന്ന ഒരു മൊന്ത തട്ടിമറിച്ച് അവിടെ എല്ലാം വെള്ളമാക്കി.

'ഹാ! കള്ളി' മാധവി വേഗം ചെന്നു കുട്ടിയെ എടുത്ത് ഉമ്മവെച്ചു. ഗിരിയും അതു കണ്ട് അല്പം മന്ദഹസിച്ചു. എവിടെയായാലും ബാല്യം എന്ന അവസ്ഥയിൽ ഏതോ ദൈവികമായ ചൈതന്യം കൂടുതൽ ഉണ്ട്.

## തൊണ്ണൂററിമൂന്നാം അദ്ധ്യായം.

സമാഗമം.

ഭൂപൻ—ഒന്നു നിശ്ചയമാണ്. ആ പെൺകുട്ടി ഒരു ഉൽകൃഷ്ടകുഡുംബത്തിൽ ജനിച്ചവൾ തന്നെ. വിവാഹം വൈദികമായ കൎമ്മനിഷ്ഠയോടുകൂടി നടത്തപ്പെടുകയും ചെയ്തല്ലോ.

അനിലൻ—അതൊക്കെ ശരി. എന്നാൽ എന്തിന് അതു രഹസ്യമായി കഴിച്ചുകൂട്ടി?

ഭൂപൻ—ആ പെൺകുട്ടിയുടെ രക്ഷക്ക് അങ്ങിനെയല്ലെങ്കിൽ വല്ല തരക്കേടും വരാനെളുപ്പമായിരുന്നിരിക്കാം. അവൾ മഹാരാജാ കമലേന്ദ്രൻെറ പുത്രിതന്നെ ആയിരിക്കാം. ആ യുവതിയുടെ പേർ ഇന്ദുമതിയെന്നാണെന്നു നിങ്ങൾതന്നെയല്ലേ എന്നോടു പറഞ്ഞത്?

അനിലൻ—അതെ.

ഭൂപൻ—വിശ്വേശ്വരൻ പറഞ്ഞതിൽനിന്നും ഗ്രഹിക്കേണ്ടതു വിവാഹം രഹസ്യമായി കഴിച്ചുകൂട്ടിയതിന് ആ യുവതിയുടെ ചിററമ്മക്കു വല്ല പ്രത്യേകമായ ഉദ്ദേശവുമുണ്ടായിരിക്കണം.

അനിലൻ—അതു ഞാൻ സമ്മതിക്കുന്നു. എന്നാൽ വിവാഹം ഇത്ര ധൃതിയിൽ നടത്തിച്ചതു് എന്തുകൊണ്ടായിരിക്കും?

ഭൂപൻ—അതൊതനിക്കും അജ്ഞാതമായിട്ടിരിക്കുന്നതേയുള്ളു. നി

ങ്ങൾക്കുതന്നെ അവളെ വിവാഹംചെയ്തുതരേണമെന്നു ആ വൃദ്ധക്ക് ആഗ്രഹമുണ്ടായിരുന്നിരിക്കണം. എന്നാൽ നിങ്ങൾ വേറെ വല്ല വിവാഹവും ചെയ്തുപോയെങ്കിലോ എന്നു വിചാരിച്ചും പെൺകുട്ടിക്കു വിവാഹപ്രായം ആയിരുന്നതുകൊണ്ടും അങ്ങിനെ ചെയ്തതാവാനും വിഷമമില്ല.

അനിലൻ--ശരി. ഞാൻ ആ വിവാഹത്തിൻെറ പരിശുദ്ധിയെപ്പററി സംശയിക്കുന്നു എന്നു വെക്കുക. സമയം കൂടുതൽ നീളുന്തോറും അതു വെറും മാസ്മരവിദ്യ പ്രയോഗിച്ചു നടത്തിയ വിവാഹമാണെന്നുള്ള ബോധം എന്നിൽ വർദ്ധിച്ചുതന്നെ വരും.

ഭൂപൻ--അങ്ങിനെതന്നെ. വിവാഹം നടന്നുകഴിഞ്ഞിരിക്കുന്ന സ്ഥിതിക്കു പിന്നേയും അതു രഹസ്യമായി വെച്ചുകൊണ്ടിരിക്കുന്നതിൻെറ ആന്തരാർത്ഥമാണു മനസ്സിലാകാത്തതു്. വല്ലാത്ത അത്ഭുതം തോന്നുന്നു.

കുറെ നേരം അനിലൻ മൌനമായിരുന്നിട്ടു ദീർഘശ്വാസത്തോടുകൂടി വീണ്ടും പറഞ്ഞു:--

ഈ വിഡ്ഢിത്തത്തിൽനിന്നും മനസ്സിനെ ഒഴിക്കണം. അതു വെറും മാസ്മരവിദ്യകൊണ്ടുള്ള ഒരു തോന്നലായിരുന്നു. അതു് എന്നെ മടിയനും ഉപയോഗശൂന്യനുമാക്കിത്തീർക്കുന്നു. മതി. അതിനെപ്പററി വൃഥാ ചിന്തിച്ചിട്ടു പ്രയോജനമില്ല.'

സ്നേഹിതന്മാർ രണ്ടുപേരും കുറെനേരം മൌനമവലംബിച്ചിരുന്നു. തണുത്ത ഇളംകാററു പനമരങ്ങളിൽ തട്ടി മർമ്മരശബ്ദം പുറപ്പെടുവിച്ചുകൊണ്ടിരുന്നു. പടിഞ്ഞാറൻദിക്കു തങ്കവർണ്ണത്തിൽ ആറാടിനിന്നു!

ഈ സമയത്തു് അവരുടെ മുമ്പിൽ ഒരു സന്ന്യാസിനി പ്രത്യക്ഷപ്പെട്ടു. അവളുടെ കയ്യിൽ ഒരു ദണ്ഡുമുണ്ടായിരുന്നു. അനിലൻ ആപാദചൂഡം വിറച്ചു. ശക്തിയേറിയ വികാരപരമ്പരകളാൽ അയാൾ ആലിലപോലെ ഇളകിവശായി. അയാൾ കണ്ണുകൾ ഒന്നു തിരുമ്മി സന്ന്യാസിനിയെ സൂക്ഷിച്ചുനോക്കി. ഭൂപനും അവളെ കണ്ടു് അതിശയത്തോടുകൂടി നോക്കി.

'അനില! കുഞ്ഞേ! ഞാൻ വീണ്ടും വന്നിരിക്കുന്നു.'

അനിലന് ഒന്നും പറവാൻ വയ്യാതായി. അയാൾ അമ്പരന്നു നിന്നു.

സന്ന്യാസിനി--ഞാൻ നിങ്ങളെ ഇത്രനാളും താമസിപ്പിച്ചു് അകത്തി നിർത്തിയതിൽ വ്യസനിക്കുന്നു. എന്നാൽ എനിക്കതിനു മ

തിയായ കാരണവുമുണ്ട്. സംഗതികൾ തുറന്നു ഞാൻ പറയുമ്പോൾ നിങ്ങൾക്ക് ഒരു കാലത്തും മുഷിച്ചിൽ ഉണ്ടാകുന്നതല്ലെന്ന് എനിക്കു ബോദ്ധ്യമുണ്ട്. നിങ്ങൾ വിവാഹംചെയ്ത യുവതി ഒരു വലിയ സ്വത്തിന് അവകാശിനിയാണ്. അവളുടെ രക്ഷയെ ഞാൻ കരുതിയതിനാൽ ഇതുവരേയും എല്ലാ സംഗതിയും രഹസ്യമായി വെച്ചുകൊണ്ടിരുന്നതാണ്. അതിനും പുറമെ നിങ്ങളുടെ സ്നേഹമെത്രെയുണ്ടെന്ന പരിക്ഷയുമായിരുന്നു. ഉദ്ദേശിച്ച സമയം കഴിഞ്ഞിരിക്കുന്നു. അതിനാൽ നിങ്ങളുടെ ശരിയായ ഭാര്യയുടെ അടുക്കലേക്കു നിങ്ങളെ കൂട്ടിക്കൊണ്ടുപോകുവാനായി ഞാൻ വന്നതാണ്.

അനന്തരം ഭൂപനോടു തിരിഞ്ഞു സന്യാസിനി ഇങ്ങിനെ പറഞ്ഞു:—

'നിങ്ങളും എന്റെ കൂടെ വരുക. നിങ്ങൾ അനിലന്റെ ഒരു നല്ല സ്നേഹിതനാണെന്നെനിക്കറിയാം. നിങ്ങൾക്കു കണ്ടുതന്നെ എല്ലാം മനസ്സിലാക്കാവുന്നതാണ്. എനിക്കിനി നിങ്ങളിൽനിന്നും യാതൊന്നും ഒളിച്ചുവെക്കേണ്ടതായിട്ടില്ല. ഞാൻ പരേതനായ കമലേന്ദ്രഭൂഷണന്റെ അമ്മയാണ്. കമലേന്ദ്രന്റെ സ്വത്തുക്കളാണു ബാലേന്ദ്രൻ അപഹരിച്ച് അനുഭവിച്ചുവന്നതു്. അനിലന്റെ ഭാര്യയായ ഇന്ദുമതി കമലേന്ദ്രന്റെ പുത്രിയാകുന്നു. ലതിക്കുവേണ്ടി ആ വസ്തുവകകൾ തിരിച്ചെടുക്കാമെന്ന് അതിമോഹംകൊണ്ടു ഞാൻ വിചാരിച്ചിരുന്നു. എന്നാൽ ആ ആശകളെല്ലാം ഇപ്പോൾ ഞാൻ തീരെ വിട്ടു. അതെല്ലാം ഒരു ഭയങ്കരനായ ചെകിത്താന്റെ കൈവശം അകപ്പെട്ടിരിക്കുന്നു. ശേഷം നിങ്ങൾക്ക് അറിയാമല്ലൊ.'

സന്യാസിനി സംഭാഷണം നിർത്തി. അനിലൻ അതിശയിച്ചുകൊണ്ടിരുന്നു.

ഭൂപൻ ഇങ്ങിനെ പറഞ്ഞു:—

'അമ്മേ! നിങ്ങൾ വന്നതിൽ ഞാൻ സന്തോഷിക്കുന്നു. ഞങ്ങൾ രണ്ടുപേരും അതിനെപ്പറ്റി ഒരു പിടിയും കിട്ടാതെ കുഴങ്ങുകയായിരുന്നു. എന്റെ സ്നേഹിതനെ മനോവേദനയിൽനിന്നും നിങ്ങൾ രക്ഷിച്ചു. അമ്മേ! എനിക്കൊന്നുകൂടി പറവാനുണ്ട്. എന്റെ സ്നേഹിതൻ വലിയ സ്വത്തുകാരനൊന്നുമല്ല. ഒരു രാജപുത്രിയെ വിവാഹംചെയ്യത്തക്ക ധനസ്ഥിതി അനിലനില്ല. എ

ന്നാൽ യോഗ്യതാഭാഗംകൊണ്ടു് അനിലൻ അതിനു തക്കതായ ഒരാളാണെന്നു് എനിക്കു് ഉറപ്പു പറയുവാൻ കഴിയും.'

'എനിക്കതു പണ്ടേതന്നെ അറിയാം. അതുകൊണ്ടുതന്നെയാണു് എന്റെ ഓമനയായ ലതിയെ അദ്ദേഹത്തിനുതന്നെ കൊടുക്കണമെന്നു വെച്ചതു്.'

അനിലൻ ലജ്ജിച്ചു. അയാളുടെ ഹൃദയത്തിൽ പല വിചാരതരംഗങ്ങളും ഉയൎന്നു മറിഞ്ഞുകൊണ്ടിരുന്നു. അനിലൻ എന്തോ വിചാരമഗ്നനായിരുന്നതു കണ്ടു സന്ന്യാസിനി അയാളോടു് ഇങ്ങിനെ പറഞ്ഞു:—

'കുഞ്ഞേ! ഒന്നും ഭയപ്പെടേണ്ട. അതു് ഒരു ജാലവിദ്യയോ സ്വപ്നമോ ഒന്നും അല്ലായിരുന്നു. നിങ്ങളുടെ പ്രാണനാഥയെ ലഭിക്കുന്നതിനു് ഇനി താമസമില്ല. നിങ്ങളുടെ സ്നേഹിതനോടുകൂടി വരുക. വീട്ടിലേക്കു് എല്ലാവൎക്കും എഴുതി അയച്ചുകൊള്ളുക. എന്നിട്ടു വേണ്ടപോലെ നിങ്ങളുടെ ഭാൎയ്യയെ സ്വീകരിച്ചുകൊള്ളുക.'

അനിലനു പിന്നെയും സംശയം തീൎന്നില്ല.

'അനില! വരുക. നിങ്ങളുടെ സ്വപ്നം യഥാൎത്ഥമായി തീരും" എന്നു പറഞ്ഞു ഭൂപൻ അനിലന്റെ കൈയ്ക്കു പിടിച്ചു വലിച്ചു.

അനിലൻ മന്ദഹസിച്ചുകൊണ്ടു ഭൂപനും സന്ന്യാസിനിയും ഒരുമിച്ചു കാത്തുനിന്നിരുന്ന വണ്ടിയിൽ അപ്പോൾ തന്നെ കയറി. വണ്ടി ഒരു രണ്ടുനില കെട്ടിടത്തിന്റെ മുൻവശത്തു ചെന്നു നിന്നു. പടിക്കൽ ഹരിചരണൻ കാത്തുനില്ക്കുന്നുണ്ടായിരുന്നു. അനിലൻ ഉറക്കത്തിലെന്നപോലെ നടന്നു.. ഗൃഹത്തിൽ കടന്ന ഉടനെ അയാൾ ഭൂപന്റെ ചെവിയിൽ പറഞ്ഞു:—

'അതെ. ഇവിടെവെച്ചുതന്നെയാണു വിവാഹം നടത്തിയതു്.'

ഭൂപൻ ഉത്തരമൊന്നും പറയാതെ അയാളുടെ മൂൎച്ചകൂടിയ നയനങ്ങൾകൊണ്ടു് എല്ലാം നോക്കിക്കൊണ്ടിരുന്നു.

അവർ രണ്ടുപേരും ഇരിക്കുന്നതിനു സന്ന്യാസിനി പറഞ്ഞതുപോലെ അവർ ചെയ്തു. കുറച്ചു കഴിഞ്ഞു് അവർ അകത്തേക്കു കടന്നുചെല്ലുന്നതിനു സന്ന്യാസിനി പറഞ്ഞു. സന്ന്യാസിനി മുമ്പെ നടന്നു. അനന്തരം അവർ ഒരു ചെറിയ വൃത്തിയുള്ള മുറിയിൽ പ്രവേശിച്ചസമയം അനിലൻ ഒന്നു ഞെട്ടി. അയാളുടെ സ്വപ്നം യഥാൎത്ഥമായി കാണപ്പെട്ടു! അതാ! ഒരു ലാവണ്യസൎവ്വസ്വം!

പ്രേമനിധി! അയാളുടെ ഏകാന്തസമയങ്ങളിലെ വിചാരങ്ങൾക്കു വിഷയപ്പെട്ടിരുന്ന ഇന്ദുമതി!

'ഇതു സ്വപ്നമല്ല' എന്നു് അനിലൻ ഭൂപന്റെ ചെവിയിൽ മന്ത്രിച്ചു.

'സ്നേഹിതാ! നിങ്ങളുടെ മഹാഭാഗ്യത്തിൽ ഞാൻ അനുമോദിച്ചുകൊള്ളുന്നു. നിങ്ങളുടെ ഭാര്യയെ ഞാനിതിനുമുമ്പു കണ്ടിട്ടുണ്ടല്ലോ.'

ലതി താണു വന്ദിച്ചു. അവൾ അല്പം മന്ദഹസിച്ചു നിന്നു.

സന്യാസിനി പറഞ്ഞു:—

'എന്റെ അനുഗ്രഹങ്ങളെ സ്വീകരിക്കുക. ലതിയോടുകൂടി താമസിച്ചു് അനില! നിങ്ങൾ സുഖമായിരിക്കുക.'

## തൊണ്ണൂററിനാലാം അദ്ധ്യായം.

ആലോചനകൾ.

ബാലേന്ദ്രഭൂഷണന്റെ ശ്രാദ്ധമടിയന്തിരം കഴിഞ്ഞു. തന്റെ പിതൃസ്വത്തു മുഴുവൻ വീണ്ടെടുക്കണമെന്നു ഗുണേന്ദ്രൻ വിചാരിച്ചു. എന്നാൽ അതു തനിക്കല്ലായിരുന്നു. അതിന്റെ യഥാർത്ഥമായ അവകാശിക്കു കൊടുക്കണമെന്നായിരുന്നു ഗുണേന്ദ്രൻ വിചാരിച്ചതു്. അച്ഛന്റെ പാപത്തിനു് അങ്ങിനെയെങ്കിലുമൊരു പരിഹാരം ഉണ്ടാക്കുവാൻ ഗുണേന്ദ്രൻ ആശിച്ചു. എന്നാൽ ദുഷ്ടനായ ആനന്ദനെ ഒഴിച്ചുവിടുവാനും അയാൾ ശിക്ഷിക്കപ്പെടുവാനും വേണ്ടതെല്ലാം ചെയ്യുവാൻ അയാൾ ഉറച്ചു. അയാളായിരുന്നു ഗുണേന്ദ്രന്റെ പിതാവിനു വിഷം കൊടുത്തതു്. അയാൾ ഗുണേന്ദ്രന്റെ ഭാര്യയെ ആപത്തിൽ തള്ളി. ഗുണേന്ദ്രൻ ചിന്തിച്ചു:—

'എന്തെങ്കിലും ചിലതു് ഉടൻ ചെയ്യണം. എന്റെ അമാന്തം ഭീരുത്വത്തിന്റെ ലക്ഷണമെന്നു് ആളുകൾ പറയും. ഉടനെ പോയി ഭൂപനെ കാണണം. അയാൾ എന്നെ വേണ്ടതു സഹായിക്കാതിരിക്കുകയില്ല.'

ഗുണേന്ദ്രൻ ഇങ്ങിനെ ചിന്തിച്ചു കല്ക്കത്തയിലേക്കു പുറപ്പെട്ടു വന്നു. ആനന്ദന്റെ ദുരുദ്ദേശങ്ങളോടും ആ മരണപത്രത്തോടും

എത്രക്കണമെന്നായിരുന്നു ഗുണേന്ദ്രന്റെ മുഖ്യ ഉദ്ദേശം. അതിനും പുറമെ ആനന്ദനോട്ട പ്രതികാരം ചെയ്യണമെന്നും അയാറം ഉറച്ചിരുന്നു. എന്നാൽ എങ്ങിനെയാണ് ആനന്ദനോട്ട പ്രതികാരം ചെയ്യേണ്ടതെന്ന് അയാറം ഉറച്ചിരുന്നില്ല. ആനന്ദനെ ഹിംസിക്കുകയോ? ഒരുനാളും പാടില്ല. കൊലപാതകത്തിന്റെ കഥ ഓൎത്തപ്പോറം ഗുണേന്ദ്രന്റെ മനസ്സ ഞെട്ടി. പിന്നെ? എളുപ്പത്തിൽ തീച്ചയാക്കുവാൻ അയാറക്ക സാധിച്ചില്ല.

'അയാളെ ഞാൻ കാണ്മാനിടയായാൽ ചാട്ടകൊണ്ട് എനിക്ക മതിയെന്നു തോന്നുന്നതുവരെ അയാളെ ഞാൻ അടിക്കും. ശേഷം ഈശ്വരൻ ചെയ്തുകൊള്ളട്ടെ.'

ഗുണേന്ദ്രൻ കുറെ ദിവസത്തേക്ക സുശീലയോട്ട യാത്ര പറഞ്ഞു കല്ക്കത്തക്ക പുറപ്പെട്ടു. ഉടനെതന്നെ ഗൃഹം കൈവശപ്പെടുത്തി ആനന്ദനെ അവിടെനിന്നും ആവശ്യപ്പെട്ടാൽ ബലം പ്രയോഗിച്ചും വെളിയിലാക്കണമെന്നും അയാറം തീരുമാനിച്ചു. ഗുണേന്ദ്രൻ അതിന്ന വേണ്ടിവരുന്ന ബുദ്ധിമുട്ടും കഷ്ടതകളും സഹിക്കുവാൻതന്നെ തെയ്യാറായിട്ടായിരുന്നു കല്ക്കത്തയിലേക്ക വന്നത്. ഗുണേന്ദ്രൻ ഭൂപനെച്ചെന്നുകണ്ടു സംഗതികറം പറഞ്ഞു:—

ഭൂപൻ—ഞാൻ നിവൃത്തിയുള്ള സഹായം ചെയ്യാം. എന്നാൽ നിങ്ങറംതന്നെ വേണം ആദ്യമായി ഈ സംഗതിയിൽ പ്രവൎത്തിക്കുവാൻ. നിങ്ങറം ആദ്യം ഒരു ഹരജി കൊടുക്കണം. അതിൽ നിങ്ങളുടെ പിതാവിനെ ആനന്ദനും സുരബാലയുംകൂടി വിഷം കൊടുത്തു കൊന്നുവെന്നും ചതിയായി നിങ്ങളുടെ പിതാവിനെ കബളിപ്പിച്ച് അവർ ഒരു മരണപത്രം അവൎക്കനുകൂലമായി എഴുതിച്ചിരിക്കുന്നു എന്നും നിങ്ങളുടെ സ്വന്തം ഗൃഹത്തിൽ നിങ്ങറം പ്രവേശിക്കാതിരിക്കാൻ പണം കൊടുത്തു് ആദ്മസന്മാരെ നിയമിച്ചിരിക്കുന്നു എന്നും അവർ ബലം പ്രയോഗിച്ചു സകലസ്വത്തുക്കളും കയ്യേറുവാൻ ശ്രമിച്ചുവരുന്നു എന്നും മററും ആനന്ദന്റേയും സുരബാലയുടേയും പേരിൽ ഹരജികൊടുക്കണം. അതെല്ലാം വാസ്തവവുമാണല്ലോ. അനന്തരം ഞാൻ വേണ്ട പോലീസുസഹായത്തോടുകൂടി അവിടെ വന്ന് ആനന്ദനേയും സുരബാലയേയും അറസ്റ്റ് ചെയ്തുകൊള്ളാം. ഇനി സമയം ലേശം കളയരുതു്. അവരും വേണ്ട കരുതൽ ചെയ്യുക്കും.

ഗുണേന്ദ്രൻ—വില്പത്രത്തെപ്പററി?

ഭൂപൻ—അവർ അതു കച്ചേരിയിൽ ഇതുവരേയും ഹാജരാക്കിട്ടില്ലെന്നാണ് എൻെറ അറിവ്.

ജ്ഞാനേന്ദ്രൻ—അതു നമുക്കു നന്ന്.

ഭൂപൻ—അതെ. കുമാർ! വസ്തുക്കൾക്കു മറെറാരവകാശി ഉണ്ടെന്നു ഞാൻ അറിയുന്നു.

ജ്ഞാനേന്ദ്രൻ—ഉണ്ട്. അവകാശിയല്ല. വസ്തുക്കളുടെ യഥാൎത്ഥ ഉടമസ്ഥത മറെറാരാൾക്കാണ്. അവളാണു പരേതനായ മഹാരാജ കമലേന്ദ്രൻെറ പുത്രി ഇന്ദുമതി. അവൾക്കുവേണ്ടി വസ്തുക്കൾ വീണ്ടെടുക്കുന്നതിനാണ് എൻെറ ശ്രമം മുഴുവൻ. അവൾ ഇപ്പോൾ ജീവിച്ചിരിക്കുന്നോ എന്ന് അറിവാൻ പാടില്ല. അവളെപ്പററി ഒരു വിവരവും കിട്ടാത്ത പക്ഷം ആ സ്വത്തു മുഴുവൻ ധൎമ്മവിഷയമായി അവളുടെ പേരിൽ ഞാൻ ഉറപ്പിക്കും. അതായതു പൊതുനന്മക്ക് ഉതകത്തക്കവണ്ണം ഒരു ധൎമ്മസ്ഥാപനം ഏതെങ്കിലും ഏൎപ്പെടുത്തണമെന്നാണ് എൻെറ വിചാരം

ജ്ഞാനേന്ദ്രൻെറ ഔദാൎയ്യസ്വഭാവം ഭൂപനെ വല്ലാതെ അത്ഭുതപ്പെടുത്തി.

ഭൂപൻ—വളരെ ഉചിതം! ഇങ്ങിനെ ഒരു ത്യാഗം ഞാനിതിനുമുമ്പിൽ കേട്ടിട്ടില്ല. കുമാർ ബഹദൂർ! എൻെറ ഈ അഹങ്കാരമേറിയ ശിരസ്സ് നിങ്ങളുടെ മുമ്പിൽ കുനിച്ചു ഞാൻ കുമ്പിടുന്നു. നിങ്ങളുടെ കൂട്ടുകെട്ടിനു യഥാൎത്ഥത്തിൽ ഞങ്ങൾക്കു യോഗ്യതയില്ല. നിങ്ങളെപ്പററി എനിക്കു മുമ്പുണ്ടായിരുന്ന അഭിപ്രായത്തിനു നിങ്ങൾ മാപ്പുതരണമെന്നപേക്ഷ. വാസ്തവം പറയുകയാണെങ്കിൽ നിങ്ങളോട് എനിക്കല്പം വെറുപ്പുമുണ്ടായിരുന്നു.

ജ്ഞാനേന്ദ്രൻ—എന്നെ നിങ്ങൾ വെറുത്തിരുന്നെങ്കിൽ അതു ശരിയായിരുന്നു. ഞാൻ അന്നു കേവലം ഒരു മൃഗമായിരുന്നു.

ഭൂപൻ—അങ്ങിനെ പറയരുത്, നാമെല്ലാം മനുഷ്യരാണ്. ഓരോരുത്തൎക്ക് ഓരോ ബലഹീനത ഉണ്ടായിരിക്കും.

ജ്ഞാനേന്ദ്രൻ—ആ വിഷയം പോകട്ടെ.

ജ്ഞാനേന്ദ്രൻെറ സ്വഭാവത്തിനു വന്നുകൂടിയ മാററത്തെക്കുറിച്ചു ഭൂപന് അത്ഭുതം തോന്നി. ഇങ്ങിനെ ഒരു മാററം പെട്ടെന്നു സ്വഭാവത്തിനു വന്നുകൂടുന്ന വിഷയം സംഭാവ്യമാണോ എന്നുതന്നെ ഭൂപൻ വിചാരിച്ചു!

'ഇന്ദുമതി ഇന്നു ജീവിച്ചിരിക്കുന്നുണ്ടെന്നുള്ളതു് അറിഞ്ഞാൽ നിങ്ങൾ അതിശയിച്ചേക്കുമോ?' എന്നു ഗുണേന്ദ്രന്റെ മുഖത്തു വല്ല ഭാവഭേദവും വരുന്നുണ്ടോ, എന്നറിവാനായി ഭൂപൻ ചോദിച്ചു.

'ലേശവുമില്ല. ഞാനവളെ സ്വന്തം കണ്ണുകൾകൊണ്ടു കണ്ടിട്ടുണ്ടു്. എന്റെ അച്ഛൻ അവളുടെ സ്വത്തു തട്ടിപ്പറിച്ചതും മററും ഇന്ദുമതിയുടെ അമ്മൂമ്മ പറഞ്ഞാണു ഞാൻ അറിഞ്ഞതു്.

ഭൂപൻ—അതു നിങ്ങൾക്കു് ഒരു പുതിയ വൎത്തമാനമല്ല. അവളെ അനിലൻ വിവാഹം ചെയ്തു.

ഗുണേന്ദ്രൻ—ഏതു് അനിലൻ? നിങ്ങളുടെ സ്നേഹിതനോ?

ഭൂപൻ—അതെ.

ഗുണേന്ദ്രൻ—വളരെ സന്തോഷം. മുല്ല തേന്മാവിൽതന്നെ പടൎന്നു. ഇത്ര അന്തസ്സുള്ള ബുദ്ധിയോടുകൂടിയ ഒരാൾ വളരെ അപൂൎവ്വമാണു്.

ഭൂപൻ—ആ അഭിപ്രായത്തോടു ഞാൻ പൂൎണ്ണമായി യോജിക്കുന്നു.

ഗുണേന്ദ്രൻ—അപ്പോൾ സ്വത്തുക്കളെല്ലാം യോഗ്യനായ ഒരാൾക്കായിത്തീരുമല്ലോ.

ഭൂപൻ—അതിരിക്കട്ടെ. നിങ്ങൾ എന്റെ കൂടെ കോർട്ടിലേക്കു വന്നു ഹരജി കൊടുക്കുക. ശേഷം ഞാൻ ചെയ്തുകൊള്ളാം.

ഭൂപന്റെ ഉപദേശപ്രകാരം ഗുണേന്ദ്രൻ പ്രവൎത്തിച്ചു. മജിസ്ത്രേട്ടു കേസ്സിലെ സംഗതികൾ മുഴുവൻ മനസ്സിലാക്കിയശേഷം ജാമ്യമെടുക്കാത്ത വിധത്തിൽ ആനന്ദനും സുരബാലക്കും വാറണ്ടുകൾ അയച്ചു. ഗുണേന്ദ്രൻ ഭൂപനോടും കുറെ പോലീസുകാരോടും വാറണ്ടോടുംകൂടി സ്വന്തം ഗൃഹത്തിലേക്കു തിരിച്ചു.

* * * *

ആനന്ദൻ അയാളുടെ ദുരാഗ്രഹസോപാനത്തിന്റെ മുകളിലത്തെ പടിയിൽ എത്തിച്ചേൎന്നിരുന്നു. ബാലേന്ദുഭൂഷണൻ മരിച്ചു. കൃഷ്ണവേണിയുടെ പേൎക്കു സകല സ്വത്തുക്കളും വസ്തുക്കളും അവകാശപ്പെടുത്തി എഴുതിയ മരണപത്രം ആനന്ദന്റെ കൈവശത്തിലുമായിരുന്നു. സൌകൎയ്യം നോക്കി അതു കോർട്ടിൽ ഹാജരാക്കണമെന്നും അതിനിടയിൽ കൃഷ്ണവേണിയുമായിട്ടുള്ള സംഗതി തീരുമാനിച്ചുവെക്കണമെന്നും ആനന്ദൻ വിചാരിച്ചു. സുരയെപ്പററി അയാൾക്കു വിരക്തി തോന്നിയിരുന്നു. അയാളുടെ രക്ഷക്കു് ഇനി അവളെ വെച്ചുകൊണ്ടിരിക്കുന്നതു് ഉചിതമല്ലെന്നും ആ

ത്തു് ആപത്താണെന്നും അയാൾ വിചാരിച്ചു. ഇനി ഗിരിബാലയുടെ പുറകെ അലയുന്നതു ബുദ്ധിപൂർവ്വമല്ലായിരുന്നു. അതിനാൽ കൃഷ്ണ—പതിനെട്ടു വയസ്സു പ്രായമായിരുന്ന ആ യുവതി—യാണു് അയാൾക്കു പററിയതെന്നു് അയാൾക്കു തോന്നി. കൃഷ്ണവേണി അയാളുടെ പിടിയിൽ നില്ക്കണം. അവൾ അയാളുടെ മുഴുവൻ പിടിയിൽ വന്നുചേരുന്നതിനു് ഒത്ത മാർഗ്ഗം അവളുടെ മാനഭംഗം ചെയ്യുകയാണെന്നും പിന്നീടു് അവളെ കരയിൽ ചണ്ടിപോലെ ഉപേക്ഷിക്കണമെന്നും ആയിരുന്നു ആ ദുഷ്ടന്റെ ചിന്ത. ആനന്ദൻ ഇങ്ങിനെ ചിന്തിച്ചു:-

‘ഓരോ തടസ്ഥങ്ങൾ ഉണ്ടായിരുന്നതു് എല്ലാം നീങ്ങി. എന്നാൽ ഒന്നു മാത്രം ബാക്കി ഉണ്ടു്. അതായതു ഗുണേന്ദ്രൻ ജീവിച്ചിരിക്കുന്നു. എനിക്കു് ഉപദ്രവകരമായി അയാൾ നില്ക്കുവാൻ മതി. അതിനെന്തു വഴി? സുരയേയും അകത്തണം. കൃഷ്ണവേണിയെ മറെറാരു ഗിരിയാക്കിത്തീക്കണം. അത്രയും സാധിച്ചുകഴിഞ്ഞാൽ എന്റെ നില പാറപോലെ ഉറച്ചു. അപ്പോൾ ഞാൻതന്നെയായിരിക്കും എന്റെ സകലഭാഗ്യങ്ങളുടേയും നിർമ്മാതാവു്. എന്റെ കുടുംബത്തിന്റെ സ്ഥാപകൻ ഞാൻതന്നെയായിരിക്കും. എന്റെ സമ്പത്തു മുഴുവൻ ഞാനുണ്ടാക്കിത്തീർത്തതാണു്. സുഖം? ഹം! എനിക്കു പുത്രനില്ല, പുത്രിയില്ല, ഭാർയ്യയുമില്ല. എനിക്കു നല്ല അന്തസ്സുള്ള കുടുംബത്തിൽനിന്നു് ഒരു വിവാഹം കഴിച്ചാൽതന്നെയെന്തു്? അന്നത്തെ കണ്ണിതമിന്നും ഞാനോക്കുന്നുണ്ടു്. എന്റെ ആദ്യത്തെ ഭാർയ്യ മരിച്ചശേഷം ആ അഹങ്കാരികൾ എനിക്കു പെണ്ണിനെ തരുവാൻ വിപരീതം കാണിച്ച കഥ ഇന്നും ഞാൻ മറന്നിട്ടില്ല. ആ കൂട്ടർ വന്നു് എന്റെ കാൽ നക്കുന്നതു കാണണം. എന്നാൽ ആദ്യം കൃഷ്ണവേണിയെ കാണണം. ഇനി സമയം കളയാറില്ല. ഇന്നു വൈകീട്ടുതന്നെ അവളെ ചെന്നു കാണുന്നതിനു ബദ്ധപ്പെടണം. കളവു പറഞ്ഞു ഞാൻ സുരയെ അവളുടെ ഗൃഹത്തിലേക്കു് അയച്ചു.’

അനന്തരം ആനന്ദൻ ഇരുമ്പുപെട്ടിയിൽനിന്നും മരണപത്രം എടുത്തുകൊണ്ടു ബാലേന്ദ്രന്റെ കൊട്ടാരത്തിലേക്കു പുറപ്പെട്ടു. പണത്തെപ്പററിയുള്ള അത്യാർത്തി ഒരാളിൽ ഉപരി ഉയന്നുവരുന്ന സന്ദർഭത്തിൽ അയാൾക്കു ചെയ്യുവാൻ വയ്യാത്തതായി പിന്നെ യാതൊന്നുമില്ല. പണത്തെ സംബന്ധിച്ച ദുരാശ വദ്ധിക്കുമ്പോൾ

എന്തു നീചപ്രവൃത്തിക്കും അയാൾ സന്നദ്ധനായി ഭവിക്കുന്നു. സ്വർണ്ണത്തിനുവേണ്ടി എത്ര പേർ ജീവനെ ത്യജിച്ചിട്ടുണ്ട്. എത്ര പേരുടെ സ്വത്തു നശിച്ചിട്ടുണ്ട്? എത്ര പേർ പണത്തിനു മാനത്തെ വിററു തിന്നിട്ടുണ്ട്? ഒരാൾ ധനികനാകുന്നതു് എത്ര പേരുടെ ന്യായമായ അവകാശത്തെ ഭഞ്ജിച്ചാണ്? ഏതു ദുർഗ്ഗുണത്തിനും പരിഹാരമുണ്ട്. എന്നാൽ പണത്തെ സംബന്ധിച്ച ദുരാഗ്രഹത്തിനു മാത്രം മരുന്നില്ല. വലിയ കുടിയനുകൂടി അതു് ഉപേക്ഷിക്കുവാൻ സാധിച്ചേക്കാം. വ്യഭിചാരിയായ ഒരുവനു സന്ന്യാസിയാകുവാൻ സാധിച്ചേക്കാം. ചൂതുകളിക്കാരന് അതു ഉപേക്ഷിപ്പാനും സാധിക്കാത്തതല്ല. എന്നാൽ ഒരു പിശുക്കനായ ദുരാഗ്രഹിക്കു ധനാശ വിടുവാൻ സാധിക്കുന്നതല്ല. ആനന്ദനിൽ അനുചിതമായ ധനാർത്തിയും മൃഗീയമായ വ്യഭിചാരവും രണ്ടും കൂടി പ്രകാശിച്ചിരുന്നു. ഇതു രണ്ടുംകൂടി ഒന്നിച്ചു ചേർന്ന് ആനന്ദൻ ഒരു പിശാചിൻെറ അവതാരമായി വേഷംമാറിയതായിരുന്നു.

* * * *

ആനന്ദൻ പല മനോരാജ്യങ്ങളിൽ വിഹരിക്കുന്ന അവസരത്തിൽ അയാളുടെ ഭാര്യയായ സ്വരബാല ഇങ്ങിനെ തന്നത്താൻ പറഞ്ഞു:-

'ലോകം ഇങ്ങിനെയാണ്. ആനന്ദൻ എൻെറ പിടിയിൽ നിന്നും വിട്ടുമാറി നില്ക്കുന്നു! അയാൾ കൃഷ്ണവേണിയുടെ പുറകെ ഓടി നടക്കുന്നു. സ്വത്തു മുഴുവനും അവൾക്കു കൊടുക്കണമെന്നാണ് അയാളുടെ വിചാരം. ഈ ഉദ്ദേശങ്ങളെല്ലാം തകരാറാക്കണം. അയാൾ എന്നോടു ചെയ്ത ചതി അയാൾതന്നെ അനുഭവിക്കണം. ആ വസ്തുക്കൾ അനുഭവിക്കുന്നതിന് അയാളെ ഞാൻ സമ്മതിക്കുന്നതല്ല. സ്വത്തുക്കൾ വീണ്ടെടുക്കുന്നതിനു കുമാർബഹദൂറിനെ ഞാൻ സഹായിക്കും. അദ്ദേഹം എന്നോടു കൃതജ്ഞനായിരിക്കും. അയാൾ എനിക്കു വല്ലതും പ്രതിഫലം തരണമെന്നു പറകയാണെങ്കിൽ ഞാൻ അദ്ദേഹത്തിൻെറ സ്നേഹം പ്രതിഫലമായി തന്നാൽ മതിയെന്നു പറയും. അതു് അദ്ദേഹം മടിക്കയുമില്ല. അതു വേറെ സംഗതി. ആനന്ദനെ ഞാനതു് അനുഭവിപ്പിക്കുകയില്ല. ഹാ കൃഷ്ണവേണിയെ ആ ഗൃഹത്തിൽ താമസിപ്പിച്ചതുതന്നെ എൻെറ

വിഡ്ഢിത്തം! അവിടെ ആനന്ദനെ തടുക്കുവാനാരുമില്ല. ഞാൻ അവിടെച്ചെല്ലും. എൻെറ പക ഞാൻ വീട്ടും.'

വിശന്ന ഒരു ചെന്നായിൻെറ കണ്ണുപോലെ സുരയുടെ മിഴികൾ ചുവന്നു. സുര ബാലേന്ദ്രഭൂഷണൻെറ കൊട്ടാരത്തിലേക്കു പുറപ്പെടുവാൻ തെയ്യാറായി.

## തൊണ്ണൂററഞ്ചാം അദ്ധ്യായം.

പരമകാഷ്ഠ.

ആനന്ദനെപ്പോലെ ഹീനനായ ഒരുവൻെറ ചരിത്രം അന്തസ്സിൽ വൎണ്ണിക്കുന്നതു വളരെ പ്രയാസമായ ഒന്നാകുന്നു. എന്നാൽ സത്യം പറയപ്പെടേണ്ടതാണല്ലോ. ആനന്ദൻെറ ഭാൎയ്യയായ സുര പുത്രിയെപ്പോലെ വളൎത്തിവന്ന ആ പെൺകുട്ടിയിലായിരുന്നു ആനന്ദൻെറ മൃഗീയമായ തൃഷ്ണ ഒടുവിൽ അഭയം പ്രാപിച്ചതു്. ആ പെൺകുട്ടി യൌവ്വനത്തിൽ പ്രവേശിച്ചതോടുകൂടി ആനന്ദൻെറ ആഗ്രഹപൂരിതമായ നയനങ്ങൾ അവളിൽ പതിച്ചു. അയാൾ അവസരം നോക്കി പാൎക്കുകയായിരുന്നു. എന്നാൽ സുരബാലയെ ഒഴിക്കുവാൻ പ്രയാസമായിരുന്നു. സുര ആ പെൺകുട്ടിയെ പ്രത്യേകം സൂക്ഷിച്ചുകൊണ്ടിരുന്നതു് ആനന്ദൻെറ പേരിലുള്ള അവിശ്വാസവും അസൂയയുംകൊണ്ടു മാത്രമായിരുന്നു. ഒടുവിൽ വരേണ്ടതു വന്നുചേൎന്നു.

നേരം ഏകദേശം വൈകി. നീലിമയേറിയ ആകാശമണ്ഡലത്തെ തഴുകിക്കൊണ്ടിരുന്ന സൂൎയ്യകരങ്ങൾക്കു ചൂടു കുറഞ്ഞുവശായി. അന്ധകാരമയമായ രാത്രിയുടെ നിഴൽ കരയിലും ജലത്തിലും ഒന്നുപോലെ കാണപ്പെട്ടു. ആ സമയത്തു കൃഷ്ണവേണി ജനൽ തുറന്നിട്ടു സൂൎയ്യാസ്തമനത്തെ നോക്കി ഓരോ മനോരാജ്യം വിചാരിച്ചിരിക്കുകയായിരുന്നു. അവൾ കഴിഞ്ഞകാലത്തെപ്പററിയും വൎത്തമാനാവസ്ഥയെക്കുറിച്ചും വരാൻ പോകുന്ന ഭാവിയെപ്പററിയും ഓരോന്നു വിചാരിച്ചു തുടങ്ങി. നേരം ഇരുട്ടായി അവളുടെ കഴിഞ്ഞകാലം ദുഃഖപൂൎണ്ണമായും വൎത്തമാനകാലം തീരെ ഉത്സാഹമില്ലാതേയും ഭാവി ഇരുട്ടടഞ്ഞതായും അവൾക്കു തോന്നി.

'ചിലർ കഷ്ടപ്പെടുവാൻ ജനിച്ചവരാണു്. ഞാനതിലൊന്നാണു്. എൻെറ ഗൃഹനില എനിക്കു തീരെ അനുകൂലമല്ല. അതി

നാൽ വൃഥാ ഭാവിയെപ്പററി വ്യസനിച്ചിട്ട കാൎയ്യമില്ല. വരേണ്ടതു വന്നു ചേരട്ടെ. ലോകത്തിൽ ഇനി സുഖാനുഭവമെന്നതു് എനിക്കൊരിക്കലും ഉണ്ടാകുന്നതല്ല. അതിനാൽ "അടുത്തതിനു" പ്രാൎത്ഥിക്കാം' എന്ന കൃഷ്ണ ചിന്തിച്ചു.

കൃഷ്ണവേണി വീണ്ടും അസ്തമനസൂൎയ്യനെ നോക്കി. അപ്പോൾ ഒരു രേഖമാത്രമേ കാണ്മാനുണ്ടായിരുന്നുള്ളു.

'കഷ്ടം! എൻെറ ജീവിതത്തിലെ ആശകളെല്ലാം ഇങ്ങിനെ അവസാനിച്ചല്ലോ.'

ആ സമയത്തു് ആരോ തൻെറ മുതുകിൽ സ്പൎശിച്ചതായി തോന്നി. കൃഷ്ണവേണി തിരിഞ്ഞു 'ലതിയാണോ' എന്നു ചോദിച്ചു. എന്നാൽ അവളുടെ അഭ്യോക്തി അധരങ്ങളിൽ ലയിച്ചു. അതു് ആനന്ദനായിരുന്നു. അവൾ എഴുന്നേററു് ഒരു ഭയചഞ്ചലമായ മാൻകിടാവിനെപ്പോലെ നിന്നു. ആനന്ദൻ ചിരിച്ചുംകൊണ്ടു് ഇങ്ങിനെ പറഞ്ഞു:—

'പ്രിയപ്പെട്ട വേണീ! എന്നെ കണ്ട ഭയപ്പെടുന്നുവോ? ഞാൻ ഒരു കടുവായോ പുലിയോ അല്ല. നിനക്കു് അപരിചിതനുമല്ല. നിനക്കു ബാല്യംമുതലേ എന്നെ അറിയാം. നിന്നോടു് എനിക്കു സ്നേഹമുണ്ടെന്നും നീ അറിഞ്ഞിട്ടുണ്ടു്. പിന്നെ എന്തിനു് എൻെറ മുമ്പിൽ പരിഭ്രമിക്കുന്നു.'

'എന്തുകൊണ്ടെന്നാൽ നിങ്ങളെ അറിയുന്നതുകൊണ്ടു തന്നെ' എന്നിപ്രകാരമോ മറേറാ പറവാൻ അവൾ ഭാവിച്ചെങ്കിലും ഭയംകൊണ്ടു ശബ്ദം പുറത്തേക്കു വന്നില്ല. അവളുടെ സൌന്ദൎയ്യധോരണിയെ പാനം ചെയ്തുകൊണ്ടു് ആനന്ദനും നിന്നു.

'ഓമനേ! വേണീ! ഞാൻ ഹൃദയപൂൎവ്വം നിന്നെ സ്നേഹിക്കുന്നുണ്ടെന്നു പക്ഷേ നിനക്കറിവില്ല.'

കൃഷ്ണ ഭയത്തോടുകൂടി മുഖം തിരിച്ചുകളഞ്ഞു. ആനന്ദൻെറ മുഖത്തു നോക്കുവാൻ തന്നെ അവൾ ഭയപ്പെട്ടു.

'ഹാ! വെറുപ്പോടുകൂടി മുഖം തിരിക്കരുതു്' ഓമനേ! ഞാനിതെല്ലാം ചെയ്തതു നിനക്കു വേണ്ടിയാണു്. നിനക്കു വേണ്ടിയാണു സരയെ ഞാൻ ഉപേക്ഷിച്ചതു്. എന്നെ അനുകൂലബുദ്ധിയോടുകൂടി ഒന്നു നോക്കുക. പിന്നെ എല്ലാം നിൻെറ സ്വന്തം.'

കൃഷ്ണവേണി അപ്പോഴും ആലില പോലെ വിറക്കുന്നുണ്ടായിരുന്നു. അവൾ ചെവി പൊത്തി. അവളുടെ മുഖം വിളറി. ഹാ! നി

സ്സഹായയായ യുവതി! അവളെന്തു ചെയ്യും? അവൾ ഈശ്വര സന്നിധാനത്തിൽ ദയനീയമായി പ്രാർത്ഥിച്ചു. എന്തെങ്കിലും ദേഹരക്ഷക്ക് ഒരായുധം കൈവശം ഉണ്ടായിരിക്കണമെന്നു ലതി പറഞ്ഞിരുന്നതു് അവൾ ഓർമ്മിച്ചു. അനാഥകളും അബലകളുമാകയാൽ അവരുടെ മാനത്തേയും മര്യാദയേയും രക്ഷിക്കുന്നതിന് എപ്പോഴും കൈവശം വസ്ത്രത്തിനിടയിൽ എന്തെങ്കിലുമൊരായുധം മറച്ചുവെച്ചുകൊണ്ടിരിക്കുന്നതു കൊള്ളാമെന്നും ആവശ്യം വന്നാൽ അതുകളെ രക്ഷിപ്പാൻ ജീവഹാനി ചെയ്താലും പാപമില്ലെന്നും മാനത്തേയും ചാരിത്രത്തേയും ബലികഴിക്കുന്നതിൽ ഭേദം മരണമാണു നല്ലതെന്നും ലതിയുടെ അമ്മൂമ്മ പറഞ്ഞിട്ടുള്ളതായി ലതി പറഞ്ഞിരുന്നതുപോലെ ചെയ്യുവാൻ സാധിക്കാത്ത കൃഷ്ണ തല്ക്കാലം കണ്ണിതപ്പെട്ടു. അവൾ വിധിയെ ശപിച്ചു കണ്ണുനീരൊഴുക്കി.

ആനന്ദൻ തുടന്നു പറഞ്ഞു:—

'ഓമനേ! എൻെറ നേരെ നോക്കുക. ഞാനിതൊക്കെ പ്രവത്തിച്ചതു നിനക്കുവേണ്ടിയാണ്. ഇങ്ങോട്ടു നോക്കുക. ഈ വസ്തുക്കളെല്ലാം നിൻെറ വകയാണ്. ഇതു ബാലേന്ദ്രഭൂഷണൻെറ മരണപത്രമാണ്. അയാളുടെ സവ്വസ്വവും നിനക്കായി സമപ്പിച്ചിരിക്കുന്നു. നീ ഇപ്പോൾ ലക്ഷത്തിന് അധികാരിയായിത്തീന്നിരിക്കുന്നു. നിനക്കിനി ആരേയും ഭയപ്പെടുവാനില്ല. നിൻെറ അടിമയായിട്ടു ഞാൻ നിൻെറ ആഗ്രഹങ്ങൾ എല്ലാം സാധിപ്പിച്ചു തരാം. ഓമനെ! അടുത്തു വരിക.'

ആനന്ദൻ മുമ്പോട്ടടുത്തു. കൃഷ്ണവേണി ഭയംകൊണ്ടു് അമ്പരന്നു. ആനന്ദനെ തടയുവാനാരുമില്ലായിരുന്നു. ആനന്ദൻ കൃഷ്ണവേണിയുടെ കൈയ്ക്കു കടന്നുപിടിച്ചു. ആനന്ദൻെറ പിടി വിടുവിക്കുന്നതിനു കൃഷ്ണ ശ്രമിച്ചുനോക്കി. എന്നാൽ പററിയില്ല.

ആനന്ദൻ പിന്നേയും വികാരത്തോടുകൂടി പറഞ്ഞു:—

'പ്രിയേ! നീ എന്തിനു ഭയപ്പെടുന്നു? നമ്മുടെ സന്തോഷത്തെയും സുഖത്തെയും തടസ്ഥപ്പെടുത്തുന്നതിന് ആരുമില്ല. കാലിലിട്ട മുഷിഞ്ഞ ചെരിപ്പുപോലെ സുരയേ ഞാൻ ഉപേക്ഷിച്ചേക്കാം. ആ ജന്തുവിന് ഇനി നിന്നെ ഉപദ്രവിക്കുവാൻ ഞാനനുവദിക്കുകയില്ല. പ്രിയേ! വരിക—'.

എന്നാൽ ആനന്ദൻ പറഞ്ഞു തീരുന്നതിനു മുമ്പു വാതലിൽ ഉണ്ടായിരുന്ന പടുതാ നീക്കി ഒരാൾ കൊടുങ്കാററുപോലെ ആ മു

ഗിയിലേക്കു പാഞ്ഞു കയറി കടുവാ എന്നപോലെ ആനന്ദന്റെ മേൽ ചാടിവീണു.

'പ്രേമത്തിന്റെ ആലിംഗനം ഇങ്ങിനെയാണു.'

ആനന്ദൻ ഭയങ്കരമായി നിലവിളിച്ചുകൊണ്ടു തറയിൽ വീണു. രക്തം ഉറവെന്നപോലെ അവിടെ ചീന്നി. ആനന്ദൻ മരണവേദനയിൽ കിടന്നുരുണ്ടു നിലവിളിച്ചു. ആ ഭയങ്കരമായ കാഴ്ച കണ്ടു കൃഷ്ണവേണി ഭയന്നു.

നോക്കുക! സുരബാല കലികൊണ്ടതുപോലെ നില്ക്കുകയായിരുന്നു! അവളുടെ കൈകൾ രക്തത്തിൽ കുളിച്ചിരുന്നു. അവളുടെ ചുവന്ന മിഴികൾ രണ്ടു് അഗ്നിഗോളങ്ങൾപോലെ പ്രകാശിച്ചു. അവളുടെ നെഞ്ചു കാററിൽ ഇളകുന്ന സമുദ്രംപോലെ പൊങ്ങുകയും താഴുകയും ചെയ്തുകൊണ്ടിരുന്നു!

അവൾ ഉറക്കെ പറഞ്ഞു:—

'ഞാനിപ്പോൾ തൃപ്തയായി. നിങ്ങളും തൃപ്തിപ്പെട്ടിരിക്കും! കൃഷ്ണവേണിയേയും വേണമല്ലേ? കൊള്ളാം. അവളേയും ഞാൻ ഒന്നിച്ചയയ്ക്കാം'.

രക്തത്തിൽ കുളിച്ചുകിടന്ന ആനന്ദനെ അവൾ തുറിച്ചുനോക്കിക്കൊണ്ടു നിന്നു. അയാളുടെ നയനങ്ങൾ പ്രകാശമില്ലാതായി. അയാൾ അന്ത്യത്തോടു് അടുത്തുകൊണ്ടിരുന്നു. ആനന്ദന്റെ ദേഹത്തിൽനിന്നും കഠാരിവലിച്ചൂരുവാൻ സുര ശ്രമിച്ചു. എന്നാൽ പററിയില്ല. അവൾ സർവ്വശക്തികളും ഉപയോഗിച്ചു കുത്തിയിറക്കിയ കഠാരി ആനന്ദന്റെ വാരിയെല്ലുകളെ ഭേദിച്ചു ശ്വാസനാഡിയെ ചേർപെടുത്തിയിരുന്നു. സുര പിന്നേയും കഠാരി വലിച്ചൂരുവാൻ ശ്രമിച്ചു. എന്നാൽ കോപാവേശത്താൽ അവളുടെ കൈകൾക്കു സ്ഥിരതയുണ്ടായിരുന്നില്ല. അവൾ വീണ്ടും ഉറക്കെ അലറി.

'അതെ അതെ. നിന്നേയും ഒന്നിച്ചു പറഞ്ഞയച്ചേക്കാം' ഈ വാക്കുകൾ കൃഷ്ണയെ വല്ലാതെ ഭയപ്പെടുത്തി. ആനന്ദൻ രക്തപ്രവാഹത്തിൽ കുളിച്ചു കിടക്കുകയായിരുന്നു! സുര പിന്നെയും എന്തോ അലറിക്കൊണ്ടു് ആ മുറിയിൽനിന്നും പുറത്തേയ്ക്കോടി.

ഈ സമയത്തു് ആരോ അനവധിപേർ ഒന്നിച്ചു് ആ മുറിയിലേക്കു കടന്നുവരുന്നതുപോലെ കാലൊച്ച കേൾക്കപ്പെട്ടു. കൃഷ്ണ നിലവിളിച്ചു 'അയ്യോ! കൊലപാതകം. സഹായിക്കണേ!' അ

വൾ പുറത്തേക്കു പാഞ്ഞു. ക്ഷീണത്തിലോ പരിഭ്രമത്താൽ തട്ടി വീഴുവാൻ ഭാവിച്ചപ്പോഴേക്കും ഭൂപൻ അവളുടെ കൈയ്ക്കു കേറി പിടിച്ചു. ഭൂപനും ഗുണേന്ദ്രനും ആ മുറിയിലേക്കു കടന്നുവന്നു. പോലീസുകാരും ജമേദാരും അല്പം പുറകിലായിരുന്നു. ഗുണേന്ദ്രൻ ഭൂപനോടുകൂടി ഗൃഹത്തിൽ കടന്ന അവസരത്തിൽ അയാളെ ആരും തടുത്തില്ല. ആ പാറാവുകാരൻ തന്നെ ഭയപ്പെട്ടു മാറിനിന്നതേയുള്ളു. അവർ കോണിപ്പടി കയറുന്ന അവസരത്തിൽ ഒരു ദീനസ്വരം അവരുടെ ശ്രുതിപുടങ്ങളിൽ പതിച്ചു. ഉടനെ അവർ എന്തെന്നു പരിഭ്രമിച്ചു ശബ്ദംകേട്ട സ്ഥലത്തേക്കു ബദ്ധപ്പെട്ടു വന്നു. എന്നാൽ വീണ്ടും നിലവിളിയും സഹായത്തിനുള്ള വിളിയും കേട്ടപ്പോൾ അവർ അതു പുറപ്പെട്ട സ്ഥലത്തെ ലക്ഷ്യമാക്കി മുമ്പോട്ടു പായുമ്പോഴായിരുന്നു വഴിക്കുവെച്ചു കൃഷ്ണവേണി ഓടിപ്പോന്നതു കണ്ടു ഭൂപൻ അവളെ കൈകളിൽ താങ്ങിയതു്. അവൾ ആലിലപോലെ വിറച്ചുകൊണ്ടിരുന്നു. ആ അസാധാരണമായ നിലവിളിയുടെ കാരണത്തെപ്പററി ഭൂപൻ അവളോടു ചോദിച്ചു. എന്നാൽ അതിനു സമാധാനം പറയുവാൻ നാക്കു പൊങ്ങാതെ കൃഷ്ണവേണി ആ മുറിയിലേക്കു കൈ ചൂണ്ടിക്കാണിച്ചു. ഗുണേന്ദ്രനും ഭൂപനും അനുചരന്മാരോടുകൂടി ആ മുറിയിലേക്കു പാഞ്ഞുചെന്നു.

ഹാ ഭയങ്കരം! ആ കാഴ്ച കണ്ടു ഞെട്ടി ഗുണേന്ദ്രൻ പുറകോട്ടു മാറി. രക്തമണിഞ്ഞു കിടന്നിരുന്ന ആനന്ദന്റെ ദേഹത്തിൽനിന്നും സുര കഠാരി വലിച്ചൂരുവാൻ ശ്രമിക്കുകയായിരുന്നു! ഭൂപൻ അല്പനേരത്തേക്കു സ്തംഭിച്ചതുപോലെ നിന്നുവെങ്കിലും ഒരു പോലീസുദ്യോഗസ്ഥന്റെ ധൈര്യത്തോടും വേഗതയോടുംകൂടി ഉടനെതന്നെ സുരയെ അറസ്റ്റുചെയ്തു. സുര ഒരു ചെന്നായയെപ്പോലെ കാണപ്പെട്ടു. കൊലപാതകസമയത്തു കലികൊണ്ടിരുന്ന അവളുടെ പ്രകൃതത്തിനു ശാന്തിവന്നപ്പോൾ അവൾ ക്ഷീണിച്ചു വീഴുവാൻ ഭാവിച്ചപ്പോൾ ജമേദാർ അവളെ മുറുക്കിപ്പിടിച്ചുകൊണ്ടു നിന്നു. എല്ലാവരും ഭയത്താലും അതിശയത്താലും ഒന്നും മിണ്ടാതെ നിന്നു. ഒടുവിൽ ഭൂപൻ ഇങ്ങിനെ പറഞ്ഞു.

'നോക്കുക ഗുണൻബാബു! ആ ദുഷ്ടനെ ഈശ്വരൻ തന്നെ ശിക്ഷിച്ചിരിക്കുന്നു. അയാൾക്കു കിട്ടിയ അനുഭവം ഉചിതമായി. എല്ലാത്തിനുമൊരതിരുണ്ടു്. അയാളെ വധിച്ച ആ കൈകളെ നോക്കുക! അയാളുടെ ഭാര്യയുടെ കൈതന്നെയാണു ഈ കൊലപാതകം

നടത്തിയതു്. ഇതിൽ കൂടുതലായി ഈശ്വരശിക്ഷ എന്താണു വരുവാനുള്ളതു്? ഈശ്വരൻ എല്ലാം കാത്തിരുന്നു കണ്ടുകൊണ്ടിരിക്കുന്നു. ഈശ്വരചക്രം സാവധാനത്തിൽ തിരിയുന്നു! ഇനി നമുക്കും ബുദ്ധിമുട്ടിനു കുറവുണ്ടു്. നിങ്ങളുടെ സ്വത്തുക്കൾക്കു് ഇനി യാതൊരു ബാധയും ഇല്ല. ആ കടലാസെന്താണു്?—'

ഭൂപൻ രക്തംപുരണ്ട ഒരു ചുരുട്ടിയ കടലാസു തറയിൽനിന്നും എടുത്തു. 'ഹാ! ഇതുതന്നെയാണു മരണപത്രം' എന്നു ഭൂപൻ പറഞ്ഞു.

'ഈ കടലാസ്സ് ഇനി കീറിക്കളയാവുന്നതാണു്' എന്നു ഭൂപൻ വീണ്ടും പറഞ്ഞു.

'വരട്ടെ. അതിനെപ്പററി കൃഷ്ണവേണിയോടു് ഒന്നു ചോദിക്കുവാനുണ്ടു്. അവളുടെ പേരിൽ എഴുതിയതാകയാൽ വേണമെങ്കിൽ അവൾ കോട്ടിൽ ഹാജരാക്കിക്കൊള്ളട്ടെ' ഗുണേന്ദ്രന്റെ വാക്കുകൾ കേട്ട ഭൂപൻ അതിശയിച്ചു ഭൂപൻ ഗുണേന്ദ്രന്റെ മുഖത്തേക്കു് അത്ഭുതത്തോടുകൂടി നോക്കിക്കൊണ്ടു പറഞ്ഞു. 'ഗുണേന്ദ്രൻബാബു! നിങ്ങൾ ഒരു ദൈവദൂതൻ തന്നെയാണു്. ഇങ്ങിനെ ഒരു ഔദാര്യപ്രവൃത്തി ഞാനിതിനുമുമ്പിൽ കേട്ടിട്ടു ഇല്ല. ഏതായാലും നിങ്ങൾ പറഞ്ഞതനുസരിച്ചു കൃഷ്ണയോടുകൂടി ചോദിക്കണം. (കൃഷ്ണയോടു തിരിഞ്ഞു) സ്വത്തുക്കൾക്കും വസ്തുക്കൾക്കും വേണ്ടി നിങ്ങൾ എതിരിടുന്നുണ്ടോ? ഈ മരണപത്രം നിങ്ങൾ ആവശ്യപ്പെടുന്നുണ്ടോ? തുറന്നു പറയുക.'

'ഞാനൊരു സാധു. എന്നെ ദയവുചെയ്തു ലജ്ജിപ്പിക്കരുതു്. എനിക്കു മരണപത്രവുമായിട്ടും വസ്തുക്കളോടായിട്ടും യാതൊരു ബന്ധവുമില്ല. എന്റെ തലയിലെഴുത്തിനു കീഴടങ്ങി ഞാൻ തൃപ്തിപ്പെട്ടുകൊള്ളാം' എന്നു കൃഷ്ണവേണി വിക്കിവിക്കി പറഞ്ഞു.

'അത്യുത്തമം' എന്നു ഭൂപനും ഉത്തരം പറഞ്ഞു.

ഈ സമയത്തു ദയനീയമായ ഒരു മുരങ്ങൽ അവരുടെ ചെവിയിൽ പതിച്ചു. അതു മരണവേദന അനുഭവിച്ചിരുന്ന ആനന്ദന്റെ ശബ്ദമായിരുന്നു. മരണത്തോടു് അടുത്തിരുന്ന ആനന്ദന്റെ നയനങ്ങൾ മറിഞ്ഞുകൊണ്ടിരുന്നു.

'ഹാ! ആ പട്ടി ഇനിയും ചത്തില്ലേ?' എന്നായിരുന്നു ഭൂപൻ ഉച്ചരിച്ചതു്. ആനന്ദനു് എന്തോ സംസാരിച്ചാൽ കൊള്ളാമെന്നു അയാളുടെ മുഖഭാവം പ്രത്യക്ഷപ്പെടുത്തി. അയാൾ വൃഥാ ശ്രമിച്ചു. നാവിനു ശക്തിയില്ലായിരുന്നു!

ഭൂപൻ തന്റെ അനുചരന്മാരുടെ സഹായത്തോടുകൂടി ആനന്ദനെ എടുപ്പിച്ച് ആശുപത്രിക്കയയ്ക്കുകയും സുരയോടുകൂടി ഠാണാവിലേയ്ക്കു പോകുകയും ചെയ്തു.

ഠാണാവിൽ എത്തിയതിന്റെ ശേഷം സംഭവത്തെപ്പററി കൃഷ്ണവേണിയുടേയും ഗുണേന്ദ്രന്റേയും മൊഴികൾ വാങ്ങി റിക്കാർട്ടാക്കി. സുരബാലയും വിസ്താരമായിസകലവിവരവും മൊഴികൊടുത്തു. സുര സകലവിവരങ്ങളും തുറന്നു പറഞ്ഞതിന്റെ ഫലമായി ഭൂപൻ താരയേയും അറസ്ററു ചെയ്തു.

ആശുപത്രിക്കു കൊണ്ടുപോകുമ്പോൾ വഴിയിൽ വെച്ച് ആനന്ദൻ മരിച്ചു. ഇങ്ങിനെ ആനന്ദന്റെ ദുരാഗ്രഹമയവും ഭയങ്കരവുമായ ജീവിതം അവസാനിച്ചു! ഒരു വെറും തെണ്ടിപ്പട്ടിയുടെ മരണംപോലെയായിരുന്നു അയാളുടെ മരണവും. അയാളുടെ മരണത്തെ കുറിച്ച് അനുശോചിക്കുവാനാകട്ടെ വ്യസനിക്കുവാനാകട്ടെ ആരുമുണ്ടായിരുന്നില്ല. അയാൾ ഹീനപ്രവൃത്തികൾ ചെയ്തു സമ്പാദിച്ചു കൂട്ടിയിരുന്ന പണം മുഴുവൻ, അംബിക്കഥകളിലെ കള്ളന്മാരുടെ സ്വത്തെന്നപോലെ മററുള്ളവരുടെ അനുഭവത്തിന്നായി ശേഷിച്ചു. സമ്പാദിച്ചുവെച്ച ഒരു കാശുപോലും അന്ത്യയാത്രയിൽ ഒരാൾക്കു കൊണ്ടുപോകുവാൻ സാധിക്കുകയില്ലെങ്കിലും ആ അന്ത്യസമയംവരെ പണത്തിനുള്ള ആഗ്രഹം വിട്ടുമാറുന്നുമില്ല. അത്ഭുതം!

## തൊണ്ണൂററാറാം അദ്ധ്യായം.

### കൊലയ്ക്കുശേഷം.

ആനന്ദന്റെ മരണം കഴിഞ്ഞിട്ടു മൂന്നുമാസം കഴിഞ്ഞിരുന്നു. അക്കാലങ്ങളിലെല്ലാം ഭൂപൻ കേസു സംബന്ധിച്ച തെളിവു ശേഖരിക്കുന്ന വിഷയത്തിൽ ഏർപ്പെട്ടിരുന്നു.

കുററം മുഴുവൻ സമ്മതിച്ച സുരബാലയെ ശരിയായ വിചാരണയ്ക്കുശേഷം ജീവപര്യന്തം നാടുകടത്തൽ ശിക്ഷയ്ക്കു വിധിച്ചു. അവളെക്കുറിച്ച് അനുശോചിക്കുന്നതിന് ആരും തന്നെ ഉണ്ടായിരുന്നില്ല. പ്രതിക്കൂട്ടിൽ നിന്നും അവളെ ഇറക്കി കൊണ്ടുപോകുമ്പോൾ കാഴ്ചക്കാരിൽ ഒരാൾ ഇങ്ങിനെ വിളിച്ചു പറഞ്ഞു:—

'വേഗം പോകാം. ഭയപ്പെടേണ്ട. ഇനി നിന്റെ ദുർവ്യാപാരത്തിനു രംഗം ആൻഡമാൻ ദ്വീപാണു്. അവിടെയുള്ള കൊലപ്പുള്ളികളുടെ റാണിയായി ഇനി അവിടെക്കൂടാം.'

സുര ആ ശബ്ദം കേട്ടു തിരിഞ്ഞുനോക്കി. അതു റായിബഹദൂറിന്റെ ശബ്ദമായിരുന്നു. അതുകേട്ടു സുര പൊട്ടിക്കരഞ്ഞു. സ്ത്രീമോഷണകുററത്തിനു താരയെ പ്രത്യേകം വിസ്തരിച്ചു് ഏഴു കൊല്ലത്തെ കഠിനതടവിനു വിധികല്പിച്ചു. ആ കേസ്സിൽ പ്രധാനസാക്ഷി റായിബഹദൂറായിരുന്നു. സുരബാലയ്ക്കും താരക്കും വിപരീതമായി കൃഷ്ണവേണിക്കു മൊഴികൊടുക്കേണ്ടിവന്നു. ജഡ്ജിയും ജൂറിമാരും അവളുടെ മൊഴി കേട്ടു് അവളിൽ അനുകമ്പ പ്രദർശിപ്പിക്കുകയും എന്നാൽ കുററക്കാരികളായ സുരയുടേയും താരയുടേയും പേരിൽ ദുരഭിപ്രായവും വെറുപ്പും അവർക്കു് ഉണ്ടാകുകയും ചെയ്തു. താരയുടെ പേരിലെ വിധി വായിച്ചപ്പോൾ അവൾ വാവിട്ടു നിലവിളിച്ച ശബ്ദം സകലരുടേയും ചെവിക്കല്ലുകളെ തുളച്ചു.

ഇങ്ങിനെ താരയും സുരബാലയും സമുദായത്തിൽനിന്നും അന്തർദ്ധാനംചെയ്തു. ആനന്ദനെപ്പററി അനുശോചിക്കുവാൻ ആരുമില്ലാതിരുന്നതുപോലെതന്നെ അവരെപ്പററിയും ആരുംതന്നെ അനുഭാവം പ്രദർശിപ്പിച്ചില്ല. ഈ കേസ്സുകളിൽ ആവശ്യമുള്ള സാക്ഷികളെ അന്വേഷിക്കുന്ന കൂട്ടത്തിൽ ഗിരിയുടെ അധഃപതനത്തിനു ശ്രമിച്ചിരുന്ന ശീതളനും ലക്ഷ്മിയും അയാളുടെ ദൃഷ്ടിയിൽ പെടാതിരുന്നില്ല. എന്നാൽ അവരിലാരേയുംകൊണ്ടു മൊഴി കൊടുപ്പിക്കുവാൻ സാധിച്ചില്ല. ലക്ഷ്മി കുറെ നാളായി ഭ്രാന്തു പിടിച്ചു നടക്കുകയായിരുന്നു. ശീതളന്റെ നയനങ്ങൾക്കു കാഴ്ചയില്ലാതായി, അയാളും തെരുവിൽ ഭിക്ഷ യാചിച്ചു നടന്നിരുന്നു. ശീതളനു വസൂരി പിടിപെടുകയാൽ ദീനം മാറിയതോടുകൂടി കണ്ണുരണ്ടും കാണാതെയായി. വിശ്വേശ്വരനെ അന്വേഷിച്ചിട്ടു പിന്നെ പിടികിട്ടിയില്ല. അന്വേഷണത്തിൽ നിരാശയോടുകൂടി അയാൾ ഗംഗയിൽ ആത്മഹത്തി ചെയ്തതായ വർത്തമാനം ഭൂപനു പിന്നീടു കിട്ടി. നമ്മളുടെ പഴയ ഭട്ടാചാര്യമഹാശയൻ സ്ത്രീമോഷണക്കേസ്സിൽ താരയെ സഹായിക്കുകയും ഉത്സാഹിപ്പിക്കുകയും ചെയ്ത കുററത്തിനു ശിക്ഷിക്കപ്പെട്ടു. ഭട്ടാചാര്യരെ ശിക്ഷിപ്പിക്കുന്ന വിഷയത്തിൽ ഭൂപൻ വളരെ പണിപ്പെട്ടു. അയാൾ ഒരു സാമർത്ഥ്യമുള്ള കള്ളനായിരുന്നതിനാൽ അയാളുടെ

പേരിൽ തെളിവു ശേഖരിക്കുന്നതിന്ന ഭൂപൻ നന്നെ വിഷമിച്ചിരു ന്നു. എന്നാൽ ഭൂപൻെറ അതിസാമൎത്ഥ്യംകൊണ്ടു കളിഞ്ഞുകിട ന്ന പലതുംകൂട്ടി ഇന്നക്കി ഭട്ടാചാൎയ്യരുടെ മേൽ യഥാൎത്ഥ തെളി വു ഭൂപൻ കൊണ്ടുവന്നതിനാൽ അയാളെ രണ്ടുകൊല്ലത്തെ കഠി നതടവിന്ന ശിക്ഷിച്ചു. അയാളുടെ വക്കീൽ നല്ലവണ്ണം വാദിച്ചു നോക്കിയെങ്കിലും കോൎട്ടിലെ ദയവിന്ന് അയാൾ അൎഹനായിത്തീ ൎന്നില്ല. അതിനാൽ ഭട്ടാചാൎയ്യർ ജെയിലിലേക്കുതന്നെ പോകേ ണ്ടതായും വന്നുകൂടി.

നമ്മുടെ ഖാൻസാഹിബ്ബ് ബ്രാഹ്മണവേഷത്തിൽ നടക്കുന്ന തിനിടയിൽ മറെറാരുവനെ അടിച്ചതായ ഒരു കേസ്സുതുടവിച്ചു. അതിൽ ഖാൻസാഹിബ്ബിനെ ഒരു കൊല്ലത്തെ കഠിനതടവുശി ക്ഷക്കു വിധിച്ചുവിട്ടു. ആ കൂട്ടത്തിൽ അയാൾക്കു മാത്രമായിരുന്നു ലഘുവായ ശിക്ഷ കിട്ടിയതു്. അതു മറെറാരു കുററം ചെയ്തതിനു മായിരുന്നു. ഭൂപൻ ആ കഥ അറിഞ്ഞിരുന്നില്ല.

## തൊണ്ണൂററി ഏഴാം അദ്ധ്യായം.

ഭാഗം.

സുരബാലയുടേയും താരയുടേയും പേരിലുണ്ടായിരുന്ന കേ സ്സുകൾ അവസാനിച്ചപ്പോൾ ഗുണേന്ദ്രൻ അനിലനേയും ഭൂപനേ യും തൻെറ ഗൃഹത്തിലേക്കു ക്ഷണിച്ചുവരുത്തി. ഭാൎയ്യയോടുകൂടി വരുന്നതിന്ന് അനിലനെ പ്രത്യേകം ക്ഷണിച്ചിരുന്നു. പ്രിയനേയും ഭാൎയ്യയേയും ഗുണേന്ദ്രൻ ക്ഷണിച്ചിട്ടുണ്ടായിരുന്നു. അതിന്നുവേ ണ്ടിത്തന്നെ ഹുഗ്ലിയിൽനിന്നും തൻെറ ഭാൎയ്യയായ സുശീലയേയും ഗുണേന്ദ്രൻ വരുത്തിയിരുന്നു. തൻെറ വിവാഹാഘോഷത്തിനെ ന്നായിരുന്നു വെളിയിൽ ഗുണേന്ദ്രൻ പറഞ്ഞിരുന്നതു്. റായിബ ഹദൂറിനെ ഈ പ്രാവശ്യം വിട്ടുകളഞ്ഞു.

ക്ഷണനദിവസം നേരം ഉച്ചയായപ്പോൾ ഗുണേന്ദ്രൻ ഒരു വണ്ടിയിൽ പുറത്തേക്കു പോയി ഒരു രണ്ടുനില കെട്ടിടത്തിൻെറ മുമ്പിലെത്തി. വാതിലിന്നു മുട്ടിയപ്പോൾ ഹരിചരണൻ പുറത്തേ ക്കു വന്ന് അയാളെ ബഹുമാനപുരസ്സരം സ്വീകരിച്ചു.

'കുമാർ! അകത്തു വരാം. വളരെക്കാലംകൂടിയാണു നിങ്ങ ളെ കാണുന്നതു്. ഏതായാലും സന്തോഷം. ഞാൻ എന്തുവേണ മെന്നു ദയവുചെയ്തു പറയുക.'

ഘനേന്ദ്ര—റാണിയോട ഞാൻ കാണ്മാൻവന്നു നില്ക്കുന്നതായി പറയുക.

ഹരിചരണ—എൻെറ കൂടെ വരാം.

ഘനേന്ദ്രൻ ഹരിചരണനെ പിന്തുടന്നു. അകത്തേക്കു കടന്ന സമയം തളത്തിലായി സന്യാസിനിയുടെ പ്രകാശമേറിയ സ്വരൂപം ഘനേന്ദ്രൻ മുമ്പിൽ കണ്ടു. സന്യാസിനിയുടെ പാദങ്ങൾ തൊട്ടു ഘനേന്ദ്രൻ ഇങ്ങിനെ പറഞ്ഞു:—

'അമ്മേ! ഇന്നു വൈകീട്ടു നിങ്ങൾ എൻെറ ഗൃഹത്തിൽ വന്നു നിങ്ങളുടെ സാന്നിദ്ധ്യത്താൽ എന്നെ അനുഗ്രഹിക്കണം.

സന്യാസിനി—എന്താരു കഥേ!

ഘനേന്ദ്രൻ—അതെല്ലാം ഞാൻ പിന്നീട പറയാം. ഹരിചരണ! നിങ്ങളും റാണിയോടുകൂടി വരണം. അനിലനെ ഭാൎയ്യയോടുകൂടി വരുന്നതിനു ഞാൻ ക്ഷണിച്ചിട്ടുണ്ട്. ഇന്ദുമതി അയാളോട കൂടിയാണു താമസമെന്നു ഞാൻ ഊഹിക്കുന്നു.

സന്യാസിനി—അതെ.

ഘനേന്ദ്ര—നിങ്ങൾ എന്നെ നിരാശപ്പെടുത്തുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

സന്യാസിനി—'ഇല്ല. നിങ്ങൾക്ക് അത്ര അത്യാശയുള്ള സ്ഥിതിക്കു ഞാൻ വരാം.' ഘനേന്ദ്രൻ വീണ്ടും സന്യാസിനിയെ വന്ദിച്ചു യാത്ര പറഞ്ഞു പിരിഞ്ഞു.

ഹരി—എന്തു സംഗതി?

സന്യാസിനി—ഊഹിക്കുവാൻകൂടി വിഷമമായിരിക്കുന്നു.

ഹരി—ഘനേന്ദ്രൻെറ പ്രകൃതത്തിനു ഇത്ര മാററം വരുമെന്നു ഞാൻ സ്വപ്നേപി വിചാരിച്ചിരുന്നില്ല. വസ്തുവകകളെപ്പററി എന്തുചെയ്യാൻ പോകുന്നു?

സന്യാസിനി—അതു കണ്ടുതന്നെ അറിയേണ്ടതാണ്.

ഹരിചരണ—പക്ഷേ നാം വെറുതെ താമസിക്കുകയായിവരാം.

സന്യാസിനി—അങ്ങിനെയുമാവാം. എന്നാൽ ഞാൻ ഘനേന്ദ്രൻെറ അന്തസ്സിൽ വിശ്വസിക്കുന്നുണ്ട്.

ഹരിചരണ—'നാം വളരെക്കാലമായി കാത്തിരിക്കുന്ന ഒരു സംഗതിയാണ്. സന്യാസിനി അതിന് ആദ്യം മറുപടി ഒന്നും പറഞ്ഞില്ല. പിന്നീട് ഇങ്ങിനെ പറഞ്ഞുംകൊണ്ടു നടന്നു:—

‘വരാനുള്ളതു വഴിയിൽ തങ്ങുകയില്ല. ഞാനതിനെപ്പററി ഇനി വിചാരിക്കുന്നേയില്ല. എൻെറ ലതിക്ക് ഇപ്പോൾ യാതൊരു സുഖക്കുറവുമില്ല.’

‘കുമാർ ബഹദൂരോട്ട് എതിരിടുന്നതിന് എനിക്കും മടിയുണ്ട്.’

വൈകുന്നേരമായപ്പോൾ ക്ഷണിക്കപ്പെട്ടവർ ഓരോരുത്തരായി വരവുതുടങ്ങി. ആദ്യം പ്രിയനും ഭാര്യയും വന്നുചേന്നു. ലീലയെ സുശീല ബഹുമാനപുരസ്സരം സ്വീകരിച്ചു. സുശീല നാം മുമ്പു പറഞ്ഞിട്ടുള്ളതുപോലെ ഹൃദയവികാസമുള്ള ഒരു യുവതിയായിരുന്നു. അവളുടെ നടവടികൾ മധുരങ്ങളായിരുന്നു. ഗുണേന്ദ്രനിൽ ഇത്രമാത്രം സ്വഭാവവ്യത്യാസം വരുത്തിക്കൂട്ടിയതു് അവൾതന്നെയായിരുന്നു. പ്രിയൻെറ കുഞ്ഞിനെ ലീലയുടെ കയ്യിൽനിന്നും സുശീല വാങ്ങിയെടുത്തു് ഓമനിച്ചു. ആ സമയം പ്രിയൻെറ കുട്ടി കവിൾ രണ്ടും വീപ്പിച്ചുകൊണ്ട് ഒരവ്യക്തമധുരമായ സ്വരം പുറപ്പെടുവിച്ചുകൊണ്ടിരുന്നു. സുശീല ചുംബനങ്ങൾകൊണ്ടു് ആ കുട്ടിയെ അസഹ്യപ്പെടുത്തി. അതിനു പകരം ആ പിഞ്ചുകയ്യുയത്തി അവളുടെ മൂടുപടം പിടിച്ചു കുട്ടി വലിച്ചുതുടങ്ങി. സുശീല വാത്സല്യമസൃണമായ മന്ദഹാസം ചെയ്തു. ലീലയുടെ യുവവക്ഷസ്സിൽനിന്നും മാതൃപ്രേമം കവിഞ്ഞൊഴുകി. ആ സായന്തനവേള സുശീലക്ക് അത്യാനന്ദം നൽകി. ഗാർഹികജീവിതസുഖം അനുഭവിക്കുമെന്നോ സാമുദായികമായ ഉയന്ന പരിസരങ്ങളിലുള്ള സമ്മേളനം സാധിക്കുമെന്നോ സുശീല മുമ്പു വിചാരിച്ചിരുന്നില്ല. ഗുണേന്ദ്രനുമായി പരിചയപ്പെടുന്നതിനു മുമ്പ് അവളുടെ ജീവിതം അവൾക്കുതന്നെ വളരെ മുഷിപ്പായി തോന്നിയിരുന്നു. ഗുണേന്ദ്രനോട്ട് അതിനവൾ നന്ദി പ്രദശിപ്പിക്കുകയും ഈശ്വരനെ അതിനു പ്രത്യേകം ഹൃദയപൂവ്വം സ്തുതിക്കുകയും ചെയ്തിരുന്നു. സുശീല വിധവയായിരുന്ന കഥ ആക്കും അറിവില്ലായിരുന്നു. അനിലനും ഭുവനും വിശ്വേശ്വരനും വിചാരിച്ചതു് അവൾ ഗുണേന്ദ്രനെ വിവാഹംചെയ്യുന്നതിനുമുമ്പ് ഒരു കന്യകയായിരുന്നു എന്നായിരുന്നു. അവളെ തൻെറ പിടിയിൽനിന്നും ഗുണേന്ദ്രൻ രക്ഷിച്ചതിനാൽ ആ വഴിക്കു ഗുണേന്ദ്രനുമായി അവൾ സ്നേഹത്തിലായി വിവാഹം നടന്നതാണെന്നായിരുന്നു വിശ്വേശ്വരൻ വിചാരിച്ചതു്. സുശീല ഒരുൽകൃഷ്ടകുഡുംബജാതയും നല്ല ഹൃ

ദയ സംസ്കാരംവന്നവളുമാണെന്ന് അവരെല്ലാം അറിഞ്ഞിരുന്നു. ഘൃണേന്ദ്രൻ സുശീലയെ തിരഞ്ഞെടുത്തത് എല്ലാവൎക്കും സന്തോഷകരമായിരുന്നു. ലജ്ജാഹീനയായിരുന്ന ഗിരിബാല ഘൃണേന്ദ്രനെ വിട്ട് ഓടിപ്പോയതിനാൽ അയാൾക്കു രണ്ടാമതു വിവാഹം ചെയ്യാൻ അവകാശവുമുണ്ടായിരുന്നു. മറെറാരു സ്ത്രീയേയായിരുന്നു ഘൃണേന്ദ്രൻ തിരഞ്ഞുപിടിച്ചതെങ്കിൽ ഇത്ര ഭംഗിയും ചേൎച്ചയും ഉണ്ടാകുമായിരുന്നില്ല. ഘൃണേന്ദ്രൻെറ പ്രകൃതത്തിന് ഇത്രമാത്രം അത്ഭുതകരമായ മാററം വരുത്തിച്ചേൎത്ത സുശീലയെപ്പററി അയാളുടെ സ്നേഹിതന്മാൎക്കും പരിചയക്കാൎക്കും അതിരററ ബഹുമാനം അങ്കുരിച്ചിരുന്നു.

ലീല വന്ന് അല്പം കഴിഞ്ഞപ്പോൾ അനിലൻ ഇന്ദുമതിയോടുകൂടി വന്നുചേൎന്നു. അനിലൻെറ പ്രസന്നമുഖം ജീവിതസുഖത്തെ പ്രകാശിപ്പിച്ചിരുന്നു. വാസ്തവത്തിൽ അനിലൻ ആനന്ദലഹരിയിൽ മുങ്ങിയിരുന്നു. ഇന്ദുമതിയും സന്തോഷഭരിതയായി കാണപ്പെട്ടു. ദുഃഖത്തിനു ശേഷമുള്ള സന്തോഷത്തിനു മാധുൎയ്യം കൂടും.

അതിനുശേഷം ഭൂപൻ വന്നു. പ്രിയൻ, അനിലൻ, ഭൂപൻ ഇവർ മൂന്നുപേരും ഒന്നിച്ചിരുന്നു സംസാരിച്ചുകൊണ്ടിരുന്നു. ഘൃണേന്ദ്രൻ മററു സംഗതികളിൽ ശ്രദ്ധിച്ചുകൊണ്ടിരുന്നു.

ഭൂപൻ—നിങ്ങൾ പറഞ്ഞതു ശരിയല്ല. അനില! നിങ്ങളുടെ നിലയിൽനിന്നുകൊണ്ടു മാത്രം സംഗതികളെ തീൎച്ചപ്പെടുത്തരുത്. ലോകത്തിൽ എല്ലാം തിന്മകളും ശിക്ഷിക്കപ്പെടുമെന്നും എല്ലാം നന്മകളും സ്തുതിക്കപ്പെടുമെന്നും വിചാരിക്കുന്നത് അബദ്ധമാണ്. ഗോളകൻ എന്നൊരാളെ ഓൎമ്മിക്കുന്നുണ്ടോ? ആ നീചൻ ഇപ്പോൾ ഒരു വമ്പിച്ച ഔഷധവ്യാപാരിയായിരിക്കുന്നു. അതുപോലെ സ്വഭാവമേ ഇല്ലാത്ത സ്വൎണ്ണ ഇപ്പോൾ ഒരു മാന്യയുമായിരിക്കുന്നു!

പ്രിയൻ—ഞാൻ സമ്മതിക്കുന്നു.

ഭൂപൻ--'പ്രിയ ബാബു! നിങ്ങളുടെ ജ്യേഷ്ഠൻ ഇപ്പോളെവിടെയാണ്?'

പ്രിയൻെറ മുഖം കറുത്തു.

ഭൂപൻ--എന്നെ തെററിദ്ധരിക്കരുത്. നിങ്ങൾ എൻെറ സ്നേഹിതനാണ്. അതുകൊണ്ടു വെറും കൌതുകത്താൽ ചോദിച്ചതാണ്.

പ്രിയൻ.--അദ്ദേഹം ഇപ്പോൾ കാശിയിൽ ഒരു സന്ന്യാസിയായിട്ടിരിക്കുകയാണ്.

ഭൂപൻ.--നമ്മുടെ വിശ്വേശ്വരൻ ആത്മഹത്യചെയ്ത വിവരം പക്ഷേ നിങ്ങളെയൊക്കെ അത്ഭുതപ്പെടുത്തിയേക്കാം.

പ്രിയൻ.--നിങ്ങൾക്കു ലഭിച്ച അറിവു തെററാണ്. അയാളും കാശിയിൽ വിശ്വേശ്വരക്ഷേത്രത്തിൽ ഭജിച്ചുകൂടിയിരിക്കുകയാണെന്ന് എനിക്കറിയാം.

ഭൂപൻ.--അങ്ങിനെയോ? അയാളെപ്പോലെയുള്ളവൎക്ക് അതു ചേൎന്ന സ്ഥലമാണ്. ഇതുപോലെയുള്ള ചരിത്രമുള്ള പല സന്ന്യാസിമാരേയും എനിക്കറിയാം.

ഊണു കാലമായി എന്നു പറയുകയാൽ അവരുടെ സംഭാഷണം തടസ്ഥപ്പെട്ടു. എല്ലാവരും ഊണു കഴിഞ്ഞു വീണ്ടും പഴയ സ്ഥാനങ്ങളിൽ വന്നുകൂടി അന്നത്തെ സന്ധ്യയേപ്പററി ഓരോന്നു സംസാരിച്ചുകൊണ്ടിരുന്നു. ആ സമയത്തു ഗുണേന്ദ്രൻ ആ മുറിയിൽ കടന്നുവന്ന് അവർ മൂന്നുപേരും അകത്തേക്കു വരുവാൻ ക്ഷണിച്ചു. അതെന്തിനെന്ന് അവർ അതിശയിച്ച് എല്ലാവരും എഴുന്നേററു. കോണി കേറിച്ചെന്ന് അവർ അവിടെയുള്ള ഒരു വലിയ ഹാളിൽ പ്രവേശിച്ച സമയം കണ്ട കാഴ്ച അവരെ അത്ഭുതപരതന്ത്രരാക്കിത്തീൎത്തു. നടുവിൽ സന്ന്യാസിനിയും അല്പം അകലെയായി കൃഷ്ണവേണിയും നിന്നിരുന്നു. ഇന്ദുമതി ഒരു കസാലയിൽ ഇരുന്നിരുന്നു. ഇന്ദുമതിയുടെ കസാലയുടെ പുറകിലായി സുശീലയും നിന്നിരുന്നു. വാതുക്കൽ ഹരിചരണനും ഉണ്ടായിരുന്നു. അനിലൻ മുതൽപേർ ഇരിക്കുന്നതിനു ഗുണേന്ദ്രൻ പറഞ്ഞു. ഗുണേന്ദ്രൻ പിന്നെ ഒന്നും പറയാതെ ഒരിരുമ്പുപെട്ടി തുറന്ന് ഒരു കടലാസ്സുചുരുൾ എടുത്ത് ഇങ്ങിനെ പറഞ്ഞു:--

ഈ വലിയ സ്വത്തു മുഴുവൻ വാസ്തവത്തിൽ എൻെറ വകയല്ലെന്നും ഇന്ദുമതിയുടെ വകയാണെന്നും നിങ്ങൾ എല്ലാവരും അറിഞ്ഞിട്ടുള്ള സംഗതിയാണ്. അതിനാൽ അതു മുഴുവനും അതിൻെറ യഥാൎത്ഥ അവകാശിയെ ഏല്പിക്കുന്നതു സമുചിതമായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. എന്നാൽ ആ നീചനായ ആനന്ദനും കുലടയായ സുരയുംകൂടി എൻെറ അച്ഛനെ നിൎബ്ബന്ധിച്ച് ഒരു മരണപത്രം കൃഷ്ണവേണിയുടെ പേരിൽ എഴുതിച്ചിട്ടുള്ളതും നിങ്ങൾ അറിയാത്ത സംഗതിയല്ല. ഈ നിൎഭാഗ്യയും വല്ല

രെ കഷ്ടതകൾ അനുഭവിച്ചിട്ടുണ്ട്. അതിനാൽ എന്റെ സ്വന്താഭിപ്രായപ്രകാരം സ്വത്തിന്റെ എട്ടിലൊന്നു കൃഷ്ണവേണിയുടെ സ്വാതന്ത്ര്യത്തിലും തന്നതനുഭവത്തിലും വിടുന്നതിനും ബാക്കി മുതലിന്റെ മുക്കാലെഅരസ്സാൽ ഭാഗം ഇന്ദുമതിക്കു വിട്ടുകൊടുക്കുന്നതിനും ഞാൻ തീർച്ചയാക്കിയിരിക്കുന്നു. നടപ്പിലിരിക്കുന്ന നിയമപ്രകാരം ഞാനാണു പിതാവിന്റെ അവകാശി. അതിനാൽ കരു ദാനപ്രമാണം ചെയ്യുന്നതിന് എനിക്കാണ് അധികാരം. ഇതാ ദാനപ്രമാണം. നാളെത്തന്നെ ഞാനീപ്രമാണം റജിസ്ത്രാക്കിയതിനുശേഷം ഈ ഗൃഹംവിട്ടു പിൻവാങ്ങിക്കൊള്ളാവുന്നതാകുന്നു. ഇന്ദുമതിയുടെ സ്വത്തു് ഇന്ദുമതിതന്നെ അനുഭവിക്കേണ്ടതാകുന്നു.'

എല്ലാവക്കും ഗുണേന്ദ്രനെപ്പററി ബഹുമാനവും അത്ഭുതവും തോന്നി. സന്ന്യാസിനി അതു കേട്ടിട്ടു് ഇങ്ങിനെ അഭിപ്രായപ്പെട്ടു.

'അതു പാടില്ല. നിങ്ങളുടെ പ്രവൃത്തികൊണ്ടുതന്നെ ഞാൻ ഏററവും സന്തോഷിക്കുന്നു. നിങ്ങളുടെ പിതാവിന്റെ പാപത്തിനു നിങ്ങൾ വേണ്ടുവോളം പശ്ചാത്തപിക്കുന്നുണ്ടെന്നു ഞാൻ അറിയുന്നുണ്ടു്. എന്നാൽ ഇപ്രകാരമുള്ള ഔദാര്യം പ്രതിഫലമില്ലാതെ പോകുവാൻ പാടില്ല. ഞങ്ങൾ നന്ദികെട്ടവരല്ല. പ്രത്യേകിച്ച് ഇന്ദുമതി ഒരിക്കലുമല്ല. ഞങ്ങളെന്നും ഈ അന്തഃസ്സാരമുള്ള ഔദാര്യത്തെയും ധമ്മബുദ്ധിയേയും ഓമ്മിച്ചുകൊണ്ടിരിക്കും. ഭഗവാൻ നിങ്ങൾക്കു ദീഘജീവിതവും ക്ഷേമവും പ്രദാനംചെയ്യട്ടെ. എന്നാൽ വസ്തു ഭാഗിക്കുന്നതു സംബന്ധിച്ച് എനിക്കും ഒന്നു പറവാനുണ്ടു്. എട്ടിലൊന്നു കൃഷ്ണവേണി എടുത്തുകൊള്ളട്ടെ. ബാക്കിയുള്ളതു നിങ്ങളും ഇന്ദുമതിയും തുല്യമായി ഭാഗിച്ചെടുക്കണമെന്നാണെന്റെ അഭിപ്രായം.'

ഗുണേന്ദ്ര -- അമ്മേ! ക്ഷമിക്കുക. എനിക്കു വേണ്ടതിലധികം ഉണ്ട്- കൂടുതൽ ഞാനാവശ്യപ്പെടുന്നില്ല.

സന്ന്യാസിനി—അതു പാടില്ല. എന്റെ അഭിപ്രായം നിങ്ങൾ സ്വീകരിക്കാത്തപക്ഷം നിങ്ങളുടെ പക്കൽനിന്നും ഒന്നും വാങ്ങരുതെന്നു ഞാൻ ഇന്ദുമതിയെ നിർബ്ബന്ധിക്കും.

അനിലൻ—നമ്മുടെ ഈ ആനന്ദാവസരം പാഴാക്കിക്കളയരുതെന്ന് എനിക്ക് എല്ലാവരോടുമപേക്ഷയുണ്ടു്.

ഭൂപൻ--അവർ പറഞ്ഞതു ന്യായമായിരിക്കുന്നു.

സുരേന്ദ്ര--നിങ്ങൾ എല്ലാവരും നിർബന്ധിക്കുന്നതുകൊണ്ടും കഴിക്കുവാൻ നിവൃത്തിയില്ലാതെ വന്നിരിക്കുന്നതുകൊണ്ടും ഞാനൊന്നു പറയാം. ഇന്ദുമതി സ്വത്തിൻെറ നേർപകുതി എടുത്തുകൊള്ളട്ടെ. ബാക്കി പകുതി എൻെറ സ്വന്താഭിപ്രായപ്രകാരം വീതിക്കാം. കൃഷ്ണവേണി എട്ടിലൊന്ന് എടുക്കുക. ഭൂപൻബാബുവിനോടു നാമെല്ലാം കൃതജ്ഞന്മാരായിരിക്കേണ്ടതാണ്. അദ്ദേഹത്തിൻെറ സമയോചിതമായ ഉപദേശങ്ങളും സഹായങ്ങളും മൂലമാണ് ഈ സ്വത്തു നമുക്കു വീണ്ടുകിട്ടുവാൻ ഇടയായത്. അതിനാൽ സ്വത്തിൻെറ ഒരു ഭാഗം അദ്ദേഹം സ്വീകരിക്കുവാൻ ദയവുണ്ടാകണമെന്നു ഞാനദ്ദേഹത്തോട് അപേക്ഷിച്ചുകൊള്ളുന്നു. എട്ടിലൊന്ന് അദ്ദേഹവും സ്വീകരിച്ച് എന്നെ അനുഗ്രഹിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.'

ഭൂപേൻ--ഇല്ല ഇല്ല. ഞാൻ എൻെറ കർത്തവ്യം ചെയ്തതേയുള്ളു.

സന്യാസിനി--കുഞ്ഞേ! അങ്ങിനെയല്ല. ആ സന്തോഷത്തെ നിങ്ങൾ ഇല്ലായ്മ ചെയ്യരുത്. ഈ സന്തോഷാവസരത്തെ കുണ്ഠിതംകൊണ്ടു മലിനപ്പെടുത്തരുത്. നിങ്ങൾക്ക് അറിവാൻ വയ്യെങ്കിലും ഞാനൊന്നു പറയാം. എൻെറ വാക്കു ധാരാളം വിശ്വസിക്കാം. കൃഷ്ണവേണി ഒരു മോഷ്ടിക്കപ്പെട്ട യുവതിയാണ്. അവൾ ബാഗ്ബജാറിലെ ഒരു മാന്യകായസ്ഥകുഡുംബത്തിൽ ചേർന്നവളാണ്. അവൾ ഒരു സ്വഭാവിനിയും ഒരു താമരപ്പൂപോലെ പരിശുദ്ധയുമാണ്. അവൾ നല്ല മര്യാദയുള്ളവളും ചാരിത്രവതിയുമാകുന്നു. ഞാനവളെ നല്ലവണ്ണം മനസ്സിലാക്കീട്ടുണ്ട്. അവൾ എൻെറ ഇന്ദുവിൻെറ ഒരു സഖിയായിരുന്നു. ഭൂപൻബാബു! നിങ്ങൾ മറുവിധത്തിൽ വിചാരിയ്ക്കയില്ലെങ്കിൽ അവളെ നിങ്ങളുടെ ഇഷ്ടകളത്രമായി സ്വീകരിച്ചാൽ കൊള്ളാമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. പരേതനായ മഹാരാജാവുമായിട്ടുള്ള അവളുടെ വിവാഹബന്ധം വെറും പേരിനു മാത്രമായിട്ടു കലാശിച്ചതേയുള്ളു. ഇപ്രകാരമുള്ള ഒരു യോഗ്യതയും സൌന്ദര്യവുമുള്ള ഒരു യുവതി ജീവിതം മുഴുവൻ അരിഷ്ടിക്കുന്നതു കഷ്ടമാണ്. അവക്കും ജീവിതസുഖത്തിന് അവകാശമുണ്ട്. നിങ്ങളതിനു വിപരീതം പറയുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. വിധവാവിവാഹബിൽ കുറച്ചുദിവസംമുമ്പു പാസ്സായിട്ടുള്ള വിവരം നിങ്ങളും അറിഞ്ഞിരിക്കുമല്ലൊ. അതി

നാൽ നിങ്ങൾ കൃഷ്ണവേണിയെ ഭാൎയ്യയായി സ്വീകരിച്ച് സ്വത്തിൻെറ നാലിലൊന്ന് അനുഭവിച്ചുകൊള്ളുക.

ഭൂപൻ—അമ്മേ! ഇതൊരു കയ്ക്കൂലിയാകുമോ?

സന്ന്യാസിനി—നിശ്ചയമായും ഇല്ല. നിങ്ങളുടെ സത്യസന്ധതക്കും കൃഷ്ണവേണിയുടെ ദിവ്യസ്വഭാവത്തിനും ഇതൊരു പ്രതിഫലം അല്ലെങ്കിൽ സമ്മാനം മാത്രം.

എല്ലാവരും മൌനമവലംബിച്ച് വിചാരമഗ്നരായി കാത്തിരുന്നു. കൃഷ്ണ ലജ്ജയോടുകൂടി നിലത്തു നോക്കിക്കൊണ്ടു നിന്നു. അവൾ ആ മുറിയിൽനിന്നുതന്നെ പുറത്തു പോകുവാൻ ശ്രമിച്ചെങ്കിലും സുശീല അവളെ തടുത്തുനിൎത്തി. കുറെ നേരത്തേക്കു മൌനമായിരുന്നിട്ട് ഭൂപൻ ഇങ്ങിനെ തെളിവായി പറഞ്ഞു:—

'നിങ്ങളെല്ലാവരും ആഗ്രഹിക്കുന്നതാകയാൽ—'

'അതെ; നിങ്ങളുടെ സമ്മതം പ്രകാശിപ്പിച്ച് ഞങ്ങളെ ആനന്ദഭരിതരാക്കിയാലും' എന്ന് അനിലൻ പറഞ്ഞു.

'കൊള്ളാം. നിങ്ങളുടെ ആഗ്രഹംപോലെ തന്നെ ഞാൻ ആ ആലോചനയെ സ്വീകരിച്ചിരിക്കുന്നു. സ്വത്തു കൂടാതെ ഞാൻ കൃഷ്ണവേണിയെ സ്വീകരിച്ചിരിക്കുന്നു' എന്നു ഭൂപൻ സമ്മതിച്ചു പറഞ്ഞു.

'ആ അഭിപ്രായം നിങ്ങളുടെ ഗുണബുദ്ധിക്ക് അടുത്തതുതന്നെ. എന്തു മഹത്വം! എന്തു മൎയ്യാദ!' എന്നു അനിലൻ വീണ്ടും അത്ഭുതത്തോടുകൂടി ഉച്ചരിച്ചു.

'അപ്പോൾ എൻെറ ദാനപ്രമാണത്തിൽ കൃഷ്ണക്കും ഭൂപനും നാലിലൊന്ന് എന്നു തിരുത്തേണ്ടതുണ്ട്' എന്നു ഗുണേന്ദ്രൻ പറഞ്ഞു.

സന്ന്യാസിനി—കുഞ്ഞുങ്ങളെ! ഞാൻ നിങ്ങളെ എല്ലാം അനുഗ്രഹിക്കുന്നു. നിങ്ങളുടെ ജീവിതം സന്തോഷമായും സുഖമായും കഴിഞ്ഞുകൂടുവാൻ ജഗദീശ്വരൻ പ്രസാദിക്കട്ടെ. നിങ്ങളെല്ലാവരും ഓരോ വിധത്തിൽ കഷ്ടതയനുഭവിച്ചിട്ടുണ്ട്. ആ കഷ്ടതകൾക്കെല്ലാം ഒരവസാനം വന്നുചേരട്ടെ. ഗുണേന്ദ്രൻ സുഖിയായിരിക്കട്ടെ. കൃഷ്ണയും സുഖമായിരിക്കട്ടെ. എൻെറ ഇന്ദു ഭൎത്താവിനു ചേൎന്നവളും ഹിതയുമായി ഭവിക്കട്ടെ. എൻെറ ജീവിതോദ്ദേശം സാധിച്ചിരിക്കുന്നു. ലോകകാൎയ്യങ്ങളിൽനിന്നും വിരമിച്ച് ആയുശ്ശേഷം കാശിയിൽ കഴിച്ചുകൂട്ടണമെന്നു ഞാൻ

വിചാരിക്കുന്നു. ഹരിചരണൻ, ലതിയുടെ ഒരു സ്നേഹിതനായി കഴിയട്ടെ. എന്റെ ഹൃദയപൂർവ്വമായ അനുഗ്രഹങ്ങളെ എല്ലാവരും സ്വീകരിക്കുക. 'മംഗളം ഭവതു.'

ഭൂപന്റെ മാതാവു മരിച്ചുപോകുകയും രണ്ടു സഹോദരികളെ വിവാഹം ചെയ്തുകൊടുക്കുകയും ചെയ്തിരുന്നതിനാൽ ഭാരമെല്ലാം വിട്ടു ഭൂപൻ സ്വാതന്ത്ര്യനായി വർത്തിക്കുകയായിരുന്നു. അയാൾ ഒരു പരിഷ്കൃതാശയനായിരുന്നു. ഇംഗ്ലാണ്ടിൽ പോയി ഒരു ബാരിസ്റ്ററായി മടങ്ങിവരണമെന്നു ഭൂപൻ വളരെ കാലമായി വിചാരിച്ചുവരികയായിരുന്നു. അതിന് ആ അവസരം ഒരു നല്ല അവസരമായി ഭൂപനു തോന്നി. കൃഷ്ണവേണിയുടെ ആകർഷണീയമായ സൌന്ദര്യവും മധുരമായ സ്വഭാവഗുണവും ഭൂപനെ വളരെ രസിപ്പിച്ചു. അവളെ വിവാഹം ചെയ്യുവാനും അനന്തരം ഉദ്യോഗം രാജികൊടുത്തു നിയമവിദ്യാഭ്യാസത്തിനു ശീമക്കു പോകുന്നതിനും ഭൂപൻ തീരുമാനിച്ചു. ഭൂപൻ അതു് അത്രവേഗം സമ്മതിക്കുന്നതിന് ഇതുതന്നെയായിരുന്നു കാരണം. വാസ്തവത്തിൽ, താനാരോടും ഇതിനു മുമ്പു പറഞ്ഞിരുന്നില്ലെങ്കിലും പോലീസുവകുപ്പിനെപ്പററി ഭൂപന് ഒരു വെറുപ്പു തോന്നീട്ടുണ്ടായിരുന്നു. എന്നാൽ ഉദ്യോഗം ഇതിനു മുമ്പേതന്നെ രാജികൊടുക്കാതെ ഇരുന്നതു കാലക്ഷേപത്തിനു മററു വഴിയൊന്നും ഇല്ലാതിരുന്നതിനാലുമായിരുന്നു. അന്നു പഠിക്കുന്ന ഒരു സഹോദരന്റെയും മററു ചില പഴയ ആശ്രിതന്മാരുടേയും ചിലവുകൾ ഭൂപനു വഹിക്കേണ്ടതായിട്ടുണ്ടായിരുന്നു.

ഭൂപൻ വിവാഹവിഷയത്തെപ്പററി സമ്മതിച്ച അവസരത്തിൽ ഒരു സ്ഥിതിസമത്വവാദിയും കവിയുമായിരുന്ന അനിലൻ സന്തോഷത്തിൽ നൃത്തംവെച്ചു.

'അതു മഹത്വം! അതു പുരുഷത്വം! അതുതന്നെ ധീരത!' എന്നു അനിലൻ സന്തോഷലഹരിയിൽ ഉച്ചരിച്ചു.

അനന്തരം വിവാഹമുഹൂർത്തം നിശ്ചയിക്കപ്പെട്ടു. സന്ന്യാസിനിതന്നെയായിരുന്നു ദിവസം തീർച്ചയാക്കിയതു്.

കൃഷ്ണവേണിയുടെ സന്തോഷത്തിന് അതിരും അന്തവുമില്ലായിരുന്നു. അവളുടെ അരിഷ്ടതകൾക്ക് ഒരവസാനം വന്നുചേരുമെന്ന് അവൾ സ്വപ്നത്തിൽപോലും വിചാരിച്ചിരുന്നില്ല. അതു വാസ്തവമായിരുന്നെങ്കിൽ അതിലധികം ആ വിവാഹം ഉചിതവുമായിരുന്നു.

സന്ന്യാസിനി അവളുടെ കരപല്ലവത്തെ ഭൂപന്റെ ഹസ്തത്തിൽ സമൎപ്പിച്ചുംകൊണ്ടു് ഇങ്ങിനെ ഉച്ചരിച്ചു:--

'ഈ ദമ്പതികൾ അനുഗൃഹീതരായി ഭവിക്കട്ടെ. കുഞ്ഞേ! ഭൂപ! നിങ്ങൾ ഇവളെ സ്വീകരിച്ചുകൊൾക. ചളിയിൽ ഇതുവരെയും കിടക്കുകയായിരുന്നെങ്കിലും അവൾ ഒരു രത്നമാകുന്നു. അവൾ സ്വീകരിക്കപ്പെടുന്നതിനൎഹയും സ്നേഹിക്കുന്നതിന്നു് ഒരു നല്ല പാത്രവുമാകുന്നു!'

ഭൂപൻ അവളുടെ പാണിപല്ലവം സ്പൎശിച്ചസമയം ഒരു വിദ്യുച്ഛക്തി ഇവളിൽ പാഞ്ഞുകയറിയതുപോലെ വികാരശക്തിയാൽ അവൾക്കു തോന്നി. അവൾ ലജ്ജിച്ചു തലതാഴ്ത്തി നിന്നു. ആപാദചൂഡം അപ്പോൾ കൂണ്ണ വിറക്കുന്നുണ്ടായിരുന്നു. ഭൂപനും വളരെ സന്തോഷമായി.

ഇപ്രകാരം ദുഃഖപൎയ്യവസായിയായ ആ നീണ്ട കഥ വിചാരിച്ചിരിക്കാത്തവണ്ണം ആനന്ദത്തിൽ കലാശിച്ചു. എല്ലാവരും കൃതജ്ഞതാബാഹുല്യമായ ഹൃദയത്തോടുകൂടി പിരിഞ്ഞു. പിരിയുമ്പോൾ ഈശ്വരൻ കരുണാവാരിധിയാണെന്നും ഗുണേന്ദ്രൻ ഒരു ദിവ്യനാണെന്നും എല്ലാവരും പുകഴ്ത്തി. ആ രാത്രി എല്ലാവൎക്കും ആനന്ദത്തെ വിതരണം ചെയ്തു. ഇതെല്ലാം കണ്ടും കേട്ടും അത്ഭുതപരതന്ത്രനായിരുന്ന ഹരിചരണൻ ഇങ്ങിനെ പറഞ്ഞു:--

'കുമാർ! നിങ്ങളുടെ ഒരു പഴയ ആശ്രിതൻ ഈ അവസരത്തിൽ രണ്ടുവാക്കു പറഞ്ഞുകൊള്ളട്ടെ. നിങ്ങളുടെ കുടുംബത്തെ സേവിച്ചു തന്നെ ഞാൻ വാൎദ്ധക്യംവരെ എത്തിച്ചേൎന്നു. ഇത്ര ഔദാൎയ്യസമ്പൂൎണ്ണമായ ഒരു പ്രവൃത്തി ഞാനിതിനുമുമ്പു് ഒരിക്കലും കണ്ടിട്ടില്ല. ഇത്ര ഔദാൎയ്യബുദ്ധിയും സ്വതന്ത്രചിന്തയുമുള്ള നിങ്ങൾ ഇനി വിശേഷിച്ചു് ഒരു ദാനപ്രമാണം ചെയ്തുകൊടുക്കേണ്ടതായ കാൎയ്യം കാണുന്നില്ല. എന്നാൽ കാൎയ്യം കാൎയ്യംപോലെ നടക്കേണ്ടതാകയാൽ ഞാനതിന്നു തടസ്ഥപ്പെടുത്തുന്നില്ല. ഇപ്പോൾ നമ്മളുടെ ഉദ്ദേശം മുഴുവൻ സാധിച്ചിരിക്കുന്നു. അതിനാൽ ഇനി കല്ക്കത്തയിലെ ജീവിതത്തിൽ എനിക്കു ശേഷം താല്പൎയ്യം തോന്നുന്നില്ല. എനിക്കും വയസ്സായി. അതുകൊണ്ടു ഞാനും റാണിയെ തുടൎന്നു് ആയുശ്ശേഷം വിശ്വനാഥഭജനത്തിൽ കാശിയിൽ കഴിച്ചുകൂട്ടണമെന്നു ആഗ്രഹിക്കുന്നു. ഒരാശ്രിതന്റെ നിഷ്കളങ്കമായ ആശിസ്സിനു വല്ല വിലയുമുണ്ടെങ്കിൽ ആ പരമകാരുണികനായ ശ്രീ

വിശ്വനാഥൻ നിങ്ങൾക്കെല്ലാം ജീവിതസുഖവും ദീൎഘായുരാരോഗ്യവും പ്രദാനം ചെയ്യുമാറാകട്ടെ എന്നു ഹൃദയപൂൎവ്വം പ്രാൎത്ഥിച്ചുകൊള്ളുന്നു.'

എല്ലാവരും ഘുണേന്ദ്രനോടു കൃതജ്ഞന്മാരായിത്തീൎന്നു.

## തൊണ്ണൂററെട്ടാം അദ്ധ്യായം.

### അവസാനം.

രണ്ടുദിവസം കഴിഞ്ഞു ഘുണേന്ദ്രൻ ദാനപ്രമാണം എഴുതി റജിസ്റ്റർ ചെയ്തു. എന്നാൽ ഘുണേന്ദ്രൻ തക്കം പുറപ്പെട്ടുവിച്ചുവെങ്കിലും അനിലന്റെ സ്നേഹപൂൎവ്വമായുള്ള നിൎബ്ബന്ധമനുസരിച്ചു സ്വത്തിന്റെ നാലിലൊന്നു കൃഷ്ണവേണിക്കും ഭൂപനും ബാക്കിയുള്ളതു് ഇന്ദുമതിയും ഘുണേന്ദ്രനും തുല്യമായി വീതിച്ചെടുക്കുന്നതിനും തീൎച്ചപ്പെടുത്തി അതുപോലെ പ്രവൎത്തിച്ചു. എന്നാൽ ഘുണേന്ദ്രൻ തന്റെ ഭാഗത്തിൽനിന്നും എട്ടിലൊന്നു പിതാവിന്റെ പേരിൽ ഒരു അനാഥശാല പണിയിപ്പിക്കുന്നതിനു നീക്കിവെക്കുകയും ചെയ്തു.

ഘുണേന്ദ്രൻ റജിസ്റ്റർ ആപ്പീസിൽനിന്നും മടങ്ങിവന്നപ്പോൾ പടിക്കൽ ഒരു സ്ത്രീ വന്നു കാത്തുനില്ക്കുന്നതു കണ്ടു. വണ്ടിയിൽനിന്നും ഇറങ്ങി ഘുണേന്ദ്രൻ അവളെ ബഹുമാനപൂൎവ്വം സ്വീകരിച്ചു.

'നിങ്ങളാരെ അന്വേഷിക്കുന്നു?'

'ഞാൻ നിങ്ങളെ അന്വേഷിച്ചുതന്നെ കാത്തുനില്ക്കുന്നു' എന്നു് ആ സ്ത്രീ ഉത്തരം പറഞ്ഞു.

'എന്നെയോ?' എന്നു ഘുണേന്ദ്രൻ ആശ്ചൎയ്യത്തോടുകൂടി ചോദിച്ചു.

'സർ! അതെ. ഇതാ നിങ്ങൾക്കു് ഒരെഴുത്തു്—'

ആ സ്ത്രീ ഘുണേന്ദ്രന്റെ കയ്യിൽ ഒരെഴുത്തു കൊടുത്തു. ഘുണേന്ദ്രൻ എഴുത്തു പൊട്ടിച്ചു് ഇങ്ങിനെ വായിച്ചു:--

'ഇപ്പോൾ നിങ്ങളെ എങ്ങിനെയാണു സംബോധന ചെയ്യേണ്ടതെന്നു ഞാനറിയുന്നില്ല! എന്റെ തെററുകൊണ്ടു ഞാൻ ആ അവകാശത്തെ പാഴാക്കിക്കളഞ്ഞു. അതിനാൽ ആ വൃദ്ധാശ്രമത്തിൽനിന്നും ഞാൻ വിരമിച്ചതാണു്. എനിക്കു നിങ്ങളോ

ട മാപ്പുചോദിക്കുന്നതിൽ കൂടുതലായി ഒന്നും പറവാനില്ല. അതിനുതന്നെ എനിക്കു ധൈര്യം മതിയാകുന്നില്ല. ഞാൻ ചെയ്ത പാപം ക്ഷമിക്കത്തക്കതല്ല. ഈ എഴുത്തു നിങ്ങളെ മുഷിപ്പിച്ചേക്കുമെന്നു് എനിക്കറിയാം. ഞാൻ മരണത്തോടു് ഏററവും സമീപിച്ചിരിക്കുന്നു. എനിക്കു് അല്പം പറവാനുണ്ടു്, നിങ്ങളുടെ പന്ത്യസാന്നിദ്ധ്യത്താൽ ദയവുചെയ്തു് എന്നെ അനുഗ്രഹിക്കുമോ? ലോകത്തിനു് മുഴുക്കെ മാപ്പുകൊടുക്കുവാൻ നിങ്ങൾക്കു കഴിയും. എന്നാൽ എനിക്കു മാപ്പുതരുവാൻ നിങ്ങൾക്കു നിവൃത്തിയില്ലെന്നു ഞാനറിയും. എന്തെന്നാൽ ഇതിൽ കൂടുതലായി ഞാൻ നിങ്ങൾക്കൊരപരാധം ചെയ്വാനില്ല. അവകാശപ്പെട്ടിരുന്ന നിലക്കു ചോദിക്കുവാൻ നിവൃത്തിയില്ലാത്തതു ദയാവിഷയത്തെ മുൻനിർത്തി ഞാൻ ചോദിക്കുന്നതാണു്. അല്പനേരത്തേക്കു നിങ്ങളുടെ സാന്നിദ്ധ്യം മൂലം എന്നിൽ ദയവു കാണിക്കുന്നതിനു ഞാൻ നിങ്ങളുടെ ഔദാര്യബുദ്ധിയോടു് അപേക്ഷിച്ചുകൊള്ളുന്നു. എനിക്കിനി അധികം നാൾ ഇരിപ്പില്ല. എനിക്കു മാപ്പുതരുന്ന വിഷയം നിങ്ങളുടെ ശക്തിക്കടുത്തതല്ലെങ്കിലും നിങ്ങളോടു സർവ്വാപരാധങ്ങളും ക്ഷമിക്കുന്നതിനും മാപ്പുതരുന്നതിനും അപേക്ഷിച്ചതായ സമാശ്വാസത്തോടും സമാധാനത്തോടും കൂടി ഞാൻ അന്ത്യശ്വാസം വിട്ടുകൊള്ളുന്നതിനു് അനുവദിക്കണേ. എനിക്കു വേറെ ഒരു സംഗതി നിങ്ങളെ ധരിപ്പിക്കേണ്ടതായിട്ടുണ്ടു്. അതേ മറെറാരപേക്ഷ. അതു മരിക്കുന്നതിനു മുമ്പു നിങ്ങളെ കാണ്മാൻ സംഗതി വന്നാൽ അപ്പോൾ പറഞ്ഞുകൊള്ളാം. മരണദേവതയുടെ പിടിയിൽ ഞാൻ അകപ്പെട്ടിരുന്നില്ലെങ്കിൽ എനിക്കു് ഈവിധം എഴുതുവാൻ സംഗതിയാകുകയില്ലായിരുന്നു. ഇനി എഴുതുന്നതിനുതന്നെ അവസരം കിട്ടിയില്ലെന്നു വരാം. നിങ്ങളെ പ്രതീക്ഷിച്ചു ശ്വാസം മുട്ടലോടുകൂടിയ ഞാൻ കാത്തിരിക്കും. നിങ്ങൾ വരണമെന്നു പറവാനുള്ള അവകാശം ഞാൻതന്നെ നശിപ്പിച്ചിരിക്കുന്നതിനാൽ അതിനു ഞാൻ തുനിയുന്നില്ല. നിങ്ങൾക്കു ദയവുണ്ടാകുമോ? ഹാ!

എന്നു നിർഭാഗ്യയായ ഗിരി.'

ആ എഴുത്തു കൈവിറയലോടും വളരെ പണിപ്പെട്ടും എഴുതപ്പെട്ടതായിരുന്നു. എന്നല്ല ചില വരികൾ കണ്ണീരോടുകൂടി എഴുതിയതാണെന്നും സ്പഷ്ടമാക്കിയിരുന്നു. ഗുണേന്ദ്രൻ എഴുത്തു വായിച്ചതിന്നു ഉടനെ അയാളുടെ മുഖഭാവം മാറി. ഗുണേന്ദ്രൻ

പിന്നെയും പിന്നെയും ആ എഴുത്തുതന്നെ വായിച്ചുനോക്കി. അയാളുടെ നയനങ്ങൾ ബാഷ്പംകൊണ്ടു നിറഞ്ഞു. മാധവി ഇതെല്ലാം നോക്കിക്കൊണ്ടുനിന്നു. കുറെ നേരം ഗുണേന്ദ്രൻ ഒന്നും മിണ്ടാതെ നിന്നിട്ട് ആട്ടെ; അല്പം നില്ക്കുക. ഞാനിതാ വന്നുകഴിഞ്ഞു' എന്നു തൊണ്ട ഇടറി പറഞ്ഞു.

മാധവി പടിക്കൽതന്നെ നിന്നു. ഗുണേന്ദ്രൻ അകത്തേക്കു പോയി. ചില കടലാസ്സുകൾ പെട്ടിയിൽവെച്ചു പൂട്ടിയതിന്റെശേഷം ഗുണേന്ദ്രൻ മടങ്ങിവന്നു മാധവിയേയും വണ്ടിയിൽ കയറ്റി അവർ ഒന്നിച്ചു തിരിച്ചു. വഴിക്കു ഗുണേന്ദ്രൻ ഒന്നും സംസാരിക്കാതെ ഗിരിയുടെ ദയനീയാവസ്ഥയെപ്പറ്റി ചിന്തിച്ചുകൊണ്ടുതന്നെയിരുന്നു. 'സാധുഗിരി! എന്നേത്തന്നെ കുറ്റപ്പെടുത്തണം. അവൾക്കീ കഷ്ടതകൾ അനുഭവിക്കുവാൻ ഇടയായതു ഞാൻ നിമിത്തമാണ്, ഞാൻ തന്നെ അതിനു പശ്ചാത്തപിക്കണം.' എന്നു തന്നത്താൻ പറഞ്ഞു.

ഒടുവിൽ വണ്ടി ചെന്നു ഒരു ചെറിയ ഗൃഹത്തിന്റെ പടിക്കൽ നിന്നു. മാധവി ആദ്യം വണ്ടിയിൽനിന്നും ഇറങ്ങി. ഗുണേന്ദ്രൻ അവളെ പിൻതുടന്നു.

ഗിരി കിടന്നിരുന്ന മുറിയിൽ പ്രവേശിച്ച ഉടനെ ഗുണേന്ദ്രൻ ഒന്നു ഞെട്ടി. അവൾ കിടന്നിരുന്നതു് ഒരു കീറപ്പായിലായിരുന്നു. അവളെ ആൾ മനസ്സിലാക്കുവാൻ വിഷമമായിരുന്നു. അവളുടെ കണ്ണുകൾ കുഴിഞ്ഞും കവിളുകൾ ഒട്ടിയും വിളറിയുമിരുന്നു. അവൾ ആ പഴയ സൌന്ദര്യസർവ്വസ്വമായിരുന്നില്ല. നേരിയതുപോലെയുള്ള തൊലിയിൽ പൊതിഞ്ഞ ഒരസ്ഥിക്കൂടുപോലെ അവൾ കാണപ്പെട്ടു. ഗുണേന്ദ്രൻ ചെന്നസമയം അവളുടെ കണ്ഠത്തിൽനിന്നും മരണത്തിന്റെ അഗാധമായ മർമ്മരധ്വനി കേൾക്കാമായിരുന്നു. ശ്വാസം ശക്തിയായി വലിച്ചുകൊണ്ടിരുന്നതിനാൽ ദേഹം അതോടുകൂടി ഇളകിക്കൊണ്ടുമിരുന്നു. ഗിരിയുടെ കൊച്ചുപെൺകുഞ്ഞ് ആ മുറിയുടെ തറയിൽ നീന്തിക്കൊണ്ടിരുന്നു. കുറെ നേരം കുമാർ അവളെ നോക്കിക്കൊണ്ടുനിന്നു!

ഗുണേന്ദ്രനെ കണ്ടപ്പോൾ ഗിരി അയാളുടെ മുഖത്തേക്കു നോക്കിയ നോക്കിൽ പശ്ചാത്താപവും വ്യസനവും അന്തർഭവിച്ചിരുന്നു. ഗിരിയുടെ നയനങ്ങൾ വികസിച്ചു. അടുത്തു വന്ന് ഇരിക്കുന്നതിനു ഗിരി കൈകൊണ്ടു കാണിച്ചു ഗുണേന്ദ്രനെ മനസ്സിലാക്കി.

ഗുണേന്ദ്രൻ ഗിരിയുടെ അടുത്തു മൌനമായിട്ടിരുന്നു. അയാളുടെ ഹൃദയം ശക്തിയേറിയ വികാരങ്ങൾക്ക് അടിമപ്പെട്ടിരുന്നു.

കുറെ നേരത്തേക്കു ഗിരിക്ക് ഒന്നും തന്നെ സംസാരിക്കുവാൻ സാധിച്ചില്ല. അവളുടെ ക്ഷീണിച്ച ഹൃദയനാഡി കൂടുതൽ ശക്തിയോടുകൂടി അടിക്കുവാൻ തുടങ്ങി. അവളുടെ ശ്വാസോച്ഛ്വാസത്തിന്റെ ശബ്ദം ആ മുറിയിലെ നിശ്ശബ്ദതയെ ഭഞ്ജിച്ചുകൊണ്ടിരുന്നു. മനുഷ്യജീവിതത്തിൽ അതൊരു പ്രധാനഘട്ടമായിരുന്നു. ആസന്നമായിരുന്ന മരണത്തിന്റെ നിഴൽ ഗിരിയുടെ മുഖത്തു കാണാമായിരുന്നു. ഗുണേന്ദ്രന്റെ പാദങ്ങളെ സ്പർശിച്ചുകൊണ്ടു ഗിരി തേങ്ങിത്തേങ്ങിക്കരഞ്ഞു. കുറേസമയം ഒന്നും സംസാരിക്കുവാൻ സാധിക്കാതെ കഴിഞ്ഞു. കണ്ണീർ കുറെ ഒലിച്ചുപോയപ്പോൾ കുറെ ആശ്വാസം ഗിരിക്കു തോന്നി.

ഒടുവിൽ അവൾ സംസാരിക്കുവാനാരംഭിച്ചു. എന്നാൽ ശ്വാസം മുട്ടലുണ്ടായിരുന്നതിനാൽ ഇടക്കിടക്കു നിർത്തി നിർത്തി പറവാൻ തുടങ്ങി. അവളുടെ ഓരോ വാക്കും ഗുണേന്ദ്രന്റെ ഹൃദയം പിളർന്ന് അകത്തു കടന്നു. ഗിരി പറഞ്ഞു:--

'ഇവിടെ വരണമെന്നു ഞാൻ പറഞ്ഞതു ക്ഷമിക്കുക. അതു നിങ്ങളെ അപമാനിക്കുന്നതാണെന്നെനിക്കറിയാം. എന്നാൽ എന്റെ അവസാനം ആസന്നമായിരിക്കുന്നു. ഞാൻ നിങ്ങൾക്ക് എഴുതിയെങ്കിലും നിങ്ങളുടെ സാന്നിദ്ധ്യത്താൽ എന്നെ അനുഗ്രഹിക്കുമെന്നു ഞാൻ ലേശം വിചാരിച്ചതല്ല. നിങ്ങളുടെ ഈ ദയവിനു—ഞാൻ പ്രത്യേകം കടപ്പെട്ടിരിക്കുന്നു. നിങ്ങൾ ഇവിടെ വന്നാൽകൊള്ളാമെന്നു—ഞാനപേക്ഷിച്ചതു--മരിക്കുന്നതിനു മുമ്പു--നിങ്ങളെ ഒന്നുകൂടി കാണണമെന്നു--മാത്രം വിചാരിച്ചായിരുന്നു. എന്നാൽ അങ്ങിനെ ആവശ്യപ്പെടുന്നതിനുള്ള--അവകാശം എനിക്കില്ലെന്നു ഞാൻ സമ്മതിക്കുന്നു.'

ഗിരി നിർത്തി. ചുമ വന്ന് അവളുടെ സംസാരഗതിയെ തടഞ്ഞു. ചുമ നിന്നപ്പോൾ അവൾ വീണ്ടും തുടർന്നു:--

'ഇതാണു വിഷമം ചുമ! എനിക്കു പറവാനുള്ളതു പറയണം. അല്ലെങ്കിൽ ഇനി സാധിച്ചില്ലെന്നു വന്നേക്കാം--'

ഗിരി പിന്നെയും നിർത്തി. ഗുണേന്ദ്രൻ അവളുടെ അടുത്ത് ഇരുന്നിരുന്നു. ഗിരി പിന്നെയും തുടർന്നു:--

'ക്ഷമിക്കത്തക്കതല്ലാത്ത മഹാപരാധം ഞാൻ പ്രവർത്തിച്ചു. ഒരു സ്ത്രീക്ക് ഇതിലധികം ലജ്ജാകരമായ അപരാധം ചെയ്വാൻ

സാധിക്കയില്ല. ഏതായാലും നിങ്ങൾ അതു ക്ഷമിച്ചു മാപ്പുതരണം. മാപ്പുതരുന്നതു് അസാദ്ധ്യമാണെന്നെനിക്കറിയാം. അനുലേശവും വിവേകമില്ലാതെ ഞാൻ പ്രവൎത്തിച്ചു. ഇന്നു ഞാൻ പശ്ചാത്താപം അനുഭവിക്കുന്നു. എനിക്കു വേറെ ഒരപേക്ഷകൂടി ഉണ്ടു്. അതു് എൻെറ നിലക്കു കുറെ സാഹസമായിരിക്കാം. എന്നാലും എൻെറ ഹൃദയം ഞാൻ തുറന്നു പറയുന്നു. ആ കുഞ്ഞിനെ നോക്കുക--'

ഗിരിക്കു ഗൽഗദംകൊണ്ടു സംസാരിക്കുവാൻ വയ്യാതായി. തള്ളയുടെ കണ്ണീർ കണ്ടു കുഞ്ഞും നിലവിളിക്കുവാൻ തുടങ്ങി.

'ഓമനേ! മിണ്ടാതിരി; കരയണ്ട. എൻെറ തങ്കം കരയണ്ട. ഇതാ പന്തു' എന്നു പറഞ്ഞു മാധവി ഒരു നാരങ്ങ എടുത്തു കുട്ടിയുടെ കയ്യിൽ കൊടുത്തു. കുട്ടി തേങ്ങിത്തേങ്ങി കരഞ്ഞുകൊണ്ടു് അമ്മയുടെ മുഖത്തേക്കു നോക്കി. നാരങ്ങ എടുത്തുകൊള്ളുന്നതിനു ഗിരി കുഞ്ഞിനോടു പറഞ്ഞു. ആ കാഴ്ച കണ്ട ഗുണേന്ദ്രൻ അലിഞ്ഞു. അയാൾ എന്തോ പറവാൻ ഭാവിച്ചു. എന്നാൽ ഗിരി അതിനെ ഇങ്ങിനെ തടസ്ഥപ്പെടുത്തി.

'എനിക്കിനിയും പറവാനുണ്ടു്. ഈ കുഞ്ഞു് എൻെറ വയററിൽ ജനിപ്പാൻ ഇടയായതു് അതിൻെറ പാപശക്തികൊണ്ടായിരിക്കാം. ഹാ! അതു നിങ്ങളോടു പറവാൻ ഒരിക്കലും പാടില്ല. നിങ്ങൾ അതു കേൾക്കുവാൻ കടപ്പെട്ടവനുമല്ല. എന്നാൽ ആസന്നമരണയായ ഒരു സ്ത്രീയുടെ പ്രാൎത്ഥനകളെ കയ്ക്കൊള്ളുവാനുള്ള ഗുണബുദ്ധി നിങ്ങൾക്കില്ലയോ? അവളെ (കുഞ്ഞിനെ) കാണുന്നതുതന്നെ നിങ്ങൾക്കു മനോവേദനക്കും വെറുപ്പിനും ഇടയാക്കിത്തീൎക്കുന്നതാണു്. നിങ്ങളുടെ യാതൊരനുകൂലബുദ്ധിക്കും അവൾ അർഹയല്ലെന്നു് എനിക്കറിയാം. അമ്മയുടെ അപരാധത്തിനു് അവൾ എന്തു പിഴച്ചു? അവൾക്കു നിങ്ങൾ മാപ്പു കൊടുക്കുമോ? അതു വെറും നിരപരാധി! എൻെറ പ്രാൎത്ഥന മറെറാന്നുമല്ല. അവളെക്കൂടി അന്വേഷിച്ചുകൊള്ളണമെന്നു മാത്രം. അമ്മയെപ്പോലെ അവൾ വളരാതിരിക്കട്ടെ. ശോഭനമായ ഭാവി അവൾക്കുണ്ടാകട്ടെ.'

ഗിരി പിന്നെയും കരഞ്ഞു. ഗുണേന്ദ്രനു വികാരങ്ങൾ തിങ്ങിയതിനാൽ സംസാരിക്കുവാൻ വയ്യാതെയായിരുന്നു.

'നിങ്ങളുടെ ഗൃഹത്തിൽ അവൾക്കൊരു മാന്യസ്ഥലക്കു് അവകാശമില്ല. അതിനാൽ അവളെ നിങ്ങളുടെ ഗൃഹത്തിലേക്കു

കൊണ്ടുപോകണമെന്നു ഞാൻ പറയുന്നില്ല. എന്റെ സഹോദരിയായ മാധവി—ഞങ്ങൾ ഒരമ്മയുടെ വയററിൽ ജനിച്ചവരല്ലെന്നു മാത്രം. അതിൽ കൂടുതലായ സ്നേഹത്തോടുകൂടിയാണ് എന്നോടു മാധവി പെരുമാറിവന്നതു്. മാധവി ആ നിർഭാഗ്യയെ വേണ്ടതുപോലെ നോക്കിക്കൊള്ളും. മാധവിയാണു വാസ്തവത്തിലവളുടെ അമ്മ. ഞാൻ പ്രസവിച്ചു എന്നേയുള്ളൂ.

'എന്നാൽ മാതാപിതാക്കന്മാർക്കുവേണ്ടി ആ സാധു കഷ്ടപ്പെടുകയോ? അതാണു സങ്കടം. ആ നീചനീചൻ—ആ പേരുപറഞ്ഞു ഞാനെന്റെ അശുദ്ധമായ അധരങ്ങളെ വീണ്ടും അശുദ്ധപ്പെടുത്തുന്നില്ല—അയാളുടെ ഭാൎയ്യയുടെ കൈകൊണ്ടുതന്നെ അന്ത്യമണഞ്ഞതായി ഞാൻ കേട്ടു. അയാൾ ചെയ്തതിന് അയാൾ അനുഭവിച്ചു. ഹാ!'

ഗുണേന്ദ്രൻ അല്പം തൊണ്ട ഇടറി ഇങ്ങിനെ പറഞ്ഞു:—

'ഗിരി! നിന്റെ കഷ്ടതകൾ കണ്ടു ഞാൻ വല്ലാതെ വ്യസനിക്കുന്നുണ്ടു്. നീ അപരാധിയാണെങ്കിൽ ഞാനും ഒട്ടും കുറഞ്ഞ അപരാധമല്ല നിന്നോടു പ്രവൎത്തിച്ചിട്ടുള്ളതു്. നിന്റെ ഭൎത്താവായ ഞാൻതന്നെയായിരുന്നു നിന്നെ വഷളാക്കിത്തീൎത്തതു്.' ദുഃഖസമ്മിശ്രമായ വികാരപരമ്പരകളാൽ ഗുണേന്ദ്രന്റെ വൎത്തമാനം വിഘ്നപ്പെട്ടു.

ഗിരി—അങ്ങിനെ പറയരുതു്. എന്റെ ലജ്ജാകരമായ പ്രവൃത്തിക്കു് ഉത്തരവാദി ഞാൻ—ഞാൻതന്നെയാണു്.

ഗുണേന്ദ്ര—ഗിരി! അങ്ങിനെയല്ല. ഞാനല്ല മാപ്പുതരേണ്ടതു്; ഈശ്വരനാണു്. നിന്റെ അഭിമാനത്തെ രക്ഷിക്കേണ്ടവനായ ഞാൻ നിന്നെ അത്യാഗ്രഹത്തിനു ബലികഴിക്കുകയാണു് അന്നു ചെയ്തതു്. ഞാൻ ചെയ്ത അപരാധം ക്ഷമിക്കത്തക്കതല്ല.

ഗിരി—കഴിഞ്ഞ കാൎയ്യങ്ങളെ ചികഞ്ഞുനോക്കേണ്ട. അതെല്ലാം അന്ധകാരത്തിൽ ലയിക്കട്ടെ.

ഗുണേന്ദ്ര—ഞാൻ പറഞ്ഞുകൊള്ളട്ടെ ഗിരി! ഞാൻ ചെയ്ത പാപത്തിനു ഞാൻ പശ്ചാത്തപിക്കുന്നുണ്ടു്. ഞാൻ അവളെ ഗൃഹത്തിലേക്കു കൊണ്ടുപോയിക്കൊള്ളാം. അവളുടെ ഉത്ഭവത്തെപ്പററി ഞാൻ യാതൊന്നും അന്വേഷിക്കുകയില്ല. അവളെ ഞാൻ മകളായിട്ടും വളൎത്തിക്കൊള്ളാം. മാധവി അവളുടെ അമ്മയായിട്ടു താമസിക്കട്ടെ.

മാധവി ആ വാക്കുകൾ കേട്ട് അതിശയിച്ചു. നന്ദിസൂചകമായ ബാഷ്പം ഗിരിയുടെ ഗണ്ഡങ്ങളിൽക്കൂടി ഒലിച്ചുചാടി. ദയനീയമായ ഒരു സ്മിതം ഗിരിയുടെ അധരങ്ങളിൽ സ്ഫുരിച്ചു.

'നിങ്ങൾ എന്നോട് ഇതിനു മുമ്പിൽ ഇതിൽ പാതി ദയവു കാണിച്ചിരുന്നെങ്കിൽ എൻെറ അവസാനം ഇങ്ങിനെ ആകുകയില്ലായിരുന്നു! ഏതായാലും ഞാൻ നിങ്ങളെ കൂടുതൽ വേദനപ്പെടുത്തുന്നില്ല. ഞാനിത്രപോലും ആശിച്ചിരുന്നതല്ല. ഇനി സമാധാനമായി എനിക്കു മരിക്കാം. നിങ്ങളുടെ മുഖം കണ്ടുകൊണ്ടു മരിക്കുവാൻ ഇടയാകുന്നതിൽ കൂടുതൽ ഒരു ഭാഗ്യം എനിക്കു ലഭിക്കുവാനില്ല. അന്ധകാരത്തിൽനിന്നും ദിവ്യചൈതന്യത്തിലേക്കു ഞാൻ യാത്രയായി.'

ഗിരി സംസാരം നിർത്തി. അവളുടെ ബലഹീനമായ ഹൃദയത്തിനു താങ്ങാൻ വയ്യാത്ത വികാരങ്ങളോടുകൂടി അവൾ കിടന്നു. കൂടെക്കൂടെ ചുമ അവളെ ശക്തിയായി വിഷമിപ്പിച്ചുകൊണ്ടിരുന്നു. തൊണ്ടക്കു കഫം കെട്ടി. ശ്വാസോച്ഛ്വാസം മുറുകി. നയനങ്ങൾ നിലക്കുനിന്നു. ആസന്നമായ മരണലക്ഷണങ്ങൾ ഗിരിയിൽ തെളിഞ്ഞു കണ്ടുതുടങ്ങി. ഗുണേന്ദ്രൻ ഇതെല്ലാം നല്ലവണ്ണം സൂക്ഷിച്ചു നോക്കിക്കൊണ്ടിരുന്നു.

മാധവിയും ഗിരിയുടെ മുഖത്തു നോക്കിക്കൊണ്ടുനിന്നു. ഗിരിയുടെ നെഞ്ചുംകൂടെ ശ്വാസവികാരത്താൽ പൊങ്ങുകയും താഴുകയും ചെയ്തുകൊണ്ടിരുന്നു. കുട്ടിയെ കയ്യിൽ കൊടുക്കുന്നതിനു ഗിരി മാധവിയെ കൈകാണിച്ചു മനസ്സിലാക്കി. മാധവി കുട്ടിയെ ഗിരിയുടെ അടുക്കൽ കിടത്തി. ഗിരി വാത്സല്യത്തോടുകൂടി കുഞ്ഞിനെ മാറോടുചേർത്ത് അണച്ചു. വിറക്കുന്ന അധരങ്ങളാൽ അതിനെ ഗിരി പിന്നെയും പിന്നെയും ചുംബിച്ചു.

ഗുണേന്ദ്രൻെറ നയനങ്ങളിൽനിന്നും മിഴിനീരൊഴുകി. മാധവിയും കരയുവാൻ തുടങ്ങി. ഗിരിയുടെ മിഴികൾ മാത്രം വരണ്ടിരുന്നു. അവ അസാധാരണമായി വികസിച്ചു! ഗിരി കുഞ്ഞിൻെറ ഒരു കൊച്ചുകയ്യു പിടിച്ചു ഗുണേന്ദ്രൻെറ കയ്യിൽ വെച്ചു. അവൾ ക്ഷീണംകൊണ്ടെന്നപോലെ അനങ്ങാതെ കിടന്നു.

ഗിരി പിന്നെയും എന്തോ സംസാരിക്കുന്നതിനു ശ്രമിച്ചുനോക്കി. എന്നാൽ നാവു കുഴഞ്ഞതിനാൽ സാധിച്ചില്ല. കൈ കാണിച്ചു പിന്നെയും എന്തോ പറയുവാൻ ശ്രമിച്ചു. അതും നല്ല

വണ്ണം മനസ്സിലാകത്തവണ്ണം വ്യക്തമായിരുന്നില്ല. ഗുണേന്ദ്രൻ ഗിരിയുടെ മൂർദ്ധാവിൽ കൈവെച്ചു മരണലക്ഷണം അവളുടെ മുഖത്തു പ്രത്യക്ഷപ്പെട്ടു. ഗിരി കണ്ണടച്ചു. ആ മുഹൂർത്തം—ആ ഭയനീയമായ മുഹൂർത്തം—വന്നുചേർന്നു. മാധവി പൊട്ടിക്കരഞ്ഞു. കുട്ടി ഏന്തോ ഭയപ്പെട്ടതുപോലെ തള്ളയുടെ മാറത്തു പററിക്കൂടി.

കുറച്ചുസമയംകൊണ്ടു ശ്വാസം മുറുകി നേർത്തു. ദേഹവും ദേഹിയുമായുള്ള ഒരു സമരമായിരുന്നു. അടുത്ത ക്ഷണത്തിൽ ഗിരി നിത്യശാന്തിയിൽ പ്രവേശിക്കുകയും ചെയ്തു. അവളുടെ ആത്മാവു നിത്യസമാധാനത്തിൽ ലയിക്കട്ടെ.

കുട്ടിയെ എടുത്തുംകൊണ്ടു ഗുണേന്ദ്രൻ കണ്ണീരോടുകൂടി നിന്നു. ഒടുവിൽ ഇങ്ങിനെ പറഞ്ഞു:—

'മാധവി! വരുക. മരിച്ച ആത്മാവിന്റെ ഹിതം നമുക്കനുവർത്തിക്കാം. അവൾ ലോകദുഃഖത്തിൽനിന്നു വിമുക്തയായിത്തീർന്നിരിക്കുന്നു.'

മാധവി ഉറച്ചു നിലവിളിച്ചു.

സഹോദരി! കരയണ്ട. നാം ശ്രമിച്ചാൽകൂടിയും സുഖം അനുഭവിക്കുവാൻ ഇനി വിഷമം. പക്ഷേ വിധിയെ തടുക്കുവാൻ പ്രയാസമായിരിക്കും.

## തൊണ്ണൂറൊമ്പതാം അദ്ധ്യായം.

### ഉപസംഹാരം.

ഗിരി മരിച്ചിട്ടു കൊല്ലം പതിന്നാലു കഴിഞ്ഞിരിക്കുന്നു. അതിനിടകൊണ്ടു നമ്മുടെ നാടകത്തിലെ പല പ്രധാനനടന്മാരുടെയും ജീവിതഗതിക്കു സാരമായ പല മാററങ്ങളും വന്നിട്ടുണ്ടായിരുന്നു.

ജയിൽവാസത്തിന്റെ കാലാവധി കഴിഞ്ഞപ്പോൾ താരയെ ജയിലിൽനിന്നും വിട്ടു. ജയിലിൽനിന്നും വിടുന്ന സമയം തന്നെ അവൾക്കു ഭ്രാന്തു പിടിപെട്ടിരുന്നു. കല്ക്കത്തയിലെ തെരുവുകളിൽ അലഞ്ഞുതിരിഞ്ഞു നടന്നിരുന്ന താര അവളുടെ പുറകെക്കൂടി കളിയായി ഉപദ്രവിച്ചുവന്നിരുന്ന ദുസ്സ്വഭാവികളായ കുട്ടികളെ ശകാരിക്കുകയും ശപിക്കയും ചെയ്തുവന്നിരുന്നു.

ആൻഡമാൻദ്വീപുകളിലേക്കു നാടുകടത്തപ്പെട്ട സുരബാല നിരാശയാൽ തന്നത്താൻ ആത്മഹത്തി ചെയ്തു. വിശ്വനാഥൻ മസൂരി പിടിപെട്ടു് ആശുപത്രിയിൽ കിടന്നു മരിച്ചു.

ആനന്ദൻെറ ചരിത്രം വെറും അന്ധകാരത്തിൽ ലയിച്ചിരുന്നു. അയാളുടെ ഗൃഹം നിന്നിരുന്ന സ്ഥലത്തു് ഒരനാഥശാല പണിയിച്ചിരുന്നു. ആനന്ദൻെറ വളൎത്തുപുത്രിയായിരുന്ന കൃഷ്ണവേണി അയാളുടെ സ്വത്തിനു മുഴുവനും അവകാശിയായിത്തീൎന്നു. അവൾ നിരാശ്രയകളായ പെൺകുട്ടികളുടെ രക്ഷക്കു് ആ സ്വത്തിൽനിന്നും ഒരു അനാഥശാല പണിയിച്ചു. അവളെ ആ ധൎമ്മവിഷയത്തിൽ അവളുടെ ഭൎത്താവു ഭൂപേന്ദ്രൻ വേണ്ടതുപോലെ സഹായിച്ചുവന്നു. കൃഷ്ണവേണിയെ വിവാഹംചെയ്യുന്ന വിഷയത്തിൽ ആദ്യം പല സംശയങ്ങളും ഭൂപനു് ഉണ്ടായിരുന്നു. എന്നാൽ വിവാഹാനന്തരം അതുപോലെ ഉള്ള ഒരു സുവൎണ്ണഹൃദയത്തോടുകൂടിയ യുവതിയെ തൻെറ ഭാൎയ്യയായി ലഭിച്ചതിൽ ഭൂപൻ വളരെ സന്തോഷിച്ചു. ഭൂപൻ അന്നു കല്ക്കത്ത ഹൈക്കോട്ടിൽ പേരുകൊണ്ടും പെരുമകൊണ്ടും ഒരു നല്ല ബാരിസ്റ്റരായി ശോഭിച്ചിരുന്നു. എന്നാൽ അയാളുടെ സ്നേഹിതന്മാർ പലപ്പോഴും അയാളെ 'പോലിസു വക്കീൽ' എന്നു നേരമ്പോക്കായി വിളിച്ചുവന്നിരുന്നു. ആനന്ദൻെറ സ്വത്തിനു് അവകാശിയായിത്തീൎന്ന കൃഷ്ണവേണി തനിക്കു ബാലേന്ദ്രഭൂഷണൻെറ സ്വത്തിൽനിന്നും കിട്ടിയ സംഖ്യയുടെ എട്ടിലൊന്നു ജ്ഞാനേന്ദ്രൻെറ മൂത്ത മകനു ദാനം ചെയ്തു. ആദ്യം അതിനു പല തടസ്ഥങ്ങളും ഉണ്ടായി എങ്കിലും അവൾ അങ്ങിനെ ചെയ്തു കൃതാൎത്ഥയായി ഭവിച്ചു. കൃഷ്ണവേണിക്കു സന്താനങ്ങൾ ഒന്നും ഇല്ലായിരുന്നതിനാൽ അവൾ ആ കുട്ടിയെ പുത്രനിൎവ്വിശേഷം സ്നേഹിച്ചുവന്നു. കൃഷ്ണവേണിയും സുശീലയും രണ്ടു ഗൃഹങ്ങളിലായിരുന്നു താമസമെങ്കിലും അവർ തമ്മിൽ ഉണ്ടായിരുന്ന സ്നേഹം കൂടുതൽ വളൎന്നു ശക്തിപ്പെട്ടുവന്നു.

ജ്ഞാനേന്ദ്രനു രണ്ടാൺകുട്ടികളും ഒരു പെൺകുട്ടിയും ജനിച്ചു. ജ്ഞാനേന്ദ്രൻെറ ഗാൎഹികജീവിതം അയാൾക്കു സന്തോഷപ്രദമായിരുന്നു. എന്നാൽ ഗിരിയുടെ വ്യസനകരമായ സ്മരണ പലപ്പോഴും അയാളുടെ ഹൃദയത്തെ കരണ്ടുകൊണ്ടിരുന്നു. നിരാശ്രയന്മാൎക്കും സാധുക്കൾക്കുമായി കാശിയിൽ ജ്ഞാനേന്ദ്രൻ 'ഗിരിനിവാസം' എന്നു പേരായി ഒരു സത്രം പണിയിച്ചു തൻെറ ധൎമ്മബുദ്ധിയെ വെളിപ്പെടുത്തി.

ഗുണേന്ദ്രന്റെ ധർമ്മപരമായും ഔദാര്യപരമായും ഉള്ള പ്രവൃത്തികൾക്കു ഗവർമ്മേണ്ടു ബഹുമാനസൂചകമായി രാജാ എന്ന സ്ഥാനം അയാൾക്കു നൽകി. ജനങ്ങൾ അയാളുടെ ഔദാര്യത്തെ പുകഴ്ത്തി പറഞ്ഞപ്പോൾ ഗുണേന്ദ്രൻ ഇങ്ങിനെയായിരുന്നു മറുപടി പറഞ്ഞതു്:—'വേദന അറിയാതിരിക്കുവാൻ കുടിക്കുന്ന ഒരുവനെ നിങ്ങൾ സ്തുതിക്കുന്നോ? ഞാനുമതുപോലെതന്നെയാണ്'' ഗുണേന്ദ്രന്റെ ഹൃദയത്തിലെ കണ്ണിതം ആക്കം അറിഞ്ഞുകൂടായിരുന്നു. ഗിരിയുടെ പുത്രിയെ ഗുണേന്ദ്രൻ വളരെ ശ്രദ്ധയായും വാത്സല്യത്തോടുകൂടിയും വളർത്തിവന്നു. കായസ്ഥവംശത്തിൽ ഒരു പാവപ്പെട്ട യുവാവിന് അവളെ അയാൾ വിവാഹം ചെയ്തുകൊടുത്തു. എന്നാൽ ആ യുവാവിനെ സ്വതന്ത്രമായ തൊഴിലിൽ ഏർപ്പെടുത്തി ഗുണേന്ദ്രൻ വേണ്ടതുപോലെ സഹായിച്ചുകൊണ്ടിരുന്നു. ആ ഗൃഹത്തിലെ ഒരു മാനേജർസ്ഥാനം മാധവിക്കു കൊടുത്തിരുന്നു. സുശീലയുടെ കുട്ടികളേയും മാധവി മാതൃനിർവ്വിശേഷമായ വാത്സല്യത്തോടുകൂടി നോക്കിവന്നു. അതിനു സുശീല അവളോടു വളരെ കൃതജ്ഞയുമായിരുന്നു.

ഉത്സാഹിയായിരുന്ന നമ്മുടെ റായിബഹദൂർ ഒരുദിവസം അയാളുടെ മുറിയിൽ മരിച്ചുകിടക്കുന്നതായി കാണപ്പെട്ടു. കുടി അധികമായി ഹൃദയം ക്ഷീണിച്ചതായിരുന്നു അയാളുടെ മരണഹേതു.

* * * *

പ്രിയൻ ഒരു നല്ല ഗൃഹസ്ഥനായിരുന്നു. അനിലൻ ഒരു ജമിന്ദാർ എന്ന നിലക്ക് ഇന്ദുമതിയോടും കുട്ടികളോടും കൂടി സുഖമായി കഴിഞ്ഞുകൂടുകയായിരുന്നു.

ഒരു ദിവസം അനിലനും പ്രിയനും ഉല്ലാസമായി സംസാരിച്ചുകൊണ്ടിരുന്ന അവസരത്തിൽ പ്രകാശമേറിയ മിഴികളോടും ജടാമകുടധാരിയായും ഒരു സന്ന്യാസി പടിവാതുക്കൽ കാണപ്പെട്ടു. സന്ന്യാസിയെ കണ്ടു് അവർ അതിശയിച്ചു. സന്ന്യാസി വലത്തുകൈ ഉയർത്തി അവരെ അനുഗ്രഹിച്ചിട്ടു പ്രിയനോടു ഇങ്ങിനെ സ്നേഹപൂർവ്വം പറഞ്ഞു:—

'എന്നെ നീ കണ്ടിട്ടു് ആൾ മനസ്സിലായില്ലെന്നു തോന്നുന്നു. ഞാൻ നിന്റെ ജ്യേഷ്ഠനാണ്.'

ഇതു കേട്ടു പ്രിയൻ വേഗത്തിൽ സുജനനെ സാഷ്ടാംഗം നമസ്കരിച്ചു് അകത്തേക്കു ക്ഷണിച്ചു.

'ഇല്ല; വന്ദനം. ലോകകാൎയ്യങ്ങളിൽ പ്രവേശിക്കുന്നതു് എൻെറ ശപഥത്തിനു വിപരീതമാകുന്നു. ഈ വഴി ഞാൻ ഹിമാലയത്തിലേക്കു പോകുന്നു. അവസാനമായി നിന്നെ സന്ദശിക്കുന്നതിനായി മാത്രം ഞാൻ വന്നതാണു്. അനില! നിങ്ങളേയും കണ്ടതു വലിയ സന്തോഷമായി. നിങ്ങളുടെ ഭാൎയ്യയുടെ അമ്മൂമ്മ ആയിരുന്ന ആ ഭക്ത വിശ്വേശ്വരപാദാരവിന്ദങ്ങളിൽ ലയിച്ച വൃത്താന്തവും ആ പുണ്യവതിയുടെ ഭൃത്യനായിരുന്ന ഹരിചരണൻ വാൎദ്ധക്യത്താൽ മരിച്ചുപോയ വിവരവും നിങ്ങൾ ഒരു പക്ഷേ അറിഞ്ഞിരിക്കാം. ഒട്ടും അതിശയിക്കയും വ്യസനിക്കയും വേണ്ട. ആ സന്ന്യാസിനി പറഞ്ഞു നിങ്ങളെ സംബന്ധിച്ച വിഷയങ്ങൾ ഞാനറിഞ്ഞിരിക്കുന്നു. ആ മഹാഭക്ത എനിക്കു് ഒരമ്മതന്നെയായിരുന്നു. ആ ദിവ്യമാതാവാണു് എന്നെ അന്ധകാരത്തിൽനിന്നും വെളിച്ചത്തിലേക്കു നയിച്ചതു്! കാശിയിൽ ദശാശ്വമേധഘട്ടത്തിൽ ദീനമായി ഞാൻ കിടന്ന അവസരത്തിൽ എന്നെ പരിപാലിച്ചു രക്ഷിച്ചതു് ആ മഹതിതന്നെയായിരുന്നു. സ്ത്രീ മൂലമായിരുന്നു ഞാൻ അധഃപതനത്തിൽ ചാടിയതു്. ആ മഹാപാപഗൎത്തത്തിൽനിന്നും എന്നെ കരകേററിയതും സ്ത്രീതന്നെയാകുന്നു. ഗുലാബിയെപ്പററി വല്ലതും അറിയാമോ?

പ്രിയൻ—അറിവില്ല.

സുജനൻ—എന്നെ അന്വേഷിച്ചു് അവൾ കാശിയിലേക്കു പുറപ്പെട്ടു. ഒരു ദിവസം ഗംഗയിൽ അവൾ കുളിച്ചു കൊണ്ടുനിന്ന അവസരത്തിൽ കാലുതെററി ഒഴുക്കിൽപ്പെട്ടു വെള്ളംകുടിച്ചു മരിച്ചു. അതു ഞാൻ കണ്ടില്ല. വെള്ളത്തിൽനിന്നു കരയ്ക്കെടുത്ത അവളുടെ മൃതശരീരം ഞാൻ കണ്ടു. ഇപ്രകാരം എന്നോടു് അടുത്തവരെല്ലാം എനിക്കുവേണ്ടി മരിച്ചു! ഇനി അവൎക്കുവേണ്ടി മരിക്കുന്നതു് എൻെറ മുറയാണു്. അവരുടെ ആത്മാവിനുവേണ്ടി പ്രാൎത്ഥിക്കുകയാണു് ഞാൻ ചെയ്യുന്നതു്. എന്നാൽ എനിക്കു നിന്നോടു് ഒരപേക്ഷയുണ്ടു്. എൻെറ ഭാൎയ്യ നിരാശയോടുകൂടി ഹൃദയം പിളൎന്നു മരിച്ച കഥ നിനക്കറിയാമോ?—സാധു!

സന്ന്യാസിയുടെ നയനങ്ങൾ നനഞ്ഞുവശായി..

'എൻെറ സ്വത്തിൻെറ ഒരംശംകൊണ്ടു് ഒരു ശിവക്ഷേത്രം പണിയിച്ചു് അതോടുകൂടി എൻെറ ഭാൎയ്യയുടെ നാമധേയത്തിൽ

ഒരു ധൎമ്മശാലയും സ്ഥാപിക്കണമെന്നാണെന്റെ പരമവും ചരമവുമായ അപേക്ഷ. ഞാനിപ്പോൾ പോകട്ടെയോ?'

'ജ്യേഷ്ഠാ! വസ്തുക്കൾ അനുഭവിച്ചു് ഇവിടെത്തന്നെ താമസിച്ചു ഞങ്ങളെ അനുഗ്രഹിക്കണേ!'

'ഇല്ല. എനിക്കു വസ്തുവകകളുമായി ഇനി യാതൊരു ബന്ധവുമില്ല. സ്വൎണ്ണത്തെക്കാൾ വിലയുള്ള മറെറാരു നിധി ഞാൻ കണ്ടുവെച്ചിരിക്കുന്നു! നിനക്കു് എന്നുമെന്റെ അനുഗ്രഹമുണ്ടായിരിക്കും. എന്റെ ഈ അവസാനമായ ആഗ്രഹം അറിവിക്കുന്നതിനായി മാത്രം ഞാൻ വന്നതാണു്.'

ഇത്രയും പറഞ്ഞു് ഒരു സ്വപ്നംപോലെ സുജനൻ മറഞ്ഞു.

പ്രിയനും അനിലനും അത്ഭുതപരവശന്മാരായി ഒന്നും സംസാരിക്കാതെ കുറെ നേരം ഇരുന്നു.

'ലോകത്തിൽ അസാദ്ധ്യമായിട്ടു് ഒന്നും തന്നെ ഇല്ല' എന്നു് അനിലൻ തത്വജ്ഞാനസമ്പ്രദായത്തിൽ പറഞ്ഞു.

സമാപ്തം.

8/6